# സ്ഥലകാല മുദ്രകൾ
# എൻ.എസ്.മാധവന്റെ കൃതികളിൽ

കോഴിക്കോട് സർവ്വകലാശാലയുടെ ഫാക്കൽറ്റി ഓഫ് ഇന്ത്യൻ
ലാംഗ്വേജസിൽ ഡോക്ടർ ഓഫ് ഫിലോസഫി
ബിരുദത്തിനായി സമർപ്പിക്കുന്ന ഗവേഷണ പ്രബന്ധം

**സംശോധിതപ്പതിപ്പ്**


**ദീപ എം.വി.**

മാർഗ്ഗനിർദ്ദേശകൻ
**ഡോ. സി.ആർ.രാജഗോപാലൻ**
പ്രൊഫസർ, മലയാള വിഭാഗം
കേരളസർവ്വകലാശാല, കാര്യവട്ടം
തിരുവനന്തപുരം

**മലയാള വിഭാഗം**
**ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ**
**കോഴിക്കോട് സർവ്വകലാശാല ഗവേഷണ കേന്ദ്രം**


**2017**

**ഡോ. സി.ആർ. രാജഗോപാലൻ**
പ്രൊഫസർ. ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം
കേരള സർവ്വകലാശാല, കാര്യവട്ടം
തിരുവനന്തപുരം

## സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **"സ്ഥലകാല മുദ്രകൾ എൻ.എസ്.മാധവന്റെ കൃതികളിൽ"** എന്ന പ്രബന്ധം ദീപ എം.വി. മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**ഡോ. സി.ആർ.രാജഗോപാലൻ**

തിയ്യതി :5.7.2016

# സത്യവാചകം

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതിയതല്ല എന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ദീപ.എം.വി.**

തിയ്യതി:5.7.2016

# നന്ദി

ഗവേഷണ പ്രബന്ധത്തിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ എന്റെ മാർഗ്ഗനിർദ്ദേശകനായ ഡോ.സി.ആർ.രാജഗോപാലിനോട് ആദ്യമായി നന്ദി രേഖപ്പെടുത്തുന്നു. ഗവേഷണത്തിന്റെ വഴിയിൽ പിന്തുണയും പ്രോത്സാഹനവും നൽകി കൂടെ നിന്ന എന്റെ പ്രിയ ഗുരുവും മാതൃതുല്യയുമായ ഡോ.ഉഷാ ബാലകൃഷ്ണനോടുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. അറിവിന്റെ ലോകത്തേക്ക് വഴിതെളിയിച്ച രാജൻ മാസ്റ്റർ മുതലുള്ള എല്ലാ ഗുരുസ്ഥാനീയരെയും നന്ദിയോടെ പ്രണമിക്കുന്നു. ഗവേഷണത്തിന്റെ വഴിയിൽ എന്നെ പ്രോത്സാഹിപ്പിച്ച നാട്ടിക എസ്.എൻ.കോളേജിലെ ഡോ.എൻ.ആർ. ഗ്രാമപ്രകാശ്, വി.എസ്.റെജി, ശ്രീമതി ലത എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു. എന്റെ പ്രിയ സുഹൃത്തുക്കളായ രാജി, ഷിബിലി, അൽഫോൻസ, മിഥുൻ, സിസ്റ്റർ അനു ഡേവിഡ് എന്നിവരുടെ പിന്തുണയെയും നന്ദിയോടെ ഓർക്കുന്നു. ഗവേഷണത്തിനു വേണ്ട സൗകര്യങ്ങൾ ചെയ്തു തന്ന കേരള സാഹിത്യ അക്കാദമിയോടും അവിടുത്തെ ജീവനക്കാരോടുമുള്ള നന്ദിയും ഇവിടെ പ്രകാശിപ്പിക്കുന്നു. ഈ പ്രബന്ധത്തിന്റെ ഡി.ടി.പി.വർക്കുകൾ ചെയ്തു തന്ന ശശികല, സുമി സനീഷ് എന്നിവരോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. ഗവേഷണത്തിന്റെ ആദ്യാവസാനം എന്നെ പിന്തുണയ്ക്കുകയും കൂടെ നില്ക്കുകയും ചെയ്ത എന്റെ വീട്ടുകാരെയും നന്ദിയോടെ ഓർക്കുന്നു. എന്നെ വിദ്യാഭ്യാസത്തിന് പ്രോത്സാഹിപ്പിച്ച് താങ്ങും തണലുമായിരുന്ന മൺമറഞ്ഞ എന്റെ പിതാവിന്റെ സ്നേഹസ്മരണകൾക്കു മുമ്പിൽ സ്നേഹാഞ്ജലിയർപ്പിക്കുന്നു.

## ഉള്ളടക്കം


ആമുഖം 1 - 8

അദ്ധ്യായം ഒന്ന് - സ്ഥലകാലങ്ങൾ 9 - 68

1.1 സ്ഥലകാലങ്ങൾ

1.2 സ്ഥലം

1.3 കാലം

1.3.1 ആനുഭവിക കാലം

1.3.2 അതീന്ദ്രിയ കാലം

1.3.3 മാനസിക കാലം

1.3.4 ഋതുഭേദാത്മക കാലം

1.3.5 പഞ്ചാംഗ കാലം

1.4 കാലത്തിന്റെ അടയാളപ്പെടുത്തലുകൾ

1.5 സ്ഥലത്തിന്റെ അടയാളപ്പെടുത്തലുകൾ

1.6 സ്ഥലകാലങ്ങളുടെ ചരിത്രപശ്ചാത്തലം

1.6.1 സ്ഥലകാലങ്ങൾ വേദങ്ങളിൽ

1.6.2 സ്ഥലകാലങ്ങൾ ഉപനിഷത്തുകളിൽ

1.6.3 സ്ഥലകാലങ്ങൾ ശാസ്ത്ര ചിന്തയിൽ

1.6.4 സ്ഥലകാലങ്ങൾ സാഹിത്യത്തിൽ

1.6.4.1 സ്ഥലകാലങ്ങൾ പഴന്തമിഴ്പാട്ടുകളിൽ

1.6.4.2 സ്ഥലകാലങ്ങൾ പ്രാചീന മണിപ്രവാള കൃതികളിൽ

1.6.4.3 സ്ഥലകാലങ്ങൾ പ്രാചീന കവിത്രയത്തിൽ

1.6.4.4 സ്ഥലകാലങ്ങൾ നോവലിലും ചെറുകഥയിലും

1.7 സ്ഥലകാലങ്ങളും ആഖ്യാന ശാസ്ത്രവും

1.8 ആഖ്യാനശാസ്ത്രവും കാലവും

1.8.1 ക്രമം

1.8.2 കാലയളവ്

1.8.3 ആവൃത്തി

1.9 ആഖ്യാന വ്യവഹാരം

1.10 ആഖ്യാന രീതികൾ

**അദ്ധ്യായം രണ്ട് - ചെറുകഥയിലെ സ്ഥലകാലമുദ്രകൾ 69 - 177**

2.1 ചെറുകഥ

2.2 ചെറുകഥയും സ്ഥലകാലങ്ങളും

2.3 എൻ.എസ്.മാധവന്റെ ചെറുകഥകൾ

2.4 ചെറുകഥകളിലെ സ്ഥലകാല മുദ്രകൾ

- 2.4.1 ദുരന്തത്തിന്റെ ജനനം
- 2.4.2 ഇരുളേ വിഴുങ്ങു
- 2.4.3 ചൂളൈമേടിലെ ശവങ്ങൾ
- 2.4.4 ഹിഗ്വിറ്റ
- 2.4.5 എന്റെ മകൾ ഒരു സ്ത്രീ
- 2.4.6 നാലാം ലോകം
- 2.4.7 കാണി
- 2.4.8 വൻമരങ്ങൾ വീഴുമ്പോൾ
- 2.4.9 കാർമെൻ
- 2.4.10 തിരുത്ത്
- 2.4.11 കപ്പിത്താന്റെ മകൾ
- 2.4.12 മുയൽ വേട്ട
- 2.4.13 ബിയാട്രിസ്
- 2.4.14 അനുഷ്ഠാനഹത്യകൾ
- 2.4.15 മുംബൈ
- 2.4.16 ആയിരത്തിരണ്ടാമത്തെ രാവ്
- 2.4.17 അമ്മ
- 2.4.18 പുലപ്പേടി
- 2.4.19 ശേഷം
- 2.4.20 കത്തിയേറുകാരൻ
- 2.4.21 ഒരു പ്രണയകഥ

2.4.22 ശർമ്മിഷ്ഠ

2.4.23 നിലവിളി

2.4.24 ചൂത്

2.4.25 നാനാർത്ഥം

2.4.26 കിച്ന ഒരു റോഡ്കഥ

2.4.27 അഹല്യ

2.4.28 ഹുമയൂണിന്റെ ശവകുടീരത്തിൽ

2.4.29 കേസർ

2.5 സ്ഥലകാലങ്ങളുടെ അടയാളപ്പെടുത്തലുകൾ

**അദ്ധ്യായം മൂന്ന് -**

**സ്ഥലകാലമുദ്രകൾ മലയാള നോവലുകളിൽ 178 - 251**

3.1 നോവൽ

3.2 സ്ഥലകാലമുദ്രകൾ ആദ്യകാല നോവലുകളിൽ

3.3 സ്ഥലകാലമുദ്രകൾ നവോത്ഥാന നോവലുകളിൽ

3.4 സ്ഥലകാലങ്ങൾ ആധുനിക നോവലുകളിൽ

3.5 സ്ഥലകാലങ്ങൾ ആധുനികാനന്തര നോവലുകളിൽ

3.6 സ്ഥലകാലമുദ്രകൾ ലന്തൻബത്തേരിയിലെ ലുത്തിനിയകളിൽ

3.6.1 ലന്തൻബത്തേരിയിലെ രാഷ്ട്രീയ സ്ഥലകാലങ്ങൾ

3.6.2 അധിനിവേശവും സ്ഥലകാലമുദ്രകളും

3.6.3 സിനിമയുടെയും സംഗീതത്തിന്റെയും സ്ഥലകാലങ്ങൾ

3.6.4 ക്രൈസ്തവ സംസ്ക്കാരവും സ്ഥലകാലങ്ങളും

3.7 നോവലും സ്ഥലവും

3.7.1 ഭാവനാത്മക സ്ഥലം

3.7.2 ആനുഭവിക സ്ഥലം

3.7.3 ഇന്ദ്രിയഗോചരമായ സ്ഥലം

3.7.4 കേവലസ്ഥലം

3.7.5 മൂർത്തസ്ഥലം

3.7.6 വൈജാത്യ സ്ഥലം

3.8 നോവലും കാലവും

**അദ്ധ്യായം നാല്**

**നോവലിലെ ആഖ്യാനതന്ത്രങ്ങളും സ്ഥലകാലങ്ങളും 252 - 330**

4.1 സ്ഥലകാലവും നോവലും

4.2 നോവലും ആഖ്യാനവും

4.3 ആഖ്യാനവും സ്ഥലകാലങ്ങളും

4.3.1 വാമൊഴി സംസ്ക്കാരം

4.3.2 പ്രദേശവും ചരിത്രവും

4.3.3 ദേശവും ദേശീയതയും

4.3.4 ഭൂപടനിർമ്മാണവും ലന്തൻബത്തേരിയും

4.3.5 ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

4.3.6 ലന്തൻബത്തേരിയിലെ സസ്യജാലങ്ങൾ

4.3.7 ഭക്ഷണസംസ്ക്കാരവും ജീവിതവും

4.3.8 ഉത്സവങ്ങളും ആഘോഷങ്ങളും

4.3.9 നാട്ടുവൈദ്യം

4.3.10 വാസ്തുവിദ്യ

4.3.11 സംഗീതം

4.3.12 മതം

4.3.13 ചവിട്ടുനാടകം

4.3.14 ഹോർത്തൂസ് മലബാറിക്കൂസ്

4.4 ലന്തൻബത്തേരിയിലെ സ്ഥലങ്ങൾ

4.4.1 അരയക്കുടി

4.4.2 ലന്തൻകൊട്ടാരം

4.4.3 ബോട്ടുപുര

4.4.4 പീരങ്കിമൈതാനം

4.4.5 പറങ്കികപ്പോള

4.4.6 മലാക്കാഹൗസ്

4.4.7 കൊട്ടാരംജെട്ടി

4.5 സ്ഥലനാമങ്ങൾ

4.5.1 മുളവുകാട്

4.5.2 പനമ്പുകാട്

4.5.3 കടമക്കുടി

4.5.4 ഞാറയ്ക്കൽ

4.5.5 പോഞ്ഞിക്കര

4.5.6 കൊച്ചി

4.5.7 എറണാകുളം

4.5.8 തൃപ്പൂണിത്തുറ

4.5.9 ഗോതുരുത്ത്

4.5.10 വില്ലിംങ്ങ്ടൺ ഐലന്റ്

4.6 പരിസ്ഥിതിയും സ്ഥലകാലങ്ങളും

**ഉപദർശനങ്ങൾ** 331 – 336

**ഗ്രന്ഥസൂചി** 337 – 347

## ആമുഖം

സ്ഥലകാലങ്ങൾ മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കുകയും നിലനിർത്തുകയും ചെയ്യുന്ന അടിസ്ഥാന ഘടകമാണ്. പ്രാപഞ്ചിക വസ്തുക്കളുടെ ചലനം കാലത്തെയും ത്രിമാനങ്ങളിലുള്ള വ്യാപ്തി സ്ഥലത്തെയും ബോധ്യപ്പെടുത്തുന്നു. സ്ഥലകാലങ്ങൾ അമൂർത്തമാണെന്ന സങ്കല്പവും നിലനിൽക്കുന്നുണ്ട്. ദർശനക്ഷമമായ ഭൗതികലോകം വസ്തുക്കളുടെ പാരസ്പര്യബോധത്തിൽ നിന്നാണ് ഉടലെടുക്കുന്നത്. ഇത് സഹവർത്തിത്വചിന്തയിൽ നിന്നുണ്ടാകുന്നതാണ്. എന്നാൽ ജീവിത ബന്ധങ്ങളുടെ ഭാഗമായി അനന്തമായ സ്ഥലകാലങ്ങളെ അനുഭവവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാനാണ് മനുഷ്യർ ശ്രമിയ്ക്കുന്നത്. അങ്ങനെയാകുമ്പോൾ സ്ഥലകാല സാന്നിധ്യം യഥാർത്ഥ്യവും മൂർത്തവുമാണ്.

യഥാർത്ഥവസ്തുക്കളെ അടിസ്ഥാനമാക്കിയുള്ള സാങ്കല്പിക അസ്തിത്വ ബോധമാണ് സ്ഥലദർശനം മുന്നോട്ടു വെയ്ക്കുന്നത്. അനന്തമായ വസ്തുക്കൾ നിലനില്ക്കുന്നതിന് നിയാമക ഘടകമായി വർത്തിക്കുന്നത് സ്ഥലമാണ്. വസ്തുക്കൾ യഥാർത്ഥ്യത്തെ ഉൾക്കൊള്ളുന്നവയാണ്. വസ്തുക്കൾ സ്ഥിതിചെയ്യുന്ന ഇടവും സ്ഥലം തന്നെയാണ്. സാമാന്യമായി വ്യവഹരിക്കുന്ന സ്ഥലത്തെ കുറിക്കുന്ന വാക്കുകൾ ഭൂമിയുടെ ഉപരിതലം എന്നർത്ഥമാണ് നൽകുന്നത്. സ്ഥലവാചിയായ വാക്കുകൾ സ്ഥലത്തിന്റെ മുദ്രകൾ വഹിക്കുന്നു. ഇത്തരം അടയാളപ്പെടുത്തലുകൾ മനുഷ്യന്റെ സാമൂഹിക, രാഷ്ട്രീയ, ചരിത്ര ബോധത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടവയാണ്. മനുഷ്യാഖ്യാനങ്ങളിൽ ഇവ പ്രത്യക്ഷപ്പെടുന്നത് വ്യത്യസ്ത പരിതസ്ഥിതികളെ അവതരിപ്പിക്കാനുള്ള സൂചകങ്ങളായിട്ടാണ്. ഈ സ്ഥലകാലമുദ്രകളിലൂടെ മനുഷ്യാവസ്ഥയുടെ വിഭിന്നതലങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.

മനുഷ്യജീവിതം സ്ഥലകാലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ജീവിതത്തിന്റെ സർഗ്ഗാത്മകമായ പുനഃസൃഷ്ടികളെന്ന നിലയിൽ കലയിലും സാഹി

തൃത്തിലും സ്ഥലകാലങ്ങൾക്ക് സവിശേഷമായ സ്ഥാനമാണുള്ളത്. സ്ഥലം ഭൗതികതയെ അടിസ്ഥാനമാക്കുന്ന ഒന്നാണ്. കാലമാകട്ടെ അതിഭൗതികമായ അർത്ഥസാധ്യതകൾ നൽകുന്നതുമാണ്. സ്ഥലകാലങ്ങളെ ഭൗതികവസ്തുക്കളുമായി ബന്ധപ്പെടുത്തി നാം മനസ്സിലാക്കുന്നു. സ്ഥലകാലങ്ങൾ സചേതനമായ ആവിഷ്കാരങ്ങളെ സാധ്യമാക്കുന്ന സൂക്ഷ്മവും ഗഹനവുമായ സാന്നിധ്യമായി നിലകൊള്ളുന്നു.

കാലം ചലനാത്മക ലോകത്തെക്കുറിക്കുന്ന പൊതുബോധത്തിന്റെ സൃഷ്ടിയാണ്. ആവർത്തനമാണ് കാലബോധമുണ്ടാക്കുന്നത്. മനുഷ്യാനുഭവങ്ങളുടെ അടിസ്ഥാനമായി വർത്തിക്കുന്നത് കാലബോധമാണ്. ഭൂതം, ഭാവി, വർത്തമാനങ്ങളായി കാലത്തെ മനസ്സിലാക്കുന്നു. പ്രകൃതി പ്രതിഭാസങ്ങളിലൂടെ അനുഭൂതമാകുന്ന കാലം മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാനമാണ്. സ്ഥലം, കാലം, ചരിത്രം എന്നിവ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയാണ്. മനുഷ്യൻ തന്റെ അനുഭവത്തിൽ നിന്ന് മനസ്സിലാക്കുന്ന സർവ്വവും ഭൂതകാലത്തെ അടിസ്ഥാനമാക്കിയ വസ്തുതകളാണ്. ദർശനക്ഷമമായ ജീവിതം അനുനിമിഷം ഭൂതകാലത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ യാഥാർത്ഥ്യത്തെ ബോധ്യപ്പെടുന്നത് വർത്തമാനകാലത്തിലാണ്. ഭാവികാലത്തെ നാം അനുമാനിക്കുകയാണ് ചെയ്യുന്നത്. ഭൂതവർത്തമാന ഭാവികളിലൂടെ നീങ്ങുന്ന നിരന്തരമായ ചലനാത്മകതയാണ് കാലസങ്കല്പം.

## പഠനത്തിന്റെ പ്രസക്തിയും ലക്ഷ്യവും

നിലനിൽക്കുന്ന ചരിത്രബോധത്തിൽ നിന്ന് മുക്തി നേടികൊണ്ട് ജനങ്ങൾ തന്നെ തങ്ങളുടെ സംസ്കാരത്തെ നിർണ്ണയിക്കുന്ന കാലഘട്ടമാണിത്. വർത്തമാനകാല സാമൂഹിക രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെ ജനങ്ങൾ വിലയിരുത്തുകയും അപഗ്രഥിക്കുകയും ചെയ്യുന്നു. എൻ.എസ്.മാധവന്റെ കഥകളിൽ സ്ഥലകാലമുദ്രകൾ സവിശേഷമായ അർത്ഥസാധ്യതകളിലേക്ക് വികസിക്കുന്നതെങ്ങനെയെന്ന് കണ്ടെത്തുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. സ്ഥലകാലങ്ങളുടെ നേർരേഖയിൽ നിന്ന് വ്യതിചലിക്കുമ്പോൾ ലഭിക്കുന്ന

കാഴ്ചകളാണ് കഥകളിൽ കാണുന്നത്. രേഖപ്പെടുത്തപ്പെട്ട ചരിത്രവും അധികാരവും സൃഷ്ടിക്കുന്ന മാനുഷികതയുടെ നേർക്കുള്ള അടിച്ചമർത്തലുകളെ എൻ.എസ്. മാധവൻ കഥകളിലൂടെ ചോദ്യം ചെയ്യുന്നു. സ്ഥലകാലങ്ങളുടെ ആവിഷ്കാരം ഇവിടെ കഥയുടെ അടിസ്ഥാനഘടകമായി മാറുന്നത് സംസ്കാരത്തെ പുനർനിർമ്മിക്കുന്നു എന്നതുകൊണ്ടാണ്.

അധിനിവേശ സംസ്കാരത്തിന്റെ അവശേഷിപ്പുകൾ നിറഞ്ഞുനിൽക്കുന്ന സ്ഥലത്തിന്റെയും അവിടത്തെ ജനങ്ങളുടെയും അവർ ജീവിക്കുന്ന കാലത്തിന്റെയും ആവിഷ്കാരമാണ് എൻ.എസ്. മാധവന്റെ ലത്തൻബത്തേരിയിലെ ലുത്തിനിയകൾ എന്ന നോവലിൽ നിർവ്വഹിച്ചിരിക്കുന്നത്. ഒരു സ്ഥലത്തിന്റെ ഭൂപ്രകൃതിയും സാമൂഹ്യജീവിതവും അതിന്റെ പ്രാദേശികചരിത്രവും സാമൂഹിക രാഷ്ട്രീയതലങ്ങൾ ഉൾപ്പെടെ കാലത്തിന്റെ കൂട്ടുപിടിച്ചുകൊണ്ട് എഴുത്തിലേക്ക് ആവിഷ്കരിക്കുന്ന രചനാതന്ത്രം എൻ.എസ്.മാധവൻ പ്രയോജനപ്പെടുത്തിയിരിക്കുന്നു. അവ സാധ്യമാകുന്നത് സ്ഥലകാലങ്ങളെ അടയാളപ്പെടുത്തിക്കൊണ്ടാണ്. ഈയൊരു ആഖ്യാനതന്ത്രം എൻ.എസ്.മാധവൻ തന്റെ കൃതികളിലുടനീളം ദീക്ഷിക്കുന്നതായി കാണാം.

സ്ഥലകാലങ്ങളെകുറിച്ച് ദാർശനികർ വ്യത്യസ്ത അഭിപ്രായക്കാരായിരുന്നു. ഇമ്മാനുവൽ കാന്റ്, അരിസ്റ്റോട്ടിൽ, പ്ലേറ്റോ എന്നിവർ സ്ഥലകാലങ്ങളെകുറിച്ചുള്ള ചിന്തകൾ അവതരിപ്പിച്ചിട്ടുണ്ട്. പാശ്ചാത്യ ചിന്തയിൽ മാത്രമല്ല സ്ഥലകാലങ്ങളെ കുറിച്ചുള്ള വീക്ഷണങ്ങൾ കാണുന്നത്. പൗരസ്ത്യചിന്തയിൽ ഋഗ്വേദം മുതൽ സ്ഥലകാലങ്ങളെകുറിച്ചുള്ള പരികല്പനകൾ കാണാൻ സാധിക്കും. വേദങ്ങളും പുരാണങ്ങളും ഉപനിഷത്തുകളും ഭാരതീയ ചിന്തയുടെ സ്ഥലകാലങ്ങളെകുറിച്ചുള്ള ദാർശനികപശ്ചാത്തലം ഉൾക്കൊള്ളുന്നവയാണ്. ശാസ്ത്രത്തിൽ മഹാവിസ്ഫോടന സിദ്ധാന്തവുമായി ബന്ധപ്പെട്ടാണ് സ്ഥലകാലങ്ങളുടെ ഉത്പത്തിയെ ബന്ധപ്പെടുത്തുന്നത്. സാഹിത്യത്തിൽ സ്ഥലകാലങ്ങൾ കൃതിയുടെ ആന്തരികവും ബാഹ്യവുമായ തലങ്ങളെ ബോധ്യപ്പെടുത്തി തരുന്ന മൗലികഘടകമാണ്. സ്ഥലകാല നിരപേക്ഷമായ

സാഹിത്യരചന അസാധ്യമാണ്. സ്ഥലകാലങ്ങളുടെ വ്യത്യസ്തമായ സന്നിവേശമാണ് ഓരോ കൃതിയെയും മൗലികമാക്കുന്നത്. സ്ഥലങ്ങൾക്ക് വ്യത്യസ്ത നാമങ്ങൾ നൽകി അവയെ പരിഗണിക്കുമ്പോൾ ഓരോ ജീവിത പരിസരവും വ്യത്യസ്തമാണെന്ന ചിന്തയെ ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്. കൃതികളിലെ സംഭവങ്ങളിൽ അനുക്രമമായ വികാസം ദർശിക്കാൻ സാധിക്കും. ഇത് കാലബോധത്തെ അടയാളപ്പെടുത്തുന്നു. ഏതൊരു ആഖ്യാനവും ഭൗതികവും മാനസികവും ആയ സ്ഥലകാലങ്ങളെ സൃഷ്ടിക്കുന്നുണ്ട്. സാഹിത്യകൃതികളിൽ ആഖ്യാനവുമായി ബന്ധപ്പെട്ട് സ്ഥലകാലങ്ങൾ മുഖ്യഘടകങ്ങളായി പരിഗണിക്കുന്നുണ്ട്. സ്ഥലകാലങ്ങളുടെ സമ്മിശ്രമായ അവതരണമാണ് ആഖ്യാനത്തിന്റെ നൈരന്തര്യത്തെ അടയാളപ്പെടുത്തുന്നത്. സാമൂഹിക സാംസ്കാരിക ഘടകങ്ങൾ ആഖ്യാനങ്ങളിൽ സ്ഥലകാലമുദ്രകളെ സൃഷ്ടിക്കുന്നു.ഈ സ്ഥലകാലമുദ്രകൾ പാരായണത്തിന് വിധേയമാക്കുന്നതിലൂടെ കൃതിയുടെ വ്യത്യസ്ത പാഠനിർമ്മിതി തന്നെയാണ് സാധ്യമാകുന്നത്. ആഖ്യാനത്തിൽ പ്രത്യക്ഷപ്പെടുന്ന സ്ഥലകാലങ്ങൾ സൃഷ്ടിക്കുന്ന ആന്തരാർത്ഥം കൃതിയെ സവിശേഷമാക്കുന്നു. അനുവാചകൻ തന്റെ അനുഭവങ്ങളും ഭാവനയും ഇഴചേർത്ത് കൃതിക്ക് വ്യത്യസ്ത നിരീക്ഷണങ്ങൾ രൂപപ്പെടുത്തുന്നു. ഓരോ കാലഘട്ടത്തിലേയും വായനക്കാരൻ കൃതിയ്ക്ക് നൽകുന്നത് വ്യത്യസ്ത വായനകളാണ്. ഇപ്രകാരം എഴുത്തുകാരനെയും വായനക്കാരനെയും സ്വാധീനിക്കുന്നവയാണ് സ്ഥലകാലങ്ങൾ.

സാഹിത്യം മാത്രമല്ല മനുഷ്യന്റെ എല്ലാ വ്യവഹാരങ്ങളും സ്ഥലകാലമാനങ്ങൾ പുലർത്തുന്നുണ്ട്. സാമൂഹിക ബന്ധങ്ങളുടേയും വിശ്വാസങ്ങളുടേയും കാഴ്ചപ്പാടുകളുടേയും അടയാളപ്പെടുത്തലുകൾ സ്ഥലകാല സംബന്ധിയായവയാണ്. എഴുത്തുകാർ മനുഷ്യജീവിതങ്ങളെ തങ്ങളുടെ അസംസ്കൃത വസ്തുക്കളായിയെടുക്കുമ്പോൾ അവയെ നിയന്ത്രിക്കുന്ന എല്ലാ ഘടകങ്ങളെയും പരിഗണിക്കേണ്ടി വരുന്നു. ഭൂപ്രകൃതി, ആചാരങ്ങൾ, വിശ്വാസങ്ങൾ, ഭക്ഷണം, ഭാഷ എന്നിങ്ങനെ നിരവധി ഘടകങ്ങളിലൊന്നാണ് സ്ഥലകാലങ്ങൾ.

## രീതിശാസ്ത്രം

സ്ഥലകാലമുദ്രകൾ എൻ.എസ്.മാധവന്റെ കൃതികളിൽ എന്ന ഈ പ്രബന്ധത്തിൽ എൻ.എസ്.മാധവന്റെ ചെറുകഥകളെയും ഏകനോവലായ *ലന്തൻ ബത്തേരിയിലെ ലുത്തിനിയ*കളുമാണ് പഠനവിധേയമാക്കുന്നത്. 2011ൽ ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ച *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണവും* 2014ൽ ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ച *പഞ്ചകന്യകകൾ* എന്ന സമാഹാരവും, 2010ൽ ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ച ലന്തൻ ബത്തേരിയിലെ ലുത്തീനിയകൾ എന്ന നോവലമാണ് പഠനത്തിനായി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ചെറുകഥകളിൽ തന്നെ തിരഞ്ഞെടുത്ത ഇരുപത്തിയൊമ്പത് കഥകളുടെ പഠനവും മറ്റുള്ളവയെക്കുറിച്ചുള്ള സാമാന്യവലോകനമാണ് നിർവ്വഹിച്ചിട്ടുള്ളത്. സ്ഥലകാലമുദ്രകൾ ആഖ്യാനശാസ്ത്രവുമായി ബന്ധപ്പെടുത്തി കണ്ടെത്താനാണ് ശ്രമിച്ചിട്ടുള്ളത്. നോവൽ പഠനത്തിൽ ആഖ്യാനശാസ്ത്രത്തോടൊപ്പം സ്ഥലനിർമ്മിതിയെക്കുറിച്ചുള്ള ഹെന്റിലെവ്റയുടെ പരികല്പനകളും ഉപയോഗപ്പെടുത്തിയിരിക്കുന്നു. സ്ഥലകാലത്തിന്റെ മുദ്രകൾ എന്ന വിഷയമായതിനാൽ സ്ഥലകാലത്തിന്റെ മുദ്രകൾ വഹിക്കുന്ന ഉദ്ധരണികൾ കൂടുതലായി ഉപയോഗിച്ചിട്ടുണ്ട്. സ്ഥലകാലങ്ങൾ കൃതിയുടെ സവിശേഷതകൾ വ്യക്തമാക്കിതരുന്ന ഘടകങ്ങളാണ്. എഴുത്തുകാരൻ തന്റെ ആശയങ്ങളെ അവതരിപ്പിക്കുന്നത് ഭാഷയിലൂടെയാണ്. ഭാഷയാണ് എഴുത്തുകാരന്റെ മൗലികതയെ വ്യക്തമാക്കുന്നതിൽ നിർണ്ണായകമാവുന്നത്. അത്തരത്തിൽ നോക്കുമ്പോൾ സ്ഥലകാലമുദ്രകൾ അവതരിപ്പിക്കപ്പെടുന്നത് വാക്കുകളിലൂടെയാണ്. ഇവയാണ് സ്ഥലകാലങ്ങളെ സൂചിപ്പിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന്. മറ്റൊന്ന് കഥാഖ്യാനത്തിലെ സംഭവങ്ങളുടെ പശ്ചാത്തലവും വികാസവുമാണ്. ഇത്തരത്തിൽ കൃതികളിൽ ആഖ്യാനതന്ത്രമായി സ്ഥലകാലമുദ്രകൾ സന്നിവേശിപ്പിയ്ക്കപ്പെടുന്നു.

## പൂർവ്വ പഠനങ്ങൾ

മലയാളത്തിൽ സ്ഥലകാലങ്ങളെ പഠനവിധേയമാക്കുന്ന ഗൗരവമായ പഠനങ്ങൾ കുറവാണ്. കെ.പി.അപ്പന്റെ *സാഹിത്യകലയും സമയപ്രവാഹവും* എന്ന

കൃതി കാലത്തിന്റെ സൈദ്ധാന്തികവശങ്ങളെ പഠനവിധേയമാക്കുന്നുണ്ട്. പി.കെ.രാജശേഖരന്റെ *അന്ധനായ ദൈവം മലയാളനോവലിന്റെ നൂറുവർഷങ്ങൾ* എന്ന പുസ്തകത്തിന്റെ ഒരദ്ധ്യായത്തിൽ നോവലും സ്ഥലവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കൂടാതെ *സ്ഥലം കാലം ചെറുകഥ* എന്ന നെല്ലിവിള സോമന്റെ കൃതിയിൽ ചെറുകഥയിലെ സ്ഥലകാലങ്ങളെ പഠനവിധേയാക്കിയിട്ടുണ്ട്.

സ്ഥലകാലങ്ങളെ പഠനവിധേയമാക്കുന്ന പ്രധാനപ്പെട്ട മറ്റുഗ്രന്ഥങ്ങളാണ്. *Concepts of space ancient and Modern* Kapila Valsyanan, B.K. Ridley *Time, Space and things* Graham Park ന്റെ *Space, Time and Man* എന്നിവ ഇവ കൂടാതെ സ്ഥലത്തിന്റെ വിവിധമാനങ്ങളെക്കുറിച്ച് *The production of space* (Henry lefevare) Gaston Bachelard *The Poetics of space,* Hiller millis *Topographics*, Edward Soja *The Post Modern Geographics* തുടങ്ങിയ പുസ്തകങ്ങൾ സ്ഥലത്തെക്കുറിച്ചുള്ള വ്യത്യസ്തമായ കാഴ്ചപ്പാടുകളെ പഠനവിധേയമാക്കിയിരിക്കുന്നു.

എൻ.എസ്.മാധവന്റെ കൃതികളെക്കുറിച്ച് നിരവധി പഠനങ്ങൾ വന്നിട്ടുണ്ട്. കെ.പി.അപ്പന്റെ *ആഖ്യാനവും അനുഭവസത്തയും*, എം.കെ.ഹരികുമാറിന്റെ *കഥ ആധുനികതയ്ക്ക് ശേഷം,* കെ.എസ്.രവികുമാറിന്റെ *കഥയും ഭാവുകത്വപരിണാമവും,* വി.ആർ.സുധീഷിന്റെ *കഥാന്തരം,* വി.രാജകൃഷ്ണന്റെ *ചെറുകഥയുടെ ഛന്ദസ്സ്* എന്നീ കൃതികളിൽ എൻ.എസ്.മാധവന്റെ ചെറുകഥകളെക്കുറിച്ചുള്ള പഠനങ്ങൾ വന്നിട്ടുണ്ട്. വി. വിജയകുമാറിന്റെ *രാഷ്ട്രീയത്തിന്റെ നേർവായനകൾ,*മണ്ണാർകാട് മാത്യുവിന്റെ *എഴുത്തിൽ ഇടപെടുമ്പോൾ, ലിസി മാത്യുവിന്റെ ഇവൾ പൂക്കും ഇലഞ്ഞിമരങ്ങൾ,* എം.ആർ.ചന്ദ്രശേഖരന്റെ *മലയാള നോവൽ ഇന്നും ഇന്നലെയും* എന്നീ കൃതികളിൽ ഓരോ ലേഖനങ്ങളിൽ ലന്തൻബത്തേരിയിലെ ലുത്തിനിയകളെ പഠനവിധേയമാക്കിയിട്ടുണ്ട്.

## പ്രബന്ധസ്വരൂപം

ഒന്നാം അദ്ധ്യായത്തിൽ സ്ഥലം, കാലം എന്നീ പരികല്പനങ്ങൾ എന്തെന്ന് വിശദീകരിക്കുന്നു. സ്ഥലത്തെയും കാലത്തെയും അടയാളപ്പെടുത്തുന്നത് എന്തെല്ലാം വിധത്തിലാണെന്ന് കണ്ടെത്തുന്നു. സ്ഥലകാലങ്ങളെ ശൂന്യതയിൽ നിർത്താൻ സാധിക്കുന്നതല്ല. സ്ഥലകാലങ്ങളെകുറിച്ചുള്ള മനുഷ്യന്റെ അവബോധം പ്രപഞ്ചസൃഷ്ടിയുടെ ആരംഭം മുതലുള്ളതാണ്. ലിഖിതമായ ഗ്രന്ഥങ്ങളിൽ അവയെകുറിച്ച് പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. ഇവയെ സാമാന്യമായി പരിചയപ്പെടുത്തുന്നു. സാഹിത്യത്തിൽ സ്ഥലകാലങ്ങൾ കടന്നുവരുന്നതിനെ കുറിച്ച് വ്യക്തമാക്കികൊണ്ട് ചെറുകഥയിലും നോവലിലും അവ എപ്രകാരം കടന്നുവരുന്നുവെന്ന് പ്രതിപാദിക്കുന്നു. ചെറുകഥയിലെയും നോവലിലെയും സ്ഥലകാലങ്ങളെ പഠനവിധേയമാക്കുന്നത് ആഖ്യാനശാസ്ത്രവുമായി ബന്ധപ്പെട്ടാണ് അതിനാൽ ആഖ്യാനശാസ്ത്രത്തിന്റെ വ്യത്യസ്ത കാഴ്ചപ്പാടുകളെ അവതരിപ്പിക്കുന്നു.

രണ്ടാം അദ്ധ്യായത്തിൽ ചെറുകഥയെ സാമാന്യമായി പരിചയപ്പെടുത്തികൊണ്ട് എൻ.എസ്.മാധവന്റെ ചെറുകഥകളിലെ സ്ഥലകാലമുദ്രകൾ കണ്ടെത്താൻ ശ്രമിക്കുന്നു. തിരഞ്ഞെടുത്ത ഇരുപത്തൊമ്പത് കഥകളുടെ പഠനവും മറ്റുള്ള കഥകളിലെ സ്ഥലകാലമുദ്രകളെ സാമാന്യമായി കണ്ടെത്തി അവലോകനം ചെയ്തിരിക്കുന്നു.

മൂന്നാം അദ്ധ്യായത്തിൽ നോവലിനെ സാമാന്യമായി പരിചയപ്പെടുത്തികൊണ്ട് നോവലിൽ കാണുന്ന സ്ഥലകാലമുദ്രകളുടെ സവിശേഷതകളെക്കുറിച്ച് പ്രതിപാദിക്കുന്നു. ആദ്യകാലം മുതൽ ആധുനികാനന്തരം വരെയുള്ള നോവലുകളിലെ സ്ഥലകാലമുദ്രകളെ പരാമർശിച്ചുകൊണ്ട് ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ എന്ന നോവലിനെ പഠനവിധേയമാക്കിയിരിക്കുന്നു.

അദ്ധ്യായം നാലിൽ ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ എന്ന നോവലിലെ ആഖ്യാന തന്ത്രങ്ങൾ പഠനവിധേയമാക്കിയിരിയ്ക്കുന്നു. വാമൊഴി

സംസ്കാരം മുതൽ കലപാരമ്പര്യം വരെ സ്ഥലകാലങ്ങളെ അടയാള പ്പെടുത്തുന്നതായി മനസ്സിലാക്കുന്നു. ഇവയെല്ലാം പഠനവിധേയമാക്കുന്നു. ദേശകഥനവും ചരിത്രവും സ്ഥലകാലങ്ങളെ സൃഷ്ടിക്കുന്നത് എങ്ങനെയെന്ന് കണ്ടെത്തുന്നു. പ്രദേശവും പ്രാദേശിക ചരിത്രവും, ചരിത്രം, ദേശം, ദേശീയത എന്നിവ സ്ഥലകാല സൂചകമായി മാറുന്നതെങ്ങനെയെന്ന് വിശദമാക്കുന്നു. കൃതികളിലെ ചരിത്രസൂചനകളെയും സ്ഥലകാലമുദ്രകളും എപ്രകാരം എൻ. എസ്.മാധവൻ സന്നിവേശിപ്പിച്ചിരിക്കുന്നുവെന്ന് കണ്ടെത്താൻ ശ്രമിക്കുന്നു. ദേശവും ചരിത്രവും സ്ഥകാലമുദ്രകളും എപ്രകാരം നോവലിന്റെ വിതാനങ്ങളെ രൂപപ്പെടുത്തിയിരിക്കുന്നുവെന്ന് പഠനവിധേയമാക്കുന്നു.

തുടർന്ന് ഉപദർശനങ്ങൾ ക്രോഡീകരിക്കുന്നു.

# അദ്ധ്യായം 1

# സ്ഥലകാലങ്ങൾ

## 1.1 സ്ഥലകാലങ്ങൾ

സാഹിത്യം ആവിഷ്കരിക്കുന്നത് സ്ഥലകാലബദ്ധമായി നീങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യജീവിതത്തെയാണ്. മാറിവരുന്ന കാലത്തിന്റെ സ്പന്ദനം സാഹിത്യകൃതികളിൽ കാണാൻ സാധിക്കും. കാലം അമൂർത്തമായ ഒന്നിനെ പ്രതിഫലിപ്പിക്കുമ്പോൾ അതിന്റെ മൂർത്തമായ അസ്തിത്വം മനുഷ്യന് ഗോചരമാകുന്നത് സ്ഥലത്തിലൂടെയാണ്. സാഹിത്യകൃതികളുടെ അസ്ഥിവാരം നിലനിൽക്കുന്നത് തന്നെ സ്ഥലകാലങ്ങളിലാണ്. ചലനാത്മകമായ ഒരു കാലഘട്ടത്തിന്റെ ഭാവനാത്മകമായ സൃഷ്ടിയാണ് ഓരോ സാഹിത്യകൃതിയും. സ്ഥലകാലത്തെ പരിഗണിക്കാതെയുള്ള സാഹിത്യപഠനം അസാധ്യമാണ്. എഴുത്തുകാരനെ സ്വാധീനിക്കുന്ന അസംസ്കൃത വസ്തുക്കളിലൊന്നുതന്നെയാണ് സ്ഥലകാലങ്ങൾ . അതുകൊണ്ടുതന്നെ സ്ഥലകാലങ്ങൾ സാഹിത്യകൃതിയുടെ അടിസ്ഥാനഘടകങ്ങളാണ്.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഘടനാത്മകഭാഷാശാസ്ത്രത്തിന്റെ ഭാഗമായി വളർന്നു വന്ന രണ്ട് വിജ്ഞാനശാഖകളാണ് ആഖ്യാനശാസ്ത്രവും ശൈലിവിജ്ഞാനീയവും. ആഖ്യാനശാസ്ത്രത്തിന്റെ അടിസ്ഥാനഘടകം തന്നെ സ്ഥലകാലങ്ങളാണ്. അനുഭവങ്ങൾ വാമൊഴിയായി പറയുന്ന സമ്പ്രദായമാണ് കഥാഖ്യാനത്തിന്റെ തുടക്കമായി പരിഗണിക്കാവുന്നത്. നൈസർഗ്ഗികമായ സൗന്ദര്യബോധവും ആഖ്യാനചാതുരിയും സ്ഥലകാലസുഘടിതമായി മാറുമ്പോൾ അത് സവിശേഷമായിത്തീരുന്നു. ഒരു സംഭവത്തെയോ ആശയത്തെയോ ആവിഷ്കരിക്കുമ്പോൾ ആഖ്യാതാവിന്റെ വക കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും സംഭവിക്കുന്നുണ്ട്. അത് സർഗ്ഗാത്മക സൃഷ്ടിയായി മാറുന്നത് ഇപ്രകാരമാണ്. ആഖ്യാനങ്ങൾക്ക് വ്യക്തിപരവും സാമൂഹികപരവുമായ നിലനിൽപ്പുണ്ട്. എന്നാൽ ആഖ്യാതാവ് സൃഷ്ടിക്കുന്ന മൗലികമായ കഥനസമ്പ്രദായമാണ് ആഖ്യാനത്തെ വ്യതിരിക്തമാക്കുന്നത്. ആഖ്യാനശാസ്ത്രത്തെ കുറിച്ച് ജെറാൾഡ് പ്രിൻസ് ഇപ്രകാരം അഭിപ്രായപ്പെടുന്നു.

"മനുഷ്യന്റെ ഭൗതികതയിലേക്കും നശ്വരതയിലേക്കും വെളിച്ചം വീശുന്ന ഒരു ഘടനയും പരിശീലനവുമാണ് ആഖ്യാനശാസ്ത്രം. പ്ലോട്ട്, ആഖ്യാതാവ്, ആഖ്യാനം, കഥാപാത്രം എന്നീതലങ്ങളിൽ ക്രമീകരിച്ചുകൊണ്ട് നാം ആഖ്യാനം എങ്ങനെ, എന്തുകൊണ്ട് നിർമ്മിക്കുന്നു, ഓർമ്മിക്കുന്നു, ചിട്ടപ്പെടുത്തുന്നു, സംഗ്രഹിക്കുന്നു, വിശകലനം ചെയ്യുന്നു എന്നുള്ളൊരു അന്വേഷണമാണ് ആഖ്യാനത്തിന്റെ പ്രകൃതം പഠിക്കുകയെന്നാൽ അർത്ഥമാക്കുന്നത്. ആഖ്യാനത്തെ പഠിക്കാനുള്ള അടിസ്ഥാനപരമായ മാർഗ്ഗങ്ങളിലൊന്നാണിത്. ഇതിലൂടെ അർത്ഥപൂർണ്ണമായ ഒരു പഠനമേഖലയായി ആഖ്യാനം മാറുന്നു."[1] ആഖ്യാനത്തിന്റെ സമസ്തമേഖലകളെയും സ്പർശിക്കുന്നതാണ് ജെറാൾഡ് പ്രിൻസിന്റെ ആഖ്യാനത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട്. മനുഷ്യജീവിതം സ്ഥലകാലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ജീവിതത്തിന്റെ സർഗ്ഗാത്മകമായ പുനഃസൃഷ്ടികളെന്ന നിലയിൽ കലയിലും സാഹിത്യത്തിലും സ്ഥലകാലങ്ങൾക്ക് സവിശേഷമായ സ്ഥാനവും ഉണ്ട്. സ്ഥലം ഭൗതികതയെ അടിസ്ഥാനമാക്കുന്ന ഒന്നാണ്. കാലമാകട്ടെ അതിഭൗതികമായ അർത്ഥസാധ്യതകൾ നൽകുന്നതുമാണ്. സ്ഥലത്തെ ഭൗതികവസ്തുക്കളുമായി ബന്ധപ്പെടുത്തി നാം മനസ്സിലാക്കുന്നു. സ്ഥലത്തിന് സാംസ്കാരികമായി നിരവധി അർത്ഥതലങ്ങളുണ്ട്.

കാലം നിർവചനങ്ങൾക്കപ്പുറം അർത്ഥം നൽകുന്ന സത്യമാണ്. കാലത്തിന്റെ ഈ സവിശേഷത അനന്തമായ സാധ്യതകൾ സൃഷ്ടിക്കുന്നു. നിത്യവും അനന്തവുമാണ് കാലസങ്കല്പം. കാലം നീങ്ങുന്നത് പ്രപഞ്ചവസ്തുക്കളുടെ മാറ്റങ്ങളിൽ നിന്ന് നാം തിരിച്ചറിയുന്നു. എങ്കിലും അതിന്റെ ഗതി നിർണ്ണയിക്കാൻ സാധ്യമല്ല. മനുഷ്യൻ തന്റെ ഗ്രഹണശേഷികൊണ്ട് മനസ്സിലാക്കുന്ന കാലത്തെ ഭൂതം, ഭാവി, വർത്തമാനം എന്നിങ്ങനെ വിഭജിച്ച് അതിനെ അനുഭവമണ്ഡലവുമായി കൂട്ടിയിണക്കുന്നു. എന്നാൽ ഇവ ഇന്ദ്രിയാനുഭവങ്ങൾക്ക് അതീതമായി നീങ്ങിക്കൊണ്ടിരിക്കുന്നു. സംഭവങ്ങൾ കാലത്തെ അടയാളപ്പെടുത്തുന്നുണ്ടെങ്കിലും അതിന്റെ ഗതി നിർണ്ണയിക്കുക

അസാധ്യമാണ്. പ്രപഞ്ചത്തെ മുന്നോട്ടു നയിക്കുന്ന അധീശശക്തിയാണ് കാലം. സൂര്യനും ചന്ദ്രനും ഭൂമിയും ഉൾപ്പെടുന്ന പ്രാപഞ്ചികലോകത്തെ മനുഷ്യൻ തിരിച്ചറിയുന്നത് കാലത്തിന്റെ ഗതിവിഗതികളെ കൊണ്ടാണ്. കാലം മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളെയും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

ഗോത്രകാലം മുതൽ ഭൂമിയിൽ അധിവസിച്ചിരുന്ന ഓരോ ജനതയും വിഭിന്നമായ സംസ്കാരങ്ങളാണ് പുലർത്തിയിരുന്നത്. നദീതീരത്ത് താമസിക്കുന്നവരും മലമ്പ്രദേശത്ത് താമസിക്കുന്നവരും ഒരേ രീതിയിലല്ല ജീവിച്ചിരുന്നത്. പ്രകൃതിയെ വെല്ലുവിളിച്ചും ഇണങ്ങിയും മനുഷ്യൻ ആദിമകാലത്ത് ജീവിച്ചു. പ്രകൃതി വിഭവങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് മനുഷ്യന്റെ ഭക്ഷണം, പാർപ്പിടം, ജീവിതരീതി എന്നിവയെല്ലാം വ്യത്യസ്തമായിരുന്നു. സ്ഥലപരിസരം സൃഷ്ടിക്കുന്ന വിഭിന്നമായ അനുഭവങ്ങളും ജീവിതരീതികളും തികച്ചും വ്യത്യസ്തമായ സംസ്കാരം ഉടലെടുക്കാൻ കാരണമായി.

ഭൂമിയിലുള്ള എല്ലാവസ്തുക്കൾക്കും സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്. സ്ഥലപരിസരമാണ് വസ്തുക്കൾക്ക് അസ്തിത്വം നൽകുന്നത്. ഒരു യാഥാർത്ഥ്യമാണ് സ്ഥലം. എന്നാൽ അതിന് ബാഹ്യവും ആന്തരികവുമായ തലങ്ങളുണ്ട്. ബാഹ്യമായ സ്ഥലപരിസരം, ആന്തരികമായ സ്ഥലസങ്കല്പം എന്നിവ മനുഷ്യരിൽ കാണാൻ സാധിക്കും. മൂർത്തവും അമൂർത്തവുമായ സ്ഥലപരികല്പനകളാണ് ഓരോ മനുഷ്യനിലും കാണുന്നത്. ഭൗതികമായ അസ്തിത്വം സ്ഥലത്തിന് നൽകുന്നത് മറ്റു വസ്തുക്കളുടെ സാന്നിദ്ധ്യത്തെ മുൻനിർത്തിയാണ്. സ്ഥലമില്ലാതെ വസ്തുക്കൾക്ക് നിലനിൽക്കാൻ സാധ്യമല്ല. പരസ്പരപൂരകമായ ഈ സ്ഥലബന്ധമാണ് വസ്തുക്കളുടെ ഘടനയെ നിർണ്ണയിക്കുന്നത്. കാലം നിർവചനങ്ങൾക്കപ്പുറം അർത്ഥം നൽകുന്ന സത്യമാണ്. കാലത്തിന്റെ ഈ സവിശേഷത അനന്തമായ സാധ്യതകൾ സൃഷ്ടിക്കുന്നു. നിത്യവും അനന്തവുമാണ് കാലസങ്കല്പം. കാലം നീങ്ങുന്നത് പ്രപഞ്ചവസ്തുക്കളുടെ മാറ്റങ്ങളിൽ നിന്ന് നാം തിരിച്ചറിയുന്നു.

പ്രപഞ്ചത്തെ മുന്നോട്ടു നയിക്കുന്ന അധീശശക്തിയാണ് കാലം. സൂര്യനും ചന്ദ്രനും ഭൂമിയും ഉൾപ്പെടുന്ന പ്രാപഞ്ചികലോകത്തെ മനുഷ്യൻ തിരിച്ചറിയുന്നത് അവയിൽ ഉണ്ടാകുന്ന മാറ്റങ്ങളിലൂടെയാണ്. കാലം മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുകയും മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്നു. കാലം അദൃശ്യശക്തിയായി നമ്മെ വിലയം ചെയ്യുമ്പോഴും എല്ലായിടത്തും അനിയന്ത്രിത ശക്തിയായ കാലത്തിന്റെ ഇടപെടലുകള നാം തിരിച്ചറിയുന്നു. മനസ്സിന്റെ അബോധപൂർവ്വമായ തിരിച്ചറിവുകളാണ് ഭൂതവർത്തമാനങ്ങളായി കാലബോധത്തിലേക്ക് നയിക്കുന്നത്. കാലം ചലനാത്മകമാണ്.പ്രപഞ്ചം എന്ന് ഉത്ഭവിച്ചു എന്ന് അവസാനിക്കും എന്ന് പറയാൻ സാധിക്കുകയില്ല. അവ കാലത്തിൽ അധിഷ്ഠിതമാണ്. കാലനിരപേക്ഷമായ ഒരു ജീവിതം ആർക്കും സാധ്യമല്ല.

**1.2 സ്ഥലം**

എല്ലാ ചരാചരങ്ങളുടെയും അധിവാസകേന്ദ്രമായ ഭൂമിയിൽ തന്നെയാണ് സ്ഥലസങ്കൽപ്പത്തിന്റെ ആധാരം. സ്ഥലത്തിനനുസരിച്ച് അവിടെ ജീവിക്കുന്ന ജീവജാലങ്ങളും വ്യത്യസ്തമായിരിക്കും. മനുഷ്യനുൾപ്പെടെ എല്ലാ ചരാചരങ്ങളുടെയും വാസസ്ഥലവും നിലനിൽപിന്റെ അടിസ്ഥാനഘടകമായി വർത്തിക്കുന്ന സ്ഥലം ഇന്ദ്രിയങ്ങൾക്ക് ഗോചരമാണ്. വായു, വെള്ളം, ഭക്ഷണം എന്നീ അടിസ്ഥാനഘടകങ്ങളുൾപ്പെടെ സർവ്വവും നൽകുന്ന ഭൗമസ്ഥലം തന്നെയാണ് സ്ഥലമെന്ന യാഥാർത്ഥ്യത്തെ ബോധ്യപ്പെടുത്തി തരുന്നത്. സർവ്വ ജീവിവർഗ്ഗങ്ങളുടെയും അസ്തിത്വം സ്ഥലാധിഷ്ഠിതമാണ്.

സ്ഥലത്തെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകൾ പണ്ടുകാലം മുതൽ തന്നെ നിലനിൽക്കുന്നുണ്ട്. സ്ഥലം ഒരു ഭൗതിക യാഥാർത്ഥ്യമാണ്. ഭൗതിക യഥാർത്ഥ്യമായ സ്ഥല സങ്കൽപ്പത്തിനപ്പുറം മനുഷ്യർക്ക് മാത്രമായി മാനസികസ്ഥലമെന്ന ഒരു പരികൽപന കൂടിയുണ്ട്. ഭൗതികവസ്തുക്കളുമായി ബന്ധപ്പെടുത്തി കൊണ്ടാണ് നാം സ്ഥലത്തെ മനസ്സിലാക്കുന്നത്. ഇമ്മാനുവൽ കാന്റിന്റെ അഭിപ്രായത്തിൽ "ഇന്ദ്രിയഗ്രഹണത്തിനും ബൗദ്ധിക സങ്കല്പ

ത്തിനും മുമ്പ് നിലനിൽക്കുന്ന ഒരു രൂപമാണ് സ്ഥലം"[2] സ്ഥലത്തിന് അസ്തിത്വ മുണ്ടാകുന്നത് വസ്തുക്കളുമായുള്ള സഹഅസ്തിത്വവുമായി ബന്ധപ്പെടു മ്പോഴാണ്. "സഹഅസ്തിത്വത്തിന്റെ എല്ലാ ബന്ധങ്ങളുടെയും അമൂർത്ത സങ്കല്പമാണ് സ്ഥലം"[3] എന്ന ഹെർബർട്ട് സ്പെൻസർ അഭിപ്രായപ്പെടുന്നു.

പാശ്ചാത്യ,പൗരസ്ത്യചിന്തകർ സ്ഥലത്തിന്റെ അമൂർത്തവും മൂർത്ത വുമായ പരിവർത്തനങ്ങളെ തങ്ങളുടെ കാഴ്ചപ്പാടിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. "പ്രപഞ്ചത്തിൽ വസ്തുക്കൾ നിലനിൽക്കുന്നു. അവയ്ക്ക് വ്യാപ്തിയുണ്ട്. ത്രിമാനങ്ങളുള്ള അവയുടെ സഹവർത്തിത്വമാണ് സ്ഥലബോധമുണ്ടാക്കുന്നത്. ലോകം ഒരു യഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ വസ്തുക്കൾക്ക് വ്യാപ്തി മാത്രമല്ല ചരങ്ങൾക്ക് ചലനവുമുണ്ട്. സ്ഥലവും പ്രപഞ്ചവസ്തുക്കളും യഥാർത്ഥത്തിൽ വ്യത്യസ്തമല്ല. സ്ഥലത്തെ സ്ഥലമാക്കി തീർക്കുന്ന അതേ വ്യാപ്തി തന്നെയാണ് വസ്തുക്കളെയും വസ്തുക്കളാക്കിത്തീർക്കുന്നത്"[4] സ്ഥലസങ്കൽപത്തിന്റെ മറ്റൊരുതലമാണ് മാനസികസ്ഥലം എന്ന സങ്കൽപ ത്തിലുള്ളത്. മാനസികസ്ഥലം മനുഷ്യൻ തന്റെ അനുഭവങ്ങളുമായി ബന്ധ പ്പെടുത്തി സൃഷ്ടിച്ചെടുക്കുന്ന അമൂർത്തമായ ഒന്നാണ്. അത് യഥാർത്ഥ്യമല്ല. ചുറ്റും നാം കാണുന്നവയിൽ നിന്ന് വ്യക്തി മനസ്സ് രൂപപ്പെടുത്തിയെടുക്കുന്ന സാങ്കല്പിക ഭൂമികയാണ് മാനസികസ്ഥലം. അത് അമൂർത്തമാണ്. മനുഷ്യൻ ഭൂമിയുടെ ഒരംശം മാത്രമാണ്. പ്രപഞ്ചത്തിൽ മുഴുവൻ വസ്തുക്കളെയും അവ യുൾപ്പെടുന്ന സ്ഥലത്തെയും ദർശിയ്ക്കാൻ നമുക്ക് സാധിക്കുകയില്ല. അപ്ര കാരം സ്ഥലം അമൂർത്തമായ യഥാർത്ഥ്യമാണ് എന്ന ചിന്ത കടന്നുവരുന്നു.

"താനനുഭവിക്കുന്ന പ്രദേശത്തെയും ജീവിക്കുന്നിടത്തെയും അനുഭ വങ്ങൾ ഓരോരുത്തർക്കും പ്രധാനമാണ്. ആ പ്രദേശവും സമയവും എന്ന ഭൗതികാനുഭവം ( **Material and empirical experience of place and moments**) മനുഷ്യബുദ്ധിയെ ഉയർന്ന ചിന്തയിലേക്കു നയിച്ചപ്പോൾ അതിഭൗതികസ്ഥലകാലസമന്വയം ( Meta physical space and time)ലഭിച്ചു. ഇത് ഓരോരുത്തരും അവരവരുടെ നാട്ടറിവുകളിലൂടെ സ്വയമേവ ആർജ്ജി

ച്ചിട്ടുണ്ട്. ഓരോ അറിവും അടുത്ത തലമുറയിലേക്ക് പകരുമ്പോൾ അതു വികലമാവുകയും പരിണാമവിധേയമാവുകയും വളരുകയും തളരുകയും ചെയ്യും "[5] എന്ന വിജയകുമാർ മേനോന്റെ അഭിപ്രായം ഇവിടെ പ്രസക്ത മാണ്.

മനുഷ്യന് അവന്റെ സംസ്കാരം രൂപപ്പെടുന്നതിന് അടിസ്ഥാനമായതും സാംസ്കാരിക വൈചിത്രങ്ങളെ സൃഷ്ടിക്കാൻ കാരണമായതുമായ ഒന്നാണ് സ്ഥലം. ഭൂമിയിൽ അനേകം രാജ്യങ്ങളും സംസ്കാരങ്ങളും രൂപപ്പെട്ടിരിക്കുന്നത് ഈ സ്ഥലരാശിയുടെ അടിസ്ഥാനത്തിലാണ്. സ്ഥലങ്ങൾ സൃഷ്ടിക്കുന്ന വ്യത്യസ്ത ജീവിതദർശനം മനുഷ്യനെ പല അനുഭവമേഖലകളിലേക്ക് നയിക്കുന്നു. പ്രകൃതിയുമായി അവൻ ഇണങ്ങുന്നത് സ്ഥലത്തെ അവന്റെ വരുതിയിലാക്കിക്കൊണ്ടാണ്. കൃഷി ചെയ്തും ജലസേചന സൗകര്യങ്ങ ളൊരുക്കിയും അതിർത്തികൾ നിശ്ചയിച്ചും സ്ഥലത്തെ അവൻ സ്വന്തമാക്കുന്നു. സ്ഥലം യഥാർത്ഥത്തിൽ അവന്റെ കൃഷിസ്ഥലം മാത്രമല്ല വാസസ്ഥലം കൂടിയായിത്തീരുന്നു. അതായത് " നമുക്ക് ചുറ്റുമുള്ളതെന്താണോ അതാണ് സ്ഥലമെന്നും അതിലൂടെയാണ് മുന്നോട്ടോ പിന്നോട്ടോ നമുക്ക് നീങ്ങാൻ കഴിയുന്നതെന്നും നാം പറഞ്ഞേക്കാം. സ്വതന്ത്ര്യവും എന്നാൽ അന്യോന്യം ലംബവുമായ മൂന്നുദിശകളുണ്ടെന്നുള്ളതാണ് നാം ജീവിക്കുന്ന ലോകത്തിന്റെ മൗലികസ്വഭാവങ്ങളിലൊന്ന്, അതായത് സ്ഥലം ത്രിദിശകളോടനുബന്ധിച്ച് കുറിക്കാൻ സാധിക്കും."[6]

സ്ഥലത്തിന്റെ അമൂർത്തത മൂർത്തവത്കരിക്കപ്പെടുന്നത് ബാഹ്യ പശ്ചാത്തലം കൂടി കണക്കിലെടുത്താണ്. സ്ഥലസ്വഭാവത്തെ മനസ്സിലാ ക്കുന്നതിന് അതിന് ജീവജാലങ്ങളോടുള്ള സ്വാധീനം കൂടി കണക്കി ലെടുക്കേണ്ടി വരുന്നു. സ്ഥലത്തിന്റെ വ്യത്യസ്തത വ്യക്തമാക്കുന്നതിനു കൂടിയാണിത്. അതായത് വസ്തുക്കളും സംഭവങ്ങളും സ്ഥലനാമങ്ങളും സ്ഥലത്തിന് തനിമ നൽകുകയും മറ്റു സ്ഥലങ്ങളിൽ നിന്ന് വേർതിരിച്ചറിയാൻ ഇടയാക്കുകയും ചെയ്യുന്നു.

ഒരു വ്യക്തിയുടെ ജീവിതത്തിനും സംഭവങ്ങൾക്കും പശ്ചാത്തലമായി വരുന്നത് സ്ഥലമാണ്. സ്ഥലത്തിൽ സ്ഥിതിചെയ്യുന്ന വസ്തുക്കളുടെ ആവിഷ്കാരത്തിലൂടെ സ്ഥലത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കാൻ സാധിക്കും. ഈ ധാരണ യാഥാർത്ഥ്യമാവണമെന്നില്ല. മാനസികമായ സ്ഥലപരിസരം സൃഷ്ടിക്കപ്പെടുന്നുണ്ട്. മാനസികമായ ഈ സ്ഥലപരിസരം ഭാവനാത്മകമായിരിക്കും. മനുഷ്യൻ ജീവിക്കുന്നത് യാഥാർത്ഥ്യത്തിൽ മാത്രമല്ല സമാന്തരമായി ഒരു ഭാവനാലോകം അവൻ സൃഷ്ടിക്കുന്നുണ്ട്. ദേശ കാലങ്ങൾക്ക് അദ്വൈതഭാവമാണുള്ളതെന്ന് സ്വാമി വിവേകാനന്ദൻ പറയുന്നുണ്ട്. സമുദ്രത്തിലെ തിരകളെ ഉദാഹരിച്ചുകൊണ്ട് അദ്ദേഹം അത് ഇങ്ങനെ സമർത്ഥിച്ചിരിക്കുന്നു. "ഇതര വസ്തുക്കളെ വിട്ടു സ്വതന്ത്രമായ നിലയില്ലെന്നാണ് ദേശകാലനിമിത്തങ്ങൾക്കുള്ള വിശേഷം. ദേശത്തെപ്പറ്റി വിചാരിച്ചു നോക്കുക. വർണ്ണമോ പരിധിയോ ഇതര പദാർത്ഥ ബന്ധമോ കൂടാതെ വെറും ദേശം എന്നു ഭാവന ചെയ്തു നോക്കുക. അതു സാദ്ധ്യമല്ല രണ്ട തിർത്തിക്കുള്ളിൽ അല്ലെങ്കിൽ മൂന്നു വസ്തുക്കൾക്കിടയിലുള്ള ദേശം എന്നേ വിചാരിച്ചു കൂടൂ. ഒരു വസ്തുവോടു ചേർന്നേ ദേശത്തിനു നിലയുള്ളൂ. അതു പോലെ കാലവും, കേവല കാലഭാവന സാധ്യമല്ല. മുമ്പും പിമ്പുമായ രണ്ടു സംഭവങ്ങളെടുത്ത് അവയെ പൗർവ്വാപര്യം കൊണ്ടു ബന്ധിക്കണം. ദേശം ബാഹ്യവസ്തുക്കളോടു ബന്ധപ്പെട്ടിരിക്കുന്നു."[7] അയാൾക്കു ചുറ്റുമുള്ള സ്ഥലപരിസരം തന്നെയാണ് ദേശകാലങ്ങളെ ബോധ്യപ്പെടുത്തിതരുന്നത്. മനുഷ്യന് അവന് ചുറ്റുമുള്ള സ്ഥലത്തെ ഏകരൂപമായി കാണാൻ സാധ്യമല്ല. അത് നിരന്തരം മാറ്റത്തിന് വിധേയമാണ്. വ്യത്യസ്ത സ്ഥലപരിസരങ്ങളിൽ മനുഷ്യജീവിതം വ്യത്യസ്തമായിരിക്കും. മനുഷ്യജീവിതത്തിന്റെ വൈചിത്രത ഒരുതരത്തിൽ പറഞ്ഞാൽ സ്ഥലപരിസരവുമായി ബന്ധപ്പെട്ടതു കൂടിയാണ്.

സ്ഥലരാശിക്ക് വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ മാത്രമല്ല അവന്റെ ദൈനംദിനജീവിത വ്യവഹാരത്തെ ചിട്ടപ്പെടുത്തുന്നതിലും വലിയ പങ്കുണ്ട്. വ്യത്യസ്ത സ്ഥലപരിസരത്ത് ജീവിക്കുന്നവർ പ്രകൃതിയോട് കാണിക്കുന്ന

ജീവിതാഭിമുഖ്യം അതിന് തെളിവാണ്. ജീവിതബന്ധങ്ങൾ രൂപപ്പെടുന്നതും സ്ഥലപരിസരത്താണ്. അറിവുകളും ആഭിമുഖ്യങ്ങളും രൂപപ്പെടുന്നതും അവ വിനിമയം ചെയ്യപ്പെടുന്നതിനും നിയാമകഘടകമായി തീരുന്നത് സ്ഥലരാശിയുടെ വ്യത്യസ്തതയെ കൂടി അടിസ്ഥാനമാക്കിയാണ്.

ഇന്ത്യയിൽ ഉല്പാദനത്തിന്റെ വ്യാപനം ആരംഭിച്ചപ്പോൾ വസ്തുക്കൾ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് ക്രയവിക്രയം ചെയ്യപ്പെട്ടു. വിഭവസമൃദ്ധമായ പ്രദേശങ്ങൾ സമ്പന്നമാവുകയും അവിടെ സ്ഥിരവാസസ്ഥാനമായി മാറുകയും ചെയ്തു. "കാടുകൾ വെട്ടിത്തെളിച്ചും ചുട്ടുകരിച്ചും ഉത്പാദനത്തിനായി പാകപ്പെടുത്തുന്നതാണ് നാടുകളുടെ ഉദയത്തിന് തുടക്കം കുറിക്കുന്നത്. അതിൽ സ്ഥിരമായ പാർപ്പിടക്കൂട്ടങ്ങൾ ഉയർന്നുവരുന്നു. നാടുകൾക്ക് കൃത്യമായ അതിരുകളുണ്ടായിരുന്നില്ല"[8]

ഇന്ത്യയിൽ പ്രാചീനകാലത്ത് നിലനിന്നിരുന്ന ഗ്രാമവ്യവസ്ഥസ്ഥലപരമായ ഒന്നായിരുന്നു. ഗ്രാമങ്ങൾ സ്ഥലപരമായ അതിരുകൾ നിർണ്ണയിച്ചവയും അതേസമയം ജാതീയമായ വ്യവസ്ഥകളെ പരിപാലിക്കുന്നവയുമായിരുന്നു. ബ്രാഹ്മണഗ്രാമങ്ങളാണ് സ്ഥലപരിസരങ്ങളുടെ രാഷ്ട്രീയാധികാരകേന്ദ്രമായിരുന്നത്. അവയ്ക്ക് പുറത്ത് മറ്റു ജാതിയിൽപ്പെട്ടവരും ജീവിച്ചിരുന്നു. "നാടുകളിൽ നിന്ന് വ്യത്യസ്തമായി കൃത്യമായ അതിരുകളുള്ളതും കാർഷികവൃത്തിയുടെ ക്രമീകരണത്തിന്റെയും ഭൂമിയുടെ മേലുള്ള ഉടമസ്ഥാവകാശത്തിന്റെയും അടിസ്ഥാനത്തിലുള്ളതുമായ കാർഷികസമൂഹങ്ങളാണ് ബ്രാഹ്മണഗ്രാമങ്ങൾ"[9] സ്ഥലപരമായ ഔന്നത്യം ബ്രാഹ്മണഗ്രാമങ്ങൾക്ക് കൽപ്പിക്കപ്പെടുകയും മറ്റുള്ളവർ പാർശ്വവത്കരിക്കപ്പെടുകയും ചെയ്തു. കേരളത്തിൽ താമസസ്ഥലത്തിനു അത്തരമൊരു വിഭജനം കാണാൻ സാധിക്കുകയില്ല. നമ്പൂതിരിമാരായിരുന്നു ജന്മികൾ അഥവാ ഭൂവുടമകളായിരുന്നത്. അവർക്ക് കീഴിൽ അനവധി വിഭാഗത്തിലുള്ളവർ പണിയെടുത്തിരുന്നു. കേരളത്തിലെ അയിത്താചാരത്തിന്റെ അടിസ്ഥാനം സ്ഥലപരമായ അളവുകളായിരുന്നു. മുപ്പതടി, അറുപതടി എന്നീ അലിഖിതനിയമങ്ങൾ നിലവിലുണ്ടായിരുന്നു.

ഭൂവുടമാസമ്പ്രദായത്തിന്റെ തകർച്ച കൃഷിക്കാരുടെ സ്വത്വപരവും രാഷ്ട്രീയവുമായ ഉണർവിന്റെ ഫലമായിരുന്നു. 'കൃഷി ഭൂമി കർഷകന്' എന്ന മുദ്രാവാക്യം സ്ഥലത്തെ സ്വന്തമാക്കുന്നവനാണ് കർഷകൻ എന്ന തലത്തെ കൂടി അവതരിപ്പിക്കുന്നുണ്ട്.

ഭൂപ്രകൃതി സ്ഥലത്തിന്റെ മൂർത്തമായ യഥാർത്ഥ്യമാണ്. കടൽ, മലകൾ, പുഴകൾ, കര, പർവ്വതങ്ങൾ, പാടം, ദ്വീപുകൾ എന്നിങ്ങനെയെല്ലാം ഭൂപ്രകൃതിയുടെ ഭാഗമായി നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ഈ വസ്തുക്കളുടെ സാന്നിധ്യമാണ് 'ഭൗതിക പ്രകൃതി' എന്ന സ്ഥലസങ്കൽപ്പത്തിന് ആധാരമാകുന്നത്. സ്ഥലത്തിലുള്ള മനുഷ്യന്റെ ഇടപെടലുകളാണ് സ്ഥലത്തിന്റെ ഘടനയിലും സ്വഭാവത്തിലുമുള്ള പരിവർത്തനങ്ങൾക്ക് കാരണമായി ഭവിക്കുന്നത്. സ്ഥലം അധികാരത്തിന്റെ പ്രതീകമാണ്. സ്ഥലത്തിന്റെ മേലുള്ള അധികാര സ്ഥാപനമാണ് നാടുവാഴികളെയും രാജാക്കന്മാരെയും ഭരണകൂടങ്ങളെയും സൃഷ്ടിച്ചത്. ഇപ്രകാരം സ്ഥലങ്ങൾ കൈയടക്കുവാൻ യുദ്ധങ്ങൾ വരെ നടന്നു.

സ്ഥലങ്ങളെക്കുറിച്ചറിയാൻ കണ്ടെഴുത്ത്, ഭൂപടനിർമ്മാണം എന്നിവ ആരംഭിക്കുന്നതും അധികാരവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. സ്ഥലത്തിലുള്ള വിവിധ സ്ഥാപനങ്ങൾ സാമൂഹികമായ അധികാരത്തിന്റെ പ്രതീകങ്ങളാണ്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം അധികാരത്തിന്റെ മറ്റൊരു മുഖമാണ്. ഇത്തരത്തിൽ സാമൂഹിക രാഷ്ട്രീയമാനങ്ങളുള്ള ഒന്നാണ് സ്ഥലം. കോളനിവത്കരണകാലത്ത് രാജ്യങ്ങൾ പിടിച്ചടക്കുകയെന്നത് വാണിജ്യബന്ധങ്ങളുമായി ബന്ധപ്പെടുത്തിയാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ സാമ്രാജ്യത്വ ശക്തികൾ ചെന്നെത്തിയ സ്ഥലത്ത് രാഷ്ട്രീയാധികാരം സ്ഥാപിക്കാൻ ആരംഭിച്ചപ്പോൾ സ്ഥലത്തിന് കോളനികൾ എന്ന നാമമുണ്ടായി. സ്ഥലപരമായ അധിനിവേശമാണ് കൊളോണിയലിസം. സ്ഥലകാലങ്ങൾ പരിണാമത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. 20-ാം നൂറ്റാണ്ടിൽ സ്ഥലകാലചിന്ത ശക്തമായി. വ്യത്യസ്ത കാലഘട്ടങ്ങളിൽ ജീവിച്ച മനുഷ്യരുടെ സ്ഥലകാലബോധം തികച്ചും വ്യത്യസ്തമാണ്.

കൊളോണിയലിസത്തിന് ശേഷം ആധുനികരാഷ്ട്രങ്ങളുടെ രൂപീകരണത്തോടെ സ്ഥലത്തിന് ദേശം, ദേശീയത എന്നീ സങ്കൽപ്പങ്ങളുമായി അഭേദ്യമായി ബന്ധം കൽപ്പിക്കപ്പെട്ടു. ഭൂപടങ്ങൾ അതിരുകൾ നിശ്ചയിച്ചു. രാഷ്ട്രീയവും സാമൂഹികവുമായ അധികാരകേന്ദ്രങ്ങൾക്ക് സമൂലമായ മാറ്റങ്ങൾ സംഭവിച്ചു. ആധുനിക ദേശരാഷ്ട്രങ്ങളുടെ സ്ഥലപരിസരങ്ങൾക്ക് സ്ഥലം എന്ന പരിമിതമായ അർത്ഥമല്ല ഇന്നുള്ളത്. അത് വിജ്ഞാനത്തിന്റെയും സാങ്കേതികതയുടെയും വളർച്ചയോടെ സാർവ്വലൗകികമായ തലത്തിലേക്ക് ഉയർത്തപ്പെടുകയും ലോകം ആഗോളഗ്രാമങ്ങളായി മാറുകയും ചെയ്തു.

ചിത്രകലയിൽ സ്ഥലത്തിന് വലിയ പ്രാധാന്യമുണ്ട്. അത് സ്ഥലത്തെ സൂക്ഷ്മമായി രേഖപ്പെടുത്തുന്ന ഒന്നാണ്. എന്നാൽ കാലത്തിന്റെ ചലനത്തെ രേഖപ്പെടുത്താൻ ചിത്രകലയ്ക്ക് സാധിക്കുകയില്ലയെന്നും കരുതപ്പെട്ടിരുന്നു. കാവ്യകലയും ചിത്രകലയും സ്ഥലകാലങ്ങളെ ഉപയോഗപ്പെടുത്തുന്നതിലെ വ്യത്യാസത്തെക്കുറിച്ച് ലസ്സിങ്ങ് ഇപ്രകാരംപറയുന്നു.

"ദർശനക്ഷമമായ വ്യക്തധർമ്മങ്ങളോടു കൂടിയ മൂർത്ത വസ്തുതകളാണ് ചിത്രണകലയ്ക്കും പ്രതിമാകരണത്തിനും അവലംബം. കവിതയുടെ വിഷയമാകട്ടെ മനുഷ്യക്രിയകളാണ്. ക്രിയാംശങ്ങൾ കാലത്തിലൂടെ ബന്ധപ്പെടുന്നു. അതിനു കാലപൗർവ്വാപര്യം (**Time sequence**) ഉണ്ട്. മറ്റു രണ്ടു കലകളിലാകട്ടെ നിശ്ചലമായ ഒരവസ്ഥയല്ലാതെ കാലത്തിലൂടെയുള്ള വളർച്ചകൾ യാതൊന്നും പകർത്താൻ പറ്റില്ല. അവയിൽ ക്രിയകൾ ഒതുക്കാൻ കഴിയാത്തതിനാൽ ക്രിയയെ ദ്യോതിപ്പിക്കുന്ന സൂചനകൾ നൽകുക മാത്രമേ സാധ്യമാകൂ. ദൃശ്യപ്രത്യക്ഷതയുള്ള മൂർത്ത വസ്തു പരമ്പരയെ ഉൾക്കൊള്ളാൻ കവിതയ്ക്കു കഴിവില്ല. ഈ അന്തരം ഒരു കാര്യം വ്യക്തമാക്കുന്നു. ഒരു കൊച്ചു നിമിഷമേ കൈയിൽ ഒതുങ്ങു എന്നതു കൊണ്ടുതന്നെ, ആ നിമിഷം ഏറ്റവും അർത്ഥഗർഭമാക്കാൻ ചിത്രകാരൻ ശ്രദ്ധിക്കണം. അതുപോലെത്തന്നെ, മൂർത്തമായ നിശ്ചലവസ്തുതകളെ നിരത്തി വർണ്ണിക്കാതിരിക്കാൻ കവിയും ശ്രദ്ധിക്കണം. ഒന്നു സ്ഥലത്തിന്റെയും മറ്റേതു കാലത്തിന്റെയും കലയാണ്."[10]

സ്ഥലവും കാലവും മനുഷ്യചിന്തയെ ആശയപരമായും സൗന്ദര്യാത്മകമായും സ്വാധീനിച്ചിട്ടുണ്ട്. പല സൈദ്ധാന്തികരും സാഹിത്യകലയുടെ ആഖ്യാനത്തിൽ കാലം ആവിഷ്കരിക്കാൻ സാധിക്കുമെന്നും എന്നാൽ ചിത്രശില്പകലകളിൽ കാലത്തെ ആവിഷ്കരിക്കാൻ സാധിക്കുകയില്ല എന്നും കരുതിപോന്നു. എന്നാൽ നവചിന്താധാരയിൽ ചിത്രശില്പകലകളിൽ കാലത്തെ സചേതനമായി അവതരിപ്പിക്കാൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. കലകളിൽ സ്ഥലകാലം അമൂർത്തമായ പ്രതിഭാസമാണ്. അതിനെ വായിച്ചെടുക്കാൻ സൗന്ദര്യാത്മകമായ വീക്ഷണം അത്യാവശ്യമാണ്.

ഓരോ ദേശത്ത് നിലനിൽക്കുന്ന ചിന്തയും പ്രവൃത്തിയും സാംസ്കാരിക ചിഹ്നങ്ങളായി പ്രത്യക്ഷപ്പെടുന്നു. ശാസ്ത്രമായും കലയായും സാഹിത്യമായും അവ സമൂഹത്തിൽ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളായി പരിണമിക്കുന്നു. സ്ഥലകാലങ്ങൾ അവയിൽ സൂക്ഷ്മമായും സ്ഥൂലമായും പ്രതിഫലിക്കുകയും ചെയ്യും. ഓരോ സാംസ്കാരിക പ്രവർത്തനവും ആഖ്യാനം ചെയ്യപ്പെടുന്നത് കാലപ്രവാഹത്തിലൂടെയാണ്. അതുകൊണ്ടു തന്നെ ജനതയുടെ ചരിത്രവും അതിന്റെ ഭാഗമായി മാറും. സ്ഥലകാലങ്ങൾക്ക് അനുസരിച്ച് സാമൂഹികമായ പരിണാമങ്ങൾ ഉണ്ടാവുക സ്വാഭാവികം മാത്രമാണ് അതോടൊപ്പം അത് കലയുൾപ്പെടെ സമസ്തമേഖലകളെയും സ്വാധീനിക്കുകയും ചെയ്യുന്നു.

മനുഷ്യന്റെ ആദിമകാലത്തിൽ സ്ഥലത്തിന് കര, കടൽ എന്നീ വിഭജനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഗുഹാജീവിയായി മാറുന്ന മനുഷ്യന്റെ സ്വാഭാവികമായ പ്രവൃത്തിയാണ് ചിത്രകലയായി പരിണമിക്കുന്നത് "ജീവിക്കാനുള്ള ഈ സ്ഥലത്തിന്റെ ഭിത്തികളിൽ ആദിമമനുഷ്യൻ അവന്റെ പലകാര്യങ്ങളും എഴുതുകയാണ്. ആദിയെഴുത്ത് ചിത്രരൂപത്തിലാണുത്ഭവിക്കുന്നത്. ഇവിടെ സ്ഥലത്തിന്റെ (**space**) പ്രഭാവം വരുന്നു. ഗുഹാസ്ഥലം അവൻ ജീവിക്കുന്ന സ്ഥലവും ( **living space**) അവന്റെ മാനസികസ്ഥലവും ആകുന്നു. വെള്ളവും കരയും എന്ന സാമാന്യവിഭജനം മാറി, തനിക്കു ജീവിക്കാൻ സാധിക്കുന്ന സ്ഥലം എന്നത് തന്റെ ചിന്തയുടെ (ഭാവനയുടെ) സ്ഥലവും കൂടിയായി മാറുന്നു.

തന്റെ മനസ്സിലുള്ള കാര്യം ഗുഹാഭിത്തിയിലേക്കു മാറുമ്പോൾ തന്റെ മനഃപ്രതലം (**Mental space**) എന്നത് താൻ ജീവിക്കുന്ന ഗുഹയുടെ ഭിത്തി പ്രതലമായിത്തീരുകയാണ് ''[11]

സാഹിത്യകലയുടെ ആഖ്യാനത്തിൽ സ്ഥലത്തിനേക്കാൾ പ്രാധാന്യം കാലത്തിന് നൽകിപോന്നു. കാലത്തിന്റെ അനിയന്ത്രിതമായ പ്രവാഹം ദർശിക്കാത്ത മനുഷ്യരില്ല. അമൂർത്തമെങ്കിലും പ്രാകൃതിക പ്രതിഭാസങ്ങളിലൂടെ കാലം അനുഭവസിദ്ധമാകുന്നു. താൻ ജീവിക്കുന്ന സ്ഥലത്തിലെ അനുഭവങ്ങൾ ഓരോരുത്തരെയും രൂപപ്പെടുത്തുന്ന പ്രധാനഘടകമാണ്. സ്ഥലവും സമയവും മനുഷ്യചിന്തയെ ഉയർന്ന വിതാനങ്ങളിലേക്ക് നയിച്ചു. പ്രാകൃതിക പ്രതിഭാസങ്ങളെയും കാലാവസ്ഥയെയും മനുഷ്യൻ മനസ്സിലാക്കുകയും അവന്റെ ജീവിതത്തെ അതിന് പൂരകമായി ചിട്ടപ്പെടുത്തുകയും ചെയ്തു. ഓരോ സ്ഥലത്തെയും മനുഷ്യർ അവരുടെ നാട്ടറിവുകളിൽ അമൂല്യനിധിയായി ഈ അറിവിനെ സൂക്ഷിച്ചു വെച്ചിരിക്കുന്നു.

കാലപരിധിക്കകത്താണ് ഇന്ദ്രിയ പ്രത്യക്ഷമായ എല്ലാ അനുഭവങ്ങളും നാം ദർശിക്കുന്നത്. എങ്കിലും കാലമെന്താണെന്ന് അനുഭവിച്ചറിയാൻ നമുക്ക് സാധ്യമല്ല. എല്ലാ പദാർത്ഥങ്ങൾക്കും കാലപ്രവാഹത്താൽ നാശം സംഭവിക്കുന്നുവെന്നു എന്നതിൽ നിന്ന് നശ്വരവും അമൂർത്തവുമാണ് കാലം എന്ന് ബോധ്യപ്പെടുന്നു. ഇരുപതാം നൂറ്റാണ്ടിൽ എത്തുമ്പോൾ സ്ഥലകാല ചിന്ത കൂടുതൽ തീവ്രവും വ്യാപകവുമായ അനുഭവമായി മാറി.

പ്രപഞ്ചത്തിൽ നിരന്തരം സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങളെയും പ്രതിഭാസങ്ങളെയും പൂർണ്ണമായി മനസ്സിലാക്കാൻ സാധ്യമല്ല. മനുഷ്യന്റെ ഈ പരിമിതി പ്രപഞ്ചത്തിന്റെ നിഗൂഢതയെക്കുറിച്ച് ചിന്തിക്കാനും അവയെ ഭേദിക്കാനും ശ്രമിക്കുന്നു. ശാസ്ത്രവും തത്ത്വചിന്തയും അവയെ പഠനവിഷയമാക്കിയിട്ടുണ്ട്. പ്രപഞ്ചത്തിന്റെ ഇടവും ചലനവുമായ സ്ഥലത്തെയും കാലത്തെയും കുറിച്ച് പരിമിതമായ അറിവുകൾ മാത്രമേ മനുഷ്യനുള്ളു. സ്ഥലവും കാലവും പ്രപഞ്ചവസ്തുക്കളുടെയും സംഭവങ്ങളുടെയും രൂപവും അടിസ്ഥാ

നവുമാണ്. പൗരസ്ത്യ ചിന്തയിൽ മാത്രമല്ല പാശ്ചാത്യചിന്തയിലും സ്ഥലകാലങ്ങൾക്ക് പ്രാധാന്യമുണ്ടായിരുന്നു. "എപ്പിക്യൂറസ്, ഡമോക്രിറ്റസ്, ഹെരാക്ലീറ്റസ് മുതലായ പ്രാചീനഭൗതികവാദികൾ സ്ഥലവും കാലവും വസ്തുനിഷ്ഠ അസ്തിത്വങ്ങളായി കരുതിയിരുന്നു. ഒഴിച്ചു കൂടാൻ പാടില്ലാത്തതും സൃഷ്ടിച്ചിട്ടില്ലാത്തതും അനശ്വരവുമായ അസ്തിത്വമാണ് സ്ഥലം എന്ന് ഇവർ നിരീക്ഷിച്ചിരുന്നു."[12] കാലം നിത്യതയുടെ അയഥാർത്ഥമായ പ്രതിഫലനമാണെന്ന് പ്ലേറ്റോ അഭിപ്രായപ്പെടുന്നു. അരിസ്റ്റോട്ടിലിന്റെ കാലബോധത്തെക്കുറിച്ച് കെ.പി.അപ്പൻ ഇപ്രകാരം പറയുന്നു. "അതു ഭൂമിയുടെ യുക്തിയെ സ്പർശിച്ചു നിൽക്കുന്നു. കാലം എല്ലാറ്റിനെയും തന്നിൽ ലയിപ്പിക്കുന്നു. എന്നിട്ട് അതിനെ പഴയതാക്കിത്തീർക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. കാലത്തെക്കാൾ പ്രാധാന്യം അദ്ദേഹം ചലനത്തിനു നൽകി. എന്നാൽ കാലത്തിന്റെ പ്രാധാന്യം അദ്ദേഹം അംഗീകരിച്ചു. അദ്ദേഹത്തിന്റെ ലോകം പ്രക്രിയയുടെയും ആയിത്തീരലിന്റെയും ലോകമായിരുന്നു. പ്രകൃതിയുടെ എല്ലാ പദ്ധതികളിലും അദ്ദേഹം കാലത്തെ തിരിച്ചറിഞ്ഞു. എല്ലാ പദ്ധതികളിലും കാലമുണ്ട്."'[13]

### 1.3 കാലം

കാലം നിരന്തരമായ ചലനമാണ്. ചലനമാണ് കാലത്തിന്റെ സ്വഭാവത്തെ വ്യക്തമാക്കി തരുന്നത്. മനുഷ്യ ജീവിതവും കാലത്തിലൂടെയുള്ള യാത്രയാണ്. ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നീ അവസ്ഥാന്തരങ്ങൾ കാലത്തിന്റെ സൂചനങ്ങളാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് മനുഷ്യർക്കും പ്രകൃതിക്കും സർവ്വ ചരാചരങ്ങൾക്കും അവസ്ഥാഭേദങ്ങളുണ്ടാകുന്നു.

"പ്രകൃതി സഹജമാണ് കാലം. അത് കൃത്രിമമായി നിർമ്മിക്കപ്പെടുന്നതല്ല. സ്വയം ഭൂവാണ്. സമയത്തിന്റെ അതിസൂക്ഷ്മങ്ങളായ കണികകൾ പോലും നഷ്ടമാകാത്തത് എന്നാണ് കാലം എന്ന പദത്തിനർത്ഥം. പ്രപഞ്ചത്തിലെ ചേതനവും-അചേതനവും സൂക്ഷ്മ സ്ഥൂലങ്ങളുമായ സമസ്തഭാവങ്ങളെയുമുൾക്കൊള്ളുന്നത് എന്ന് കാലമെന്ന പദത്തിനർത്ഥമുണ്ട്.

ജീവജാലങ്ങളുടെ ജനനവും നിലനില്പും മരണവും കാലവുമായി ബന്ധപ്പെട്ടിരിക്കുന്നു.''[14]

കാലത്തെ നാം തിരിച്ചറിയുന്നത് പ്രകൃതിയുമായി ബന്ധപ്പെട്ടു കൊണ്ടും മനുഷ്യാവസ്ഥകളെ പരിഗണിച്ചുമാണ്. കാലം ഒരു അനുഭവ യഥാർത്ഥ്യമാണ്. ജീവിതബോധത്തിൽ നിന്ന് ഉയിർക്കൊണ്ട കാലബോധമാണ് മനുഷ്യനെ നയിക്കുന്നത്. കഴിഞ്ഞുപോയ അനുഭവങ്ങളെല്ലാം ഭൂതകാലമായി മാറി. ഭൂതകാലത്തെയും വർത്തമാനകാലത്തെയും തിരിച്ചറിയാൻ മനുഷ്യന് സാധിക്കുകയും കാലത്തെകുറിച്ചുള്ള ധാരണകൾ ഉടലെടുക്കുകയും ചെയ്തു. പ്രപഞ്ചവസ്തുക്കളുടെ പരിണാമത്തിൽ നിന്നാണ് കാലബോധമുണ്ടാകുന്നത്.

### 1.3.1 ആനുഭവികകാലം

സംഭവങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും മനുഷ്യന് സിദ്ധമാകുന്നതാണ് ആനുഭവിക കാലം. സംഭവങ്ങളാണ് ഇവിടെ കാലബോധമുണ്ടാക്കുന്നത്. സംഭവങ്ങളുടെ തുടർച്ചയാണ് കാലത്തിന്റെ അടിസ്ഥാന സ്വഭാവം. സംഭവങ്ങൾ ചലനാത്മകമായ കാലത്തിന്റെ ഭാഗമായി അടയാളപ്പെടുത്തുന്നവയാണ്. കാലബോധത്തിന്റെ ഈ സവിശേഷതയാണ് ആനുഭവിക കാലമെന്നതുകൊണ്ടുദ്ദേശിക്കുന്നത്.

### 1.3.2 അതീന്ദ്രീയകാലം

കാലം ഇന്ദ്രിയങ്ങൾക്കപ്പുറത്ത് നിലനിൽക്കുന്നതാണ് എന്ന ചിന്തയാണ് അതീന്ദ്രീയ കാലമെന്ന സങ്കൽപ്പനത്തിനടിസ്ഥാനം. സംഭവങ്ങളില്ലെങ്കിലും കാലം പ്രവഹിച്ചുകൊണ്ടിരിക്കും എന്ന ബോധ്യത്തിൽ നിന്നാണ് കാലത്തിന് അമൂർത്തമായ തലമുണ്ട് എന്നർത്ഥമുണ്ടാകുന്നത്. ഇതിന് പ്രാപഞ്ചികകാലം എന്നും പറയുന്നു.

### 1.3.3 മാനസികകാലം

മാനസികകാലം വ്യക്തികളുടെ അനുഭവങ്ങളുമായും മനോഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. കാലത്തിൽ ജീവിക്കുന്ന മനുഷ്യമനസ്സ് സമാന്തരമായി മറ്റൊരു കാലബോധം പുലർത്തുന്നുണ്ട്. അതുപോലെ കാലദൈർഘ്യം മനോഭാവത്തിനനുസരിച്ച് മാറികൊണ്ടിരിക്കുന്നതായി കാണാം. ഇത്തരത്തിൽ രൂപപ്പെടുന്ന കാലബോധമാണ് മാനസികകാലം എന്നു പറയുന്നത്.

മനുഷ്യന്റെ അനുഭവങ്ങളെ മൗലികമാകുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് കാലം. ബാഹ്യജീവിതവുമായും ആന്തരികജീവിതവുമായും നടക്കുന്ന ക്രിയകളെ സംയോജിപ്പിക്കുന്ന ഒന്നാണ് കാലബോധം. "ഒരേ നദിയിൽ നിങ്ങൾക്ക് ഒന്നിൽ കൂടുതൽ പ്രാവശ്യം മുങ്ങുവാനാവില്ല. ജലം അനുസ്യൂതം ഒഴുകിക്കൊണ്ടേയിരിക്കുന്നു. എന്ന ഹെരാക്ലിറ്റസിന്റെ വാക്കുകൾ"[15] കാലത്തിന്റെ ഗതി നിർണ്ണയാതീതമാണ് എന്ന് സൂചിപ്പിക്കുന്നു.

സാധാരണയായി കാലത്തിന്റെ മൂന്ന് അവസ്ഥാന്തരങ്ങളാണ് ഭൂതം, ഭാവി, വർത്തമാനം എന്നിവ. ഇവയിൽ ഭൂതകാലവും വർത്തമാനവും അനുഭവങ്ങളിൽ നിന്ന് മനുഷ്യന് ബോധ്യപ്പെട്ടവയാണ്. വർത്തമാനകാലം ക്ഷണികമാണ്. അത് ഭൂതകാലത്തിലേക്ക് ലയിച്ചുപോകുന്നു. ഭാവികാലം അമൂർത്തമായ കാലമാണ്.

നാം കാണുന്ന ഭൂപ്രകൃതിയിലെ മാറ്റങ്ങളിൽ നിന്ന് നേടിയെടുക്കുന്ന കാലബോധമാണ് കാർഷികജീവിതത്തിന്റെ അടിത്തറ. പ്രകൃതിയിലെ സൂര്യചന്ദ്രന്മാരെ അടിസ്ഥാനമാക്കിയാണ് മനുഷ്യൻ കാലത്തെ ക്രമീകരിയ്ക്കുകയും രൂപപ്പെടുത്തുകയും ചെയ്തത്. ആ അവബോധത്തിൽ നിന്ന് ആർജ്ജിച്ച അറിവുകളിൽ നിന്നാണ് കൃഷി ചെയ്യാൻ ആരംഭിച്ചത് കെ.പി. പത്മനാഭമേനോൻ കൃഷിയും കാലവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കൊച്ചിരാജ്യ ചരിത്രത്തിൽ ഇപ്രകാരം പറയുന്നു.

"വർഷക്കാലത്ത് കൊല്ലം തോറും വെള്ളം കയറി മൂടി നിൽക്കുന്ന നിലങ്ങളിലും വേനൽക്കാലത്ത് തുടികൊണ്ട് വെള്ളം കോരി കളഞ്ഞു. കൊല്ലത്തിൽ ഒരുവിള കോൾകൃഷി നടക്കുന്നതുമായ പൊന്നാനിയിലെ ആഴം കുറഞ്ഞ കായലുകളുടെ അടിയിലും മാത്രമേ കളിമണ്ണ് അധികമായി കാണപ്പെടുന്നുള്ളൂ. പുഴമണ്ണും ചളിയും കൂടിയതും അല്പം ഉപ്പ് ഉള്ളതുമായ അലുവിയൽ എന്ന മണ്ണ് തെങ്ങിന് അത്യന്തം പറ്റുന്നതായിരുന്നു. ഈ വക മണ്ണുകൾ കായലുകളുടെ തീരങ്ങളിലും കടൽക്കരയ്ക്കടുത്ത പുഴകളുടെ മുഖങ്ങൾക്കു സമീപമുള്ള സ്ഥലങ്ങളിലും കാണപ്പെടുന്നു. ഈ വക ദിക്കുകളിലാണ് തെങ്ങുകൾ വളരെ പുഷ്ടിയായിരിക്കുന്നത് താനും."[16] കാർഷികവൃത്തി രൂപപ്പെടുന്നത് കാലത്തിന്റെ ആവർത്തനസ്വഭാവത്തെ മനസ്സിലാക്കികൊണ്ടാണ്. കൃഷിയുമായി ബന്ധപ്പെട്ട കാലഗണനാരീതിയാണ് ഋതുഭേദാത്മകകാലവും പഞ്ചാംഗകാലവും.

### 1.3.4 ഋതുഭേദാത്മക കാലം

പ്രകൃതിയിലെ മാറ്റങ്ങളിൽ നിന്നാണ് നാം കാലത്തെ അറിയുന്നത്. ആവർത്തിച്ചുവരുന്ന സൂര്യചന്ദ്രന്മാരുടെ ഭ്രമണത്തിൽ നിന്ന് വ്യത്യസ്ത കാലാവബോധമുണ്ടായി. "നിശ്ചിത പ്രകൃതി ലക്ഷണങ്ങൾക്കനുസരിച്ച് ഗണിക്കപ്പെടുന്നതാണ് ഋതുഭേദാത്മക കാലം. കാറ്റ്, മഞ്ഞ്, മഴ, വെയിൽ, തണുപ്പ്, ചൂട് തുടങ്ങിയ അനേകം പ്രത്യക്ഷ ലക്ഷണങ്ങൾ ഋതുഭേദഗണിതത്തിന് സഹായിക്കുന്നു. മാത്രമല്ല അന്തരീക്ഷസ്ഥിതിക്കനുസരിച്ച് വൃക്ഷലതാദികളിലും പക്ഷിമൃഗാദികളും മാറ്റങ്ങൾക്ക് വിധേയമാകുന്നതും ഗണിതത്തെ സഹായിക്കുന്ന പ്രധാന ഘടകങ്ങൾ തന്നെയാണ്. "[17]

### 1.3.5 പഞ്ചാംഗകാലം

കാലത്തിന്റെ ഗണിതപരമായ തലം പഞ്ചാംഗപരമായ കാലഗണനയ്ക്ക് കാരണമായി. കലണ്ടർ വർഷം എന്നറിയപ്പെടുന്നതും ഇതു തന്നെയാണ്. കാലത്തെ പല ഘട്ടങ്ങളായി വിഭജിച്ച് തിയ്യതികളും ദിവസങ്ങളും മാസങ്ങളുമാക്കി പഞ്ചാംഗകാലത്തെ രൂപപ്പെടുത്തിയിരിക്കുന്നു.

### 1.4 കാലത്തിന്റെ അടയാളപ്പെടുത്തലുകൾ

കാലത്തെ അനുഭവവേദ്യമാക്കുന്നത് രണ്ടു സംഭവങ്ങൾക്കിടയിലുള്ള സമയവ്യത്യാസത്തെ പരിഗണിച്ചാണ്. മനുഷ്യൻ അവൻ ജീവിക്കുന്ന സ്ഥലത്തെയും അനുഭവിക്കുന്ന കാലത്തെയും തന്റേതായ രീതിയിൽ വിവേചിക്കാനുള്ള കഴിവുള്ളവനായി കണക്കാക്കുന്നു. പ്രകൃതിയിൽ സംഭവിക്കുന്ന മാറ്റങ്ങളിലൂടെ മനുഷ്യൻ കാലത്തെ തിരിച്ചറിഞ്ഞു. ഋതുഭേദങ്ങൾ മാറി വരുമ്പോൾ പ്രകൃതിയിൽ വ്യത്യാസമുണ്ടാകുന്നു. അത് കാലബോധത്തെ മുന്നോട്ടു നയിക്കുന്നു. ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ എന്നിങ്ങനെ മനുഷ്യൻ കാലത്തെ, അളക്കാൻ തുടങ്ങി. ജനനം, മരണം, ഉദയം, അസ്തമയം, എന്നിവ ആനുഭവിക കാലത്തെ മുന്നോട്ടു നയിച്ചു. കാലത്തെ വരുതിയിലാക്കാൻ നിഴൽ ഘടികാരം, ജലഘടികാരം, സൂര്യ ഘടികാരം, ക്ലോക്ക് മുതലായവ കണ്ടുപിടിയ്ക്കപ്പെട്ടു.

കൃഷിയുടെ വ്യാപനം കാലത്തെ അനുഭവിച്ചറിയാൻ അവനെ പ്രാപ്തനാക്കി. ഞാറ്റുവേല കൃഷിക്കാരന്റെ കാലഗണനയെക്കുറിച്ചുള്ള അടിസ്ഥാനമാണ്. മഴ, പൂക്കൾ, പുഴയുടെ സമൃദ്ധി, കിളികളുടെ ചലനം എന്നിവ കാലത്തെ മനസ്സിലാക്കാൻ മനുഷ്യനെ സഹായിച്ചു. സൂര്യചന്ദ്രന്മാരുടെ ഉദയാസ്തമയങ്ങൾ, വൃദ്ധിക്ഷയങ്ങൾ എന്നിവ കാലത്തിന്റെ അടയാള പ്പെടുത്തലുകളാണ്. നക്ഷത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള കാലബോധവും ഉടലെടുത്തിരുന്നു. ശുഭസൂചകമായ നാളുകൾ, വിശിഷ്ടദിനങ്ങൾ എന്നിവയെ അവലംബമാക്കി ഉത്സവങ്ങളും അനുഷ്ഠാനങ്ങളും രൂപപ്പെട്ടു. ഓണം, തിരുവാതിര, പൂയ്യം എന്നിവ കാലബോധത്തെ ഉണർത്തുന്നവയാണ്. ഇവയെല്ലാം കേരളീയ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നവ കൂടിയാണ്.

അമാവാസി, പൗർണ്ണമി, മരണദിനം, ജനിച്ച ദിവസം എന്നിവ കാല സങ്കൽപ്പത്തോടൊപ്പം അനുഭവലോകത്തെയും വിപുലപ്പെടുത്തി. കാലത്തിന്റെ ചാക്രികഗതിയെ സൂചിപ്പിക്കുന്നതാണ് ഇടവപ്പാതി മുതൽ ഓണം

വരെ മുതലായ പ്രയോഗങ്ങൾ. കേരളത്തിലെ ഓരോ മാസങ്ങൾക്കുമുള്ള പ്രത്യേകതകളും കാലത്തിന്റെ സൂചകങ്ങളാണ്. ചിങ്ങം സമൃദ്ധിയുടെയും കർക്കിടകം പഞ്ഞമാസവുമാണ്. തുലാവർഷം, ഇടവപ്പാതി എന്നിവ മഴയെയും കാലത്തെയും കൂട്ടിയിണക്കുന്നു. മകരം വിളവെടുപ്പ് മാസമാണ്. മകര കൊയ്ത്ത് അതിനെ സൂചിപ്പിക്കുന്നു.

ഭരണാധിപന്മാരുടെ ശാസനങ്ങൾ, ഭരണപരമായ രേഖകൾ, വിജയ പരാജയങ്ങൾ എന്നിവ കാലത്തെ രേഖപ്പെടുത്തിയവയാണ്. ഇത് കാലഗണന യെക്കുറിച്ച് അവബോധമുണ്ടാക്കുന്നു. ഉത്സവാഘോഷങ്ങൾ കാലത്തെ അടയാളപ്പെടുത്തുന്ന മറ്റൊരു ഘടകമാണ്. ക്രിസ്തുമസ്, പുതുവർഷം, പെരുന്നാളുകൾ, ഓണം, വിഷു, എന്നിവയും അനുഷ്ഠാനപരമായ കലാരൂപ ങ്ങളും അവ അവതരിപ്പിക്കുന്ന ദിനങ്ങളും ചാക്രികമായ കാലബോധത്തെ യുണ്ടാക്കുന്നു. രണ്ടുതരം കാലഗണനാക്രമങ്ങൾ സമാന്തരമായി നിലനിൽക്കു ന്നുണ്ട്. ഓണവും, ഞാറ്റുവേലയും, തിരുവാതിരയും പൂയ്യവും മകവുമെല്ലാം ജനങ്ങളുടെ അനുഭവവുമായി ബന്ധമുള്ളവയാണ്. മറ്റൊന്ന് നാടുവഴികളുടെ ഭരണവർഷവും കൊല്ലവർഷവും വഴി രൂപപ്പെട്ട, നാടുവഴികളുടെ ശാസനങ്ങളു ടെയും കരണങ്ങളുടെയും നാൾവഴി കണക്കുകളുടെയും അടിസ്ഥാനത്തിലു ള്ളതാണ് മറ്റൊന്ന്.

കൊല്ലവർഷം, ക്രിസ്തുവർഷം, കലിവർഷം, എന്നിങ്ങനെയുള്ളവയും കാലത്തെ അടയാളപ്പെടുത്തുന്നവയാണ്. ഇന്നലെ, ഇന്ന്, നാളെ, രാത്രി, രാവിലെ, ഉച്ചയ്ക്ക്, കാലത്ത്, വൈകുന്നേരം, മിനിഞ്ഞാന്ന്, എന്നിങ്ങനെയുള്ള പ്രയോഗങ്ങളും 'നിഴലുകൾ വലുതാക്കൽ' തുടങ്ങിയ അലങ്കാരിക പ്രയോഗങ്ങളും കാലത്തെ സൂചിപ്പിക്കുന്നവയാണ്.

### 1.5 സ്ഥലത്തിന്റെ അടയാളപ്പെടുത്തലുകൾ

സ്ഥലം ഒരു സാംസ്കാരിക നിർമ്മിതിയായിട്ടാണ് ഇന്നു കണക്കാ ക്കുന്നത്. മനുഷ്യന്റെ എല്ലാ വ്യവഹാരങ്ങളും സ്ഥലകാലത്തിലധിഷ്ഠിതമാണ്.

സാമൂഹികബന്ധങ്ങളും വിശ്വാസങ്ങളും കാഴ്ചപ്പാടുകളും രൂപപ്പെട്ടു വരുന്നതിൽ സ്ഥലകാലങ്ങൾക്ക് നിർണ്ണായകമായ സ്വാധീനമുണ്ട്. " വസ്തു സ്ഥിതി ചെയ്യുന്ന അമൂർത്ത വ്യാപ്തിയെ അല്ലെങ്കിൽ അതിന്റെ സ്ഥലത്തെ മനസ്സുകൊണ്ട് അനന്തമായി വികസിപ്പിക്കാൻ കഴിയും. അപ്പോൾ ദൃശ്യമാകുന്ന പരിധിയില്ലാത്തതും അനന്തവും ശൂന്യവുമായ യാഥാർത്ഥ്യമാണ് സ്ഥലം. അതി നാൽ സ്ഥലം ഒരു അമൂർത്തയാഥാർത്ഥ്യമാണ്"[18]എന്ന നെല്ലിവിള സോമന്റെ അഭിപ്രായം പ്രസക്തമാണ്. സ്ഥലത്തിന് മനുഷ്യൻ നാമങ്ങൾ നൽകി വ്യത്യ സ്തതയെ അടയാളപ്പെടുത്തുന്നു.

സ്ഥലത്തിനു *ശബ്ദതാരാവലി*യിൽ "സ്ഥലത്തിന് തറ, ജലശൂന്യമായ ഭൂഭാഗം, ഉറച്ച നിലം, വർത്തിക്കുന്ന ദിക്ക്"[19]എന്നീ അർത്ഥങ്ങൾ നൽകിയി രിക്കുന്നു. "സ്ഥലത്തിന് സ്ഥിതിചെയ്യുന്നു എന്നർത്ഥമാണ് ധാതു നിഘണ്ടു നൽകുന്നത്."[20] *അമരകോശ*ത്തിൽ 'കൃത്രിമമായും അകൃത്രിമമായും ഉള്ള പ്രദേശത്തിന്റെ പേര് '[21] എന്നാണ് സ്ഥലത്തിന് അർത്ഥം കൊടുത്തിട്ടുള്ളത്.

"പ്രദേശം, തറ, നിലം, ധര, പറമ്പ്, മണ്ണ്, ലോകം, സ്വദേശം ഭൂമി, തീരം, വയൽ, കരപ്രദേശം, സംഭവസ്ഥലം, ഇരിപ്പിടം, ആവാസം, താമസസ്ഥലം, ഗൃഹപരിസരം, പ്രാന്തം, ചുറ്റുപാട്, ദിക്ക്, പ്രവൃത്തിസ്ഥലം, താവളം, കേന്ദ്രം, ഇടം,ഇട, മുക്ക്, മൂല, പറ്റിയ സ്ഥാനം, എങ്ങാണ്ടൊരിടം, വല്ലേടം, അവിടം, ഇവിടം, ഗ്രാമം, പട്ടണം, നഗരം, ദേശം, രാജ്യം, വസ്തുവക, അടിത്തട്ട്, അസ്തിവശം"[22] എന്നിങ്ങനെ *മലയാളം തിസോറസ്* സ്ഥലത്തിന് അർത്ഥം നൽകിയിരിക്കുന്നു. ഇവയെല്ലാം സാമാന്യവ്യവഹാരത്തിൽ ഉപയോഗിക്കുന്ന സ്ഥലവാചിയായ പദങ്ങൾ തന്നെയാണ്. എല്ലാപദങ്ങളും സ്ഥലത്തിന്റെ അടയാളപ്പെടുത്തലുകളുമാണ്.

മനുഷ്യന്റെ സാമൂഹികമായ ഇടപെടലുകളുടെ അടയാളപ്പെടുത്തലായി മാറുന്ന സ്ഥലം അവന്റെ സംസ്കാരപരിണാമത്തിൽ സുപ്രധാനപങ്കു വഹിക്കുന്ന ഒന്നാണ്. സ്ഥലപരിസരം സൃഷ്ടിക്കുന്ന ജീവിതപശ്ചാത്തലം

മനുഷ്യരെ സ്വാധീനിക്കുന്നു. മനുഷ്യൻ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സ്ഥലവാചിയായ പദങ്ങൾ ഏറെയാണ്. ദേശം, രാഷ്ട്രം, ഊര്, കര, ഗ്രാമം, നഗരം, നാട് എന്നിങ്ങനെ നിരവധി പദങ്ങൾ സ്ഥലത്തെ കുറിക്കുന്നു. മനുഷ്യന്റെ സാമൂഹിക ജീവിതത്തിൽ സ്ഥലത്തെ ഒഴിച്ചു നിർത്താൻ സാധ്യമല്ല. അതിനാൽ നമ്മുടെ വിനിമയങ്ങളിലും ജീവിതത്തിലും സ്ഥലവാചിയായ വാക്കുകൾ ഇഴുകി ചേർന്നിരിക്കുന്നു.

"പ്രാചീനകാലത്ത് സ്ഥലവാചിയായി ഉപയോഗിച്ചിരുന്ന പദമാണ് മന്റം. അറം അഥവാ ധർമ്മം പാലിച്ചിരുന്ന സ്ഥലമായിട്ടാണ് മന്റത്തെ വിവരിച്ചിട്ടുള്ളത്. അറം വളർക്കും മന്റം (നീതി പുലർത്തുന്ന സ്ഥലം) എന്നും ഉലക അറവൈ (ലോക ധർമ്മത്തിന്റെ സ്ഥാനം) എന്നും മന്റത്തെ സംഘസാഹിത്യകൃതികളിൽ വിശേഷിപ്പിച്ചു കാണുന്നു. കേരളത്തിൽ മന്റത്തെ മന്നം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്." [23]

സ്ഥലത്തെ കുറിക്കാൻ ഉപയോഗിക്കുന്ന വാക്കുകളിൽ പ്രധാനപ്പെട്ട സ്ഥാനമാണ് സ്ഥലനാമങ്ങൾക്കുള്ളത്. ഒരു സ്ഥലത്തിന്റെ, പ്രദേശത്തിന്റെ നാമം ഉടലെടുക്കുന്നത് സാംസ്കാരിക പരിണാമത്തിന്റെ ഭാഗമായാണ് അത്തരത്തിൽ നോക്കുമ്പോൾ സ്ഥലനാമങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്.

ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ സ്ഥലങ്ങളെ വേർതിരിച്ചിരിക്കുന്നു. സംസ്ഥാനങ്ങളുടെ രൂപീകരണത്തിന് ആധാരമാക്കിയത് ഭാഷയാണെങ്കിലും, അത് രാഷ്ട്രീയമാനങ്ങൾക്കപ്പുറം സാമൂഹികമായ സ്വത്വബോധത്തിന്റെയും സ്ഥലപരിസരങ്ങളുടെയും സൂചകവുമാണ്.

### 1.6 സ്ഥലകാലങ്ങളുടെ ചരിത്ര പശ്ചാത്തലം

സ്ഥലകാലങ്ങൾക്ക് ആദിമകാലം മുതൽ തന്നെ മനുഷ്യ ജീവിതത്തിൽ പ്രാധാന്യം കൽപ്പിക്കപ്പെട്ടിരുന്നു പൗരസ്ത്യ പാശ്ചാത്യ ചിന്തകളിലെല്ലാം സ്ഥലകാലങ്ങളെ കുറിച്ചുള്ള സങ്കൽപങ്ങൾ കാണാൻ സാധിയ്ക്കും. പാശ്ചാത്യ ചിന്തയിൽ ഇമ്മാനുവൽ കാന്റ്, അരിസ്റ്റോട്ടിൽ എന്നിവരുടെ ചിന്തകളിലും

സ്ഥലകാലങ്ങൾ പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലാകട്ടെ വേദകാലം മുതൽ സ്ഥലകാലങ്ങളെ കുറിച്ചുള്ള സങ്കൽപനങ്ങൾ കാണാൻ സാധിയ്ക്കും.

### 1.6.1 സ്ഥലകാലങ്ങൾ വേദങ്ങളിൽ

വേദകാലം മുതൽ ഇന്നുവരെയുള്ള എല്ലാ മനുഷ്യരെയും സ്വാധീനിക്കുന്ന ഒന്നാണ് കാലസങ്കല്പം. കാലത്തെക്കുറിച്ചുള്ള ശ്രദ്ധേയമായ ഒരു പരികല്പന ഋഗ്വേദത്തിൽ കാണാം.

"ഈ സേവനിയനും പാലയിതാവുമായ ആഹ്വാനാർഹന് മധ്യമനും സർവ്വവ്യാപിയുമായ ഒരു ഭ്രാതാവുണ്ട്. മൂന്നാമനായി മുതുകിൽ നെയ്യോലുന്ന ഒരു ഭ്രാതാവും അവിടെയ്ക്കുണ്ട്.. ഇവരിൽ ഏഴുമക്കളുള്ള പ്രജാധിപനെ ഞാൻ ദർശിക്കുന്നു.

ഒരു ചക്രം മാത്രമുള്ള തേര് ഏഴെണ്ണത്തെ പൂട്ടുന്നു. എന്നാൽ ഒരേ അശ്വംതന്നെയാണ് ഏഴുതേരുകൾ പൂണ്ടുവലിക്കുന്നത്. അറുതിയും ആഴവുമില്ലാത്തതും മൂന്നു കുടങ്ങളുള്ളതുമാണ് ചക്രം, ഭുവനമെല്ലാം ഇതിനെ അവലംബിച്ചു നിൽക്കുന്നു." [24] കാലത്തിന് സ്ഥലത്തോടുള്ള ബന്ധം അഭേദ്യമാണ്. പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന കാലസങ്കല്പത്തിന്റെ അനന്തതയെക്കുറിച്ച് പറയുക അസാധ്യമാണ്. ഋഗ്വേദത്തിൽ ചക്രസമാനമായ സ്വഭാവം വഹിക്കുന്ന ഒന്നാണ് കാലം

"ഒരുവൻ മൂന്നമ്മമാരെയും മൂന്നച്ഛന്മാരെയും ഭരിച്ചു കൊണ്ടു നിവർന്നു നില്ക്കുന്നു. അവനു വാട്ടം വരലില്ല. അവന്റെ എല്ലാം അറിയുന്ന എല്ലാടത്തും വ്യാപിയ്ക്കാത്ത ശബ്ദത്തെപ്പറ്റി, വാനിൻ മുകളിൽ ഗൂഢ സല്ലാപം നടക്കുന്നു. "[25]

കാലം ത്രിലോകങ്ങളാകുന്ന സ്ഥലങ്ങളേയും അഗ്നി, വായു, സൂര്യൻ എന്നിവരെ ഭരിച്ചുകൊണ്ട് നിൽക്കുന്നു. ആ കാലത്തെകുറിച്ച് ദേവന്മാർ സംസാരിക്കുന്നു. സ്ഥലത്തെ ഭരിക്കുന്നത് കാലമാണെന്ന് ഋഗ്വേദം പറയുന്നു. സ്ഥലത്തെകുറിച്ച് പറയുമ്പോൾ മൂന്നുലോകങ്ങളേയും ഉൾക്കൊള്ളിച്ചാണ് പരാമർശി

ച്ചിരിക്കുന്നത്. അഞ്ചുഋതുക്കളും പന്തിരണ്ട് മാസങ്ങളും നിറഞ്ഞ കാലഗണനാസങ്കല്പവും ഋഗ്വേദത്തിലുണ്ട്. ഹേമന്തശിശിരങ്ങൾക്ക് ഏകത്വം ആരോപിച്ചിരിക്കുന്നു

അഥർവ്വവേദത്തിലും കാലത്തെക്കുറിച്ചുള്ള ചിന്തകൾ കാണാവുന്നതാണ്."കാലാത്മകവസ്തുക്കളിൽ വ്യാപ്തമായിരിക്കുന്ന ഈ അശ്വം സപ്തരശ്മികളാലും സഹസ്രനേത്രങ്ങളാലും നിത്യയുവത്വത്താലും ഭാരിച്ച വീര്യത്താലും യുക്തമാകുന്നു. ആ അശ്വത്തിന്മേൽ ജ്ഞാനികള മാത്രം ആരൂഢരാകുന്നു. എല്ലാ ലോകങ്ങളും ആ അശ്വത്തിന്റെ ചക്രങ്ങളാകുന്നു. കാലാത്മകമായ സംവത്സരം സ്പതചക്രങ്ങളും ഋതുക്കളെ വഹിക്കുന്ന ഈ ചക്രങ്ങൾ ഇതിന്റെ നാഭിരൂപവും അമൃതവും അക്ഷവും ആകുന്നു.ഇതേ കാലാത്മകബ്രഹ്മം തന്നെ ചരാചരത്മകബ്രഹ്മത്തിന്റെ രചന നടത്തുകയും നശിപ്പിക്കുകയുംചെയ്തുകൊണ്ട് വിരാജിക്കുന്നു"[26]

കാലത്തിന്റെ രഹസ്യം അറിയാനുള്ള മനുഷ്യമനസ്സിന്റെ തൃഷ്ണ വേദങ്ങളിൽ കാണുന്നു. വാക്കുകൾകൊണ്ട് നിർവചിക്കാവുന്നതോ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുന്നതോ ആയ ഒന്നല്ല കാലം. ഋഗ്വേദത്തിൽ കാലത്തെ പ്രജാപതിയായാണ് ദർശിച്ചിരിക്കുന്നത്. കാലത്തെ അതിദ്രുതം മുന്നോട്ടു കുതിയ്ക്കുന്ന അശ്വമായും കൽപിച്ചിരിക്കുന്നു. കാലത്തിന്റെ മാറ്റങ്ങളെ സൂചിപ്പിക്കാൻ ഋഗ്വേദത്തിലും അഥർവ്വവേദത്തിലും ചക്രത്തെ കൂട്ടുപിടിച്ചിരിക്കുന്നു. ഏഴു ഋതുക്കളും ഭൂതഭാവി വർത്തമാനങ്ങളും കാലാത്മകമായ സംവത്സരത്തിൽ ഉൾച്ചേർന്നിരിക്കുന്നു. കാലചക്രത്തെ നാഭിരൂപമായി അഥർവ്വവേദം സങ്കല്പനം ചെയ്തിരിക്കുന്നു.

സ്ഥലസങ്കൽപം ബ്രഹ്മം എന്ന പരികല്പനയായാണ് കടന്നു വരുന്നത്. കാലത്തിന്റെ അനിർവചനീയമായ സ്വാധീനത്തെക്കുറിച്ച് കാലാപവാദം എന്ന ഒരു സർഗ്ഗം തന്നെയുണ്ട് ബൃഹദ് യോഗാവാസിഷ്ഠത്തിൽ. അതിൽ കാലത്തെ ഇപ്രകാരം സങ്കൽപനം ചെയ്തിരിയ്ക്കുന്നു.

"സമുദ്രം തിരമാലകളെയെന്നവണ്ണം കാലൻ (കാലം) ഭൂതകാലത്തിലെയും വർത്തമാനകാലത്തിലെയും ഭാവികാലത്തിലെയും സൃഷ്ടികളെ തന്നിൽതന്നെ ദിവാനിശം ധരിക്കുന്നു"[27] കാലത്തിന്റെ പ്രഭാവത്തെക്കുറിച്ച് മതിവരാത്ത കവി മനസ്സ് ഈ കൃതിയിൽ കാണാം. സ്വയം സച്ചിദാനന്ദസ്വരൂപമാകുന്ന കാലം രുദ്രനായും മഹേന്ദ്രനായും പിതാമഹൻ, ശക്രൻ, വൈശ്രവണൻ എന്നിവരായി മാറുന്നതായി കല്പിക്കുന്നു. കാലത്തിന്റെ രൂപം മഹാമേരു പർവ്വതം പോലെ ഉന്നതവും അതിബൃഹത്തും ബ്രഹ്മം പോലെ അപരിമേയവും സീമാതീതവുമായി സങ്കൽപ്പിച്ചിരിക്കുന്നു. കാലത്തിന്റെ സർവ്വവും നശിപ്പിക്കാനുള്ള കഴിവിനെക്കുറിച്ചും കവി സൂചിപ്പിക്കുന്നുണ്ട്. സംസാരജീവിതത്തിൽ മനുഷ്യൻ ആഗ്രഹിക്കുന്ന എല്ലാ സുഖങ്ങളും ഇല്ലാതാക്കുന്ന ഒന്നാണ് കാലം. ചന്ദ്രോദയത്തിൽ ഊറ്റം വന്ന സമുദ്രത്തെയും ഗ്രസിക്കുന്ന ബഡവാഗ്നിപോലെയാണു കാലം. ഈ കാലം വിഴുങ്ങിക്കളയാത്ത ഒരു വസ്തുവും ലോകത്തിലില്ല. കാലം സംഹാരരുദ്രനെപോലെയാണ്.

കാലത്തിന്റെ സംഹാരഭാവത്തെക്കുറിച്ച് ഭർത്തൃഹരി ഇങ്ങനെ പറയുന്നു. " ആ മനോഹരമായ രാജധാനിയും ആ മഹാനായ രാജാവും അദ്ദേഹത്തിന്റെ കീഴിലുള്ള ആ സാമന്തരാജാക്കന്മാരും, അദ്ദേഹത്തിന്റെ ചുറ്റുമുണ്ടായിരുന്ന ആ പണ്ഡിതസദസ്സും ആ സുന്ദരിമാരും മദമത്തന്മാരായ ആ രാജനന്ദന്മാരും ആ സ്തുതി പാഠകന്മാരും അവർ പാടിയിരുന്ന ആ കഥകളും എല്ലാം തന്നെ ആരുടെ പ്രഭാവം കൊണ്ട് നശിച്ചുവോ ആ കാലത്തിന് നമസ്കാരം"[28] ഭൂമിയിൽ മനുഷ്യൻ നേടുന്ന സർവ്വഭൗതികസുഖങ്ങൾ കാലത്തിന്റെ കടന്നുപോകലിൽ നഷ്ടമാകുന്നുവെന്നും ആരും കാലത്തിന് അതീതരല്ലെന്നുമുള്ള തിരിച്ചറിവ് ഭർത്തൃഹരി നമുക്ക് നൽകുന്നു.

സൂര്യന്റെ ഉദയാസ്തമയങ്ങളെ കൊണ്ട് ആയുസ്സ് കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് കാലം ബോധ്യപ്പെടുത്തുന്നുണ്ടെങ്കിലും അനവധി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യൻ കാലം കടന്നുപോകുന്നത് അറിയുന്നില്ല. ജനനം, വാർദ്ധക്യം, ആപത്തുകൾ, മരണം എന്നിവയൊക്കെ നിത്യജീ

വിതത്തിൽ ദർശിക്കുന്നുണ്ടെങ്കിലും മനുഷ്യൻ അവയെക്കുറിച്ച് ചിന്തിക്കുന്നില്ല. പ്രമാദമാകുന്ന മദ്യം പാനം ചെയ്ത് മദമത്തമായിരിക്കയാണ് ലോകമെന്ന് കവി ദർശിക്കുന്നു. കാലത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെക്കുറിച്ച് മനുഷ്യൻ ആകുലനല്ല.

മനുഷ്യൻ നൈമിഷികമായ സുഖങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു. അതിനാൽ അവന് ജീവിതത്തിലെ ദുരന്തങ്ങളെക്കുറിച്ച് ബോധവാനാകുന്നില്ല. കാലം കടന്നുപോകുന്നത് മനസ്സിലാകാതെ ജീവിക്കുന്ന മനുഷ്യരോടുള്ള കവിയുടെ വിപ്രതിപത്തി ഈ വാക്കുകളിൽ ദർശിക്കാം. കാലമാകുന്ന സമസ്യ പൂരിപ്പിക്കാൻ കഴിയാത്തതാണെന്ന് തിരിച്ചറിയുന്ന കവി ആയുസ്സ് മനുഷ്യന്റെ മാത്രമല്ല പ്രപഞ്ചത്തിന്റേതടക്കം അടുത്തെത്തിയിരിക്കുന്നു എന്ന് ദീർഘദർശനം ചെയ്തിരിക്കുന്നു. കാലത്തെക്കുറിച്ചുള്ള വാത്സ്യായനന്റെ അഭിപ്രായം നിത്യവർത്തമാനകാലത്തിന് പ്രാധാന്യം നൽകുന്നതാണ്. കാലപരിധിക്കകത്താണ് ഇന്ദ്രിയ പ്രത്യക്ഷമായ എല്ലാ അനുഭവങ്ങളും അസ്തിത്വം നേടുന്നത്. എങ്കിലും കാലമെന്താണെന്ന് അനുഭവിച്ചറിയാൻ നമുക്ക് സാധ്യമല്ല. എല്ലാ പദാർത്ഥങ്ങളും കാലപ്രവാഹത്തിൽ നശിച്ചുപോകുന്നു. വേദങ്ങളിൽ പരാമർശിച്ചിരിയ്ക്കുന്ന സ്ഥലകാലങ്ങളെ കുറിച്ച് ശ്രീ ശ്രീ രവിശങ്കർ ഇപ്രകാരം അഭിപ്രായപ്പെടുന്നു.

“വൈദികമാർഗ്ഗദർശനം അനുസരിച്ച് അസ്തിത്വത്തെ സ്ഥലകാലങ്ങളിൽ അധിഷ്ഠിതമെന്നും സ്ഥലകാലങ്ങൾക്ക് ആധാരഭൂതമെന്നും രണ്ടായി തരംതിരിക്കാം. സ്വയം സ്ഥായിയായ സ്ഥലകാലങ്ങളുടെ ആധാരം എന്ന നിലയ്ക്കാണ് പരാപ്രകൃതി പരാമർശിക്കപ്പെടുന്നത്. ആ പരാപ്രകൃതിയാകട്ടെ സ്ഥലകാലങ്ങളിൽ ഒതുങ്ങുന്നതും ദ്രവ്യോർജ്ജങ്ങളുടെ വ്യത്യസ്തരൂപങ്ങളുടെ ചലനാത്മകത പിടിച്ചെടുക്കുന്നതുമാണ്. കാലത്തെ ധർമ്മം എന്നും വ്യാപദേശിക്കാറുണ്ട്. നിയതി നിയമത്തിനു കാലാതീതമായ അസ്തിത്വമില്ല. വസ്തുവിനോ, നിയമങ്ങൾക്കോ കാലത്തിന്റെ പ്രവർത്തനപരിധിക്കപ്പുറത്ത് അസ്തിത്വമുണ്ടാവാൻ സാധ്യമല്ല. ”[29]

### 1.6.2 സ്ഥലകാലങ്ങൾ ഉപനിഷത്തുകളിൽ

ഛാന്ദോഗ്യോപനിഷത്തിൽ സ്ഥലകാലങ്ങളെ ആകാശം എന്ന പരികൽപനയുമായി ബന്ധപ്പെടുത്തികൊണ്ടാണ് അവതരിപ്പിക്കുന്നത്. "ഈ ലോകത്തിന്റെ ഗതി എന്തെന്നു ചോദിച്ചു. ആകാശമെന്നു പറഞ്ഞു. ആ ഭൂതങ്ങളെല്ലാം ആകാശത്തു നിന്നും തന്നെ ഉണ്ടാകുന്നു. ആകാശത്തിൽ അസ്തമിക്കുന്നു. ആകാശം ഈ ഭൂതങ്ങളെ എല്ലാത്തിനേക്കാൾ മഹത്തരമാണ്. ആകാശം പ്രതിഷ്ഠമാകുന്നു. മൂന്നുകാലത്തിലും, ഭൂതങ്ങളുടെ ഉല്പത്തി സ്ഥിതിലയങ്ങൾ ആകാശത്തിലാകുന്നു. "[30] ബ്രഹദാരണ്യകോപനിഷത്തിൽ കാലസങ്കൽപത്തിന് ചരാചരങ്ങളുമായി അഭേദ്യമായ ബന്ധം കൽപിച്ചിരിയ്ക്കുന്നു.

"ഈ പ്രജാപതി പതിനാറുകലയോട് കൂടിയ സംവത്സരമാകുന്നു. അവന്റെ പതിനഞ്ചു കലകൾ രാത്രികൾ തന്നെയാകുന്നു. ഈ സംവത്സരാത്മകമായ പ്രജാപതിയുടെ പതിനാറാമത്തെകല നിത്യതന്നെയാകുന്നു. അവൻ രാത്രികളെ കൊണ്ടുതന്നെ അപൂർണ്ണനാവുകയും ക്ഷയിച്ചുപോകയും ചെയ്യുന്നു. അവൻ കാലാത്മാവായ ആ പ്രജാപതി കറുത്തവാവുനാൾ രാത്രിയിൽ ഈ പ്രാണികളിലെല്ലാം അനുപ്രവേശിച്ചിട്ട് അനന്തരം രാവിലെ ജനിയ്ക്കുന്നു. അതിനാൽ ഈ രാത്രിയിൽ ഈ സോമദേവതയുടെ തന്നെ പൂജയ്ക്കായി പ്രാണിയുടെ, ഒരു പ്രാണിയുടെയും - ഓന്തിന്റെ പോലും പ്രാണനെ വിച്ഛേദിക്കരുത്- നശിപ്പിയ്ക്കരുത്." [31] ഇപ്രകാരം ഉപനിഷത്തുകളിലും മനുഷ്യജീവിതവുമായി ബന്ധപ്പെട്ട സ്ഥലകാലങ്ങളെയാണ് അവതരിപ്പിച്ചിട്ടുള്ളത്

### 1.6.3 സ്ഥലകാലങ്ങൾ ശാസ്ത്ര ചിന്തയിൽ

ഭൗതികശാസ്ത്രത്തിൽ സ്ഥലവും കാലവും പ്രപഞ്ചസംഭവങ്ങളെ സ്വാധീനിക്കുന്നതുമായി ബന്ധപ്പെട്ട ചിന്തകളുണ്ട്. "1687ൽ പ്രസിദ്ധീകരിച്ച 'പ്രിൻസിപ്പിയ മാത്തമാറ്റിക്ക'യിലൂടെ ഐസക് ന്യൂട്ടൻ സ്ഥലകാലങ്ങളെക്കുറിച്ചുള്ള ആദ്യത്തെ ഗണിതശാസ്ത്ര മാതൃക നമുക്കു നൽകി. കേംബ്രിഡ്ജിലെ ലൂക്കേസിയൻ ചെയർ ഒരിക്കൽ ന്യൂട്ടന്റേതായിരുന്നു. അന്ന് അത് വിദ്യുച്ഛക്തി

ഉപയോഗിച്ചു പ്രവർത്തിക്കുന്നതല്ലായിരുന്നു. ന്യൂട്ടന്റെ ഗണിതമാതൃകയിൽ സ്ഥലകാലങ്ങൾ സംഭവങ്ങൾ നടക്കുന്നതിന്റെ പശ്ചാത്തലമായിരുന്നു. എന്നാൽ സംഭവങ്ങൾ സ്ഥലകാലങ്ങളെ ഒട്ടുംതന്നെ ബാധിക്കുന്നില്ല എന്നും കരുതിയിരുന്നു. കാലം സ്ഥലത്തിൽ നിന്നും സ്വതന്ത്രവും നേർരേഖയിലുള്ളതുമായി ഗണിച്ചു. ഒരു റയിൽപ്പാതപ്പോലെ ഇരുദിശകളിലേക്കും അനന്തമായി പോകുന്ന ഒന്ന്. കാലം ശാശ്വതവും, എന്നും എങ്ങനെയോ അങ്ങനെതന്നെ എന്നേക്കും നിലനിൽക്കുന്ന ഒന്നുമായി കരുതിയിരുന്നു."[32]

1905 ൽ ഐൻസ്റ്റീൻ പ്രസിദ്ധീകരിച്ച വിശിഷ്ടാപേക്ഷികസിദ്ധാന്തം ശാസ്ത്രത്തിന്റെ ചരിത്രഗതിയെയും സ്ഥലകാലചിന്തകളെയും മാറ്റി മറിച്ചു. ഐൻസ്റ്റിന്റെ സിദ്ധാന്തത്തിന്റെ സവിശേഷത കേവലസ്ഥലം, കേവലസമയം എന്നീ സങ്കൽപ്പങ്ങളെ അതു തകർത്തു. പ്രകാശപ്രവേഗം സ്ഥിരമാണെന്ന കണ്ടുപിടുത്തം ആധുനിക ഭൗതികശാസ്ത്രത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തങ്ങളിലൊന്നായിരുന്നു."വസ്തുക്കൾ സഞ്ചരിക്കുമ്പോൾ ആകർഷണബലവും വികർഷണബലവും ഉണ്ടാകുന്നു. എന്നാൽ കാലവും സ്ഥലവും മാറ്റത്തിനു വിധേയമായി അനുസ്യൂതം തുടരുന്നു എന്നതായിരുന്നു വിശ്വാസം. സ്ഥലവും കാലവും എന്നും മുന്നോട്ടുപോകുമെന്നും ചിന്തിച്ചു. പൊതു ആപേക്ഷികത സിദ്ധാന്തത്തിൽ സ്ഥലവും കാലവും ചലനാത്മക ഗതികപരിണാമങ്ങളാണ്. ഒരു വസ്തു സഞ്ചരിക്കുമ്പോൾ അത് സ്ഥലത്തിന്റെയും വക്രതയെ ബാധിക്കുന്നു. തിരിച്ചു വസ്തു സഞ്ചരിക്കുന്നതും ബലം പ്രയോഗിക്കുന്നതുമായ രീതിക്കനുസരിച്ച് സ്ഥലകാലത്തിന്റെ ഘടനയിലും മാറ്റം ഉണ്ടാകുന്നു. സ്ഥലത്തിലും കാലത്തിലും മാത്രമല്ല പ്രപഞ്ചത്തിൽ എന്തുമാറ്റം സംഭവിക്കുമ്പോഴും മാറ്റം ഉണ്ടാവുന്നു."[33] സ്ഥലകാലങ്ങൾ പരിണമിച്ചു കൊണ്ടിരിക്കുന്നുവെന്ന സാരം സ്ഥലകാലങ്ങളെക്കുറിച്ചുള്ള പുതിയ അറിവ് അന്നുവരെയുണ്ടായിരുന്ന വീക്ഷണങ്ങളിൽ വലിയമാറ്റത്തിനു കാരണമായി.

സ്ഥലകാലസങ്കല്പം ശാസ്ത്രരംഗത്ത് മാത്രമല്ല സ്വാധീനം ചെലുത്തിയിരുന്നത്. സ്ഥലസങ്കല്പം പ്രാദേശികമായ അറിവിനെ മുൻനിർത്തിയോ,

ഭൂമിശാസ്ത്രപരമായ സ്ഥലരാശിയെ സൂചിപ്പിക്കുന്നതോ മാത്രമായി ഒതുങ്ങുന്നവയായിരുന്നില്ല. പ്രപഞ്ചത്തോളം വിസ്തൃതവും വിശാലവുമായ സ്ഥലരാശി എന്നും മനുഷ്യനെ ചിന്തിപ്പിച്ചുകൊണ്ടിരുന്നു. മൂർത്തവും അമൂർത്തവുമായ സ്ഥലസങ്കൽപ്പം എല്ലാക്കാലത്തും നിലനിന്നിരുന്നു. കാലത്തിന്റെ പ്രവാഹത്തിൽ സ്ഥലങ്ങൾക്ക് സംഭവിക്കുന്ന മാറ്റങ്ങൾ അതിനുമുമ്പ് നിലനിന്നിരുന്ന സ്ഥലരാശിയെ തകിടം മറിയ്ക്കുന്നു. കാലവും സ്ഥലവും പരസ്പരപൂരകമായി വർത്തിക്കുന്നു.മനുഷ്യജീവിതം പരിണാമവിധേയമാണ്. സ്ഥലകാലങ്ങളിലൂടെ വ്യാപരിക്കുന്ന മനുഷ്യജീവിതമാണ് സാഹിത്യത്തിന്റെ വിഷയം. മനുഷ്യജീവിതത്തിലെ പരിണാമങ്ങളും അന്തർസംഘർഷങ്ങളും നടക്കുന്നതു തന്നെ സ്ഥലകാലത്തിനു വിധേയമാണ്. സ്ഥലകാല ബോധം ബോധപൂർവ്വമാകണമെന്നില്ലെങ്കിൽപോലും ജീവിതത്തിന്റെ മുന്നോട്ടുള്ള ഗതിയിൽ കാലത്തെയും സ്ഥലത്തെയും അവഗണിക്കാൻ മനുഷ്യന് സാധിക്കുകയില്ല. വസ്തു സ്ഥലകാലത്തിന്റെ ഘടനയിൽ മാറ്റം വരുത്തുന്നു എന്ന ഐൻസ്റ്റീനിന്റെ സിദ്ധാന്തം പരിണാമവിധേയമായ മനുഷ്യജീവിതത്തെ സംബന്ധിച്ചും പ്രസക്തമാണ്. അതുകൊണ്ടുതന്നെ ഭൗതികമായ സ്ഥലകാലങ്ങൾ സാഹിത്യത്തിന്റെ അടിസ്ഥാനമാണ്.

### 1.6.4 സ്ഥലകാലങ്ങൾ സാഹിത്യത്തിൽ

നമ്മുടെ തത്ത്വചിന്തകളിലും ശാസ്ത്രത്തിലും മാത്രമല്ല കലയിലും സ്ഥലകാലങ്ങൾക്ക് പ്രാധാന്യം ഉണ്ട്. “ഒരു സ്ഥലത്തിലും കാലത്തിലും കഴിയുന്ന മനുഷ്യന് മനസ്സുകൊണ്ടും ശരീരം കൊണ്ടും എത്തിപ്പെടാൻ കഴിയുന്ന പ്രപഞ്ചജീവിതത്തെ ഉൾക്കൊള്ളുന്നതാണ് സാഹിത്യത്തിന്റെ വിഷയം. ജീവിതത്തിന്റെ എല്ലാതലങ്ങളും സ്ഥലകാലങ്ങളുടെ സ്വാധീനത്തിനു വിധേയമാണ്.”[34] അതായത് സാഹിത്യം ജീവിതത്തിന്റെ സമസ്ത മേഖലകളെയും ആവിഷ്കരിക്കുന്ന ഒന്നാണ്. നോവലും ചെറുകഥയും സ്ഥലകാലങ്ങളെ ഒഴിവാക്കി രചിക്കാൻ സാധ്യമല്ല. കഥയിൽ അവതരിപ്പിക്കുന്ന സ്ഥലകാലങ്ങളുടെ പ്രത്യേകതയെക്കുറിച്ച് കെ.എം. തരകൻ ഇപ്രകാരം അഭിപ്രായപ്പെടുന്നു. “സ്ഥലത്ത്

ഒരു സമൂഹമുണ്ടാവും. മനുഷ്യൻ മറ്റു മനുഷ്യന്മാരുമായാണല്ലോ ഇടപെടുക. കർമ്മമണ്ഡലത്തിലല്ലെങ്കിൽ ചിന്താമണ്ഡലത്തിലോ മറ്റു മനുഷ്യർ ഉണ്ടാവാതെ വയ്യ. മനുഷ്യർ ഭാഗികമോ പൂർണ്ണമോ ആയ സമൂഹം സൃഷ്ടിക്കുന്നു. അന്യോന്യം ബന്ധപ്പെടുന്ന മനുഷ്യരുണ്ടെങ്കിൽ സമൂഹമാകും. സ്ഥലം കഥയുടെ ശരീരമാണെങ്കിൽ കാലം കഥയുടെ ആത്മാവാണ്. കാലത്തിനു രണ്ടു മുഖങ്ങളുണ്ട്. കഥയിലെ മനുഷ്യർ ജീവിച്ച കാലഘട്ടം. ഇത് സ്ഥലത്തോട് ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് സ്ഥലത്തിന്റെ മറ്റൊരു മാനമെന്നതുപോലെ ഇത് ഒരുമുഖം കഥാഗതിക്കാവശ്യമായ കാലമാണ് മറ്റേ മുഖം ഒരു പ്രത്യേക കാലഘട്ടത്തിൽ ഒരു പ്രത്യേകസ്ഥലത്ത് ജീവിച്ച മനുഷ്യന്റെ അഥവാ മനുഷ്യരുടെ ജീവിതം–അതാണ് കഥ"[35]

മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തിന്റെ പഴക്കം നിശ്ചയിക്കാൻ കഴിയില്ല. വ്യത്യസ്തമായ സ്ഥലകാലാനുഭവങ്ങളാണ് ഓരോ ജനതയിലും കാണുന്നത്. പ്രകൃതി മനുഷ്യന്റെ സംസ്കൃതിയുടെ ഭാഗമാകുമ്പോൾ സ്ഥലകാലങ്ങളെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾ രൂപപ്പെടുന്നു. സ്ഥലകാലങ്ങൾ മനുഷ്യരെ സ്വാധീനിക്കുന്നുണ്ട്. എഴുത്തുകാരിൽ അത് അനുഭവങ്ങളുടെ, ദർശനങ്ങളുടെ ഒരു പുതിയ ലോകം തുറക്കാനിടയാക്കുന്നു.

ആഖ്യാനത്തിൽ സ്ഥലകാലങ്ങൾ യാഥാർത്ഥ്യമാകണമെന്നില്ല. അത് യുക്തി നിരപേക്ഷവുമല്ല. എഴുത്തുകാരൻ നിർമ്മിക്കുന്ന ഭാവനാത്മകമായ സ്ഥലപരിസരവും യഥാർത്ഥസ്ഥലവും തികച്ചും വ്യത്യസ്തമാകാം. എന്നാൽ കൃതികളിലെ മനുഷ്യജീവിതം ഒരു സ്ഥലകാലപരിസരം സൃഷ്ടിക്കുന്നു. അത് ഓർമ്മകളിലൂടെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്ന രീതിയുമുണ്ട്. ആഖ്യാനത്തിന്റെ വഴികൾ ഓരോ എഴുത്തുകാരനിലും വ്യത്യസ്തവുമാണ്. നോവലിലെ സ്ഥലകാലങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ കെ.എം. തരകൻ സ്ഥലകാലങ്ങൾ നോവലിനെ സ്വാധീനിക്കുന്നതെങ്ങനെയെന്നും സൂചിപ്പിക്കുന്നുണ്ട്. "ഡ്രാമാറ്റിക് നോവലിൽ പ്ലോട്ടിനും ക്യാരക്ടറിനും തുല്യ സ്ഥാനം ലഭിക്കുന്നു. സ്ഥലവിസ്തൃതിയും കാലവിസ്തൃതിയും അതിനാവശ്യമാണ് താനും. ഏത്

ക്രിയക്കും കാലദൈർഘ്യം ആവശ്യമാണല്ലോ. ഒന്നും സംഭവിക്കാത്ത ലോകത്തിൽ കാലം തന്നെ ഇല്ലെന്ന് തോന്നിയെന്ന് വരാം. എന്നാൽ എന്തെങ്കിലും സംഭവിക്കണമെങ്കിൽ കാലദൈർഘ്യം (Duration) ആവശ്യമാണ്. സംഭവം ആരംഭിക്കുന്നു. വികസിക്കുന്നു. പൂർണ്ണതയിലെത്തുന്നു. സംഭവത്തിന്റെ ഉദയവികാസ പരിണാമങ്ങൾക്ക് കാലം അനിവാര്യമാണ്. കണ്ണടയ്ക്കണമെങ്കിൽ, അടച്ചു തുറക്കണമെങ്കിൽ കാലം ആവശ്യമാണ്. നോവലിലെ ക്രിയ കാലം ആവശ്യപ്പെടുന്നു. അൽപമായോ അധികമായോ കാലത്തെ ഉൾക്കൊള്ളാതെ നോവൽ രചിക്കാനാവില്ല. "[36]

### 1.6.4.1 സ്ഥലകാലങ്ങൾ പഴന്തമിഴ് പാട്ടുകളിൽ

മലയാളസാഹിത്യത്തിന്റെ തായ് വേരുകൾ അന്വേഷിക്കുമ്പോൾ എത്തിച്ചേരുന്നത് പഴന്തമിഴ് പാട്ടുകളിലാണ്. ഏത് രാജ്യത്തിനും വാമൊഴിയായി നിലനിന്നു പോന്ന വിശ്വാസങ്ങളും കഥകളും പാട്ടുകളും ഉണ്ടായിരിക്കും. കാലാന്തരത്തിൽ വാമൊഴിയായി നിലനിന്നുപോന്ന ഇത്തരം വാമൊഴി സാഹിത്യം സമാഹരിക്കപ്പെടുകയും അവ അക്കാലഘട്ടത്തിന്റെ സാംസ്കാരികമായ ഈടുവെയ്പ്പുകളായി മാറുകയും ചെയ്യുന്നു. കേരളവും തമിഴ്നാടും ഒന്നായി കിടന്നിരുന്ന ഭൂഭാഗമാണ് പ്രാചീനതമിഴകം എന്നറിയപ്പെട്ടിരുന്നത്. അവിടെ രൂപം കൊണ്ട പഴന്തമിഴ് പാട്ടുകളിൽ സ്ഥലകാലങ്ങൾക്ക് പ്രമുഖമായ സ്ഥാനം നൽകിയിരുന്നു. സ്ഥലകാലങ്ങൾ കൃത്യമായി അടയാളപ്പെടുത്തിയ ഈ കൃതികളിൽ ഭൂമിശാസ്ത്രപരമായി മാത്രമല്ല മനുഷ്യവികാരങ്ങളുമായി ബന്ധപ്പെട്ട സ്ഥലകാല വ്യതിയാനങ്ങളും ഈ പാട്ടുകളിൽ കടന്നുവരുന്നു.

പ്രാചീന തമിഴകത്തിന്റെ വാമൊഴി വഴക്കങ്ങളായ പഴന്തമിഴ് പാട്ടുകൾ സംഘസാഹിത്യം എന്നറിയപ്പെടുന്നു. ഇവയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള തിണകൾ ഭൂമിശാസ്ത്രാധിഷ്ഠിതമായ സാമൂഹികജീവിതത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഒരു ദേശത്തിന്റെ സംസ്കാരവും, അവിടുത്തെ ജീവിതവും അവിടത്തെ പ്രകൃതിയുമായും കാലവുമായും ബന്ധപ്പെട്ടു നിൽക്കുന്ന മനുഷ്യരുടെ കൂട്ടായ്മയിൽ നിന്ന് രൂപം കൊണ്ടതാണ്. ഇവയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള

തിണകൾ ഭൂമിശാസ്ത്രാധിഷ്ഠിതമായ സാമൂഹികജീവിതത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

"കാവ്യത്തിൽ ആവിഷ്കരിക്കപ്പെടുന്ന അനുഭവങ്ങൾക്കും സംഭവങ്ങൾക്കും ആധാരവും പശ്ചാത്തലവുമായ പ്രകൃതി രംഗങ്ങളുടെ അടിസ്ഥാനത്തിലാണ് അകത്തിണകളും പുറത്തിണകളും ഏഴ് വീതം വിഭജിച്ചിട്ടുള്ളത്. ഓരോ തിണയ്ക്കും പ്രത്യേകം പ്രസക്തമാകുന്ന കാലാവസ്ഥകളും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കാലസൂചനയിൽ വർഷ വിഭാഗങ്ങളായ ഋതുക്കളും ദിവസ വിഭാഗങ്ങളായ യാമങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഒരു ചെടിയുടെയോ മരത്തിന്റെയോ വേരാണ് ഓരോ തിണയെയും സൂചിപ്പിക്കാനുള്ള ചുരുക്കെഴുത്തായി സ്വീകരിച്ചിട്ടുള്ളത്. സ്ഥലകാലാവസ്ഥകളുടെ ഒരു സംയുക്തമാണ് ഓരോ തിണയും. തൊൽക്കാപ്പിയരുടെ കാലത്തെ തെക്കേ ഇന്ത്യൻ ഭൂപ്രകൃതി ആധാരമാക്കിയാണ് ഏഴ് തിണകളും ഏഴ് പുറത്തിണകളും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്."[37]

ഓരോ തിണയിലും മുതൽ, കരു, ഉരി എന്നിങ്ങനെ മൂന്ന് വസ്തുതകളുണ്ട്. മുതൽ പൊരുൾ സ്ഥലകാലങ്ങളെ സൂചിപ്പിക്കുന്നു. ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇതിൽ വർണ്ണിക്കുന്നു. മനുഷ്യൻ, ദൈവം, കൃഷി, പക്ഷി, മൃഗം, മരം, പൂവ്, തൊഴിൽ, രാഗം എന്നിവയൊക്കെ കരുപ്പൊരുൾ എന്നതിൽ ഉൾപ്പെടുന്നു. ഓരോ തിണയ്ക്കുമുള്ള വൈകാരികഭാവങ്ങളെയാണ് ഉരിപ്പൊരുളിൽ കാണുന്നത്. സംഘംകൃതികളെ അകം,പുറം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. വൈകാരികനിമിഷങ്ങളും മനുഷ്യജീവിതവും കാലദേശങ്ങളുമെല്ലാം പ്രകൃതിയോട് ഇണങ്ങിയ രീതിയിലാണ് സംഘകൃതികളിൽ ആവിഷ്കരിക്കപ്പെട്ടിരിയ്ക്കുന്നത്.

നൂറ്റാണ്ടുകൾക്കു മുമ്പു രചിക്കപ്പെട്ട പഴന്തമിഴ്പ്പാട്ടുകളിൽ ഭൂപ്രകൃതിയെക്കുറിച്ചു മാത്രമല്ല ഋതുക്കളെക്കുറിച്ചുള്ള വർണ്ണനകളിലൂടെ കാലത്തെക്കുറിച്ചുമുള്ള സൂചനകൾ ലഭിക്കുന്നു. ഭൂപ്രകൃതി മനുഷ്യരുടെ സ്വഭാവത്തെ രൂപപ്പെടുത്തുന്നതിന് ഉദാഹരണമാണ് വരണ്ട പ്രദേശമായ പാലൈ നിലത്തി

ലുള്ളവർ  എയ്നറും മറവരും കള്ളരുമാണെന്ന സൂചനയിലൂടെ ലഭിക്കുന്ന ത്.ഇതിൽ നിന്നെല്ലാം സ്ഥലവും കാലവും ചേർന്നിണങ്ങിയ ജീവിത പരിസരം സുവ്യക്തമാണ്.  കാലത്തെക്കുറിച്ചുള്ള മനുഷ്യന്റെ തിരിച്ചറിവുകളിൽ അനുഭ വസ്ഥലവും കൂട്ടിയിണക്കപ്പെട്ടിരുന്നു.

"രണ്ടായിരത്തോളം കൊല്ലങ്ങൾക്ക് മുമ്പ് തെക്കൻദ്രാവിഡ ജനതയുടെ ലാവണ്യാവബോധത്തിന്റെ ആവിഷ്കാരം നാം കാണുന്നത് പൊരുളതികാരം എന്ന ഗ്രന്ഥത്തിലാണ്.  മുതൽപ്പൊരുളായി പൊരുളതികാരം ചൂണ്ടിക്കാണി ക്കുന്നത് സ്ഥലകാലങ്ങളെയാണ്  സ്ഥലകാലബന്ധമില്ലാതെ സാഹിത്യകൃതി ഉണ്ടാവുകയില്ല. അതിനാൽ സ്ഥലകാലങ്ങളോടു ബന്ധിപ്പിക്കാതെ സാഹിത്യ രചനയും സാഹിത്യാസ്വാദനവും പൂർണ്ണമാവില്ല. തിണകളിൽ കരുപ്പൊരുളും ഉരിപ്പൊരുളും രൂപം കൊള്ളുന്നത് തന്നെ മുതൽപ്പൊരുളിനെ അടിസ്ഥാനമാ ക്കിയാണ്. സ്ഥലകാലങ്ങളെക്കൊണ്ട് തൊൽക്കാപ്പിയർ വിവക്ഷിക്കുന്നത് ഏറ്റവും വിശാലമായ അർത്ഥത്തിലുള്ള ഭൂമിശാസ്ത്രവസ്തുതകളാണ്.  കാല മെന്നാൽ കർത്താവിന്റെയും കൃതിയുടെയും കഥാപാത്രങ്ങളുടെയും വായന ക്കാരന്റെയും ബാഹ്യവും ആന്തരവുമായ അനുഭവങ്ങൾക്കു സാക്ഷ്യം വഹി ക്കുന്ന കാലഘട്ടം കൂടിയാണ്.  ദേശസങ്കല്പത്തിൽ പുതിയ പ്രകൃതി മേഖല കൾ വരുന്നതുപോലെ അവയ്ക്കനുസരിച്ചുള്ള കാലവും പൊരുളുകളും മാറി ക്കൊണ്ടിരിക്കുന്നു."[38]

സംഘസാഹിത്യത്തിനുശേഷമുള്ള കാലഘട്ടത്തിലെ സാഹിത്യപരിശ്ര മങ്ങളെക്കുറിച്ച് വ്യക്തമായ തെളിവുകളില്ല.  പിന്നീട് ലഭിക്കുന്ന കൃതി രാമചരി തമാണ്.  രാമായണത്തിലെ യുദ്ധകാണ്ഡമാണ്  രാമചരിതത്തിൽ ആവിഷ്ക രിച്ചിട്ടുള്ളത്.  കണ്ണശ്ശരാമായണം, തിരുനിഴൽമാല, രാമകഥാപ്പാട്ട് എന്നിവയിൽ കണ്ണശ്ശരാമയണത്തിലും രാമകഥാപ്പാട്ടിലും രാമകഥ തന്നെ പ്രമേയം.  തിരുനി ഴൽ മാലയിൽ കൃഷ്ണന് മലയർ നൽകുന്ന ബലിയാണ് മുഖ്യപ്രമേയമായി കടന്നുവന്നത്. ദേശകാലങ്ങളെക്കാൾ അക്കാലത്തെ സാഹിത്യസരണിയെ പിന്തു ടരുന്നവയായിരുന്നു  മേൽ പറഞ്ഞ രചനകളെല്ലാം.  ദേശവും അങ്ങാടികളും

ഭൂപ്രദേശങ്ങളും രാജാക്കന്മാരുടെ കാലവും സാധാരണജനങ്ങളുടെ ജീവിതാവസ്ഥയിൽ സംഭവിച്ച മാറ്റങ്ങളും കടന്നുവരുന്നത് മണിപ്രവാളകൃതികളിലൂടെയാണ്. ഒരു കാലഘട്ടത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയാവസ്ഥകളിലേക്ക് വെളിച്ചം വീശുന്നതോടൊപ്പം ആ കാലഘട്ടത്തിലെ ദേശസംസ്കൃതിയെയും ഈ കൃതികളിൽ നിന്ന് കണ്ടെടുക്കാൻ കഴിയും.

### 1.6.4.2 സ്ഥലകാലങ്ങൾ പ്രാചീന മണിപ്രവാളകൃതികളിൽ

ദേശം എന്നത് സാമാന്യമായി സ്ഥലം കൂടിയാണ്. എഴുത്തുകാർ കൃതിയിൽ സൃഷ്ടിക്കുന്ന സ്ഥലപരിസരം കാലവുമായി കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു. നമ്മുടെ സ്ഥലവർണ്ണനകൾക്ക് അച്ചിചരിതങ്ങളോളം പഴക്കമുണ്ട്. അതിലെ ദേശവർണ്ണനകൾക്ക് ദേശക്കാലത്തെ അടയാളപ്പെടുത്താൻ കഴിഞ്ഞതിനാൽ തന്നെ ചരിത്രപ്രധാന്യം ഉണ്ട്. ഉണ്ണിയച്ചി ചരിത്രത്തിലെ നായിക തന്നെ സ്ഥലനാമത്തോട് കൂടിയാണ് അറിയപ്പെട്ടിരുന്നത്. തിരുമരുതൂർ ഉണ്ണിയച്ചി. തിരുമരുതൂർ ദേശത്തെക്കുറിച്ച് അത് രാക്ഷസന്മാരുടെ ലങ്കയെക്കാളും നാഗന്മാരുടെ ഭോവതത്തെക്കാൾ മികച്ചതാണെന്ന് പറയുന്നു. ഇപ്രകാരം സ്ഥലസൂചനകൾ മാത്രമല്ല അക്കാലത്തുണ്ടായിരുന്ന ബുദ്ധമതത്തെക്കുറിച്ചും വർണ്ണവ്യവസ്ഥയെക്കുറിച്ചുമുള്ള സൂചനകൾകൊണ്ട് കാലഘട്ടത്തെയും അടയാളപ്പെടുത്തിയിരിക്കുന്നു.

ഉണ്ണിച്ചിരുതേവി ചരിതത്തിലെ കഥ നടക്കുന്ന സ്ഥലം ചോകിരം ഗ്രാമമാണ്. പണ്ഡിതന്മാരും സ്ത്രീലമ്പടന്മാരുമടങ്ങിയ സദ് ഗ്രാമങ്ങളിൽ ഏറ്റവും ശ്രേഷ്ഠതയുള്ള ബ്രാഹ്മണന്മാർ താമസിച്ചിരുന്ന സ്ഥലമാണ് ചോകീരം ഗ്രാമം. ആഴ്വാഞ്ചേരി തമ്പ്രാക്കൾ, ചൊവ്വരം, പന്നിയൂർ ഗ്രാമങ്ങൾ, ചൊവ്വര-പന്നിയൂർ ഗ്രാമക്കാരുടെ ശത്രുത, ആര്യാഗമനത്തിന് ശേഷം ബ്രാഹ്മണർക്ക് ലഭിച്ച ഉന്നതപദവി, കായികവും കാർഷികവുമായ തൊഴിലുകൾ ചെയ്യുന്നവർക്ക് അനാദരവ് എന്നിവ സ്ഥലകാലപരമായ മാറ്റങ്ങളായി ഉണ്ണിച്ചിരുതേവി ചരിതത്തിൽ നിന്ന് കണ്ടെടുക്കാൻ സാധിക്കും. ഉണ്ണിച്ചിരുതേവി ചരിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട മാറ്റം ആ കാലഘട്ടത്തിൽ "സ്ഥലനാമങ്ങളായോ, ഗോത്രസമൂ

ഹങ്ങളായോ ഉപയോഗിച്ചിരുന്ന കൂട്ടങ്ങളുടെ പ്രതിനിധാന നാമങ്ങൾക്ക് ജാതി മാനം നൽകുകയും സ്ഥലങ്ങളുടെ പിടിച്ചെടുക്കലും ഗോത്രസമൂഹങ്ങൾക്കു മേൽ നടത്തിയ കടന്നാക്രമണങ്ങളിൽ നിന്നും രൂപം കൊണ്ട ഭിന്നിപ്പുകൾ സ്ഥല/സമൂഹ ശത്രുതാ നാമങ്ങളായി വിളിക്കപ്പെടുകയും അത് പിന്നീട് ജാതി നാമങ്ങളാക്കി സംക്രമപ്പെടുത്തിക്കൊണ്ട് ശത്രുതയെ കൂടുതൽ മ്ലേച്ഛപ്പെടുത്തു കയും തരംതാഴ്ത്തുകയുമായിരുന്നു."[39] പ്രാദേശികമായ, ജാതിപരമായ ഭിന്നി പ്പുകൾ ആരംഭിക്കുന്നതിന്റെ, കാലപരമായി സംഭവിച്ച ഈ മാറ്റത്തെ ഉണ്ണിച്ചി രുതേവി ചരിതത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

14-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു എന്നു കരുതുന്ന ഉണ്ണിയാടി ചരിതത്തിൽ വലിയങ്ങാടി, തലപ്പിള്ളി, ഓടനാട് എന്നീ സ്ഥലങ്ങളെ കുറിച്ച് പ്രതിപാദി യ്ക്കുന്നുണ്ട്. പഴയകാലത്തെ കച്ചവടസമൂഹങ്ങളും ശൂദ്രരരിലെ ചില വിഭാഗ ങ്ങളും പുലയരും പറയരും കുറവരുമെല്ലാം കച്ചവടവൃത്തിയിലേക്ക് തിരിഞ്ഞ തായി വലിയങ്ങാടി വർണ്ണനയിൽ ബോധ്യമാവുന്നു. വാരം, പാട്ടം, കാണം മുതലായ നികുതികളെക്കുറിച്ച് സൂചനയുണ്ട്. മാത്രമല്ല ബ്രാഹ്മണരാൽ നയി ക്കപ്പെട്ട രാജാക്കന്മാരുടെ അധികാരവ്യവസ്ഥ ഉണ്ണിയാടി ചരിതത്തിൽ കാണാൻ സാധിക്കും.

ഉണ്ണുനീലിസന്ദേശത്തിൽ നായികയുടെ അരികിലെത്താൻ ആദിത്യ വർമ്മയ്ക്ക് മാർഗ്ഗം പറഞ്ഞുകൊടുക്കുമ്പോഴാണ് കേരളത്തിലെ പ്രസിദ്ധമായ പല സ്ഥലങ്ങളെക്കുറിച്ച് പരാമർശിക്കപ്പെട്ടിരിക്കുന്നത്. "അടിമത്തൊഴിൽക്കൂ ട്ടങ്ങൾ, പ്രാദേശികപോരുകളും യുദ്ധങ്ങളും, ജാതിവ്യവസ്ഥയുടെ കാർക്കശ്യ രൂപത്തിലുള്ള ഉറഞ്ഞുപോയ സമൂഹം, ജഡങ്ങളെയും മനുഷ്യരക്തത്തെയും ആഗ്രഹിക്കുന്ന ത്രൈവർണ്ണിക ദൈവങ്ങൾ തുടങ്ങി നിരവധി അതി സങ്കീർണ്ണ തകളുടെ കാലഘട്ടത്തെ അടയാളപ്പെടുത്തുന്നുണ്ട് ഈ കൃതി."[40]

### 1.6.4.3 സ്ഥലകാലങ്ങൾ പ്രാചീന കവിത്രയത്തിൽ

കൃഷ്ണഗാഥയിലെത്തുമ്പോൾ ഇതിഹാസത്തിലെ സ്ഥലകാലങ്ങൾ പുനഃസൃഷ്ടിക്കപ്പെടുന്നു. കൃഷ്ണഗാഥയിലെ അമ്പാടിയും വൃന്ദാവനവും മധു

രയും ദ്വാരകയുമെല്ലാം സ്ഥലപരിസരങ്ങളായി കൃഷ്ണഗാഥയിലും കടന്നുവരുന്നു. "സ്ഥലത്തിന്റെ സാധാരണതയ്ക്കുമേൽ അധികാരത്തിൻെറ നിയന്ത്രണം വരുന്നതും അങ്ങനെ ചരിത്രവത്കരിക്കപ്പെടുന്നതുമാണ ്കൃഷ്ണഗാഥയിലെ സ്ഥലികതയുടെ ഭൗതികദിശ."[41] കൃഷ്ണഗാഥയിൽ തനിമയാർന്ന ഭാഷയും ലാളിത്യവും കവിതാഗതിയിൽ കൊണ്ടുവന്നു എന്നതാണ് ചെറുശ്ശേരി കവിതയുടെ കാലപരമായ സവിശേഷത.

എഴുത്തച്ഛന്റെ കവിതകളിലെ സ്ഥലപരികല്പന ആത്മീയതയുടെതാണ്. ഭൗതികമായ സ്ഥലസങ്കൽപത്തെക്കാൾ അതിഭൗതികമായ സ്ഥലത്തെ വിഭാവനം ചെയ്തുകൊണ്ട് ആധ്യാത്മികമായ ഭാവനലോകത്തെയാണ് എഴുത്തച്ഛൻ സൃഷ്ടിച്ചത്. "എഴുത്തച്ഛന്റെ കവിതയിലൂടെ കടന്നുപോകുമ്പോൾ വിഷയത്തിന്റെ പ്രത്യേകതകൊണ്ട് ഒരുപുരാവൃത്തകാലത്തിലൂടെയാണ് ജീവിക്കുന്ന കാലമായതിനാൽ ഇത്തരം കാലത്തെ മെൽവിലി അവിശ്വസനീയമായ ഭൂതകാലം (**Time immemorial**) എന്നാണു വിശേഷിപ്പിക്കുന്നത്. ഈ അവിശ്വാസനീയമായ ഭൂതകാലത്തിലെ സംഭവങ്ങളെ കൺമുമ്പിലെന്ന പോലെ കാണിച്ചു തന്നുകൊണ്ട് അതിനെ നിത്യമായ വർത്തമാനകാലമായും അതോടൊപ്പം കവിതയിലുടനീളം ഭഗവദ്കഥകളുടെ ദിവ്യാനന്ദം സൃഷ്ടിച്ചുകൊണ്ട് അതിനെ നിത്യമായ ഭൂതകാലമായും മാറ്റുകയാണ് എഴുത്തച്ഛൻ ചെയ്തത്."[42]

നമ്പ്യാരിലെത്തുമ്പോൾ സ്ഥലകാലങ്ങൾ രേഖീയതയിൽ നിന്ന് മാറി സഞ്ചരിക്കുന്നു. ഇതിഹാസകഥാപാത്രങ്ങളെ കേരളീയമായ സ്ഥലപരിസരത്തിലേക്ക് കൊണ്ടുവന്നുകൊണ്ട് കവിതയ്ക്ക് സാമൂഹികമായ ഒരു തലം കൈവന്നിരിക്കുന്നു. " ദേവന്മാരെയും പുരാണകഥാപാത്രങ്ങളെയും സമകാലികതയുടെ ഹൃദ്യമായ കളങ്കത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു വരുകവഴി പുരാണകഥകളിലെ കാലത്തെയും സമകാലിക ചരിത്രകാലത്തെയും പരസ്പരം കലർത്തുകയാണ് നമ്പ്യാർ ചെയ്തത്. മനുഷ്യവർഷവും ദേവവർഷവും കൂടിക്കലരുമ്പോൾ ഒരു ദേവവർഷം അനേകം മനുഷ്യവർഷങ്ങൾ ചേർന്നതാണെന്ന കാലഗണന കീഴ്മേൽ മറിയുന്നു. ദേവവർഷവും മനുഷ്യവർഷവും ഒരേ പ്രവാഹ

പാതയിൽ എന്നവണ്ണം ചലിക്കുന്ന അനുഭവം ഉണ്ടാകുന്നു. വായനയുടെ സർഗ്ഗാത്മകമായ വേള കലരുമ്പോൾ ഒരു ദേവവർഷം അനേകം മനുഷ്യവർഷങ്ങൾ ചേർന്നതാണെന്ന കാലഗണന കീഴ്മേൽ മറിയുന്നു. ദേവവർഷവും മനുഷ്യവർഷവും ഒരേ പ്രവാഹപാതയിൽ എന്നവണ്ണം ചലിക്കുന്ന അനുഭവം ഉണ്ടാകുന്നു. വായനയുടെ സർഗ്ഗാത്മകമായ വേളയിൽ രണ്ടിന്റെയും ഏകകാലികമായ നിലനിൽപ്പ് സ്പർശിച്ചറിയുന്ന നല്ല വായനക്കാരൻ ഒരേഘട്ടത്തിൽ രണ്ടു കാലങ്ങളിൽ ജീവിക്കുന്നു. ഈ സങ്കീർണ്ണമായ കാലദർശനം അവതരിപ്പിക്കാനുള്ള ഉപാധിയായിരുന്നു നമ്പ്യാർക്കു പുരാണങ്ങളും സമകാലിക ജീവിതവും"[43] പഞ്ചേന്ദ്രോപഖ്യാനത്തിൽ കാലനില്ലാത്ത കാലത്തെ സൃഷ്ടിച്ചതിലൂടെ നമ്പ്യാരുടെ കാലദർശനമാണ് വ്യക്തമാവുന്നത്. ഇപ്രകാരം കാലത്തിന്റെ ദാർശനികതലം നമ്പ്യാർ കൃതികളിൽ കടന്നുവരുന്നു. സ്ഥലകാലങ്ങളുടെ സമ്മിശ്രമായ ഇഴചേരൽ നമ്പ്യാർകവിതയുടെ സവിശേഷതയാണ്. നോവലിന്റെയും ചെറുകഥയുടെയും പൂർവ്വ കാലഘട്ടത്തിലെ സാഹിത്യ രൂപം എന്ന നിലയിലാണ് കവിതാസംസ്കാരത്തെ അടയാളപ്പെടുത്തിയത്

### 1.6.4.4 സ്ഥലകാലങ്ങൾ - നോവലിലും ചെറുകഥയിലും

നവോത്ഥാനകാലത്തിന്റെ സാഹിത്യരൂപങ്ങളായ ചെറുകഥയിലും നോവലിലും സ്ഥലകാലങ്ങൾ സവിശേഷമായൊരു ആഖ്യാനഘടകമായി പ്രത്യക്ഷപ്പെടുന്നു. ആദ്യകഥയായി പരിഗണിക്കപ്പെടുന്ന വാസനാവികൃതി മുതലുള്ള കൃതികളിൽ കാലം,ദേശം എന്നിവ അടയാളപ്പെടുത്തിയിട്ടുണ്ട്. കഥാഗതിയിൽ സ്ഥലകാലങ്ങൾ ഭാവനാസൃഷ്ടിയായി ഇടപ്പെടലുകൾ നടത്തുന്നു. കഥ പറയാൻ ഒരു ദേശവും കാലവും എന്നതിനപ്പുറം സ്ഥലകാലങ്ങൾക്ക് പ്രത്യേകമായ സ്ഥാനമൊന്നും കാണാൻ സാധിക്കുകയില്ല. നോവലിലാകട്ടെ ആദ്യകാലനോവലുകളിൽ സ്ഥലകാലങ്ങൾ പശ്ചാത്തല വിവരണങ്ങൾ മാത്രമായി ഒതുങ്ങുന്നു.

പുരോഗമനകാലഘട്ടത്തിൽ കഥയിൽ ദേശമെന്ന സ്ഥലപരിസരത്തിന് പ്രാധാന്യം കടന്നുവരുന്നു. പ്രത്യയശാസ്ത്രത്തിന് അനുകൂലമായ

ദേശകാലങ്ങൾ സൃഷ്ടിക്കപ്പെട്ട കാലഘട്ടമായിരുന്നു. എന്നാൽ ആ കാലഘട്ടത്തിലെ കൃതികൾ പഠനവിധേയമാകുമ്പോൾ അവയ്ക്ക് സവി ശേഷമായ സാമൂഹികവും ചരിത്രപരവുമായ പ്രാധാന്യമുണ്ട്. നോവലിലും കഥയിലും പ്രതിബദ്ധതയ്ക്ക് പ്രധാന്യം കൊടുത്തുകൊണ്ടുള്ള ആഖ്യാന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

ആധുനികതയിൽ എത്തുമ്പോൾ വ്യക്തിയുടെ സ്വത്വപരമായ അനുഭ വങ്ങളും നഗര സംസ്കാരവും എൽപിച്ച സംഘർഷം കഥയിലെ പ്രമേയതല ത്തെ രൂപപ്പെടുത്തി. അസ്തിത്വചിന്ത, മൃത്യുബോധം, പലായനാത്മകത എന്നിവ ദാർശനിക പരിസരത്തെ സൃഷ്ടിച്ചു. ഉത്തരാധുനികതയിൽ എത്തുമ്പോൾ വിഷയവൈചിത്ര്യം കഥകളിൽ കാണാൻ സാധിയ്ക്കും. കാലപരമായി ആധുനികർക്കൊപ്പം നിൽക്കുന്ന എൻ.എസ്. മാധവന്റെ കഥകളിൽ കാലദേശങ്ങളെ അടയാളപ്പെടുത്തുന്നതിൽ തികച്ചും വേറിട്ട് നിൽക്കുന്ന പരികൽപനങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. സമകാലികരിൽ നിന്ന് വ്യത്യസ്തമായി കഥയെ ചരിത്രത്തോടും രാഷ്ട്രീയത്തോടും ബന്ധിപ്പിച്ചു കൊണ്ട് കാലദേശങ്ങളിൽ നിലനിൽക്കുന്ന ധാരണകളെ സുക്ഷ്മമായി അവലോകനം ചെയ്തുകൊണ്ട് കഥയുടെ ഊടും പാവുമാക്കി മാറ്റുകയാണ് എൻ.എസ്. മാധവൻ തന്റെ കഥകളിലൂടെ ചെയ്യുന്നത്.

ചെറുകഥകളിലെന്നപ്പോലെ സ്ഥലകാലത്തിന്റെ നൈരന്തര്യവും വിച്ഛേദനവും നോവൽ ചരിത്രത്തിലും കഴിയും. ഇന്ദുലേഖയിൽ നിന്ന് ഖസാക്കിലേക്കെത്തുമ്പോൾ സ്ഥലകാലങ്ങളെ ഉപയോഗപ്പെടുത്തുന്നതിൽ സ്ഥലകാലങ്ങളുടെ ഒരു ദിശാവ്യതിയാനം നടക്കുന്നുണ്ട്. തസ്റാക്ക് ഖസാക്ക് ആകുന്നതിലൂടെ അത് വ്യക്തമാണ്. പൂർണ്ണമായും സ്ഥലകാലബദ്ധമായ കൃതിയാണ് ഖസാക്ക്. ആനന്ദിന്റെ ഗോവർധനന്റെ യാത്രകൾ, കോവിലന്റെ *തട്ടകം*, എൻ. പ്രഭാകരന്റെ *തിയ്യൂർ രേഖകൾ* വരെയുള്ള നോവലുകളിൽ സ്ഥല കാലങ്ങൾ ആഖ്യാന തന്ത്രമായി കടന്നുവരുന്നുണ്ട്. സ്ഥലകാലങ്ങളുടെ ആവി ഷ്കാരത്തിലൂടെ രാഷ്ട്രീയ സാമൂഹിക ചരിത്രപരമായ നിരവധി പ്രശ്നങ്ങളെ

മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ എഴുത്തുകാർ ശ്രമിക്കുന്നു. എൻ.എസ്. മാധവന്റെ ഏക നോവലായ ലന്തൻബത്തേരിയിലെ ലുത്തിനിയകൾ മുന്നോട്ടുവെയ്ക്കുന്ന സ്ഥലകാല സമസ്യകൾ തികച്ചും വ്യത്യസ്തമാണ്. സ്ഥലകാലങ്ങൾ ചരിത്രപരം, ദാർശനികം, സാമൂഹികം, രാഷ്ട്രീയം എന്നീ വ്യത്യസ്ത മാനങ്ങളിലൂടെ ആവിഷ്കരിച്ചിരിയ്ക്കുന്നു. സ്ഥലകാല സാന്നിധ്യത്തിന്റെ ഉള്ളടരുകളാൽ അർത്ഥഭേദങ്ങളും വ്യതിയാനങ്ങളും സ്ഥാപിക്കപ്പെടുന്ന അപൂർവ്വതയാണ് നോവലിൽ ദർശിക്കാൻ കഴിയുന്നത്

## 1.7 സ്ഥലകാലങ്ങളും ആഖ്യാനശാസ്ത്രവും

കഥയുടെ ചരിത്രം ആഖ്യാനത്തിലൂടെയാണ് തുടങ്ങുന്നത്. മനുഷ്യന്റെ ആദിമകാലം പ്രകൃതിയുമായുള്ള സമ്പർക്കത്തിന്റേതാണ്. മനുഷ്യൻ നേരിട്ട വെല്ലുവിളികളെ മറ്റുള്ളവർക്കു മുന്നിൽ അവതരിപ്പിക്കുന്നതു മുതൽ ആഖ്യാനം ആരംഭിക്കുന്നു. മനുഷ്യൻ തന്റെ അനുഭവങ്ങളെയും ഭാവനകളെയും കോർത്തിണക്കി കൊണ്ട് പറയാൻ തുടങ്ങുമ്പോൾ ആഖ്യാനം ഒരു സർഗപ്രക്രിയയായി മാറുന്നു. അത് മനുഷ്യജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്നു. കാലദേശങ്ങൾ, ലിംഗം, വക്താവ് എന്നിവയ്ക്കനുസരിച്ച് ആഖ്യാനത്തിന് വ്യത്യാസമുണ്ടായിരിക്കും.

ആഖ്യാനം കടന്നുവരുന്നത് വാമൊഴി, വരമൊഴി എന്നിവയെ അടിസ്ഥാനമാക്കിയാണ്. ആശയവിനിമയത്തിനുള്ള ഭാഷ എന്ന മാധ്യമത്തെ സവിശേഷമായി സർഗ്ഗാത്മകമായി അവതരിപ്പിക്കുകയാണ് ആഖ്യാനത്തിൽ ചെയ്യുന്നത്. ഒരാശയത്തെ, സംഭവത്തെ എന്തിനെയും ആഖ്യാനം ചെയ്യുമ്പോൾ വക്താവിന്റെ മാനസികവ്യാപാരങ്ങൾക്ക് അതിൽ നിർണ്ണായകസ്ഥാനമുണ്ട്. അതുകൊ് തന്നെ ആഖ്യാനഭാഷ (**Narrative Language**) ആഖ്യാനഭാഷണം (**Narrative Parole**) എന്നിവ പ്രസക്തമാകുന്നു. ആഖ്യാനത്തിന് പ്രാധാന്യമുണ്ടാകുന്നത് അത് സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കപ്പെടുമ്പോൾ മാത്രമാണ്. സാമൂഹികസാഹചര്യങ്ങളാണ് ആഖ്യാനത്തെ സാർത്ഥകമാകുന്നത്.

അതുകൊണ്ടുതന്നെ ആഖ്യാനത്തിന് രണ്ട് തലങ്ങളുണ്ട്. അത് വ്യക്ത്യാധിഷ്ഠിതവും സമൂഹാധിഷ്ഠിതവുമാകുന്നു.

"യഥാർത്ഥമോ സാങ്കല്പികമോ ആയ ഭൂതകാലസ്മരണകൾ ഭാഷയിലൂടെ ആവിഷ്കരിക്കുമ്പോൾ അത് ആഖ്യാനമായി മാറുന്നു."[44]

സംസ്കാരത്തിന്റെ വിവിധതലങ്ങൾ ആഖ്യാനവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. മനുഷ്യന്റെ സഹജാവബോധത്തിന്റെ നിദർശനമാണ് ആഖ്യാനം. ഓരോ ആഖ്യാനവും സാമൂഹികാവബോധത്തിൽ നിന്ന് ഉടലെടുക്കുന്നു. അതുകൊണ്ടുതന്നെ ആഖ്യാനത്തിന്റെ മേഖല അതിവിപുലമാണ്. ഇതിഹാസം, ഐതിഹ്യം, മിത്ത്,നാടകം, കഥ, നോവൽ, ചിത്രകല, സിനിമ, ചരിത്രം, സംഭാഷണം, ഇവയെല്ലാം ആഖ്യാനത്തിന്റെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിരിക്കുന്നു. മനുഷ്യചരിത്രത്തോളം പഴക്കം സങ്കൽപിക്കാവുന്ന ആഖ്യാനത്തിന് ഏതൊരു സമൂഹത്തിന്റെയും കാഴ്ചപ്പാടുകളെ അവതരിപ്പിക്കാനുള്ള ശേഷിയുണ്ട്. അതുകൊണ്ടുതന്നെ സാംസ്കാരികമായ അവസ്ഥഭേദങ്ങളെ അതുൾക്കൊള്ളുന്നു. സംഭവവ്യാഖ്യാനം എന്നതിൽ കവിഞ്ഞ് മനുഷ്യപുരോഗതിയുടെയും ചിന്താമണ്ഡലത്തിന്റെയും വീക്ഷണത്തിൽ വന്ന മാറ്റം ആഖ്യാനത്തെയും സ്വാധീനിച്ചു. കാലദേശങ്ങളും സംസ്കാരപരിണാമങ്ങളും ആഖ്യാനത്തെക്കുറിച്ചുള്ള മുൻധാരണകളെ മാറ്റിയതോടൊപ്പം ആഖ്യാനത്തിന് അന്തർവൈജ്ഞാനികമായ നിരവധി തലങ്ങളുമായി ബന്ധപ്പെടുത്താൻ സാധ്യമാവുമെന്നും തിരിച്ചറിഞ്ഞു.

"കാലികമായി കോർത്തിണക്കപ്പെടുന്ന യഥാർത്ഥമോ കല്പനസൃഷ്ടമോ ആയ സംഭവങ്ങളുടെ പ്രതിനിധാനമാണ് ആഖ്യാനമെന്ന്"[45] ജെറാൾഡ് പ്രിൻസിന്റെ നിർവചനം ഇവിടെ പ്രസക്തമാണ്.

കാലപരിണാമത്തിനനുസരിച്ച് സംഭവങ്ങളുടെ ഗതിവിഗതികളിൽ മാറ്റമുണ്ടാവുക സ്വാഭാവികമാണ്. ആഖ്യാതാവിന്റെ കഥനരീതിയാണ് ആഖ്യാനമായി മാറുന്നത്. ആഖ്യാതാവിന്റെ ഭാവനാത്മകത, ചരിത്രബോധം, പ്രത്യയ

ശാസ്ത്രം,സ്ഥലകാലബോധം, നിരീക്ഷണപാടവം, യുക്തിബോധം, വിശകലന വൈഭവം, സർഗാത്മകത എന്നിവ ആഖ്യാനത്തെ സ്വാധീനിക്കുന്നു. വ്യത്യസ്തമായ ആഖ്യാന മാതൃകകൾ നിലനിൽക്കുന്ന സാംസ്കാരികാന്തരീക്ഷത്തിൽ വെച്ച് ആഖ്യാനപഠനത്തെ നിർണ്ണയിക്കുമ്പോൾ അത് സംസ്കാരപഠനം, ചരിത്രപഠനം, ഭാഷാശാസ്ത്രം, നരവംശശാസ്ത്രം, ഫോക്‌ലോർ തുടങ്ങിയ ഇതര വിജ്ഞാനശാഖകൾ ഉൾകൊള്ളുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കും.

ആഖ്യാനത്തിന് പാശ്ചാത്യചിന്തയിൽ മാത്രമല്ല പ്രാധാന്യമുണ്ടായിരുന്നത്. രാജാക്കന്മാരുടെയും പ്രസിദ്ധരായ വ്യക്തികളുടെയും കഥകൾ പറയുന്നതിന് പണ്ട് ആഖ്യാനം എന്ന് പറഞ്ഞിരുന്നു. ആഖ്യാനം പദ്യമായും ആഖ്യായികഗദ്യമായും ആവിഷ്കരിക്കപ്പെടുന്നു. "ആഖ്യായിക എന്ന പദം ഖ്യാ എന്ന ധാതുവിൽ നിന്നുണ്ടായതാണ്. ഖ്യാ എന്നാൽ പറയുക, കഥപറയുക എന്നർത്ഥം"[46]

ഭാരതീയ സാഹിത്യത്തിലെ ഹർഷചരിതം, കാദംബരി എന്നിങ്ങനെ നിരവധി കൃതികൾ വ്യത്യസ്തമായ ആഖ്യാനമാതൃകകളിൽ രചിക്കപ്പെട്ടതാണ്. നിരവധി ആഖ്യാന മാതൃകകൾ ഭാരതത്തിലുണ്ടായിരുന്നു. ഉപകഥ, ബൃഹത്കഥ, ചമ്പു, കാവ്യശാസ്ത്രം, കോശം, സംഹിത, ഖണ്ഡകഥ, സംഘാതം എന്നിങ്ങനെ പല മാതൃകയിലുളളവ. പലതും ലഭ്യമല്ല എന്നത് വാസ്തവമാണ്. സംസ്കൃത സാഹിത്യത്തിലുളളവ പലതും ലഭ്യമാണ് എന്നിരിക്കിലും മറ്റു ആഖ്യാന മാതൃകകൾ കണ്ടെത്തുക അസാധ്യമായിത്തീർന്നിരിക്കുന്നു. ഭാരതീയ ചിന്തയിലെ ആഖ്യാനത്തെക്കുറിച്ചുളള വീക്ഷണങ്ങൾ പലതാണ്.

"ധ്വന്യാലോകം മൂന്നാം ഉദ്യോതത്തിൽ ആനന്ദവർദ്ധനൻ രചനയുടെ നിഗൂഢതത്വങ്ങളും ആഖ്യാനപ്രഭേദങ്ങളും ഔചിത്യം, സംഘടന മുതലായ കാവ്യഗുണ വിശേഷങ്ങളും നാതി വിസ്താരമായി പ്രതിപാദിക്കുന്നുണ്ട്. കൃതിയിലെ വക്താവിനെക്കുറിച്ചു പറയുന്ന കാര്യങ്ങൾ ആഖ്യാതാവുമായി ബന്ധപ്പെടുത്തി പഠിക്കേണ്ടിയിരിക്കുന്നു. പരികഥയിലും ഖണ്ഡകഥയിലും സകല

കഥയിലും പ്രബന്ധത്തിലും രസവ്യഞ്ജനം എങ്ങനെ സാധിക്കണമെന്നു നിഷ്കർഷിക്കുന്ന ഭാഗങ്ങൾ വിശദമാക്കി നോക്കുമ്പോൾ ഇന്നത്തെ ആഖ്യാനശാസ്ത്രത്തിനു പ്രസക്തമാണെന്നു കാണാൻ കഴിയുമെന്ന് അയ്യപ്പപണിക്കർ അഭിപ്രായപ്പെടുന്നു. ”[47]

ആഖ്യാനം കാലാതീതമാണ്. നമ്മുടെ നാടോടിപാരമ്പര്യങ്ങളിൽ ആഖ്യാനം കാണാൻ സാധിക്കും. അടിസ്ഥാന ജനവിഭാഗത്തിന്റെ ജീവിത രീതികളും വിശ്വാസങ്ങളും സാമൂഹികബോധവും നാടോടി കഥകളിലും ഗാനങ്ങളിലും കാണാൻ സാധിക്കും. ആഖ്യാതാവിനാണ് ഇവിടെ പ്രാധാന്യം. ശ്രോതാവ് പലപ്പോഴും അദൃശ്യസാന്നിദ്ധ്യമാണ്. സമൂഹത്തിന്റെ വികാസപരിണാമങ്ങളും സംസ്കാര വിശേഷങ്ങളും ഇത്തരം ആഖ്യാനത്തിൽ കാണാൻ സാധിക്കും. കാലം, സംഭവം, കഥനം എന്നിങ്ങനെ മൂന്ന് തലങ്ങൾ ആഖ്യാനത്തിൽ കടന്നുവരുന്നുണ്ട്. ഇവയുടെ സമ്മേളനമാണ് ആഖ്യാനത്തെ സാധ്യമാക്കിത്തീർക്കുന്നത്.

ആഖ്യാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നാണ് ആഖ്യാതാവ്. “ആഖ്യാനത്തിൽ ആഖ്യാതാവ് നേരിട്ട് പറയുന്നവിധത്തിലോ കഥാപാത്രങ്ങളെക്കൊണ്ട് പറയുന്നവിധത്തിലോ ആഖ്യാനം നിർവഹിക്കാറുണ്ട്. കുറഞ്ഞപക്ഷം ഒരാഖ്യാതാവും ആഖ്യാതവസ്തുവും അതിന്റെ സ്വീകർത്താവും ആഖ്യാന പ്രക്രിയയ്ക്കു കൂടിയേ കഴിയൂ. ആഖ്യാനത്തിന്റെ പാലം ആഖ്യായികയാണെന്ന കാര്യത്തിൽ തർക്കമുണ്ടാവാനിടയില്ല. അത് നോവലാവാം, ചെറുകഥയാവാം, മിനിക്കഥയാവാം, കഥ, ശൃംഖലയാവാം തുടർക്കഥയാവാം. ലഘു, ഹ്രസ്വം, ദീർഘം, സങ്കീർണ്ണം എന്നിങ്ങനെയുള്ള വിഭജനമാവാം. വിഷയമനുസരിച്ച് ചരിത്രപരം, പൗരാണികം, കാല്പനികം, സാമൂഹികം, കുടുംബപരം, ബൗദ്ധികം, മതപരം, കുറ്റാന്വേഷണപരം, ശാസ്ത്രാധിഷ്ഠിതം എന്നിങ്ങനെ മറ്റൊരുതരത്തലും ആഖ്യായികകളെ വിഭജിക്കാം. ഒരാഖ്യാന പ്രക്രിയയിൽ ആറ് എ കാരങ്ങൾ ഉൾപ്പെടുന്നു. എവൻ, എവൾ, എപ്പോൾ, എവിടെ, എന്ത്, എന്തിന്, എങ്ങനെ ഈ ചോദ്യങ്ങൾക്കുള്ള സമാധാനം ആഖ്യാനസന്ദർഭത്തിൽ പ്രസക്തമാവുന്നു.” [48]

20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഘടനാത്മക ഭാഷാശാസ്ത്രത്തിന്റെ ഭാഗമായാണ് ആഖ്യാനശാസ്ത്രം വളർന്നുവന്നത്. " നടന്ന സംഭവങ്ങൾ വിവരിക്കുക എന്നർത്ഥമുള്ള **'Narrave '**എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് **'Narrative'** എന്ന പദത്തിന്റെ വ്യുൽപത്തി. നൈപുണ്യം, അറിവ് എന്നിത്യാദി അർത്ഥം വരുന്ന **'gnarus'**എന്ന ശബ്ദവുമായും ആഖ്യാനത്തിനു ബന്ധമുണ്ട്. വ്യാപകമായ മേഖലയാണ് ആഖ്യാനത്തിന്റേതെന്നാണ് ഇത് സൂചിപ്പിക്കുന്നത്."[49]

ആഖ്യാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മൂന്ന് സംജ്ഞകൾ ഉപയോഗിക്കപ്പെടുന്നുണ്ട്. ആഖ്യാനവിജ്ഞാനം, ആഖ്യാനകല, ആഖ്യാനശാസ്ത്രം എന്നിവയാണ് അവ. കൃതികളിൽ ആവിഷ്കരിക്കപ്പെടുന്ന ആശയങ്ങൾ, സംഭവങ്ങൾ കാലഗണനയുടെ യാഥാർത്ഥ്യത്തെ അതുപോലെതന്നെ പിന്തുടരണമെന്നില്ല. ഭൂതകാലവും ഭാവികാലവും ആഖ്യാനത്തിൽ കടന്നുവരുന്നത് സൂചനകളായോ വ്യംഗ്യമായോ ആകാം. വാമൊഴി കഥാപാരമ്പര്യമാണ് പലപ്പോഴും എഴുത്തുകാർ രചനകളിൽ പിൻതുടരുന്നത്. വായനക്കാരെ കൃതിയിലേക്ക് ആകർഷിക്കുവാനും സംവേദനം സാധ്യമാക്കാനും വാമൊഴി കഥാപാരമ്പര്യത്തിനു കഴിയും. പാരമ്പര്യാർജ്ജിതമായ കഥനപാരമ്പര്യത്തിന്റെ ഈ സിദ്ധിയെ എഴുത്തുകാർ സർഗാത്മകമായി ആവിഷ്കരിക്കുന്നിടത്താണ് എഴുത്തുകാരന്റെ മൗലികത ദൃശ്യമാകുന്നത്.

ആഖ്യാനം കഥനത്തിന്റെ തന്ത്രമാണ്. കഥയെ മൗലികമാക്കുന്നത് ആഖ്യാനത്തിന്റെ വ്യതിരിക്തത കൊണ്ടാണ്. "സംഭവക്രമണികയോട് വാങ്മയ ക്രമണികയെ ഇണക്കിക്കൊണ്ട് ഭൂതകാലാനുഭവത്തെ സംക്ഷേപിക്കാനുള്ള വാമൊഴി കഥാപാരമ്പര്യമാണ് പലപ്പോഴും എഴുത്തുകാർ രചനകളിൽ പിന്തുടുന്നു. മാർഗമാണ് ആഖ്യാനം (Narrative) എന്ന്" **50** വില്യം ലാബോവും "ഒരു നരേറ്റീവ് എന്നാൽ പ്രഷിതനും സ്വീകർത്താവും തമ്മിലുള്ള ആശയവിനിമയമാണ്" [51] എന്ന് സെയ്മോർചാറ്റ്മാനും അഭിപ്രായപ്പെടുന്നു. "ക്രിയകളുടെയും സംഭവങ്ങളുടെയും ഒരു ക്രമീകൃതരൂപമാണ് കഥ. കഥയുടെ കഥനം അഥവാ ആഖ്യാനമാണ് വ്യവഹാരം. ആഖ്യാനം കഥ എന്നർത്ഥത്തിൽ

ഉപയോഗിക്കാറുണ്ടെങ്കിലും അത് ഒരു വ്യവഹാരമാകുന്നത് കഥാകഥനം നടത്തുമ്പോഴാണ് "[52] എന്ന് ജോനാഥൻ കള്ളറും "കഥയുടെ സാന്നിധ്യം ആഖ്യാതാവ് എന്നീ രണ്ടു സവിശേഷതകൾ ആഖ്യാനത്തെ ഇതര സാഹിതീയ സൃഷ്ടികളിൽ നിന്ന് വേർതിരിക്കുന്നു"[53] എന്ന് റോബർട്ട് സ്കോളറും റോബർട്ട് കൊല്ലോഗും അഭിപ്രായപ്പെടുന്നു."താൻ പറയുന്നത് വായനക്കാരെ കൊണ്ട് അംഗീകരിപ്പിക്കാൻ എഴുത്തുകാരൻ സ്വീകരിക്കുന്ന ഫലപ്രദമായ മാർഗ്ഗമാണ് ആഖ്യാനമെന്ന് ഇ.എം.ഫോസ്റ്റർ നിർവചിക്കുന്നു."[54] ഈ നിർവചനങ്ങളിൽ നിന്ന് ആഖ്യാതാവിനും, കഥ പറയുന്ന തന്ത്രങ്ങൾക്കും, കേൾക്കുന്നവനും എല്ലാം പ്രാധാന്യമുള്ള ഒന്നാണ് ആഖ്യാനമെന്ന് സിദ്ധിക്കുന്നു.

കഥ പലവിധത്തിൽ ആഖ്യാനം ചെയ്യാൻ സാധിക്കും. കഥയ്ക്ക് ഒരു ഇതിവൃത്തമുണ്ടായിരിക്കും. സംഭവങ്ങളെ ക്രമീകൃതമായി അവതരിപ്പിക്കുന്നത് വ്യത്യസ്ത രീതികളിൽ പിന്തുടരുന്നു. ക്രമമായി സംഭവങ്ങളെ ഔചിത്യപൂർവ്വം വാങ്മയങ്ങളായി ആവിഷ്കരിക്കുകയാണ് ആഖ്യാനത്തിൽ ചെയ്യുന്നത്. "ക്രിയകളുടെയും സംഭവങ്ങളുടെയും ക്രമണിക (Sequence) യാണു കഥ. കഥയുടെ കഥനം അഥവാ ആഖ്യാനമാണ് വ്യവഹാരം. റഷ്യൻ ഫോർമ ലിസ്റ്റുകളുടെ ഭാഷയിൽ ഇവ ഫാബുല (Fabula) യും സ്ജൂഴറ്റു (Sjuzhet) മാണ് "[55] ഇവയ്ക്ക് ആഖ്യാന ചിന്തകരെല്ലാം വ്യത്യസ്ത പദങ്ങൾ സങ്കൽപ്പനം ചെയ്തിട്ടുണ്ട്.

ആഖ്യാനരീതി ഇന്ത്യയിലെയും പാശ്ചാത്യ രാജ്യത്തെയും തികച്ചും വ്യത്യസ്തമായിരുന്നു. ഗ്രീക്ക് നാടകങ്ങളുടെയും ഭാരതീയനാടകങ്ങളുടെയും ലക്ഷ്യം കഥാർസിസിലൂടെയും സാധാരണീകരണത്തിലൂടെയും സ്ഥാപിക്കാൻ ചിന്തകർക്ക് സാധിച്ചു. ആഖ്യാനത്തിന്റെ സവിശേഷമായ സാധ്യതകളെ തൊട്ടറിഞ്ഞതു കൊണ്ടുതന്നെയാണ് നാടകത്തിന് അരിസ്റ്റോട്ടിൽ ഐക്യ ത്രയങ്ങൾ കൽപ്പിച്ചത്. കാലദേശൈക്യത്തെക്കുറിച്ച് അരിസ്റ്റോട്ടിൽ പ്രസ്താവിച്ചത് ഇപ്രകാരമാണ്. "ട്രാജഡിക്ക് കഴിയുന്നതും സൂര്യന്റെ പ്രദക്ഷി ണത്തിനുവേണ്ടത്ര സമയമേ, അല്പം കൂടുതലോ ആകാം. ഇതിഹാസത്തിലെ

കഥയെ സംബന്ധിച്ചിടത്തോളം കാലത്തിനു പരിധിയില്ല"[56] നാടകത്തിന് സ്ഥലകാലഐക്യം ഔചിത്യപൂർവ്വം ദീക്ഷിക്കുകയാണ് വേണ്ടതെന്ന ചിന്തയാണ് ഇതിലൂടെ വ്യക്തമാകുന്നത്.

നരറ്റോളജി അഥവാ ആഖ്യാനശാസ്ത്രം എന്ന പദം സംഭാവന ചെയ്തത് തോദറോവ് ആണ്. എന്നാൽ റഷ്യയിൽ രൂപം കൊണ്ട ഫോർമലിസ്റ്റു പ്രസ്ഥാനമാണ് ആഖ്യാനത്തിന് പ്രത്യേക ശ്രദ്ധ നൽകിയത്. എന്നാൽ ഇന്നത്തെ ആഖ്യാനശാസ്ത്രം വളന്നുവന്നത് ഘടനവാദത്തിന്റെ ഭൂമികയിൽ നിന്നായിരുന്നു. വ്ലാഡിമർ പ്രോപ്പിന്റെ 'മോർഫോളജി ഓഫ് ഫോക്ടെയിൽസ് 'എന്ന ഗ്രന്ഥം ഘടനവാദത്തിലും ആഖ്യാനശാസ്ത്രത്തിലും ആ വലിയ സ്വാധീനം ചെലുത്തിയ കൃതിയാണ്. 1970 കളിൽ ജെറാൾഡ് ജെനറ്റ്, മിക്കിബാൽ, ജെറാൾഡ് പ്രിൻസ് എന്നിവർ ആഖ്യാനവിജ്ഞാനം എന്ന ശാഖയെ ശക്തമാക്കി.

റഷ്യൻ കഥകളുടെ വിശകലനമാണ് 'മോർഫോളജി ഓഫ് ദി ഫോക്ടെയിത്സ് ' എന്ന കൃതിയിൽ പ്രോപ്പ് നിർവഹിച്ചിരിക്കുന്നത്. ആഖ്യാനമാതൃകയുടെ പൂർവ്വരൂപമാണ് നാടൻകഥകൾ. കഥാപാത്രധർമ്മങ്ങൾ ഇതിവൃത്തിൽ വഹിക്കുന്ന പങ്ക് കണ്ടെത്തുകയാണ് പ്രോപ്പ് ഈ കൃതിയിൽ ചെയ്തിരിക്കുന്നത്. കഥാഘടനയുടെ വ്യത്യസ്തതലങ്ങളെ പഠനവിധേയമാക്കുമ്പോൾ രൂപത്തിന് വലിയ പ്രാധാന്യമുണ്ടെന്ന് വരുന്നു. "കഥയിലെ ഘടകങ്ങൾക്ക് പരസ്പരവും കഥയുടെ ആകെത്തുകയോടും ഉള്ള ബന്ധത്തിന്റെ വിവരണം"[57] എന്നാണ് രൂപവിജ്ഞാനത്തെ കുറിച്ച് പ്രോപ്പ് പറയുന്നത്. മാറ്റമില്ലാതെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ധർമ്മങ്ങൾ (functions) കഥയിലെ സ്ഥിരഘടകമാണെന്ന് പ്രോപ്പ് കണ്ടെത്തുന്നു. സ്ഥിരമായവയുടെയും ചരങ്ങളുടെയും വൈവിധ്യമാർന്ന സംയോജനങ്ങൾ രൂപവൈവിധ്യം നല്കുന്നു. ഇവ ഏകരൂപതയും ആവർത്തന സ്വഭാവമുള്ളവയുമാണ്. സ്ഥിരമായ ഘടകങ്ങളെയാണ് പ്രോപ്പ് തന്റെ പഠനത്തിൽ ഉപയുക്തമാക്കുന്നത്. കഥയിൽ മുപ്പത്തൊന്ന് പാത്രധർമ്മങ്ങളെ പ്രോപ്പ് കണ്ടെത്തി വിവരിക്കുന്നുണ്ട്. ജെറാൾഡ് ജെനറ്റ് ആഖ്യാന വിജ്ഞാനീയത്തിൽ

(Narration) ആഖ്യാനം, ക്രമം, (Recit) യഥാർത്ഥസംഭവം (historic) എന്നിവയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഇതിൽ ആഖ്യാനത്തെ സംബന്ധിക്കുന്ന അഞ്ച് ഘടകങ്ങളിൽ sequence, duration, frequency, mood, voice എന്നിവയിൽ ആഖ്യാനത്തിന് കാലവുമായുള്ള ബന്ധത്തെ വിശദീകരിച്ചിട്ടുണ്ട്.

### 1.8 ആഖ്യാനശാസ്ത്രവും കാലവും

മനുഷ്യചിന്തയുടെ കേന്ദ്ര സ്ഥാനത്തു നിൽക്കുന്ന ചിന്തകളിലൊന്നാണ് കാലത്തെക്കുറിച്ചുള്ളത്. പ്രാദേശികമായ ചുറ്റുപാടുകളിൽ നിന്നാണ് നാം കാലത്തെ അറിയുന്നത്. വർത്തമാനകാലത്തെ അറിയുന്ന മനുഷ്യമനസ്സ് ഭൂതകാലത്തിലേക്കും ഭാവികാലത്തിലേക്കും യഥേഷ്ടം സഞ്ചരിച്ചു. കാലത്തിന്റെ അനുഭവം ജീവിതത്തിലധിഷ്ഠിതമാണ്. മനുഷ്യൻ തന്റെ അനുഭവങ്ങളെ വാക്കുകളിലൂടെ വിവരിക്കാൻ തുടങ്ങുന്നതു മുതൽ ആഖ്യാനം ആരംഭിക്കുന്നു. വാമൊഴി വഴക്കങ്ങളിലും നാടോടി സാഹിത്യത്തിലും ആഖ്യാനത്തിന്റെ സർഗാത്മകമായ അവതരണമാണ് കാണാൻ സാധിക്കുന്നത്. സ്ഥലകാല ബന്ധമായി നീങ്ങിക്കൊണ്ടിരിക്കുന്ന ജീവിതവുമായി ആഖ്യാനത്തിന് ബന്ധമുണ്ട്. തന്റെ ആഖ്യാനങ്ങളിൽ സ്ഥലകാലഐക്യം വരുത്താൻ ആഖ്യാതാവ് ശ്രമിക്കുന്നു. ഔചിത്യമില്ലാത്ത ആഖ്യാനം വസ്തുനിഷ്ഠമല്ല.

ആഖ്യാന ശാസ്ത്രത്തിൽ കാലത്തിന് കഥയുമായി അഭേദ്യമായ ബന്ധമുണ്ട്. കഥാകാലം പലപ്പോഴും രേഖീയമാവാം. എന്നാൽ പാഠവുമായി അതിനെ ബന്ധപ്പെടുത്തുന്നുമ്പോൾ അത് ക്ഷണികമായി മാറുന്നു. പാഠത്തിലെ ഭാഷാഘടകങ്ങളുടെ സ്ഥലപരമായ സ്വഭാവത്തിൽ നിന്നാണ് കാലത്തെ മനസ്സിലാക്കുന്നത്.

പാഠകാലവും (Text time) കഥാകാലവും (Story time)തമ്മിലുള്ള ബന്ധത്തെ ജെറാർഡ് ജെനറ്റ് പഠനവിധേയമാക്കുന്നു. ക്രമം (Orders), കാലയളവ് (duration), ആവൃത്തി(frequency) എന്നിങ്ങനെ മൂന്നു വിഭാഗത്തിലാണ് കാലത്തെ പഠനവിധേയമാക്കുന്നത്.

### 1.8.1 ക്രമം (Order)

കഥയിലെ സംഭവങ്ങളുടെ പൂർവ്വാപരാക്രമവും പാഠത്തിലെ അവയുടെ രേഖീയ ക്രമീകരണവും തമ്മിലുള്ള ബന്ധമാണ് ക്രമം. Anachronies എന്ന പദമാണ് കാലത്തെക്കുറിച്ചുള്ള ഘടകങ്ങളെ സൂചിപ്പിക്കുന്നതിന് ജെനറ്റ് ഉപയോഗിച്ചിട്ടുള്ളത്. പശ്ചാത്ക്ഷേപണം, പുരഃക്ഷേപണം (Analipsis, Pro-lepsis) എന്നിവയിലൂടെയാണ് ആഖ്യാനത്തിൽ കാലം കടന്നുവരുന്നത്. മുമ്പ് നടന്നിട്ടുള്ള സംഭവങ്ങളുടെ വിവരണം പശ്ചാത്ക്ഷേപണവും. കഥയിലെ പിൽക്കാല സംഭവങ്ങളുടെ കഥനം പുരഃക്ഷേപണവുമാണ്.

### 1.8.2 കാലയളവ് (Duration)

കഥയിലെ ഓരോ സംഭവവും നടക്കാനെടുക്കുന്ന കാലയളവിനെയാണ് ഇത് സൂചിപ്പിക്കുന്നത്. കഥാകാലം രേഖീയമാണ്. എന്നാൽ പാഠകാലത്തെ പഠനവിധേയമാക്കാൻ സാധിക്കുകയില്ല. വാചികമായ ആഖ്യായികയുടെ കാലയളവ് നിർണ്ണയിക്കാൻ സാധിക്കും. എന്നാൽ ലിഖിതമായവയെ അത്തരത്തിൽ അളക്കാൻ സാധിക്കുകയില്ല. വായനരീതിക്കനുസരിച്ച് കാലയളവ് മാറികൊണ്ടിരിക്കും.

### 1.8.3 ആവൃത്തി (frequency)

കഥയിൽ ഒരു സംഭവം എത്ര തവണ ആവർത്തിക്കപ്പെട്ടു എന്നതാണ് ആവൃത്തി എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. കഥയിൽ ഒരു സംഭവം ആവർത്തിക്കുമ്പോൾ പലതും കൂട്ടിച്ചേർക്കപ്പെടുകയോ ഒഴിവാക്കുകയോ ചെയ്യുന്നുണ്ട്. ഇത് വ്യത്യസ്ത പാഠങ്ങൾ നിർമ്മിയ്ക്കുന്നു.

"സംഭവങ്ങൾക്ക് കാലികമായ ഒരു ക്രമം ഉണ്ട്. കഥയിലെ സംഭവങ്ങൾക്ക് കാലബന്ധം ഉണ്ടാവണം. പ്രസ്തുത സംഭവങ്ങൾക്ക് സ്ഥലപരമായ ഒരധിഷ്ഠാനം ഉണ്ടായിരിക്കും. സംഭവങ്ങൾക്കുള്ള കഥാപാത്രബന്ധവും കഥയുടെ അനിവാര്യതകളിലൊന്നാണ്"[58] ആഖ്യാനത്തെകുറിച്ച് മിക്കിബാൽ അഭിപ്രായപ്പെടുന്നതിപ്രകാരമാണ്.

## 1.9 ആഖ്യാന വ്യവഹാരം

കഥ ജനിക്കുന്നത് സ്ഥലകാലങ്ങളിലാണ്. സ്ഥലകാലങ്ങളിലൂടെ വളർന്നു പന്തലിക്കുന്ന കഥാഖ്യാനം സ്ഥലകാലങ്ങളുടെ വിസ്തൃതിയെക്കുറിച്ചും, ആഴങ്ങളെക്കുറിച്ചും അറിവുനേടുന്നതോടെ കഥാഖ്യാനത്തിനു സവിശേഷമായ അർത്ഥതലങ്ങൾ കൈവരുന്നു. ആഖ്യാനത്തിന്റെ ഈ സവിശേഷത വാക്കുകൾക്ക് അനന്തമായ അർത്ഥവിതാനത്തെ ചൂണ്ടികാണിക്കുകയും ചെയ്യുന്നു. അപ്രകാരം ആഖ്യാനം മൗലികതയുടെ ലക്ഷണമായി മാറുന്നു. "ആഖ്യാനം അതിന്റെ നിയോജകഘടകങ്ങളുടെ സമ്യക്കായ സംയോഗഫലമാണെന്ന് ആഖ്യാനവ്യവഹാരം എന്ന ഗ്രന്ഥത്തിൽ റൊളാങ് ബാർത്ത് പറയുന്നു. പ്രായോഗിക വിമർശകനും ഭാഷാശാസ്ത്രകാരനുമായ ബാർത്ത് നാടകങ്ങളുടെ പരസ്പരബന്ധം പഠിക്കാൻ ഭാഷാപരവും വ്യാകരണപരവുമായ ദൃഷ്ടാന്തങ്ങളാണ് മാതൃകയാക്കുന്നത്. എല്ലാവിധ ആഖ്യാന രീതിക്കും സ്വന്തമായ ആന്തരികനിയമങ്ങളും യുക്തിയുമുണ്ടെന്ന് ബാർത്ത് നിരീക്ഷിക്കുന്നു. ഇവയെ കണ്ടെത്തുക എന്നതാണ് നിരൂപക ധർമ്മം. അതുകൊണ്ട് നിരൂപണത്തിന് കൃത്യമായ വിശേഷണ ധർമ്മമുണ്ട്. കഥ, ശൈലി, കഥാപാത്രങ്ങൾ, സ്ഥലകാലനിർദ്ദേശം, പൂരണാനുപൂരണങ്ങൾ എന്നിങ്ങനെ ആഖ്യാനങ്ങളുടെ ഘടനാപരമായ അപഗ്രഥനത്തിന് വിധേയമാക്കേണ്ട ഘടകങ്ങൾ നിരവധിയാണെന്ന് ബാർത്ത് നിരീക്ഷിച്ചു. "[59]

ആഖ്യാനത്തെക്കുറിച്ചുള്ള പഠനത്തിൽ സ്ഥലകാലങ്ങൾക്ക് റൊളാങ് ബാർത്ത് പ്രാധാന്യം നൽകുന്നുണ്ട്. ആഖ്യാനത്തിന്റെ ഘടനാപരമയ അപഗ്രഥനത്തിന് നിരൂപകരെ സഹായിക്കുന്ന ഘടകങ്ങളിലൊന്നാണ് സ്ഥലകാലങ്ങൾ. സാഹിത്യം ജീവിതാനുഭവങ്ങളുടെ ഭാവനാത്മകമായ സൃഷ്ടിയാവുമ്പോൾ കഥയ്ക്കും എഴുത്തുകാരനും സ്ഥലകാലങ്ങളെ അവഗണിക്കുക സാധ്യമല്ല. മനുഷ്യജീവിതത്തിലെ സംഭവങ്ങളാണ് പലപ്പോഴും സാഹിത്യകൃതിയിൽ ആവിഷ്കരിക്കപ്പെടുന്നത്. റൊളാങ് ബർത്ത് ആഖ്യാനത്തെ വിവരിക്കുന്നത് ഇപ്രകാരമാണ്. "ക്രമീകൃതവും പരസ്പരബന്ധിയുമായ സംഭവ

ങ്ങളുടെ കൂട്ടം എന്നാണ്"[60]. ഇപ്രകാരം സംഭവങ്ങൾക്ക് ആഖ്യാനത്തിൽ പ്രമുഖമായ സ്ഥാനമുണ്ട്. സംഭവങ്ങൾ നടക്കുന്നതിന് ഒരു പശ്ചാത്തലം അഥവാ ഒരു സ്ഥലം ആവശ്യമാണ് ഏത്കാലത്ത് നടന്നു എന്നതും അതുപോലെ പ്രധാനമാണ്. ഇപ്രകാരം സംഭവങ്ങളുടെ ആഖ്യാനത്തിന്റെ വിശ്വാസ്യത നിലനിൽക്കുന്നത് സ്ഥലകാലങ്ങളെ അടിസ്ഥാനമാക്കിയാണ്.

**S/Z** എന്ന കൃതിയിലാണ് ബാർത്ത് തന്റെ ആഖ്യാനത്തെ സംബന്ധിച്ച അഞ്ചുഘടകങ്ങളിലൂടെ സരസീൻ എന്ന കഥയെ പഠനവിധേയമാക്കിയത്. "ഹെർമന്യൂട്ട് കോഡ്, സീമിക് കോഡ്, സിംബോളിക് കോഡ്, പ്രോയ്റെറ്റിക് കോഡ്, കൾചറൽ കോഡ് എന്നിവയാണ് ബാർത്ത് അവതരിപ്പിക്കുന്ന കോഡുകൾ. കഥയുടെ എല്ലാ ലെക്സിയകളും ഇവയിൽ ഏതെങ്കിലും ഒന്നിലെങ്കിലും സ്ഥാനമുള്ളതായിരിക്കും. ഇത്തരത്തിൽ ചിഹ്നശാസ്ത്രം ഉപയോഗിച്ച് സൂചനാത്മകവും, വ്യഞ്ജനാത്മകവുമായ അർത്ഥതലങ്ങളിലേക്ക് പോകാൻ ബാർത്തിന് സാധിച്ചു."[61]

കഥയുടെ അനുക്രമമായ വികാസം ആഖ്യാന തന്ത്രങ്ങളിലൊന്നാണ്. എന്നാൽ ആഖ്യാനത്തിൽ ഭൂതം,ഭാവി, വർത്തമാനങ്ങൾ രേഖീയമായ രീതി പിന്തുടരണമെന്ന് നിർബന്ധമില്ല. എഴുത്തുകാരന്റെ മനോധർമ്മം പോലെ അവ കൃതികളിൽ വിന്യസിക്കപ്പെടുന്നു. കഥയുടെ സംവേദനാത്മകതയ്ക്കാണ് പ്രധാന്യം നൽകുന്നത്. ആഖ്യാനതന്ത്രങ്ങളുടെ വ്യത്യസ്തതകളിലൂടെയാണ് എഴുത്തുകാർ ആഖ്യാനത്തെ സാധ്യമാക്കുന്നത്.

"ആഖ്യാനകാലിക **(Tense)** ആഖ്യാനപരിപ്രേക്ഷ്യം **(Aspect)** ആഖ്യാനബഹുലകം **(Mode)** എന്നിങ്ങനെ ആഖ്യാനകലയ്ക്ക് മൂന്നുതലങ്ങളുണ്ടെന്ന് തൊദറോവ് പറയുന്നു. കഥയുടെ കാലവും കഥാവ്യവഹാരത്തിന്റെ കാലവും തമ്മിലുള്ള ബന്ധപഠനമാണ് ആഖ്യാന കാലികത. ആഖ്യാതാവിന്റെ കഥയിലെ സംഭവങ്ങളോടുള്ള പരിപ്രേക്ഷ്യത്തെ ആഖ്യാന പരിപ്രേക്ഷ്യമെന്നു പറയാം. ആഖ്യാനത്തിൽ ആഖ്യാതാവ് ഏതുതരത്തിലുള്ള ബഹുലകമാണ്

ഉപയോഗിക്കുന്നത് എന്നതാണ് ആഖ്യാനബഹുലകം. എന്നാൽ ജെറാൾഡ് ജെന്നറ്റ് ഈ വിഭാഗങ്ങൾക്ക് ആഖ്യാനകാലം, ആഖ്യാനപരിപ്രേക്ഷ്യം, ആഖ്യാനശബ്ദം എന്നീ സംജ്ഞകളാണ് നൽകുന്നത്. ആഖ്യാനത്തിന്റെ അടിസ്ഥാനഘടകങ്ങളായ വീക്ഷണസ്ഥാനം ( **Point of view**) സ്ഥലം (**Space**) കാലം (**Time**) പാത്രസൃഷ്ടി (**Characterisation**) ഭാഷ ( **Language**) എന്നിവയും വിശദമായ വിശകലനത്തിന് അദ്ദേഹം വിധേയമാക്കുന്നുണ്ട്. ആഖ്യാനരൂപത്തിന്റെ അടിസ്ഥാന വീക്ഷണസ്ഥാനത്തെ നിർണ്ണയിക്കുന്നത് ക്രിയകളും സംഭാഷണങ്ങളുമാണ്. കഥയുടെ അന്തർഭാവത്തെ വ്യഞ്ജിപ്പിക്കുന്ന തരത്തിൽ ഒരു വീക്ഷണകോണിൽ നിന്നുകൊണ്ടാണ് ആഖ്യാതാവ് ആഖ്യാനവൃത്തിയിലേർപ്പെടുക ഈ വീക്ഷണസ്ഥാനം നിർണ്ണയിക്കുന്നതിൽ സ്ഥലകാലങ്ങൾക്കും വ്യക്തമായ പങ്കുണ്ട്. ”[62]

എഫ്.കെ. സ്റ്റാൻസന്റെ *നരേറ്റീവ് സിറ്റ്യുവേഷൻസ് ഇൻ ദ നോവൽ,* സെയ്മോർ ചാറ്റ്മാന്റെ *സ്റ്റോറി ആന്റ് ഡിസ്കോഴ്സ്*, വെയ്.സി. ബൂത്തിന്റെ *ദ റെറ്റിക് ഓഫ് ഫിക്ഷൻ,* മോണിക്ക ഫ്ളുഡൻ നിക്കിന്റെ *റ്റുവേർഡ്സ് എ നാച്ച്യുറൽ നരറ്റോളജി,* ഗിബ്സന്റെ റ്റുവേഡ്സ് എ പോസ്റ്റ് മോഡേൺ തിയറി ഓഫ് നരേറ്റീവ് എന്നീ കൃതികൾ ആഖ്യാനവുമായ ബന്ധപ്പെട്ട നിരവധി ചിന്താഗതികളെ അവതരിപ്പിയ്ക്കുന്നുണ്ട്.

ആഖ്യാനത്തിന്റെ പ്രധാനസവിശേഷതകളിലൊന്നാണ് സ്ഥലകാലങ്ങൾ. സ്ഥലത്തിന് ആഖ്യാനത്തിൽ വ്യത്യസ്തതലങ്ങളെ പ്രതിനിധാനം ചെയ്യാൻ കഴിയും. കഥാജനകസ്ഥലം, കഥാജനിതസ്ഥലം, ആഖ്യാനസ്ഥലം എന്നിവയെ അടിസ്ഥാനമാക്കിയാണ് ആഖ്യാനത്തിലെ സ്ഥലസങ്കൽപത്തെ മനസ്സിലാക്കേണ്ടത്. നീളം, വീതി, പൊക്കം എന്നീ മൂന്നു മാനങ്ങൾ സ്ഥലത്തിനുണ്ട്. ആഖ്യാനത്തിൽ ആഖ്യാതാവ് സൃഷ്ടിക്കുന്ന സ്ഥലമാണ് കഥാജനകസ്ഥലം. എന്നാൽ അതു വായിക്കുന്ന, കേൾക്കുന്ന അനുവാചകൻ തന്റെ അനുഭവങ്ങളിലൂടെ ആഖ്യാനസ്ഥലത്തെ രൂപാന്തരപ്പെടുത്തുന്നു. ഇതാണ് കഥാജനിതസ്ഥലം. കഥ ഏതൊക്കെ സംഭവങ്ങളെയാണോ ആവിഷ്കരിക്കുന്നത് അവ നടക്കുന്ന

സ്ഥലമാണ് ആഖ്യാനസ്ഥലം. ഇതുതന്നെയാണ് കഥയിടവും. കൃതിയിൽ സംഭവങ്ങൾ നടക്കുന്നത് പലപ്പോഴും അവ്യക്തമോ, ശൂന്യമോ ആയാൽ പോലും ഇത് സഫലീകരിക്കപ്പെടുന്നത് വായനക്കാരന്റെ വായനയിലൂടെയാണ്.

സ്ഥലകാലസങ്കൽപം സാഹിത്യത്തിലും കലകളിലും വ്യത്യസ്തമായ രീതിയിലാണ് ആവിഷ്കരിക്കപ്പെടുന്നത്. ആഖ്യാനത്തിന്റെ മൗലിക ലക്ഷണങ്ങളെ ഡി.രാധാകൃഷ്ണൻ ആഖ്യാന വിജ്ഞാനം എന്ന ഗ്രന്ഥത്തിൽ നാലായി വിഭജിച്ചിരിക്കുന്നു. 1) ആഖ്യാനത, 2) മാധ്യമത (3) കാലികത (4) സ്ഥലികത.

ഇംഗ്ലീഷിലെ നരേറ്റിവിറ്റിയെന്ന പദത്തിനു തുല്യമായാണ് ഈ ഗ്രന്ഥത്തിൽ ആഖ്യാനത എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. "ആഖ്യാനത്തെ ആഖ്യാനമാക്കുന്ന രൂപപരവും സാന്ദർഭികവുമായ സവിശേഷതകളെ ലക്ഷണങ്ങളെയാണ് ആഖ്യാനത എന്ന് പറയുന്നത്."[63]

ആഖ്യാനത്തെ അനുവാചകർ മനസ്സിലാക്കുന്നത് വ്യത്യസ്തമായ കാഴ്ചപ്പാടിലൂടെയാണ്. ആഖ്യാനത്തിൽ അന്തർലീനമായ കഥാസന്ദർഭത്തിന്റെ വിഭിന്നതലങ്ങളെ അനാവരണം ചെയ്യാൻ അനുവാചകനെ പ്രാപ്തമാക്കുന്നത് ആഖ്യാനതയുടെ സവിശേഷതകൊണ്ടാണ്. അതിനാൽ ആഖ്യാനത്തിൽ നിന്ന് സാംസ്കാരിക സാമൂഹികതലങ്ങളെ മനസ്സിലാക്കാൻ ആഖ്യാനത സഹായിക്കുന്നു.

ആഖ്യാനം മനുഷ്യജീവിതവുമായി ബന്ധം പുലർത്തുന്ന ഒന്നാണ്. വ്യത്യസ്തസംസ്കാരങ്ങൾ നിലനിൽക്കുന്ന ദേശത്ത് മിത്തുകൾ, ഐതീഹ്യങ്ങൾ, നാടോടികഥകൾ എന്നിവയെല്ലാം വ്യത്യസ്ത ആഖ്യാനമാതൃകകളാണ്. വാക്കുകളിലൂടെ വസ്തുതകളെ വിവരിക്കുകയാണ് ആഖ്യാനത്തിൽ ചെയ്യുന്നത്. ആഖ്യാനത്തിൽ ബോധപൂർവ്വമായോ അബോധപൂർവ്വമായോ കെട്ടിച്ചമയ്ക്കൽ നടക്കുന്നുണ്ട്. ആഖ്യാനത്തിൽ ഓരോരുത്തർക്കും വ്യത്യസ്തമായ സഞ്ചാരപഥങ്ങളുണ്ടായിരിക്കും. അതിൽ പ്രധാനമാണ് ആഖ്യാനത്തിന് ആദിമദ്ധ്യാന്ത പൊരുത്തമുണ്ടായിരിക്കണം എന്നത്. ആഖ്യാനത്തിന് വക്താവും ശ്രോതാവും

ഉണ്ടാകുമ്പോഴാണ് അത് സംവേദനതലത്തിലേക്കുയരുന്നത്. അതിനാൽ ആഖ്യാനം ഭാഷയിലൂടെയുള്ള ആശയവിനിമയമാണ് സാധ്യമാക്കുന്നത്.

മിറ്റൽ ബാർക്കിറ്റ് **(Mittel barkeit)** എന്ന ജർമ്മൻ പദത്തിന് പകരമായി ഉപയോഗിക്കുന്ന **(Mediacy)** എന്ന പദത്തിന് മലയാളത്തിലുപയോഗിച്ചിരിക്കുന്ന വാക്കാണ് മാധ്യമത. എഫ്.കെ.സ്റ്റാൻസന്റെ 'നരേറ്റീവ് സിറ്റിവേഷൻ ഇൻ ദ നോവൽ 'എന്ന കൃതിയിലാണ് ഈ സങ്കൽപം അവതരിപ്പിച്ചത്.

“ഒരു വിവരമോ സംഭവമോ മറ്റൊരാളെ അറിയിക്കുന്നതിന് ഒരു മധ്യവർത്തിയുടെ ആവശ്യം വേണ്ടി വരുന്നു. അതായത് ഒരു മധ്യവർത്തിയുടെ ശബ്ദത്തിന്റെ സഹായമോ പ്രയോജനമോ തേടേണ്ടി വരുന്നു. ഒരാഖ്യാതാവിന്റെ ശബ്ദം അനിവാര്യമായിത്തീരുന്നു. ഇത്തരത്തിലുള്ള ആഖ്യാതാവിന്റെ ശബ്ദമെന്ന പ്രതിഭാസമാണ് മാധ്യമതാ സങ്കൽപ്പത്തിന്റെ അടിസ്ഥാനം. ആഖ്യാനത്തെയും അനാഖ്യാനത്തെയും തമ്മിൽ മാധ്യമതയാണ് വേർതിരിക്കുന്നത്. ഈ മാധ്യമതയാണ് ആഖ്യാനത്തിന്റെ മൗലികത സൂചിപ്പിക്കുന്നത്”[64]

കഥയുടെ അടിസ്ഥാനമായി വർത്തിക്കുന്നത് പ്രമേയം, ഭാഷ, ആഖ്യാനം എന്നിവയാണ്. ഇപ്രകാരം ആഖ്യാനത്തിന് സാഹിത്യത്തിൽ പ്രമുഖമായ സ്ഥാനമുണ്ട്. കഥയുടെ പ്രമേയം അഥവാ കല്പിത സംഭവങ്ങൾ നടക്കുന്നത് ഒരു പ്രത്യേക കാലഘട്ടത്തിലാണ്. കൃതിയുടെ പശ്ചാത്തലമായി സംഭവങ്ങൾ നടക്കുന്ന കാലത്തിന് കഥാഗതിയിൽ വലിയ പ്രധാന്യമുണ്ട്.

ആഖ്യാനത്തിന്റെ മുഖ്യലക്ഷണങ്ങളിലൊന്നാണ് സ്ഥലികത. കഥയിലെ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തെ കുറിക്കുന്ന പദമാണിത്. നീളം, വീതി, പൊക്കം എന്നിവ ചേർന്നതാണ് സ്ഥലസങ്കൽപം. എന്നാൽ ആഖ്യാനത്തിൽ സംഭവങ്ങൾ നടക്കുന്ന കാലത്തിന് പ്രാധാന്യമുണ്ട്. അതുകൊണ്ടു തന്നെ കാലവും സ്ഥലത്തോട് ചേർക്കുന്നു. ചതുർമാനീയമായ ഒന്നായി സ്ഥലകാലം മാറുന്നു.

**Narrative Space** അഥവാ ആഖ്യാനസ്ഥലം എന്നതുകൊണ്ട് കഥയിൽ ഏതൊക്കെ സംഭവങ്ങൾ നടക്കുന്നുവോ ആ ക്രിയ നടക്കുന്ന സ്ഥലമാണ് ആഖ്യാനസ്ഥലം. ഇങ്ങനെ മനുഷ്യാനുഭവങ്ങളിലൂടെ ബോധ്യമാകുന്ന കാലബോധം പ്രകൃതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മാറ്റം കാലത്തിന്റെ അടിസ്ഥാനമാണ്. സാഹിത്യത്തിൽ കാലം കടന്നു വരുന്നത് രണ്ട് തരത്തിലാണ്. ഒന്ന് കാലത്തിന്റെ കഥകൾ, രണ്ട് കാലസംബന്ധിയായ കഥകൾ എന്നിങ്ങനെയാണ്. ആഖ്യാന പഠനങ്ങളുടെ വെളിച്ചത്തിൽ കാലത്തിന്റെ കഥകളെ (1) യുക്തിപരമായ കാലം (2) സഹജമായ കാലം (2) ദൈവാനുഗ്രഹത്തിന്റെ കാലം (3)സ്വപ്നസംബന്ധമായ കാലം (4) ആന്ദോളന കാലം (5) നരക കാലം (6) അതീന്ദ്രീയ കാലവും പ്രായോഗികകാലവും (7) നശ്വരകാലവും അനശ്വരകാലവും എന്നിങ്ങനെ ആഖ്യാനവിജ്ഞാനം എന്ന ഗ്രന്ഥത്തിൽ ഡി.രാധാകൃഷ്ണൻ കാലത്തെ വിഭജിച്ചിരിക്കുന്നു.

കാലം അനുഭവസിദ്ധമാണ്. ആഖ്യാനത്തിൽ അനുഭവങ്ങളുടെ സംഭവങ്ങളുടെ ക്രമാനുഗതമായ ഒഴുക്ക് സാധ്യമാക്കുന്നത് സ്ഥലകാലങ്ങളിലൂടെയാണ്. കഥയിലും നോവലിലുമെല്ലാം സ്ഥലകാലങ്ങൾ കടന്നുവരിക സ്വാഭാവികമാണ്. സംഭവങ്ങളെ ശൂന്യതയിൽ നിർത്താൻ സാധിക്കുകയില്ല അവ നിലനിൽക്കുന്നത് സ്ഥലകാലങ്ങളുടെ പാരസ്പര്യത്തിലാണ്. 'കാലികത' എന്ന പദം മുന്നോട്ടുവെയ്ക്കുന്നത് കാലസങ്കൽപത്തെയാണ്. സംഭവങ്ങൾ നടക്കുന്നതിന് ഒരു പശ്ചാത്തലം അഥവാ ഒരു സ്ഥലം ആവശ്യമാണ്. അതിനെ കഥയിടം എന്നു വിളിക്കാവുന്നതാണ്. ഏത് കാലത്ത് നടന്നു എന്നതും അതുപോലെ പ്രധാനമാണ്. ഇപ്രകാരം സംഭവങ്ങളുടെ ആഖ്യാനത്തിന്റെ വിശ്വാസ്യത നിലനിൽക്കുന്നത് സ്ഥലകാലങ്ങളെ അടിസ്ഥാനമാക്കിയാണ്.

ആഖ്യാനശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം സ്ഥലകാലങ്ങൾ ആഖ്യാനത്തിന്റെ ആധാരശിലയാണ്. ആഖ്യാനത്തിൽ സ്ഥലകാലങ്ങൾക്ക് നിർണ്ണായകമായ സ്വാധീനം ചെലുത്താൻ സാധിക്കും. എഴുത്തുകാരൻ തന്റെ ആശയങ്ങളെ വാക്കുകളിലൂടെ ആവിഷ്കരിക്കുമ്പോൾ സ്ഥലകാലങ്ങൾ കഥയുടെ ഗതിയെ മുന്നോട്ടു നയിക്കുന്നു. ദേശം എഴുത്തുകാരന്റെ മുഖ്യചാലകശക്തി

യായി മാറിയ അവസ്ഥയിൽ കാലത്തെ അവഗണിക്കുക അസാധ്യമാണ്. ആത്മഭാവങ്ങളെയും ആശയങ്ങളെയും കോർത്തിണക്കുന്ന സാഹിത്യകൃതിക ളിൽ രചനാതന്ത്രത്തിന്റെ ഭാഗമെന്ന നിലയിൽ സ്ഥലകാലങ്ങൾ കടന്നുവരുന്നു.

എഴുത്തുകാർ തനിക്ക് പരിചിതമായ പ്രദേശങ്ങളുടെ രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക ചലനങ്ങളെക്കുറിച്ച് ബോധവനായിരിക്കും. അവ എഴുത്തുകാരന്റെ രചനകളെ സാർത്ഥമാക്കുന്ന ഘടകങ്ങൾ കൂടിയാണ്. അവിടത്തെ സ്ഥലകാലങ്ങൾ ആ രചനകളിൽ പ്രതിഫലിക്കുകയും ചെയ്യും. ഇത് എഴുത്തിനെ സ്വാധീനിക്കുന്ന നിർണ്ണായകഘടകമായി മാറുന്നു. ആഖ്യാനത്തെക്കുറിച്ചുളള സമഗ്രവും സൂക്ഷ്മവുമായ പഠനത്തിൽ സ്ഥലകാലങ്ങളെ അവഗണിക്കാൻ കഴിയാത്ത ഘടകങ്ങളായി നിലകൊളളുന്നു. സ്ഥലകാലങ്ങൾ പരസ്പരം സ്വാധീനിക്കുകയും ആഖ്യാനത്തെ നിയന്ത്രി ക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ അവ പരസ്പരപൂരകമാണ്.

### 1.10 ആഖ്യാനരീതികൾ

ആഖ്യാനത്തിനായി പല രീതികളും എഴുത്തുകാർ സ്വീകരിക്കാറുണ്ട്. അതിലൊന്നാണ് ഉത്തമപുരുഷാഖ്യാനം. കഥപറയുന്ന ആളിന് ഈ സമ്പ്രദാ യത്തിൽ വലിയ പ്രാധാന്യമുണ്ട്. ഉത്തമപുരുഷാഖ്യാതാവ് കഥയിലെ പ്രധാന കഥാപാത്രമായിട്ടായിരിക്കും പ്രത്യക്ഷപ്പെടുന്നത്. സർവജ്ഞനായ ആഖ്യാതാവ് നടത്തുന്ന ആഖ്യാനവും കൃതികളിൽ കാണാം. ഇപ്രകാരം രണ്ടുതരത്തിൽ ആഖ്യാനം നിർവഹിക്കപ്പെടുന്നു. ആന്തരിക സ്വാഗതാഖ്യാനം (Interior Monolougue), ആന്തരിക പ്രത്യക്ഷചിന്തകൾ (Direct Thought), സ്വതന്ത്രപ രോക്ഷ വ്യവഹാരം (Free Indirect Disourse) എന്നിങ്ങനെ പല രീതികൾ ഇവയിലുപയോഗപ്പെടുത്താറുണ്ട്.

ഗ്രന്ഥകാരാഖ്യാനമാണ് മറ്റൊരുരീതി. ആഖ്യാതാവ് മാറി നിന്നുകൊണ്ട് വായനക്കാരോട് കഥ പറയുന്ന രീതിയാണിത്. കഥാപാത്രത്തിന്റെയും സംഭവ ങ്ങളുടെയും ആധികാരികമായ അവസ്ഥഭേദങ്ങളെ നിർണയിക്കുന്നത് ആഖ്യാ

നമാണ്. സർവജ്ഞനായ ആഖ്യാതാവാണ് ഗ്രന്ഥകാരാഖ്യാനത്തിൽ കടന്നു വരുന്നത്.മറ്റൊരുരീതി സൂചിതാഖ്യാനമാണ്. ആഖ്യാതാവ് കഥാപാത്രങ്ങളിലൂടെ ചിന്തയിലൂടെയും പ്രതികരണങ്ങളിലൂടെയുമാണ് പ്രത്യക്ഷപ്പെടുന്നത്. കഥയെ നയിക്കുന്നത് കഥാപാത്രങ്ങളാണ്. അവർ തന്നെയാണ് കഥയുടെ കേന്ദ്രമായി വർത്തിക്കുന്നത്. ആഖ്യാതാവ് ഇവിടെ പ്രത്യക്ഷനാവുന്നില്ല. കഥാപാത്രങ്ങളിലൂടെയാണ് ആഖ്യാതാവ് പ്രത്യക്ഷപ്പെടുന്നത്.

ഭൂതാഖ്യാനം എഴുത്തുകാർ ആഖ്യാനത്തിന് സ്വീകരിക്കുന്ന മറ്റൊരു രീതിയാണ്. ഭൂതകാലത്തെ ആവിഷ്കരിക്കുന്ന രീതിയാണിത്. ഭൂതകാലം ചരിത്രകാലം തന്നെയാവാം. അവയെ വർത്തമാനവുമായി കൂട്ടിയിണക്കികൊണ്ടാണ് എഴുത്തുകാർ പുതിയ പാഠനിർമ്മിതികൾ സാധ്യമാക്കുന്നത്. ഇവിടെ സ്ഥലകാലങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. സംഭവങ്ങളിൽ നിന്ന് മാറി നിന്ന് നോക്കി കാണാനും കഥാപാത്രങ്ങളിലൂടെ കഥപറയാനും ഓർമ്മകളിലൂടെ ആഖ്യാനം നടത്താനും എല്ലാം സാധ്യമാക്കുന്ന കഥനസമ്പ്രദായമാണ് ഭൂതാഖ്യാനം.

ആഖ്യാനം പ്രപഞ്ചത്തിലെ സമസ്തഭാവങ്ങളെയും ഉൾക്കൊള്ളുന്നു. സാമൂഹിക ക്രമത്തിലേക്കുള്ള മാറ്റം പോലെ ആഖ്യാനരീതികളിലും വിഷയത്തിലും ദേശകാല വ്യത്യാസങ്ങൾ ഉടലെടുക്കുന്നു. ഇപ്രകാരമുള്ള ആഖ്യാനങ്ങളാണ് സംസ്കാരികമുദ്രകളായി അവശേഷിപ്പിച്ചത്. ആഖ്യാനമുൾക്കൊള്ളുന്നത് മനുഷ്യന്റെ വികാരവിചാരങ്ങളെയാണ്. അവയുടെ പ്രത്യക്ഷീകരണം കഥകളെയും കഥനരീതികളെയും രൂപപ്പെടുത്തുന്നു. ഓരോ ആഖ്യാനത്തിലും ആവർത്തനങ്ങൾ കടന്നുവരാം. അത് സംഭവങ്ങളോ വാക്യങ്ങളോ ആകാം. അതിൽ സവിശേഷമായ അർത്ഥതലങ്ങളെ ഉൾകൊള്ളിക്കാനുള്ള കഥാകാരന്റെ തന്ത്രമാണ് ആവർത്തനത്തിലൂടെ സാധ്യമാകുന്നത്. സ്ഥലികവും കാലവികവുമായ അംശങ്ങളെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നു. കഥാജനകവും കഥാജനിതവും രൂപപ്പെടുന്നത് ഭൂതവർത്തമാനങ്ങളെ അടിസ്ഥാനമാക്കികൂടിയാണ്. കഥ ജനിക്കുന്നത് വർത്തമാനത്തിലാണെങ്കിൽ കഥയുടെ അടരുകൾ വേർതിരിയുന്നത് ഭൂതകാലവുമായി ബന്ധപ്പെട്ടു കൂടിയാണ്. സംഭവങ്ങളുടെ

കഥനമാണ് കഥാജനകത്തിൽ കാണുന്നത്. കഥ നിർമ്മാണത്തിൽ കഥാകാരന് ഉപയോഗിക്കുന്ന തന്ത്രങ്ങളാണ് കഥാജനിതത്തെ സാധ്യമാക്കുന്നത്.

ആഖ്യാനത്തിന്റെ മുഖ്യ ലക്ഷണങ്ങളിലൊന്നാണ് സ്ഥലം . മറ്റൊന്ന് കാലമാണ്. നമ്മുടെ പാരമ്പര്യമായി നിലനിൽക്കുന്ന പല കഥനസമ്പ്രദായങ്ങളും സ്ഥലകാലബന്ധിതമാണ്. നോവലിലും ചെറുകഥയിലുമെത്തുമ്പോൾ ആഖ്യാനത്തിന്റെ വ്യത്യസ്തമായ ധ്വനിപാഠങ്ങളെ നിർമ്മിക്കാൻ സാധ്യമാവുന്നു. എഴുത്തുകാരന്റെ ആന്തരികസ്വത്വം വെളിവാക്കുന്നത് കഥനരീതിയിലൂടെയാണ്. ഈ കഥനരീതിയാണ് കൃതിയെ സർഗാത്മകവും മൗലികവുമാക്കുന്നത്. ആഖ്യാനത്തിൽ അത് കഥയായാലും നോവലായാലും സ്ഥലകാലങ്ങൾക്ക് പ്രാമുഖ്യം നൽകുന്നുണ്ട്. "സ്ഥലികതയിൽ ആഖ്യാനവും അനുവാചകനും പാലിക്കുന്ന സ്ഥലികതയുടെ യുക്തിയാണ് ആഖ്യാനത്തിലെ സാഹചര്യങ്ങളെയും സംഭവങ്ങളെയും യഥോചിതം നമുക്ക് അനുഭവവേദ്യമാക്കിത്തരുന്നത്."[65]

ആഖ്യാനത്തിൽ കാലത്തിന് ലഭിക്കുന്ന പ്രാധാന്യം സംഭവങ്ങളുടെ തുടർച്ചയെ ബോധ്യപ്പെടുത്തുന്ന അവസ്ഥയെ മുൻനിർത്തിയാണ്. കാലത്തിന്റെ പരിമിതികളെ ലംഘിക്കുന്ന തുടർച്ചയാണ് ആഖ്യാനത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്.ആഖ്യാനത്തിന് ഒരു ദാതാവ് ഉണ്ട്. അതു സംവദിക്കുന്ന അനുവാചകൻ മറ്റൊരു കാലഘട്ടത്തിന്റെ പ്രതിനിധിയാവാം. പക്ഷേ ആഖ്യാനം ഏത് ദേശകാലാദികളോടും സംവേദന ക്ഷമമായിരിക്കണം. കൃതികളുടെ ആഖ്യാനകാലവും കഥാകാലവും ചിലപ്പോൾ ഒന്നുതന്നെയാവാം. എന്നാൽ കഥാകാലത്തിന് കൃതി തന്നെ സാക്ഷ്യം വഹിക്കുന്നു. ആഖ്യാനകാലം ശ്രോതാവിനെ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്. കഥയിലെ ക്രിയകൾ സംഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നോവലും ചെറുകഥയും ആഖ്യാനത്തിന്റെ അനന്തമായ സാധ്യതകൾ ഉൾക്കൊള്ളുന്ന പാഠനിർമ്മിതികളാണ്.

എൻ. എസ്. മാധവന്റെ ആദ്യകഥയായ ശിശു മുതൽ ആഖ്യാനത്തിൽ അദ്ദേഹം സ്വീകരിച്ചിട്ടുള്ള വ്യത്യസ്തകൾ ശ്രദ്ധേയമാണ്. വിക്കനായ ഹരിയുടെ അഭിലാഷം അനേകം പേർ ഇരിക്കുന്ന ഗ്യാലറിയെ അഭിസംബോധന

ചെയ്യുകയാണ്. എന്നാൽ അയാൾക്ക് ഭാഷ വഴങ്ങുന്നില്ല. അതിന്റെ നിസ്സഹായതയിൽ അയാൾ സൃഷ്ടിക്കുന്ന ലോകം സ്വപ്നാത്മകമാണ്. ചൂളൈയ്മേടിലെത്തുമ്പോൾ എഴുപതുകളിലെ രാഷ്ട്രീയാവസ്ഥയുടെ ചിത്രം മാത്രമല്ല, സ്ഥലകാലബദ്ധമായി നീങ്ങുന്ന അരികുജീവിതങ്ങളെ പ്രശ്നവത്കരിക്കുന്നു. ഹിഗ്വിറ്റയിലെത്തുമ്പോൾ കഥയ്ക്കുള്ളിൽ തന്നെ സ്ഥലകാലങ്ങളുടെ വ്യതിയാനം ദൃശ്യമാണ്. കാലത്തെ കീഴ്മേൽ മറിയ്ക്കുന്ന ആഖ്യാനം അതിൽ കാണാം. തിരുത്ത്, വൻമരങ്ങൾ വീഴുമ്പോൾ, നാലാം ലോകം, കാർമെൻ എന്നിങ്ങനെ നിരവധി കഥകളിലും ലന്തൻ ബത്തേരിയിലെ ലുത്തിനിയകളിലും സ്ഥലകാലത്തിന്റെ മുദ്രകളെ ആഖ്യാനത്തിൽ ഉൾച്ചേർത്തിരിക്കുന്നു.

"മാധവന്റെ തന്നെ കഥകളിൽ ഭിന്നവും മിശ്രവുമായ ആഖ്യാനസ്വരങ്ങൾ (Narrating voice)കേൾക്കാവുന്നതാണ്. ആഖ്യാതാവ് വ്യവഹാരത്തിൽ ഉള്ള ഒരു വ്യക്തി മാത്രമായിവരുന്നു ചൂളൈമേട്ടിലെ ശവങ്ങളിൽ തന്നെ കടന്നുവരുന്ന തിരക്കഥയുടെ ഘടന ഓർക്കാവുന്നതാണ്. നാലാംലോകം എന്ന കഥയിൽ ഒരു ഫലിതത്തിൽ തുടങ്ങാൻ ശ്രമിക്കുന്ന കഥ മറ്റൊരു ആഖ്യാനതലത്തിലേക്കു മാറുന്നുണ്ട്. കഥയിലെ ചില ഘട്ടങ്ങളിൽ ഞാൻ എന്ന ആഖ്യാതാവിന്റെ അച്ഛനാണ് കഥ പറഞ്ഞ് ആഖ്യാനത്തെതന്നെ പൂർണമാകുന്നത്. ആഖ്യാതാവിന്റെ ഏകമാനമായ സ്വത്വം എന്ന സങ്കൽപ്പം തന്നെ പ്രശ്നവൽകൃതമാക്കുന്നു. വിഭിന്ന ആഖ്യാന സ്വരങ്ങളെ ചേർക്കുന്ന ഒരു പ്രക്രിയയായി ആഖ്യാനം മാറുകയും ചെയ്യുന്നു."[66]

എൻ.എസ്. മാധവന്റെ കൃതികളിൽ സ്ഥലകാലങ്ങൾ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത് എഴുത്തുകാരന്റെ സാമൂഹികരാഷ്ട്രീയ സംസ്കാരിക ബോധ്യങ്ങളെ മുൻനിർത്തികൊണ്ടാണ്. എഴുത്തുകാരന്റെ ദേശം എന്ന സങ്കൽപത്തിനപ്പുറം സ്ഥലത്തിന് അതിരുകളില്ലാതെ കഥാലോകമാണ് മാധവന്റെ കൃതികൾ പങ്കുവെക്കുന്നത്. എൻ.എസ്. മാധവന്റെ ചരിത്രത്തെ പ്രശ്നവത്കരിക്കുന്ന കഥകൾ കാലത്തിന്റെയും സ്ഥലത്തിന്റെയും അടയാളപ്പെടുത്തലുകളായി കണ

ക്കാക്കാവുന്നത്. ആഖ്യാനത്തിന്റെ മുഖ്യഘടകങ്ങളായി ആഖ്യാന സൈദ്ധാന്തികൽ വിലയിരുത്തുന്ന സ്ഥലകാലങ്ങൾ കൃതികളിൽ എപ്രകാരം ഉപയോഗിക്കപ്പെട്ടിരിക്കുന്നു എന്നതാണ് അടുത്ത അദ്ധ്യായങ്ങളിൽ പഠനവിധേയമാക്കുന്നത്.

## കുറിപ്പുകൾ

1. Geralad Prince, 1990, *on Narratology (Past, Present, future),* French literature series Amsterdam, Netherlands, Vol.17.,P.1-2
2. D .NYS (Trans.Sidny A Raemers) ,1942, *Cosmology*, Vo.II, University of Notre Dame,The Bruce Publishing company,USA,P.352
3. D .NYS (Trans.Sidny A Raemers) ,1942, *Cosmology*, Vo.II, University of Notre Dame,The Bruce Publishing company,USA, P.372
4. Jadunath Sinha, 1961, *Introduction of Philosophy Third Edition*, Sinha Publishing House ,culcutta .P.118
5. വിജയകുമാർ മേനോൻ, 2006, *സ്ഥലം കാലം കല*, കേരളസാഹിത്യ അക്കാദമി, പു.16
6. ജോർജ്ജ് ഗാമോവ്, (വിവ.കെ.ഗോപാലകൃഷ്ണൻ), 1992, *ഒന്ന്, രണ്ട്, മൂന്ന്...അനന്തം,* ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പുറം 33
7. വിവേകാനന്ദൻ, 1962, *വിവേകാനന്ദ സാഹിത്യ സർവസ്വം രണ്ടാംഭാഗം ജ്ഞാനയോഗം*, ശതാബ്ദ സ്മാരക പ്രസിദ്ധീകരണം, പു.5
8. ഗണേശ് കെ.എൻ,2011,*കേരളത്തിന്റെ ഇന്നലെകൾ* ,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.27
9. ഗണേശ് കെ.എൻ, 2011,*കേരളത്തിന്റെ ഇന്നലെകൾ*,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , പു.29
10. അച്യുതൻ എം,1997, *പാശ്ചാത്യ സാഹിത്യദർശനം*, കറന്റ് ബുക്സ്, പു.36
11. വിജയകുമാർ മേനോൻ, 2006, *സ്ഥലം കാലം കല,* കേരള സാഹിത്യ അക്കാദമി, പു.12
12. D .NYS (Trans.Sidny A Raemers) ,1942, *Cosmology*, Vo.II, University of Notre Dame,The Bruce Publishing company,USA,P .347.
13. അപ്പൻ കെ.പി, 1996, *സമയ പ്രവാഹവും സാഹിത്യകലയും,* ഡി.സി. ബുക്സ്, പു.27
14. നുജും എ, 1997, *സംവാദത്തിന്റെ ബലതന്ത്രം - ആശാൻ കവിത പുനർവായന,* കറന്റ് ബുക്സ് പു.41
15. രാധാകൃഷ്ണൻ നായർ.ഡി, 2000, *ആഖ്യാന വിജ്ഞാനം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പു.67
16. പത്മനാഭമേനോൻ.കെ.പി., 1989, *കൊച്ചി രാജ്യ ചരിത്രം*, മാതൃഭൂമി പ്രിന്റിംഗ്

& പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, പു.268-269

17. നുജ്ജും. എ, 1997, *സംവാദത്തിന്റെ ബലതന്ത്രം ആശാൻ കവിത പുനർവായന*, കറന്റ് ബുക്സ്, പു.42
18. സോമൻ നെല്ലിവിള,*സ്ഥലം കാലം ചെറുകഥ*,കറന്റ് ബുക്സ്,തൃശൂർ, പു.28
19. ശ്രീകണ്ഠേശ്വരം ജി.പത്മനാഭപിള്ള, 2010, *ശബ്ദതാരാവലി*, ഡി.സി.ബുക്സ്, കോട്ടയം, പു. 1970
20. രവി നമ്പൂതിരിപ്പാട്, 2003, *ധാതുനിഘണ്ടു*, തൃശ്ശൂർ, പു.523
21. പരമേശ്വരൻ മൂസത്.ടി.സി. (വ്യാഖ്യ), 2000, *അമരകോശം* എസ്.പി.സി.എസ്, കോട്ടയം, പു.244
22. കേണൽ നായർ എൻ.ബി, 2003, *മലയാളം തിസോറസ്*, ഡി.സി.ബുക്സ് കോട്ടയം, പു.641
23. വേലായുധൻ പണിക്കശ്ശേരി, 2007, *കേരളചരിത്ര പഠനങ്ങൾ*, കറന്റ് ബുക്സ്, പു.45
24. വള്ളത്തോൾ നാരായണമേനോൻ, 1981, ഋഗ്വേദസംഹിത വാല്യം ഒന്ന്, കേരള സർവ്വകലാശാല, തിരുവനന്തപുരം, പു.379
25. നമ്പൂതിരിപ്പാട് ഒ.എം.സി. 1986, ഋഗ്വേദം, ദേവിപ്രസാദം മഹാഭാഷ്യം, വാല്യം 8, കൈരളി ബുക്സ്, തൃശ്ശൂർ, പുറം. 377
26. ബാലകൃഷ്ണൻ വി, ലീലാവതി ആർ. (വ്യാഖ്യാത), 1976, അഥർവ്വവേദം, വിദ്യാർത്ഥി മിത്രം ബുക്സ് ഡിപ്പോ. പു.1024-1025.
27. ഗോപാലപ്പണിക്കർ എൻ, *ബൃഹദ് യോഗ വാസിഷ്ഠം കൈരളി വ്യാഖ്യാനം ഒന്നാം വാല്യം*, യോഗവാസിഷ്ഠം പബ്ലിക്കേഷൻസ്, പു.515
28. കേശവൻനായർ.കെ. (വിവി), 1972, *ഭർതൃഹരി ദർശനം*, ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, പു.33-34
29. ശ്രീ.ശ്രീ.രവിശങ്കർ, (വിവ.പി.എൻ.നമ്പൂതിരി) 2002, *കാലം*, വ്യക്തി വികാസ് കേന്ദ്ര ഇന്ത്യ പ്രസിദ്ധീകരണം, പു.5
30. ഉണ്ണി എൻ.പി, 2011, 108 ഉപനിഷത്ത് (ഉപനിഷത് പ്രപഞ്ചം), പ്രശാന്തി പബ്ലിഷേഴ്സ്, തിരുവനന്തപുരം, പു. 119
31. ഉണ്ണി എൻ.പി, 2011, 108 ഉപനിഷത്ത് (ഉപനിഷത് പ്രപഞ്ചം), പ്രശാന്തി പബ്ലിഷേഴ്സ്, തിരുവനന്തപുരം, പു. 204
32. സ്റ്റീഫൻ ഹോക്കിങ്ങ് (വിവ), (എ.രാജഗോപാൽ കമ്മത്ത്), 2013, *കാലത്തിന്റെ ആകൃതി*, പ്രോഗ്രസ്സ് പബ്ലിക്കേഷൻ, കോഴിക്കോട്, പു.30.
33. കേശവൻ നായർ പി, 1996, *സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രപഞ്ചം* ഡി.സി. ബുക്സ്, കോട്ടയം, പു.26

34. സോമൻ നെല്ലിവിള, *സ്ഥലംകാലം ചെറുകഥ,* കറന്റ് ബുക്സ്,തൃശൂർ, പു.16
35. തരകൻ കെ.എം, 1982, *ആധുനിക നോവൽ ദർശനം,* നാഷ്ണൽ ബുക്ക് സ്റ്റാൾ കോട്ടയം, പു.16
36. തരകൻ കെ.എം., 1982, *ആധുനിക നോവൽ ദർശനം,* നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം, പു.150
37. അയ്യപ്പപ്പണിക്കർ.കെ, 1999, *ഇന്ത്യൻ സാഹിത്യ സിദ്ധാന്തം പ്രസക്തിയും സാധ്യതയും* , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.94
38. അയ്യപ്പപ്പണിക്കർ കെ, 1999, *ഇന്ത്യൻ സാഹിത്യ സിദ്ധാന്തം പ്രസക്തിയും സാധ്യതയും* , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.102
39. മനോജ് എം.ബി, 2011, *ദേശം ദേശി, മാർഗ്ഗി, സാഹിത്യമെന്ന ഉപാദാന സാമഗ്രി,* പാപ്പിറസ് ബുക്ക്സ്, പു.21
40. മനോജ് എം.ബി., 2011, *ദേശം ദേശി, മാർഗ്ഗി, സാഹിത്യമെന്ന ഉപാദാന സാമഗ്രി,* പാപ്പിറസ് ബുക്ക്സ്, പു.21
41. രാജഗോപാലൻ ഇ.പി, 2004, *സ്ഥലവും കാലവും അധികാരവും കൃഷ്ണ ഗാഥയിലെ സ്ഥലസങ്കൽപം,* മാതൃഭൂമി ആഴ്ചപ്പതിപ്പ്, ല.8.പു.18
42. അപ്പൻ കെ.പി, 1996, *സമയപ്രവാഹവും സാഹിത്യകലയും,* ഡി.സി.ബുക്സ്, കോട്ടയം പു.50
43. അപ്പൻ കെ.പി, 1996, *സമയപ്രവാഹവും സാഹിത്യകലയും,* ഡി.സി.ബുക്സ്, കോട്ടയം, പു.60
44. Traugott and pratt, 1980, *Linguistics for students of Literature,* Harcourt College pub, orlando f lorida ,USA,P.248
45. Prince Gerald, 1987, *A Dictionary of Narratology,* University of Nebraska Press London. P.36
46. *സർവ്വവിജ്ഞാന കോശം,* 1978, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്കേഷൻ, തിരുവനന്തപുരം, പു.685
47. അയ്യപ്പപ്പണിക്കർ കെ, 1997, *ഭാഷാപോഷിണി,* ജനുവരി, പു.27,
48. അയ്യപ്പപ്പണിക്കർ കെ, 1999, *ഇന്ത്യൻ സാഹിത്യ സിദ്ധാന്തം പ്രസക്തിയും സാധ്യതയും,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പു.161
49. ശ്രീധരൻ എ.എം, 2012, *ആഖ്യാനം കാലം കഥ,* നാഷ്ണൽ ബുക്ക് സ്റ്റാൾ, പു.18
50. William labov, 1972, *Language in the Innercity,* Universitynof Pennsylvania Press പു.360

51. Chatman seymore,1980,*Story and Discourse,Narrative structure in fiction and film*,cornell university press Ithaca and London, P. 28

52. Jonathan culler, 2001, *The Persuit of signs, The story and discourse in the analysis of Narrative,* Cornel University Press,P.189-190

53. Scholes Robert and kellogg Robert,1966,*The nature of Narrative,*oxford university Press,London ,P.4

54. കെ.എം. തരകൻ, 1982, *ആധുനിക നോവൽ ദർശനം,* നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, പു. 164

55. നെല്ലിക്കൽ മുരളീധരൻ,2008, *വിശ്വസാഹിത്യ ദർശനങ്ങൾ,* ഡി.സി. ബുക്സ് പു.26

56. അച്യുതൻ എം,1997, *പാശ്ചാത്യ സാഹിത്യദർശനം,* കറന്റ് ബുക്സ് പു.217

57. Propp. Vladmer (Trans. Laurence Scott), 1968, *Morphology of the folk tale*, Universiry of Texas, പു.19

58. നെല്ലിക്കൽ മുരളീധരൻ,2008, *വിശ്വസാഹിത്യ ദർശനങ്ങൾ,* ഡി.സി. ബുക്സ്, പു.273

59. ശ്രീധരൻ എ.എം, 2012, *ആഖ്യാനം കാലം കഥ,* നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം പു.19

60. Roland Barthes,( Trans.Stephen Heath),1978, *Image and Music Text* ,farrar straus and girous(Pub), പു.46

61. ജോർജ്ജ് സി.ജെ, 1996, *ആധുനികാനന്തര സാഹിത്യ സമീപനങ്ങൾ,* ബുക്ക്വേം , തൃശ്ശൂർ, പു. 24.

62. ശ്രീധരൻ എ.എം, 2012, *ആഖ്യാനം കാലം കഥ,* നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം, പു.19

63. രാധാകൃഷ്ണൻ നായർ ഡി, 2000, *ആഖ്യാനവിജ്ഞാനം* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പു.36

64. രാധാകൃഷ്ണൻ നായർ ഡി, 2000, *ആഖ്യാനവിജ്ഞാനം* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പു.45

65. ആൻസിസെബാസ്റ്റ്യൻ, (എഡി), 2013, *പാരമ്പര്യവും ആഖ്യാനവും–സമകാലിക കഥയിലെ ലാവണ്യാനുഭവങ്ങൾ,* കൈരളി ബുക്സ്, പു.61.

66. കൃഷ്ണൻ കെ. എം., 1998, *ഭാഷാപോഷിണി,* ആഖ്യാനശാസ്ത്രം. നവംബർ , പു.70

# അദ്ധ്യായം രണ്ട്

# ചെറുകഥയിലെ സ്ഥലകാലമുദ്രകൾ

## 2.1 ചെറുകഥ

കഥകൾ മനുഷ്യന്റെ സാംസ്കാരിക നിർമ്മിതിയാണ്. അനുഭവങ്ങളും ഭാവനയും കഥ രൂപപ്പെടാൻ കാരണമായി. അതുകൊണ്ടുതന്നെ കഥയും ജീവിതവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വാമൊഴി വഴക്കങ്ങളിലൂടെയാണ് പുരാതനകാലത്ത് കഥകൾ പ്രചരിച്ചിരുന്നത്. ദേശകാലങ്ങളിലൂടെ പ്രചരിക്കുന്ന ഇത്തരം കഥകൾ വ്യത്യസ്തമായ പാഠങ്ങൾ നിർമ്മിക്കുന്നു. കാലികമായ അർത്ഥോൽപാദനപ്രക്രിയയാണ് ഇവിടെ നടക്കുന്നത്. "കഥ പറയുന്നവൻ കാലത്തിന്റെ പ്രതിനിധിയാണ്. അവിടെ ഒരു സംസ്കാരത്തിന്റെ ഭൂതകാല പുനഃസൃഷ്ടിയാണ് നടക്കുന്നതെങ്കിലും വർത്തമാനകാലവുമായി ബന്ധിക്കുന്നു. കഥ എഴുതുന്നവൻ സ്ഥലത്തിന്റെ പ്രതിനിധിയാണ്. അവിടെ ഒരു സംസ്കാരത്തിന്റെ ഒരു നിമിഷത്തിന്റെ പ്രതിഫലനം സാധിക്കുന്നു "[1]

കഥയുടെ ഉത്ഭവം ദേശസംസ്കൃതിയുടെ സാംസ്കാരിക ചരിത്ര പശ്ചാത്തലത്തെ അടിസ്ഥാനമാക്കിയാണ് ഉയിർകൊണ്ടത്. നാടൻ കഥകളായും കഥാഗാനങ്ങളായും നാടൻപാട്ടുകളായും വീരചരിതങ്ങളായും അത് നിലനിന്നിരുന്നു. തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറി വന്ന കഥകളുടെ കർത്താവ് ആരെന്നറിയാൻ കഴിയില്ല. അത് സാമൂഹികമായ സൃഷ്ടിയാണ്. കേൾവിക്കാരെ രസിപ്പിക്കുകയാണ് അതിന്റെ ലക്ഷ്യം. നിലനിന്നിരുന്ന ധർമ്മങ്ങളെ അരക്കിട്ടുറപ്പിക്കുന്ന തരത്തിലുള്ള ഉപദേശങ്ങളും ഈ കഥകളിൽ കാണാൻ കഴിയും.

കഥയിൽ സ്ഥലകാലങ്ങൾക്ക് ലഭിക്കുന്ന പ്രാധാന്യം ഇതിൽ നിന്നു വ്യക്തമാണ്. മൃഗകഥ, യക്ഷിക്കഥ, അന്യാപദേശം, ദൃഷ്ടാന്തകഥ, ഐതീഹ്യം, മിത്ത്, അനുഭവകഥനം എന്നിവയെല്ലാം ചെറുകഥയുടെ പൂർവ്വമാതൃകകളാണ്. പാശ്ചാത്യ പൗരസ്ത്യദേശങ്ങളിലും നിരവധി കഥകൾ പ്രചാരത്തിലുണ്ടായിരുന്നു. ഈസോപ്പ് കഥകൾ, ഡെക്കാമറോൺ കഥകൾ, ജാതക കഥകൾ, പഞ്ചതന്ത്രം, ബൃഹത്കഥ, വിക്രമാദിത്യകഥ, അറബികഥകൾ എന്നിങ്ങനെ കഥയ്ക്ക് നൂറ്റാണ്ടുകളോളം പഴക്കമുള്ള ആഖ്യാനരീതികളുണ്ട്.

എന്നാൽ ചെറുകഥ എന്ന സാഹിത്യ രൂപം ആവിർഭവിച്ചതുതന്നെ വ്യവസായിക വിപ്ലവത്തിനുശേഷമുണ്ടായ പുതുസംസ്കാരത്തിന്റെ ഭാഗമായാണ്. കേരളത്തിൽ 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ചെറുകഥ എന്ന സാഹിത്യരൂപം ആവിർഭവിക്കുന്നത്. പത്രമാധ്യമങ്ങളുടെ കടന്നുവരവും ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകിയ പുതിയ ലോകബോധവും ചെറുകഥ എന്ന സാഹിത്യ രൂപത്തെ അടുത്തറിയാൻ അവസരമൊരുക്കി. പത്രമാസികകളിലെ രസനീയമായ വിഭവം എന്ന നിലയിലാണ് ആദ്യകാലചെറുകഥകൾ വിലയിരുത്തപ്പെട്ടത്. എന്നാൽ ജീവിതാനുഭവങ്ങളിലേക്ക് കാലികമായ ഒരു സഞ്ചാരമാണ് എല്ലാ ചെറുകഥകളും നടത്തുന്നത്. കെട്ടുകഥകളിൽനിന്ന് മാറികൊണ്ട് അനുഭവയാഥാർത്ഥ്യങ്ങളിലേക്ക് കഥാകാരൻ കടന്നുവരുമ്പോൾ ഭാഷ, അനുഭവങ്ങൾ, സ്ഥലകാലങ്ങൾ, എന്നിങ്ങനെ നിരവധി ഘടകങ്ങൾ സ്വാധീനിക്കുന്നു. ഏകാഗ്രതയാണ് ചെറുകഥയുടെ ഏറ്റവും പ്രധാനപ്പെട്ട ഗുണം.

"ബിംബങ്ങളും സൂചകങ്ങളും സ്ഥലകാലപശ്ചാത്തലവും എല്ലാം കൂടിചേർന്ന് സൃഷ്ടിക്കുന്ന അന്തരീക്ഷം ചെറുകഥയിൽ ഏറെ പ്രധാനമാണ്. അതുപോലെ തന്നെ ആഖ്യാനത്തിന്റെ സ്വരഘടന ചെറുകഥയുടെ ഭാവത്തെ നിർണ്ണയിക്കുന്ന മറ്റൊരു പ്രമുഖാംശമാണ് ഇതിലൊക്കെ പ്രധാനം, ഇങ്ങനെ എടുത്തുപറഞ്ഞതും അല്ലാത്തതുമായ വിഭിന്നഘടകങ്ങളുടെ ജൈവവലയത്തിലൂടെ ലഭിക്കുന്ന ഏകീകൃത പ്രതീതി **(Unity of effect)** ആണ് "[2]

കഥാപാത്രങ്ങളും സംഭവങ്ങളുമാണ് കഥയെ മുന്നോട്ടു കൊണ്ടുപോകുന്നത്. രസാനുഭൂതി ജനിപ്പിക്കുന്ന കഥകൾ വായനക്കാരെ ആകർഷിക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകാനും, മാനസികോല്ലാസം നേടാനും കഥയ്ക്ക് കഴിയുന്നത് ആഖ്യാനത്തിലും പ്രമേയത്തിലും കഥാകാരൻ പുലർത്തുന്ന വൈഭവത്താലാണ്. ചെറുകഥയിലെ ജീവിതാവിഷ്കാരം അനുകരണമല്ല. അത് ഫലപ്രദമായി ആവിഷ്കരിക്കാൻ പലമാർഗ്ഗങ്ങളും കഥാകൃത്തുക്കൾ തെരഞ്ഞെടുക്കുന്നു. ചരിത്ര രാഷ്ട്രീയ സങ്കല്പങ്ങൾ, ജീവിതസമീപനങ്ങൾ, സ്ഥലകാലങ്ങൾ എന്നിങ്ങനെ നിരവധി ഘടകങ്ങൾ കഥയെ സ്വാധീനിക്കുന്നുണ്ട്.

"സംഭവങ്ങളിൽ നിന്ന് സംഭവങ്ങളിലേയ്ക്കുള്ള ഗതിയാണ് കഥ എന്നു ലളിതമായി പറയാം. അതല്ലെങ്കിൽ ആ രീതിയിലുള്ള സംഭവങ്ങളുടെ അനുക്രമമായ സംവിധാനമാണ് കഥ. ഒരു സംഭവം വേറൊരുസംഭവത്തി ലേയ്ക്കും അത് മറ്റൊന്നിലേയ്ക്കും നീളുന്നു. ഘടനാപരവിശകലനത്തിൽ ഈരീതിയിലുള്ള സംഭവങ്ങളുടെ ഏകകത്തെ ഫങ്ഷണൽ യൂണിറ്റ് എന്നാണ് വ്ളാദ്മിർ പ്രോപ്പ് വിളിക്കുന്നത്. അമേരിക്കനിന്ത്യൻ നാടോടിക്കഥകളെക്കുറിച്ചു രൂപപഠനം നടത്തിയ അലൻഡാൻസിസ് അതിന് മോട്ടി ഫീം എന്ന പേരു നൽകുന്നു. ഇത്തരം ഏകകങ്ങളുടെ പരമ്പരയാണ് ഓരോ കഥയിലുമുള്ളത്. കഥയിലെ ഓരോ സംഭവത്തിനും അതിന്റേതായ ധർമ്മങ്ങളുണ്ട്."[3]

## 2.2. ചെറുകഥയും സ്ഥലകാലവും

ജീവിതത്തിലെ സംഭവങ്ങളാണ് കഥാകഥനത്തിന് ഉപയുക്തമാക്കുന്നത്. "കഥാഖ്യാനം ജീവിതാനുഭവങ്ങളുടെ അന്വേഷണവും പരിശോധനയുമാണെന്ന്"[4] പോൾറിക്കർ വ്യക്തമാക്കുന്നു. മലയാളത്തിലെ ആദ്യത്തെ ചെറുകഥയായി അംഗീകരിക്കപ്പെട്ട വാസനവികൃതി കഥാനായകന്റെ ജീവിതാനുഭവം തന്നെയാണ്. ഇക്കണ്ടക്കുറുപ്പ് എന്ന കള്ളന്റെ കഥയാണ് വാസനാവികൃതി.

"എന്റെ വീട് കൊച്ചിശ്ശീമയിലാണ്. കാടരികായിട്ടുള്ള ഒരു സ്ഥലത്താണെന്നു മാത്രമേ ഇവിടെ പറയാൻ വിചാരിക്കുന്നുള്ളൂ "[5] എന്ന പരാമർശത്തിൽ നിന്ന് തന്നെ സ്ഥലം വ്യക്തമാണ്. "കാടരികിൽ വീടായതുകൊണ്ട് ഇടയ്ക്കിടെ കാട്ടിൽ പോകുവാനും"[6] "വീട്ടിൽനിന്നു ചാടിപ്പോന്നതിൽ പിന്നെ അഞ്ചു കൊല്ലത്തോളം ഞാൻ പുറത്തിറങ്ങി അപ്പോഴേക്ക് കൊച്ചി രാജ്യത്ത് പുതിയ പോലീസ് ഏർപ്പെടുത്തി. അക്കാലത്ത് തൃശ്ശിവപേരൂർക്ക് സമീപം ഒരു ദിക്കിൽ ഞാനൊരു കളവ് നടത്തി"[7]

"മദിരാശിയിൽ ചെന്ന് ഒരു മാസത്തോളം കാഴ്ച കണ്ടു നിന്നു."[8]

"ഒരു ദിവസം ഗുജിലിത്തെരുവിൽ ചെന്നപ്പോൾ"[9]

ഇക്കണ്ടക്കുറുപ്പിന്റെ കഥപറയാൻ ഉത്തമപുരുഷാഖ്യാനമാണ് കഥാകൃത്ത് തിരഞ്ഞെടുത്തിരിക്കുന്നത്. സ്ഥലകാലങ്ങൾ അനുഭവങ്ങളെ

സൂക്ഷ്മമായി രേഖപ്പെടുത്താൻ കഥാകൃത്ത് ഉപയോഗപ്പെടുത്തിയിരിക്കുന്നു. 'ദ്വാരക', 'മുതലനായാട്ട്', 'കണ്ണിപറമ്പിലെ കൊലപാതകം' മുതലായ ആദ്യകാല കഥകളിൽ കഥ നടക്കുന്ന സ്ഥലകാലങ്ങൾ സൂക്ഷ്മമായി അവതരിപ്പിച്ചിട്ടുണ്ട്. സ്ഥലകാലങ്ങൾക്ക് ദാർശനികമായ ഒരുതലമല്ല ആദ്യകാല കഥകളിൽ കാണുന്നത്. അത് കേവലം കഥ നടക്കുന്നതിന്റെ പശ്ചാത്തലം മാത്രമാണ്.

നവോത്ഥാനകാലത്തെ ചെറുകഥകളിൽ ആ കാലഘട്ടത്തിന്റെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലമുണ്ടായിരുന്നു. തകഴി, കേശവദേവ്, പൊൻ കുന്നം വർക്കി മുതലായ കാഥികർ ആ കാലഘട്ടത്തിന്റെ പ്രത്യയശാസ്ത്ര ത്തിന്റെ വെളിച്ചം ഉൾക്കൊണ്ട് അവ രചനയിൽ സ്വാംശീകരിച്ചവരാണ്. അന്നുവരെ സാഹിത്യത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ട പാർശ്വവൽക്കരിക്ക പ്പെട്ടവരുടെ കഥകൾ രചനയിൽ ആവിഷ്കരിക്കപ്പെട്ടപ്പോൾ സ്ഥലത്തിനും കാലത്തിനും സവിശേഷമായ അർത്ഥസാധ്യതകൾ കല്പിക്കപ്പെട്ടു. തകഴി കുട്ടനാട്ടിലെ കർഷകരുടെ ജീവിതവും ദേവ് ആലപ്പുഴയിലെ തൊഴിലാളികളുടെ ജീവിതവും പൊൻകുന്നം വർക്കി മലയോരകർഷകരുടെ ജീവിതവും കഥകളുടെ ആഖ്യാനഭൂമികയായി തിരഞ്ഞെടുത്തു.ആ സ്ഥലപരിസരം സൃഷ്ടിക്കുന്ന ദുരിതപൂർണ്ണമായ ജീവിതാനുഭവങ്ങളോടൊപ്പം ഒരു കാലഘട്ടം മനുഷ്യരിൽ ഏൽപിച്ച ദുരിതങ്ങളും നവോത്ഥാനകഥാകൃത്തുകൾക്ക് കഥാവിഷയമായി. ജന്മിത്തത്തിന്റെയും മുതലാളിത്തത്തിന്റെയും കാലഘട്ടത്തിൽ മനുഷ്യരനുഭ വിച്ചിരുന്ന പീഡനങ്ങളും അന്തർസംഘർഷങ്ങളും കഥകളിൽ സ്ഥലകാലങ്ങൾക്ക് പുതിയ വഴിത്തിരിവുണ്ടാക്കി. ഓരോ പ്രദേശവും നിരവധി സാമൂഹിക സാംസ്കാരികതലങ്ങളെ ഉൾക്കൊള്ളുന്നുവെന്നും എഴുത്തു കാരന്റെ ദേശകാലങ്ങൾ കൃതിയുടെ ആന്തരികചൈതന്യമായി മാറുന്നുവെന്ന് തിരിച്ചറിയപ്പെട്ടു.

ആധുനികതയിലെത്തിയപ്പോൾ സാമൂഹികതയിൽ നിന്ന് വൈയക്തി കമായ സ്വകാര്യതകളിലേക്ക് കഥയുടെ ആഖ്യാനം കടന്നു ചെന്നു. വ്യക്തി നിഷ്ഠതയ്ക്ക് പ്രാധാന്യം ലഭിച്ച ആ കഥകളിൽ, ദേശത്തിനും കാലത്തിനും

വ്യക്തിയെ രൂപപ്പെടുത്തിയ പശ്ചാത്തലങ്ങൾ എന്ന നിലവിട്ട് ആന്തരികമായി അവയേൽപിച്ച അന്തഃസംഘർഷങ്ങൾ ചിത്രീകരിക്കപ്പെട്ടു. എം.ടിയുടെ കൂടല്ലൂരും സമീപപ്രദേശങ്ങളും കഥകളിൽ ഗൃഹാതുരമായ ഗ്രാമസങ്കൽപ്പങ്ങളായി കടന്നുവന്നു. ജന്മിത്തത്തിന്റെ തകർച്ച കാലഘട്ടത്തിന്റെ അനിവാര്യതയായിരുന്നുവെങ്കിലും അതേൽപിച്ച മുറിവുകൾ വ്യക്തികളെ സ്വദേശം വിട്ട് അന്യദേശങ്ങളിലേയ്ക്ക് നിത്യവൃത്തിയ്ക്കായി പോകാൻ നിർബന്ധിതരാക്കി. ഈ സാമൂഹികസാഹചര്യം സ്വദേശം ഓർമ്മകളായി ആവിഷ്കരിക്കാനും കാലബോധമുണർത്താനും ഇടയാക്കി. ആധുനിക കഥകളുടെ ദാർശനിക പരിസരം സൃഷ്ടിക്കുന്നതിൽ സ്ഥലകാലങ്ങൾക്ക് അത്തരത്തിൽ പ്രമുഖസ്ഥാനമുണ്ട്.

ആധുനികതയിലെത്തുമ്പോൾ നോവലിലും കഥയിലും സ്ഥലകാലങ്ങൾ ദാർശനിക പരിവേഷം ലഭിക്കുന്നു. എഴുത്തുകാരന്റെ ദർശനത്തെ സാധൂകരിക്കുന്ന മുഖ്യഘടകങ്ങളായി സ്ഥലകാലങ്ങൾ രൂപാന്തരം പ്രാപിക്കുന്നു. ഈ സമീപനത്തിന്റെ വികാസമാണ് ആധുനികതയെ ഒരു പ്രസ്ഥാനമാക്കി മാറ്റിയത്. അന്യവത്കരിക്കപ്പെട്ട മനുഷ്യർ, അസ്തിത്വ ചിന്ത, മൃത്യു ബോധം, നഗരജീവിതത്തിന്റെ സംഘർഷങ്ങൾ, പലായന സ്വാഭാവം എന്നിങ്ങനെയുള്ള പ്രമേയങ്ങൾ കഥാസാഹിത്യത്തിലേക്ക് കടന്നു വന്നു. ജീവിതത്തിലെ വൈരുദ്ധ്യാത്മകതയെ ആവിഷ്കരിച്ചപ്പോൾ അത് തികച്ചും അസാധാരണമായ ഭാവതലങ്ങൾ പ്രദാനം ചെയ്തു. ദാർശനിക ചിന്തകളും, പ്രാദേശിക വിശ്വാസങ്ങളും, മിത്തുകളും സ്വത്വബോധവും ആധുനിക കഥകളിൽ കടന്നുവന്നു. വ്യവസ്ഥാപിതമായ കഥാഖ്യാനത്തെ വെല്ലുവിളിക്കുന്ന കഥകൾ ആധുനികതയുടെ പ്രത്യേകതയായിരുന്നു. കാക്കനാടൻ, ഒ.വി.വിജയൻ, എം. മുകുന്ദൻ,ആനന്ദ്, സക്കറിയ എന്നിങ്ങനെ നിരവധി പേർ ഈ കാലഘട്ടത്തെ മുന്നോട്ടു നയിച്ചവരായിരുന്നു. എന്നാൽ എഴുപതുകളുടെ തുടക്കത്തിൽ തീവ്ര ഇടതുപക്ഷ രാഷ്ട്രീയത്തോട് ആഭിമുഖ്യം പുലർത്തികൊണ്ടുള്ള രചനകളുണ്ടായി. എം. സുകുമാരൻ, പട്ടത്തുവിള കരുണാകരൻ മുതലായ കഥാകൃത്തുകൾ പുതിയ ലോകത്തെ സ്വപ്നം കണ്ട് അവ പ്രമേയതലത്തിൽ ആവിഷ്കരിച്ചവരായിരുന്നു. ആധു

നിക  ചിന്തകളും, പ്രാദേശിക വിശ്വാസങ്ങളും, മിത്തുകളും സ്വത്വബോധവും ആധുനിക കഥയിൽ കടന്നുവന്നു.വ്യവസ്ഥാപിതമായ കഥാഖ്യാനത്തെ വെല്ലു വിളിക്കുന്ന കഥകൾ ആധുനികതയുടെ പ്രത്യേകതയായിരുന്നു. കാക്കനാടൻ, ഒ.വി.വിജയൻ, എം. മുകുന്ദൻ,ആനന്ദ്, സക്കറിയ എന്നിങ്ങനെ നിരവധി പേർ ഈ കാലഘട്ടത്തെ മുന്നോട്ടു നയിച്ചവരായിരുന്നു. എന്നാൽ എഴുപതുകളുടെ തുടക്കത്തിൽ തീവ്ര ഇടതുപക്ഷ രാഷ്ട്രീയത്തോട് ആഭിമുഖ്യം പുലർത്തി കൊണ്ടുള്ള രചനകളുണ്ടായി. എം. സുകുമാരൻ, പട്ടത്തുവിള കരുണാകരൻ മുതലായ കഥാകൃത്തുകൾ  പുതിയ ലോകത്തെ സ്വപ്നം കണ്ട് അവ പ്രമേയ തലത്തിൽ ആവിഷ്കരിച്ചവരായിരുന്നു.  ആധുനികതയുടെ തുടർച്ചയ്ക്കു ശേഷം മലയാളത്തിലുണ്ടായ കഥകളെ ആധുനികാനന്തര സാഹിത്യമായാണ് കരുത പ്പെടുന്നത്. പ്രമേയത്തെക്കാളും ആവിഷ്കാരത്തെക്കാളും ജീവിതത്തിലെ പ്രത്യ ക്ഷമായ ഏതു വിഷയവും കഥയ്ക്ക് ഇതിവൃത്തമായി. സ്ത്രീവാദം, പരിസ്ഥി തിവാദം, ദലിത് സാഹിത്യം, സൈബർ സാഹിത്യം, മാധ്യമ സംസ്കാരം എന്നി ങ്ങനെ കഥയുടെ ആഖ്യാന പ്രമേയങ്ങൾക്കും ആഖ്യാന തന്ത്രങ്ങൾക്കും രൂപ പരമായും ഭാവപരമായും വ്യത്യസ്തകൾ ഉടലെടുത്തു. ആധുനികർക്കൊപ്പം സാഹിത്യത്തിലേക്ക് കടന്നുവന്ന എൻ.എസ്. മാധവന്റെ കഥകൾ സവിശേഷ മായ സ്ഥലകാല സാന്നിദ്ധ്യം അടയാളപ്പെടുത്തുന്നു.

### 2.3 എൻ.എസ്. മാധവന്റെ ചെറുകഥകൾ

എൻ എസ് മാധവന്റെ ആദ്യകഥയായ ശിശു ആദിമമായ ജനിമൃതിക ളുടെ ആഖ്യാനമാണ്. ഈ കഥയിൽ കുഞ്ഞിനെ പ്രതീക്ഷിച്ചിരുന്ന ദമ്പതിമാ രെയാണ് അവതരിപ്പിക്കുന്നത്. ശിശു മാതൃഗർഭത്തിലാണ്. എല്ലാ മനുഷ്യരു ടേയും ജന്മസ്ഥലം. പിറവിയുടെ കാലത്തിന് മുമ്പ് അവൻ സ്വന്തമാക്കിയ സ്ഥലം. കാലപരിമിതികൊണ്ട് അവന് നഷ്ടമായേക്കാവുന്ന ഒന്ന്. ഗർഭ ജലത്തിലെ ഇളം ചൂടിൽ കുഞ്ഞിക്കണ്ണുകൾ ഉറക്കം പിടിച്ചടഞ്ഞുകൊണ്ടിരിക്കുമ്പോൾ എന്ന് കഥാകൃത്ത് പറയുമ്പോൾ സ്ഥലം വ്യക്തമാണ്. ഹരി എന്ന വിക്കനായ കഥാപാത്രത്തിലൂടെയാണ് കഥയുടെ ആഖ്യാനം നിർവ്വഹിച്ചിരിക്കുന്നത്.

കഥയിൽ ഹരി എന്ന കഥാപാത്രത്തിന്റെ ചിന്തകളിൽ പത്മവ്യൂഹത്തിലകപ്പെട്ട അഭിമന്യുവിനെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഇതിഹാസകഥാപാത്രം നിസ്സഹായതയുടെ മിത്താണ്. ആ മിത്ത് ഹരിയിൽ ആവർത്തിക്കപ്പെടുന്നു. ദേശകാലങ്ങൾക്ക് അതീതമായ ജീവിതത്തിന്റെ നൈരന്തര്യം കഥയെ മുന്നോട്ട് നയിക്കുന്നു. ജീവിതത്തിൽ പ്രതീക്ഷകൾ ഒരു നിമിഷംകൊണ്ട് ഇല്ലാതാവുമ്പോൾ അയാളനുഭവിക്കുന്ന നിസ്സഹായത അതാണ് ഈ കഥയിലെ വൈകാരികതയെ സൃഷ്ടിക്കുന്നത്. കാലാതീതസത്യമായ മരണത്തെക്കുറിച്ച് ക്ലാസ്സെടുക്കുന്നതായി ഹരിഹരൻ സ്വപ്നം കാണുന്നുണ്ട്. സ്വപ്നത്തിൽ ക്ലാസ്സ് മുറിയാണ് സ്ഥലം. ഇവിടെയും പത്മവ്യൂഹം പരാമർശിക്കപ്പെടുന്നുണ്ട്. ഹരി താൻ ക്ലാസ്സെടുക്കുന്നതായി സ്വപ്നം കാണുന്നു. വിക്കനായി ഒരുവന്റെ സ്വപ്നമാണത്. ഇവിടെ സ്വപ്നസംബന്ധമായ കാലം (Oneseirous time) ആഖ്യാനത്തിലേക്ക് കടന്നു വരുന്നു. " സ്വപ്നത്തിൽ ഭൂതത്തിനോ ഭാവിക്കോ അസ്തിത്വമില്ല. സ്വപ്നത്തിന്റെ അസ്തിത്വം വർത്തമാനകാലത്തിലാണ്. ഈ കാലം സ്വപ്നത്തിന്റെ അസ്തിത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു." [10]

കഴിഞ്ഞവർഷം അച്ഛന്റെ വെലിക്ക് വീട്ടിൽ പോയിരുന്നപ്പോൾ അച്ഛൻ പറഞ്ഞത് ഹരി ഓർത്തെടുക്കുന്നു. തർപ്പണം നടത്താൻ പുത്രനുണ്ടാവേണ്ടത് ജീവിതത്തിന്റെ ഭാഗമാണ്. പുത് എന്ന നരകത്തിൽ നിന്ന് തന്നെ രക്ഷിക്കാനാരുമില്ലയെന്നയാൾ തിരിച്ചറിയുന്നു. ഭൂതകാലം സ്മരണകളിലൂടെ കടന്നുവരുന്നു. പുത് എന്നത് ഈ ലോകം തന്നെയാണ്. ഒടുവിലൊരു പുലരിയിൽ വിമല മഞ്ഞജലം ഛർദിച്ചു. വിമലയുടേയും ഹരിയുടേയും സന്തോഷത്തെ അടയാളപ്പെടുത്തുന്ന സമയസൂചന, പിന്നെ സ്ഥലപരിസരം ആശുപത്രിയാണ്.

ഹരി വീണ്ടും ക്ലാസ്മുറി എന്ന തന്റെ സ്വപ്നത്തിലേക്ക് തിരിച്ചുവരുന്നു. വലിയ ജനസഞ്ചയമാണ് അപ്പോൾ ഹരിയെ കേൾക്കാനുണ്ടായിരുന്നത്. ആ വിഭ്രമാത്മകമായ ലോകത്ത് തന്നെ പുനഃസൃഷ്ടിക്കുകയാണ് അയാൾ ചെയ്യുന്നത്. വാക്കിന് ജന്മം കൊടുക്കാൻ സാധിക്കാത്തവനാണ് അയാൾ. ഒടുവിൽ തന്റെ ഭാര്യയുടെ ഗർഭത്തിലിരിക്കുന്ന കുഞ്ഞ് അർബുദമാണെന്ന് തിരിച്ചറിയു

ന്നു. അധ്യാപകനാകാനാഗ്രഹിച്ച ഹരിഹരൻ ഗ്യാലറികളെയും കുട്ടികളെയും സ്വപ്നം കാണുന്നു. "ഹരിഹരൻ എന്ന പേര് നൽകുന്ന അർത്ഥസാധ്യത മറ്റൊന്നാണ്. രണ്ടുപുരുഷനാമങ്ങൾ ചേർന്നത്. ഹരിഹരപുത്രൻ അയ്യപ്പനാണ്. ഉർവ്വരതയിലേക്കു വളരാത്ത ബ്രഹ്മചാരി. മാതൃത്വത്തിന്റെ ഉർവ്വരതാതലം സ്വത്വത്തിലില്ല. നഗരസ്വത്വബോധം പിന്തള്ളുന്ന കാർഷിക സ്വത്വമാണിവിടെ സ്ത്രീ. ഹരിഹരൻ ആൺമയുടെ പ്രജനനശേഷി നേടുന്നതിൽ പരാജയപ്പെടുന്നു പകരം വികൃതമായ വാക്കിന്റെയും വികൃതമായ ശിശുവിന്റെയും പിതൃത്വം വന്നുചേരുന്നു."[11] കഥാഖ്യാനത്തിൽ വീട്, ക്ലാസ്സ് മുറി, ഗ്യാലറി, ആശുപത്രി എന്നിങ്ങനെ സ്ഥലങ്ങൾ മാറിമറിയുന്നു. ഭൂതകാലം ഓർമ്മയിലൂടെ കടന്നുവരുന്നു. ആഖ്യാനത്തിൽ ഭൂതകാലങ്ങൾക്കൊപ്പം അഭിമന്യു എന്ന കഥാപാത്രവും മിത്തിക്കൽ സ്ഥലം സൃഷ്ടിക്കുന്നു. ഇവിടെ അഭിമന്യുവിനെപ്പോലെ നിസ്സഹായനായ വ്യക്തിയാണ് ഹരിഹരൻ. വിക്കനായ അയാൾ തന്റെ പ്രസംഗം കേൾക്കുന്ന ജനസഞ്ചയങ്ങളെ സ്വപ്നം കാണുന്നു. നഷ്ടമായ സ്വപ്നലോകമാണ് അത്. ആശുപത്രിയിലെ ഓപ്പറേഷൻ തിയ്യറ്ററിനെ പരോക്ഷമായി അവതരിപ്പിച്ചുകൊണ്ടാണ് കഥയവസാനിക്കുന്നത്. കേവല സ്ഥലകാലങ്ങൾക്ക് അപ്പുറമുള്ള സ്ഥലകാലസങ്കൽപമാണ് ഈ കഥ മുന്നോട്ടുവെയ്ക്കുന്നത്.

പക്ഷി എന്ന കഥയിൽ പടിഞ്ഞാറുനിന്ന് പറന്നെത്താറുള്ള കടൽകാക്കകളുടെ വയറ്റിലെ മുട്ടകളെപ്പറ്റി കുട്ടിക്ക് കൂട്ടുകാരൻ നേരത്തെ പറഞ്ഞുകൊടുത്തിരുന്നു പക്ഷി എന്ന കഥയുടെ തുടക്കത്തിൽത്തന്നെ ദിശാസൂചനയുണ്ട്. കടൽകാക്കകളെ കാണാൻ കാത്തിരിക്കുന്ന കുട്ടി കാലത്തെ, സമയത്തെക്കുറിച്ച് ബോധവാനാണ്.

"പെട്ടെന്ന് ദുശ്ശാസനന്റെ ആദ്യത്തെ അലർച്ചയ്ക്കു തുല്യം ഞെട്ടിപ്പിച്ചുകൊണ്ട് സൈറൺ മുഴങ്ങാൻ തുടങ്ങി. മണിയെത്രയായിക്കാണും. കൂട്ടുകാരന്റെ വാച്ചിൽ നോക്കിയപ്പോൾ വലിയ സൂചി അഞ്ചിൽ ചെറിയ സൂചി വലതും ചെറുതുമായ സൂചികളുടെ കടങ്കഥ അവനെ ബുദ്ധിമുട്ടിക്കുമ്പോഴും സൈറൺ നിലച്ചിരുന്നില്ല."[12] സമയത്തെക്കുറിച്ചുള്ള സൂചന കാലത്തെ വ്യക്തമാക്കുന്നു.

സമയത്തെക്കുറിച്ചുള്ള ആകുലതകൾ മാറ്റിവെച്ചുകൊണ്ട് കടൽകാക്കകളെ കാണാനുള്ള കൗതുകം വളരുന്നു. കടൽകാക്കകൾ മുട്ടയിടുന്നത് കാണാൻ പാടില്ലെന്ന് കൂട്ടുകാരൻ പറഞ്ഞെങ്കിലും അവനെ ധിക്കരിച്ച് കാക്ക മുട്ടയിടുന്നത് കാണുന്നു. പാപമാണെന്ന തോന്നലുണ്ടാകുമ്പോൾ കുട്ടി മണ്ണിലേക്ക് മുഖമമർത്തുന്നു. ജനനം ഈ കഥയിലും പരാമർശിക്കപ്പെടുന്ന വിഷയമാണ് അത് കാണാനുള്ളതല്ല. അത് മറച്ചുവെയ്ക്കേണ്ട ഒന്നാണെന്ന വ്യവസ്ഥാപിതമായ സാമൂഹികധാരണയിൽ നിന്നാണ് കൂട്ടുകാരൻ സംസാരിച്ചതെങ്കിൽ കുട്ടി അതിനെ ബോധപൂർവ്വം വെല്ലുവിളിയ്ക്കുന്നു.

"മണലിന്റെ കൊടും ചൂടിൽ വരളുമ്പോൾ തലയോട്ടിയിലെ തിരുമുറിവിൽ ഒരു കുൺ വിത്തുവീണ് വേരുകൾ പൊട്ടി, ആനപ്പുറത്തെ കുടയോളം വളർന്നു തണൽ തന്നു"[13] അറിവ് പാപംആകുമെന്ന സാമൂഹികധാരണയെ തിരിച്ചറിവുകളാണ് ആനപ്പുറത്തെ കുടയോളം വളർന്ന് മുന്നോട്ടുള്ള ജീവിതത്തിന് തണലേകാൻ സാധിക്കുകയുള്ളൂ എന്ന അവബോധമുണ്ടാക്കാൻ ഈ കഥയ്ക്കുകഴിയുന്നു.

കടൽത്തീരത്ത് കടൽകാക്കകളെ കാണാനെത്തുന്ന രണ്ടു കുട്ടികളാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ. കടലിന്റെ സ്ഥലപശ്ചാത്തലത്തിൽ കാലത്തെ മറികടന്ന് അറിവിന്റെ ലോകത്തേക്ക് കുട്ടിയെ കൂട്ടികൊണ്ടുപോകുന്നു. നിസാരയായ കടൽകാക്കയിൽ സൃഷ്ടിയെക്കുറിച്ചുള്ള ആദ്യപാഠങ്ങൾ കുട്ടി മനസ്സിലാക്കുന്നു. കടപ്പുറത്തെ മണലിന്റെ കൊടും ചൂടിൽ കൈകൾ പരത്തി പാപിയാണെന്ന ബോധത്തോടെ കിടക്കുന്ന കുട്ടി പറുദീസകൾ നഷ്ടപ്പെട്ടവനല്ല. അറിവിന്റെ പറുദീസകൾ നേടിയവനാണ്. വരാൻ പോകുന്ന സ്ഥലകാലങ്ങളുടെ അനുഭവങ്ങളിലേക്കുള്ള ആദ്യത്തെ ചുവടുവെയ്പുകുടിയാണ്. ആഖ്യാനത്തിൽ കുട്ടികളുടെ സാന്നിദ്ധ്യം, അറിവ് എന്നിവ ആഖ്യാനത്തിന്റെ ഭൂമികയെ സൃഷ്ടിക്കുന്നു. കാലത്തിന്റെ രേഖീയമായ പ്രയാണത്തിൽ നേടിയെടുക്കേണ്ട അറിവിന്റെ പരിമിതി കാലംകൊണ്ട് ലംഘിക്കാനുള്ളതാണ് എന്ന ചിന്ത ഈ കഥ നൽകുന്നു.

രാജസം എന്ന കഥ ഈ സമാഹാരത്തിലെ കഥകളിൽ നിന്ന് തികച്ചും വ്യത്യസ്തമായ കഥയാണ്. ഇതിഹാസകഥയുടെ പശ്ചാത്തലവിവരണത്തോടെ ആരംഭിക്കുന്ന പ്രസ്തുത കഥയുടെ ആന്തരിക ചൈതന്യം കേരളീയമാണ്. കേരളത്തിന്റെ പഴയ നാട്ടു സംസ്കാരത്തിന്റെ തനിമയിലേക്ക് കൂട്ടിക്കൊണ്ടു പോകുന്ന ആഖ്യാനമാണ് ഈ കഥയിൽ സ്വീകരിച്ചിട്ടുള്ളത്.

പുതിയ കാലത്ത് കുരുക്ഷേത്രയുദ്ധം നേരിടുന്ന രാഘവൻ. കണ്ണോത്ത് രാഘവക്കുറുപ്പ്. സ്ഥലഭാവന അനേകം അർത്ഥതലങ്ങൾ സൃഷ്ടിക്കുന്ന കുരു ക്ഷേത്രഭൂമി. സ്ഥലരാശിക്കപ്പുറം നീളുന്ന കാലപരിസരം ഈ കഥയ്ക്കുണ്ട്. രാഘവൻ ഋഗ്വേദം, അഷ്ടാംഗഹൃദയം, മാതംഗലീല, മക്കല്ലൻധ്വരയുടെ കീഴിൽ പടിഞ്ഞാറൻ തത്ത്വശാസ്ത്രം എന്നിവ പഠിച്ചു. ഒടുവിൽ മൊയ്തു മൗലവി യുടെ അരികിൽ പഠിക്കാൻ ചെല്ലുന്നു.

"അറുപത്തിനാലു ചതുര വിസ്തൃതികളിൽ ധർമ്മക്ഷേത്രത്തിൽ വച്ച ടരാടാൻ നിന്നെ പഠിപ്പിക്കാം   ലൈലത്തുൽ തദിരീമിൻ അൽഫിഷഹറ് ആയിരം മാസങ്ങളെക്കാൾ വിലപിടിപ്പുള്ളൊരു ദിവസം നിന്നെ ഞാൻ മഹാരഥനാക്കാം"[14] രാഘവന് മൗലവി കൊടുത്ത വാക്ക് പാലിക്കപ്പെട്ടു. ഏഴുവർഷവും ഏഴുനാളും കഴിഞ്ഞപ്പോൾ മൗലവിയെ തോൽപ്പിച്ച് തന്റെ പ്രയാണം തുടങ്ങുന്നു. പിറന്ന നാട്ടിലേക്ക് തിരിച്ചുവരുന്ന അയാൾ ചതുരംഗപലകയിലെ രാജാവായി. അയാ ളുടെ വിജയത്തെ അവതരിപ്പിക്കുന്നതിങ്ങനെയാണ്.

"അമ്പലപ്പടിക്കലെ കളിപ്പുരയിൽ നിലത്തു ചതുരംഗക്കളം വരച്ചു കാത്തി രുന്നു. റാന്തലിന്റെ വെളിച്ചത്തിൽ വിചാരിപ്പുകാരുടെ സാക്ഷിത്വത്തിൽ നൂറ്റൊന്നു കളികളിച്ചു. നൂറ്റൊന്നരചന്മാരുടെ തലകൊയ്തു"[15] ഈ വർണ്ണന സ്ഥലസൂച നയും നൽകുന്നുണ്ട്. അടുത്ത കളിക്കായി തയ്യാറായിരിക്കുന്ന രാഘവനെ കാണാൻ ഒരു സ്ത്രീയെത്തുന്നു. നാളെ പടവെട്ടാൻ പോകുന്ന പരമേശ്വരനും നീയും എന്റെ വയറ്റിൽ കുരുത്തതാണ് എന്ന് പറയുമ്പോൾ തന്റെ ജാരത്തിന്റെ ഭൂമദ്ധ്യരേഖയായി കാത്ത ഉറുക്ക് ഊരി കൊടുക്കുന്നു. ഈ കഥയിൽ അവതരി പ്പിച്ചിരിക്കുന്ന കുരുക്ഷേത്രം എന്ന സ്ഥലസൂചന മഹാഭാരതകഥയെ ഓർമ്മി

പ്പിയ്ക്കുന്നു. കുന്തിയുടേയും കർണ്ണാർജ്ജുന കഥയുടെ മറ്റൊരു ആവിഷ്കാര മായും മാറുന്നു.

"ഇതു രാത്രിയാണ് എന്റെ പിതാവ് മറ്റേതോ സാമാന്തരാജ്യത്തിൽ പട വെട്ടാൻ പോയിരിക്കുന്നു."[16] ഈ വാക്യം കാലസൂചനയെകുറിക്കുന്നതോടൊപ്പം പഴയകാല നാട്ടുരാജാക്കന്മാരുടെ യുദ്ധസംസ്കാരത്തെയും അടയാളപ്പെടുത്തു ന്നു. രാജാക്കന്മാരുടെ ഇഷ്ടവിനോദമായിരുന്ന ചതുരംഗമാണ് ഇവിടെ വിധി നിർണയിക്കുന്നത്.

"കളപ്പുരയിലെ തിരുനാവായയിൽ കറുത്ത രാജാവിനെ കൊല്ലുവാൻ പായുന്ന ചേകവന്മാരെ, വേഗം വേഗം, എന്റെ കാരണപുരുഷൻ ഇപ്പോൾ തന്റെ മദ്ധ്യാഹ്നത്തിന്റെ ഉച്ചകോടിയിൽ വച്ചു തന്നെ വിണ്ണിലമരും"[17]

സ്ഥലകാലങ്ങളെ അവതരിപ്പിക്കുന്നതോടൊപ്പം ചരിത്രസംഭവമായിരുന്ന മാമാങ്കത്തിന്റെ പ്രതീതിയുണ്ടാക്കുന്നു. തിരുനാവായ മണപ്പുറത്ത് അരങ്ങേറി യിരുന്ന മാമാങ്കത്തിൽ സാമൂതിരിയെ വധിക്കാൻ ചേകവന്മാർ വന്നിരുന്നതിന്റെ ദൃശ്യസൂചന ഈ വാക്യത്തിലുണ്ട്. കുരുക്ഷേത്രഭൂമിയിൽ നിന്ന് സ്ഥലം തിരു നാവായയിലേക്കു മാറുന്നത് കഥയിലെ പ്രധാന പരിവർത്തനമാണ്. കുരുക്ഷേ ത്രഭൂമിയിൽ കർണൻ നിരായുധനായിപ്പോയതുപോലെ രാഘവക്കുറുപ്പും നിരാ യുധനായി മാറുന്നു. കഥയിൽ രണ്ട് കാലഘട്ടത്തെ ആഖ്യാനത്തിൽ കൊണ്ടു വരുന്നുണ്ട്. ഒന്ന് ഇതിഹാസകാലവും മറ്റൊന്ന് ചരിത്രകാലവുമാണ്. ഇവയ്ക്കി ടയിൽ നാട്ടുരാജാക്കന്മാർ ഭരിച്ചിരുന്ന കാലഭൂമികയിൽ നിന്നുള്ള സ്ഥലകാല ങ്ങൾ കഥയിൽ കടന്നുവരുന്നു.

ദാരിദ്ര്യം, വാർദ്ധക്യം, മരണം കഥയുടെ പേര് മനുഷ്യജീവിതത്തിലെ പ്രധാന്യമുള്ള അവസ്ഥാവിശേഷങ്ങളെ അവതരിപ്പിക്കുന്നവയാണ്. എന്നാൽ അവയിലേക്ക് കടന്നുചെല്ലാതെ എഴുത്തുകാരൻ കഥയിൽ ഒരു ദുരൂഹതയെ ഒതുക്കി വെയ്ക്കുന്ന ആന്തരികഘടനയാണ് ഈ കഥയ്ക്കുള്ളത്. കഥയുടെ ആന്തരികസ്ഥലം ബാഹ്യസ്ഥലത്തിൽ നിന്ന് വ്യത്യസ്തമാകുന്നത് ആഖ്യാന

ത്തിന്റെ സവിശേഷത കൊണ്ടാണ്. കഥ നടക്കുന്ന സ്ഥലം തീവണ്ടിയാണ്. അതിൽ വെച്ച് പരിചയപ്പെട്ട വൃദ്ധൻ തനിക്ക് ചെറുപ്പക്കാരുടെ മുഖം കണ്ടു കൊണ്ടിരിക്കുന്നതു വലിയ ഇഷ്ടമാണ് എന്ന് പറയുമ്പോൾ ഗൗതമൻ വെറുതെ മൂളുന്നു. തന്റെ മുഖം ഷേവ് ചെയ്യുമ്പോൾ മാത്രമേ കാണാറുള്ളൂ എന്ന് വൃദ്ധൻ പറയുമ്പോൾ കുറച്ചു കഴിഞ്ഞാൽ അതും ഇല്ലാതാകുമെന്ന് ഗൗതമൻ പിറുപിറുക്കുന്നു.

തീവണ്ടിയുടെ ചക്രങ്ങൾക്കിടയിൽ വൃദ്ധൻ പിടഞ്ഞുതീരുമ്പോൾ ഞാൻ സുരക്ഷിതനാണ് എന്ന ബോധത്തോടെ ഗൗതമൻ നടന്നു നീങ്ങുന്നു. വിഭ്രമിപ്പിക്കുന്ന സംഭവാഖ്യാനമാണിവിടെ കഥാകൃത്ത് നിർവഹിച്ചിട്ടുള്ളത് എന്തിനാണ് വൃദ്ധനെ തള്ളിയിട്ടത് എന്ന ചോദ്യം ഉയരുന്നു. പക്ഷേ അതിനുത്തരം കാലത്തിന്റെ പ്രയാണത്തെ അമൂർത്തവത്കരിച്ചുകൊണ്ടാണ് കഥാകൃത്ത് നൽകുന്നത്. വാർദ്ധക്യം, ദാരിദ്ര്യം, മരണം ഇതൊന്നും ഗൗതമനെ ബാധിക്കുന്നില്ല. തന്റെ അമരത്വത്തിൽ വിശ്വസിച്ചുകൊണ്ട് അയാൾ നടപ്പു തുടർന്നു.

വാർദ്ധക്യം, മരണം എന്നിവ കഥയിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. തന്നെ ഇതൊന്നും ബാധിക്കില്ല എന്നു ചിന്തിക്കുന്ന യുവതലമുറയുടെ പ്രതിനിധിയാണ് ഗൗതമൻ. അമരത്വം ഒരു മനുഷ്യനും വിധിച്ചിട്ടില്ല. ദാരിദ്ര്യം കേവലമായ ദാരിദ്ര്യമല്ല. മനുഷ്യത്വമില്ലായ്മ ദാരിദ്ര്യത്തിന്റെ പുതിയ ആകാശങ്ങൾ സൃഷ്ടിക്കുന്നു. ആഖ്യാനസ്ഥലം തീവണ്ടിയാകുമ്പോൾ യാത്ര എന്ന ബിംബം കടന്നുവരുന്നു. കാലം അമൂർത്തമാണ് ഈ കഥയിൽ. പുതിയ കാലത്തിന്റെ പ്രതിനിധിയായി കടന്നുവരുന്ന ഗൗതമൻ നടത്തുന്ന ദാരുണമായ പ്രവൃത്തി കഥാകാലത്തേയും ആഖ്യാനകാലത്തേയും ഒന്നാക്കി തീർക്കുന്നു.

സ്ഥലവും കാലവും ഇഴചേർന്ന് വിന്യസിക്കുന്നതാണ് എനിക്കുമാത്രം എന്ന കഥയുടെ ആഖ്യാനപരിസരം. മാനസിക സ്ഥലം ഭൗതികസ്ഥലവും കഥയുടെ ആഖ്യാനത്തിൽ കടന്നു വരുന്നുണ്ട്. പതിവുപോലെ പൂക്കൾ വിൽക്കുന്നവരുടെ തെരുവിലൂടെ കഥാനായകനും ഭാര്യയായ ത്രേസ്യയും വീട്ടിലേക്കു മടങ്ങി. എല്ലാ പൂക്കളും ജമന്തിപ്പൂക്കളാക്കി മാറ്റുന്ന ഇത്തരം വേനൽ സായാ

ഹങ്ങളിൽ  തെരുവ്, വേനൽ, സായാഹ്നം എന്നീ പരാമർശങ്ങൾ സ്ഥലകാല ങ്ങളെ അടയാളപ്പെടുത്തുന്നു. വൈകുന്നേരം തെരുവിലൂടെ നടക്കാനിറങ്ങിയ ദമ്പതിമാരാണ് കഥാപാത്രങ്ങൾ. ത്രേസ്യയോട് താൻ കണ്ട സ്വപ്നത്തിന്റെ കഥ പറയുമ്പോൾ സ്വപ്നത്തിലെ സ്ഥലകാലം അവതരിപ്പിയ്ക്കുന്നു.

"കുന്നിന്റെ മുകളിൽ ഒരു പള്ളി, ഗോപുരപ്പടർപ്പുകൾക്കപ്പുറം ക്രിസ്തു മസ് കാർഡുകളിലെ ചിത്രങ്ങളിൽ കാണാറുള്ള നീലരാത്രി. പള്ളിയുടെ മൂന്നാം നിലയിലെ ബാൽക്കണിയിൽ നീയൊരു കൊച്ചു കുട്ടിയായി നിന്ന് എന്നെ നോക്കി കൈവീശി"[18] അവൾ ഗർഭിണിയായിരുന്നുവെന്നും പ്രസവിച്ചത് മുട്ടയാ യിരുന്നുവെന്നും അയാൾ കൂട്ടിച്ചേർക്കുന്നു.

ഈ സ്വപ്നദർശനവിശേഷം ഭാര്യയോട് പങ്കുവെച്ച് ഫ്ളാറ്റിലെത്തുന്നു. പിന്നെ കഥ നടക്കുന്ന സ്ഥലം ഫ്ളാറ്റാണ്. അയാൾക്ക് കഴിക്കാനായി ബുൾസ്ഐ ഉണ്ടാക്കികൊണ്ടുവെച്ച് അയാളത് കഴിച്ച് പകുതിയായപ്പോൾ 'നമ്മുടെ മുട്ടയേശു' എന്ന് പറഞ്ഞ് അവൾ കരയുന്നു. അയാൾ മൂന്നാമതൊരാ ളുടെ കാഴ്ചയിൽ തന്നെയും ഈ സംഭവത്തെയും നോക്കി ചിരിയടക്കുന്നു. ഒടുവിൽ  എന്റെ പിഴയെന്ന് തിരിച്ചറിയുന്നു. അയാൾ സ്ഥലകാലങ്ങളിൽ തനി ച്ചാകാൻ ആഗ്രഹിക്കുന്നു. കഥയിൽ  മുട്ടയേശു  എന്ന പരാമർശം കഥയുടെ അതുവരെയുള്ള കഥാഗതിയെ മാറ്റിമറിയ്ക്കുന്നു. ദമ്പതിമാർക്ക് കുട്ടികളില്ല എന്ന് കഥാപരിസരം വ്യക്തമാക്കുന്നു.

"പെട്ടെന്ന് എനിക്ക് ഒറ്റയ്ക്കാകുവാൻ തോന്നി. എനിക്കു മാത്രമായി നാല്പതു പകലുകളും നാല്പതുരാത്രികളും. എനിക്കു മാത്രം ഒരു പുതിയ ഭൂഖണ്ഡം, ഒരു പുതിയ സംസ്കൃതി, മുഖപേശികളുടെ പുതിയ ചുളിവുകൾ, പുതിയ ഭൂഗുരുത്വ നിയമങ്ങൾ."[19] വർത്തമാന സ്ഥലകാലങ്ങളിൽ നിന്ന് ഒഴി ഞ്ഞുമാറി പുതിയ സ്ഥലകാലങ്ങളിലേക്ക് നീങ്ങാനുള്ള മാനസികാവസ്ഥയാ ണിവിടെ കാണുന്നത്.

ജിബ്രാൾട്ടർ എന്ന കഥയിൽ ദമ്പതിമാർ കടലിനടുത്ത് ഒരു സ്ഥലത്തെ നിർമിക്കുന്നു. "ജിബ്രാൾട്ടർ ഞങ്ങളുടെ ആളില്ലാത്തുരുത്ത് ഞങ്ങൾക്കു മാത്ര

മായി ഒരു പുതിയ സംസ്കൃതി. ഇഷ്ടികയ്ക്കുമേൽ ഇഷ്ടികവെച്ചു സന്ധ്യക ളിൽ ഞങ്ങൾ അതിനെ പടുത്തുയർത്തി"[20] രാഘവനും രോഹിണിയും അവരു ടേതായ ലോകം ഉണ്ടാക്കിയെടുത്തത് ഇപ്രകാരമായിരുന്നു. കാലത്തെ, സമ യത്തെ അവർ അതിനുവേണ്ടി നീക്കിവെച്ചു. കഥയിൽ ദമ്പതിമാർ തന്നെയാണ് കഥാപാത്രങ്ങളാകുന്നത്.

കഥയിൽ സ്ഥലകാലങ്ങളെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത് ജീവിതവ്യാ പാരങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ്. ഈ സന്ധ്യകൾ, ഈ നട്ടുച്ചകൾ ജിബ്രാൾട്ടർ ഇല്ലായിരുന്നെങ്കിൽ എത്ര വിരസമായിരുന്നു എന്നവർ ചിന്തിക്കുന്നു. ഈ പുലരി ആറുമണികൾ.. ആറുമണിയുടെ ശബ്ദങ്ങൾ എന്നിങ്ങനെ തങ്ങ ളുടെ ദിനചര്യകളെ അവർ അതുമായി സംയോജിപ്പിച്ചു. ഏഴരമണിയ്ക്ക് ഗേറ്റു തുറക്കുന്ന ശബ്ദം കേൾക്കുമ്പോൾ രോഹിണി രാഘവനെ ഒറ്റയ്ക്കാക്കികൊണ്ട് കൈ എടുത്തുമാറ്റുന്നു.

അങ്ങനെ ആദ്യമായി അവർ ജിബ്രാൾട്ടറിലെ സമയത്തെ നിശ്ചലമാക്കി. എപ്പോഴുമെപ്പോഴും പുലരി ആറുമണിയുടെ ഇളം തണുപ്പിൽ മഹാകാലത്തെ തളച്ചിടുന്നു. ദമ്പതിമാർ ഏകാന്തതകളെ വിസ്മരിക്കാനായി തീർത്ത തുരുത്ത് സ്ഥലം. അവയിൽ സമയത്തെ കാലത്തെ മനോഹരമായി കൂട്ടിയിണക്കിയിരി ക്കുന്നു. അവർ ചിന്തിക്കുന്നത് കേവലമായ സമയത്തെക്കാൾ ജിബ്രാൾട്ടർ എന്ന സ്വയം സൃഷ്ടിച്ച സ്ഥലത്തെയും സമയത്തെയും കുറിച്ചാണ്. ജിബ്രാൾട്ടറിൽ സംഗീതവും നിറങ്ങളും അവർ കണ്ടെത്തുന്നു.

ജിബ്രാൾട്ടർ അവരുടെ ജീവിതത്തെ ചുറ്റിപറ്റി നീങ്ങുന്നു. ഒരേ സമയത്ത് ഒരേ സ്വപ്നം കാണാൻ അവരാഗ്രഹിക്കുന്നു. അവിടെ മരണമെന്ന സങ്കൽപമു ണ്ട്. ജിബ്രാൾട്ടറിൽ മരണമുണ്ടാക്കുന്നതിനെപ്പറ്റിയായി അവരുടെ സംസാരം. രാഘവൻ മരിച്ചവരെപോലെ അഭിനയിച്ചാൽ മതിയെന്ന് തീരുമാനിക്കുന്നു. അഭി നയത്തിന്റെ പാരമ്യതയിൽ രാഘവൻ സഖാവ് ജോണായി മാറുന്നു. രോഹിണി അയാളെ രാഘവനാകാൻ ശ്രമിക്കുമ്പോൾ അയാൾ വെള്ളുത്തേടൻ രാമുവായി മാറുന്നു. ഒടുവിൽ രോഹിണി കരയാൻ തുടങ്ങുന്നു അവരുടെ ജീവിതത്തിലെ ആദ്യത്തെ കൂട്ടായ സ്വപ്നത്തിന് അവർ സാക്ഷികളായി.

'ഒരു ജിബ്രാൾട്ടർ സ്വപ്നം'. സ്വപ്നത്തിന്റെ ഭ്രമിയ്ക്കുന്ന അന്തരീക്ഷത്തിലേക്ക് കഥ മാറുന്നുണ്ട്. ജിബ്രാൾട്ടർ എന്ന സ്ഥലസങ്കൽപത്തിൽ നിന്ന് സ്വപ്നത്തിലേക്ക് അതു നീങ്ങുന്നു. ആന്തരികമായി സൃഷ്ടിയ്ക്കപ്പെടുന്ന ഈ സ്ഥലം ഒരേ സ്വപ്നം കാണാൻ അവരെ പ്രാപ്തരാക്കുന്നു. സ്ഥലത്തിൽ നിന്ന് കാലത്തിലേക്ക് നീങ്ങുന്ന ആഖ്യാനമാണിവിടെ കഥാകൃത്ത് നിർവഹിച്ചിരിക്കുന്നത്.

കൃഷ്ണപക്ഷത്തിലെ ആദ്യരാത്രി അവർ ഇരുണ്ട കടലിനെതിരെ വെളിച്ച മൊടുങ്ങിയ രണ്ടു വിളക്കുമാടങ്ങളായി നിൽക്കുകയായിരുന്നു. പക്ഷേ ജിബ്രാൾട്ടർ മാഞ്ഞു പോകാത്ത പൊട്ടുപോലെ മായാദൃശ്യം പോലെ അവശേഷിക്കുന്നത് അവർ കാണുന്നു.

കാലത്തിന്റെയും സ്ഥലത്തിന്റെയും സാങ്കൽപികവും സ്വപ്നാത്മകവുമായ കഥാന്തരീക്ഷമാണ് ഈ കഥ പങ്കുവെയ്ക്കുന്നത്. വർത്തമാനകാലത്തെയും സ്വപ്നത്തെയും സ്ഥലത്തെയും കൂട്ടിയിണക്കുന്നതിലൂടെ കഥയിലെ പ്രധാന സ്ഥലമായ ജിബ്രാൾട്ടർ ഉത്തരം കിട്ടാത്ത സ്ഥലകാല സാന്നിധ്യമായി മാറുന്നു.

സ്ഥലകാല പരിസരങ്ങളുടെ ചിത്രീകരണത്തിനപ്പുറം ലളിതമായ ആഖ്യാനം നിർവഹിച്ചിരിക്കുന്ന കഥയാണ് കനകം. ഇതിലെ കഥ നടക്കുന്നത് കേരളീയ പരിസരത്താണ്. ജീവിതത്തിൽ നാം കണ്ടുമുട്ടിയതോ അങ്ങനെ സംഭവിക്കാൻ ഇടയുള്ളതോ ആയ നിരവധി സംഭവങ്ങൾ പോലെ തികച്ചും യാഥാർത്ഥ്യ പ്രതീതി ഉളവാകും വിധമാണ് ഇതിന്റെ ആഖ്യാനം നിർവഹിച്ചിരിക്കുന്നത്. കനകത്തിന്റെയും ബാലേട്ടന്റെയും വീടുതന്നെയാണ് സ്ഥലപരിസരം. വേനൽ അവധികാലത്ത് സംഭവിക്കുന്ന കഥയായാണ് കനകം അവതരിപ്പിച്ചിട്ടുള്ളത്.

പിരിലൂസായ പെൺകുട്ടിയായാണ് കനകത്തെ അവതരിപ്പിക്കുന്നത്. ഉണ്ണി എന്ന കഥാപാത്രത്തിന്റെ കാഴ്ചപ്പാടിൽ നിന്നുള്ള കഥാഖ്യാനമാണിവിടെ നിർവഹിച്ചിട്ടുള്ളത്. "മന:ശ്ചാഞ്ചല്യത്തിന്റെയും കാലം കൂടിയായ ബാല്യം

ജീവിതയാത്രയുടെ പ്രഥമ പടിയാണ്."[21] സ്ഥലകാലത്തിന്റെ മുദ്രകൾ ഇപ്ര കാരം കഥയിൽ കാണുന്നു.

'ഒരു നട്ടുച്ചയ്ക്ക് ഞാൻ ബാലേട്ടന്റെ വീട്ടിലെ സർപ്പക്കാവിന്റെ അടുത്ത കുളത്തിൽ കണ്ണും നട്ട് ഇരിക്കുകയായിരുന്നു.'

'ജനലിൽ കൂടി മേടരാത്രിയെ തുറന്നുകൊണ്ട് കനകത്തിന്റെ കരച്ചിൽ'

'വൈകുന്നേരങ്ങളിൽ ദിവസവും കനകം പുഴക്കരെ പുളിമരത്തിന്റെ താഴെ ചെന്നിരിക്കുവാൻ തുടങ്ങി.'

'ഞാനും ഗീതയും ഞങ്ങളുടെ മനസ്സിലെ ഭാവിയിൽ സ്ത്രീയും പുരു ഷനുമാകുന്ന വ്യത്യാസങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുന്നതിൽ മുഴുകിയ ഉച്ച കൾ.'

ഇവിടെയെല്ലാം സ്ഥലത്തെയും കാലത്തെയും കൂട്ടിയിണക്കിയിരുന്നു. കനകത്തിന്റെ ജീവിതത്തിലെ ദാരുണ്മായ അവസ്ഥകളെയും ഇവ സൂചിപ്പി യ്ക്കുന്നുണ്ട്. ഉണ്ണിയോടും ഗീതയോടും എന്താ കാട്ടുന്നത് എന്ന് കനകം ചോദിക്കുമ്പോൾ അവർക്ക് നഷ്ടപ്പെട്ടത് ബാല്യത്തിന്റെ നിഷ്കളങ്കതയാണ്. ആകാശത്തിൽ കണ്ണുകൾ പിന്നെ ഞങ്ങൾക്കുവേണ്ടി തുറന്നിട്ടില്ല എന്ന് ഈ അവസ്ഥയെ കഥാകൃത്ത് പരാമർശിക്കുന്നു.

കനകത്തെ മുറിയിലടയ്ക്കാൻ ഇടയാകുന്ന നുണകഥ ഉണ്ണിമെനഞ്ഞെ ടുത്തത് പുഴക്കരയിൽ, പുളിക്കീഴിലാണ്. സ്ഥലത്തിന്റെ ഈ പരിസരം ദാരുണ മായ കഥാന്ത്യത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു ഇവിടെ "ഒരു ദുഷ്ട നാടകം അരങ്ങേറുന്നു. കഥയിൽ യുക്തി രഹിതവും വിഭ്രാന്തവുമായ സംഭവ ത്തിന്റെ രൂപത്തിൽ ക്രൂരമായ കാലം (in human time) ജനിക്കുന്നു."[22] ഇത്തര ത്തിൽ കാലം കടന്നുവരുന്നു എന്ന് കെ പി അപ്പൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. കനകം മുടികൾ ഛേദിക്കപ്പെട്ട് കരയാൻ മറന്ന് ബാലേട്ടന്റെ വീട്ടിലെ മൂല കളിലെ നിഴലുകളിൽ അമർന്നു. സ്ഥലം വീട് തന്നെയാണെങ്കിലും അത് ഇരു ളടഞ്ഞതാണെന്ന സൂചന അവസാനവരികളിലുണ്ട്.

"ഹിതകരമല്ലാത്ത ചുറ്റുപാടുകളുടെ ചിത്രീകരണം ദയാരഹിതമായ ചുറ്റുപാടുകളുടെ ദർശനമാണ്. അതിന്റെ ശകാരിക്കുന്ന സൗഹൃദത്തിൽ കനകത്തിന്റേത് അയുക്തികമായ നിലനിൽപ്പാണെന്നും ചുറ്റുപാടുകൾ മനുഷ്യന്റെ പ്രസാദാത്മകത്വം നശിപ്പിക്കുന്നു എന്ന് നാം മനസ്സിലാക്കുന്നു. ഈ അറിവിന്റെ സന്ദർഭത്തിൽ കഥയുടെ തരളതകളെ വായനക്കാരന്റെ ബോധം റദ്ദാക്കുന്നു. വസ്തുവായി തരം താഴുന്ന വികാരത്തിന്റെ ഏറ്റവും സത്യസന്ധമായ ചിത്രീകരണമായി കനകം എന്ന കഥയെ അയാൾ മനസ്സിലാക്കുന്നു. ഈ കഥയിലെ ദയാരഹിതമായ ചുറ്റുപാടുകളിൽ തെളിയുന്നത് സമകാലിക ജീവിതം വസ്തുവായി തരം താഴ്ത്തിയ മനുഷ്യവികാരങ്ങളാണ്."[23] ഇങ്ങനെ കനകം എന്ന കഥ നാം സ്പർശിച്ചു മനസ്സിലാക്കിയിട്ടില്ലാത്ത യാഥാർത്ഥ്യത്തിന്റെ ആഖ്യാനമായി മാറുന്നു.

ഈദ് എന്ന കഥയിൽ കപ്പൽ യാത്രയുടെ കഥയാണ് ഇതിൽ പറയുന്നത്. ദ്വീപിലേക്ക് ചരക്കുമായി പോകുന്ന കുറെ മനുഷ്യർ സ്ഥലത്തിന്റെ വർണ്ണന ഇപ്രകാരമാണ്. ഭൂപടത്തിന്റെ പരപ്പിൽ അക്ഷാംശങ്ങളുടെയും രേഖാംശങ്ങളുടെയും പറഞ്ഞെത്താ ഒരു സന്ധിപ്പിൽ ദ്വീപ് കിടക്കുന്നു എന്നാണ് തുഴക്കാർ ഒത്തുപിടിച്ച് കപ്പലിനെ മുന്നോട്ടു നയിക്കുന്നു. ഒടുവിൽ ഓരോരുത്തരായി വീഴുന്നു. കാലത്തെക്കുറിച്ച് അബ്രഹാം അപ്പോൾ ചിന്തിക്കുന്നു. ദ്വീപിലേക്ക് ഞങ്ങൾ കൊണ്ടുപോകുന്ന വിളക്ക് കെടാറായി എന്ന്, ഇനി ഞങ്ങൾക്കെന്ത് സാംഗത്യം? ഞങ്ങളുടെ ഭൂതകാലത്തിനെന്ത് സാംഗത്യം എന്നിങ്ങനെ ചിന്തിക്കുന്നു. കപ്പൽ കരയ്ക്കടിഞ്ഞപ്പോൾ അബ്രാഹമും ഇസ്മേയിലും മാത്രമായി.

വിലാപങ്ങൾ എന്ന കഥ തുടങ്ങുന്നത് കഠിനപാപങ്ങൾ ചെയ്ത് അതിക്രമങ്ങൾ പെരുകി. ദൈവത്തിന്റെ കോപത്തിനു പാത്രമായി തരിശാക്കപ്പെട്ട ജറുസലേം നഗരത്തിന്റെ വിലാപങ്ങൾ വേദപുസ്തകത്തിൽ നിന്നും ഉദ്ധരിച്ചു ചേർത്തിട്ടാണ്. ഈ കഥയിൽ മസൂറി എന്ന തുരുത്ത് അഥവാ രാജ്യം ഭരിച്ചിരുന്ന നെട്ടൂർ ഹാജി പെരുമാളിന്റെ കഥയാണ് കഥാകാരൻ പറയുന്നത്.

സ്ഥലം മസൂറിയാണ്. കാലം കഥയിൽ കടന്നുവരുന്നത് പെരുമാളിലൂടെയാണ് ഒരു നൂറ്റാണ്ട് പഴക്കമുള്ള തന്റെ കൃഷ്ണമണികൾ എന്ന പരാമർശം പെരുമാളിന്റെ ജീവിതകാലത്തെ പ്രായത്തെ സൂചിപ്പിക്കുന്നു. മസൂറിലെ കടൽകാക്കകളുടെ കാഷ്ഠം ഖനനം ചെയ്തു സാമ്പത്തികാഭിവൃദ്ധി നേടിയപ്പോൾ അധികാരം തലയ്ക്കു പിടിച്ച പെരുമാൾ തനിക്കെതിരെയുള്ള ചുമരെഴുത്തുകളില്ലാതാക്കാൻ ചുമരുകൾ തന്നെ ഇല്ലാതാക്കി.

രാഷ്ട്രം അഭിവൃദ്ധി നേടുമ്പോൾ രാജാധികാരി എന്നും അധികാരസ്ഥാനങ്ങളുടെ മത്ത് പിടിക്കുന്നവനായി മാറുന്നു. ചുറ്റുമുള്ളവരെല്ലാം തനിക്കായി മാത്രം സ്തുതിപാടണമെന്ന് ശഠിക്കുന്ന അധികാരികൾ അതും നിലനിർത്താനായി എന്തും ചെയ്യും. രാഷ്ട്രീയത്തിന്റെ ജീർണ്ണമുഖങ്ങൾ ആഖ്യാനംചെയ്യപ്പെടുന്നത് ഇപ്രകാരത്തിലാണ്. ആധുനിക കാലത്ത് തനിക്കെതിരെ സംസാരിക്കുന്നവനെ ഇല്ലാതാക്കുന്ന രാഷ്ട്രീയ തന്ത്രം തന്നെയാണ് രാജാവ് പിന്തുടരുന്നത്.

മകൻ ചെയ്ത കുറ്റങ്ങളിലൊന്നായി പെരുമാൾ പറയുന്നത്. താൻ എത്ര കാലം കൂടി ജീവിക്കുമെന്ന് അവന്റെ ചപ്രാസിയോട് ചോദിച്ചു എന്നാണ്. കാലം തന്റെ കൈകളിലൂടെ കടന്നുപോകുന്ന ഒന്നായിട്ടാണ് പെരുമാൾ കാണുന്നത്. ഈച്ചരവാര്യരുടെ വൈദ്യത്തിലൂടെ തനിക്ക് എന്നും അമരത്വമുള്ളവനാകാൻ കഴിയുമെന്ന് അയാൾ വിശ്വസിച്ചു. കുട്ടിക്കാലത്ത്, കൊച്ചിയിൽ നിന്ന് മഡഗാസ്കറിലേക്കുള്ള പത്തേമാരിയാത്ര മുഴുവൻ നീണ്ടുനിന്ന ചാഞ്ചാട്ടം പെരുമാളിന് ഓർമ്മവന്നു. കൊടുങ്കാറ്റിൽ തകർന്ന പത്തേമാരി ഒരു തുരുത്തിൽ അടിയുന്നു. കടൽ കാക്കയും പക്കീരിക്കുട്ടിയും മാത്രം ബാക്കിയാവുന്നു. അവിടെ നിന്നാണ് മുസൂറിയുടെ ചരിത്രം ആരംഭിയ്ക്കുന്നത്. പക്കീരികൾക്ക് പുറകിലായി ചാവക്കാട്ടുകാരും വർക്കലകാരും കുറച്ചു പാലസ്തീനികളും മസൂറിയിൽ എത്തി. കാഷ്ഠം ദേശസാത്കരിച്ചപ്പോൾ പെരുമാളിന് വയസ്സ് എൺപതായിരുന്നു. കാലം പെരുമാളിനൊപ്പം തളം കെട്ടി നില്ക്കുന്ന തുരുത്ത്. പിന്നീട് സ്പീഡിന് പുറകെയായി. പെരുമാൾ പല്ലക്ക് കസേര എന്നത് വഞ്ചി ഹെലി

കോപ്റ്റർ എന്നിവയായി മാറുന്നു. പെരുമാൾ ഹെലികോപ്റ്ററിൽ കറങ്ങാൻ തുടങ്ങിയപ്പോൾ പക്ഷികൾ ആ തുരുത്ത് വിട്ടുപോകാൻ തുടങ്ങി. ആ രാജ്യത്തിന്റെ സാമ്പത്തികാവസ്ഥ തകർന്നു. ആളുകൾ പാലായനം ചെയ്തു.

ഒരു വെള്ളിയാഴ്ച്ച കായലിലെ പള്ളിയിൽ നിസ്കരിക്കരിക്കണമെന്ന് പറഞ്ഞ് ബിസ്മാർക്ക് ചുണ്ടനെ ഇറക്കി പെരുമാൾ. അത് ഒരുപാട് വള്ളങ്ങളെ മറിച്ചിട്ടു. എതിരെ വന്ന ചുണ്ടൻ ഇടിച്ച് കായലിന്റെ അടിയിലേക്കു താണു. പെരുമാളിന്റെ ശവം തൊടാൻ പക്കീരികൾ പോലും ഭയന്നു. ഒടുവിൽ ഈച്ചര വാരിയർ വന്ന് അയാളെ ജീവിപ്പിക്കുന്നതിനു മുമ്പ് സ്പീഡ് ബോട്ടിൽ ആ ശവം മാത്രമാക്കി ഓടിച്ചു വിട്ടു. ഈശ്വരവാര്യർ വന്ന് പെരുമാളിനെ ജീവിപ്പിക്ക രുതെന്ന് അവിടത്തെ മനുഷ്യർ ആഗ്രഹിക്കുന്നു. പത്തുദിവസം കഴിഞ്ഞ് ശവം കരയ്ക്കടിഞ്ഞു. കാലത്തേയും ഒപ്പം സ്ഥലത്തേയും വരുതിയിൽ നിർത്തുന്ന പെരുമാളിന് മരണത്തെ ജയിക്കാൻ സാധച്ചില്ല. കാലം ഒരിക്കലും മനുഷ്യനിയ ന്ത്രിതമല്ല എന്ന് ഈ കഥ ഓർമ്മിപ്പിക്കുന്നു. അധികാരത്തിന്റ സ്ഥലകാലപരി സരങ്ങളെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നു. അധികാര മോഹികളെ വിമർശന വിധേയമാക്കുന്നതിന് എഴുത്തുകാരൻ കണ്ടെത്തിയ സ്ഥലം മസൂറി യെന്ന ദ്വീപാണ്. അവിടത്തെ ജനങ്ങളാകട്ടെ പെരുമാൾഭരണത്തിൽ അസംതൃ പ്തരും. എന്തുവന്നാലും ഈച്ചരവാരിയർ വന്ന് രക്ഷിക്കുമെന്ന് കരുതുന്ന പെരു മാൾ എന്ന കഥാപാത്രം അധികാരത്തിന്റെ ദുഷിച്ച വശങ്ങളെ ബോധ്യപ്പെടു ത്താനുള്ള ആഖ്യാന പരിപ്രേക്ഷ്യമായി മാറുന്നു.

മണ്ഡോദരി എന്ന കഥയിൽ രാമായണ കഥയോട് സാധർമ്മ്യം കാണാം. പഞ്ചഗുസ്തിക്കാരൻ റെയ്മോൺ ഏഴുപേരെ തോൽപ്പിച്ചാണ് സീറ്റാ ജോഹൻസിനെ കല്ല്യാണം കഴിച്ചത്. കഥ നടക്കുന്ന സ്ഥലം ഗോവയിലെ അഞ്ചുന കടൽത്തീരത്താണ്. സീറ്റാജോഹൻസ് ഏഴുപേരെ പഞ്ചഗുസ്തിയിൽ തോൽപ്പിക്കുന്നവനെ മാത്രമേ വിവാഹം കഴിക്കൂ എന്ന് തീരുമാനിച്ചിരുന്നു. അതുകേട്ടാണ് റെയ്മോൺ ഏഴുപേരെ പഞ്ചഗുസ്തിയ്ക്കായി വെല്ലുവിളിച്ചത്. ഇതറിഞ്ഞ കൽവിം ദ്വീപിൽ താമസിക്കുന്ന റാഫേൽ കടപ്പുറത്ത് എത്തി. സീറ്റാ

ജോഹൻസിനെ കണ്ട അയാൾ അവളിൽ ആകൃഷ്ടനായി. റാഫേൽ മയക്കുമരുന്നു സംഘക്കാരുടേയും ഗുണ്ടകളുടേയും നേതാവും പേരുകേട്ട പഞ്ചഗുസ്തികാരനുമായിരുന്നു. അയാളുടെ ഭാര്യ മാന്റി. സീറ്റയെ കണ്ടശേഷമുള്ള റാഫേലിന്റെ മാറ്റത്തെ മാന്റി തിരിച്ചറിയുന്നുണ്ട്. ഒടുവിൽ ഒരു ദിവസം റാഫേൽ റെയ്മോണിന്റെ ഭാര്യയായിരുന്ന സീറ്റാജോഹൻസിനെ തട്ടികൊണ്ടു വന്നു. മാന്റി എതിർത്തു.

"കൽവിമിൽ തന്നെയുള്ള അശോകമരങ്ങളുടെ നീണ്ട മറ മറയ്ക്കുന്ന ഒരു പഴയ പോർച്ചുഗീസ് ബംഗ്ലാവിലാണ് റാഫേൽ സീറ്റാ ജോഹൻസിനെ പാർപ്പിച്ചത്"[24] സീറ്റയെ അവിടെ നിന്നും രക്ഷിക്കാൻ മാന്റി ശ്രമിച്ചെങ്കിലും, തന്നെ റെയ്മോൺ വന്നു രക്ഷിക്കണമെന്ന് സീറ്റ വാശിപിടിച്ചു. താൻ ഗർഭിണിയാണെന്നും റെയ്മോൺ വന്നില്ലെങ്കിലും തന്റെ കുഞ്ഞുങ്ങളെ വളർത്തികൊണ്ട് ഇവിടെ ജീവിക്കുമെന്നും മാന്റിയോട് അവൾ പറഞ്ഞു.

റെയ്മോൺ സീറ്റയെ രക്ഷിക്കാനെത്തിച്ചേരുന്നു. പഞ്ചഗുസ്തി പിടിക്കാൻ റെയ്മോൺ റാഫേലിനെ വെല്ലുവിളിച്ചു. മാന്റിയുടെ കരച്ചിൽ കണ്ട റാഫേലിന്റെ മനസ്സിടറി. റെയ്മോൺ അയാളെ തോൽപ്പിച്ച് സീറ്റയെകൊണ്ട് റാഫേലി ഹാർലി ഡെവിഡ്സൺ സ്റ്റാർട്ടാക്കി പോന്നു. അയാൾ അവളെ കൊണ്ടുപോയത് ഇരുമ്പയിര് ഖനിക്കുന്ന തരിശുപറമ്പിലായിരുന്നു. സീറ്റയെ റെയ്മോൺ ചോദ്യം ചെയ്യുന്നു. 'നിന്നെ അയാൾ വല്ലതും ചെയ്തിട്ടുണ്ടോ? ഈ ചോദ്യം ചെയ്യലിനൊടുവിൽ പെട്രോൾ ഒഴിച്ച് സീറ്റയെ കത്തിക്കുന്നു. 'എന്റെ വയറ്റിൽ നിങ്ങളുടെ കുട്ടികളാണ്' എന്നവൾ വിളിച്ചുപറയുന്നുണ്ട്. തീയുമായി ഒരു പൊട്ടക്കുളത്തിലേക്ക് ചാടുന്നു. അപ്പോൾ ജെസിബി കൊണ്ട് വന്ന് മണ്ണിട്ട് അവളെ മൂടി. കുളം മുഴുവൻ നികത്തിയതിനു ശേഷം റെയ്മോൺ പട്ടണത്തിലെത്തി കുപ്പത്തൊട്ടിയിൽ കടക്കാർ ഉപേക്ഷിച്ച ഒരു പ്ലാസ്റ്റിക് ബൊമ്മയെടുത്ത് ബൈക്കിനു പുറകിൽ വെച്ച് 'ഇനി നിന്നേയും വച്ച് ഞാൻ അഞ്ചുനയും ഗോവയിലെ എല്ലാ ബീച്ചുകളും പിടിച്ചെടുക്കും എന്ന് പറയുന്നു. സ്ഥലകാലങ്ങളെ ഇപ്രകാരം അടയാളപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം.

'അസ്തമിക്കുന്ന സൂര്യന്റെ ചുവന്ന വട്ടത്തിന്റെ നടുവിൽ' (പു.46)

'അസ്തമയം കഴിഞ്ഞ് കടൽ കറുക്കുവാൻ തുടങ്ങിയ നേരത്ത്' (പു.46)

'കരയിൽ നിന്നു വൈകുന്നേരം തിരിച്ചു വീശുന്ന കാറ്റ്' (പു. 46)

'കൽവിം രാത്രിയുടെ  നിശ്ബ്ദത തകർത്ത്' (പു. 51)

എന്നിങ്ങനെ കാലസൂചനകൾ സംഭവവിവരണത്തിനനുസരിച്ച് കാണാൻ സാധിക്കുന്നുണ്ട്. പഞ്ചഗുസ്തി മത്സരം നടക്കുന്നത് അഞ്ചുനയിൽ വെച്ചാണ് റാഫേൽ സീറ്റയെ തട്ടിക്കൊണ്ടുപോകുന്നത് കാൽവിം ദ്വീപിലേക്കാണ്. കടൽത്തീരം, കാൽവിം, ഫെറി, പോർച്ചുഗീസ് ബംഗ്ലാവ്, തരിശുനിലം, പട്ടണം എന്നിങ്ങനെ നിരവധി സ്ഥലസൂചനകൾ കഥയിൽ കാണാം.

രാമായണ കഥയുടെ പുനർസൃഷ്ടിയാണ് മണ്ഡോദരി എന്ന കഥ. റെയ്മോൺ–രാമൻ, സീറ്റ–സീത, റാഫേൽ–രാവണൻ, മാന്റി–മണ്ഡോദരി എന്നിങ്ങനെ കഥാപാത്രങ്ങളെ പുതിയ സ്ഥലകാലങ്ങളിലേക്ക് പറിച്ചുനടന്നു. പുതിയ സ്ഥലത്തിന് അനുയോജ്യമാം വിധത്തിൽ കഥാതന്തുവിനെ വികസിപ്പിക്കുമ്പോൾ ആധുനിക കാലത്തിന്റെ ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്ന്  വ്യതിചലിക്കാതെ പുതുപാഠ നിർമ്മിതി സാധ്യമാകുന്നു.

താരാ ഫെർണാണ്ടസ് എന്ന കഥ ബാലി സുഗ്രീവൻമാരുടേയും താരയുടേയും കഥയുടെ മറ്റൊരു തരത്തിലുള്ള ആഖ്യാനമാണ്. വാലറി ഫെർണാണ്ടസിന്റെ ഗോവയിൽ നടക്കുന്ന ശവമടക്ക് അവതരിപ്പിച്ചു കൊണ്ടാണ് ഈ കഥയുടെ തുടക്കം. മോട്ടോർ സൈക്കിളുകളുടേയും കടലിന്റെ ഇരമ്പമായിരുന്നു ചരമശുശ്രൂഷയുടെ പശ്ചാത്തലസംഗീതം. വാലിയുടെ ഭാര്യയാണ് താര, മകൻ ആൻഡ്രൂസ്. പഞ്ചഗുസ്തിക്കാരനായിരുന്ന വാലി അഷ്വെ ബീച്ചിനടുത്തുള്ള പഴയവീട്ടിൽ അവരുടെ വാലിയുടെ മരണമടക്കിനു ശേഷം മടങ്ങിയെത്തിയ താരാ ഫെർണാണ്ടിന്റെ ഓർമ്മകളിലൂടെയാണ്  കഥ അവതരിപ്പിക്കുന്നത്. വിവാഹത്തിന്റെ ആദ്യദിനങ്ങളിൽ തന്നെ വാലിയുടെ അസാധാരണമായ പെരുമാറ്റം താരയെ അസ്വസ്ഥയാക്കി. എട്ടുവയസ്സുകാരനായ അനിയൻ സാക്കി

നോട് മൃഗീയമായി അയാൾ പെരുമാറി. ഇടയ്ക്കിടെ അപ്രത്യക്ഷനാകുന്ന വാലി യെക്കുറിച്ചറിയാൻ താര സാക്കിനെയും കൂടെ ആരംബോലിലേക്ക് പോയി. അവിടെ ഒരു ബംഗ്ലാവിൽ ഏകാകിയായി 'എഴുത്ത്' നടക്കാൻ പരിശ്രമിക്കുക യായിരുന്നു. എഴുത്താനുള്ള വാക്കുകൾക്ക് വേണ്ടി പ്രാർത്ഥിക്കുന്ന വാലേ റിയെ കണ്ട് താര പൊട്ടിച്ചിരിക്കുന്നു. പിന്നീട് അവൾ സാക്കിനൊപ്പം തിരിച്ചു പോരുന്നു.

നീലും വാലിയും തമ്മിലുള്ള പഞ്ചഗുസ്തി മത്സരം കാണാനെത്തിയ സാക്കിന്റെ കാമുകി റൂമ വാലിയെ ആകർഷിക്കുന്നു. സാക്കിന്റെ കാമുകിയെയും കൊണ്ട് അയാൾ പോകുമ്പോൾ താരയ്ക്കും സാക്കിനും അയാളെ തടയാൻ കഴിഞ്ഞില്ല. പിന്നീട് മോട്ടോർ സൈക്കിളിൽ പോയിരുന്ന വാലിയെ റോഡിൽ വെച്ച് ആരോ പുറകിൽ നിന്നും വെടിവെച്ചു കൊന്നു. അയാളുടെ മരണശേഷ മുള്ള അത്താഴം കഴിഞ്ഞപ്പോൾ  റൂമ താൻ പോകുകയാണെന്നും സാക്കി നോട് നീ താരയുമൊത്ത് ജീവിക്കുക. വാലിയുടെ വിധവയായി കഴിഞ്ഞോളാം എന്നിങ്ങനെ പറഞ്ഞ് പോകുന്നു. ബാലി സുഗ്രീവ കഥയുമായി, സാധർമ്മ്യം തോന്നുന്ന ഈ കഥ ആരും തോൽപിക്കാൻ കഴിയാത്ത  പഞ്ചഗുസ്തിക്കാര നായ വാലിയുടെ കഥയാണ്. ഗോവ അഷെം കടപ്പുറമാണ് പ്രധാന സ്ഥലം. കാലത്തെക്കുറിച്ച് സാമാന്യമായ വിവരണം മാത്രമാണുള്ളതെങ്കിലും ബാലി-സുഗ്രീവ കഥ പുതിയ കാലത്ത് നടന്നാൽ അത് ഒരു പക്ഷേ ഇത്തരത്തി ലാകാം.

കുന്തിയും ഹെമ്മിങ്ങ്‌വേയും എന്ന കഥയിൽ ഏകാകിനിയായി ഒരു ഫ്ളാറ്റിൽ ജീവിക്കുന്ന കുന്തി എന്ന സ്ത്രീയുടെ കഥ പറയുന്നു. ഫ്ളാറ്റാണ് കഥാസ്ഥലം. കുട്ടിക്കാലത്ത് തന്നെ കുന്തിക്കും അച്ഛനും പക്ഷികളോട് താൽപ ര്യമുണ്ടായിരുന്നു. എന്നാൽ അച്ഛന്റെ മരണശേഷം പുറത്ത് വട്ടമിട്ട് പറക്കുന്ന പക്ഷികളെയെല്ലാം അവൾ ഭയന്നു. പേടിയിൽ രണ്ട് തവണ ആത്മഹത്യയ്ക്ക് ശ്രമിച്ചു. നിന്റെ പേര് പുരാണത്തിലെ കുന്തിയുടേതല്ലെന്നും, നീ സൈലന്റ് വാലിയിലൂടെ ഒഴുകുന്ന കുന്തിപ്പുഴയിലെ കുന്തിയാണെന്നും അച്ഛൻ അവളോട്

പറയുമായിരുന്നു. ഒരിക്കൽ അച്ഛന്റെ സുഹൃത്തായ ദുർഗ്ഗാദാസ് അവരുടെ വീട്ടിലെത്തിയപ്പോൾ അയാൾക്ക് കുടിക്കാൻ വെള്ളവും ഒരൊഴിഞ്ഞ ഗ്ലാസ്സുമായി അവൾ ചെന്നു. അയാൾക്ക് അതിഷ്ടമായി. അയാൾ ഹെമിങ്ങ്വെയെക്കുറിച്ച് അവൾക്ക് പറഞ്ഞുകൊടുത്തു. 'ആർക്കുവേണ്ടി മണിമുഴങ്ങുമ്പോൾ' എന്ന നോവലിൽ ഇണചേരുമ്പോൾ അതിന്റെ മൂർധന്യത്തിൽ ഭൂമി അനങ്ങണമെന്ന വാക്യം അവളെ ഓർമ്മിപ്പിച്ചുകൊണ്ട് അയാൾ പോയി. അച്ഛന്റെ മരണ ശേഷം അവൾ മദ്യത്തിനടിമയായി. ദീർഘദൂര ഓട്ടക്കാരിയായിരുന്നു അവർ. പരിശീലകനായിരുന്ന സൂര്യൻ, അമ്മയുടെ ചേട്ടന്റെ മകനായ ധർമ്മൻ, വള്ളങ്ങളുടെ ഉടമയായ പവൻ, ദേവരാജ് എന്നിവരുമായി ബന്ധപ്പെടുന്നു. ദേവരാജന്റെ അരികിൽ നിന്ന് അപ്പാർട്ട്മെന്റിലെത്തുന്ന അവൾ തോക്കെടുത്ത് വെടിവെച്ച് മരിക്കുന്നു. അവളുടെ ഹൃദയത്തിലും പുറത്തുമുള്ള പക്ഷികളെ ഓടിക്കാൻ അവൾ കണ്ട വഴിയാണത്. ഫ്ളാറ്റ്, കടൽത്തീരം, സെമിത്തേരി എന്നിവയാണ് കഥ നടക്കുന്ന സ്ഥലങ്ങൾ.

"ഒരൊറ്റ ഇന്നലെ, കുന്തിക്കുവേണ്ടിയിരുന്നത് അതായിരുന്നു. ഒരു ഇന്നലെ ദിനരാത്രങ്ങളെ പകുത്തിടുന്ന ഉറക്കം നഷ്ടപ്പെട്ട് അവൾ ജീവിക്കുന്ന ദിവസങ്ങളുടെ കണക്കുതന്നെ തെറ്റിയിരിക്കുന്നു."[25]

"കാലം ആവർത്തനവിരസമായ തുടർച്ചയായി. ഇന്നലെകൾ നഷ്ടപ്പെട്ടതിനെക്കുറിച്ച്, കുന്തിക്കു വിഭ്രാന്തി തുടങ്ങിയപ്പോൾ"[26]

നഷ്ടപ്പെട്ട ഭൂതകാലത്തെ തിരിച്ചു പിടിക്കാൻ ശ്രമിക്കുന്ന കുന്തിക്ക് അതിനു സാധിക്കുന്നില്ല. അച്ഛന്റെ ഓർമ്മകളും കുട്ടിക്കാലത്തെ പക്ഷികളോടുള്ള താല്പര്യവും ഭൂതകാലത്ത് നിന്ന് വർത്തമാനത്തിലെത്തി കുന്തിയെ വിഷമിക്കുകയും ചെയ്യുന്നു. ധർമ്മൻ, പവൻ, സൂര്യൻ, ദേവരാജ് എന്നിവർ പുരാണ കഥാപാത്രമായ കുന്തിയുടെ മക്കളുടെ പിതാക്കളായിരുന്ന ധർമ്മരാജൻ വായുദേവൻ, സൂര്യൻ, ദേവേന്ദ്രൻ എന്നിവരെ അനുസ്മരിപ്പിക്കുന്നു. കുന്തിയ്ക്ക് ഹെമിങ്ങ് വേയുടെ കഥപറഞ്ഞു കൊടുക്കുന്ന ദുർഗാദാസ് ദുർവാസവ് മഹർഷിയെയും ഓർമ്മിപ്പിക്കുന്നു. എന്നാൽ ഏകാകിനിയായി ജീവിതം തള്ളി നീക്കു

മ്പോൾ കുന്തി ഭൂതകാലത്തെ സ്നേഹിക്കുകയും പക്ഷികളെ ഭയക്കുകയും ചെയ്തു. പക്ഷികൾ കുന്തിയുടെ മനസ്സിന്റെ ചിന്തകളായും കണക്കാക്കാം. ഒടുവിൽ ഹെമിങ്‌വേ ചെയ്തതുപോലെ തോക്കെടുത്ത് മരണത്തെ വരിക്കുന്നു. സ്ഥലകാലങ്ങളുടെ അവതരണം കുന്തിയുടെ മനസ്സിനെ ബോധ്യപ്പെടുത്താനുള്ള മാർഗം കൂടിയാണ്. ആഖ്യാനത്തിൽ കടന്നുവരുന്ന ഇതിഹാസ പശ്ചാത്തലം സ്ഥലകാലത്തിന്റെ മറ്റൊരു നിർമ്മിതിയാണ്. കുന്തിയുടെ മനസ്സാണ് ആകാശത്ത് വട്ടമിട്ട് പറക്കുന്ന പക്ഷികൾ. ഭൂതകാലവും വർത്തമാന കാലവും സമ്മിശ്രമായി കടന്നുവരുന്നു.

അശ്ലീല വാരികയും പത്രാധിപരും രമണിക്കുട്ടിയും എന്ന കവിതയിൽ 'ചീ' എന്ന ശബ്ദം അഞ്ചുവയസ്സുമുതൽ പിന്തുടരുന്ന രമണികുട്ടി മത്താപ്പ് അശ്ലീലവാരികയുടെ പത്രാധിപരായിരുന്ന മണികണ്ഠൻനായരുടെ മകളാണ്. ബാംഗ്ളൂരിലും മദ്രാസിലുമാണ് നാണക്കേടിൽ നിന്ന് രക്ഷപ്പെടാൻ രമണിക്കുട്ടി പഠിച്ചത്. മത്താപ്പ് എന്ന അശ്ലീലവാരികുടെ ഉടമയുടെ മകളായതിനാൽ അവളുടെ വിവാഹാലോചനകൾ മുടങ്ങി. ഒടുവിൽ അവൾ കൽപ്പറ്റയിൽ പോയി സ്ക്കൂളിൽ ജോലി നോക്കുന്നു. അച്ഛന്റെ മരണവിവരം അറിഞ്ഞ് തിരിച്ചെത്തുന്നു. അസ്ഥി ആലുവപ്പുഴയിൽ ഒഴുക്കാൻപോകുമ്പോൾ അച്ഛൻ റെക്കോർഡ് ചെയ്തു വച്ചിരുന്ന അയാളുടെ സംഭാഷണങ്ങൾ അവൾ കേൾക്കുന്നു. അസ്ഥി ഒഴുകി തിരിച്ചുവരുമ്പോൾ ആ സംഭാഷണങ്ങളിലൊന്നും അച്ഛൻ രമണിക്കുട്ടിയെ പരാമർശിക്കുന്നില്ല എന്ന് തിരിച്ചറിയുന്ന അവൾക്ക് കാലുകൾ കുഴയുന്നതായി തോന്നി. പിതാവിന്റെ മനസ്സിനെ മനസ്സിലാക്കാൻ അപ്പോഴാണ് അവൾക്ക് സാധിക്കുന്നത്. ഒരു കാലഘട്ടത്തിന്റെ ആവശ്യത്തെയാണ് മത്താപ്പ് നിർവ്വഹിച്ചിരുന്നതെന്ന് മണികണ്ഠൻ വിശ്വസിച്ചിരുന്നു.

"ഒന്നുമില്ലെങ്കിലും മത്താപ്പ് നാലഞ്ചു തലമുറകളുടെ കുമിഞ്ഞു കൂടുന്ന വികാരങ്ങൾ പുറത്തുവിട്ടിരുന്ന ഒരു വാൽവായിരുന്നു. അതുകൊണ്ട് പല റേപ്പുകളും തടയാൻ പറ്റിയെന്നു ഞാൻ വിശ്വസിക്കുന്നു. മത്താപ്പിൽ ഒരു ചെറിയ സോഷ്യലിസം കൂടി ഉണ്ടെന്നു ഞാൻ പറയട്ടെ. ഇന്റർനെറ്റ് പണക്കാരുടേ

താണ്. മത്താപ്പ് എല്ലാവരുടെയും"[27] ഒരു കാലഘട്ടത്തിന്റെ സ്പന്ദനമായിരുന്ന മത്താപ്പ് വാരികയുടെ പത്രാധിപർ മണികണ്ഠനിലൂടെ സ്ഥലകാലങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്നു.

കടപ്പുറത്ത് ഒരു സായാഹ്നം എന്ന കഥയുടെ പേരുതന്നെ സ്ഥലകാലങ്ങളെ വ്യക്തമാക്കുന്നു. കടപ്പുറത്ത് പിറന്നാൾ ആഘോഷിക്കാൻ വന്ന കുടുംബത്തിന്റെ കഥയാണിത്. മൂത്തമകൻ സലീമിന്റെ പിറന്നാൾ ആഘോഷിക്കാൻ കടപ്പുറത്തെത്തിയ സൈറ-ഹമീദ് ദമ്പതികൾ, സലിം, അൻവർ, അസീസ്, ഫാത്തിമ നാലുകുട്ടികൾ. എപ്പോഴും പുസ്തകം തുറന്നു പിടിച്ചിരിക്കുന്ന സലിം മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനായിരുന്നു. കടപ്പുറത്ത് വെച്ച് കുട്ടികൾ കളിക്കുന്നു. എന്നാൽ ആ കളി ടി.വി.ചാനലുകളിലെ അവതാരകരെപോലെ അഭിനയിച്ചുകൊണ്ടായിരുന്നു എന്നാൽ തോപ്പുംപടിയിൽ എത്രപേരെ കൊന്നു. മറൈൻഡ്രൈവിൽ മുപ്പതുപേരെ കൊന്നു എന്നിങ്ങനെ വാർത്താവതാരകരെ അനുകരിക്കാൻ തുടങ്ങിയപ്പോൾ സൈറ ഓടിച്ചെന്ന് സലീമിനെ അടിയ്ക്കുന്നു. പിന്നീട് സൈറ കടപ്പുറത്ത് വെച്ച് പ്രാർത്ഥിക്കുന്നു. അതിനുശേഷം കരയുന്ന സലീമിനെ ആശ്വസിപ്പിക്കുന്നു. കഥ നടക്കുന്നത് കടപ്പുറത്താണെങ്കിലും അത് സമകാലിക പ്രാധാന്യമുള്ളതാണ്. കുട്ടികൾ അനുകരണ ശീലമുള്ളവരാണ്. കൊലപാതകങ്ങളെ താൽപര്യപൂർവ്വം നോക്കികാണുന്ന കുട്ടികൾ അതിനെ നിസാരവത്ക്കരിക്കുന്നു. ആ ചിന്താഗതിയിൽ നിന്ന് അവരെ മാറ്റാനാണ് സൈറ പ്രതികരിക്കുന്നത്.

"ആകാശത്ത് ചെമ്മാനം പൂത്തിരുന്നു. സൂര്യനും മേഘങ്ങളും വളരെ ചുവന്നതായിരുന്നു. കടലിന്റെ നിറമാകട്ടെ കരിനീലയും. അന്നത്തെ അസ്തമനം ഫോട്ടോഷോപ്പിൽ ചെയ്തതുപോലെ ആയിരുന്നു."[28] ഇപ്രകാരം ആ സന്ധ്യയെ അടയാളപ്പെടുത്തിയിരിക്കുന്നു. പുതിയ സ്ഥലകാലങ്ങൾ സൃഷ്ടിക്കുന്ന ദാരുണമായ സ്വാധീനങ്ങളെയാണ് കടപ്പുറത്ത് ഒരു സായാഹ്നം എന്ന കഥ മുന്നോട്ടു വെയ്ക്കുന്നത്.

വിവാഹത്തലേന്ന് തന്റെ കൂട്ടുകാരികളുമായി വരന്റെ ബാച്ചിലർ പാർട്ടിയ്ക്ക് ചെല്ലുന്ന മല്ലികയ്ക്ക് അവിടെയെത്തുമ്പോൾ എഴുപതുകളിലെ വസ്ത്രങ്ങളിഞ്ഞവരെയാണ് കാണുന്നത്. മല്ലികയുടെ വരനായ സുരേഷിന്റെ പെരുമാറ്റം മല്ലികയിൽ മടുപ്പുളവാക്കുന്നു. വിവാഹദിനത്തിന്റെ പ്രഭാതത്തിൽ എനിക്ക് കല്ല്യാണം വേണ്ടയെന്നു അമ്മയോട് പറയുമ്പോൾ എല്ലാ പെൺകുട്ടികൾക്കുള്ള തോന്നലായി അതിനെ കാണുന്നു. മല്ലികയുടെ വീട്, ഫ്ളാറ്റ്, എന്നിവയാണ് കഥ നടക്കുന്ന സ്ഥലം. രാത്രിയിലാണ് ബാച്ചിലർ പാർട്ടി നടക്കുന്നത്. മല്ലികയുടെ തോന്നലുകളെ കാലത്തിന്റെ നൈമിഷികമായ ഒന്നായാണ് അമ്മ കാണുന്നത്. സ്ഥലകാലങ്ങൾ കടന്നുവരുന്നത് സാധാരണ സംഭവമെന്ന നിലയിലാണ്.

ലോട്ടറിക്കാരനായ പതിനാലു വയസ്സുകാരന്റെ കഥയാണിത്. തക്കാളി വാസു എന്ന പരിചയക്കാരൻ കട്ട മുതലുകൾ വിൽക്കാൻ മോഹനനെ ഏൽപിക്കുമ്പോൾ അവന് അതെല്ലാം മോഷ്ടിച്ചതാണെന്ന് അറിയില്ലായിരുന്നു. ഒടുവിൽ പോലീസ് അറസ്റ്റു ചെയ്തു. സദനത്തിലെത്തിയ അന്ന് രാത്രി മുതൽ വടക്കൻ വീരഗാഥ സിനിമ സ്വപ്നത്തിൽ കാണാൻ തുടങ്ങി. സിനിമ കൊട്ടകയിൽ ഇരുന്ന് അമ്മയോടൊപ്പം സിനിമ കാണുന്നതായി സ്വപ്നം കണ്ടു. വൈദ്യ പരിശോധനയ്ക്ക് എത്തിയ ഡോക്ടർ വയസ്സ് കൂട്ടിയെഴുതുമെന്ന് പറഞ്ഞ് വൈകുന്നേരത്തിനകം ഇരുപതിനായിരം രൂപ ആവശ്യപ്പെടുന്നു. പലതവണ ആവർത്തിക്കുന്നു. ഒടുവിൽ മോഹന്റെ അമ്മ അയാളുടെ ഇംഗിതത്തിനു വഴങ്ങുന്നു. ഡോക്ടറെ വധിക്കാൻ അയാളുടെ വീട്ടിലെത്തുമ്പോൾ അവിടെ അമ്മയെ കണ്ട് മോഹൻ തിരിച്ചുപോരുന്നു. കബീർ എന്നയാളിനെയും കൂട്ടി പിന്നീട് ഡോക്ടറെ വധിക്കാൻ ശ്രമിക്കുന്നു. എന്നാൽ അമ്മയെ ഓർമ്മ വരുമ്പോൾ കബീറിനെ അതിൽ നിന്ന് പിന്തിരിപ്പിയ്ക്കുന്നു. ആധുനിക കാലത്ത് മനുഷ്യൻ എത്തിപ്പെടുന്ന ദാരുണമായ അവസ്ഥാഭേദങ്ങൾ ഈ കഥ പങ്കുവെയ്ക്കുന്നു.

ജീവിതത്തിന്റെ പല മുഖങ്ങളും കാലത്തെ പ്രതിഫലിപ്പിക്കുന്നത് വ്യത്യസ്തമായാണ്. സാധാരണക്കാരനായ ഒരുവന് സംഭവിക്കുന്ന ചെറിയ തെറ്റ് മറ്റുള്ളവരുടെ ഇടപെടലിലൂടെ മറ്റൊരു തലത്തിലെത്തിക്കുന്നു. മോഹനൻ വടക്കൻ വീരഗാഥ സിനിമ കാണുന്നതിലൂടെ ചേകവൻമാരെക്കുറിച്ച് ചിന്തിക്കുന്നുണ്ട്. ആ സ്വപ്നം സ്ഥലകാലങ്ങളെ കഥാഖ്യാനത്തിലെക്ക് കൊണ്ടു വരുന്നുണ്ട്. അമ്മയുടെ കണ്ണിന്റെ വെള്ളകൾ ഓർക്കുമ്പോഴാണ് കൊലപാതകത്തിൽ നിന്ന് പിന്തിരിയുന്നത്. ഒരിക്കൽ മകനെ രക്ഷിക്കാൻ പണമില്ലാതിരുന്നപ്പോൾ അമ്മയുടെ കണ്ണുകൾ ഇത്തരത്തിലായിരുന്നു. ഇനിയും ആ അവസ്ഥ ഇനിയും വരും എന്ന തിരിച്ചറിവ് മോഹനുണ്ടാകുന്നു. സ്ഥലകാലങ്ങൾ സംഭവാഖ്യാനത്തെ മുന്നോട്ടുനയിക്കുന്ന ഘടകങ്ങളായി ഈ കഥയിൽ കടന്നുവരുന്നു.

പട്ടാളവിപ്ലവം എന്ന കഥയിൽ സുരക്ഷാ ഉദ്യോഗസ്ഥനായ രാംസിങ്ങിന്റെ പ്രതിഷേധത്തിന്റെ ഭാഗമായി പട്ടാളവിപ്ലവമുണ്ടാകുന്നു. ദീപാവലിക്കുപോലും അവധി നൽകാതെ പണിയെടുപ്പിച്ചു. രാത്രിയും പകലും എന്ന വ്യത്യാസമില്ലാതെ കാവൽ നിന്നു. ഒടുവിൽ തുറക്കലും അടയ്ക്കലും നിറുത്തികൊണ്ട് അയാൾ പ്രതിഷേധിച്ചു. തന്റെ ഒപ്പമുള്ളവർക്ക് നിർദ്ദേശവും നൽകി. ടി.വി. കൾ നിലച്ചു. ടെലിഫോൺ ശബ്ദിക്കാതായി. പിന്നീട് ഈ വിപ്ലവത്തിൽ തേപ്പുകാർ, ലിഫ്റ്റിൽ പണിയെടുക്കുന്നവർ, തയ്യൽക്കാർ, സൈക്കിൾ റിക്ഷാക്കാർ, വീട്ടമ്മമാർ എന്നിവരെല്ലാം പങ്കെടുത്തു. ഒടുവിൽ രാംസിങ്ങ് പ്രധാനമന്ത്രിയായി. അപ്പോളാണ് ഭാര്യ കൈത്തണ്ടയിൽ ബ്ലേഡ് വെച്ച് മുറിച്ച് ആത്മഹത്യ ചെയ്യാൻ ശ്രമിച്ചെന്ന് അയാൾ അറിഞ്ഞത്. ഈ ദീപാവലി അടുക്കാറായി എന്ന് മനസ്സിലാക്കിയ അയാൾ ഭരണം ഒഴിയാൻ തയ്യാറായി. നാട്ടിലേക്ക് മടങ്ങാനായി ഭരണം ആരെയെങ്കിലും ഏൽപിക്കാൻ ശ്രമിച്ചപ്പോൾ എല്ലാവരും ഒഴിഞ്ഞുമാറി. ഒടുവിൽ ആക്രി കച്ചവടക്കാരുടെ നേതാവായ ഭഗവാൻ മെഹ്ത്തേ പഴയസാധനങ്ങൾ കൊണ്ടുനടക്കുന്നതിഷ്ടമാണെന്നും താൻ ഏറ്റെടുത്തോളാമെന്നും പറയുന്നു. അധികാരം ഒരു പാഴ്വസ്തുവായി മാറുന്ന കാലഘട്ട

മാണിത്. ഈ കഥയിൽ സ്ഥലകാലങ്ങളുടെ നിർമ്മിതി അധികാരവുമായി ബന്ധപ്പെട്ട് പ്രശ്നവത്കരിക്കുന്നു. അധികാരം ഒരു ഭാരമാണെന്ന് രാംസിങ്ങ് തിരിച്ചറിയുന്നു.

## 2.4 ചെറുകഥകളിലെ സ്ഥലകാലമുദ്രകൾ

എൻ.എസ്.മാധവന്റെ ആദ്യകഥയായ 'ശിശു' ശ്രദ്ധിക്കപ്പെട്ടിരുന്നെങ്കിലും കഥാലോകത്ത് അദ്ദേഹം ശ്രദ്ധേയനാകുന്നത് 'ഹിഗ്വിറ്റ' എന്ന കഥാസമാഹാരത്തോട് കൂടിയാണ്. ഭാഷാപരമായും ചരിത്രപരമായുമുള്ള കാഴ്ചപ്പാടുകളെ ഈ കഥകളിൽ കാണാൻ സാധിക്കും. ചൂളൈമേടിലെ ശവങ്ങൾ, വൻമരങ്ങൾ വീഴുമ്പോൾ, തിരുത്ത്, നിലവിളി എന്നിവയിൽ ചരിത്രം വിഷയമായി തീരുമ്പോൾ മുയൽവേട്ട, അമ്മ, കിച്ന ഒരു റോഡ്കഥ എന്നിവയിൽ നക്സലിസവുമായി ബന്ധപ്പെട്ട പ്രമേയപരിസരങ്ങളെ അടയാളപ്പെടുത്തുന്നു. കനകം, ശിശു, എന്റെ മകൾ ഒരു സ്ത്രീ, അഹല്യ, കേസർ, നാനാർത്ഥം എന്നിവ ഗാർഹിക പരിസരങ്ങളെയും കാണി, കാർമ്മെൻ, ആയിരത്തിരണ്ടാമത്തെ രാവ്, അനുഷ്ഠാനഹത്യകൾ, പുലപ്പേടി, ശേഷം, കത്തിയേറുകാരൻ, ഒരു പ്രണയകഥ, ശർമ്മിഷ്ഠ, ഹുമയൂണിന്റെ ശവകുടീരത്തിൽ, മണ്ഡോദരി, താരാഫെർണാണ്ടസ് എന്നീ കഥകളിൽ വിവാഹവും വിവാഹേതര ബന്ധങ്ങളും സ്ഥലകാലങ്ങളെ രൂപപ്പെടുത്തുന്ന ആശയപരിസരത്തെ സൃഷ്ടിച്ചു. താൻ ജീവിക്കുന്ന കാലഘട്ടത്തോട് നിരന്തരം കഥകളിലൂടെ സംവദിക്കുന്ന എൻ.എസ്.മാധവന്റെ കഥകളിലെ സ്ഥലകാല മുദ്രകൾ എഴുത്തുകാരന്റെ സ്ഥലകാലബോധത്തിന്റെയും കാലഘട്ടത്തിന്റെ സമസ്യകളെയും അടയാളപ്പെടുത്തുന്നു.

### 2.4.1 ദുരന്തത്തിന്റെ ജനനം

ദുരന്തത്തിന്റെ ജനനം എന്ന കഥ നിഷേയുടെ ദുരന്തസങ്കൽപം അവതരിപ്പിക്കാൻ വരുന്ന ശൈലജാമുഖർജി എന്ന ഗവേഷകയുടേയും രാഘവന്റെയും കഥയാണ്. ദൽഹിയൂണിവേഴ്സിറ്റിയിൽ തത്ത്വശാസ്ത്രത്തിൽ ഗവേഷണം നടത്തികൊണ്ടിരിക്കുന്ന ശൈലജ മുഖർജിയെ സ്വീകരിക്കാനെത്തിയ

രാഘവന് തുടക്കത്തിൽ അവരോട് യാതൊരു മമതയും തോന്നുന്നില്ല. ശൈലജ തിരുവനന്തപുരം നഗരത്തെ മൃതനഗരമായി വിലയിരുത്തുന്നു. കാൽപനികമായ ചിന്തകളും അവൾ പങ്കുവെയ്ക്കുന്നുണ്ട്. "ഇവിടുന്ന് യാത്രതിരിക്കുന്ന മേഘങ്ങൾ കൃത്യം ഒരു മാസത്തിനുശേഷം ചാന്ദ്നി ചൗക്കിന്റെമേൽ പ്രത്യക്ഷപ്പെടും"[29] ഈ പ്രസ്താവന സ്ഥലകാലദ്വന്ദ്വങ്ങളെ അമൂർത്തവത്കരിക്കുന്നു.

ഹൈക്കു എന്ന ജപ്പനീസ് കവിതാരീതിയാണ് തന്റെ ഹോബിയെന്ന് രാഘവനോട് അവൾ പറയുന്നുണ്ട്. ശിശിരത്തിൽ ചെറിബ്ലോസം വാടിവീഴുന്നതിനെക്കുറിച്ചുള്ള കവിതച്ചൊല്ലിക്കേൾപ്പിച്ചു. ഈ കവിതയും കാലത്തെ അടയാളപ്പെടുത്തുന്നതാണ്. ജപ്പാൻ, ക്യോട്ടോ, ദക്ഷിണേന്ത്യ, ചൈന എന്നീ സ്ഥലങ്ങളെക്കുറിച്ചും ബോധിധർമ്മനെക്കുറിച്ചും ശൈലജ വാചാലയാവുന്നു.

ശൈലജയ്ക്ക് തിരുവനന്തപുരം നഗരം കാണണമെന്ന ആശ പൂർത്തീകരിക്കാൻ അവർ യാത്രയാരംഭിക്കുന്നത് പത്മനാഭസ്വാമിക്ഷേത്രത്തിൽ നിന്നാണ്. ആയിരം തൂണുകൾക്കു താഴെ നടന്നപ്പോൾ ആകാശം ഒരു അസ്വസ്ഥതയായി. സാലഭഞ്ജികകളുടെ നിഷിദ്ധമായ മർമ്മരങ്ങൾക്ക് അവർ ചെവിയോർത്തു നിന്നു. അവർ മ്യൂസിയം, ചിത്രാലയആർട്ട്ഗ്യാലറി എന്നിവ സന്ദർശിക്കുന്നു. ചരിത്രകാലത്തിന്റെ അവശേഷിപ്പുകളായി ഇന്നും നിലനിൽക്കുന്ന സ്ഥലരൂപങ്ങളാണിവ. ചരിത്രം പ്രചോദിപ്പിക്കാത്ത എഴുത്തുകാരില്ല. പക്ഷേ തിരുവനന്തപുരം നഗരത്തിന്റെ സാംസ്കാരികചരിത്രത്തിലേക്ക് കഥയിൽ സൂചനകളില്ല.

ശൈലജ മലയുടെ പുത്രിയാണെന്ന് പറയുന്നിടത്ത് പ്രകൃതിബോധത്തിന്റെ അനിർവചനീയമായ തലം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. സെൻബുദ്ധിസം മുന്നോട്ടുവെയ്ക്കുന്ന പ്രകൃതിബോധത്തിൽ അടിയുറച്ചുവിശ്വസിക്കുന്ന ശൈലജ–കവടിയാർ –വെള്ളയമ്പലം റോഡിലെ വഴിവിളക്കു തകർന്നതു കണ്ട് ദു:ഖിക്കുന്നു. വിളക്കു തകരാത്ത പൂർണ്ണതയെക്കുറിച്ച് സെൻബുദ്ധിസത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. കഥയുടെ ഗതിയിൽ കടന്നുവരുന്ന സെൻബുദ്ധിസവും പ്രകൃതിബോധവുമെല്ലാം കഥയുടെ ആന്തരികചൈതന്യമായി മാറുന്നില്ല. കഥാപരിസരം തിരുവനന്തപുരം നഗരത്തിന്റെ വിവിധഭാഗങ്ങളിലായി

നീങ്ങികൊണ്ടിരിക്കുന്നു. ശൈലജയുടെ വാചാലതയിൽ ക്ഷമ നശിച്ച രാഘവൻ അവളെ ശാസിക്കുന്നു. രാഘവൻ താൻ ധ്യാനിക്കുന്ന സ്ഥലം വാനനിരീക്ഷണകേന്ദ്രം നിൽക്കുന്ന കുന്നിന്റെ മുകളിലെ സിമന്റു ബെഞ്ചിലാണ് എന്ന് പറയുന്നിടത്ത് ദാർശനികതയുണ്ട്. ധ്യാനിക്കാനായി ചൈനയിൽ പോയ ശൈലജയെ കളിയാക്കുന്നുണ്ടിത്. അപ്രാപ്യമായ ദൂരങ്ങൾ താണ്ടി സമാധാനം തേടുന്ന മനുഷ്യരുടെ പ്രതിനിധിയാണ് ശൈലജയെങ്കിൽ തനിക്ക് ചുറ്റുമുള്ള ലോകത്തിന്റെ വിശാലതയിലേക്ക് കണ്ണുതുറക്കുന്നവനാണ് രാഘവൻ.

സെമിനാറിന്റെ അവസാനത്തെ സന്ധ്യയിൽ ശൈലജയുടെ സാധനങ്ങൾ പെട്ടിയിലടുക്കുന്നതിന് അവൾ താമസിക്കുന്ന ഹോട്ടലിലെത്തുന്നു. പുനർജനിയുടെ കഥപറയുന്ന അവളെ രാഘവൻ കളിയാക്കുന്നു.

"തന്നെക്കാൾ വിപുലവും അധികാരപരവുമായ സ്ഥലരാശിയിൽ നിന്നുവരുന്ന പെണ്ണുങ്ങൾക്കു മുമ്പിലാണ് നായകപുരുഷൻ പരാജയപ്പെടുന്നത്. ദുരന്തത്തിന്റെ ജനനം എന്ന കഥയിലുള്ളത് ദൽഹി യൂണിവേഴ്സിറ്റിയിൽ നിന്നു വരുന്ന ശൈലജാമുഖർജിയാണ്. ദൽഹി/തിരുവനന്തപുരം എന്ന ദ്വന്ദ്വത്തിന്റെ അധികാരബന്ധമാണ് ശൈലജാ മുഖർജിയും രാഘവനും തമ്മിലുള്ളത്."[30]

ശൈലജ തിരിച്ചുപോകുന്നു. രതിയുടെ നിമിഷങ്ങൾ പിന്നിട്ട് റെയിൽവേ സ്റ്റേഷനിൽ രാഘവനെതിരെ മുഖം തിരിച്ചിരിക്കുന്ന ശൈലജ. രാത്രിവണ്ടിക്കാണ് അവൾ പോകുന്നതെന്ന കാലസൂചനയുണ്ട്. റെയിൽവേ സ്റ്റേഷനും രാത്രിയും സ്ഥലകാലങ്ങളെ അവതരിപ്പിക്കുമ്പോൾ കാലത്തിന്റെ പ്രവാഹത്തിനൊപ്പം നീങ്ങുന്ന കഥാപാത്രമായി രാഘവൻ മാറുന്നു. "കാലദൂരങ്ങളുടെ ഗർഭപാത്രത്തിലെന്താണ് എന്ന് കാത്തുനിന്നു. പിന്നെ രാത്രിയിലേക്കിറങ്ങി തിരുവനന്തപുരം നിശയുടെ താഴെ ഇതാ ഒരു ഒറ്റപ്പെട്ടവൻ."[31]

സ്ഥലകാലങ്ങളുടെ പ്രയാണത്തിനിടയിലൂടെ നീങ്ങുന്ന മനുഷ്യജീവിതമാണ് കഥയിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. താൻ എവിടെ നിന്നാണ് വന്നത്,

എവിടെയ്ക്കാണ് പോകുന്നത് എന്ന് അന്വേഷിക്കുകതന്നെയാണ് ഓരോ മനുഷ്യനും. തന്റെ കർമ്മഗതിയോ വിധിയോ തിരിച്ചറിയാത്ത മനുഷ്യജീവിതം തന്നെയാണ് ഈ കഥയിലും അവതരിപ്പിച്ചിട്ടുള്ളത്. ഞാനെന്തിനാണു വന്നത് എന്ന രാഘവന്റെ ചോദ്യം ധ്വനിപ്പിക്കുന്നത് അതാണ്. രാത്രിയുടെ യാമങ്ങളിൽ ഒറ്റപ്പെട്ടവനായി മാറുന്ന രാഘവൻ കാലദൂരങ്ങളുടെ ഗർഭപാത്രത്തിൽ തനിക്കായി കാത്തിരിക്കുന്നത് എന്താണ് എന്ന് തിരിച്ചറിയാത്തവനാണ്. വാഷ്ബേസനിൽ തന്റെ മുഖം തിരിച്ചറിയാൻ കഴിയാത്തവനായി അവൻ മാറുമ്പോൾ ഈ നാടിന്റെ ദുരന്തം പണ്ടേ ജനിച്ചു കഴിഞ്ഞതാണ് എന്ന് അവന്റെ മനസ്സ് പറയുന്നു. നിഷേയുടെ ദുരന്തത്തിന്റെ ജനനം എന്ന നാടകസിദ്ധാന്തം അത്യന്തികമായി രാഘവന്റെ ജീവിതത്തെക്കൂടി പ്രശ്നവത്കരിക്കുന്നു.

### 2.4.2 ഇരുളേ വിഴുങ്ങൂ

ഈ കഥയുടെ തുടക്കത്തിൽ പിതൃ-പുത്രബന്ധത്തെ അവതരിപ്പിക്കുന്നു. ശിവൻ തന്റെ പിതാവിനെ കാണുന്നത് തീൻമേശയിലെ രാജാവായാണ്. തന്റെ ജനനത്തെക്കുറിച്ച് ഇപ്രകാരം അയാൾ പറയുന്നു.

"ഇതുപോലൊരു സന്ധ്യയിലേക്കാണ് എന്നെ പെറ്റത്. സഫലീകരിക്കാത്ത വാഗ്ദാനംപോലെ, പാതി മുറിഞ്ഞു കിടന്ന എന്റെ പൊക്കിൾക്കൊടി എവിടെയാണ് ഊരിപ്പോയത്?"[32] സന്ധ്യ എന്ന കാലസൂചന കഥയിലുടനീളം കാണുന്നുണ്ട്. ജനനത്തിനപ്പുറം മനുഷ്യൻ ശൂന്യനായി പോകുന്നതിന്റെ വേദനയും ഈ വരികൾ പങ്കുവെയ്ക്കുന്നുണ്ട്. തന്റെ മക്കൾ ലോകത്തേക്ക് കടന്നുവരുന്നത്, അക്ഷരമാലക്രമത്തിൽ പേരുകൾ നിർദ്ദേശിക്കുന്ന ശിവൻ. ഉറുമ്പുകളെ കൊന്നൊടുക്കുമ്പോൾ അമ്മ ശാസിക്കുന്നു. ഉറുമ്പിന് ആത്മാവുണ്ടെന്ന അമ്മയുടെ വാക്കുകൾ സ്ഥലകാലത്തിന്റെ നിർവചിക്കാൻ കഴിയാത്ത ലോകത്തേക്ക് ശിവനെ കൂട്ടിക്കൊണ്ടുപോകുന്നു.

"ചക്രവാളത്തിന്റെ കൃത്യം നടുവിൽ ചുവന്നമേടസൂര്യന്റെ മുമ്പിൽ, സൂര്യനിലെ കറുത്ത പൊട്ടായി ഒരു ചെറിയ തലകണ്ടോ? അതിൽ കുത്താൻ

വേണ്ടി കുലുക്കിവരുന്ന കുഞ്ഞിക്കൊമ്പുകൾ കണ്ടോ? ഞാൻ കൊന്ന ഉറുമ്പുകളുടെ യാത്രധ്രുവങ്ങളിൽ നിന്ന് തുടങ്ങിയതേയുള്ളൂ."[33]

വിഭ്രമാത്മകമായ കാലസ്ഥലബോധമാണ് ശിവൻ പങ്കുവെയ്ക്കുന്നത്.

ചേട്ടന്റെ പ്രേതം ആവേശിച്ച ശിവന്റെ ശരീരത്തെ ബാധയിൽ നിന്ന് രക്ഷിക്കാനായി ചോറ്റാനിക്കര അമ്പലത്തിലെത്തുന്നു. സ്ഥലം കൃത്യമായി അവതരിപ്പിക്കുന്നുണ്ട്. എറണാകുളം എന്റെ ശാപമാണ് എന്നയാൾ ചിന്തിക്കുന്നു. തേവരപാലത്തിനപ്പുറം തീവണ്ടിപ്പാളങ്ങൾക്കുമപ്പുറത്ത് ശിവനുമാത്രം അറിയാവുന്ന തിട്ടയിലിരുന്നു. തന്റെ ഉള്ളിലുള്ള ബാധയെ ഒഴിപ്പിക്കാനായി ചോറ്റാനിക്കര അമ്പലത്തിലെത്തുന്നു. "ജീവിതത്തെ പക്ഷപാതമില്ലാതെ അനുഭവിച്ച കഥാകൃത്താണ് എൻ.എസ്.മാധവൻ. ആവശ്യമില്ലാതെ കടന്നുവന്ന അതിഥിയെപ്പോലെ ജീവിതം ചരിത്രഘട്ടത്തിൽ അവതരിപ്പിക്കുന്നു. 'രാജാവിന്റെ നിഴലിന്റെ സുരക്ഷിതത്വത്തിൽ' എന്നു പ്രയോഗിക്കാനുള്ള ശേഷിയാണ് കഥാകൃത്തിന് ശ്രദ്ധേയനാക്കുന്നത്. ഓടിത്തളർന്നവന്റെ ആലസ്യമാകാം, അവന്റെ പൂർണ്ണതയാകാം അവിടെ ഒഴുകിയിറങ്ങിയത്. എല്ലാം നിഷ്ഫലമാണെന്ന് അറിയുമ്പോഴും നാം നിരാശ്രയരും വ്യഥിതരുമാണല്ലോ. തലചായ്ക്കാനാണ് പിന്നെയിടം വേണ്ടത്. പുരാതനത്വം ഹിംസയോ നരനിന്ദയോ ആയേക്കാം. എങ്കിലും കലാപത്തിലൂടെ ഒന്നു വലുതായിത്തീർന്ന നിശൂന്യനായിത്തീർന്ന, അടിസ്ഥാനമില്ലാത്തവനായിത്തീർന്ന മനുഷ്യന് പിന്നെന്തുണ്ട് സംരക്ഷിക്കാൻ. അവൻ സ്വപ്നത്തിലേക്ക് നീങ്ങുകയാണ്. പുനർജനിയുടെ വിത്തുകൾ തേടി പഴയകാലത്തെ അവൻ ഈ സന്ദർഭത്തിൽ ഒന്നുകൂടി പുനഃപരിശോധിക്കുന്നു. കഴിഞ്ഞകാലം യാഥാർത്ഥ്യങ്ങളെ സംഗീതാത്മകമാക്കിത്തീർക്കുന്നു. ഇതിനെയാണ് HG - Schenk Richly Orcherated Score of the Past എന്ന് വിളിച്ചത്. അബോധപരമായ ജീവിതാഭിമുഖ്യം തന്നെയാണത്."[34]

ശിവൻ പിന്നീട് പട്ടണത്തിലെത്തുന്നു കായലോരത്തിലൂടെ നടന്നപ്പോൾ യുദ്ധകപ്പലുകളുടെ ചാരനിറം ശിവനെ ദു:ഖിപ്പിച്ചു. ദൂരെ വൈപ്പിൻകരയുടെ

അപ്പുറത്ത് സന്ധ്യഒടുങ്ങി എന്നീ സ്ഥലസൂചനകൾ അവനെത്തിയ പട്ടണത്തെ അടയാളപ്പെടുത്തുന്നു. അവിടെവെച്ചാണ് അപരിചിതനായ ഒരാളാൽ പാപം ചെയ്തു എന്ന ബോധമുണ്ടാകുന്ന ശിവൻ വീണ്ടും അബോധത്തിന്റെ മാനസികവിഭ്രാന്തിയിലേക്ക് ആണ്ടുപോകുന്നു. ഡോക്ടർ വൈദ്യനാഥന്റെ അരികിലെത്തിക്കുമ്പോൾ മഷിപ്പാടുകൾ നോക്കി പല രൂപങ്ങൾ കണ്ടെത്തുന്നു. ബോധ അബോധങ്ങളുടെ മാറിമറിച്ചിലുകളിൽ ചെങ്ങന്നൂർ രാമൻപിള്ളയായി, ദുശ്ശാസനനായി വ്യക്തിത്വങ്ങൾ മാറികൊണ്ടിരുന്നു. പരിശോധനയ്ക്കു ശേഷം വൈദ്യനാഥൻ അച്ഛനോട് ഓർമയുടെ ചാലുകൾ വഴിതെറ്റിയിരിക്കുന്നുവെന്ന് പറയുന്നു. തന്റെ മകന്റെ ഈ അവസ്ഥയിൽ പരിതപിക്കുന്ന അച്ഛൻ. ഈ പട്ടണത്തിൽ നിന്ന്, ഇതിലെ അപരിചിതന്മാരിൽ നിന്ന്, ഈ നൂറ്റാണ്ടിൽ നിന്ന്, ഈ വിനാഴികയിൽ നിന്ന് എല്ലാം ഞാനവനെ നെഞ്ചോടുചേർത്തു നിർത്തി കാക്കണമായിരുന്നു എന്നിങ്ങനെ ചിന്തിക്കുന്നു. സമകാലിക പ്രസക്തി കൈവരുന്ന കഥാഗതിയാണ് ഇതിൽ അവതരിപ്പിച്ചിട്ടുള്ളത്. പുരുഷനായാലും മൃഗതൃഷ്ണ പുലർത്തുന്നവരിൽനിന്ന് രക്ഷനേടാൻ കഴിയാത്ത ഈ നൂറ്റാണ്ടിൽനിന്ന്, സ്ഥലത്തിൽനിന്ന് തന്റെ മകനെ കാത്തുപരിപാലിക്കാൻ കഴിയാത്ത പരാജയപ്പെട്ട ഒരുപിതാവിന്റെ തേങ്ങലാണ് ഈ പരാമർശത്തിൽ അടങ്ങിയിരിക്കുന്നത്. ഉരുളുന്ന കട്ടിലിൽ സഞ്ചരിക്കുമ്പോൾ ശിവൻ ചിന്തിക്കുന്നത് ഇപ്രകാരമാണ്.

ഞാൻ പിറന്ന സന്ധ്യയിലേക്കുള്ള പോക്കാണിത് എന്നയാൾ പറയുന്നുണ്ട്. കാലത്തിന്റെ അതീന്ദ്രിയ തലമാണ് അനുഭവിപ്പിക്കുന്നത്. അവസാനം "അമ്മേ, ഞാൻ പിറന്ന മൂവന്തി, രണ്ടായി പിളർന്നെന്നെ കാക്കൂ ഇരുളേ വിഴുങ്ങൂ"[35] എന്ന് ചിന്തിക്കുമ്പോൾ സന്ധ്യക്ക് കാലാതീതമായ അർത്ഥം കൈവരുന്നു. സമയത്തിന്റെ തീക്ഷ്ണമായ അവബോധം ശിവൻ പുലർത്തുന്നുണ്ട്. തന്റെ ജനനവും ആത്മാവിന്റെ ഉച്ചാടനവും തന്റെ മരണത്തെയും ശിവൻ സങ്കൽപിക്കുന്നത് സന്ധ്യയിലാണ്. അത് പിറവിയിലേക്കുള്ള തിരിച്ചുപോക്കാണ്. മാനസിക കാലം കഥയിൽ അനുഭവികകാലമായി പരിണമിക്കുന്നു.

### 2.4.3 ചൂളൈമേടിലെ ശവങ്ങൾ

ഈ കഥയുടെ ശീർഷകത്തിൽ തന്നെ സ്ഥലം രേഖപ്പെടുത്തിയിട്ടുണ്ട്. തീവണ്ടിയാത്രയോടെയാണ് കഥ ആരംഭിക്കുന്നത്. അമ്മയോട് യാത്ര പറഞ്ഞ് രാഘവൻ പോകുന്ന സ്ഥലം ചൂളൈയ്മേടാണ്. നുങ്കപാക്കം സ്റ്റേഷനിൽ ചെന്നിറങ്ങി ചൂളൈയ്മേടിലെത്തുന്നു. തികച്ചും ദരിദ്രരായ മനുഷ്യരാണ് അവിടെ താമസിക്കുന്നത്. ചാളവാസികൾ. രാഘവന് തെരേസ എന്ന കാമുകിയുണ്ട്. സ്പീച്ച് തെറാപ്പിസ്റ്റാണ്. ഗവേഷകനായിരുന്ന രാഘവൻ ചൂളൈയ്മേടിലെ റിക്ഷാക്കാരെകുറിച്ച് പഠിക്കാനെത്തിയതായിരുന്നു. ഒരു നാൾ തെരേസ അവനെ വിട്ടു പോയി. ചൂളൈയ്മേടിൽ വയറിളക്കവും ഛർദ്ദിയും പിടിപ്പെട്ട് നിരവധി പേർ മരിക്കുന്നു. സ്ഥലകാല മുദ്രകളെ ഇത്തരത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു.

'ശകുനങ്ങളുടെ കാലം അവസാനിച്ചിരിക്കുന്നു" (പു.63)

"തിരുമൺമ്മിയൂരിലെ കടൽത്തീരത്തിലെ മണൽത്തരികൾ" (പു.63)

'രാത്രിയിൽ നുങ്കംപക്കം റെയിൽവെ സ്റ്റേഷനിൽ' (പു.63)

'കാലത്തിനെ എഴുപതുരൂപയ്ക്ക് വിറ്റു" (പു.64)

'ചോളമണ്ഡലപ്പരപ്പിലേക്ക് ഇരമ്പിയിരുന്ന കടൽക്കാറ്റിനെതിരെ" (പു.67)

'ചൂളൈമേടിലെ ചുടലകാടിൽ" (പു.66)

'നാലും കൂടിയ വഴിൽ ഒരു സ്തൂപം പോലെ ടെലഫോൺ ബൂത്ത്" (പു.69)

'ഇത് ദൈവപുത്രന്റെ രാത്രിയാണ്.' (പു.69)

'തീവണ്ടി സ്റ്റേഷനിൽ കടൽവെള്ളത്തിന്റെ

കറ പറ്റിയ കാലുകളുമായി' (പു.72)

'ദൂരെ പുലരിത്തുടക്കത്തിൽ ഒരു വലിയ ചാരനിറമായി ചൂളൈമേട്' (പു.73)

കഥാവസാനം നിരവധി പേരുടെ മരണംകൊണ്ട് ചരംമൂടി സ്ഥലമായി ചൂളൈയ്മേട് മാറുന്നു.എഴുപതുകളുടെ രാഷ്ട്രീയ പരിസരത്തുനിന്ന് എഴുതപ്പെട്ട കഥയാണിത്. രാഘവൻ എന്ന കഥാപാത്രത്തിന്റെ അനുഭവങ്ങളെ അവതരിപ്പിക്കുകയാണിതിൽ. ആഖ്യാനത്തിൽ കാലഘട്ടത്തിന്റെ സവിശേഷതകളെ അവതരിപ്പിക്കാൻ എഴുത്തുകാരൻ തെരഞ്ഞെടുക്കുന്ന പ്രതീകമാണ് കോളറ. സാധാരണക്കാരുടെ ജിവിതങ്ങളെ കോളറ കാർന്നു തിന്നുകൊണ്ടിയിരിക്കുന്ന സാമൂഹ്യ വ്യവസ്ഥിതി നിലനിൽക്കുന്നു. കഥാസ്ഥലം ചൂളൈയ്മേടാണ്. കഥാഖ്യാനത്തിൽ കാല സൂചനകൾ കാണാം. ആഖ്യാന പരിപ്രേക്ഷ്യത്തെ രൂപപ്പെടുത്തുന്നത് സാധാരണക്കാരുടെ ജീവിതത്തിനും മരണത്തിനും വിലയില്ലാതാകുന്ന സാമൂഹ്യവ്യവസ്ഥിതിയെ അവതരിപ്പിക്കുന്നു എന്നിടത്താണ്. ചൂളൈയ്മേട് എന്ന കഥാപരിസരവുമായി കൂട്ടിയിണക്കികൊണ്ടാണ് സ്ഥലകാലങ്ങളുടെ സൂചനകൾ ഇതിന് സഹായിക്കുന്നു. സ്വപ്നം കാണാൻ മാത്രം വിധിക്കപ്പെട്ട മനുഷ്യരുടെ കഥയാണിത്.

"ചൂളൈമേടിലെ ശവങ്ങൾ എന്ന കഥ നിത്യതയുടെ സ്വപ്നങ്ങളെ കാണിച്ചു തരുന്നു. സ്വപ്നം വംശത്തിന്റേതു തന്നെ ഗതിയില്ലായ്മയുടെ വെന്തുരുകിയ ശരീരവുമായി ഒരാൾ സാധാരണക്കാരന്റെ വാസസ്ഥലം ദർശിക്കുകയാണ്. എന്നാൽ അയാൾക്ക് സ്നേഹമോ കാരുണ്യമോ ലഭിക്കുന്നില്ല. ലഭിക്കുന്നതാകട്ടെ തിരിച്ചറിയാൻ പാടുപെടാത്ത സൗഹൃദങ്ങൾ മാത്രം. സംസ്കാരങ്ങൾ തകരുന്നത് കുഞ്ഞുങ്ങൾ അറ്റു തുടങ്ങുമ്പോഴാണെന്ന് രാഘവന് അറിയാമായിരുന്നു. ഈ വാക്യത്തിന്റെ ശീതളച്ഛായ ഏറ്റുവാങ്ങുക. അത്രയും നമ്മെ കുളിർപ്പിക്കാൻ പോന്നതാണ്. വെയിലേറ്റ് വാടിയ മുകുളത്തിനു ലഭിച്ച കുളിരുതന്നെയാണത്. തീവണ്ടിയുടെ അടിച്ചെത്തിയ പച്ച കൊളുന്തിന്റെയും കറുത്ത തമിഴത്തികളുടെയും മണം അസത്യങ്ങളാണെന്ന് എഴുതുന്നതും ദർശനമായി പരിണമിച്ചേക്കാവുന്ന വൈകാരികാനുഭവങ്ങളുടെ പിൻബലത്താലാണ്."[36] രാഘവന് ചൂളൈയ്മേടിനോടുള്ള അടുപ്പം ഈ വരികളിൽ വ്യക്തമാണ്. കോളറ ബാധിച്ച് കുട്ടികളും മുതിർന്നവരും മരണമടയുന്നു. രാഘവൻ തിരിച്ചു പോകാനായി റെയിൽവേ സ്റ്റേഷനിലേക്ക് പോകുന്നുണ്ടെങ്കിലും

അയാൾക്കതിന് സാധിക്കുന്നില്ല. അയാൾ തിരിച്ച് ചൂളൈയ്മേടിലേക്ക് തന്നെ മടങ്ങുന്നു. വർത്തമാന കാലത്തെ അടയാളപ്പെടുത്തുന്ന ഈ കഥയിൽ രാഘവന്റെ പ്രണയത്തെക്കുറിച്ച് പറയുന്നത് ഭൂതകാലവുമായി ബന്ധപ്പെട്ട ഓർമ്മകളായിട്ടാണ്. പിന്നീട് വർത്തമാനത്തിലേക്ക് തിരിച്ചു വരുന്നു. ഗവേഷകനായി ചൂളൈയ്മേടിലെത്തുന്ന രാഘവൻ ചൂളൈയ്മേടിന്റെ ഭാഗമായി മാറുന്നതാണ് കഥാവസാനം അവതരിപ്പിച്ചിരിക്കുന്നത്. സ്ഥലകാലപരിസരങ്ങളുടെ സമന്വയം ഒരു കാലഘട്ടത്തിലെ രാഷ്ട്രീയ നൈതികതയെ ചോദ്യചെയ്യുന്നുണ്ട്..

### 2.4.4 ഹിഗ്വിറ്റ

കൊളംബിയയുടെ ഹിഗ്വിറ്റ എന്ന ഗോളിയുടെ നാമത്തിൽ നിന്നാണ് കഥയ്ക്ക് ഹിഗ്വിറ്റ എന്ന പേര് നൽകപ്പെട്ടിരിക്കുന്നത്. സ്ഥലകാലങ്ങളെ ആ പേര് ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നു. സ്ഥലകാല മുദ്രകളെ ഇപ്രകാരം അവതരിപ്പിച്ചിരിക്കുന്നുണ്ട്.

'കുറച്ചു നാളുകൾക്കു ശേഷം ഗോളി ഗോളിയത്തായി.' (പു.77)

'ഗീവർഗ്ഗീസച്ചന്റെ ഇടവക തെക്കൻ ദില്ലിയിലായിരുന്നു.' (പു.77)

'കൊയ്ത്ത് കഴിഞ്ഞ വയലുകളിൽ' (പു.80)

'ഷക്കൂർപൂർ ബസ്തിയുടെ അടുത്താണ്' ഗീവർഗ്ഗീസച്ചന്റെ പിതാവിനെ കുറിച്ചുള്ള ഓർമ്മ ഇപ്രകാരം അവതരിപ്പിക്കുന്നു.' (പു.82)

'പഴയ ഫോട്ടോഗ്രാഫുകളുടെ മഞ്ഞനിറമുള്ള ഓർമ്മയിൽ പി.ടി.മാഷ് ദൂരെ ഒരു കവുങ്ങും ചാരി നിൽക്കുന്നത് കണ്ണിന്റെ സീമകളിൽ പാട പറ്റിക്കിടക്കുമ്പോൾ. (പു.83)

സ്ഥലകാലങ്ങളെ സംഭവങ്ങളുമായി കൂട്ടിയിണക്കികൊണ്ടുള്ള ആഖ്യാനമാണിവിടെ കാണുന്നത്. കഥ നടക്കുന്നത് തെക്കൻ ദില്ലിയിലാണെങ്കിലും കുന്നംകുളം, ഒല്ലൂർ മുതലായവ ഓർമ്മയായും കടന്നുവരുന്നു. കൂടാതെ ഗോളിയത്ത്, യേശു, ഒനാൻ എന്നിവരിലൂടെ ഒരു ബൈബിൾ സ്ഥലകാലങ്ങളും ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു.

ലോകകപ്പ് കാണുന്ന ഗീവർഗ്ഗീസച്ചൻ ഹിഗ്വിറ്റ എന്ന കൊളംബിയൻ ഗോളിയിൽ ആകൃഷ്ടനാകുന്നു. ഇത് കഥയിൽ വ്യത്യസ്ത അർത്ഥതലങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കുന്നു. ഹിഗ്വിറ്റ പലപ്പോഴും യേശുവാക്കുന്നു. ശിവനാകുന്നു. സ്ഥലകാലങ്ങളുടെ പരിമിതികളെ ലംഘിക്കുന്ന കഥനരീതി ഈ കഥയുടെ ആഖ്യാനത്തെ വ്യത്യസ്തമാക്കുന്നു. ഫുട്ബോളിന്റെ ആന്തരികമായ സൗന്ദര്യത്തെ ആരാധിക്കുന്ന ഗീവർഗീസച്ചൻ, ലൂസി എന്നിവരിലൂടെ കഥ പറയുന്നു. വർത്തമാനത്തിൽ നിന്ന് ഭൂതകാലത്തിലേക്കും പിന്നീട് ഭൂതകാലത്തിൽ നിന്ന് വർത്തമാനത്തിലേക്കും കഥ നീങ്ങുന്നു. ഭൂതകാലത്തെ അടയാളപ്പെടുത്തികൊണ്ട് ഗീവർഗ്ഗീസച്ചൻ പഠിക്കുന്ന കാലത്തെ സംഭവങ്ങൾ, നടക്കുന്ന സ്ഥലം എന്നിവ ഓർമ്മകളായി  കടന്നുവരുന്നു. വർത്തമാന കാലത്തെ അടയാളപ്പെടുത്തികൊണ്ട് ലൂസി അവളുടെ അവസ്ഥ, കഥയിലെ കാലം, ലോകകപ്പ് നടക്കുന്ന സ്ഥലകാലങ്ങൾ എന്നിങ്ങനെ സ്ഥലകാലങ്ങൾ വ്യതിയാനം വരുത്തികൊണ്ട് കഥ മുന്നേറുന്നു. ഇത്തരത്തിൽ സ്ഥലകാലങ്ങളുടെ രേഖീയതിൽ നിന്ന് മാറികൊണ്ട് നീങ്ങുന്ന ആഖ്യാനതന്ത്രമാണ് ഈ കഥയിൽ എൻ. എസ്.മാധവൻ സ്വീകരിച്ചിരിക്കുന്നത്. ഹിഗ്വിറ്റ എന്ന കഥയിലെ ആഖ്യാനം വികസിക്കുന്നത് ഫുട്ബോൾ കളിയെ ആശ്രയിച്ചാണ്. വാക്കുകൾ ഫുട്ബോളുമായി ബന്ധപ്പെട്ടവയാണ് മാധവൻ തെരഞ്ഞെടുത്തിരിക്കുന്നത് ഗ്രൗണ്ട്, കാണികൾ, ഇരിപ്പിടം, ഗോളടിക്കൽ, പെനാൽറ്റികിക്ക്, സെവൻസ്, ദൃക്സാക്ഷി വിവരണം, ഗോളിയുടെ ഉത്കണ്ഠം മാത്രം നിറഞ്ഞ നിമിഷങ്ങൾ, കൂകൽ, ഗോളിയുടെ ഏകാന്തത എന്നിങ്ങനെ വാക്കുകൾ അർത്ഥോൽപാദനത്തിന്റെ വേറിട്ട വഴി കാണിച്ചുതരുന്നു.

പീറ്റർ ഹാൻഡ്ഡേയ്ക്ക് എന്ന എഴുത്തുകാരന്റെ 'പെനൽറ്റിക്ക്കാത്ത് നിൽക്കുന്ന ഗോളിയുടെ ഏകാന്തത' എന്ന ജർമ്മൻ നോവൽ കഥയുടെ തുടക്കത്തിൽ പരാമർശിക്കപ്പെടുന്നു. ഹിഗ്വിറ്റ എന്ന കൊളംബിയൻ ഗോളിയെ കുറിച്ചുള്ള അറിവ് കഥയിൽ പ്രധാനമാകുന്നു. കഥയുടെ ഏറ്റവും വലിയ പ്രത്യേകത ആഖ്യാനത്തിൽ ദൃശ്യഭാഷാസങ്കേതം ഉപയോഗപ്പെടുത്തിയിരിക്കുന്നു എന്ന

താണ്. ജനപ്രിയ സിനിമയുടെ ഇതിവൃത്തഘടനയോട് സാദൃശ്യപ്പെടുത്താവുന്ന പ്രമേയമാണ് കഥയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ജനപ്രിയ സിനിമകളിലെ നായകനു തുല്യമായ കഥാപാത്രമാണ് ഗീവർഗ്ഗിസച്ചൻ. കഥയിൽ ജബ്ബാറിനെകുറിച്ച് ലൂസി പറയുന്ന പ്രധാനപ്പെട്ട ഒരു കാര്യമാണ് അയാൾ ഏതോ ഹിന്ദി സിനിമയിലെ വില്ലനെപോലയാണ് എന്നത്. ഇത് ദൃശ്യസംസ്കാരത്തിന്റെ തലത്തെ ഊട്ടിയുറപ്പിക്കുന്നു. കഥാവസാനം ജബ്ബാറും ഗീവർഗീസച്ചനും തമ്മിലുള്ള സംഘട്ടനം ജനപ്രിയ സിനിമയുടെ അവസാനരംഗത്തെ പോലെ തന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്. നായകൻ വിജയിച്ചു വരുന്നതാണ് ജനപ്രിയ സിനിമയുടെ സ്ഥിരം ശൈലി. നന്മതിന്മകളുടെ പോരാട്ടത്തിൽ വിജയം വരിക്കുന്ന നായകൻ ഗീവർഗ്ഗീസച്ചനിലൂടെ സാക്ഷാത്കരിക്കപ്പെടുന്നു. ദൃക്സാക്ഷി വിവരണം കഥയിലെ പലഭാഗങ്ങളിലും കാണാൻ സാധിക്കും.

"രണ്ട് കൈകളും വായുവിൽ വീശി, ഒരു ഓർക്കസ്ട്രയുടെ കണ്ടക്ടറെപ്പോലെ, ചന്ദ്രകലപോലെ വളഞ്ഞു കിടക്കുന്ന സ്റ്റേഡിയത്തിലെ കാണികൾക്കായി അശ്രാവ്യമായ സംഗീതത്തിന്റെ ഉച്ചസ്ഥായികൾ ഹിഗ്വിറ്റ തീർത്തു."[37]

ഹിഗ്വിറ്റ എന്ന കഥയിലെ ധ്വനിപരമായ അർത്ഥതലങ്ങൾ ആഖ്യാനത്തിന് കൊടുക്കുന്ന പദമാണ്. ഗോളി മറ്റുള്ളവർ വരുത്തുന്ന തെറ്റിന്റെ ശിക്ഷ ഏറ്റുവാങ്ങുന്ന ഗോളി. എപ്പോഴും ഏകനാണ്. നിസ്സഹായനായി പോകുന്ന ഗോളികൾ പിന്നീട് ഇറങ്ങി കളിക്കുന്ന അവസ്ഥയുണ്ടായി. ഹിഗ്വിറ്റ അതിനു തെളിവാണ് എല്ലാവരാലും ഒറ്റുകൊടുക്കപ്പെട്ട് ഇരുകൈകളും വിടർത്തി പെനൽറ്റി കിക്ക് കാത്തു നിൽക്കുന്ന ഗോളി ഒറ്റു കൊടുക്കലിന്റെ ക്രിസ്തീയ മിത്തിനെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നു. ഒരു കാണി മാത്രം മൂന്ന് തവണ കൂവും എന്നുപറയുമ്പോൾ ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ ശിഷ്യനെ ഓർമ്മപ്പെടുത്തുന്നു. ബൈബിൾ തലം ആഖ്യാനത്തിന്റെ സ്ഥലകാലങ്ങളെ പുനർനിർവ്വചിക്കുന്നു.

ഗീവർഗ്ഗീസ് എന്ന ഫുട്ബോൾ കളിക്കാരൻ, അയാളുടെ ജീവിതം, ഫുട്ബോളിനോടുള്ള ആവേശം, സെവൻസ് ഫുട്ബോൾ, അച്ചന്റെ മരണം,

ദൈവവിളി കിട്ടി അച്ചനായത് എന്നിങ്ങനെ കഥയിലെ മുഖ്യ കഥാപാത്രത്തിന്റെ ഭൂതകാലം എഴുത്തുകാരൻ കഥയിൽ സന്നിവേശിപ്പിച്ചിട്ടുണ്ട് ഭൂതകാലത്തിന്റെ അനുഭവസമ്പത്താണ് ഗീവർഗീസച്ചനെ രൂപപ്പെടുത്തിയത്.

"ഈ കഥയിൽ കഥാകാലം ആഖ്യാതാവിന്റെ വാക്കുകളിലൂടെ നേരിട്ടു വായനക്കാരിലെത്തുന്നതാണ്. ആഖ്യാനകാലം പ്രധാനമായും ഗിവർഗ്ഗീസച്ചന്റെ ഓർമ്മ കളികളിലൂടെ വിടരുന്ന ഭൂതകാലമടങ്ങിയതും കാലത്തിനു തന്നെ ഭിന്ന മായ തലങ്ങൾ കൈവരുന്നു. വർത്തമാനകാലം (കഥാകാലം) നേരിട്ടുള്ള കഥനം ആയും ഭൂതകാലം ആഖ്യാനകാലം കഥാപാത്രങ്ങൾ നടത്തുന്ന കഥനം ആയുമാണ് കഥയിലെ സന്നിവേശിപ്പിക്കപ്പെട്ടിട്ടുള്ളത്"[38]

കളിയിൽ ഗോൾവല കാക്കുന്ന ഗോളി മധ്യനിലയിലിറങ്ങി കളിക്കുന്നത് ഹിഗ്വിറ്റയിലൂടെയാണ് അച്ചൻ കാണുന്നത്. സ്ട്രൈക്കറായിരുന്ന അച്ചന് ഗോളി കൾ പ്രിയപ്പെട്ടവരായി മാറി. തന്റെ ടീമിനെ രക്ഷിക്കാൻ ചെറുപ്പത്തിൽ നല്ല കളി പുറത്തെടുത്തിരുന്ന ഗീവർഗീസ് പുതിയ സാഹചര്യങ്ങളിലേക്ക് എത്തി പ്പെടുന്നു. ലൂസിയുടെ അവസ്ഥ കേട്ട് ആദ്യം അച്ചൻ അതിനെ അവഗണിക്കു ന്നുവെന്ന തോന്നുള്ളവാക്കികൊണ്ട് ഫുട്ബോൾ ഭ്രമം അവതരിപ്പിച്ചിരിക്കു ന്നു. പൗരോഹിത്യംകടന്നു ചെല്ലാൻ പറ്റാത്ത സ്ഥലങ്ങളിലേക്ക് ഗീവർഗ്ഗിസിനെ എത്തിച്ചുകൊണ്ട് പുതിയതലം സൃഷ്ടിക്കുന്നു.

ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ ദാരിദ്ര്യം നിറഞ്ഞ ചുറ്റുപാട്, ആദിവാസി പെൺകുട്ടികളുടെ അരക്ഷിതാവസ്ഥ, പോലീസിനോടുള്ള ഭയം എന്നിവയെല്ലാം ആഖ്യാനത്തിൽ സാന്ദർഭികമായി കടന്നു വന്നതാണെങ്കിൽപോലും ഹിഗ്വിറ്റ യുടെ ആഖ്യാനപരിപ്രേക്ഷ്യത്തെ രൂപപ്പെടുത്തിയിരിക്കുന്ന ആന്തരികചൈതന്യം ഇത്തരം സാമൂഹികവിമർശനം തന്നെയാണ്. മറ്റൊരു ഘടകം ദൃശ്യഭാഷയുടെ സാന്നിദ്ധ്യമാണ്. ആഖ്യാനത്തിലെ പ്രധാനപ്പെട്ട ഒന്നാണ് ഗോളിയുടെ ഏകാ ന്തത എന്ന ജർമ്മൻ നോവലിനെകുറിച്ചുള്ള പരാമർശം. ഇത് ആഖ്യാന പരി പ്രക്ഷ്യത്തെ രൂപപ്പെടുത്തിയിട്ടുള്ള ഒന്നാണ്. ഗോൾവലയ്ക്കുമുമ്പിൽ ഏകാ കിയായി നിൽക്കേണ്ടി വരുന്ന ഗോളിക്ക് പല മാറ്റങ്ങളും സംഭവിക്കുന്നുണ്ട്.

ഗോളി ഗീവർഗ്ഗീസച്ചന്റെ പ്രതിരൂപമായി മാറുന്നു. ഗീവർഗീസച്ചനും ജബ്ബാറും തമ്മിലുള്ള സംഘട്ടനം ഭ്രമാത്മകമായ സ്ഥലാവിഷ്കരണം സാധ്യമാകുന്ന ന്നാണ്. വർത്തമാനകാലത്തിലേക്കും ഭൂതകാലത്തിലേക്കും മാറി മാറി നീങ്ങുന്ന ആഖ്യാനം സ്ഥലത്തെയും കാലത്തെയും ഒരേ സമയം ഉപയോഗപ്പെടുത്തിയിരിക്കുന്നു. ലൂസിയെ കണ്ട് ശ്രദ്ധിക്കാതെ കടന്നുപോയ ഗീവർഗീസച്ചൻ ഹിഗ്വിറ്റയുടെ കളി കാണുന്നതോടെ ഇങ്ങനെയും കളിക്കാമെന്ന് മനസ്സിലാക്കുന്നു. ദോഹയും ജപമാലയും ഊരിവെച്ചുള്ള ലൂസിയെ കൊണ്ട് ജബ്ബാറിന്റെ അടുക്കലേക്കുള്ള യാത്ര ഹിഗ്വിറ്റ സ്ഥലം മാറിയുള്ള കളിയുടെ സാക്ഷ്യമായി ഹിഗ്വിറ്റ മാറുന്നത് അപ്രകാരമാണ്. ഇത് കഥയിൽ നവീനമായ ഭാവതലം സൃഷ്ടിച്ചു.

### 2.4.5 എന്റെ മകൾ ഒരു സ്ത്രീ

എന്റെ മകൾ ഒരു സ്ത്രീ എന്ന കഥയിൽ കഥ നടക്കുന്നത് നഗരത്തിലെ ഫ്ളാറ്റിലാണ്. ഉത്തമപുരുഷൻ നടത്തുന്ന രീതിയിലുള്ള കഥാഖ്യാനമാണ് ഈ കഥയിൽ നിർവഹിച്ചിരിക്കുന്നത്. കഥാനായകൻ ഭാര്യ സുഭദ്ര മകൾ കമല എന്നിവരുടെ ജീവിതമാണ് ഇതിൽ അവതരിപ്പിച്ചിട്ടുള്ളത് പ്രീതി എന്ന കുട്ടിയും കുടുംബവും അടുത്ത ഫ്ളാറ്റിലാണ് താമസിക്കുന്നത്. പ്രീതിയുടെ അച്ഛന്റെ മരണം കാണാൻ മകളെ കൊണ്ടുപോകാൻ കൂട്ടാക്കാത്ത സുഭദ്രയോട് അവൾക്ക് വയസ്സ് പത്തായില്ലേ, എത്ര കാലമാണെന്നുവെച്ചാ ഇതിൽ നിന്നൊക്കെ മാറ്റിനിർത്തുക എന്ന് അച്ഛൻ ചോദിക്കുന്നു. കാലം പോകുന്തോറും തന്റെ മകൾ വലുതായി എന്ന് അയാൾ തിരിച്ചറിയുന്നുണ്ട്.

തന്റെ മകളിൽ നിന്ന് വ്യത്യസ്തമായ സാഹചര്യമാണ് തനിക്കുണ്ടായിരുന്നതെന്ന് അയാൾ ഓർത്തെടുക്കുന്നു. സ്ഥലനിഷ്ഠമായ ഓർമ്മയാണ് അത് തീവണ്ടിയിൽ പോകുമ്പോൾ പഴനിയിൽ നിന്നുള്ള യാത്രയിൽ വാളയാറിലെ കാടുകൾ തീർന്നപ്പോൾ തന്റെ അച്ഛൻ മഴവില്ല് കാണിച്ചു കൊടുത്തത് അയാൾ ഓർക്കുന്നു.

കുട്ടികളുടെ വർത്തമാനകാലത്തിനോടുള്ള ഈ വൈമുഖ്യത്തിനോടൊപ്പം തന്നെ അവർ മനുഷ്യരാശിയിൽ നിന്നും അകലുകയാണെന്ന് അയാൾക്കു തോന്നിത്തുടങ്ങിയിരുന്നു. കാലത്തിന്റെ മാറ്റം വ്യക്തിബന്ധങ്ങളെ പുതുതലമുറയുടെ മനോഭാവങ്ങളെ മാറ്റി മറയ്ക്കുന്നത് പലരീതിയിലാണ്. അവർ കാലത്തിനോട് വൈമുഖ്യം പുലർത്തുന്നവരായി മാറുന്നു എന്ന് അയാൾ മനസിലാക്കുന്നു. പ്രീതിയുടെ അമ്മയും പിന്നീട് മരിയ്ക്കുന്നു. സുഭദ്ര മരണവീട്ടിലേയ്ക്ക് പോകുമ്പോൾ ഫ്ളാറ്റിൽ തനിച്ചായ മകളെ ആശ്വസിപ്പിക്കാനായി തന്റെ പിതാവിന്റെ വാൽസല്യം മനസ്സിൽ സൂക്ഷിക്കുന്ന ആ പിതാവ് മകൾക്കു നേരെ കൈ നീട്ടി വാൽസല്യം പ്രകടിപ്പിക്കാൻ നോക്കുമ്പോൾ മകൾ കമല അയാളെ ചവിട്ടി നീക്കുന്നു.

മകൾ-പിതാവ് എന്നീ ബന്ധങ്ങൾ പോലും ദാരുണമായ വിശ്വാസത്തകർച്ച നേരിടുന്നു എന്ന് ഈ കഥാന്ത്യം ഓർമ്മപ്പെടുത്തുന്നു. എല്ലാ പിതാക്കന്മാരും വർത്തമാനകാലത്ത് സംശയത്തിന്റെ നിഴലിലാകുന്ന സംഭവങ്ങൾ നിത്യേന അറിയുന്ന നാം യഥാർത്ഥപിതാവിന്റെ സ്നേഹവാത്സല്യത്തെപോലും തെറ്റിദ്ധരിക്കുന്ന കമലയെപ്പോലുള്ള മക്കൾ ഈ സമൂഹത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയുന്നു. ഇത് ആധുനികമായ സ്ഥലകാലബോധത്തെ കുറിച്ചുള്ള തിരിച്ചറിവാണ്. പിതാവിന്റെ കാഴ്ചപ്പാടിലൂടെയാണ് കഥാഖ്യാനം നിർവ്വഹിച്ചിരിക്കുന്നത്. നഗരമാണ് ആഖ്യാനസ്ഥലം. നഗരജീവിതത്തിൽ ഫ്ളാറ്റുകളിൽ ജീവിക്കുന്ന മനുഷ്യരുടെ കഥയാണിതിൽ അവതരിപ്പിച്ചിരിക്കുന്നത്. തന്റെ മകളെക്കുറിച്ച് ആകുലനാകുന്ന പിതാവിന്റെ സൂചനകൾ കഥാപരിപ്രേക്ഷ്യത്തെ മുന്നോട്ടു കൊണ്ടുപോകുന്നു.

"വെളുത്ത സൽവാറും കമ്മീസും ഇട്ട് കമല സുഭദ്രയുടെ ഒപ്പം പടിയിറങ്ങുമ്പോഴാണ് സുഭദ്രയുടെ തോൾ വരെ കമല പൊക്കം വച്ചുവെന്ന് ഞാൻ ശ്രദ്ധിച്ചത്. അവളുടെ വയറ്റിൽ ഒരു ചെറിയ ഗർഭപാത്രം വിടരുവാൻ കാത്തിരിക്കുകയാണെന്നും ഞാൻ ഓർത്തു."[39]

തന്റെ മകളുടെ വളർച്ചയെ അയാൾ തിരിച്ചറിയുന്നു. ഇത് കാലബോധമാണ്. അച്ഛൻ എന്ന കഥാപാത്രത്തിന്റെ ഉത്തമപുരുഷാഖ്യാനമാണ്

ഈ കഥയെ നയിക്കുന്നത്. കഥയിൽ പ്രീതി എന്ന കുട്ടിയുടെ അച്ഛനും അമ്മയും നഷ്ടപ്പെടുന്നതിനെക്കുറിച്ച് പരാമർശിക്കപ്പെടുന്നുണ്ട്. പിതാവ് പണ്ട് താനും തന്റെ അച്ഛനും കൂടി നടത്തിയ പഴനിയാത്രയുടെ സ്നേഹവാത്സല്യങ്ങളെ മകളിലേക്ക് പകരാൻ ആഗ്രഹിച്ചുകൊണ്ട് തോളിൽ കൈയിടുമ്പോൾ അച്ഛനെ ചെറിയ കാലുകൾ കൊണ്ട് ചവിട്ടിയകറ്റുന്ന മകൾക്കും കാലബോധമുണ്ടെന്ന് ബോധ്യപ്പെടുത്തുന്നു. തനിക്ക് വളർച്ചയെത്തിയെന്ന് അവൾ മനസ്സിലാക്കുന്നുണ്ട്. പുരുഷൻ അപരനാണെന്ന കാഴ്ചപ്പാട് കമലയെന്ന പെൺകുട്ടി പുലർത്തുന്നതിന്റെ സൂചനയാണിത്. നഗരത്തിന്റെ ഒറ്റപ്പെട്ട സ്ഥലികൾ തീർക്കുന്ന അന്യതാബോധം പിതൃ-പുത്രി ബന്ധത്തിന്റെ നിഷ്കളങ്കതയെ കമലയ്ക്ക് ബോധ്യപ്പെടുത്തിക്കൊടുത്തിട്ടില്ല. തന്റെ മകളുടെ സുരക്ഷയെക്കുറിച്ച് ആകുലനാകുന്ന അച്ഛൻ മകൾ സുരക്ഷിതയാണ് എന്ന് തന്റെ സ്നേഹവാത്സല്യം കൊണ്ട് എന്ന് ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോൾ കുട്ടിക്ക് അത് മനസ്സിലാകുന്നില്ല. സ്ഥലകാലത്തിന്റെ മുദ്രകൾ കഥാഘടനയെ മികവുറ്റതാക്കി മാറ്റിയിരിക്കുന്നു.

### 2.4.6 നാലാം ലോകം

സ്ഥലം തന്നെ പ്രശ്നവത്കരിക്കുന്ന കഥയാണ് നാലാം ലോകം. സോവിയറ്റ് യൂണിയൻ തൊടുത്തുവിട്ട സോയൂസ് ഇരുപത്തിനാല് എന്ന റഷ്യൻ ശൂന്യകാശ പേടകത്തിൽ യാത്രതിരിക്കുന്ന ക്യാപ്റ്റൻ ഇഗോർ ബക്കുനിൻ കേരളത്തിൽ നിന്നുള്ള ഗോവിന്ദൻകുട്ടി എന്നിവരുടെ കഥയാണിതിൽ പറയുന്നത്. സോവിയറ്റ് യൂണിയൻ തകർന്നപ്പോൾ ഭൂമിയിലിറങ്ങാൻ കഴിയാതെ ശുന്യാകാശത്ത് ചുറ്റിത്തിരിയുന്നു. ബക്കുനിനും ഗോവിന്ദൻ കുട്ടിയുടെയും ഓർമ്മകളിലൂടെയാണ് നാടും രാഷ്ട്രീയവുമെല്ലാം കടന്നു വരുന്നത്.

"ഫലിതവും ഭീതിയും സത്യവും ഒന്നായി ലയിച്ചു ചേർന്നു കിടക്കുന്ന ഈ കഥയിൽ ചരിത്രാവസ്ഥകളെ ഉൾക്കാഴ്ചയോടെ, സത്യസന്ധമായി തിരിച്ചറിയുവാൻ കഥാകാരൻ ശ്രമിക്കുന്നു. ചരിത്രത്തെയും സംസ്കാരത്തെയും പറ്റി ഒരു കലാകാരൻ പ്രസരിപ്പിക്കുന്ന സത്യവെളിച്ചമാണ് ഈ കഥയ്ക്ക്

അപൂർവ്വതയും ശക്തിയും നല്കുന്നത്. പ്രഹരം പോലെ വന്നു പതിക്കുന്ന ഫലിതം ചരിത്രത്തിന്റെ തകർച്ചകളിലേക്കു വെളിപാടായുണരുന്നു. നമുക്ക് ഒട്ടും രസിക്കാത്ത പരമാർത്ഥങ്ങൾ കലാകാരൻ മാത്രം സാധിക്കുന്നവിധത്തിൽ കഥാകൃത്തു പറയുകയാണ്."[40]

നാലാം ലോകത്തിൽ ഗോവിന്ദൻകുട്ടിയുടെ നാട്ടിലെ പലവ്യക്തികളുടെ കഥകളും കടന്നുവരുന്നുണ്ട്. പ്രധാനമായും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രമാണ്. അച്ഛൻ, അറോറമത്തായി, സാന്റോ ഗോപാലൻ, മജീഷ്യൻ വിജയൻ, അനന്തൻനമ്പ്യാർ, എന്നിങ്ങനെ നിരവധി പേരുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ് ആ നാട്ടിലെ കമ്മ്യൂണിസത്തിന്റെ ചരിത്രം. ഇതോടൊപ്പം സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസത്തിന്റെ ചരിത്രവും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്.

സ്ഥലകാലങ്ങളുടെ സംയോജനം ഒരു പുതിയ ഭാവതലമാണ് ഈ കഥയ്ക്കുണ്ടാകുന്നത്. ഗോവിന്ദൻകുട്ടിയുടെ അച്ഛൻ പയ്യല്ലൂരിൽ പാർട്ടി കെട്ടിപ്പടുക്കുന്ന കാലഘട്ടം ഗോവിന്ദൻകുട്ടിയുടെ ഓർമ്മകളിലൂടെയാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഗോവിന്ദൻ കുട്ടി അനുഭവിച്ചറിയുന്ന ആനുഭവികകാലം പാർട്ടിയുടെ വ്യവസ്ഥാപീകരണത്തിനുശേഷമുള്ള പാർട്ടി വിരുദ്ധതയെ തുറന്നുകാണിക്കുകയും ചെയ്യുന്നു. ഗോവിന്ദൻകുട്ടി ബഹിരാകാശത്ത് പെട്ടുപോകുന്ന വർത്തമാനകാലത്ത് സോവിയേറ്റ് യൂണിയൻ തകർന്നിരുന്നു. വ്യത്യസ്തകാലവും സ്ഥലവും ചരിത്രവും ആഖ്യാനപരിസരത്തെ രൂപപ്പെടുത്തിയിരിക്കുന്നു.

വ്യത്യസ്തകാലങ്ങളെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നതിന് എഴുത്തുകാരൻ സ്വീകരിക്കുന്ന ആഖ്യാനതന്ത്രം കാലത്തിന്റെ രേഖീയത ഇല്ലാതാക്കികൊണ്ടാണ് സാധ്യമാക്കുന്നത്. കാലക്രമം തെറ്റിച്ച്, സംഭവങ്ങളെ ആവിഷ്കരിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വികാസപരിണാമങ്ങൾ കേരളത്തിലെയും റഷ്യയിലെയും ഒരു താരതമ്യം പോലെ കടന്നുവരുന്നു. റഷ്യയിൽ സ്റ്റാലിന്റെ കാലത്ത് ആരും കുറ്റം ചെയ്യണമെന്നില്ല. ഓർക്കസ്ട്രയിൽ പാർട്ടിക്കെതിരെ പ്രവർത്തിക്കുന്ന ഒരു സംഘമുണ്ടായിരുന്നുവെന്നും അച്ഛൻ

അതിൽ സജീവമായിരുന്നു എന്നും കരുതപ്പെട്ടിരുന്നു. പിന്നീട് വീട്ടിൽ നിന്നും ഒന്നുരണ്ടുമാസം കഴിഞ്ഞ് അച്ഛൻ മരിച്ചുവെന്നറിഞ്ഞപ്പോൾ അമ്മയ്ക്ക് ഭ്രാന്തായി. അന്നുമുതൽ തനിക്കു ഭൂമി വേണ്ടാതായി. ആകാശത്തിൽ മാത്രം ജീവിക്കുവാൻ താൻ പൈലറ്റായി. ബുക്കുനിന്റെ ഈ വാക്കുകൾ കഥയിലെ സംഘർഷത്തിന്റെ ഭൂമികയാണ്. ആഖ്യാനത്തിന്റെ പരിപ്രേക്ഷ്യത്തെ നയിക്കുന്നത് ഈ സംഘർഷമാണ്. എന്നാൽ കേരളത്തിൽ ഗോവിന്ദൻകുട്ടിയുടെ അച്ഛനടക്കം സ്റ്റാലിന്റെ ആരാധകരായിരുന്നു.

പയ്യലൂർ, ചേരാനെല്ലൂർ, തിരുവാങ്കുളം, ഇടപ്പള്ളി, ചോറ്റാനിക്കര, തൃശ്ശൂർ, ഏല്ലൂർ, തൃപ്പൂണിത്തുറ, കൽക്കത്ത, കണ്ണൂർ, കോയമ്പത്തൂർ ബറോഡ്, തൃശ്ശിനാപ്പള്ളി എന്നിങ്ങനെ പല സ്ഥലങ്ങൾ ആഖ്യാനത്തിൽ കടന്നുവരുന്നുണ്ട്.

" വ്യത്യസ്തമായ ന്യൂക്ലിയസ്സുകളും ചരിത്രസന്ദർഭങ്ങളും കാലങ്ങളും മാത്രമല്ല, വ്യത്യസ്തമായ സ്ഥലങ്ങളും ഈ കഥയിൽ കൂട്ടിചേർക്കപ്പെടുന്നുണ്ട്. കാലത്തിലും സ്ഥലത്തിലുമായി സംഭവിക്കുന്നതാണ് ചരിത്രം എന്നിരിക്കെ ഈ സ്ഥലവിസ്തൃതി ചരിത്രത്തിന്റെ വിസ്തൃതി തന്നെയാണ്. ചരിത്രത്തിന്റെ വിവിധങ്ങളായ താൽപര്യങ്ങളും സാദ്ധ്യതകളുമാണ് ഈ സ്ഥല കൽപനകളിലൂടെ തെളിയുന്നത്. ആകാശവും ഭൂമിയും ഒരേപോലെ ഈ കഥയിലെ ഇടങ്ങളാണ് "[41]

കഥയുടെ തുടക്കം മുത്തശ്ശികഥ പോലെയാണ് ഒരിടത്ത് എന്നാരംഭിക്കുന്ന ആഖ്യാനം കഥയാണ് പറയുന്നത് എന്ന എഴുത്തുകാരന്റെ സാക്ഷ്യപത്രമാണ്. തമാശക്കഥയല്ല എന്ന് ബോധ്യപ്പെടുത്തുന്ന വിധത്തിലാണ് ആഖ്യാനം നിർവഹിച്ചിട്ടുള്ളത്. ചലച്ചിത്രത്തിന്റെ ആഖ്യാന സമ്പ്രദായത്തോട് അടുത്തുനിൽക്കുന്ന ആഖ്യാനം കഥയെ സവിശേഷമാക്കുന്നു.

ശൂന്യാകാശപേടകത്തിലിരുന്ന ഗോവിന്ദൻകുട്ടിയും ബക്കുനിനും ഓർത്തെടുക്കുന്ന തങ്ങളുടെ ഓർമ്മകളിൽ നിന്ന് യാഥാർത്ഥ്യത്തിലേക്ക് തിരിച്ചു വരുമ്പോൾ സോവിയറ്റ് യൂണിയൻ തകർന്നിരിക്കുകയാണ് എന്നും അതിനാൽ

ഇറങ്ങേണ്ടതിനെക്കുറിച്ച് അവ്യവസ്ഥിതത്വം നിലനിൽക്കുന്നുവെന്നും ബോധ്യപ്പെടുന്ന അവർ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങുന്നു. ബക്കുനിൻ ശൂന്യതയിൽ അഭയം പ്രാപിക്കുന്നു. അയാളുടെ മരണം എഴുത്തുകാരൻ സൃഷ്ടിക്കുന്ന മറ്റൊരു തീക്ഷണമായ അനുഭവമാണ്. ഇത് ആഖ്യാനത്തിന്റെ തലത്തെ തീവ്രമാക്കുന്നു. സോവിയറ്റ് യൂണിയന്റെ അന്താരാഷ്ട്ര ബാധ്യതകൾ തങ്ങൾക്ക് ഏറ്റെടുക്കാൻ റിപ്പബ്ലിക്കുകൾ സാധ്യമല്ല എന്നറിയിപ്പു കിട്ടുന്നതോടെ കഥയിലെ ദുരന്തം പൂർണ്ണമാകുന്നു.

ആഖ്യാനത്തിലെ പ്രധാന തന്ത്രങ്ങളായ ആവൃത്തി കഥയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ആനാൽ തൊഴിലാളി വർഗം, എന്ന പ്രയോഗം രണ്ടിടത്ത് ഉപയോഗിച്ചിരിക്കുന്നു. ഒന്ന് കേരളത്തിലും കമ്മ്യൂണിസത്തിന്റെ വളർച്ചയുടെ പോരാട്ടങ്ങളുടെ ചരിത്രത്തെയും രണ്ടാമത്തേത് ഭൂമിയിൽ ഇറങ്ങാൻ സാധ്യമല്ല എന്നറിയിപ്പുകിട്ടുമ്പോൾ ഗോവിന്ദൻകുട്ടി പറയുന്നതുമാണ്. രണ്ടും മർമ്മപ്രധാനമായ സംഭവങ്ങളെ ആവിഷ്കരിക്കാൻ ഉപയോഗിക്കുന്നു. അവസാനത്തേത് നിസ്സഹായതയിൽ നിന്നും ഉടലെടുക്കുന്നതാണ്. ഇപ്രകാരം സ്ഥലകാലങ്ങളുടെ സമ്മിശ്രമായ അവതരണമാണ് നാലാംലോകം എന്ന കഥ പങ്കുവെയ്ക്കുന്നത്.

സോവിയറ്റ് യൂണിയൻ എന്ന യാഥാർത്ഥ്യം ബഹിരാകാശത്ത്പ്പെട്ടുപോയ ബക്കുനിനെയും ഗോവിന്ദൻകുട്ടിയെയും രണ്ട് തരത്തിൽ സ്വാധീനിക്കുന്നത്. ഈ മൂന്നാം ലോകത്തിരുന്ന് എന്തുചെയ്യുമെന്ന് ആശങ്കപ്പെടുന്ന ഗോവിന്ദൻകുട്ടിയോട് നാലാം ലോകത്തോടാണോ ഇങ്ങനെ ചോദിക്കുന്നത് എന്ന മറുപടിയാണ് ബക്കുനിൽ നൽകുന്നത്. പുതിയ സ്ഥലബോധമാണ് ബക്കുനിനെ നയിക്കുന്നത്. ചരിത്രവും യാഥാർത്ഥ്യവും കീഴ്മേൽ മറിച്ചുകൊണ്ട് സ്ഥലകാലങ്ങളുടെ ആന്തരിക ചൈതന്യമുൾക്കൊണ്ട കഥയാണ് നാലാം ലോകം. ശക്തമായ രാഷ്ട്രീയ വിമർശനം ഈ കഥയുടെ അന്തർധാരയാണ്. ഇത് വ്യക്തമാകുന്നത് കഥയിലെ ആഖ്യാനഘടനയിൽ സന്നിവേശിപ്പിച്ചിരിക്കുന്ന സ്ഥലകാലമുദ്രകളിലൂടെയാണ്.

## 2.4.7 കാണി

കാണിയുടെ ആഖ്യാനം തുടങ്ങുന്നത് ഗ്രന്ഥകാരാഖ്യാനരീതിയിലാണ്. പിന്നെ കൃഷ്ണൻ എന്ന കഥാപാത്രത്തിലൂടെ ആഖ്യാനം മുന്നോട്ട് പോകുന്നു. പിന്നീട് ശകുന്തളയുടെ വികാരവിചാരങ്ങളെ അടയാളപ്പെടുത്തിക്കൊണ്ട് കഥയിലെ സംഘർഷത്തെ വെളിവാക്കിത്തരുന്നു. താൻ എഴുതിയ കവിത ഭർത്താവിനെ കാണിക്കുമ്പോൾ അതിനെ വെണ്മണിയുടെ കവിതചൊല്ലി പരിഹസിക്കാൻ ശ്രമിക്കുന്ന ഭർത്താവിനെ ശകുന്തള തിരിച്ചറിയുന്നതോടുകൂടി ശകുന്തളയിൽ ആന്തരികമായ സംഘർഷം ഉടലെടുക്കുന്നു. തൊദറോവിന്റെ ആഖ്യാനബഹുലകം (Mode) രൂപപ്പെടുന്നതിവിടെയാണ്.

"ഈ അടുത്തകാലത്താണ് ഞാൻ എഴുതുവാൻ തുടങ്ങിയത്. എനിക്കു വേണ്ടി മാത്രം. ഒറ്റയ്ക്കിരുന്ന് കുടിക്കുന്നതുപോലെ ഞാൻ എഴുതി."[42] ശകുന്തളയുടെ ആത്മസംഘർഷം ഇവിടെ വ്യക്തമാണ്. ദാമ്പത്യത്തിന്റെ ഈ വഴിപിരിയൽ ശകുന്തളയെ സ്വത്വബോധത്തിലേക്ക് നയിക്കുന്നു. കഥാപാത്രത്തിന്റെ വികാരവിചാരങ്ങൾ ആന്തരികമായും ബാഹ്യമായും ആഖ്യാനപരിപ്രേക്ഷ്യത്തെ സൃഷ്ടിക്കുന്നു. കഥയിലെ സ്ഥലകാലങ്ങളെ ബോധ്യപ്പെടുത്തുന്നത് ഈ ആഖ്യാനപരിപ്രേക്ഷ്യമാണ്.

കഥയിൽ പിന്നീട് വിജയന്റെ വീക്ഷണകോണിൽ നിന്നുള്ള ആഖ്യാനമാണ്. ഭർത്താവിന്റെ സുഹൃത്താണ് വിജയൻ. ഭർത്താവിൽ നിന്ന് ലഭിക്കുന്ന അവഗണനയിൽ നിന്ന് രക്ഷപ്പെടാൻ ബ്യൂട്ടിപാർലറിൽ പോകുന്ന ശകുന്തള മുടിമുറിച്ചുകളയുന്നു. അവിടെ നിന്ന് പോരുന്ന ശകുന്തള വഴി മദ്ധ്യേ വിജയനെ കണ്ടുമുട്ടുന്നു. കവിതയും ഊണും തരാമെന്ന് ശകുന്തള പറയുമ്പോൾ വിജയൻ കൂടെ വരുന്നു. താൻ എഴുതിയ കവിത അയാൾക്ക് വായിക്കാൻ കൊടുത്ത അരികിൽ നില്ക്കുന്ന അവളോട് പെട്ടെന്ന് അടുപ്പം തോന്നിയ അയാൾ അവളെ ചേർത്തു പിടിക്കുന്നു. എന്നാൽ ഈ രംഗം കണ്ട് കടന്നുവരുന്ന മകൻ ഈ കാഴ്ച്ച കണ്ട് തിരിഞ്ഞോടി അപകടത്തിൽപ്പെട്ട് മരിക്കുന്നു. മകന്റെ മരണം കഴിഞ്ഞതിനുശേഷമുള്ള സംഭവങ്ങളിലൂടെയാണ് കഥ

ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത്. വിജയന്റെയും ശകുന്തളയുടെയും കൃഷ്ണന്റെയും ഓർമ്മകളാണ് കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്. "ശകുന്തള എന്ന സ്ത്രീയുടെ സ്വത്വബോധത്തിന്റെയും സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെയും കഥയെന്ന രീതിയിൽ ഈ കഥയെ വായിച്ചെടുക്കാവുന്നതാണ്. സ്വാതന്ത്ര്യപ്രഖ്യാപനം കുടുംബമെന്ന സ്ഥാപനവുമായി ഇടറുന്നതിന്റെ ചിത്രമാണ് സനലിന്റെ മരണത്തിലൂടെ തെളിഞ്ഞു വരുന്നത്. ഇവിടെ കാണി വ്യവസ്ഥാപിതരീതിയിലുള്ള സ്ത്രീ പക്ഷവാദത്തിന്റെ വിമർശനമായിത്തീരുന്നു."[43]

കഥാഖ്യാനത്തിൽ ഒരു വ്യക്തിയെ കേന്ദ്രമാക്കിയുള്ള ആഖ്യാനമല്ല നിർവഹിച്ചിരിക്കുന്നത്. ശകുന്തള, വിജയൻ,കൃഷ്ണൻ,ഗ്രന്ഥകാരൻ എന്നിങ്ങനെ ആഖ്യാനകാരൻ കഥയിൽ ഇടയ്ക്കിടെ മാറുന്നു. Variable focalisation എന്ന ആഖ്യാനതന്ത്രമാണിവിടെ അവതരിപ്പിച്ചിരിക്കുന്നത്. കാണി എന്ന പദം കാഴ്ചകൾ കാണുന്നവനെയാണ് സൂചിപ്പിക്കുന്നത്. ശകുന്തളയുടെ കവിത കാണുന്ന കൃഷ്ണനിലും വിജയനിലും രണ്ട് തരം പ്രതികരണങ്ങളാണ് ഉണ്ടാവുന്നത്. അതോടൊപ്പം വിജയനെയും ശകുന്തളെയെയും ഒന്നിച്ചു കാണുന്ന സനൽ ആ കാഴ്ചയുടെ ദുരന്തചിഹ്നമായി മാറുകയും ചെയ്യുന്നു.

തന്റെ സർഗാത്മകതയെ അംഗീകരിക്കാതിരിക്കുകയും ദാമ്പത്യബന്ധത്തിൽ നിന്ന് അകറ്റി നിർത്തപ്പെടുകയും ചെയ്തപ്പോൾ ശകുന്തളയ്ക്ക് തിരിച്ചറിവുണ്ടാകുന്നു. ആ തിരിച്ചറിവ്, താൻ തിരസ്കരിക്കപ്പെടുന്നു എന്ന ബോധം കിലോമീറ്ററുകളോളം അവളെ ഒറ്റയ്ക്കു നടത്തുന്നു. കുടുംബവ്യവസ്ഥയ്ക്കത്തെ സംഘർഷം മകന്റെ മരണത്തിലൂടെ ദുരന്തമായി പരിണമിക്കുന്നു.

കഥാഖ്യാനത്തിൽ ഭൂതകാലസംഭവങ്ങൾ വ്യത്യസ്ത കഥാപാത്രങ്ങളിലൂടെ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു. കഥയിൽ സൃഷ്ടിക്കുന്ന ആന്തരിക-ബാഹ്യസംഘർഷം ആഖ്യാനപരിപ്രേക്ഷ്യത്തെ രൂപപ്പെടുത്തികൊണ്ട് സ്ഥലകാലങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്നു.

### 2.4.8 വൻമരങ്ങൾ വീഴുമ്പോൾ

ചരിത്രവും ഭാവി വർത്തമാനങ്ങളും എഴുത്തുകാരുടെ പ്രചോദകഘടകങ്ങളാണ്. ഇന്ത്യക്കാരെ സംബന്ധിച്ച് ചരിത്രം നിരവധി പാരായണസാധ്യതകളെ തുറന്നുകാട്ടുന്ന ഒന്നുകൂടിയാണ്. അത് കേവലമായ ഭൂതകാലമായി ഭാരതീയനിൽ നിലനിൽക്കുന്നില്ല. വർത്തമാനത്തിലും ഭാവിയിലും നിരവധി ചിന്തകളെയും കാഴ്ചപ്പാടുകളെയും അത് രൂപപ്പെടുത്തുന്നു. അത്തരത്തിൽ ചരിത്രം വർത്തമാനസമസ്യകളുടെ തായ്‌വേരായി മാറുന്നു. ഈ സത്യത്തെ കണ്ടെടുക്കലാണ് ക്രാന്തദർശിയായ ഓരോ എഴുത്തുകാരനും ചെയ്യുന്നത്. ചരിത്രസന്ധികൾ സൃഷ്ടിക്കപ്പെടുന്നത് ശരീരത്തെ മാത്രമല്ല മനസ്സിനെ കൂടി ബാധിക്കുന്നുണ്ടെന്ന സത്യം അടയാളപ്പെടുത്തുന്ന കഥയാണ് വൻമരങ്ങൾ വീഴുമ്പോൾ.

ഇന്ദിരാഗാന്ധി വധത്തിന് ശേഷമുള്ള സിക്ക് വംശഹത്യയെക്കുറിച്ച് രാജീവ്ഗാന്ധി നടത്തിയ പരാമർശമാണ് വൻമരങ്ങൾ വീഴുമ്പോൾ എന്നത്. സിക്ക് കലാപത്തിന്റെ മറവിൽ മനുഷ്യൻ നടത്തുന്ന സ്വാർത്ഥതയുടെ സാക്ഷ്യപത്രമാണ് അമർജിത്തിന്റെയും ജഗ്ഗിയുടെയും ജീവിതം. അമർജിത്തിന്റെ ഭർത്താവിനെയും ഒരു മകനെയും കലാപകാരികൾ വധിക്കുന്നു. പ്രാണരക്ഷാർത്ഥം എത്തിപ്പെടുന്നത് ഒരു കന്യാസ്ത്രീമഠത്തിലാണ്. അമർജിത്തിന്റെ ഭർത്താവിന് നാലും കൂടിയ കവലയിൽ ഒരു ഇരുമ്പു കടയുണ്ടായിരുന്നു. അത് സ്വന്തമാക്കാൻ അയൽവാസിയായ രാംസിങ്ങാണ് അമർജിത്തിന്റെ കുടുംബത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. കലാപത്തിന്റെ മറവിൽ നടത്തുന്ന സ്വാർത്ഥതയുടെ ഇരകളാണ് അമർജിത്തും ജഗ്ഗിയും. മനുഷ്യൻ മനുഷ്യത്വത്തെ മറക്കുന്ന ഇത്തരം ദശാസന്ധികളിലാണ് ചരിത്രം എഴുതപ്പെട്ടവ മാത്രമായിരിക്കണമെന്നില്ല എന്ന ഓർമ്മപ്പെടുത്തൽ അനിവാര്യമാകുന്നത്.

സിസ്റ്റർ അഗതയുടെ സംരക്ഷണയിലായിരിക്കുമ്പോൾ അവർ രക്ഷകനിലെത്തിയപോലെ ആശ്വസിക്കുന്നുണ്ട്. മഠത്തിന് പുറത്ത് അമർജിത്തിനെയും

ജഗ്ഗിയെയും തേടി കൊലയാളികൾ വരുമ്പോൾ അടുക്കളയിൽ മൂർച്ചയുള്ള കത്തി തെരഞ്ഞെടുത്ത് അതിനെതിരെ പ്രതികരിക്കാൻ സിസ്റ്റർ അഗത തയ്യാറാവുന്നുണ്ട്. തങ്ങളുടെ കർമ്മപഥത്തിൽ വിശുദ്ധരായി ജീവിക്കുന്ന കന്യാസ്ത്രീ സമൂഹത്തിലെ ഒരു അന്തേവാസിക്ക് തന്നിലഭയം പ്രാപിച്ചവർക്കായി എന്തും നേരിടാൻ മടിക്കില്ല എന്ന് ഇത് ബോധ്യപ്പെടുത്തുന്നു. ജഗ്ഗിയെയും അമർജിത്തിനെയും രക്ഷിക്കാനായി തയ്യാറെടുക്കുമ്പോൾ ജഗ്ഗിയെ അടിമുടി മാറ്റുന്നുണ്ട് അവർ.

"അമർജിത്ത് അവന്റെ തലയിലെ വെള്ളത്തൂവാല അഴിച്ചു. ഞാൻ നെറുകയിൽ കെട്ടി വെച്ചിരുന്ന അവന്റെ മുടി അഴിച്ചു. അതു തോളറ്റം വീണു കിടന്നു. വെള്ളം തളിച്ചു ഞാൻ തന്നെ മുറി ഈറനാക്കി. എന്നിട്ടു വലിയ കത്രികകൊണ്ടു മുടി മുറിക്കുവാൻ തുടങ്ങി, മുടിയുടെ ഇഴകൾ ഓരോന്നായി മഠത്തിലെ തളത്തിൽ വീഴുമ്പോൾ ജഗ്ഗി കൂടുതൽ നഗ്നയായി.

"വാഹ് ഗുരുവാഹ് അമർജിത്ത് തേങ്ങിക്കൊണ്ടു പറഞ്ഞു."[44]

ജഗ്ഗിയെയും അമ്മയെയും രൂപംമാറ്റിയാണ് അവിടെ നിന്നും രക്ഷിക്കുന്നത്. എന്നിട്ടും അവർ പോകുന്ന വണ്ടിക്കു കുറുകെ കൊലയാളികൾ കടന്നു വരുന്നുണ്ട്. കന്യാസ്ത്രീ വേഷം ധരിച്ച അമർജിത്തിനെയും ശവപ്പെട്ടിയിലുള്ള ജഗ്ഗിയെയും അവർ തിരിച്ചറിയുന്നില്ല. ഇവിടെയാണ് സിസ്റ്റർ അഗതയുടെ ഉൾക്കാഴ്ച വ്യക്തമാവുന്നത്.

"സിക്കുകാരുടെ ജീവിതത്തിൽ പക്ഷേ മുറിച്ചുമാറ്റപ്പെട്ട മുടി നഷ്ടപ്പെടുന്ന സ്വത്വബോധം തന്നെയാണ്. താടിയും മുടിയുമൊക്കെ സ്നേഹസമ്പന്നനായ ഒരു ഗുരുവിനു സമർപ്പിച്ച അടയാളങ്ങളാണ്. രോമങ്ങളൊന്നും മുറിച്ചു പോകരുതെന്നത് ഒരു സിക്കുകാരന്റെ പുരാതനമായ ഉടമ്പടിയാണ്. ഏതൊരു മതത്തിന്റെയും സത്ത അതിലുള്ളവർ ഒരു തപസ്സുപോലെയാണ് ഉൾക്കൊള്ളുന്നത്. അതിന്റെ ലംഘനം ആത്മീയമായ മരണമാണ്. ആംബുലൻസിനുള്ളിലെ ശവപ്പെട്ടിയിൽ കിടക്കുന്ന ജഗ്ഗി ബലികഴിക്കപ്പെട്ട സിക്കു മതമാണ്. സ്വന്തം ഗോത്രത്തിന്റെ മഹാസത്തകൾ ബലികഴിക്കുമ്പോൾ ഭാരതം

എന്റേതാണ് എന്ന വികാരത്തിന് വിള്ളൽ സംഭവിക്കുകയാണ്."[45]

ഒരു ന്യൂനപക്ഷത്തിന്റെ ബലി അധികാരസ്ഥാനത്തുള്ളവരുടെ അധികാര കസേരകളെ നിലനിർത്തുന്ന ഘടകമായി മാറുന്ന ദാരുണമായ അവസ്ഥയാണ് ചരിത്രത്തിൽ കാണുന്നത്. അതിജീവനത്തിന്റെയും സ്വാർത്ഥതയുടെയും മുഖംമൂടികൾ ധരിച്ചുകൊണ്ട് മനുഷ്യത്വരഹിതമായ പ്രവർത്തികളിലേക്ക് അധഃപതിക്കുന്ന ജനതയെ ധാർമ്മികമായി വഴി നടത്തേണ്ട ചുമതല യഥാർത്ഥത്തിൽ ആർക്കാണ് ഉള്ളത് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്.

ആഖ്യാനത്തിൽ സ്ഥലകാലമുദ്രകൾ രേഖീയമായാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. സിക്കുകലാപത്തിന്റെ മറവിൽ നടന്ന മനുഷ്യത്വരഹിതമായ പ്രവണതകളെ തുറന്നു കാട്ടുന്ന ആഖ്യാനമാണ് ഈ കഥ നിർവ്വഹിക്കുന്നത്. ഇന്ദിരാഗാന്ധിവധകാലഘട്ടം ഇവിടെ ചരിത്രസ്ഥലകാലങ്ങളെ നിർണ്ണയിക്കുന്നു. ആഖ്യാനപരിപ്രേക്ഷ്യത്തെ രൂപപ്പെടുത്തുന്നത് കലാപത്തിന്റെ ദുരന്തമുഖങ്ങളെയാണ്. കന്യാസ്ത്രിമഠം പ്രധാന ആഖ്യാനസ്ഥലമാണ്.

ഉത്തമപുരുഷാഖ്യാനത്തിലാണ് ഈ കഥ നിർവ്വഹിച്ചിരിക്കുന്നത്. സിസ്റ്റർ അഗതയുടെ വീക്ഷണകോണിലാണ് കഥ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. ഇന്ദിരാഗാന്ധി വധിക്കപ്പെട്ടതറിഞ്ഞ് ഒരു കന്യാസ്ത്രീമഠത്തിൽ ഉണ്ടാവുന്ന സ്വാഭാവിക പ്രതികരണങ്ങളും അവിടെ അഭയം പ്രാപിച്ച ഒരു കുഞ്ഞിന്റെയും അവന്റെ അമ്മയുടെയും അനുഭവങ്ങളെയും കലാപവുമായി കൂട്ടിയിണക്കിയിരിക്കുന്നു. ചരിത്രത്തിലെ ഒരു പ്രതിസന്ധിഘട്ടത്തെ വർത്തമാനകാലവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള നിർമ്മിതിയാണ്. 1984ലെ നടക്കുന്ന സംഭവമായാണ് കഥാഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത്. പാർശ്വവൽക്കരിക്കപ്പെടുന്ന ന്യൂനപക്ഷത്തോട് എഴുത്തുകാരൻ അനുഭാവം പുലർത്തുന്നതാണ് ഈ കഥയുടെ ആഖ്യാനതന്ത്രത്തിന്റെ സവിശേഷത. അതോടൊപ്പം ചലച്ചിത്രത്തിന്റെ ദൃശ്യഭാഷ ഉപയോഗിക്കപ്പെട്ടിരിക്കുന്നു. സിസ്റ്റർ അഗതയുടെ ഓർമ്മകളിലൂടെയാണ് കഥയുടെ ആരംഭം. സിസ്റ്റർ അഗതയുടെ ഭൂതകാലം, കന്യാസ്ത്രീമഠത്തിലെ ജീവിതം എന്നിവ ഭൂതകാലാഖ്യാനമായി കടന്നുവരുന്നു. ഫ്ളാഷ്ബാക്കിലൂടെ അവത

രിപ്പിക്കപ്പെടുന്ന മഠത്തിന്റെ ചരിത്രവും ഭൂതകാലവും സമ്മിശ്രമായി അവതരിപ്പിക്കപ്പെടുന്നു. ഈ കഥയിലെ ഫോക്കലൈസർ സിസ്റ്റർ അഗതയാണ്. ഇന്ത്യയുടെ സമകാലിക സാഹചര്യത്തിൽ പ്രസക്തമായ ആശയമാണ് ഈ കഥ മുന്നോട്ട് വയ്ക്കുന്നത്.

### 2.4.9 കാർമെൻ

കാർമെൻ കഥകളിയുടെ സൗന്ദര്യഭൂമികയിൽ നിന്ന് രചിക്കപ്പെട്ട കഥയാണ്. ഇറ്റലിയിലേക്കുപോയ കേരളത്തിലെ കഥകളിനടനും വെനീസിലുള്ള കാർമനും തമ്മിലുള്ള അടുപ്പമാണ് കഥയിലെ പ്രധാന പ്രതിപാദ്യം. കഥ നടക്കുന്നത് വർത്തമാനകാലത്തിലാണ്. വെനീസാണ് അപ്പോൾ സ്ഥലപരിസരത്തെ അടയാളപ്പെടുത്തുന്നത്. കാർമെനിന് രാഘവന്റെ ശരീരത്തോടാണ് ആകർഷണം തോന്നുന്നത്. വെനീസിലെ മാംസസംസ്കരണശാലയിൽ ജോലിചെയ്യുന്ന തനിക്ക് അവയവങ്ങൾ മാത്രമായേ മനുഷ്യനെ കാണുവാൻ പറ്റുന്നുള്ളൂ എന്ന് അവൾ ചിന്തിക്കുന്നുണ്ട്.

രാഘവന് ഭാര്യയും ഒരു കുഞ്ഞുമുണ്ട്. അമ്മ അച്ഛൻ നമ്പൂതിരിയുടെ സംബന്ധകാരിയായിരുന്നു. അച്ഛനോടുള്ള കടപ്പാടുകൊണ്ടാണ് ഗുരു കഥകളിക്കാരനാക്കിയത്. സംബന്ധത്തെകുറിച്ച് പഠിക്കാനെത്തിയ മിക്കയില എന്ന വെനീസുകാരിയാണ് കാർമെനെ രാഘവന് പരിചയപ്പെടുത്തികൊടുക്കുന്നത്. എന്നാൽ രാഘവൻ കാർമെനുമായി അടുപ്പം തുടങ്ങിയതറിഞ്ഞ് ഗുരുവിന് നീരസം തോന്നി. ഗുരു ആദ്യം കളിയച്ഛനായിരുന്നു. എന്നാൽ പിന്നീട് അച്ഛനെപ്പോലെയായി. രാഘവന് വേണ്ടി കളരി തന്നെ നിർത്തിവെച്ച് അയാളെ മാത്രം കഥകളി പഠിപ്പിച്ച ഗുരുവിന് രാഘവനോടുള്ള സ്നേഹം ഇപ്രകാരം അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. "മഞ്ഞുകാലമായതുകൊണ്ട് ജനലിനപ്പുറത്ത് പ്രഭാതം വൈകിയേ തുടങ്ങിയുള്ളൂ. രാത്രി മുഴുവൻ ചാരനിറനിറത്തിൽ ദ്വിമാനമായി നിലകൊണ്ട് സാൽമാർക്കോ ബസിലിക്കയുടെ കുംഭഗോപുരങ്ങൾക്ക് നിറങ്ങളും മജ്ജയും വച്ചു തുടങ്ങി. തിരിച്ചു വീശുന്ന കടൽക്കാറ്റ് പുറത്ത് തണുപ്പു കൂട്ടിയപ്പോൾ രാഘവൻ പതുക്കെ കുളിരുന്നതു കണ്ട ആശാൻ തന്റെമേൽ കിടന്ന കമ്പിളിക്കൂടി ഇട്ടു"[46]. സ്ഥലകാലങ്ങളെക്കൂടി ഈ ഭാഗം അടയാളപ്പെടുത്തു

ന്നുണ്ട്.

കഥകളി സംഘം തിരിച്ചു പോയെങ്കിലും രാഘവൻ കാർമെനുമൊത്ത് വെനീസിൽ തന്നെ നിന്നു. പിന്നീട് കാശിയിലെത്തുന്നു. ഗംഗയുടെ തീരത്ത് ഗുസ്തിക്കാർ മല്ലയുദ്ധം നടത്തുന്നതു കണ്ട കാർമെൻ അതിൽ ആകൃഷ്ടയായി. അവിടെവെച്ച് മൂന്നാം ഷാഹി എന്ന ഗുസ്തിക്കാരനെ പരിചയപ്പെടുന്നു. എതിരാളിയായ കാളിസിങ്ങിനെ തോൽപ്പിക്കുന്ന ദിവസം അയാളുമായി ഗുസ്തി പിടിക്കാമെന്ന് അവൾ സമ്മതിക്കുന്നു. മൂന്നാം ഷാഹിയിൽ ഭ്രമിക്കുന്ന കാർമെനിൽ നിന്ന് രാഘവൻ അകലുന്നു. ഹിംസാത്മകമായ രതിയിലൂടെ അവളെ കീഴടക്കികൊണ്ട് കഥകളിയാശാന്റെ അരികിലേക്ക് തിരിച്ചുവന്ന് "ഞാനിപ്പോൾ നന്നായി ആടും. എന്റെ ഉള്ള് തുറന്നു. മനോധർമ്മം അസ്സലായി തോന്നും. കഴിഞ്ഞ ഒരു മാസം കൊണ്ട് ഉറയൊഴിഞ്ഞ പാമ്പിനെ പോലെയായി എന്റെ മനസ്സ്."[47] ഇപ്രകാരം പറഞ്ഞ് ആടാൻ തുടങ്ങുന്നു. അയാളുടെ ആട്ടം കണ്ട് ആശാൻ അന്തം വിട്ടിരിക്കുന്നു. രാഘവനെ സ്വീകരിച്ചതായി സൂചനയൊന്നും കഥയിൽ ഇല്ല.

വെനീസ്, കാശി, ബനാറസ്, കേരളം എന്നിങ്ങനെ വ്യത്യസ്ത സ്ഥലങ്ങൾ കഥയിൽ കടന്നുവരുന്നുണ്ട്. കഥാകാലം ആഖ്യാനകാലം തന്നെയാണ്. കളിയച്ഛന്റെ ഓർമ്മകളിലും മിക്കയിലയുടെ കേരളത്തിലെ ഓർമ്മകളിലും ഭൂതകാലാഖ്യാനം കടന്നുവരുന്നുണ്ട്. മിക്കയിലയുമായി രാഘവന് നാട്ടിൽവെച്ച് അടുപ്പമുണ്ടായിരുന്നതായി ഇത് വ്യക്തമാക്കുന്നു. രാഘവനിലും മൂന്നാം ഷാഹിയിലും ഭ്രമിയ്ക്കുന്ന കാർമെനിന്റെ രാശി മീനമാണെന്ന് കഥയിൽ സൂചനയുണ്ട്. ജലമാണ് മൂലകം. ചലിക്കുന്ന ജലം അവ്യവസ്ഥിതമായ സ്വഭാവസവിശേഷതകളെ സൂചിപ്പിക്കുന്നു. തന്നെ കല്യാണം കഴിക്കുമോ എന്നു ചോദിക്കുന്ന രാഘവനോട് അവൾ ദേഷ്യത്തോടെ പറയുന്നു. "എല്ലാറ്റിനും എന്ത്, എന്തുകൊണ്ട് ഗംഗയ്ക്കുണ്ടോ എന്തുകൊണ്ട്? അതൊഴുകുന്നു. അതുകൊണ്ട് അതൊഴുകുന്നു."[48] എന്ന വാക്കുകൾ അതിനെ ഉദാഹരിക്കുന്നു.

ആഖ്യാനത്തിൽ എഴുത്തുകാരൻ സ്ഥലകാലങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്. ആഖ്യാനകാലത്തിൽ വർത്തമാനത്തിൽ നിന്ന് ഭൂതകാലത്തിലേക്ക് നീങ്ങുന്നു. പിന്നീട് വീണ്ടും വർത്തമാനകാലം. ഇപ്രകാരമുള്ള ആഖ്യാനത്തിൽ ആഖ്യാനപരിപ്രേക്ഷ്യമായി മാറുന്നത് രാഘവന്റെ കഥകളിയോടുള്ള മമതയില്ലായ്മയാണ്. കാർമെയിൽ ഭ്രമിച്ച് കഥകളിയെ മറന്നു പിന്നീട് തിരിച്ചു വരുമ്പോൾ ഇപ്പോഴാണ് താൻ മനോധർമ്മം ആടാൻ യോജിച്ചവനായത് എന്ന് പറയുന്നുണ്ട്. അത്രയും വർഷം ആശാന്റെ പ്രയത്നം വ്യഥാവിലായിരുന്നു എന്ന സൂചന കഥയിൽ ഉണ്ട്. തീവ്രമായ കാമത്തിന്റെ ഒരു തലം കാർമെൻ എന്ന കഥയിലുണ്ട്. മിക്കയിലയും രാഘവനും തമ്മിലുള്ള ബന്ധം, രാഘവനും കാർമെനും തമ്മിലുള്ള ബന്ധം അവയെ ഉദാഹരിക്കുന്നു. ശ്രീകൃഷ്ണനും ഗോപികമാരെയും ഒളിച്ചു നിന്ന് കാണുന്നവർക്ക് ഭ്രാന്തുവരുമെന്ന വിശ്വാസം, കുറിയേടത്തു താത്രിയുടേയും കാവുങ്ങൽ ശങ്കരപ്പണിക്കരെയും കുറിച്ചുള്ള പരാമർശങ്ങൾ കഥയുടെ ആന്തരിക ഘടനയിൽ എഴുത്തുകാരൻ ഉപയോഗിച്ചിരിക്കുന്ന ആഖ്യാനതന്ത്രമാണ്. ഇത് കാർമെനും രാഘവനും തമ്മിലുള്ള ബന്ധത്തിന്റെ അസ്ഥിരതയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. ആഖ്യാനത്തിൽ ഇവ മറ്റൊരു സ്ഥലകാലപരിസരങ്ങളെ കൊണ്ടുവരുന്നു. ഇത് ആഖ്യാന ഘടനയുടെ ഭാഗമാകുന്നതോടൊപ്പം അർത്ഥതലങ്ങൾ മാറി മറിയുന്നു. കൂടാതെ കളിയച്ഛൻ എന്ന പ്രയോഗം പി.കുഞ്ഞിരാമൻനായരുടെ കളിയച്ഛൻ എന്ന കവിതയെ ഓർമ്മിപ്പിക്കുന്നു. കവിതയിലെ നായകനും കാർമെനിലെ നായകനും ഒരുപോലെയായിത്തീരുന്ന സന്ദർഭങ്ങളുണ്ട്. ഇത്തരമൊരു അർത്ഥസാധ്യത കൂടി ഈ കഥയ്ക്കുണ്ട്.

കഥകളിയുടെ പരിസരം സൃഷ്ടിക്കുന്ന മായിക സ്ഥലങ്ങളോടൊപ്പം രാഘവൻ എന്ന കഥകളിക്കാരന്റെ ജീവിതകാലവും കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു. മനുഷ്യബന്ധങ്ങളുടെ ആന്തരികമായ തലങ്ങളെ എഴുത്തുകാരൻ അവതരിപ്പിക്കുന്നത് കഥകളിയുടെ ഭാഷചിഹ്നങ്ങളുപയോഗിച്ചാണ്. ആഖ്യാനത്തിൽ ഇത്തരമൊരു വിന്യാസം കഥയെ ഭാവതലത്തിന് അനുയോജ്യമാണ്.

"അവൾ പറഞ്ഞു ഗ്വോ ഗ്വോ

പൂപ്പ് യീ രാഘവൻ അടക്കിയ സ്വരത്തിൽ അവൾക്കു മറുപടി കൊടുത്തു.

കാർമെൻ അയാളുടെ ചെവി കടിച്ചു കൊണ്ട് പതുക്കെ മന്ത്രിച്ചു ഗ് ഗൂയി ഇത്തവണ രാഘവന്റെ മനസ്സിൽ ചെണ്ടയും ചേങ്ങലയും പാട്ടുകാരൻ കുട്ടൻമേനോനും നിരന്നു. തലവെട്ടിച്ച്, വിയർപ്പുമണികൾ ചീറ്റിച്ച് കുട്ടൻ മേനോൻ ആവേശത്തോടെ പാടി. ഈരേഴ് പാരിനീശനായുള്ള ഞാൻ ........................ പാട്ടുകാരനിൽ നിന്ന് കഥകളിയിലെ ഏറ്റവും വലിയ അട്ടഹാസത്തിനുള്ള അടയാളം കിട്ടിയ രാഘവൻ അതിഭയങ്കരമായി, സിംഹനാദത്തിൽ തരിയിട്ട് അലറി."[49]

രതിയെ കഥകളിയുടെ അവസ്ഥാവിശേഷങ്ങളുമായി ബന്ധിപ്പിക്കുന്ന ആഖ്യാനം ഇതിൽ നിന്ന് വ്യക്തമാണ്. കഥയിൽ പലയിടത്തും കഥകളിയുടെ ആംഗ്യഭാഷ കടന്നുവരുന്നുണ്ട്. അതെകുറിച്ച് കാർമെനിന്റെ അമ്മൂമ്മ ചോദിക്കുമ്പോൾ അവൾ ഇപ്രകാരം പറയുന്നുണ്ട്. "പരിചയപ്പെടുമ്പോൾ ഞങ്ങൾ സംസാരിക്കുവാൻ ഭാഷയില്ലായിരുന്നു. ഇപ്പോൾ അയാൾ ഇംഗ്ലീഷിൽ പതുക്കെ സംസാരിച്ചു തുടങ്ങിയിരിക്കുന്നു. ഞങ്ങൾക്കിടയിലെ മൗനം തകർന്നു തുടങ്ങിയപ്പോൾ ആദ്യം ഞാൻ പേടിച്ചു. എന്നാൽ ഇപ്പോൾ തോന്നുന്നു മിണ്ടാതിരിക്കുന്നത് പരാജയമാണെന്ന്."[50]

രാഘവൻ കാർമെനോട് ആംഗ്യഭാഷയിലാണ് ആദ്യം സംസാരിച്ചിരുന്നത്. കഥകളി ആംഗികമായ ചലനങ്ങളിലൂടെ സംവേദനം ചെയ്യപ്പെടുന്ന കലയാണ്. വാക്കുകൾ അതിൽ ഉപയോഗിക്കുകയില്ല. എന്നാൽ കഥകളിയ്ക്ക് സംഗീതമുണ്ട്. ആ സംഗീതമാണ് കാർമെനുമായുള്ള രതി സമയത്ത് രാഘവന്റെ മനസ്സിലുണരുന്ന കൃഷ്ണമേനോന്റെ പാട്ട്. ഇപ്രകാരം കഥകളി പരിസരം ആഖ്യാനത്തിൽ ഉൾച്ചേർന്നിരിക്കുന്നു.

"എൻ.എസ് മാധവന്റെ ചെറുകഥകൾ ഒരുതരം സമര രൂപങ്ങളാണ്. ഭാഷാ വ്യവസ്ഥയോട് എഴുത്തുകാരൻ എന്ന നിലയിൽ തന്നോട് തന്നെയുള്ള

സമരങ്ങൾ അതിന്റെ ചരിത്രബദ്ധമായ ആഖ്യാനമാണ് ഓരോ രചനയും. ജീവിതത്തിന്റെ അനിവാര്യമായ സങ്കീർണ്ണതകളിൽ നിന്ന് ഒഴിഞ്ഞുമാറാതെ വ്യത്യസ്തമായ മനുഷ്യപ്രകൃതിയെ, ചരിത്ര സന്ദർഭത്തെ നൈതീക സമസ്യയെ ആവിഷ്കരിക്കാനുള്ള സമരമാണത്."[51] എന്ന കെ.എസ്.രവികുമാർ അഭിപ്രായപ്പെടുന്നത് ശ്രദ്ധേയമാണ്.

ആഖ്യാനത്തിൽ ഭാഷ, കഥകളി, കാമം എന്നിവയ്ക്ക് അസാധാരണമായ അർത്ഥതലങ്ങൾ കൈവരുന്ന കഥയാണ് കാർമെൻ. സ്ഥലകാലത്തിന്റെ മുദ്രകൾ കഥയുടെ ആന്തരികഘടനയെ നയിക്കുന്നു. ഭൂതവർത്തമാനങ്ങളിലൂടെയുള്ള കഥയുടെ പ്രമേയവിന്യാസം, വെനീസ്, കേരളം, കാശി എന്നീ സ്ഥലങ്ങൾ എന്നിവയെല്ലാം കഥയിലെ സ്ഥലകാല മുദ്രകളെ അടയാളപ്പെടുത്തുന്നു.

**2.4.10 തിരുത്ത്**

തിരുത്ത് എന്ന കഥയിൽ 1992 ഡിസംബർ ആറിന് രാത്രി ഇന്ത്യയിലെ ഒരു പത്രമാഫീസ്സിൽ അടുത്ത ദിവസത്തെ പത്രത്തിനുവേണ്ട മുഖപ്രസംഗം സംബന്ധിച്ചുണ്ടായ ചർച്ചകളും അതിനനുബന്ധമായ ചെയ്തികളുമാണ് തിരുത്ത് എന്ന കഥയുടെ പ്രമേയം.

കെട്ടുകഴിഞ്ഞ പൈപ്പ് വായിൽ നിന്നെടുക്കാതെ ചുല്യാറ്റ് ഓഫീസ് മുറിയുടെ ജനലിലൂടെ റോഡിനെ നോക്കി നിന്നു. ഒരു സാധാരണ രാത്രി പത്തുമണിയിലെ റോഡിനേക്കാൾ വ്യത്യസ്തമായിട്ടാണ് അയാൾക്ക് അന്നു റോഡ് അനുഭവപ്പെട്ടത് കഥനടക്കുന്ന സ്ഥലം ഓഫീസും സമയം രാത്രിയുമാണെന്ന് കഥാകാരൻ തുടക്കത്തിൽ തന്നെ അവതരിപ്പിച്ചിട്ടുണ്ട്

"എല്ലാ ചരിത്ര സന്ധികളിലും ചുല്യാറ്റിനു പനിപിടിച്ചിരുന്നു. 1947 ഓഗസ്റ്റ് 14-ാം തിയ്യതി രാത്രി അയാൾ മലമ്പനി ബാധിച്ചു വിറച്ചുകിടന്നു. ഗാന്ധിജിയെ കൊന്നത് 103 ഡിഗ്രി പനിയിലായിരുന്നു."[52]

"ഞാനൊരു അർദ്ധരാത്രിയിലെ ശിശുവാണ്. റുഷ്ദിയുടെ അർധരാത്രിയിലെ ശിശുക്കളെ 1947ൽ ജനനം കൽക്കട്ടയിൽ"[53]

വാക്യങ്ങളിൽ സ്ഥലകാലങ്ങൾ കഥയിൽ പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും കഥ മുന്നോട്ടു വെയ്ക്കുന്ന സ്ഥലകാലസങ്കല്പം തികച്ചും വ്യത്യസ്തമാണ്.

1947 ഓഗസ്റ്റ് 14 ാം തിയ്യതി രാത്രി പനിപിടിച്ചു കിടക്കുന്നത് അവതരിപ്പിക്കുന്നതോടൊപ്പം ഗാന്ധിജിയെ കൊന്നത് 103° പനിയിലായിരുന്നു എന്നു പറയുമ്പോൾ വെട്ടിമുറിക്കപ്പെട്ട ഇന്ത്യൻ ദേശീയത ചോദ്യം ചെയ്യപ്പെടുന്നു. യഥാർത്ഥത്തിൽ ഗാന്ധിവധം ഒരു ചരിത്രസന്ധി തന്നെയായിരുന്നു. അത് സ്ഥലകാലത്തിന്റെ മറ്റൊരു സംഘർഷത്തെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നു.

"എന്താ ഇന്ന് കുറച്ച് താഴികക്കുടങ്ങൾ അയോദ്ധ്യയിൽ വീണതൊഴിച്ചാൽ ഇന്നത്തെ ദിവസത്തിനു കെ കെ ചുല്യാറ്റിന് എന്തു പ്രത്യേകത"[54] എന്നു അഭിജിത്ത് ചോദിക്കുന്നുണ്ട്.

പുരാതനമായ ആ മസ്ജിദ് ഏതൊരു ഭാരതീയന്റെ പൈതൃകം കൂടിയാണ്. ഏറ്റവും ആസൂത്രിതമായാണ് അതു തകർത്തത്. അയോദ്ധ്യയിലെ മസ്ജിദ് തകർന്നു വീണപ്പോൾ ഭാരതത്തിലെ മുസ്ലീം ജനതയ്ക്ക് നഷ്ടമായത് സ്വന്തം നാടാണ്. ബാബറി മസ്ജിദ് കെട്ടിടമല്ല. സ്വത്വമാണ്. സ്വന്തം ദേശത്തെ സ്ഥലത്തെ കാലത്തെ നഷ്ടപ്പെടുന്ന ഒരു ജനവിഭാഗത്തിന്റെ നീറുന്ന ബലിരേഖ തന്നെയാണ്. ഈ സത്യം  തകർച്ചറിയാത്തവരാണ് അത് കെട്ടിടത്തിന്റെ തകർച്ചയായി മാത്രം കാണുന്നത്.

"അയോദ്ധ്യയിൽ രാമക്ഷേത്രവും ബാബറിമസ്ജിദും അളന്നു മാറ്റാൻ ആവാത്ത ദൂരത്തിലാണെങ്കിൽ ഭാരതീയ സംസ്കാരവും അറേബ്യൻ സംസ്കാരവും അതിനേക്കാൾ ഇഴുകിയാണ് ഇന്ത്യാചരിത്രത്തിലിരിക്കുന്നത്. രാഷ്ട്രഭാഷയായ ഹിന്ദുസ്ഥാനിയിലും ഭാരതീയ സർക്കാർ സംവിധാനങ്ങളിലും നിയമത്തിന്റെ അലകിലും പിടിയിലും സംഗീതത്തിന്റെ രാഗമൂർച്ഛകളിലും ഇതു കാണാം. പാദുഷമാരും സുൽത്താന്മാരും നവാബുമാരും രാജ്യം ഭരിച്ചിരുന്നപ്പോൾ അവരുടെ ഉപദേശകർ ബ്രാഹ്മണരും ക്ഷത്രിയരുമായിരുന്നു. ഹിന്ദുരാജാക്കന്മാരുടെ ദിവന്മാരും സേനാനായകന്മാരും ടർക്കികളും മുസ്ലീമുകളുമാ

യിരുന്നു."[55] സാംസ്കാരികമായ ഈ പൈതൃകമാണ് നമ്മുടെ ദേശത്തിന്റെ മതേതരത്വത്തെ നിർണയിക്കുന്നത്. ഇതിന്റെ തകർച്ചയാണ് ബാബറിമസ്ജിദ് തകർത്തപ്പോൾ ജനതയുടെ ഹൃദയത്തിലും ഉണ്ടായത്.

തിരുത്ത് എന്ന കഥയിൽ കഥ നടക്കുന്നത്. ഓഫീസിലും പിന്നെ അവർ പോകുന്ന കാന്റീനിലുമാണ്. ഓരോരുത്തരും കുട്ടിക്കാലത്തെക്കുറിച്ച് പറയുമ്പോൾ കാലസ്ഥലബന്ധം ദൃശ്യമാണ്. പനി ബാധിച്ച് ചുല്യാറ്റ് എത്തുന്നത് ഇക്ബാലിന്റെ അടുത്താണ്. അപ്പോൾ അവിടെ ഉണ്ടായിരുന്ന ഇക്ബാലിന്റെ ഭാര്യ ഫറ അഞ്ചുമാത്രമാണ് ഇന്നു നടന്ന സംഭവത്തെക്കുറിച്ച് ചോദിക്കാത്ത ഒരേയൊരു ഹിന്ദു സുഹൃത്ത് എന്ന് പറയുന്നു, അപ്പോൾ കുട്ടികളെ എന്നു മുതൽക്കാണ് ഞാൻ നിങ്ങൾക്ക് ഹിന്ദുവായത് എന്ന് തിരിച്ചു ചോദിക്കുന്നു. ബാബറിമസ്ജിദിന്റെ തകർച്ച സുഹൃത് ബന്ധങ്ങളിൽ പോലും വിള്ളൽ വീഴ്ത്തുന്നത് ഇതിൽ നിന്ന് ബോദ്ധ്യപ്പെടുന്നു. ഈ സംഘർഷവുമായാണ് ചുല്യാറ്റ് ഓഫീസിലെത്തുന്നത്. മുഖപ്രസംഗത്തിന്റെ തലക്കെട്ട് ആരാണ് കൊടുത്തത് എന്നന്വേഷിച്ച് അദ്ദേഹം ന്യൂസ് റൂമിലെത്തുന്നു. ആരായാലും ഇനി ഇവിടെ പണിയെടുക്കേണ്ട എന്ന് ദേഷ്യപ്പെടുന്നു. സുഹ്റ അത് താനാണെന്ന് ഏറ്റുപറയുമ്പോൾ അവളെ തലോടികൊണ്ട് ഒരു പെൻസിൽ ചോദിച്ചുകൊണ്ട് ചുല്യാറ്റ് പറയുന്നു നീലപെൻസിലുകളാണ് പത്രപ്രവർത്തകരുടെ ആയുധം. നീല പെൻസിലുകൾക്ക് വംശനാശം വന്നെങ്കിലും ഈ പേന ഇന്ന് താൻശരിക്കു പ്രയോഗിക്കും എന്ന് പറഞ്ഞു കൊണ്ട് തർക്ക മന്ദിരം തകർത്തു എന്നതിലെ ആദ്യത്തെ വാക്ക് ഉളിപോലെ പേന മുറുക്കിപ്പിടിച്ചു പലതവണവെട്ടി. എന്നിട്ട് വെട്ടിയ വാക്കിന്റെ മുകളിൽ എഴുതി. ബാബറി മസ്ജിദ്.

ബാബറി മസ്ജിദിനെ തർക്കമന്ദിരം എന്നു വിളിക്കുന്നതിനുള്ള അപകടമാണ് ചുല്യാറ്റ് തിരിച്ചറിയുന്നത്. ബാബറി മസ്ജിദ് ഒരു സംസ്കാരത്തിന്റെ പ്രതീകവും അതിന്റെ സംസാരിക്കുന്ന ചരിത്രവുമാണ്. ഒരു മതേതര രാഷ്ട്രത്തിൽ ഓരോ സംസ്കാരത്തിനും അതായിത്തന്നെ നിലനിൽക്കാനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട്. അതിനെ അടിച്ചമർത്തുകയോ നിസ്സാരവൽക്കരിക്കുകയോ ചെയ്യുന്നത് നീതിയുക്തമല്ല.

തിരുത്ത് എന്ന കഥ മുന്നോട്ടുവെയ്ക്കുന്ന ഒരു രാഷ്ട്രീയപരിസരമുണ്ട്. അതാണ് തർക്ക മന്ദിരം എന്ന പ്രയോഗത്തെ സൃഷ്ടിക്കുന്നത്. സ്ഥലകാലത്തിന്റെ അവതരണം തികച്ചും ബോധപൂർവ്വമാണ്. 1996 കാലത്തെ രാഷ്ട്രീയമായ ഒരു സംഭവമാണ് ബാബ്റിമസ്ജിദിന്റെ തകർക്കൽ. അത് നടന്നത് അയോദ്ധ്യയിലാണെങ്കിലും അതിന്റെ അനുരണനങ്ങൾ ഇന്ത്യയൊട്ടാകെ വ്യാപിച്ചു. കഥയിൽ ചുല്യാറ്റ് എന്ന പത്രപ്രവർത്തകൻ മുന്നോട്ടുവെക്കുന്ന ഒരു ദർശനമുണ്ട്. പത്രം ഒരു വാർത്തയെ ജനങ്ങളിലേക്ക് എത്തിക്കുമ്പോൾ ആ വാർത്ത സമൂഹത്തിൽ സൃഷ്ടിക്കുന്ന ചലനങ്ങളെക്കുറിച്ച് പത്രപ്രവർത്തകൻ ബോധവാനായിരിക്കണം. ഇന്ത്യൻ പത്രപ്രവർത്തനം മുന്നോട്ടുവെച്ച ഒരു പ്രയോഗം തന്നെയാണ് തർക്ക മന്ദിരം. അത് കഥയിലെ സ്ഥലത്തെ കഥയിടത്തെ രൂപപ്പെടുത്തുന്നു എന്നതിനപ്പുറം ജനതയുടെ സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിൽ സംഘർഷത്തെ നിർമ്മിക്കുന്ന ഒന്നായി മാറുന്നു. ഇത് ചരിത്രപരമായ സത്യത്തോടൊപ്പം അനുഭവികസ്ഥലത്തെയും കാലത്തെയും രൂപപ്പെടുത്തുന്നു.

### 2.4.11 കപ്പിത്താന്റെ മകൾ

നഗരജീവിതത്തെ തന്നെയാണ് ഈ കഥയിലും അവതരിപ്പിച്ചിരിക്കുന്നത്. ഫ്ളാറ്റുകളിലെ  ജീവിതത്തിന്റെ മരവിപ്പ് ഈ കഥയിലും ദൃശ്യമാണ്. തെൽമയും (ഞാൻ) കഥാനായകനും വ്യത്യസ്തമതക്കാരായതിനാൽ വീട്ടിലേക്ക് ബന്ധുക്കൾ ആരും വന്നിരുന്നില്ല. ഫ്ളാറ്റിലെ ജീവിതത്തെക്കുറിച്ച് തെൽമയുടെ വാക്കുകളിൽ പറഞ്ഞാൽ മരിച്ചവന്റെ ഈ സി ജി പോലെയാണ്. കുറെക്കാലം ഒന്നിച്ചു പഠിച്ച മാളവിക എന്ന സുഹൃത്ത് ഫ്ളാറ്റിൽവന്നു താമസിക്കാൻ തുടങ്ങുന്നതോടെയാണ് കഥയാരംഭിക്കുന്നത്. അന്നമറിയ എന്ന ഇംഗ്ലീഷുകാരിയുടെ കൂടെയാണ് മാളവിക താമസിച്ചിരുന്നത്.സ്ഥലകാലത്തെക്കുറിച്ച് കഥയിൽ അവതരിപ്പിക്കുന്നത് അഞ്ചാറുകൊല്ലം അവൾ പാരീസിൽ ചിത്രവര പഠിച്ചുവെന്ന് പരാമർശിക്കുന്നിടത്താണ്. ഭ്രാന്തിന്റെ ഭ്രമിയ്ക്കുന്ന അവസ്ഥയാണ് മാളവികയെ പിന്തുടരുന്നത്. വിൽഹെം റീൽക്കെ തനിക്കെതിരെ രശ്മികൾ

പായിക്കുന്നതായും യേശുവിനോട് സംസാരിക്കാൻ കഴിയുമെന്നും അവൾ പറയുന്നു.

അച്ഛൻ അവൾക്കയച്ച കത്തുകളെക്കുറിച്ച് അവൾ പറയുന്നുണ്ട്. നിരവധി സ്ഥലങ്ങളുടെ മുദ്രയുള്ള സ്റ്റാമ്പുകൾ. ചാരനിറത്തിൽ ലിങ്കന്റെ സങ്കടപ്പെടുന്ന മുഖം അടിച്ച പത്തുസെന്റിന്റെ അമേരിക്കൻ സ്റ്റാമ്പുകൾ, എലിസബത്ത് രാജ്ഞിയുടെ പിശുക്കുമുഖമുള്ള യു കെ സ്റ്റാമ്പുകൾ ഇപ്രകാരം നിരവധിസ്ഥലങ്ങളെ സ്റ്റാമ്പുകൾ അടയാളപ്പെടുത്തുന്നുണ്ട്. അതെല്ലാം അവളുടെ അച്ഛൻ സഞ്ചരിച്ചിരുന്ന സ്ഥലങ്ങൾ കൂടിയാണ്.

'ആഴ്ചയിലെ ദിവസങ്ങൾ പലപ്പോഴും ടി.വി.തുടർകഥകളിലൂടെയാണ് ഞങ്ങൾ അറിഞ്ഞിരുന്നത്' (പു.169)

'അഞ്ചാറ് കൊല്ലം അപ്പോഴേക്കും ഞാനൊരു ചീറിപ്പോയ ചിത്രകാരിയാണെന്ന് മനസ്സിലായി.' (പു.170)

'എല്ലാ ബുധനാഴ്ചയും വൈകുന്നേരം ഞാൻ മാലിനിയെ കാണും'. (പു.173)

'എനിക്ക് ഒമ്പത് വയസ്സുള്ളപ്പോൾ അച്ഛന്റെ കപ്പൽ കൊച്ചിയിൽ അടുത്തു.' (പു.175)

'അവൾ ജനിച്ചത് ഓടിക്കൊണ്ടിരിക്കുന്ന ഒരു കപ്പലിലെ ആശുപത്രിമുറിയിലാണ്.' (പു.177) ഇപ്രകാരം സ്ഥലകാലങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്നു,

ശാന്തിനികേതനിൽ നിന്ന് ഒരിക്കൽ അവധിക്കുവന്നപ്പോൾ അച്ഛന്റെ കൂടെ കോട്ടയത്തേക്ക് കാറിൽ പോയി. ഏറ്റുമാനൂർ എത്തിയപ്പോൾ അച്ഛൻ വണ്ടി ക്ഷേത്രത്തിന്റെ മുമ്പിൽ നിർത്തി എന്നിട്ട് പടിപ്പുരയിൽ ശിവന്റെ ഒരു പഴയ ചുമർചിത്രം കാണിച്ചുതന്നു കൂടാതെ മാളവിക ജനിച്ചത് ഇളകിയാടുന്ന രേഖാംശത്തിൽ ആയതിനാൽ ജാതകത്തിലെ ഗ്രഹങ്ങൾ ദ്രോഹിക്കുകയാണെന്ന് അവളുടെ അച്ഛൻ പറയുന്നുണ്ട്. കഥയുടെ അവസാനം നടക്കുന്ന സ്ഥലം തെൽമ

യുടെ ഫ്ളാറ്റും കാലം രാത്രിയുമാണ്. ആ രാത്രിയുടെ തണുപ്പിൽ തെർമയുടെ ഭർത്താവിലേക്ക് ആവേശത്തോടെ പടരാൻ ശ്രമിക്കുന്ന മാളവിക പിടിച്ചുമാറ്റി ചെല്ലുമ്പോൾ, തെൽമ മാളവികയുടെ അച്ഛനോട് മുമ്പ് സൂചിപ്പിച്ച മെഹ്റോലി യിലെ ആശുപത്രിയിൽ മാളവികയെ ആകാൻ ആവശ്യപ്പെടുന്നതായി ആഖ്യാ താവ് കേൾക്കുന്നു. മനുഷ്യത്വമുള്ള സ്ഥലമാണത്രേ എന്നാണ് കഥയിൽ ഇതിനെ സൂചിപ്പിച്ചിരിക്കുന്നത്.

### 2.4.12 മുയൽവേട്ട

മുയൽവേട്ട എന്ന കഥയുടെ പേരിൽ തന്നെ കഥ നടക്കുന്നത് കാട്ടി ലാണ് എന്ന സൂചനയുണ്ട്. ഇരയും വേട്ടയാടപ്പെടുന്നവനും എന്നും സമൂഹ ത്തിന്റെ ഭാഗമാണ്. രാഷ്ട്രത്തിനും നീതിന്യായവ്യവസ്ഥകൾക്കും അപ്പുറം മനു ഷ്യത്വത്തിന്റെ ലംഘനം തന്നെയാണ് വേട്ടയിൽ സംഭവിക്കുന്നത്. മാറുന്ന കാല ഘട്ടത്തിന്റെ ക്രൂരതയുടെ ബാക്കിപത്രം എന്നും സമൂഹമനസാക്ഷിയെ ഞെട്ടി പ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ രാഷ്ട്രീയചരിത്രവും ചരിത്രസംഭവങ്ങളുടെയും ഒരു പുനർവായനയാണ് ഈ കഥ നൽകുന്നത്.

എഴുതപ്പെടുന്നതു മാത്രമല്ല ചരിത്രം. അവയ്ക്കപ്പുറത്ത് നിരവധി സംഭ വങ്ങൾ ഓരോ കാലവും കാത്തുസൂക്ഷിച്ചുവെച്ചിട്ടുണ്ട്. എഴുപതുകളിലെ രാഷ്ട്രീയ കാലാവസ്ഥയാണ് ഈ കഥയുടെ ആന്തരികസ്ഥലവും കാലവുമായി മാറുന്നത്. ആ കാലഘട്ടം നക്സൽ പ്രസ്ഥാനത്തിന്റെയും ഇടതുപക്ഷ രാഷ്ട്രീ യത്തിന്റെയും തീവ്രത നിറഞ്ഞു നിന്നിരുന്ന രാഷ്ട്രീയപരിസരമാണ് കേരള ത്തിലുണ്ടായിരുന്നത്. പീഡകരും പീഡിപ്പിക്കപ്പെട്ടവരും സമൂഹത്തിന്റെ മുന്നിൽ കുറ്റവാളികളായി മാറിയ രാഷ്ട്രീയചരിത്രം കേരളത്തിലുണ്ട്. ചെറുത്തുനില്ക്കാൻ കഴിയാത്ത നിസ്സഹായരായ മനുഷ്യരാണ് എന്നും വിധിയുടെ വേട്ടമൃഗങ്ങളായി മാറിയത് എന്ന യാഥാർത്ഥ്യം ഈ കഥ നൽകുന്നു.

റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥനായ കരുണാകരൻനായർ തന്റെ പേര കുട്ടിയായ മനീഷിനെയും കൊണ്ട് ഒരു വെളുത്തവാവ് ദിവസം മുയൽവേട്ടയ്ക്ക്

വറുതുണ്ണിയുടെ എസ്റ്റേറ്റിലേക്ക് പോകുന്നു. സ്ഥലകാലങ്ങൾ ഇത്തരത്തിൽ കഥയിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. മുയലിനെ കൊല്ലാൻ മനീഷിന് താൽപര്യമില്ല. എന്നാൽ മുയലിറച്ചിയുടെ സ്വാദാണ് മുത്തച്ഛന്റെ മനസ്സിൽ ഏറിനിൽക്കുന്നത്. കൃഷിക്കാരെ സഹായിക്കുകയാണ് മുയലിനെ കൊല്ലുന്നതിലൂടെ എന്ന ന്യായീകരണം പറഞ്ഞപ്പോൾ അവൻ സമ്മതിയ്ക്കുന്നു. സ്ഥലകാലങ്ങൾ ഇങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു.

"നീ കാൻവാസ് ഷൂസിട്ടാൽ മതി. ഫെബ്രുവരിമാസമാ"[56]

"ഒരിക്കൽ എഴുപത്തിയഞ്ചിലാണെന്ന് തോന്നുന്നു. അവനെ പിടിച്ചത് കാട്ടിൽവെച്ചല്ല കോഴിക്കോട്ടു നിന്ന്"[57]

കഥയിലെ പ്രധാനസംഭവം നടന്നത് ഈ വർഷത്തിലാണ്. ബത്തേരി കേസിലെ പ്രതി ബിനോയിനെ പിടിക്കാൻ ഹോസ്റ്റലിൽ പോയ പോലീസുകാർക്ക് വർഗീസ് മണി എന്ന ഒരുവനെ കിട്ടുന്നു. അവന്റെ കഥയെയും കവിതയെയും നക്സലിസവുമായി ബന്ധിപ്പിച്ച് അറസ്റ്റു ചെയ്തെങ്കിലും അവൻ പോലീസുകാരെ പറ്റിച്ച് രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ വെടിവെച്ചു കൊല്ലുന്നു. അവന്റെ അവസാന നിലവിളി കരുണാകരൻനായരെ ഇപ്പോഴും പിന്തുടരുന്നു.

തെറ്റും കുറ്റമൊന്നും ചെയ്യാതെ പീഡിപ്പിക്കപ്പെടുന്ന ഒരു വിഭാഗം മനുഷ്യരുടെ പ്രതിനിധിയാണ് വർഗീസ് മണി. കണ്ടവനെ പിടിയ്ക്കുന്ന അധികാരത്തിന്റെ മർക്കടമുഷ്ടിതന്നെയാണ് ഇവിടെയും കാണുന്നത്. സമകാലികമായി കൂടി പ്രാധാന്യമർഹിക്കുന്ന പ്രമേയസാധ്യത ഈ കഥയ്ക്കുണ്ട്. ഈ കഥ പറഞ്ഞവസാനിപ്പിച്ച് മുയൽവേട്ടയ്ക്ക് ഇറങ്ങുന്ന മുത്തച്ഛനും പേരകുട്ടിയും സഹായിയും കാടിന്റെ വന്യതയിൽ ഒരു മുയലിനെ കാണുന്നു. കഥയിടം പിന്നീട് കാടായി മാറുന്നു. തോക്കിന്റെ പാത്തികൊണ്ട് മുയലിന്റെ തലയിൽ അടിയ്ക്കാനൊരുങ്ങുമ്പോൾ അത് വർഗീസ്മണി മരണസമയത്ത് പുറപ്പെടുവിച്ച ശബ്ദം ഉണ്ടാക്കുന്നു.

തന്റെ തെറ്റുകളിലേക്ക് ഒരു തിരിഞ്ഞുനോട്ടമാണ് ഈ നിമിഷം മനസ്സു കൊണ്ട് കരുണാകരൻ നായർ നടത്തുന്നത്. അതിന്റെ തെളിവാണ് മുയൽവേട്ട അവസാനിപ്പിച്ചുള്ള അവരുടെ തിരിച്ചുവരവ്, മനീഷിനെ അപ്രാചീനമായ ഇടം കൈകൊണ്ട് മുറുകെപിടിച്ചുകൊണ്ടാണ് എന്ന പരാമർശത്തിന് നിരവധി അർത്ഥ തലങ്ങളുണ്ട്. ഒരു തലമുറയുടെ തെറ്റുമീതേയാണ് ആ കൈ സ്പർശിക്കുന്നത്. ആവർത്തിക്കാതിരിക്കട്ടെ എന്ന് പറയാതെ പറയുന്നുണ്ട്. മുയലിനെ കൊല്ലാൻ താൽപര്യമില്ലാത്ത മനീഷ് കർഷകർക്ക് ഉപകാരമാണെന്ന് തിരിച്ചറിയുമ്പോൾ അതിനു തയ്യാറാകുന്നു. ഇതു തന്നെയാണ് അധികാരവ്യവസ്ഥയിലും സംഭവി ക്കുന്നത്. മാറിവരുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ ന്യായീകരണത്തിൽ നടക്കുന്ന ദാരുണമായ സംഭവങ്ങൾ അധികാരംകൊണ്ട് വളച്ചൊടിക്കപ്പെടുന്നു. നീതിയുടെ കാഴ്ചപ്പാടുകൾ, അകന്നു പോകുന്ന ഇത്തരം സന്ദർഭങ്ങളിലാണ് മനുഷ്യത്വത്തിന്റെ വാതിലുകൾ നഷ്ടപ്പെടുന്നത്. ഈ കഥയിൽ കഥാഖ്യാനം തുടങ്ങുന്നത് വർത്തമാനകാലത്തിലാണ്.എന്നാൽ കഥാഖ്യാനത്തിൽ ഭൂതകാലം സജീവസാന്നിധ്യമാണ്. കാട് എന്ന സ്ഥലം വേട്ടക്കാരുടെ ഭൂമികയാണ്. ഒരു കാലത്ത് നാട്ടിൽ വേട്ടയാടപ്പെട്ടവരുണ്ട് എന്ന് വർഗീസ് മണിയുടെ കഥ സൂചി പ്പിക്കുന്നു. എഴുപതുകളിൽ നടന്ന പോലീസ് ഏറ്റുമുട്ടലുകൾ സൂചനകളായി കടന്നുവരുന്നു. അടിയന്തിരാവസ്ഥ കാലത്തെ രാഷ്ട്രീയ ചിത്രം തെളിഞ്ഞു കാണുമ്പോൾ സമ്മിശ്രഭൂതാഖ്യാനം (Mixed Analepsis) കടന്നു വരുന്നു. കൂടാതെ ജെറാൾഡ് ജെനറ്റിന്റെ ആവൃത്തി എന്ന സങ്കൽപനം പഴനിയാത്ര-കാടിലേക്കുള്ള യാത്ര, വർഗീസ്മണിയെ തേടിയുള്ള യാത്ര ( കാലെച്ച കേൾപ്പി ക്കാതെ) കാട്ടിലേക്കുള്ള മനീഷിന്റെ യാത്ര, വർഗീസ് മണിയുടെ അന്ത്യ നിമി ഷത്തിൽ പുറപ്പെടുവിക്കുന്ന ശബ്ദം, മുയൽ രക്ഷപ്പെട്ടുമ്പോഴുള്ള അത് പുറ പ്പെടുവിക്കുന്ന ശബ്ദം, വർഗീസ്മണി, മുയൽ എന്നിങ്ങനെയുള്ള സംഭവങ്ങ ളിൽ കാണാൻ സാധിക്കും.

### 2.4.13 ബിയാട്രീസ്

വർത്തമാനകാലത്തിന്റെ ആകുലതകളെ പ്രശ്നവൽകരിക്കുന്ന കഥയാണ് ബിയാട്രിസ്. തൊഴിലില്ലായ്മ ഇക്കാലത്തെ മാത്രമല്ല എക്കാലത്തെയും വലിയ

പ്രശ്നമാണ്. അധിനിവേശ സംസ്കാരത്തിന്റെ ഭാഗമായി ഇന്ത്യയിൽ ആധുനികമായ പരിഷ്കാരങ്ങൾ വ്യക്തി ജീവിതത്തിലും സാമൂഹിക-സാംസ്കാരികമേഖലകളിലും കടന്നുവന്ന കാലഘട്ടത്തെയാണ് ബിയാട്രിസ്എന്ന കഥ അടയാളപ്പെടുത്തുന്നത്. വിപണികേന്ദ്രിതമായ ജീവിതം മനുഷ്യനെ ഇരയാക്കി മാറ്റുന്നു. വിപണിയുടെ അനന്തമായ സാധ്യതകൾ സ്വാർത്ഥതയ്ക്കായി ഉപയോഗിക്കുന്ന കച്ചവടസംസ്കാരം വർത്തമാനകാലത്തിന്റെ പതിവുസംസ്കാരമായി മാറിക്കഴിഞ്ഞിരിക്കുന്നു.

കഥ നടക്കുന്ന സ്ഥലം അമൃത്സർ എന്ന പഞ്ചാബിലെ ഒരു ഗ്രാമത്തിലാണ്. ഒരു ബഹുരാഷ്ട്രകമ്പനിയിൽ ജോലികിട്ടിയതായിരുന്നു ശിവന്. തമിഴ്നാട്ടുകാരനായ രംഗനാഥ്, ഒറീസയിൽ നിന്നുള്ള പട്നായിക്ക്, പിന്നെ ശിവൻ. ഇന്ത്യയിൽ സാനിട്ടറി പാഡുകളുടെ വില്പനയായിരുന്നു അവരുടെ ലക്ഷ്യം. ഇന്ത്യയിലെ ഗ്രാമങ്ങളിൽ അതിനായി പ്രവർത്തിക്കുവാൻ ചുമതലപ്പെടുത്തി. അങ്ങനെയാണ് ശിവൻ അമൃതസറിലെത്തുന്നത്. മൂന്ന് പെൺകുട്ടികളെയും അയാൾക്ക് സഹായത്തിനായി നിയോഗിച്ചു.

ചൂഷകന്റെ മുഖം എടുത്തണിയേണ്ടിവരുന്ന നിസ്സഹായത ശിവന്റെ ജീവിതത്തിൽ കാണാം. സാനിട്ടറി പാഡുകൾ ഉപയോഗിക്കേണ്ടവിധം വരെ മറ്റുള്ളവർക്ക് മുമ്പിൽ അവതരിപ്പിക്കേണ്ട ഗതികേട്. ഇന്ത്യയിലെ തൊഴിൽ അന്വേഷിക്കുന്ന ഓരോ യുവതലമുറയും ഇത്തരം അവസ്ഥകളിലൂടെയാണ് കടന്നുപോകേണ്ടിവരുന്നത്. നിലനിൽപിനായി കഷ്ടപ്പെടുന്ന ശിവൻ എത്തിച്ചേരുന്നത് ജാലിയൻ വാലാബാഗിലാണ്. സ്ഥലത്തിന്റെ ചരിത്രപരമായ പ്രാധാന്യത്തോടൊപ്പം ശിവൻ അനുഭവിക്കുന്ന മാനസികസംഘർഷവും ഈ സ്ഥലചിത്രീകരണത്തിലുണ്ട്.

ജാലിയൻ വാലാബാഗിന്റെ കവാടങ്ങൾ കടന്നപ്പോൾ നാലുവശവും കെട്ടിടങ്ങളാൽ മൂടപ്പെട്ട ആ മൈതാനം അയാളുടെ കഴുത്തിലെ മുഴയ്ക്കു ചുറ്റും വരിയുന്നതായി ശിവനു തോന്നി. വിയർത്തു കുളിച്ച് അയാൾ ജാലിയൻ വാലാബാഗിന്റെ പുറത്ത് കടന്നു. ശിവൻ അമൃത്സറിലെ മുഖ്യതെരുവിലൂടെ

നടക്കുന്ന ശിവൻ ഒരു പെൺകുട്ടിയെ കാണുന്നു. അവൾക്ക് ബിയാട്രിസ് എന്ന പേരുനൽകി ആയിരത്തൊന്നുരാവുകളിലെ ഷെഹ്സാദിനെക്കുറിച്ച് സംസാരിക്കുന്നതായി സങ്കൽപിക്കുന്നു. ഈ സാങ്കൽപികലോകം കഥയിലെ മറ്റൊരു സ്ഥലപരിസരമാണ്.

ബഹുരാഷ്ട്ര കമ്പനികൾ ഇന്ത്യഗ്രാമങ്ങളെ ലക്ഷ്യം വെച്ച് ഉൽപന്നങ്ങൾ നിർമ്മിക്കുമ്പോൾ അതിനായി ഇവിടെയുള്ളവരെ ചുമതലകൾ ഏൽപിക്കുമ്പോൾ ചൂഷകരായി ഓരോരുത്തരും മാറുന്നു. സ്വയം കോമാളിയാകുന്ന അവർ അതിനെതിരെ തീർക്കുന്ന തീർക്കുന്ന പ്രതിരോധമാണ് സാനിട്ടറി പാഡുകൾ ഒഴുകികളയുന്നതിലൂടെ ചെയ്യുന്നത്. കാലം ഇവിടെ വർത്തമാനകാലം തന്നെയാണ്. ജാലിയൻ വാലാബാഗ് എന്ന സ്ഥലനാമം മറ്റൊരു കാലത്തെ കഥയിലേക്ക് കൊണ്ടുവരുന്നുണ്ട്. ഉൽപന്നങ്ങൾ ഒഴുകികളയാനുള്ള ആർജ്ജവം ശിവന് ലഭിക്കുന്നത് ഈ ചരിത്രകാലത്തിന്റെ പ്രതിരോധത്തെ തിരിച്ചറിയുമ്പോഴാണ്. അധിനിവേശ സംസ്കാരത്തെ തുടച്ചുമാറ്റിയ ചരിത്രകാലമാണ് ഈ കഥയിൽ ശിവനെകൊണ്ട് സാനിട്ടറി പാഡുകൾ ഒഴുകികളയാനുള്ള അവബോധത്തിലേക്ക് എത്തിക്കുന്നത്.

### 2.4.14 അനുഷ്ഠാനഹത്യകൾ

സംഭവങ്ങളുടെ രേഖീയമായ ആഖ്യാനമാണ് ഈ കഥയിൽ കാണുന്നത്. രമണി ഭർത്താവിനെ വെടിവെച്ച് കൊല്ലാൻ ശ്രമിക്കുന്നു. എന്നാൽ അതിൽ പരാജയപ്പെടുന്നു. അപ്പോൾ മകൾ മനീഷ അമ്മയെ അച്ഛൻ ബന്ധനസ്ഥയാകുന്നതുകണ്ട് കരയുന്നുണ്ട്. അരവിന്ദൻ മുറിയുടെ മൂലയിൽ കിടക്കുന്ന തോക്കു ചൂണ്ടിക്കാണിച്ചപ്പോൾ മനീഷ നിശബ്ദയായി രമണിയെ നോക്കാതെ മുറിവിട്ടുപോയി. കുറച്ചു കഴിഞ്ഞപ്പോൾ അവളുടെ മുറിയുടെ വാതിൽ അടയുന്ന ശബ്ദം കേട്ടു അരവിന്ദനും രമണിയും ഒരു നിമിഷം അവിടെ നിന്ന് തേങ്ങലുകൾ ഉയരുന്നുണ്ടോയെന്ന് ചെവിയോർത്തു. അവസാനമായി ഒരുമിച്ചു ചെയ്യുന്ന കർമ്മം ഇതാണെന്ന് അവർക്ക് ഒരേ സമയം മനസ്സിലായി. കൊല്ലാൻ ശ്രമിച്ചത് എന്തിനാണ് എന്നതിനെക്കുറിച്ച് കഥയിൽ സൂചനയില്ല. ആത്മഹത്യ

ചെയ്യുക എന്ന ലക്ഷ്യത്തിനായാണ് ഈ കൊലപാതകശ്രമമെന്ന് അവർ പറയുന്നുണ്ട്. തന്റെ ഒരു കടുത്ത ആഗ്രഹം ഭരണകൂടത്തിന്റെ കൈകൊണ്ട് മരിക്കുക എന്നതാണ്. സർക്കാരാവട്ടെ മരിക്കാൻ തയ്യാറാകാത്തവരെ മാത്രമേ കൊല്ലുകയുള്ളു എല്ലാതൂക്കിലേറ്റിയവരും അവരുടെ നിരപരാധിത്വം വിളിച്ചു പറഞ്ഞിട്ടുണ്ടെന്നും അവൾ പറയുന്നുണ്ട്. തന്നെ ഭ്രാന്തിയാക്കി രക്ഷപ്പെടുത്താനുള്ള ശ്രമത്തെ പോലും അവൾ നോക്കിക്കാണുന്നത് ഇപ്രകാരമാണ്.

"എന്നെ ശിക്ഷിച്ചാലും ഇല്ലെങ്കിലും ഒരുപോലെയാണ് ശിക്ഷിച്ചില്ലെങ്കിൽ എനിക്കു കിട്ടുന്നതു ഭ്രാന്താണ്. സമൂഹത്തിന് വഴങ്ങാത്ത വ്യക്തികൾക്കു ഭ്രാന്ത് നൽകി സമൂഹം അതിന്റെ വ്യവസ്ഥ നിലനിർത്തുന്നു."[58]

കഥാഖ്യാനം രമണിയെ കേന്ദ്രമാക്കിയാണ് നീങ്ങുന്നത്. കഥനടക്കുന്നത് വർത്തമാനകാലത്തിലാണ്. എന്നാൽ രമണിയും അരവിന്ദനും ഒന്നിച്ചുള്ള കാഠ്മണ്ഡു യാത്ര പരാമർശിക്കപ്പെടുന്നുണ്ട് രമണിയുടെ ജനാധിപത്യവനിതാ വേദിയുടെ അധ്യക്ഷ സ്ഥാനത്തു നിന്നു മാറ്റാൻ കൊലപാതകശ്രമത്തിന്റെ കാര്യം പറഞ്ഞ് അരവിന്ദൻ ശ്രമിക്കുന്നുണ്ട്.

'പതിനഞ്ചു കൊല്ലാം ഒരു വടുപോലെ തലയിൽ ചൂടി നടക്കുക എന്നത് അസുഖകരമാണ്.' (പു 200) ഈ കാലസൂചന ദാമ്പത്യത്തിൽ അരവിന്ദന്റെ സ്വഭാവത്തെ സൂചനകളിലൂടെ അവതരിപ്പിക്കുന്നുണ്ട്.

'അരവിന്ദന് അടവുകളുടെ കാലം തുടങ്ങുകയാണെന്ന് തോന്നി.' (പു. 200)

"ജീവിതത്തിൽ നിന്നു ചലനമെടുത്തു മാറ്റുക. ചിത്രങ്ങൾ ദ്വിമാനമാണെന്ന് പറയുന്നതു തെറ്റാണ്. അവയിൽ കാലത്തിന്റെ മൗനം കലർന്നിരിക്കുന്നു. ഫിലിമിൽ ബിംബങ്ങൾ വീഴാനുള്ള കുറെ നിമിഷാർധങ്ങളുടെ മീൻ കണ്ണുകളിൽ ജീവിച്ചു തീർത്ത വർഷങ്ങൾ ഉറങ്ങിരിക്കുന്നു."[59]

കാലത്തിന്റെ സൂചനകൾക്ക് സിനിമ ഫ്രെയിമുകളിലേതുപോലെ അടയാളപ്പെടുത്തിയിരിക്കുന്നു. രമണിയിൽ കഥാഖ്യാനം അരവിന്ദനും മനീഷയും

തമ്മിലുള്ള സംഭാഷണത്തിലേക്ക് നീങ്ങുന്നു. അരവിന്ദൻ തനിച്ചു രമണിയുടെ ഫോട്ടോകൾ എല്ലാം വെട്ടി മുറിക്കുന്നു. പിന്നീട് മനീഷയെയും അതിൽ പങ്കാളിയാകുന്നു. രമണി ഗർഭിണിയായിരിക്കുമ്പോഴത്തെ ഒരു ഫോട്ടോയിൽ രമണിയുടെ വയറിൽ അരവിന്ദൻ കൈവച്ചു നിൽകുന്നു. ഉദരത്തിൽ മനീഷയാണ്. ആ തിരിച്ചറിവ് മനീഷയെകൊണ്ട് ഫോട്ടോയിൽ നിന്ന് രമണിയുടെ ചിത്രത്തിനു പകരം അരവിന്ദന്റെ ചിത്രത്തെ വെട്ടിമാറ്റുന്നു. വർത്തമാനകാലമാണ് കഥാകാലം. കേരളം, കാഠ്മണ്ഡു എന്നിവ ആഖ്യാനസ്ഥലങ്ങളായികടന്നു വരുന്നു. ആത്മഹത്യ ചെയ്യാൻ രമണി തിരഞ്ഞെടുക്കുന്ന അസാധാരണമായ വഴിയാണ് ഭർത്താവിനെ കൊന്ന് വധശിക്ഷ വാങ്ങുക എന്നത്. ആഖ്യാനത്തിന്റെ തന്ത്രത്തിലൂടെ രമണി അരവിന്ദ ദാമ്പത്യബന്ധത്തെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. രമണിയെ ജനാധിപത്യ വനിതാ വേദിയുടെ അധ്യക്ഷ സ്ഥാനത്തു നിന്ന് മാറ്റണം എന്ന ആവശ്യം ഉന്നയിക്കുന്നത് കൊലപാതശ്രമത്തിനുശേഷമാണ്. സംഭവത്തിന്റെ കാരണമന്വേഷിക്കുമ്പോൾ അയാൾ പറയുന്നത് "എനിക്കറിയില്ല അറിയണമെന്നുമില്ല. താങ്കൾ അവളെ പുറത്താക്കണം. രമണിയെ കേരളം മുഴുവൻ അറിയും. എന്നെ ആരും അറിയില്ല. സഹതാപം എപ്പോഴും അറിയപ്പെടാത്തവരുടെ കൂടെയാണ്."[60]

കഥാഖ്യാനത്തിലേക്ക് മനീഷയെ കൊണ്ടു വരുന്നത് അവൾ വരയ്ക്കുന്ന ചിത്രങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ടാണ്. അവൾ എട്ടുകാലികളുടെ ചിത്രമാണ് വരയ്ക്കുന്നത് എന്നും ഇണചേർന്നതിനുശേഷം ആണിനെ കൊന്നു തിന്നുന്ന തുലാംഎട്ടുകാലികളുമായി അവയ്ക്കു സാദൃശ്യമുണ്ട് എന്നിങ്ങനെ ഒരു മനഃശാസ്ത്രജ്ഞൻ എഴുതിയിരിക്കുന്നുവെന്ന് ജയിൽ ഡോക്ടർ രമണിയോട് പറയുന്നു. അവൾ ചിത്രം വരച്ചിരുന്നതായി അറിവില്ല എന്നു രമണി പറയുന്നുണ്ട്. ഒരു സംഭവത്തിനുശേഷം വാർത്താമാധ്യമങ്ങളിൽ നടക്കുന്ന വളച്ചൊടിക്കലുകളെ ഇത് പരോക്ഷമായി ധ്വനിപ്പിക്കുന്നു.

''ഞാൻ സ്വബോധത്തിൽ പല ദിവസങ്ങൾ ആലോചിച്ച് ചെയ്ത കൃത്യമാണിത്. പല ദിവസം എന്നു പറഞ്ഞത് തെറ്റാണ് വർഷങ്ങൾ എന്നു തന്നെ പറയേണ്ടിരിക്കുന്നു.''[61]

വർഷങ്ങളുടെ പരിശ്രമമുണ്ടായിരുന്നു ഈ കൊലപാതശ്രമത്തിനു പിന്നിൽ എന്ന് വാക്കുകളിലൂടെ വ്യക്തമാവുന്നു. ആഖ്യാനത്തിന്റെ പരിപ്രേക്ഷ്യം ബാഹ്യവും ആന്തരികവുമായ സംഘർഷങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്നു.

ആഖ്യാനകാലവും കഥാകാലവും ഒന്നുതന്നെയാണ്. രമണിയുടെയും അരവിന്ദന്റെയും ഭാഗത്തു നിന്നുള്ള കഥാഖ്യാനം ഈ കഥയിൽ കാണാം. ആഖ്യാനത്തിലെ പരിപ്രേക്ഷ്യം രൂപപ്പെടുന്നത് ആത്മഹത്യചെയ്യാൻ മടിക്കുന്ന രമണി സർക്കാരിന്റെ കൈകൊണ്ട് മരിക്കാനായി ഭർത്താവിനെ കൊല്ലാൻ ശ്രമിക്കുമ്പോഴാണ്. എന്നാൽ അരവിന്ദൻ അതിനെ കാണാൻ ശ്രമിക്കുന്നത് മറ്റൊരുവിധത്തിലാണ്. തന്റെ ജീവിതത്തിൽ നിന്നും ഓർമ്മകളിൽ നിന്നും അവളെ ഒഴിവാക്കിക്കൊണ്ടാണ്. എന്നാൽ കഥാന്ത്യത്തിൽ ഫോട്ടോയിൽ നിന്ന് രമണിയെ വെട്ടിമാറ്റുന്നതിന് പകരം മകൾ അരവിന്ദന്റെ ചിത്രമാണ് വെട്ടിമാറ്റുന്നത് എന്നത് പ്രധാനപ്പെട്ട ഒന്നാണ്. ആഖ്യാനത്തിലെ സംഘർഷം അനുവാചകനിലേക്ക് പകർന്നുകൊണ്ടാണ് ഈ കഥ അവസാനിക്കുന്നത്.

**2.4.15 മുംബൈ**

മുംബൈ സമകാലികപ്രസക്തിയുള്ള പ്രമേയമാണ് അവതരിപ്പിക്കുന്നത്. 1995 കാലമാണ് കഥാകാലം. ബംഗ്ലാദേശിൽ നിന്നുള്ള കുടിയേറ്റക്കാരനാക്കി മാറ്റപ്പെടുന്ന അബ്ദുൾ അസീസ് എന്ന ചെറുപ്പക്കാരൻ മലപ്പുറത്തുകാരനാണ്. പക്ഷേ അയാളുടെ കൈയിൽ അതിനുള്ള തെളിവുകളില്ല. ഈ കഥ ഇന്ത്യയിലെ അധികാരം വ്യക്തികളിൽ നടത്തുന്ന നീതി നിഷേധത്തിന്റെ തുറന്നുകാട്ടൽ കൂടിയാണ്. ഈ കഥയുടെ ആഖ്യാനകാലം തൊണ്ണൂറുകളാണെങ്കിൽ അതിന് സമകാലികമായും നിരവധി അർത്ഥതലങ്ങൾ നൽകുന്നുണ്ട്. ദേശം ഏതെന്ന ചോദ്യം ഉന്നയിക്കപ്പെടുന്ന അന്തരീക്ഷത്തിലാണ് ഇന്ത്യൻ ജനത കടന്നുപോകുന്നത്. തൊദറോവ് പറയുന്ന ആഖ്യാനകാലികതയുടെ ഒരു തലം ഈ കഥയ്ക്ക് കൈവരുന്നത് ഇപ്രകാരമാണ്. കഥയുടെ കാലവും കഥാ വ്യവഹാരത്തിന്റെ കാലവും തമ്മിലുള്ള ബന്ധമാണ് ആഖ്യാനകാലികതയെ നിർണ്ണയി

ക്കുന്നത്. പാസ്പോർട്ടിന് അപേക്ഷിച്ച അസീസിന് തന്റെ ദേശം എന്ന ചിന്തയും അനുഭവവും നഷ്ടപ്പെടുന്നു. സ്വത്വനഷ്ടത്തിന്റെ വ്യാകുലത അയാളിൽ നിറയുന്നു. മുസ്ലിം സമുദായക്കാരെ ഭീകരവാദിയായി ചിത്രീകരിക്കുന്ന ഒരവസ്ഥയെ തൊട്ടുകാണിക്കുന്നതിലൂടെ സ്ഥലകാലങ്ങളുടെ ആപേക്ഷികതയെ എൻ.എസ് മാധവൻ തുറന്നുകാട്ടുന്നു. സ്ഥലകാലത്തിന്റെ മുദ്രകൾ ഏതു നിമിഷവും ചോദ്യം ചെയ്യപ്പെടുകയും വളച്ചൊടിക്കപ്പെടുകയും ചെയ്യുന്ന അധികാരത്തിന്റെ ചിഹ്നമായി പ്രമീള ഗോഖലെ മാറുന്നു. സ്വന്തം സ്ഥലം അഥവാ ദേശം നഷ്ടപ്പെടുന്നതായി തിരിച്ചറിയുന്ന അസീസ് കട്ടിലിനടിയിൽ നുഴഞ്ഞുകയറി നിലത്ത് കിടക്കുന്നു. തനിക്ക് ചുറ്റും അധികാരത്തിന്റെ, ഭരണകൂടത്തിന്റെ കാവൽക്കാരായ പോലീസുകാർ നിൽക്കുന്നത് അയാളെ ഭയചകിതനാകുന്നു. ആഖ്യാനപരിപ്രേക്ഷ്യം (Aspect) ഇത്തരത്തിൽ വ്യക്തിയും ഭരണകൂടവും തമ്മിലുള്ള സംഘർഷഭൂമികയെ അടയാളപ്പെടുത്തുന്നു.

1995ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. ശിവസേന സഖ്യം അധികാരത്തിൽ വന്നപ്പോൾ മുംബെയിലെ ഒരു ബഹുരാഷ്ട്ര കമ്പനിയിലെ ജോലിക്കാരനായ അബ്ദുൾ അസീസ് എന്ന മലയാളിക്ക് നേരിട്ട പ്രശ്നമാണ് ഈ കഥയിലെ പ്രമേയം. മറ്റു നഗരങ്ങളിലെപ്പോലെയെല്ല ബോംബെ എന്ന സ്ഥലത്തെ പ്രധാന സ്ഥലപരിസരങ്ങളെ കഥയിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. നരിമാൻ പോയന്റും സബർബൻ തീവണ്ടികളും, ചർച്ച് ഗേറ്റ് സ്റ്റേഷനും ഡബ്ബാവാലകളും താജ് ഹോട്ടൽ എന്നിങ്ങനെയുള്ള സ്ഥലങ്ങൾ ആഖ്യാതാവിന്റെ ദൃഷ്ടിയിലൂടെ അവതരിപ്പിക്കപ്പെടുന്നു. ദേശമെന്ന സങ്കൽപ്പത്തെ പ്രശ്നവൽക്കരിക്കുന്ന കഥയാണ് മുംബൈ. മലയാളിയായ അയാളെ ബംഗ്ലാദേശിൽ നിന്നുള്ള നുഴഞ്ഞുകയറ്റുകാരനായി ചിത്രീകരിക്കപ്പെടുന്നതോടു കൂടി അധികാരത്തിന്റെ നീതിയെക്കുറിച്ചുള്ള ആകുലതകൾ ശക്തമാകുന്നു.

### 2.4.16 ആയിരത്തി രണ്ടാമത്തെ രാവ്

അറബി കഥകളിലെന്നായ ആയിരത്തൊന്ന് രാവുകൾ കഥാഖ്യാനത്തിൽ പലയിടത്തായി പരാമർശിക്കപ്പെട്ടിട്ടുണ്ട്. കഥനം നിറുത്തിയാൽ മരണം സംഭ

വിക്കുമെന്ന തിരിച്ചറിവ് ഷെഹ്റസാദിനെ പുതിയ കഥകൾ പറയാനുള്ള ആന്തരിക പ്രചോദനമായിത്തിരുന്നു. കഥയിൽ പ്രധാനമായും രാഘവന്റെയും നന്ദിനിയുടെയും കഥയാണ് അവതരിപ്പിച്ചിരിക്കുന്നത്. കഥയ്ക്കുള്ളിൽ അനേകം കഥകളായും കഥാപാത്രങ്ങളായും മാറുന്ന ആഖ്യാനരീതി ഇതിൽ കാണാം. നന്ദിനി ഒപ്പമില്ലാത്ത രാത്രിയെ സൂചിപ്പിക്കാനാണ് ആയിരത്തി രണ്ടാമത്തെ രാവ് എന്ന് രാഘവൻ ഉപയോഗിക്കുന്നത്. ഇത് തന്നെ കാലസൂചകമാണ് കഥപറച്ചിലിന്റെ ആഖ്യാന തന്ത്രമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. പിറന്നാൾ പാർട്ടി, സ്റ്റേഡിയം, നന്ദിനിയുടെ ഫ്ളാറ്റ് , ജർമ്മനി, രാഘവന്റെ ഫ്ളാറ്റ്, ഷെഹ്റസാദിന്റെ കഥ, എന്നിങ്ങനെ ചിതറികിടക്കുന്ന സ്ഥലകാലങ്ങൾ കഥയുടെ ആഖ്യാനത്തിന്റെ പ്രധാന സവിശേഷതയാണ്.

"ആയിരത്തൊന്നു രാവുകളിൽ കഥ പറഞ്ഞ് കഥയുടെ മികവുകൊണ്ട് മരണത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടുന്നത് ഷെഹ്റസാദിന്റെ മാത്രം അനുഭവമല്ല. കഥയും ജീവിതവും തമ്മിലുള്ള ബന്ധം ആയിരത്തിരണ്ടാമത്തെ രാവു മുതലുള്ള കഥപറയുന്ന തന്റെ കലയെ ഗൗരവമായെടുക്കുന്ന ഓരോ ആഖ്യാതാവിന്റെ വേവലാതിയാണ്. രസഭരിതമായി കഥപറയുക പുതുമ പുലർത്തി കഥപറയുക ജീവിതസത്യം സ്ഫുരിക്കുന്ന കഥ പറയുക കഥാകൃത്തിന്റെ ബാധ്യത വലുതാണ്"[62] എൻ എസ് മാധവൻ എന്ന കഥാകൃത്ത് പിന്തുടരുന്ന കഥാഖ്യാന സമസ്യകളെ ബോധ്യപ്പെടുത്തുന്നതാണ് ഈ വാക്യം. ഷെഹ്സാദിന്റെ കഥ ബിയാട്രിസിലും കടന്നുവരുന്നത് ഇതിനെ സാക്ഷ്യപ്പെടുത്തുന്നു.

### 2.4.17 അമ്മ

അമ്മ എന്ന കഥയിൽ ബ്രിട്ടനിലെ ഒരു ചാനൽ ഏഷ്യാക്കാരികളെപ്പറ്റി ഒരു ടി.വിസീരിയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സൂസൻ എന്ന പത്രപ്രവർത്തക കെ.എ. സരസമ്മ എന്ന വിപ്ലവകാരിയെ അഭിമുഖം ചെയ്യാനെത്തുന്നു. സരസമ്മയുടെ ജീവിതം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും നക്സലിസത്തിന്റെയും കാലഘട്ടത്തിലൂടെയാണ് കടന്നുപോയത്. സംഭാഷണത്തിനിടയ്ക്ക് ഏ.കെ.ജിയെയും ഡാങ്കോയെയും കുറിച്ച് പരാമർശിക്കുമ്പോൾ

സൂസന് അവർ ആരെന്ന് പോലും അറിയുന്നില്ല. സരസമ്മയുടെ ജീവിതത്തിലെ പ്രധാനസംഭവമായി അവതരിപ്പിക്കപ്പെടുന്നത് നീലേശ്വരം പോലീസ് സ്റ്റേഷൻ ആക്രമണമാണ്. കേളുനമ്പ്യാർ എന്ന ദുഷ്ടനായ പോലീസുകാരന്റെ അതിക്രമങ്ങൾ സഹിക്കാൻ കഴിയാതെ അവിടത്തെ സ്ത്രീകളെല്ലാം ചേർന്ന് പോലീസ് സ്റ്റേഷൻ ആക്രമിക്കുന്നു. ഈ സംഭവത്തിന്റെ വാദിയുടെയും പ്രതിയുടെയും അനുഭവസാക്ഷ്യങ്ങൾ സൂസൻ ചിത്രീകരിക്കുന്നു. എന്നാൽ ഈ അനുഭവം ടെലികാസ്റ്റ് ചെയ്തപ്പോൾ അതിന്റെ അവസാനം പേരക്കിടാവിനെ താലോലിക്കുന്ന സരസമ്മയെ അവതരിപ്പിച്ചുകൊണ്ട് 'ഈ ധന്യനിമിഷത്തിൽ എത്തുവാൻ വേണ്ടി സരസമ്മ ജീവിച്ചു' എന്ന് സൂസന്റെ വാക്കുകളോടെ അനുഭവകഥ അവസാനിപ്പിക്കുന്നു. 1960-70 കളിൽ തീവ്ര ഇടതുപക്ഷ പ്രവർത്തനങ്ങളുടെ കൂടെ പ്രവർത്തിച്ച ഒരാളുടെ അനുഭവത്തെ സ്ഥലകാലബദ്ധമായി ആവിഷ്കരിച്ചിരിക്കുന്നു. ഒരു കാലഘട്ടത്തിൽ നാടിനുവേണ്ടി, സ്ത്രീസമൂഹത്തിന് വേണ്ടി പ്രവർത്തിച്ച, ജയിൽവാസം വരെ അനുഭവിക്കേണ്ടി വന്ന ഒരു സ്ത്രീയുടെ അനുഭവങ്ങളെ സീരിയലിന് വിഷയമാക്കാനുള്ള ഒന്നാക്കി മാറ്റുമ്പോൾ കാലപരമായ വൈരുദ്ധ്യം ദൃശ്യമാകുന്നു ഇവിടെ ബ്രിട്ടനിലെ ചാനൽ ഏഷ്യക്കാരികളുടെ അനുഭവങ്ങളെ സീരിയലാക്കാൻ ശ്രമിക്കുമ്പോൾ സ്ഥലപരമായ അനുഭവങ്ങളുടെ വ്യതിയാനത്തെ അവതരിപ്പിക്കുന്നതോടൊപ്പം ഒരു കാലഘട്ടത്തിന്റെ അനിവാര്യതകൾ കാലങ്ങൾക്കിപ്പുറം രസനീയമായ വിഭവം മാത്രമാകുന്നു. ആധുനിക സ്ഥലകാലങ്ങൾ സംഭവങ്ങളിൽ വരുത്തുന്ന വൈരുദ്ധ്യം ഇവിടെ ദൃശ്യമാണ്.

'പകൽ ഉൾഭാഗം. ഒരു കെട്ടിടത്തിന്റെ ഏഴാം നിലയിലെ ഇടനാഴി.' (പു.241)

'കൊച്ചിയിലെ വിമാനത്താവളത്തിൽ നിന്ന് ഒരു വിമാനം, സൂര്യനിൽ കത്തിത്തലപ്പുപോലെ 1968-ൽ അപ്പോഴേക്കും ബംഗാൾ ശരിക്കും തീ പിടിച്ചിരുന്നു.' (പു.242)

'കറുത്തവാവ് ആകട്ടെ നമുക്കെല്ലാം പോയി അയാളെ കൊല്ലാം.' അതാണ് രാഷ്ട്രീയം. (പു. 247)

ഇത്തരത്തിലെല്ലാം സ്ഥലകാലങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്. സ്ഥലകാലങ്ങളുടെ ചിത്രണം കഥാഗതിയിലെ പ്രധാന അംശമാണ്. അറുപതുകളിലേയും എഴുപതുകളിലെയും സംഭവങ്ങളെ ആഖ്യാനത്തിൽ കൊണ്ടുവരുത്തുന്നതിന് എഴുത്തുകാരൻ അവ ഓർമ്മകളായി ആഖ്യാനം ചെയ്തിരിക്കുന്നു. സൂസനും സരസമ്മയും തമ്മിലുള്ള സംഭാഷണം വർത്തമാനകാലത്തിലാണ്. ഭൂതവർത്തമാനങ്ങൾ ഒരു സിനിമയിലെന്നതുപോലെ ഉപയോഗപ്പെടുത്തുന്ന എൻ.എസ്. മാധവൻ ക്യാമറയുടെ രചനാ കൗശലത്തെ ആഖ്യാനതന്ത്രമായി സ്വീകരിച്ചിരിക്കുന്നു. ആധുനികോത്തരതയുടെ സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന കഥയാണ് അമ്മ. ഇതിൽ നവീന മാധ്യമങ്ങളുടെ ചിത്രസംയോജനത്തെ ഫലപ്രദമായി ഉപയോഗിച്ചിരിക്കുന്നു. തുടക്കം മുതൽ ക്യാമറ കണ്ണിലൂടെയാണ് ആഖ്യാതാവ് ആഖ്യാനം നിർവഹിച്ചിരിക്കുന്നത്. സരസമ്മയിൽ നിന്ന് തുടങ്ങുന്ന സംഭവാഖ്യാനം കേളുനമ്പ്യാരിലേക്കും ബീഡിതെറുപ്പുകാരായ സ്ത്രീകൾ, വീണ്ടും സരസമ്മ എന്ന ക്രമത്തിൽ വർത്തമാനകാലവും ഭൂതകാലം സമ്മിശ്രഭൂതകാലാഖ്യാനമായി കടന്നു വരുന്നു. ഒരേ സംഭവത്തെ സരസമ്മയിലൂടെ കേളുനമ്പ്യാരിലൂടെയും അവതരിപ്പിക്കുന്നതോടൊപ്പം പല വ്യക്തികളിലൂടെ പല കാലഘട്ടങ്ങളെ അടയാളപ്പെടുത്തുന്നു. മാധ്യമങ്ങൾക്ക് പ്രധാന്യമുള്ള ഒരു കാലഘട്ടം ഇതിൽ കടന്നു വരുന്നു. പൂർവ്വികരുടെ അനുഭവങ്ങളെ തിരസ്കരിക്കുന്ന ഒന്നായി കഥാവസാനം മാറുന്നു. നക്സൽകാലഘട്ടത്തിൽ അസാധാരണമായ ഇച്ഛാശക്തി പുലർത്തിയ സരസമ്മ വർത്തമാനകാലം ഏൽപിച്ച ആഘാതത്തിൽ ഇരുളിലാണ്ടുപോകുന്നു. കഥാഖ്യാനത്തിൽ ക്യമാറയുടെ സാങ്കേതികമായ ചിത്രസംയോജനത്തെ ആഖ്യാതതന്ത്രമായി തെരെഞ്ഞടുക്കുക വഴി കഥാഖ്യാനത്തിന്റെ പുതുമാതൃകയുടെ വക്താവായിത്തീരുന്നു എൻ.എസ് മാധവൻ.

**2.4.18 പുലപ്പേടി**

വീടുകളിൽ തളച്ചിടപ്പെടുന്ന, അതിനപ്പുറമുള്ള ലോകത്തിന്റെ വാതിലുകൾ കെട്ടിയടക്കപ്പെട്ട സ്ത്രീയെ പ്രതിനിധാനം ചെയ്യുന്ന കഥയാണിത്. കേരളീയമായ സ്ഥലപരിസരമാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. സ്വാതന്ത്ര്യത്തിനും ശരീരത്തിനും നൽകുന്ന പ്രാധാന്യം കഥയ്ക്ക് മറ്റൊരുതലം നൽകുന്നുണ്ട്.

പടിഞ്ഞാറ്റെ അറയുടെ മുകളിലെ സ്ത്രീകൾക്കുള്ള മുറിക്ക് തൊടിയിലേക്ക് ദൃഷ്ടി ഇല്ലായിരുന്നു. അതുകൊണ്ട് സാവിത്രി ദിനരാത്രങ്ങളെ അറിഞ്ഞിരുന്നില്ല. സ്ഥലവും കാലവും സാവിത്രിയ്ക്ക് അന്യമായിരുന്നു. സന്ധ്യയെ അവൾ അറിഞ്ഞിരുന്നത് പുലയന്മാരുടെ കൂകലിൽ നിന്നാണ്. നടുമുറ്റവും വരാന്തയും കോണിയും അടങ്ങുന്ന സ്ഥലത്താണ് കഥ നടക്കുന്നതായി അവതരിപ്പിച്ചിട്ടുള്ളത്. തന്റെ സ്ഥലപരിമിതി സാവിത്രി തിരിച്ചറിഞ്ഞിരുന്നു. "ഞാൻ തൊടിയിൽ നിന്ന് മാത്രം കാണുന്ന ആകാശം. തൊടിക്കുപുറത്ത് ഞാൻ ഭൂമിയെ മാത്രമേ കാണുന്നുള്ളൂ. അമ്പലത്തിലേക്കുള്ള വഴിയിലെ തൊട്ടാവാടികളും ചെങ്കൽത്തരികളും ചിലപ്പോൾ കറുകപ്പുല്ലിന്റെ രോമപ്പാളികളും. എന്റെ കേൾവി. ഞാൻ ചെവി കൂർപ്പിക്കാറില്ല"[63] ഭർത്താവിന്റെ ഇളയസഹോദരന്റെ ലൈംഗികാതിക്രമത്തെ അനുവദിക്കാതിരുന്ന സാവിത്രിയ്ക്ക് നേരെ അയാൾ സ്വഭാവദൂഷ്യാരോപണം ഉന്നയിക്കുന്നു. ഇല്ലത്ത് നിന്ന് പുറത്താക്കപ്പെട്ട സാവിത്രി പുഴയിലേയ്ക്കുള്ള വഴിയിലൂടെ നടക്കുമ്പോൾ സന്ധ്യ കനത്തിരുന്നു. ഇരുട്ട് തുടങ്ങിയപ്പോൾ തന്നെ പൊന്തക്കാടുകളിൽ നിന്ന് മിന്നാമിനുങ്ങുകൾ ആളി. കാലത്തെ, സമയത്തെ ഇപ്രകാരമാണ് കഥയിൽ അവതരിപ്പിച്ചിട്ടുള്ളത്.

പുഴക്കരയാണ് കഥ അവസാനിക്കുന്ന സ്ഥലം. പുഴക്കരയിൽ കുടയും മൂടുതുണിയും ഒഴുക്കി കളയുന്ന സാവിത്രി ചാത്തനോട് ചേർന്നുനിന്ന് നടുവളച്ച് ഉറക്കെ കൂകി. സ്ഥലകാലങ്ങൾക്കപ്പുറം പുരോഗമനാശയങ്ങളുടെ ആവിഷ്കരണമാണ് ഈ കഥ.

മുന്തിരിങ്ങോടിന്റെ വിധവയുടെ വിധി എന്ന കഥയുമായി പാഠാനുബന്ധം പുലർത്തുന്ന രചനയാണിത്. 16 ാം വയസ്സിൽ വിധവയായ സാവിത്രിയോട് ഭർത്താവിന്റെ സുഹൃത്ത് വിവാഹാഭ്യർത്ഥന നടത്തുന്നതും അത് നിരാകരിക്കുന്ന അവർക്കെതിരെ ഭർതൃപിതാവിനോട് വ്യാജം പറയുകയും തന്മൂലം അച്ഛൻ നമ്പൂതിരി "ഇപ്പോപ്പോണം പടിപ്പുറത്ത് ങ്നത്തോരക്ക് പാർക്കാനുള്ള സ്ഥലമല്ല ഇത്. പോവ്വോണ്ടു പുറത്ത്, അശ്രീകരം"[64] എന്ന് അലറുമ്പോൾ ഇല്ലത്ത് നിന്ന് ഇറങ്ങിപോകുന്ന സാവിത്രി പുഴയിൽ അഭയം തേടുന്നു.

രണ്ടുകഥയിലും സ്ഥലത്തിൽ നിന്ന് പുറത്താക്കപ്പെടുന്ന സ്ത്രീകളാണ് പ്രധാന കഥാപാത്രങ്ങൾ. ഒരാൾ പുഴയിൽ അഭയം പ്രാപിക്കുമ്പോൾ മറ്റൊരാൾ വ്യവസ്ഥിതികളെ വെല്ലുവിളിച്ച് പുതിയ സ്ഥലകാലങ്ങളിലേക്ക് യാത്ര ചെയ്യുന്നു. മുകളിലത്തെ അറയിൽ മാത്രം കഴിച്ചു കൂട്ടിയിരുന്ന സാവിത്രി പ്രകൃതിയുടെ സ്വാഭാവികതയിലേക്ക് ഇറങ്ങിവരികയാണ് കഥാവസാനം സംഭവിക്കുന്നത്.

ആഖ്യാനത്തിൽ സ്ഥലം നമ്പൂതിരി ഗൃഹം പുഴക്കര എന്നിവയാണ്. ഭൂതകാലാഖ്യാനം സാവിത്രിയുടെ ഭർത്താവിനെക്കുറിച്ചുള്ള ഓർമ്മകളിലൂടെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. വർത്തമാനകാലമാണ് പ്രധാന ആഖ്യാനകാലം.

**2.4.19 ശേഷം**

ഫ്ളാഷ്ബേക്ക് സങ്കേതമുപയോഗിച്ചുള്ള ആഖ്യാനമാണ് ശേഷം എന്ന കഥ. കഥയുടെ തുടക്കത്തിൽ സ്മൃതിരൂപേണ സംസ്ഥിതാ എന്നവരികൾ ഓർമ്മകളിലെ കഥപറച്ചിലിനെ സാക്ഷ്യപ്പെടുത്തുന്നു. കഥ നടക്കുന്നത് ദില്ലിയിലാണ്. കഥയിൽ കാലസൂചന പലതരത്തിൽ കടന്നു വരുന്നുണ്ട്. നാടകപ്രവർത്തകനായ മുകുന്ദന്റെ മരണശേഷം അയാളുടെ ഭാര്യയുടെ ഓർമ്മകളാണ് കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് കഥാകൃത്ത് സ്ഥലകാലങ്ങളെ കൃത്യമായി ഉപയോഗപ്പെടുത്തിയിരിക്കുന്നു. കഥയുടെ തുടക്കത്തിൽ ഉപയോഗിച്ചിരിക്കുന്ന ആദ്യ വാക്യത്തിൽത്തന്നെ കാലബോധത്തെക്കുറിച്ച് എഴുത്തുകാരനുള്ള കാഴ്ചപ്പാട് വ്യക്തമാക്കുന്നു.

'മുകുന്ദൻ ചില നേരങ്ങളിൽ എന്റെ ഭർത്താവ്, ചിലനേരങ്ങളിൽ ഞങ്ങളുടെ രണ്ടുകുട്ടികളുടെ അച്ഛൻ, ചിലനേരങ്ങളിൽ അവരുടെ രക്ഷാകർത്താവ്, ചിലനേരങ്ങളിൽ.........' (പു.262)

'രണ്ടുമൂന്നു കൊല്ലം മുമ്പ് തണുപ്പു വിട്ടുമാറാത്ത ഒരു മാന്ത്രികമെയ്മാസത്തിൽ എന്റെ ദേഹത്ത് നീർപ്പോളൻ പൊന്തി'.(പു.266)

'മെയ്മാസം അത്ഭുതപ്രവർത്തനം അവസാനിപ്പിച്ച്'. (പു.267)

'രണ്ടാഴ്ചകാലം മുകുന്ദൻ എന്റെ അടുത്തുതന്നെയായിരുന്നു.' (പു.267)

'ഒക്ടോബറിൽ ഇലകൾ കൊഴിയുന്നപോലെ.' (പു.267)

'ഈ ചൂടുകാലത്ത് മരുഭൂമിയിലേക്കോ.' (പു.267)

'രാത്രി മൂന്നുമണിക്ക് മുകുന്ദൻ വീട്ടിൽ തിരിച്ചെത്തിയ ഉടനെ.' (പു.269)

'സൗന്ദര്യത്തിനു പതം വന്ന മുപ്പത്തിയഞ്ചുകാരൻ മുകുന്ദന്റേതായിരുന്നു.' (പു.270)

'വളരെ കാലത്തിനുശേഷം.' (പു.272)

'എനിക്കു ചില നേരങ്ങളിലെ ഭർത്താവ്, നിനക്ക് ഇഷ്ടക്കാരൻ.' (പു.272)

'കുറച്ചു കാലത്തിനുശേഷം.' (പു.273)

'അടുത്ത ശനിയാഴ്ച ഞാൻ നളിനിയെ ഫോണിൽ വിളിച്ചു.' (പു.275)

'ഒടുവിൽ എല്ലാ നേരങ്ങളിലേക്കുമായി ഒരു കാര്യം ചെയ്തു. മുകുന്ദൻ രണ്ടു മാസം മുമ്പ് മരിച്ചു. പി മുകുന്ദൻ (1954-1997).' (പു.263)

'കാലത്തെ അനവധി കൊച്ചു വാക്യങ്ങളിലൂടെ കഥാകൃത്ത് ഈ കഥയിലുടനീളം അടയാളപ്പെടുത്തിയിട്ടുണ്ട്.'

'വർഷങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്ന ആ കൊച്ചുവര.' (പു.263)

'മുകുന്ദന്റെ നാല്പത്തിമൂന്ന് വർഷങ്ങളുടെ ലഘുവത്ക രണം.' (പു.263)

'എഴുപതുകളുടെ മധ്യത്തിൽ മുകുന്ദൻ ദില്ലിയിൽ കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കി.' (പു.263)

'രണ്ടുമാസം മുമ്പ് കടൽപ്പാലത്തിന്റെ അല്പവിരാമം പോലെ അത് മുറിഞ്ഞുനിൽക്കുന്നതുവരെ.' (പു.263)

'മുകുന്ദൻ മരിച്ച ദിവസത്തെക്കുറിച്ചുള്ള എന്റെ ഓർമ തുടങ്ങുന്നത് വൈകുന്നേരം ആറരമണിയോടെയാണ്.' (പു.263)

'കാനൽ വിതച്ച പകൽ.' (പു.263)

'അന്നു വൈകുന്നേരം അനുശോചനക്കാരെല്ലാം.' (പു.265)

'പിറ്റേന്നു കാലത്ത് ഗാഢനിദ്രയിൽ നിന്നുണർന്ന അലസത യിൽ.' (പു.265)

സ്ഥലത്തെക്കാൾ പ്രാധാന്യം കാലത്തിന് ഈ കഥയിലുണ്ട്. പ്രധാന കഥാപാത്രമായ മുകുന്ദൻ ജനിച്ചത് ത്സാൻസിയിലെ റെയിൽവേ ആശുപത്രി യിലാണ്. ദില്ലിയിൽ പഠനം. ദില്ലിയിലെ പ്രഗല്ഭനായ നാടകനടൻ എന്നിങ്ങനെ അയാളെക്കുറിച്ചുള്ള വിവരങ്ങൾ കഥാകൃത്ത് അടയാളപ്പെടുത്തിയിട്ടുണ്ട്.

'നമ്മൾ താമസിക്കുന്ന ഈ സ്ഥലത്ത് മരങ്ങളില്ല.' (പു.267)

'കമാനി ഓഡിറ്റോറിയത്തിൽ ഏറ്റവും അവസാനം അവർ അവതരി പ്പിച്ച നാടകത്തിൽ' ഇത്തരത്തിൽ സ്ഥലസൂചനകളുണ്ടെങ്കിലും കൃത്യമായി അത് അവതരിപ്പിച്ചിട്ടുള്ളത് നളിനിയുടെ വീട് അതിന്റെ അകത്തളങ്ങൾ എന്നി വയാണ്.

"അങ്ങിങ്ങായി ഇട്ടിരുന്ന ചൂരൽകസേരകളും നിലത്തിട്ടിരുന്ന മെത്തകളും മുറിയുടെ ലഘുത്വം വർദ്ധിപ്പിച്ചു. അതിന്റെ ഒരു മൂലയ്ക്ക് ഒരു ഒറ്റ സ്പോട്ട്ലൈറ്റലിന്റെ താഴെ അവർ തറവാട്ടിൽ നിന്നു കൊണ്ടുവന്നിരുന്ന ഉരുളികളും കിണ്ടികളും നിലവിളക്കും ചങ്ങലവട്ടയും നാടകീയമായി സ്ഥിതിചെയ്തു. മേശപ്പുറത്ത് ഒരു ചെറിയ പൂച്ചെട്ടിയിൽ ഗോളാകാരമായ ഒരു കള്ളിച്ചെടിയും ഒരു നാടക സെറ്റിൽ മുകുന്ദനോടൊത്തു നളിനി നിൽക്കുന്ന പടവും ഉണ്ടായിരുന്നു."[65]

കോഫിഷോപ്പിൽ അവർ ഇരുന്ന ഇടത്തിൽ നിന്നു നേരെ നോക്കുമ്പോൾ ചില്ലുപാളികൾക്കപ്പുറം ഒരു നീല നീന്തൽകുളം കാണാമായിരുന്നു. ശേഷത്തിൽ കാലത്തെ വളറെ ശക്തമായി അവതരിപ്പിച്ചിരിക്കുന്നു. ഓർമ്മകളിലൂടെയാണ് കഥ പറയുന്നത്. കഥാഖ്യാനത്തിൽ കഥപറച്ചിലിന്റെ തന്ത്രം സന്നിവേശിപ്പിച്ചിരിക്കുന്നു. മുകുന്ദനെക്കുറിച്ചുള്ള പരാമർശങ്ങൾ അതിനുദാഹരണമാണ്. ഭൂതകാലത്തിലെ സംഭവങ്ങളുടെ അനുഭവകഥനം കഥയുടെ ആന്തരികസംഘർഷങ്ങളിലേക്ക് സൂചനകളായി മാറുന്നു. പിന്നീട് നളിനി എന്ന കഥാപാത്രത്തെക്കുറിച്ചുള്ള സൂചനകളിലൂടെ കഥ വർത്തമാനത്തിലെത്തുന്നു. ഭാര്യയും കാമുകിയും മുകുന്ദൻ എന്ന പുരുഷനെ ഓർത്തെടുക്കുന്നു. കഥയുടെ തുടക്കത്തിൽ സമൃതി രൂപേണ എന്ന വാക്യം ഇതിനെ സാധൂകരിക്കുന്നു. നളിനി ഗർഭിണിയാണെന്ന അറിവ് കഥയിലെ ആഖ്യാതാവായ രമണിയെ മാറ്റി മറിയ്ക്കുന്നു. നളിനിയിൽ മുകുന്ദന്റെ ചലനങ്ങളെ അവൾ കണ്ടെത്തുന്നു. ആഖ്യാനത്തിലെ സംഭവങ്ങൾക്ക് ഭൂതകാലത്തിൽ നിന്ന് വർത്തമാനത്തിലേക്ക് നീങ്ങുന്ന കഥാസ്വഭാവമാണുള്ളത്.

### 2.4.20 കത്തിയേറുകാരൻ

കാലത്തേക്കാൾ സ്ഥലത്തിന് പ്രാധാന്യമുള്ള കഥയാണ് കത്തിയേറുകാരൻ. കഥയുടെ തുടക്കത്തിൽ മിന്നൽപോലെ തിളങ്ങുന്ന ദേവിയെ സ്തുതിയ്ക്കുന്നു. സർക്കസ് കുടാരത്തിൽ നടക്കുന്ന കഥയാണിതിൽ അവതരിപ്പിച്ചിരിക്കുന്നത്. കത്തിയേറുകാരനായ പ്രമോദ് പലകയിൽ പ്രകടനത്തിനായി

നിർത്താറുള്ള അമ്മിണി ആശുപത്രിയിൽ ആയത് അറിഞ്ഞ് അവളുടെ അനിയത്തിയോട് വിവരം അന്വേഷിച്ചുവരുന്നു. ജയലക്ഷ്മിയ്ക്ക് അയാളോട് പകയും പേടിയും ആയിരുന്നു. എന്നാൽ അയാളോട് ചായയിടട്ടെ എന്ന് അലസമായി ചോദിക്കുന്നു. ചായയിട്ടുകൊണ്ടിരുന്ന അവളുടെ അരികിലെത്തുന്ന അയാളുടെ ചോദ്യങ്ങളും പെരുമാറ്റവും ഇഷ്ടപ്പെടാത്ത അവൾ അയാളെ ആട്ടിയിറക്കുന്നു. എന്നാൽ പിന്നീട് ജയലക്ഷ്മി അയാൾക്കെതിരെയുള്ള പലകയിൽ കത്തിയേറിനായി വന്നുനിൽക്കുന്നു. കാലം കടന്നുവരുന്നത് ഇപ്രകാരമാണ്.

'ശ്വാസം നേരിയതായി കണ്ടുതുടങ്ങുന്ന ഒക്ടോബർ തുടക്കത്തിലെ ഒരു പുലരിയിൽ.' (പു.276)

'പതിനൊന്നുമണി ആയപ്പോഴേക്കും അമ്മിണി കൈ പ്ലസ്റ്ററിട്ട വിവരം കാറ്റിന്റെ വേഗം മണിക്കൂറിൽ ഉദ്ദേശം ഇരുപത്തിയഞ്ച് കിലോമീറ്റർ.' (പു.278)

'ധാരാളം സമയമെടുത്ത് ഒരു ഗ്ലാസ് വെള്ളം കുടിച്ച് (പു.280) ഇത്തരം സന്ദർഭാനുസരണമായി കാലത്തെ കഥാകൃത്ത് അവതരിപ്പിച്ചിട്ടുണ്ട്.'

'ജയലക്ഷ്മിയോട് തന്നെ വിവാഹം കഴിക്കുന്നതിനായി അയാൾ പറയുന്ന യോഗ്യത എനിക്ക് സ്വന്തമായി ഒരു തമ്പുണ്ട്' (പു.280) എന്നാണ്. താൻ സ്വന്തമായി സ്ഥലമുള്ളവനാണ് എന്ന സൂചന ഈ വാക്യം നൽകുന്നുണ്ട്.

കളി പ്രമേയമായ കഥയാണിത്. ഗാർഹികാവസ്ഥ തന്നെയാണ് സർക്കസ് കൂടാരത്തിന്റെ വർണ്ണനയിലും അവതരിപ്പിച്ചിരിക്കുന്നത്. പ്രമോദ് എന്ന കത്തിയേറുകാരന് ജയലക്ഷ്മിയോട് തോന്നുന്ന കാമമാണ് ഈ കഥയിലെ ആഖ്യാനത്തിന്റെ പരിപ്രേക്ഷ്യത്തെ മുന്നോട്ട് കൊണ്ടുപോവുന്നത്. ഒരാളുടെ ജീവൻ പണയം വച്ചുള്ള കളിയാണ് കത്തിയേറ്. വിവാഹഭ്യർത്ഥന നിരസിച്ചുപോയ ജയലക്ഷ്മി കത്തിയേറിനായി മുന്നിൽ വന്ന് നിൽക്കുമ്പോൾ പ്രമോദ് പതറിപ്പോകുന്നു. അയാളുടെ ഏകാഗ്രത നഷ്ടമാകുന്നു. കഥാകാലം സൂചനകളിലൂടെ വ്യക്തമാക്കപ്പെട്ടിടുണ്ട്. രതിയുടെ ഒരുതലം ഈ കഥയ്ക്കുണ്ട്. പ്രമോദിന്റെ കത്തിയേറ് അതിനെ ഉദാഹരിക്കുന്നു. ധ്വനിസാന്ദ്രമായ കഥയാണ് കത്തി

യേറുകാരൻ.

**2.4.21 ഒരു പ്രണയകഥ**

ആഫ്രിക്കയിലെ ആനകളുടെ ചെവി, ആഫ്രിക്കയുടെ ഭൂപടം പോലെയാണെങ്കിൽ എന്ന പ്രസ്താവനയോടെ തുടങ്ങുന്ന ഇതിന്റെ തുടക്കം സ്ഥല സൂചനയുണ്ടെങ്കിലും ആനയ്ക്കാണ് പ്രാധാന്യം. കുടുംബത്തിൽ പാരമ്പര്യ മായി ഭ്രാന്തുവരാറുണ്ട്. പ്രധാനകഥാപാത്രമായ രമണി ആ അവസ്ഥയിലാണ്. മുറിയിൽ ഒറ്റയ്ക്കിരിക്കുന്ന രമണി പക്ഷേ മറ്റൊരു ലോകത്താണ്. അവിടെ കരുണാകരൻ അവൾക്ക് കൂട്ടുണ്ട്. അയാളോടാണ് അവൾ സംസാരിക്കുന്നത്. കരുണാകരൻ അവളിൽ തന്നെ കുടിയിരിക്കുന്ന അപരവ്യക്തിത്വമാണ്.

കഥ നടക്കുന്നത് പ്രധാനമായും രമണിയുടെ മുറിയിലാണ്. അടുക്കളയിലേക്കുള്ള ഇടനാഴിയിലേക്ക് വാതിൽ തുറന്നിരുന്ന ആ ചെറിയ മുറിയുടെ നിലത്ത് തലഭാഗത്ത് എണ്ണക്കറുപ്പ് വട്ടമിട്ട ഒരു തഴപ്പായ മാത്രമേ ഉണ്ടായിരുന്നിള്ളു. മുറിയുടെ മച്ചിൽ നിന്ന് ഒരു മുളയഴ തൂങ്ങിക്കിടന്നിരുന്നു. അതിന്മേൽ രമണിയുടെ ഒന്നു രണ്ട് ഉടുപ്പുകൾ. മുറിക്ക് ജനലുകളുണ്ടായിരുന്നില്ല. പകരം ക്ലാവരിന്റേയും ഇസ്പേഡിന്റെയും മറ്റു ശീട്ടിനങ്ങളുടെയും രൂപത്തിലുണ്ടാക്കിയ തുളകൾ. ഒറ്റയ്ക്കിരുന്ന് സംസാരിക്കുന്ന രമണി താമസിക്കുന്ന സ്ഥലമാണിവിടെ അവതരിപ്പിച്ചിരിക്കുന്നത്. കാലം രമണിയെ ഭയപ്പെടുത്തുന്ന ഒന്നാണിതിൽ. വൈകുന്നേരങ്ങളെ രമണി ഭയപ്പെടുന്നു. സമയത്തെ അവൾ തിരിച്ചറിയുന്നത് ശബ്ദങ്ങളിലൂടെയാണ്.

"രമണിയുടെ ക്ലാവരകാശത്തിൽ ചെമ്മാനം പൂത്തു തുടങ്ങി. ഈ സമയത്ത് പതിവുപോലെ ഭൂമിക്ക് മനനം സംഭവിക്കുമെന്ന് അവൾക്കറിയാമായിരുന്നു. നിഴലുകൾ വറ്റിയ ആ ഇടവേളയിൽ എല്ലാ ശബ്ദങ്ങളും സ്പഷ്ടമാകുന്നു. ആദ്യം അമ്മയുടെ ദീപം വിളി. പിന്നെ തിരിഞ്ഞു പറക്കുന്ന അമ്പുമുനപ്പക്ഷികളുടെ രമണിക്കുമാത്രം കേൾക്കാവുന്ന ചിറകടി. തൊഴുത്തിൽ നിന്ന് കറമ്പി, അമ്മിണി തുടങ്ങിയ അധികം ആലോചിക്കാതെ ഇട്ട പേരുള്ള പശുക്ക

ളുടെ ഇമ്പേകൾ തീരുമ്പോഴേക്കും ഇരുട്ട് വീണിരിക്കും. ആ സമയത്താണ് രമണിക്ക് സ്പർശം ഏറ്റവും കൂടുതൽ വേണ്ടിയിരുന്നത്."[66]

രമണിയിൽ ബാധയൊഴിപ്പിക്കാൻ ശ്രമിക്കുന്നത് രാത്രിയിലാണ്. രാമര് കണ്ടര് മൂസ്സത് രമണിയുടെ അസുഖത്തിന്റെ കാരണം കണ്ടുപിടിയ്ക്കുന്നു. ചരിത്രത്തിലേക്കുള്ള ഒരു തിരിച്ചുപോക്ക് സ്ഥലകാലങ്ങളിലൂടെ അതാണ് പിന്നീട് അവതരിപ്പിച്ചിട്ടുള്ളത്. 1895–1914 കാലഘട്ടത്തിൽ കൊച്ചി ഭരിച്ചിരുന്ന രാമവർമ്മ മഹാരാജാവിന്റെ കാലത്ത് തൃപ്പൂണിത്തുറ അമ്പലത്തിലെ ശീവേലിക്ക് കൊണ്ടുവന്ന അച്യുതനാനയ്ക്ക് മദം പൊട്ടുകയും പാച്ചു എന്ന പാപ്പാൻ തളയ്ക്കുകയും ചെയ്തു. രമണിയുമായി ഈ കഥയ്ക്ക് ബന്ധമില്ലെന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും സ്ഥലകാല അവതരണത്തിലൂടെ രമണി കരുണാകര ബന്ധം വെളിപ്പെടുത്തുന്നു. പത്തിരുപതു കൊല്ലം മുമ്പ് ഇവാക്വേഷൻ കാലത്ത് ഇരുമ്പുപാലത്തിൽ വച്ച് ഒരാന ഒരു ചെറുപ്പക്കാരനെ കൊന്നിരുന്നു. ആ ചെറുപ്പക്കാരനായ കരുണാകരനാണ് രമണിയിലുള്ളത്. കരുണാകരൻ രമണിയുമായി സംഗമിക്കുന്നതെല്ലാം രാത്രിയിലാണ്. രാമൻമൂസത് രമണിയുടെ ബാധയൊഴിപ്പിക്കുന്നതും രാത്രിയിലാണ്. ആ രാത്രി മുറിയിലെത്തുമ്പോൾ കരുണാകരൻ പോകാൻ തയ്യാറാകുന്നു. അത് മൂസ്സതിനെ പേടിച്ചല്ല. രമണിയെ പേടിച്ചാണ്. നിന്നിൽ മദം ഉണ്ട് എന്നാണയാൾ പറയുന്നത്. കരുണാകരനെ പിന്നീടവൾ കാണുന്നത് പടിപ്പുര തകർത്ത് വീരരാഘവന്റെ പുറത്ത് കയറി പോകുന്നതായാണ്.

പഴയ കുടുംബവ്യവസ്ഥയ്ക്കകത്ത് വീർപ്പുമുട്ടി കഴിയുന്ന സ്ത്രീയുടെ പ്രതീകമാണ് രമണി. പൂർത്തികരിക്കപ്പെടാത്ത കാമം തന്നെയാണ് ഭ്രാന്തായി മാറുന്നത്. മുറിക്കുള്ളിലേക്ക് തനിയെ അടയ്ക്കപ്പെടുമ്പോൾ അവൾ തനിക്കുള്ളിലെ അപരനൊപ്പം ശരീരവും മനസ്സും പങ്കിടുന്നു. രാത്രിയെ, അവൾ ഭയപ്പെടുന്നു. രമണി യഥാർത്ഥത്തിൽ ആ കാലഘട്ടത്തിലെ സദാചാരസങ്കൽപങ്ങളെ തന്നെയാണ് ഭയപ്പെടുന്നത്. അവളുടെ വീട്ടിൽ ഭ്രാന്തു വരുന്ന സ്ത്രീക്കും പുരുഷനും പ്രത്യേകം മുറികളുണ്ട്. സ്ഥലപരിധിയിലേക്ക് അടയ്ക്കപ്പെടുന്ന വ്യക്തികളെയാണ് രമണി പ്രതിനിധാനം ചെയ്യുന്നത്.

രമണി മുറിക്കുള്ളിൽ തന്റേതായ ലോകത്തെ, സ്ഥലത്തെ, പുനഃസൃഷ്ടിയ്ക്കുന്നു. അതിൽ സംതൃപ്തിയടയുന്നു. എന്നാൽ കരുണാകരൻ അവളിൽ മദമുണ്ടെന്ന് തിരിച്ചറിയുന്നു. ആ തിരിച്ചറിവാണ് അവളെ വിട്ട് അയാൾ പോകാൻ ഇടയാക്കുന്നത്. ഫ്യൂഡൽ കാലഘട്ടത്തിന്റെ ജീവിത പശ്ചാത്തലമാണ് ഈ കഥയിൽ അവതരിപ്പിച്ചിട്ടുള്ളത്. കാലം ഇവാകുഷൻ കാലഘട്ടത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളതിൽ നിന്ന് രണ്ടാം ലോകമഹായുദ്ധകാലമാണെന്ന് മനസ്സിലാക്കാം. കരുണാകരൻ മരിച്ചത് അപ്പോഴാണ്. അത് ഇരുപതുകൊല്ലം മുമ്പാണെന്ന് പറയുന്നുണ്ട്. അതിൽ നിന്ന് കാലസൂചന ലഭ്യമാണ്.

രമണിയിൽ നിന്ന് വിട്ടുപോകുന്ന കരുണാകരൻ വീരരാഘവൻ എന്ന ആനയുടെ പുറത്ത് കയറിയാണ് പോകുന്നത്. തന്റെ ആഗ്രഹങ്ങൾക്ക് വിലങ്ങുതടിയായ പടിപ്പുരതകരുന്ന ശബ്ദം അവൾ കേൾക്കുന്നുണ്ട്. അത് അവളിലെ അപരൻ പോകുന്നതിന്റെ മാത്രമല്ല കാലത്തിന്റെ മാറ്റത്തെകൂടി ഉൾക്കൊള്ളുന്നുണ്ട്.

കഥയിൽ രമണി ജീവിക്കുന്നത് ഭ്രമാത്മകമായ സ്ഥലകാലങ്ങളിലാണ്. മുറിയിൽ സ്വന്തം ലോകത്തെ സൃഷ്ടിക്കുന്നു. ഉന്മാദത്തിന്റെ തീവ്രതയിൽ അവൾ ഒരാളല്ല. അവളിൽ കരുണാകരൻ എന്ന അപരവ്യക്തിത്വം നിറയുന്നു. കഥാഖ്യാനം പൂർണ്ണമായും രമണിയെ കേന്ദ്രമാക്കിയാണ് നീങ്ങുന്നത്. തനിക്കുള്ളിലെ അപരൻ അവളുടെ മുറിയിലെ സജീവസാന്നിധ്യമാണ്. ആ സാന്നിധ്യത്തിന്റെ സുരക്ഷിതത്വത്തിൽ ജീവിക്കുന്ന രമണി തനിക്കു ചുറ്റുമുള്ളവയെക്കുറിച്ച് ആകുലയല്ല. സമ്മിശ്രഭൂതകാലാഖ്യാനമാണ് ഈ കഥയുടെ ആഖ്യാനതന്ത്രം. പണ്ട് വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയ കരുണാകരൻ എന്ന ആനപാപ്പനാണ് രമണിയുടെ ഉള്ളിലെ അപരൻ .അത് ഒരു വ്യക്തിയായി തന്നെയായി കഥയിൽ കടന്നു വരികയും ചെയ്യുന്നു. ഭൂതകാലത്തിൽ നിന്ന് വർത്തമാനത്തിലേക്ക് കടന്നുവന്ന കരുണാകരൻ എന്ന കഥാപാത്രം രമണിയുടെ മനസ്സിന്റെ അവസ്ഥഭേദങ്ങളെ ബോധ്യപ്പെടുത്താൻ എഴുത്തുകാരൻ സൃഷ്ടിച്ച ആഖ്യാനതന്ത്രം തന്നെയാണ്. അവളിലെ മദം(കാമം) പേടിച്ച് കരുണാകരൻ

ദേഹം വിട്ട് പോകുന്നു. ഉന്മാദത്തിന്റെ കാരണത്തെ പരോക്ഷമായി ധ്വനിപ്പി ക്കാൻ കഥാകാരൻ സൃഷ്ടിച്ചെടുത്ത ചിഹ്നമാണ് കരുണാകരൻ എന്ന ആത്മാവ്. സ്ഥലകാലങ്ങളുടെ അസാധാരണമായ കൂടിച്ചേരൽ കഥയെ സവിശേഷമാ കുന്നു.

### 2.4.22 ശർമ്മിഷ്ഠ

പ്രസിദ്ധമായ യയാതിയുടെയും ശർമ്മിഷ്ഠയുടെയും കഥ തന്നെയാണ് ഈ കഥയിൽ കഥാകാരൻ അവതരിപ്പിച്ചിട്ടുള്ളത്. ശുക്രമഹർഷിയുടെ ശാപ ത്താൽ ജരാനരകൾ ബാധിച്ച യയാതി തന്റെ മക്കളോട് യൗവനം ചോദിക്കുന്ന താണ് ഈ കഥയിൽ അവതരിപ്പിക്കുന്നത്. സ്ഥലകാലങ്ങളെ കഥാകൃത്ത് തെര ഞ്ഞെടുത്തിരിക്കുന്നത് സൂക്ഷ്മമമായാണ്. “കൊടുക്കൽ വാങ്ങൽ നടന്നത് ഒരു ചന്തദിവസത്തിൽ തന്നെയായിരുന്നു. ആകാശം മേഘങ്ങളെ മുയൽകുട്ടികളെ പ്പോലെ പെരുപ്പിച്ച അശ്വിനത്തിലെ ഒരു വെള്ളിയാഴ്ച്ച. ദർബാർ മുറിയോടു ചേർന്നുള്ള സ്വകാര്യമുറിയിൽ യയാതി തന്റെ പുത്രന്മാരെ കാത്തിരുന്നു.”[67]

ദേവയാനിയുടെ മക്കളെല്ലാം യയാതിയെ കൈയൊഴിഞ്ഞപ്പോൾ ശർമ്മി ഷ്ഠയിലുണ്ടായ പുരു അച്ഛന്റെ വാർദ്ധക്യം സ്വീകരിക്കുന്നു. ശർമ്മിഷ്ഠയുടെ ചിന്തകളിലൂടെയാണ് കഥ തുടരുന്നത്. ആ നിമിഷം മുതൽ തന്റെ കുഞ്ഞ് വൃദ്ധനായി എന്ന് അവൾ വേദനയോടെ ഓർക്കുന്നു. ദേവയാനിയെ വരിക്കേണ്ടി വന്ന യയാതി രാജാവിനെ ശർമ്മിഷ്ഠ സ്വന്തമാക്കാൻ ശ്രമിക്കുന്നത് രാത്രിയി ലാണ് “കളവുകൾ അവസാനിച്ചത് ഒരു പൗർണ്ണമിയിൽ, മേഘങ്ങൾ ഇല്ലാത്ത ആകാശത്തിൽ മഞ്ഞുപെയ്യിച്ചിരുന്ന ചന്ദ്രനെ നോക്കി നിന്നിരുന്ന യയാതിയെ കണ്ടപ്പോഴാണ്”[68] അപ്രകാരം ആ ദിവസത്തെ ശർമ്മിഷ്ഠ ഓർത്തെടുക്കുന്നു. വർത്തമാനകാലത്തിൽ മകനായ പുരു പിതാവിന്റെ ജരാനരകൾ സ്വീകരിച്ച് കിടക്കുന്നു. കാലം വീണ്ടും നീങ്ങിക്കൊണ്ടിരിക്കുന്നു എന്നതിന്റെ സൂചനയാണ് വേനൽ തുടങ്ങിയപ്പോഴേക്കും പുരുവിന്റെ ഏങ്ങൽകൂടി' എന്ന പ്രയോഗത്തി ലൂടെ വ്യക്തമാകുന്നത്.

കഥയിലെ സംഘർഷാത്മകതയാണ് അതിനെ മുന്നോട്ടു നയിക്കുന്നത്. തന്റെ മുറിയിലേക്ക് യൗവനം തിരിച്ചു കിട്ടിയതിനുശേഷം എത്തിച്ചേരുന്ന യയാതിയെ ശർമ്മിഷ്ഠ തന്റെ മാതൃത്വം കൊണ്ട് നേരിടുന്നു. തന്റെ മകന്റെ യൗവനമാണ് യയാതിയുടേത്. അത് മകൻ തന്നെയാണ്. ആ തിരിച്ചറിവ് യയാതിയെ തിരസ്കരിച്ചുകൊണ്ട് മുഖത്തടിയ്ക്കാനുള്ള ശക്തിയായി മാറുന്നു. പുരാണ കഥയിലില്ലാത്ത ഈ പ്രതിസന്ധിയാണ് ശർമ്മിഷ്ഠ എന്ന കഥയെ വ്യത്യസ്തമാക്കുന്നത്. സ്ഥലകാലങ്ങൾക്ക് അപ്പുറം കൃതിയെ പുനഃസൃഷ്ടിക്കപ്പെടുമ്പോൾ ലഭിക്കുന്ന പാഠഭേദം തികച്ചും വ്യത്യസ്തമായ തലത്തിലേക്ക് കഥയെ കൊണ്ടുപോകുന്നു. അതോടൊപ്പം ഇതിഹാസകാലത്തെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നു.

ശർമ്മിഷ്ഠ എന്ന കേന്ദ്രകഥാപാത്രത്തിലൂടെയാണ് കഥാഖ്യാനം നിർവഹിച്ചിരിക്കുന്നത്. യയാതിയുടെ വർദ്ധക്യകാലം കഥയിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ആഖ്യാനത്തിന്റെ കേന്ദ്രം ശർമ്മിഷ്ഠയിലേക്ക് നീങ്ങുന്നതോടെ ഭാര്യ, അമ്മ എന്നീ അർത്ഥങ്ങൾ കടന്നു. ഇത് കഥയിലെ യയാതിയുടെ ലൈംഗികതയെ പ്രശ്നവത്കരിക്കുന്നു. കഥയിലെ കാലവും കഥ വ്യാവഹരിക്കപ്പെടുന്ന കാലവും ആഖ്യാനകാലികതയെ സൃഷ്ടിക്കുന്നു. ശർമ്മിഷ്ഠയുടെ കഥയിൽ ജാതിബോധത്തിന്റെ അന്തരാർത്ഥങ്ങൾ സൂചിതമായിട്ടുണ്ട്. ദേവയാനിയുടെ ജാതിക്കോയ്മയാണ് ശർമ്മിഷ്ഠയുടെ ജീവിതത്തെ മാറ്റി മറിക്കുന്നത്. രാജപുത്രിയായിട്ടും ദേവയാനിയുടെ അടിമയായി ജീവിക്കാനാണ് അവൾക്ക് വിധിച്ചത്. ആഖ്യാനത്തിന്റെ ബഹുലകമായി (MODE) ആയി വർത്തിക്കുന്നത് ശർമ്മിഷ്ഠയുടെ പുത്ര വാത്സല്യമാണ്. താൻ പുരുവിന്റെ അമ്മയാണെന്ന യാഥാർത്ഥ്യത്തെ ഹൃദയത്തിലേറ്റു വാങ്ങിയതു കൊണ്ടാണ് കഥയിലെ ശർമ്മിഷ്ഠ യയാതിയെ തിരസ്കരിക്കുന്നത്. ഈ തിരസ്കാരം ആഖ്യാനത്തിനത്തിന്റെ പരിപ്രേക്ഷ്യത്തിലേക്ക് സ്ഥലകാലങ്ങളെ കൂട്ടിയിണക്കുന്നു.സ്ഥലകാലത്തിന്റെ മുദ്രകൾ അടയാളപ്പെടുത്തി കൊണ്ട് യയാതി ശർമ്മിഷ്ഠ ബാന്ധവത്തെ കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നു.

### 2.4.23 നിലവിളി

ചരിത്രസ്ഥലങ്ങളിലേക്കുള്ള തിരിച്ചുപോക്കാണ് നിലവിളി എന്ന കഥ പങ്കുവെയ്ക്കുന്നത്. യഥാർത്ഥസംഭവത്തെ സ്ഥലത്തെ ആഖ്യാനത്തിലേക്ക് കൊണ്ടുവരികയാണ് ഈ കഥയിൽ. കാലത്തിന്റെ ആസുരതകൾ ദേശത്തെ മനുഷ്യനെ ഇല്ലാതാക്കാൻ നോക്കുന്ന ദശാസന്ധിയെയാണ് ഈ കഥ അനാവരണം ചെയ്യുന്നത്. അയോധ്യയിൽ ബാബറി മസ്ജിദ് തകർത്ത സ്ഥാനത്തെ പണിതിട്ടില്ലാത്ത രാമക്ഷേത്രത്തിൽ കാർസേവ നടത്തി മടങ്ങിയവർ സഞ്ചരിച്ചിരുന്ന തീവണ്ടിയിലെ ഒരു ബോഗി ഗുജറാത്തിലെ ഗോധ്രസ്റ്റേഷനിൽ 2002 ഫെബ്രുവരി 27 ന് കത്തിച്ചതിനെ തുടർന്നുണ്ടായ ഗുജറാത്ത് വംശഹത്യയാണ് ഈ കഥയുടെ കഥാതന്തു. 58 പേർ വെന്തുമരിച്ചു. പിന്നീടു നടന്ന ഗുജറാത്ത് കലാപത്തിൽ നിരവധി മുസ്ലീങ്ങൾ ആക്രമിക്കപ്പെട്ടു. റോയിറ്റേഴ്സിന്റെ അർക്കോ ദത്ത എടുത്ത വംശഹത്യയുടെ ചിത്രങ്ങളിലൊന്നിൽ കുത്തബുദ്ദീൻ അൻസാരി എന്ന ചെറുപ്പക്കാരൻ ആൾക്കൂട്ടത്തോട് യാചിക്കുന്നതായിരുന്നു. ഇതാണ് നിലവിളി എന്ന കഥയുടെ ചരിത്രപശ്ചാത്തലം. കുത്തബ്ദ്ദീൻ അൻസാരിയുടെ ആത്മഗതം എന്ന രൂപത്തിലാണ് ഈ കഥപറയുന്നത്. അയാൾ തന്നെ സ്ഥലത്തിന്റെ അഹമ്മദാബാദിന്റെ പ്രതീകമായി തന്നെയാണ് അവതരിപ്പിക്കുന്നത്. അയാൾ തന്നെ പരിചയപ്പെടുത്തുന്ന വാക്കുകളിൽ സ്ഥലകാല ബന്ധം ദൃശ്യമാണ്. 'അഹമ്മദാബാദിലെ ബാപുനഗർ കോളനിയിൽ ജീവിക്കുന്നവൻ ഞാൻ കാറ്റിന്റെ കാലമായ ജനുവരിയിൽ ബാപുനഗറിൽ ഏറ്റവും ഉയരത്തിൽ ഈ വർഷം പട്ടം പറപ്പിച്ചു. (പു.301)

തന്റെ കുടുംബത്തിന്റെ കൊച്ചു കൊച്ചു സന്തോഷങ്ങളുമായി ജീവിക്കുന്ന ഒരാൾ . ജീവിച്ചിരിക്കുന്ന ഒരാൾ ഒരു സ്ഥലത്തിന്റെ ചിഹ്നമായി പ്രതീകമായി മാറുന്നത് സാധാരണമല്ല. സ്ഥലങ്ങളുടെ ചിഹ്നമായി മാറുന്നത് മന്ദിരങ്ങളോ ഗേറ്റുകളോ മറ്റോ ആണ്. എന്നാൽ അടയാളമില്ലാത്ത അഹമ്മദാബാദ് എന്ന സ്ഥലത്തിന്റെ ജീവിച്ചിരിക്കുന്ന പ്രതീകമായി അൻസാരി താൻ മാറിയ കഥ പറയുന്നു. കാലം യഥാർത്ഥസംഭവകാലം തന്നെയാണ്. സ്ഥലകാല

ഐക്യം നിലവിളി പാലിയ്ക്കുന്നുണ്ട്. അഹമ്മദാബാദിലെ പട്ടം പറപ്പിക്കലുകൾ, ഹസ്സൻ ഷേക്കിന്റെ പ്രാവുവളർത്തൽ, തന്റെയും കുടുംബത്തിന്റെയും കൊച്ചു സന്തോഷങ്ങൾ ഇവ അൻസാരി വിവരിക്കുന്നുണ്ട്.

കാലത്തിന്റെ രേഖപ്പെടുത്തലുകൾ ഇപ്രകാരമാണ്.

'2002 ാമാണ്ടു തുടങ്ങിയതു പതിവിലും കൂടുതൽ കാറ്റുമായിട്ടാണ്. (പു.302)

'ഇത്തവണ മകരസംക്രാന്തിയിൽ ഞാൻ നിന്നെ തോല്പിക്കും.' (പു.302)

'മകരസംക്രാന്തി ദിവസം ആകാശത്തിൽ ഇടമുണ്ടായിരുന്നില്ല.' (പു.302)

'ഫെബ്രുവരിയിൽ തന്നെ പതിയിരിക്കുന്ന ഏതോ ദുരന്തത്തെക്കുറിച്ച് പ്രാവുകൾ മുന്നറിയിപ്പു നൽകി.' (പു.303)

'അന്നു രാത്രി എന്റെ മകളൊഴിച്ച് ആരും ഉറങ്ങിയിട്ടില്ല.' (പു.303)

ഗുജറാത്ത് കലാപത്തിന്റെ ദാരുണമായ ഒരു ദൃശ്യമെന്ന നിലയിൽ കുത്തബ്ദ്ദീൻ അൻസാരിയെ റോയിട്ടറിന്റെ ഫോട്ടോഗ്രാഫർ ഒപ്പിയെടുക്കുന്നു. അയാളുടെ നിലവിളി പത്രക്കടലാസിൽ ഉറഞ്ഞുപോയിരിക്കുന്നു. കലാപകാരികളിൽ നിന്ന് രക്ഷപ്പെട്ട അൻസാരിയെ ഷാ അലം ക്യാമ്പിൽ എത്തിച്ചു.

'ഞാൻ ചിഹ്നമായ നഗരത്തിന്റെ റോഡുകളിൽ ശവങ്ങൾ കിടന്നിരുന്നു.' (പു. 305)

അയാൾ കലാപത്തിനു ശേഷമുള്ള സ്ഥലത്തെ രേഖപ്പെടുത്തുന്നതിങ്ങനെയാണ്. മുറികഷ്ണം കണ്ണാടിയിൽ ചിരിക്കാൻ മറന്ന മാംസപേശികളുമായി തിരിച്ചറിയാത്ത തന്റെ പ്രതിബിംബത്തെ നോക്കി നിൽക്കുന്ന അൻസാരി ഓരോ മുറിവേറ്റ ഇന്ത്യക്കാരന്റെയും പ്രതിനിധിയാണ്. കലാപങ്ങൾ നടക്കുന്നത് സ്ഥലങ്ങളിൽ മാത്രമല്ല കാലങ്ങളിൽ കൂടിയാണ്. മായ്ക്കാത്ത മുറിവുകൾ അത് കാലത്തിൽ ഏൽപിക്കുന്നു. അഹമ്മദാബാദിന്റെ, എന്ന സ്ഥലത്തിന്റെ ചിഹ്നം മാത്രമല്ല അൻസാരി ആ കാലത്തിന്റെ ചിഹ്നമായി അയാൾ മാറുന്നു. കലാപങ്ങളും യുദ്ധങ്ങളും എന്നിവ സൃഷ്ടിക്കപ്പെടുന്നത് യഥാർത്ഥത്തിൽ മനു

ഷ്യമനസ്സിലാണ്. അതു കൊണ്ടാണ് താൻ തുന്നിയ വസ്ത്രങ്ങളണിഞ്ഞവർ വാളുകളും കഠാരകളുമായി തന്നെ പൊതിഞ്ഞപ്പോൾ അൻസാരി നിസംഗ നായി മാറിയത്. അയാളുടെ നിലവിളി എക്കാലത്തും മുഴങ്ങി കേൾക്കുന്നതാണ്. നിലവിളിയ്ക്കാൻ പോലും കഴിയാത്ത മരിച്ചുപോയ അനേകം മനുഷ്യരുടെ നിലവിളിയാണ് അത്.

അഹമ്മദാബാദ് 2002 ഫെബ്രുവരി 27 ന് ശേഷമുള്ള ദിവസങ്ങളാണ് കഥയിലെ സ്ഥലകാലങ്ങൾ. ഒരു സ്ഥലത്തെ കാലത്തെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുമ്പോൾ കഥാകാരൻ നിർമ്മിച്ചെടുക്കുന്ന വ്യത്യസ്തമായ വീക്ഷ ണങ്ങൾ കഥയെ വ്യതിരിക്തമാക്കുന്നു. രാഷ്ട്രീയ, മത, സംസ്കാരിക തലങ്ങ ളിൽ ഇന്ത്യ പുലർത്തുന്ന കപടബോധത്തിന്റെ തെളിവുകൂടിയാണ് നിലവിളി. കുറച്ചുപേർ ചെയ്യുന്ന ദുഷ്പ്രവർത്തിയ്ക്ക് നിഷ്കളങ്കരായ ഒരു ജനതയെ മുഴു വൻ ഇല്ലാതാക്കാൻ ശ്രമിയ്ക്കുന്നു. മതസൗഹാർദ്ദം ഓരോ സ്ഥലത്തും നില നിൽക്കുന്നത് തികച്ചും നൈമിഷികം മാത്രമാണ്. 'നീ അൻസാരിയാണ് മോമീൻ. നെയ്ത്തുകാരൻ. ഒരിക്കലും നിന്റെ കൈകൊണ്ടു നൂലുപൊട്ടരുത്' (പു.306) എന്ന് നിലവിളിയിൽ അമ്മ അയാളെ ഉപദേശിക്കുന്നുണ്ട്. നൂലുപൊ ട്ടുന്നത് അനേകം വർഷമായി ഇന്ത്യ കൊണ്ടു നടക്കുന്ന സൗഹാർദ്ദത്തിന്റെ നൂലിഴകളാണ്. നൂല് പൊട്ടിയ പട്ടം പോലെ അൻസാരിയുടെ ജീവിതം മാറുന്നു.

ഇന്ത്യയുടെ ചരിത്രത്തിൽ നടന്ന അനേകം കലാപങ്ങളിൽ ഒന്നു മാത്ര മാണ് ഗുജറാത്ത് കലാപം. ഓരോ കാലവും സ്ഥലവും ഇത്തരം സംഭവങ്ങ ളാൽ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിയ്ക്കുന്നു. അനേകം കേൾക്കാത്ത നിലവിളികളും. റോയിട്ടറിന്റെ ഫോട്ടോഗ്രാഫർ 'എന്നെ നൂലുപൊട്ടിയ നഗര ത്തിന്റെ പകരക്കാരനാക്കി' (പു.306) എന്ന് അൻസാരി പറയുന്നുണ്ട്. സ്ഥല ത്തിന്റെ മാത്രമല്ല ആ കാലത്തിന്റെ എണ്ണമറ്റ അനേകം നിലവിളികളുടെ കൂടി പ്രതീകമാണ് അൻസാരി.

### 2.4.24 ചൂത്

ഹരിനാരായണൻ എന്ന പ്രഗത്ഭനായ വ്യക്തിയെ പരിചയപ്പെടുത്തി കൊണ്ടാണ് ഈ കഥ ആരംഭിക്കുന്നത്. ഓരോ വയസ്സിലും ഓരോ സ്ഥലങ്ങ ളിലും അയാൾ നേടിയ നേട്ടങ്ങൾ കഥാകൃത്ത് എണ്ണിപറയുന്നുണ്ട്. എന്നാൽ 2005 മാർച്ച് 7൦ തിയ്യതി അയാൾ വിവാഹമോചിതയായി. വിദേശത്തും സ്വദേ ശത്തും നേട്ടങ്ങൾ കൊയ്ത അയാൾ അവസാനം കേരളത്തിൽ കൊച്ചിയിൽ താമസിക്കുന്നു. അപ്പോൾ കഥ നടക്കുന്ന സ്ഥലം കൊച്ചിയാണ്.

ഹരി ദൈവമല്ല എന്ന് ഓർമ്മിപ്പിച്ചു കൊണ്ടാണ് സാവിത്രി പിരിഞ്ഞു പോയത്. അപ്പോൾ തന്നെ ഹരി കാറെടുത്ത് പാറ്റ്നയ്ക്കുള്ള ഫ്ളയ്റ്റ് ബുക്ക്ചെ യ്യുന്നു. ബീഹാറിൽ നിന്ന് തോക്ക് വാങ്ങാനാണെന്ന് ഒരാളോട് പറയുന്നു. പിന്നീട് ബീഹാറിലേക്ക് പോകുന്നു. ബീഹാറിന്റെ മാപ്പിൽ നിന്ന് ചമ്പാരൻ ജില്ലയിലെ റക്സോൾ എന്ന അതിർത്തിപ്പട്ടണത്തിലേക്കു പോകാൻ തീരുമാ നിക്കുന്നു.

പേര് മാറ്റി പാറ്റ്നയിലെ ഹോട്ടലിൽ താമസിക്കുന്ന ഹരി പുറത്തിറങ്ങി ഹോട്ടലിലേക്ക് പല പേരുകളിൽ വിളിച്ച് അയാളെ തന്നെ അന്വേഷിക്കുന്നു. അതിർത്തിയിലെ ചെക്ക് പോസ്റ്റുകളിലേക്ക് എല്ലാ വൈകുന്നേരവും ഹരി നട ക്കുന്നു. അയാളെ തീവ്രവാദികൾ പിടിച്ചുകൊണ്ടുപോകുന്നു. എന്നാൽ താൻ ഒരു മനുഷ്യബോംബാണെന്ന് പറഞ്ഞ് അവരുടെ നേതാവിന്റെ അരികിലെത്തി ക്കാൻ ഹരി ആവശ്യപ്പെടുന്നു. അവിടെയ്ക്കുള്ള സ്ഥലവർണ്ണന ഇപ്രകാര മാണ്.

"കൊയ്ത്തു കഴിഞ്ഞ ഗോതമ്പു വയലുകൾക്കിടയിലെ ഒരു നാട്ടുപാ തയിലേക്ക് വണ്ടി പ്രവേശിച്ചു. ആ വഴി അവസാനിച്ചത് ഒരു വലിയ വീടിന്റെ മുറ്റത്താണ്."[63]

അക്കുബാബ എന്ന അവരുടെ നേതാവിന്റെ പക്കൽ നിന്ന് തോക്കു വാങ്ങി. ചതുരംഗം പോലെ ഒരു കളി കളിച്ച് പോരുന്ന ഹരി പല തീവണ്ടികൾ

കയറിയാണ് നാട്ടിലെത്തുന്നത്. കാലത്തെക്കുറിച്ചുള്ള പല വാക്യങ്ങളിൽ നിന്ന് കാലവും കഥയും നീങ്ങുന്നുവെന്ന് വ്യക്തമാക്കുന്നു.

'സാവിത്രിപോയി രണ്ടു മാസങ്ങൾക്കുശേഷം ഒരു ദിവസം ഹരി സാവിത്രിയെ വിളിച്ചു.' (പു.325)

'2005 ജൂൺ അഞ്ചാംതിയ്യതി കാലത്ത് അഞ്ചരമണിക്ക് കൊച്ചിയിൽ മഴ പെയ്തില്ല. ഹരിയുടെ ആവശ്യം അതു തന്നെ ആയിരുന്നു. മഴയില്ലാത്ത ഒരു ഞായറാഴ്ച പുലരി.' (പു.326)

'പകൽ പുലരിയെ ഗ്രസിക്കുന്ന വേള.' (പു.328)

'സമയം കൃത്യം ആറര. അയാളുടെ വീട്ടുജോലിക്കാരായ ബീഹാറി ദമ്പതികൾ, സിയാറാമും രാം ദുലാരിയും വരുന്ന സമയം. ഏഴുമണിക്ക് സിയാറാം കിടപ്പുമുറിയുടെ വാതിലിൽ തട്ടി.' (പു.329)

'2005 ജൂലൈ 30 ാം തീയ്യതി കാലത്ത് അയാൾക്ക് ഒരു ഫോൺ വന്നു' (പു.333) എന്നിങ്ങനെ കൃത്യമായി സമയത്തെയും ദിനങ്ങളെയും കഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തോക്ക് വാങ്ങിവന്ന ഹരി അതിന്റെ ലെൻസിലൂടെ പനമ്പിള്ളി നഗറിലെ തന്റെ വീടിന്റെ ജനലിലൂടെ ഉന്നം നോക്കുന്നു. ഒടുവിൽ ഒരുവനെ അയാൾ വെടിവെച്ചു വീഴ്ത്തുന്നു. പിന്നീട് അതൊരു പത്രവാർത്തയായി വരുന്നു. എന്നാൽ ഹരിയുടെ ജീവിതത്തിലെ യാദൃശ്ചികത സൃഷ്ടിക്കാനുള്ള ഇത്തരം പ്രവൃത്തി മറ്റൊരു തലത്തിലേക്ക് കഥയെ എത്തിക്കുന്നു.

മാധ്യമങ്ങൾ കൊലപാതകം ഏറ്റെടുത്തതോടു കൂടി ഹരിയുടെ പ്രവൃത്തിയ്ക്ക്, കൊലപാതകത്തിന് തീവ്രവാദവുമായും ഇസ്രേലിചാര പ്രവർത്തനവുമൊക്കെയായി ബന്ധങ്ങൾ സൃഷ്ടിയ്ക്കപ്പെടുന്നു. ഒടുവിൽ സാവിത്രി അയാളോട് പിടി കൊടുക്കാൻ പറയുമ്പോൾ ഹരി അതുവരെ സൂക്ഷിച്ചിരുന്ന യാദൃശ്ചികത ഇല്ലാതായി എന്ന് തിരിച്ചറിയുന്നു. അയാൾ മരിക്കാൻ തയ്യാറെടുക്കുന്നു. ഈ കഥയുടെ തുടക്കം കൊച്ചിയിലും പിന്നീട് ബീഹാറിലേക്കും അവസാനം കൊച്ചിയിൽ തന്നെ അവസാനിക്കുന്നതുമായ ആഖ്യാനമാണ് നിർവഹിച്ചിരി

ക്കുന്നത്. അതോടൊപ്പം ജീവിതത്തിൽ യാദൃച്ഛികതകൾ ഇഷ്ടപ്പെടുന്ന ഒരാൾ തന്റെ ജീവിതം നേരിടുന്നതിൽ സംഭവിക്കുന്ന പാളിച്ചകളും ഈ കഥയിൽ കാണാം. കാലത്തെക്കുറിച്ച് ഹരിയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്.

"വലുതായപ്പോൾ ദൈവം ഒരേ ഒരു സർവശക്തിയായി, ഏകവചനമായി. കാലത്തിലേക്ക് ഇടയ്ക്കിടെ സംഭവങ്ങൾ തുറന്നുവിടുന്ന ശക്തി. സംഭവങ്ങളിൽ യാദൃച്ഛികത കൊണ്ടുവരുന്ന ശക്തി."[70] ദൈവം യാദൃച്ഛികവും തികച്ചും സ്വതന്ത്രവുമായ സംഭവങ്ങൾ കാലത്തിലേക്ക് തുറന്നുവിടുന്നു

ഇത്തരത്തിൽ യാദൃച്ഛികസംഭവങ്ങൾ സൃഷ്ടിക്കാനുള്ള ദൈവമാകാനുള്ള ശ്രമമാണ് കൊലപാതകത്തിൽ കലാശിച്ചത്. ചൂത് സ്വയം നശിക്കുന്ന കളിയായി മാറുന്നത് പലപ്പോഴും പുരാണ കഥകളിൽ കാണാം. ഇവിടെ ചൂതിലെ കരുവിനെക്കുറിച്ച് ഹരി ചിന്തിക്കുന്നുണ്ട്. പക്ഷേ ജീവിതത്തിൽ ആ കരു അയാൾ തന്നെയായിരുന്നു. കാലത്തിന്റെ യാദൃച്ഛികതയിലേക്ക് നടന്നുകയറാനാണ് അയാൾ പരിശ്രമിച്ചത്.

### 2.4.25 നാനാർത്ഥം

അച്യുതൻനായർ തന്റെ മകനെ തേടി പാറ്റ്നയിലേക്ക് യാത്രതിരിയ്ക്കുന്നു. ജോലിയിൽ നിന്ന് വിരമിച്ചതിനുശേഷം ഭാര്യയുമായി നാട്ടിലായിരുന്നു താമസം. ഏക മകൻ ദയാനന്ദൻ പാറ്റ്ന മെഡിക്കൽ കോളേജിൽ എം ഡിക്കു പഠിക്കുകയായിരുന്നു. ഒന്നാം കൊല്ലം പകുതിയായപ്പോൾ മണിയോർഡറുകൾ മേൽവിലാസക്കാരനില്ല എന്നെഴുതി തിരിച്ചു വരാൻ തുടങ്ങി. ഭാര്യയ്ക്ക് കാൻസർ ആയതിനാൽ ആ സമയത്ത് മകനെ അന്വേഷിച്ചു വരാൻ സാധിക്കാതിരുന്ന നായർ അമ്മയുടെ ചിതാഭസ്മം മകനെകൊണ്ട് ഗംഗയിലൊഴുക്കി കർമ്മങ്ങൾ ചെയ്യിക്കാനായി എത്തിയതാണ്. മകനെ അന്വേഷിച്ച് കോളേജിലും അമർനാഥ് തിവാരി എന്ന വിദ്യാർത്ഥിയുടെ അരികിലും അയാൾ വഴി ദയാനന്ദൻ ഇടയ്ക്ക് സന്ദർശിക്കാറുണ്ടായിരുന്ന ബദരി നാരായണൻ വിദ്രോഹി എന്ന കവിയെയും കാണാൻ പോകുന്നു. അജ്ഞാത ശവങ്ങൾ വരെ അവർ അന്വേഷിക്കുന്നു.

അതിന്റെ മാനസിക പീഡനം സഹിക്കാനാവാതെ അയാൾ ബോധം കെടുന്നു. ഒടുവിൽ വിദ്രോഹി പാറ്റ്നയിലെ ഏറ്റവും വലിയ ശ്മശാനത്തിൽ ഒറ്റയ്ക്ക് വരുവാൻ അയാളോട് ആവശ്യപ്പെടുന്നു. എന്നാൽ അവിടെയെത്തുന്ന അയാൾ അഘോരിയായി ജീവിക്കുന്ന മകനെയാണ് കാണുന്നത്. അയാൾ മകനോടും അഘോരികളുടെ ഗുരുവിനോടും സംസാരിക്കുന്നുണ്ട്. മകൻ തിരിച്ചു വരില്ലെന്നുറപ്പായപ്പോൾ ചിതാഭസ്മം ഗംഗയിലൊഴുക്കി അയാൾ തിരിഞ്ഞു നടക്കുന്നു. ഇതാണ് കഥയിലെ പ്രതിപാദ്യം.

കഥയിൽ സ്ഥലകാലങ്ങൾ സൂക്ഷ്മമായി അവതരിപ്പിക്കപ്പെട്ടിരിയ്ക്കുന്നു. കഥ നടക്കുന്നത് ബീഹാറിലെ പാറ്റ്നയിലാണ്. കഥയുടെ തുടക്കത്തിൽ തന്നെ സ്ഥലവും കാലവും ഒന്നായി മാറുന്ന അനുഭവമാണ് അച്യുതൻ നായരിലൂടെ കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത്.

"ബീഹാറിൽ ദൂരം കാലമാണ്.എറണാകുളം പാറ്റ്ന എക്സ്പ്രസ് കറുപ്പു കൂടുതലുള്ള ബീഹാർ രാത്രിയിലൂടെ മുന്നോട്ടു പോകുമ്പോൾ, അച്യുതൻ നായർ അയാൾ ജീവിച്ചു തീർത്ത വർഷങ്ങൾ ഓരോന്നായി തിരിച്ചു വരുന്നതു കണ്ടു."[71]

'ബീഹാറിലെ രാത്രിയുടെ കറുപ്പിൽ മായം ചേരുവാൻ തുടങ്ങി.' (പു.307)

'പാറ്റ്ന റെയിൽവേ സ്റ്റേഷനിലെ രണ്ടാം നമ്പർ പ്ലാറ്റ്ഫോമിൽ ഇറങ്ങിയപ്പോൾ ആദ്യമായി ഒരു സ്ഥലത്തു ചെല്ലുന്നതിന്റെ പുതുമ അച്യുതൻ നായർക്കു തോന്നിയില്ല.' (പു.307)

ഹിന്ദുവാണെന്നതിൽ അച്യുതൻ നായർ അഭിമാനിക്കുന്നുവെന്ന് അയാളുടെ സംഭാഷണം വ്യക്തമാക്കുന്നുണ്ട്. മകനെ അന്വേഷിച്ച് പാറ്റ്ന സിറ്റിപോലീസ് സ്റ്റേഷൻ റെയിൽവേ പോലീസ് സ്റ്റേഷൻ, കോത്ത് വാലി റാണാ എന്നിങ്ങനെ പലസ്ഥലങ്ങളിലും അയാളും കൂട്ടുകാരുമെത്തുന്നുണ്ട്. ഒടുവിൽ വിദ്രോഹിയുമൊത്ത് ഗംഗയുടെ തീരത്തുള്ള ബാൻസ്ഘാട്ട് പാറ്റ്നയിലെ

ഏറ്റവും വലിയ ശ്മശാനത്തിലെത്തുന്നു. ഇത് നടക്കുന്ന സമയം അർദ്ധരാത്രിയാണ്.

അഘോരിയായ തന്റെ മകനെ അയാൾ കണ്ടെത്തുന്നു. കല്ലുബാബ എന്ന ഗുരു അവനെക്കൊണ്ട് ശവസാധന നടത്തിക്കാൻ പോകുന്നതാണ് അയാൾ കാണുന്നത്. എന്നാൽ ദയാനന്ദൻ പകുതിയിൽ നിർത്തുന്നു. തന്റെ പിതാവ് അവിടെയെത്തിയിട്ടുണ്ടെന്ന് തിരിച്ചറിയുന്നു. മകനെ തിരിച്ചു കിട്ടാനായി കല്ലുബാബയോട് അച്യുതൻനായർ തർക്കിക്കുന്നു.

ആ സമയം കഴിഞ്ഞു. കല്ലുബാബ പറഞ്ഞു. ദയാനന്ദൻ ഇന്നു പരേതനാണ്. പാറ്റ്നയിൽ ഇത്രഅധികം അഘോരികൾ എത്തിയതെങ്ങനെയെന്ന് വിദ്രോഹി അന്വേഷിക്കുന്നു. ഹരിദ്വാർ, ഇലഹബാദ്, കാശി, കൽക്കത്ത, ഗുവാഹത്തി, മണികർണികഘട്ട് എന്നിവടങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട അഘോരികൾ പാറ്റ്നയിലെത്തിയെന്നും ഇവിടത്തുകാർ അവരെ ബഹുമാനിക്കുന്നുവെന്നും അയാൾ പറയുന്നു. ചാരായവും കഞ്ചാവും വലിച്ച് മൃതദേഹങ്ങൾ തിന്ന് ജീവിക്കുന്ന മകനെ അതിൽ നിന്ന് പിന്തിരിപ്പിക്കാനാവാതെ അയാൾ കുഴങ്ങുന്നുണ്ട്. ഹിന്ദുവിന്റെ സനാതന ധർമ്മങ്ങൾ മറന്നോ എന്നു ചോദ്യത്തിന് ഞാനും ഹിന്ദുവാണ് എന്ന് മറുപടിപറയുന്നു. സ്ഥലകാലങ്ങൾക്കപ്പുറം ജനതയിൽ മൂല്യബോധത്തിലുണ്ടാകുന്ന മാറ്റം ഈ കഥ പങ്കുവെയ്ക്കുന്നുണ്ട്. തലമുറകളിലെ മാറ്റം ഇവിടെ ദൃശ്യമാണ്.

പാറ്റ്ന എന്ന സ്ഥലം സൃഷ്ടിക്കുന്ന നിസംഗത, ആഘോരികളുടെ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ഇവയെല്ലാം ഒരു കാലത്തിന്റെ നേർരേഖകളാകുന്നു. കഥയുടെ തുടക്കത്തിൽ യാത്രയാരംഭിക്കുമ്പോൾ സ്ഥലവും കാലവും ഒന്നായിരുന്നതുപോലെ കഥാവസാനവും അത്തരത്തിലുള്ളതാണ്. കിഴക്കൻ ഇന്ത്യയിൽ സൂര്യൻ നേരത്തേ ഉദിക്കും. പുലർച്ചെ നാലു മണിയേ ആയിരുന്നുള്ളൂവെങ്കിലും ഗംഗയുടെ മുകളിലെ ആകാശം ചുവന്നു തുടങ്ങിയിരുന്നു. ഒരു മണൽക്കുന്നിന്റെ മുകളിൽ നിന്ന് അച്യുതൻനായരും വിദ്രോഹിയും തിരിഞ്ഞു നോക്കിയപ്പോൾ അഘോരികൾ നൃത്തം ചവിട്ടുന്നതു കണ്ടു. "അവ

രുടെ തലയ്ക്കുമേൽ കഞ്ചാവിന്റെ നീലമേഘം പുലരിമഞ്ഞുപോലെ കിടന്നിരുന്നു. സൂര്യന്റെ ആദ്യകിരണങ്ങളിൽ നർത്തകർ നിഴലുകളായി. വെയിൽ മൂത്തു തുടങ്ങിയപ്പോൾ നിഴലുകളുടെ കനം കുറഞ്ഞു. ഒടുവിൽ വെയിലിനു ചൂടുപിടിച്ചു. ഗംഗ വെട്ടിത്തിളങ്ങിയപ്പോൾ അഘോരികളെ കാണാതായി."[72]

### 2.4.26 കിച്ന ഒരു റോഡ് കഥ

കിച്ന ഒരു റോഡ് കഥ എന്ന കഥയിലെ നായികയാണ് കിച്ന. ദ്രൗപദി എന്ന കഥാപാത്രവുമായി സാധർമ്മ്യം വഹിക്കുന്ന നായികയാണ്. പുതിയ സ്ഥലകാലങ്ങളിൽ കൃഷ്ണ എന്ന കഥാപാത്രം പുനഃസൃഷ്ടിക്കപ്പെടുന്നു. നക്സലിസത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കഥ രചിക്കപ്പെട്ടിരിക്കുന്നത്. നക്സ്‌ലൈറ്റ് കിഷൻജിയുടെ സഹോദരി പുത്രിയാണ് കിച്ന. 2007ൽ ഡിസംബറിൽ ധൻബാദിലുണ്ടായ സ്ഫോടനത്തിൽ അച്ഛനും അമ്മയും നഷ്ടപ്പെട്ട അവളെ കിഷൻജിയുടെ ആജ്ഞപ്രകാരം അർജ്ജുൻ മഹത്തോ റസൂൽബായി എന്ന വേശ്യസ്ത്രീയുടെ വീട്ടിലെത്തിച്ചു. പോലീസുകാർ സംശയിക്കില്ല എന്നതായിരുന്നു അതിനു കാരണം. എന്നാൽ അർജുൻ മഹത്തോ ഒരു വർഷം കഴിഞ്ഞിട്ടും തിരിച്ചു വന്നില്ല. അവൾ ധരംസിങ്ങ്, ഭീം റെഡ്ഢി, നക്കി, സഹേൽ എന്നിവരെ തന്റെ പതിവുകാരാക്കി. ഒടുവിൽ അർജുൻ മഹത്തോ അവളെ കൊണ്ടുപോകാൻ എത്തിയപ്പോൾ പോലീസ് അറസ്റ്റു ചെയ്തു. അവരെ കാട്ടിലൂടെ നടത്തികൊണ്ടു പോകുന്നു. പോലീസുകാർ ലാത്തികൊണ്ട് കിച്നയുടെ ശരീരത്തെ വനംവകുപ്പിന്റെ ക്യാമ്പിലെത്തിക്കുമ്പോൾ അവിടെ വനിത ഡി.എസ്.പി. ശാരീരികമായി ഉപദ്രവിക്കാൻ ശ്രമിക്കുന്നു. അവൾ കിഷൻജിയുടെ സഹോദരിയാണെന്നറിയുമ്പോൾ പിന്തിരിയുന്നു. എന്നാൽ പോലീസുകാർ അവളെ ഉപദ്രവിക്കാൻ തുടങ്ങുമ്പോൾ അവൾ കിഷാ എന്റെ കിഷൻജി എന്ന് വിളിച്ചു കരയുന്നു. അപ്പോൾ ബോംബ് പൊട്ടുന്നു. പിന്നീട് അവരെയെല്ലാം കൈയാമം വെച്ച് നടത്തി ഓരോരുത്തരായി വെടിവെച്ച് കൊല്ലുന്നു. ഒടുവിൽ ധരംസിങ്ങും പട്ടിയും മാത്രമാവുന്നു. അയാളോട് പോകാൻ കപിൽദേവ് സിങ് പറയുന്നു. എന്നാൽ പിന്നീട് നിൽക്കാൻ പറഞ്ഞ്

തോക്കു ചൂണ്ടികൊണ്ട് കിഷൻജി അഗർസഞ്ജയ് അഗർവാളിന്റെ പെട്രോൾപമ്പ് തകർത്തു എന്ന് പറഞ്ഞ് കൊണ്ട് അയാളെ വെടിവെയ്ക്കുന്നു. ഒടുവിൽ പട്ടിയുടെ ശബ്ദം മുഴങ്ങി കേൾക്കുന്നു.

സമകാലിക ജീവിതത്തിലായാലും സ്ത്രീയനുഭവിക്കുന്ന വേദനകൾ മാറ്റമില്ലാതെ തുടരുന്നു. ദ്രൗപദി അഥവാ കൃഷ്ണ എന്ന മഹാഭാരതകഥാപാത്ര ത്തിന്റെ ജീവിതാവസ്ഥകൾ തികച്ചും വ്യത്യസ്തമാണെങ്കിൽ കൂടി അവൾ നേരിടുന്ന സമസ്യകൾ തന്നെയാണ് ഈ കഥയിലെ കിച്നയും അനുഭവി ക്കുന്നത്. നക്സലിസ്റ്റുവേട്ട അധികാരത്തിന്റെ ഭാഗമായി നടത്തുമ്പോൾ പല പ്പോഴും ഇരയാക്കപ്പെടുന്നത് സാധാരണക്കാരാണ്. അധികാരത്തിന്റെ നീതിയെ ചോദ്യം ചെയ്യുകയാണിവിടെ. കിച്നയ്കോ കൂടെയുള്ളവർക്കോ കിഷൻജി യുടെ പ്രവർത്തനങ്ങളുമായി ബന്ധമില്ല. പക്ഷേ അധികാരത്തിന്റെ നീതിയെ ചോദ്യം ചെയ്യാൻ അവർക്കു സാധിക്കുന്നില്ല.

### 2.4.27 അഹല്യ

അഹല്യ, ദ്രൗപദി, കുന്തി, താര, മണ്ഡോദരി, എന്നീ പഞ്ചകന്യകമാരെ നിത്യവും സ്മരിച്ചാൽ കൊടുംപാപങ്ങളിൽ നിന്നും മോചനം ലഭിക്കും എന്ന ശ്ലോകം ആമുഖത്തിൽ കൊടുത്തിട്ടുള്ളതിൽ നിന്ന് ഇവരുടെ കഥയുമായി സാധാർമ്മ്യമുണ്ടാവാം എന്ന സൂചന മാധവൻ നൽകുന്നുണ്ട്. എൻ.എസ്. മാധവന്റെ കാണി,കനകം,സാവിത്രി, മുതലായ കഥകളിൽ സ്ത്രീ പ്രധാനകഥാപാത്രമായി കടന്നുവരുന്നുണ്ട്. സ്ത്രീയുടെ ആത്മബോധത്തിന്റെ നിസ്സഹായതയുടെ ചിത്രങ്ങളാണ് ഈ കഥകൾ പങ്കുവെയ്ക്കുന്നത്.

പഞ്ചകന്യകകളിൽ ആദ്യത്തെ കഥയായ അഹല്യരാമായണത്തിലെ അഹല്യയല്ല. പുതിയ സ്ഥലകാലങ്ങളിൽ പുനഃസൃഷ്ടിക്കപ്പെടുകയാണ് അഹല്യ. കഥാഖ്യാനത്തിന്റെ കാലം ഭൂതമായിരുന്ന ഒരു ഘട്ടം ഉണ്ടായിരുന്നു. "എല്ലാക്കഥകളും പണ്ടു പണ്ടു നടക്കുന്ന അവസ്ഥ എന്നാൽ സാഹിത്യത്തിന്റെ വളർച്ചയിൽ പണ്ടത്തെക്കാലം കാലയവനികയിൽ മറയുകയും വർത്തമാനം

കടന്നുവരികയും ചെയ്തു. എങ്കിലും ഭൂതകാലത്തിന്റെ പിടിയിൽ നിന്നു വിട്ടു മാറാൻ എഴുത്തുകാർക്കു കഴിഞ്ഞില്ല. വർത്തമാനസംഭവത്തിൽ തുടങ്ങിയാലും ഭൂതകാലത്തിലേക്ക് ഓർമ്മകളിലൂടെ മടങ്ങാനുള്ള ആവേശം അവർ കാണിച്ചിരുന്നു. എല്ലാ സംഭവങ്ങളും നടന്നു. കഴിഞ്ഞ നിമിഷം തന്നെ ഭൂത കാലത്തിലാവുന്നതിനാലാകാം ഈ ആഭിമുഖ്യം ശക്തമായി നിലനിന്നത്. കാലത്തിലും അനുഭവങ്ങളിലും കാണുന്ന ഈ ഭൂതകാലാഭിമുഖ്യത്തെ പ്രതിരോധിക്കാൻ എഴുത്തുകാർ ശ്രമിക്കുന്നിടത്താണ് ആഖ്യാനത്തിന്റെ പുതിയ പ്രവണത പ്രകടമായി തുടങ്ങുന്നത്."[73]

കഥ നടക്കുന്നത് എറണാകുളത്താണ്. കൃത്യമായി സ്ഥലം അഹല്യയുടെ ഫ്ളാറ്റാണ്. സെബാസ്റ്റ്യൻ, അഷറഫ്, പ്രിയ, സിതാര, മീര എന്നിവർ സുഹൃത്തു ക്കളായിരുന്നു. അവരുടെ കൂട്ടായ്മയിൽ ഒരിക്കൽ അവരുടെ ജീവിതാഭിലാ ഷങ്ങൾ പങ്കുവെയ്ക്കുന്നു. എന്നാൽ മീരയുടെ ചേച്ചിയായ അഹല്യ മൗനം അവലംബിക്കുന്നു. ഒടുവിൽ അവരുടെ നിർബന്ധത്തിനു വഴങ്ങി തന്റെ ആഗ്രഹം വ്യക്തമാക്കുന്നു. അഹല്യയുടെ ആഗ്രഹം പ്രേതമാകാനായിരുന്നു. അതിനവൾ കണ്ടെത്തുന്ന ന്യായീകരണം "ആരും എന്നെ കാണില്ല, എനിക്ക് എല്ലാവരെയും കാണാം. ഒന്നും തിന്നണ്ട, മീരമോളേ വലുതാകുമ്പോൾ നമ്മളെന്തിനാ എന്തെങ്കിലും ആവുന്നത് ഉണ്ണാൻ, ഉടുക്കാൻ, പ്രേതമായാൽ അതൊന്നും വേണ്ട അതുകൊണ്ട് എനിക്ക് പ്രേതമായാൽ മതി"[74] സ്ഥലകാലങ്ങളില്ലാത്ത ഒരു ലോകത്തെയാണ് അഹല്യ സ്വപ്നം കണ്ടത്.

കൂട്ടുകാർ പലവഴിക്ക് പിരിഞ്ഞുപോയി. വിവാഹത്തിനുശേഷം ഒരു നാൾ തലയ്ക്ക് അടിയേറ്റ് അഹല്യ കിടപ്പിലായി. മാധവന്റെ കഥയിൽ ആവർത്തിച്ചു വരുന്ന കഥാപാത്രസൃഷ്ടിയാണ് രാഘവൻ. രാമായണത്തിലെ രാമനും രാഘവൻ തന്നെ. ഡോക്ടറായി പഠനം പൂർത്തിയാക്കി തിരിച്ചെത്തിയ രാഘവൻ അഹല്യയെ ചികിത്സിക്കുന്നു. രാഘവന് ഒരു സമയത്ത് അഹല്യയോട് ഒരാകർഷണം തോന്നിയിരുന്നു. എന്നാൽ അന്ന് അഹല്യ അതിനെ എതിർത്തു. സ്കോട്ടുലന്റുകാരിയെ വിവാഹം കഴിച്ച രാഘവൻ ആ ബന്ധത്തിന്റെ തകർച്ചയ്ക്ക് ശേഷമാണ് നാട്ടിലെത്തുന്നത്.

അഹല്യയ്ക്ക് എങ്ങനെയാണ് തലയ്ക്ക് അടിയേറ്റതെന്ന് രാഘവനോട് പറയുന്നു. ഗൗതമൻ എന്ന ഭർത്താവ്, ഫിലിംസ്റ്റാറായ ദേവരാജനുമായുള്ള ബന്ധം, അതു മനസ്സിലാക്കിയ ഗൗതമനാണ് അഹല്യയെ കുപ്പികൊണ്ട് തലയ്ക്ക് അടിച്ചത്. അവഗണിക്കപ്പെടുന്ന സ്ത്രീജീവിതമാണ് കഥയിൽ കടന്നുവരുന്നത്. ദാമ്പത്യജീവിതത്തിൽ സ്ത്രീക്ക് യാതൊരു വിലയും ഗൗതമൻ നൽകുന്നില്ല. തന്റെ താൽപര്യങ്ങളനുസരിച്ച് മാത്രം ഭാര്യയെ ഉപയോഗിക്കുന്ന ഒരാൾ. അയാളുടെ ഇംഗിതത്തിനനുസരിച്ച് ജീവിക്കുന്ന ഭാര്യ ഈ പതിവു ശൈലിയെ വെല്ലുവിളിച്ചുകൊണ്ടാണ് അഹല്യ ദേവരാജനുമായി ബന്ധം സ്ഥാപിക്കുന്നത്.

അസുഖം മൂർച്ഛിച്ച അഹല്യയെ ചികിത്സിക്കുന്ന രാഘവൻ അവൾക്ക് കൂട്ടു നിൽക്കാൻ പോയ ദിവസം അവൾ അയാളെ തന്നോട് അടുപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ അയാൾ 'നോ' പറഞ്ഞ് തിരിഞ്ഞു നടക്കുന്നു.

കഥ നടക്കുന്ന സ്ഥലം എറണാകുളമാണ്. വർത്തമാനകാലമാണ് കഥയുടെ തുടക്കത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ ഭൂതകാലാഖ്യാനം സുഹൃത്തുക്കളുടെ ഓർമ്മകളായും അഹല്യയുടെ പിന്നിട്ട ജീവിതത്തേയും ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നു. സമ്മിശ്ര ഭൂതകാലാഖ്യാനമാണ് അവതരിപ്പിച്ചിട്ടുള്ളത്. ആഖ്യാതാവ് അഹല്യ, മീര, രാഘവൻ എന്നിങ്ങനെ മാറിമറിയുന്നു. Variable Focalisation എന്ന ആഖ്യാന തന്ത്രമാണ് കഥാഗതിയെ മുന്നോട്ട് കൊണ്ടുപോവുന്നത്.

### 2.4.28 ഹുമയൂണിന്റെ ശവകുടീരത്തിൽ

ഹുമയൂണിന്റെ ശവകുടീരത്തിൽ എന്ന കഥയിൽ ചരിത്രത്തിന്റെ പ്രതീകമായി ഹുമയൂണിന്റെ ശവകുടീരം കടന്നുവരുന്നു. ആ സ്ഥലത്ത് നടക്കുന്ന കഥയാണിത്. റിട്ടയേർഡ് ബ്രിഗേഡിയറായിരുന്ന സുരേഷ് മാത്തൻ പ്രഭാത സവാരിക്കിടെ ചമേലി എന്ന പൂക്കാരി പെൺകുട്ടിയെ കണ്ടുമുട്ടുന്നു. ചമേലി അയാളെ ഹുമയൂണിന്റെ ശവകുടീരത്തിലെ മട്ടുപാവിലേക്ക് അയാളെ കൂട്ടികൊണ്ടുപോകുന്നു. എന്നാൽ കാവൽക്കാരന്റെ കണ്ണിൽപ്പെടുന്ന അവരെ

പോലീസിലേൽപ്പിക്കുമെന്ന് അയാൾ ഭീഷണിപ്പെടുത്തുന്നു. ചമേലി തന്റെ മുത്തച്ഛനാണെന്ന് പറഞ്ഞ് സുരേഷ് മാത്തനെ അവിടെ നിന്ന് രക്ഷപ്പെടുത്തുന്നു. അവസാനം അമ്പതു രൂപ അയാൾ നീട്ടിയപ്പോൾ കാർക്കിച്ചു തുപ്പികൊണ്ട് അവൾ നടന്നു മറയുന്നു. കഥയിൽ സ്ഥലകാലത്തിന്റെ മുദ്രകൾ ഇത്തരത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു.

"വർഷങ്ങൾ ആദ്യം അറിയിപ്പു നൽകുന്നത് കണ്ണുകളിൽ കൂടിയാണ്"[75]

"പകൽ കറുക്കുവാൻ തുടങ്ങിയിരുന്നു. ഗോധൂളി സമയം പശുക്കൾ തൊഴുത്തിലേക്കു മടങ്ങുന്ന സമയം. പൊടി പാറിച്ചുകൊണ്ട് ആകാശം മുഴുവൻ പൊടിയായിരിക്കും. പിന്നെ സൂര്യന്റെ മങ്ങലും, നിഴലുകളില്ലാത്ത ഈ നേരത്താണ് പ്രേതങ്ങൾ പുറത്തിറങ്ങുക."[76]

'ഗോധൂളി –പത്തറുപത് വർഷങ്ങൾക്ക് ശേഷമാണ്.' (പു.352)

'അന്നുരാത്രി ഉറക്കത്തിൽ പപ്പ മരിച്ചു.' (പു.353)

സുരേഷ് മാത്തൻ കുട്ടിക്കാലം കഴിച്ചു കൂട്ടിയത് യു.പി.യിലായിരുന്നു. അമ്മയുടെ വീട് വരാപ്പുഴയിലായിരുന്നു. കഥ നടക്കുമ്പോൾ ഹുമയൂണിന്റെ ശവകുടീരത്തിനടുത്താണ് താമസിക്കുന്നത്. നിസാമുദ്ദീൻ റെയിൽവേ സ്റ്റേഷൻ, കോണാട്ട് പ്ലേസിലെ ഹനുമാൻ മന്ദിർ എന്നിങ്ങനെ സ്ഥലങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്നു.

ഇന്ത്യ ചരിത്രത്തിലെ രാജാധികാരിയായിരുന്ന ഹുമയൂണിന്റെ ശവകുടീരത്തിൽ നടക്കുന്ന ഒരു കൊച്ചു സംഭവമാണ് കഥയിലെ പ്രമേയം. സുരേഷ് മാത്തന്റെ ഓർമ്മകളിലൂടെ എറണാകുളവും വരാപ്പുഴയും കഥയിലേക്ക് കടന്നുവരുന്നുണ്ട്. വർത്തമാനകാലത്തിലാണ് സംഭവാഖ്യാനം നിർവ്വഹിച്ചിട്ടുള്ളത്.

### 2.4.29 കേസർ

കേസർ എന്ന കഥയിൽ ശിവജി എന്ന ചിത്രകാരന്റെ ഭാര്യയായിരുന്നു ജയശ്രീ. അവളും ചിത്രകാരിയായിരുന്നു. എന്നാൽ ആദ്യകാലത്ത് ശിവജി

അവളെ നന്നായി പ്രോത്സാഹിപ്പിക്കുമായിരുന്നു. ദില്ലിയിലെ ശൈത്യത്തിൽ നിന്നു രക്ഷപ്പെടാൻ മിറാമിർ തീരത്തെ വീട്ടിലെത്തിയ ജയശ്രീ ദിവസവും ചുവന്ന നിറത്തിലുള്ള ഒരു വീട് സ്വപ്നം കാണാൻ തുടങ്ങി. ശിവജിയും അവരുടെ സുഹൃത്തായ റോബിനും ഗോവയിൽ അങ്ങനെയൊരു വീടില്ലെന്ന് ഉറപ്പിച്ചു പറഞ്ഞു. എന്നാൽ റോബിൻ അങ്ങനെയൊരു വീട് കണ്ടുപിടിച്ച് അവളെ അത് കാണിക്കാൻ കൊണ്ടുപോകുന്നു. കെരി എന്ന ഗ്രാമത്തിലെ കേസർബായിയുടെ വീടാണത്. അവർ ഹിന്ദുസ്ഥാനിയിൽ പ്രഗത്ഭയായിരുന്നു. സംഗീതം പഠിക്കാനുള്ള അവരുടെ ശ്രമം പലതവണ പരാജയപ്പെട്ടെങ്കിലും ഒടുവിൽ ഹിന്ദുസ്ഥാനി സംഗീതത്തിൽ പ്രഗത്ഭനായിരുന്ന അല്ലാദിയഖാൻ പഠിപ്പിക്കാമെന്നു സമ്മതിച്ചു. അയാളുടെ മരണശേഷമേ വേദികളിൽ കേസർബായി പാടാൻ പാടുള്ളൂ എന്ന നിബന്ധന വെച്ചിരുന്നു. എന്നാൽ 1946ൽ അല്ലാദിയ മരിക്കുമ്പോഴേക്കും കേസർബായിക്ക് 54വയസ്സായിരുന്നു. ഈ കഥയറിഞ്ഞ ജയശ്രീ ശിവജിയെ വിട്ടുപോരുന്നു. അല്ലാദിയയുടെ മരണശേഷം കേസർബായി പാടാൻ തുടങ്ങുന്നു.

ഈ കഥയിൽ ചിത്രകാരിയായ ഭാര്യ അംഗീകരിക്കാതിരിക്കുന്ന ഭർത്താവ്, തന്നെക്കാൾ മികച്ച പാട്ടുകാരിയാണ് കേസർ എന്ന മനസ്സിലാക്കുന്ന അല്ലാദിയഖാൻ അവർ ബോധപൂർവ്വം പൊതുവേദികളിൽ നിന്ന് അവരെ ഒഴിവാക്കുന്നു. കേസർ എന്ന കഥ നടക്കുന്നത് ഗോവൻ കടൽത്തീരത്താണ് കൂടാതെ കെരി എന്ന സ്ഥലവും കടന്നുവരുന്നുണ്ട്.

"ഗോവയിലെ മിറാമിർ ബീച്ചിലുള്ള വീടിന്റെ ഒന്നാം നിലയിലെ കിടപ്പുമുറിയുടെ ജനൽ പതിവില്ലാതെ പുലർച്ചെ നാലരമണിക്ക് ജയശ്രീ തുറന്നപ്പോൾ, അറബിക്കടൽ കൂർക്കം വലിച്ച് ഉള്ളിലോട്ടു വലിഞ്ഞുകിടക്കുന്നത് കണ്ടു. അതിന്റെ തിരത്തലപ്പുകളിലെ പത ഇരുട്ടിൽ തിളങ്ങുന്നുണ്ടായിരുന്നു. ആ ജനുവരി മാസത്തിലെ ആകാശം മേഘരഹിതമായിരുന്നു."[77] സ്ഥലകാലങ്ങളെ കഥയുടെ തുടക്കത്തിലെ ആഖ്യാനത്തിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. സ്ത്രീയുടെ പ്രതിഭയെ മൂടിവെയ്ക്കാനാഗ്രഹിച്ചുകൊണ്ട് കാലങ്ങളോളം അവരെ ഒഴിവാ

ക്കുന്നതിനായി സ്വീകരിച്ച നിലപാടുകളാണ് കഥയിലെ ആഖ്യാനപരിപ്രേക്ഷ്യ മാവുന്നത്. കേസർബായിയും ജയശ്രീയും ജീവിത സാഹചര്യങ്ങളെ വെല്ലുവി ളിച്ചുകൊണ്ട് പുറത്തിറങ്ങുമ്പോൾ പുതിയകാലം സമാഗതമാകുന്നു.

**2.5 സ്ഥലകാലങ്ങളുടെ അടയാളപ്പെടുത്തലുകൾ**

എഴുത്തുകാർ കഥകളിലൂടെ അവതരിപ്പിക്കുന്ന സ്ഥലങ്ങൾ അവരുടെ വ്യക്തി ജീവിതാനുഭവുമായി ബന്ധപ്പെട്ടതായിരിക്കും. താൻ ജീവിക്കുന്ന സമൂ ഹത്തോട് ക്രിയാത്മകമായി പ്രതികരിക്കാനുള്ള എഴുത്തുകാരന്റെ മാധ്യമമാ ണ് അദ്ദേഹത്തിന്റെ കൃതികൾ. തന്റെ ദേശം ആഖ്യാനത്തിൽ കൊണ്ടു വരാത്ത എഴുത്തുകാർ കുറവാണ്. ദേശം സംസ്കാരത്തെ നിർണ്ണയിക്കുക മാത്രമല്ല സാമൂഹിക രാഷ്ട്രീയാവസ്ഥകളെ തുറന്നു കാണിക്കുകയും ചെയ്യു ന്നു. ഇത്തരത്തിൽ ദേശവും എഴുത്തുകാരന്റെ ക്യാൻവാസിൽ വന്നു നിറയു മ്പോൾ അതിനെ സവിശേഷമായി ആവിഷ്കരിക്കുകയാണ് അവർ ചെയ്യുന്നത്. സ്ഥലകാലങ്ങളാണ് സംഭവങ്ങളുടെ തുടർച്ചയെ അനുഭവവേദ്യമാകുന്നത്. അപ്ര കാരം സ്ഥലകാലങ്ങൾ കഥയുടെ ക്രിയാംശത്തിലേക്ക് നയിക്കുന്ന ഘടകങ്ങ ളായിത്തീരുന്നു.

എൻ.എസ്. മാധവന്റെ കഥകളിൽ കാലത്തെ സൂചിപ്പിക്കാൻ സാധാ രണ നിത്യോപയോഗത്തിലുള്ള പദങ്ങൾതന്നെ കാണാം. അതുകൊണ്ടു തന്നെ കാലത്തെ സൂചിപ്പിക്കുന്ന പ്രയോഗങ്ങളാണ് താഴെ വിവരിക്കുന്നത്.

'കാലദൂരങ്ങളുടെ ഗർഭപാത്രത്തിലെന്താണ് എന്ന് കാത്തു നിന്നു. പിന്നെ രാത്രിയിലേക്കിറങ്ങി.'(പു. 31)

'ഏഴുവർഷവും ഏഴുനാളും കഴിഞ്ഞപ്പോൾ മൗലവിയെ തോൽപ്പിച്ചു.' (പു. 33)

'ചക്രവാളത്തിന്റെ കൃത്യം നടുവിൽ ചുവന്നമേടസൂര്യന്റെ മുമ്പിൽ, സൂര്യ നിലെ കറുത്തപ്പെട്ടായി ഒരു ചെറിയ തല കണ്ടോ?' (പു. 36)

'ഞാൻ പിറന്ന മൂവന്തി, രണ്ടായി പിളർന്നെന്നെ കാക്കു ഇരുളെ വിഴുങ്ങൂ' (പു. 41)

'പെട്ടെന്ന് എനിക്ക് ഒറ്റയ്ക്കാകുവാൻ തോന്നി. എനിക്ക് മാത്രമായി' നാല്പതു പകലുകളും നാല്പതു രാത്രികളും.' (പു.48)

'അങ്ങനെ ആദ്യമായി അവൾ ജിബ്രാൾട്ടറിലെ സമയത്തെ നിശ്ചലമാക്കി. എപ്പോഴുമെപ്പോഴും. പുലരിയിലെ ആറുമണിയുടെ ഇളം തണുപ്പിൽ മഹാകാലത്തെ അവർ തളച്ചിട്ടു.' (പു. 49)

'ജിബ്രാൾട്ടറിലെ പുതുമ കൊത്തിപ്പറക്കുവാൻ വർഷ സൈബീരിയൻ എരണ്ടകളെപ്പോലെ വന്നും പോയും കൊണ്ടിരുന്നു.' (പു. 50)

'ശകുനങ്ങളുടെ കാലം അവസാനിച്ചിരിക്കുന്നു.' (പു.63)

'ഞാൻ കാലത്തിനെ എഴുപതു രൂപയ്ക്കു വിറ്റു.' (പു.64)

'നവംബറിൽ നടക്കാനിരിക്കുന്ന മരണങ്ങൾ നിശ്ചല വൈദ്യുതി പോലെ അന്തരീക്ഷത്തിൽ കട്ടപിടിച്ചു കിടക്കുന്നതിന്റെ അനുഭവവുമായി.' (പു.96)

'വെയിൽ കനത്തു തുടങ്ങിയെങ്കിലും മഞ്ഞുകാലം തീരാത്തതുകൊണ്ട് കാറ്റിന് തുണുപ്പ് ഉണ്ടായിരുന്നു.' (പു.116)

'പെട്ടെന്നു വർഷങ്ങൾക്ക് മുമ്പേ എന്റെ തോളിലൂടെ വളഞ്ഞു കിടന്നു.' (പു. 131)

'ഒരു നൂറ്റാണ്ട് പഴക്കമുള്ള തന്റെ കൃഷ്ണമണികളിൽ പതിയുന്ന തിളക്കം കടലാണെന്ന് ഊഹിക്കാതെ തന്നെ പെരുമാളിന് അറിയാമായിരുന്നു.' (പു. 152)

'ഞാനൊരു അർധരാത്രിയിലെ ശിശുവാണ്. റുഷ്ദിയുടെ അർധരാത്രിയിലെ ശിശുക്കളെപ്പോലെ 1947 ൽ ജനനം.' (പു. 166)

'ആഴ്ചയിലെ ദിവസങ്ങൾ പലപ്പോഴും ടി.വി.തുടർക്കഥകളിലൂടെയാണ് ഞങ്ങൾ അറിഞ്ഞിരുന്നത്.' (പു. 169)

'വേട്ട നിശ്ചയിച്ച വെളുത്തവാവിന് പല ദിവസങ്ങൾ മുമ്പു തന്നെ' (പു.180)

'മരക്കോണി കയറുവാൻ ഓരോ പടി ചവുട്ടുമ്പോഴും ശിവന് താൻ രണ്ട് ദശകം പുറക്കോട്ട് പോകുകയാണെന്ന് തോന്നി.' (പു.189)

'ഫിലിമിൽ ബിംബങ്ങൾ വീഴാനുള്ള കുറെ നിമിഷാർധങ്ങളുടെ മീൻ കണ്ണുകളിൽ ജീവിച്ചു തീർത്ത വർഷങ്ങൾ ഉറഞ്ഞിരുന്നു.' (പു. 205)

'അസീസ് ലോകത്തെ അറിഞ്ഞിരുന്നത് അയാളുടെ കുട്ടികാലം കൊണ്ടായിരുന്നു.' (പു. 206)

'നാം കാലത്തിനെ പുഴയായി കാണുന്നതുകൊണ്ടാണ് പുഴ?' (പു. 226)

'അതെ പുഴ ഒരേ സ്ഥലത്ത് രണ്ടുതവണ കാലു കുത്താൻ പറ്റാത്ത പുഴ. എന്നാൽ നീ കാലത്തെ തടാകമായി കണ്ടു നോക്കൂ. എന്തു സംഭവിക്കും?' (പു. 226)

'കാലത്തെ ഒരു തടാകമായി കണ്ടാൽ ഒന്നും ഒഴുകിപ്പോകുന്നില്ല. എല്ലാ സംഭവങ്ങളും അവിടെ തന്നെ കിടക്കും.' (പു.226)

'കറുത്തവാവായിരുന്നതുകൊണ്ട് റോന്തു ചുറ്റുന്നത് ഉഷാറാക്കിയിരുന്നു.' (പു.246)

'ഗോധൂളി സമയം ചെകുത്താന്റെ മണിക്കൂറാണ്.' (പു. 252)

'വർഷങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്ന ആ കൊച്ചുവര. അതിന്റെ കൃശത്വം, അതിന്റെ നിസ്സാരമായ കിടപ്പ്. അതു വരയ്ക്കുവാനുള്ള അനായാസത മുകുന്ദന്റെ നാല്പത്തിമൂന്ന് വർഷങ്ങളുടെ ലഘുവത്കരണം.' (പു. 263)

'കൊടുക്കൽ വാങ്ങൽ നടന്നത് ഒരു ചന്തദിവസത്തിൽ തന്നെയായിരുന്നു. ആകാശം മേഘങ്ങളെ മുയൽകുട്ടികളെപ്പോലെ പെരുപ്പിച്ച അശ്വിനത്തിലെ ഒരു വെള്ളിയാഴ്ച.' (പു. 294)

'കാറ്റിന്റെ കാലമായ ജനുവരിയിൽ'. (പു.301)

'2002 മാണ്ടു തുടങ്ങിയതു പതിവും കൂടുതൽ കാറ്റുമായാണ്.' (പു.302)

'ബീഹാറിൽ ദൂരം കാലമാണ്. എറണാകുളം പാറ്റ്ന എക്സ്പ്രസ് കറുപ്പു കൂടുതലുള്ള ബീഹാർ രാത്രിയിലൂടെ മുന്നോട്ടുപോകുമ്പോൾ'. (പു.306)

'ദൈവം യാദൃശ്ചികവും തികച്ചും സ്വതന്ത്രവുമായ സംഭവങ്ങൾ കാലത്തിലേക്ക് തുറന്നുവിടുന്നു.' (പു.332)

'ഇതൊരു മധ്യാഹ്നത്തിനു മുമ്പുള്ള സമയത്തിലെ രംഗമാണ്. ഒരു പതിനൊന്നുമണി രാഗം. ലങ്കാ ദഹനം സാരംഗ് എന്നാണ് പേര്.' (പു.348)

'ഒക്ടോബർ മാസമാണിത്. ആകാശം ഏറ്റവും ഭംഗിവയ്ക്കുന്ന കാലം.' (പു.352)

പക്ഷി മണ്ഡോദരി താരാഫെർണാണ്ടസ് എന്നീ കഥകളിൽ കടൽത്തീരത്താണ് കഥ നടക്കുന്നത്. മണ്ഡോദരിയിലും താരാഫെർണാണ്ടസിലും ഗോവ കടൽത്തീരവും അതിനനുബന്ധമായ പ്രദേശങ്ങളും കഥാഗതിയിൽ കടന്നുവരുന്നു. ദുരന്തത്തിന്റെ ജനനം തിരുവനന്തപുരം നഗരത്തിലാണ് കഥ നടക്കുന്നത്. എനിക്കുമാത്രം, എന്റെ മകൾ ഒരു സ്ത്രീ, കപ്പിത്താന്റെ മകൾ എന്നിവ നഗരങ്ങളിലെ ഫ്ളാറ്റിൽ നടക്കുന്ന സംഭവങ്ങളെ അടിസ്ഥാനമാക്കി രചിച്ചിരിക്കുന്നു. ദാരിദ്ര്യം വാർദ്ധക്യം മരണം, ചൂളൈയ്മേടിലെ ശവങ്ങൾ, എന്റെ മകൾ ഒരു സ്ത്രീ, നാനാർത്ഥം എന്നീ കഥകൾ തീവണ്ടിയും തീവണ്ടിയാത്രയും കഥാപശ്ചാത്തലമായി കടന്നുവരുന്നു. പ്രസക്തിയിൽ ആശുപത്രി, രാജസം തിരുനാവായ, ഇരുളെ വിഴുങ്ങൂ എന്നിവയിൽ എറണാകുളവും. ഈദിൽ ദ്വീപും, ചൂളൈമേടിലെ ശവങ്ങളിൽ ചൂളൈമേടും എന്നിവ കഥയിടങ്ങളായി മാറുന്നു.

ഹിഗ്വിറ്റ എന്ന കഥയിൽ നടക്കുന്നത് തെക്കൻദില്ലിയിലാണെങ്കിലും തൃശ്ശൂർ, കുന്നംകുളം എന്നിവയും കഥാപശ്ചാത്തലമായി കടന്നു വരുന്നു. മീററ്റിലെ ഒരു കന്യാസ്ത്രീമഠത്തിൽ നടക്കുന്ന കഥയാണ് വൻമരങ്ങൾ വീഴുമ്പോൾ ഒറീസ, ദില്ലി, എറണാകുളം എന്നിവ സ്ഥല സൂചനകൾ കഥയിൽ കാണാം.

കാർമെൻ എന്ന കഥ തുടങ്ങുന്നത് കുട്ടനാട്ടിലാണ്. കഥ വികസിക്കുന്നത് പാരീസിലാണ്. അസിനദി, ഇറ്റലി എന്നീ സ്ഥലസൂചനകളോടൊപ്പം കാശി, ബനാറസ്, തൃപ്പൂണിത്തുറ എന്നിവയും കാണാം. തൃപ്പൂണിത്തുറയിലാണ് കഥാവസാനം. ശൂന്യകാശപ്പേടകത്തിൽ നടക്കുന്ന കഥയാണ് നാലാം ലോകം. മസൂറി എന്ന സ്ഥലമാണ് വിലാപങ്ങളിൽ കടന്നുവരുന്നത്. തിരുത്തിൽ പത്രമോഫീസിലാണ് കഥ നടക്കുന്നത്. മുയൽവേട്ടയിൽ കാട് പശ്ചാത്തലമാകുന്നു. ബിയാട്രീസിൽ പഞ്ചാബിലെ അമൃത്സറിൽ നടക്കുന്ന കഥയാണ്. ജാലിയൻ വാലാബാഗ് കഥയിൽ കടന്നുവരുന്ന പ്രധാന സ്ഥലമാണ്.

അനുഷ്ഠാനഹത്യകളിൽ കഥ നടക്കുന്നത് ഒരു വീട്ടിലാണ്. കാഠ്മണ്ഡു യാത്രയും ഫോർട്ട് കൊച്ചിയും കഥാപരിസരങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. മുബൈ എന്ന സ്ഥല സങ്കൽപത്തെ തന്നെ ചോദ്യം ചെയ്യുന്ന കഥയാണ്. മലപ്പുറം ജില്ലയിലെ പാങ്ങ് എന്ന നാട്ടിലെ അസീസ് മുബൈയിലെ നരിമാൻ പോയിന്റിൽ ജോലി ചെയ്യുന്നു. അയാളുടെ സ്ഥലത്തെ, ദേശത്തെ തന്നെ ചോദ്യം ചെയ്തുകൊണ്ട് നുഴഞ്ഞു കയറ്റുക്കാരനാക്കി മാറ്റുന്നു.

ആയിരത്തി രണ്ടാമത്തെ കഥ നടക്കുന്നത് ദില്ലിയിലാണ്. ബാഗ്ദാദ്, ജർമ്മനി, ദരിയാഗഞ്ച്, ഫ്ളാറ്റ് എന്നിവ സ്ഥല സൂചനകളായി കടന്നു വരുന്നു. അമ്മ എന്ന കഥയിൽ സരസമ്മ ജീവിക്കുന്നത് ഇപ്പോൾ ഫ്ളാറ്റിലാണ്. നീലേശ്വരം പോലീസ് ആക്രമണം, കൽക്കത്തയിലെ ജീവിതം എന്നിവ ഓർമ്മകളായി സ്ഥലത്തെഅടയാളപ്പെടുത്തിയിരിക്കുന്നു. ഹുമയൂണിന്റെ ശവകുടീരത്തിൽ ഹുമയൂണിന്റെ ശവകുടീരം, കോണാട്ട് പ്ലേസിലെ ഹനുമാൻ മന്ദിർ എന്നിവ സ്ഥലസൂചനകളായികാണാം.

കത്തിയേറുകാരൻ സർക്കസ് കമ്പനിയിൽ നടക്കുന്ന കഥയാണ്. നില വിളി ഗുജറാത്തിലെ അഹമ്മദാബാദിന്റെ പ്രതീകമായിത്തീർന്ന കുത്ത്ബുദ്ദീൻ അൻസാരിയുടെ കഥയാണിത്. അഹമ്മദാബാദിലാണ് കഥ നടക്കുന്നുന്നത്. നാനാർത്ഥത്തിൽ മകനെ അന്വേഷിച്ച് ബീഹാറിലെത്തുന്ന അച്ചുതൻനായരുടെ കഥയാണ്. ബീഹാർ, ഇലഹാബാദ്, കാശി, കൽക്കത്ത, ഗുവഹത്തി, പാറ്റ്ന എന്നിവ സ്ഥലസൂചനകൾ കാണാം. ചൂത് എന്ന കഥയിൽ പാറ്റ്ന, ബീഹാർ, കൊച്ചി എന്നിവ കഥാപശ്ചാത്തലമായി കടന്നു വരുന്നു. വായനയിൽ കൊച്ചി യിലെ കായൽക്കരയാണ് കഥാപരിസരം.

സ്ഥലകാലങ്ങളെ അതീവ സൂക്ഷ്മതയോടെ ആവിഷ്കരിക്കുകയാണ്. എൻ.എസ്.മാധവന്റെ കഥകളിൽ ചെയ്യുന്നത്. സ്ഥലകാലങ്ങളും, കഥാപാത്രങ്ങളും ഇഴചേർന്ന് സൃഷ്ടിക്കുന്ന അനുഭവതലം കഥയുടെ അടിസ്ഥാനഭാവമാണ്.

'ഇരുളെ വിഴുങ്ങൂ' എന്ന കഥയിൽ എറണാകുളം നഗരത്തിന്റെ വർണ്ണന ഇപ്രകാരമാണ്.

'തേവരപ്പാലത്തിനപ്പുറം തീവണ്ടിപ്പാളങ്ങൾക്കും അപ്പുറത്ത് ശിവനു മാത്രം അറിയാവുന്ന തിട്ടയിലിരുന്നു. ചുവന്ന സൂര്യനെതിരെ ആലുവാ പാസഞ്ചർ കടന്നുപോയപ്പോൾ മണ്ണ് വിറച്ചു. ഭൂമിയുടെ ചലനം പിന്നെയും കാലുകളെ നടക്കുവാൻ ക്ഷണിച്ചു.' (പു. 38)

'കായലോരത്തിലൂടെ നടന്നപ്പോൾ യുദ്ധക്കപ്പലുകളുടെ ചാരനിറം ശിവനെ ദുഃഖിപ്പിച്ചു.' (പു. 38)

സ്ഥലത്തിന്റെ സൂക്ഷ്മമായ അവതരണം കഥാപാത്രത്തിന്റെ മാനസികാവസ്ഥ കൂടി വ്യക്തമാക്കുന്ന വിധത്തിലാണ് മാധവന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നത്. ഗ്രാമ-നഗര സംഘർഷവും ഈ കഥയിൽ കാണാം. എറണാകുളം നഗരത്തിലെത്തിയശേഷം അപരിചിതനാൽ പീഡിപ്പിക്കപ്പെട്ട് വിഭ്രാന്തിയിലേക്കു തിരിച്ചു പോകുന്ന ശിവൻ. സ്ഥലവും കാലവും

കഥാപാത്രത്തിന്റെ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു. കഥയിലെ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ഒന്നും ചോർന്നു പോകാതെ നഗരജീവിതത്തിന്റെ ആസുരതയെ ആഖ്യാനം ചെയ്തുകൊണ്ട് നഗരത്തെ, കഥയുടെ ഭാഗമാക്കി മാറ്റുന്നുണ്ട് മാധവൻ.

'പഴനിയിൽ നിന്നു പാസഞ്ചർ വണ്ടിയിൽ അച്ഛന്റെ കൂടെ തിരിച്ചു വരുമ്പോൾ വാളയാറിലെ കാടുകൾ തീർന്നപ്പോൾ ഉറക്കം തൂങ്ങിയിരുന്ന എന്നെ തട്ടിയുണർത്തി അച്ഛൻ ജനലിൽ കൂടി നോക്കുവാൻ പറഞ്ഞു. അച്ഛൻ എന്നെ അപൂർവ്വമായേ തൊട്ടിരുന്നുള്ളു. ആകാശത്തിൽ ഒന്നല്ല, രണ്ടു മഴവില്ലുകൾ ഞാൻ കണ്ടു. ഇരട്ട മഴവില്ലുകൾ കണ്ടതിന്റെ ഹരത്തിൽ അത്ഭുതപ്പെട്ട് ഞാൻ കണ്ണുവിടർത്തി നിൽക്കുമ്പോൾ മൂന്നാമത്തെ മഴവില്ലുപോലെ അച്ഛന്റെ കൈ എന്റെ ചുമലുവഴി കഴുത്തിനെ വളഞ്ഞു.' (പു.128) താൻ കണ്ടറിഞ്ഞ പ്രകൃതി സൗന്ദര്യം. പിതാവിന്റെ സ്നേഹം കഥാപാത്രത്തിന്റെ അന്തർലോകത്ത് മിന്നി മറയുന്നു. എൻ.എസ്. മാധവന്റെ കഥകളിൽ മനുഷ്യനോടൊപ്പം കേന്ദ്രസ്ഥാനത്തു നിൽക്കുന്നവയാണ് സ്ഥലകാലങ്ങൾ. പ്രകൃതി മനുഷ്യൻ മാത്രമുൾക്കൊള്ളുന്നതല്ല. ജൈവലോകവും അതിന്റെ ഭാഗമാണ്. അനുഭവങ്ങളെ അടിസ്ഥാനമാക്കിയാണ് കാലത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ രൂപപ്പെടുന്നത്.

എൻ.എസ്. മാധവന്റെ കൃതികളിൽ സ്ഥലകാലങ്ങൾ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത് എഴുത്തുകാരന്റെ സാമൂഹികരാഷ്ട്രീയ സംസ്കാരിക ബോധ്യങ്ങളെ മുൻനിർത്തികൊണ്ടാണ്. എഴുത്തുകാരന്റെ ദേശം എന്ന സങ്കൽപത്തിനപ്പുറം സ്ഥലത്തിന് അതിരുകളില്ലാതെ കഥാലോകമാണ് മാധവന്റെ കൃതികൾ പങ്കുവെക്കുന്നത്. എൻ.എസ്. മാധവന്റെ ചരിത്രത്തെ പ്രശ്നവത്കരിക്കുന്ന കഥകൾ കാലത്തിന്റെയും സ്ഥലത്തിന്റെയും അടയാളപ്പെടുത്തലുകളായി കണക്കാക്കാവുന്നത്. ആഖ്യാനത്തിന്റെ മുഖ്യഘടകങ്ങളായി ആഖ്യാന സൈദ്ധാന്തികർ വിലയിരുത്തുന്ന സ്ഥലകാലങ്ങൾ നോവലിൽ എപ്രകാരം ഉപയോഗിക്കപ്പെട്ടിരിക്കുന്നു എന്നതാണ് അടുത്ത അദ്ധ്യായങ്ങളിൽ പഠനവിധേയമാക്കുന്നത്.

## കുറിപ്പുകൾ

1. ബഷീർ എം.എം, 2002, *മലയാള ചെറുകഥ സാഹിത്യ ചരിത്രം,* കേരള സാഹിത്യ അക്കാദമി, പു. 21.
2. രവികുമാർ കെ.എസ്, 1991, *ചെറുകഥ വാക്കും വഴിയും,* ഡി.സി.ബുക്സ്, പു.15.
3. രവികുമാർ.കെ.എസ്, 2002, *കഥയും ഭാവുകത്വ പരിണാമവും,* ഡി.സി. ബുക്സ്, കോട്ടയം, പു.11.
4. Poul Ricoeur,1984, *Time and Narrative*, University of Chicago Press, പു.22.
5. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, (സമ്പാ. ലിസി മാത്യു) 2012, *കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ സമ്പൂർണ്ണകൃതികൾ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.3.
6. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, (സമ്പാ. ലിസി മാത്യു) 2012, *കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ സമ്പൂർണ്ണകൃതികൾ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.4.
7. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, (സമ്പാ. ലിസി മാത്യു) 2012, *കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ സമ്പൂർണ്ണകൃതികൾ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.5.
8. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, (സമ്പാ. ലിസി മാത്യു) 2012, *കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ സമ്പൂർണ്ണകൃതികൾ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.6.
9. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, (സമ്പാ. ലിസി മാത്യു) 2012, *കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ സമ്പൂർണ്ണകൃതികൾ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.6.
10. രാധാകൃഷ്ണൻ നായർ ഡി, 2000, *ആഖ്യാനവിജ്ഞാനം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.73.
11. പവിത്രൻ.പി, 2000, *ആധുനികതയുടെ കുറ്റസമ്മതം,* നാഷണൽ

ബുക്സ്റ്റാൾ കോട്ടയം, പു. 82.

12. മാധവൻ എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു. 26.

13. മാധവൻ എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു. 27.

14. മാധവൻ എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു. 33.

15. മാധവൻ എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു. 33.

16. മാധവൻ എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.34.

17. മാധവൻ എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു. 34.

18. മാധവൻ എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു. 46.

19. മാധവൻ എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു. 48.

20. മാധവൻ എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു. 48.

21. ശശിധരൻ.എൻ, *1992, കഥ കാലം പോലെ,* കലാക്ഷേത്ര, കാസർകോഡ് പു.74.

22. അപ്പൻ.കെ.പി, 1997, *കഥ ആഖ്യാനവും അനുഭവസത്തയും,* ഡി.സി.ബുക്സ്, കോട്ടയം, പു.147.

23. അപ്പൻ.കെ.പി, 1997, *കഥ ആഖ്യാനവും അനുഭവസത്തയും,* ഡി.സി.ബുക്സ്, കോട്ടയം, പു. 147.

24. മാധവൻ എൻ.എസ്, 2014, *പഞ്ചകന്യകകൾ,* ഡി.സി.ബുക്സ്, കോട്ടയം,

പു.53

25. മാധവൻ എൻ.എസ്, 2014, *പഞ്ചകന്യകകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.68

26. മാധവൻ എൻ.എസ്, 2014, *പഞ്ചകന്യകകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.70

27. മാധവൻ എൻ.എസ്, 2014, *പഞ്ചകന്യകകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.103

28. മാധവൻ എൻ.എസ്, 2014, *പഞ്ചകന്യകകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.110.

29. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, പു.28.

30. പവിത്രൻ.പി, 2000, *ആധുനികതയുടെ കുറ്റസമ്മതം,* നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം, പു.8.

31. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.31

32. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.35

33. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.36

34. ഹരികുമാർ എം.കെ, 2002, *കഥ ആധുനികതയ്ക്ക് ശേഷം,* പ്രഭാത് പ്രിന്റിംഗ് & പബ്ലിഷിങ്ങ് കോ. പ്രൈ.ലിമിറ്റഡ്, പുറം.159.

35. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.41.

36. ഹരികുമാർ എം.കെ, 2002, *കഥ ആധുനികതയ്ക്ക് ശേഷം,* പ്രഭാത് പ്രിന്റിംഗ് & പബ്ലിഷിങ്ങ് കോ. പ്രൈ.ലിമിറ്റഡ്, പുറം.162.

37. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,*

ഡി.സി.ബുക്സ്, കോട്ടയം, പു.81

38. കൃഷ്ണൻ.കെ.എം, 1998, *ഭാഷാപോഷിണി – ആഖ്യാനശാസ്ത്രം,* നവംബർ, പു.69.

39. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.130

40. പ്രസന്നരാജൻ, 2011, *ഉത്തരാധുനിക ചർച്ചകൾ,* നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, പു. 113.

41. വത്സലൻ വാതുശ്ശേരി,2007, *കഥയുടെ ന്യൂക്ലിയസ്,* ഒലീവ് പബ്ലിക്കേഷൻസ്, പു.149

42. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.151.

43. രവികുമാർ കെ.എസ്, 2002, *കഥയും ഭാവകത്വ പരിണാമവും,* ഡി.സി. ബുക്സ്, കോട്ടയം, പു. 118

44. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.94.

45. ബാനർജി ഇ., 2000, *സാഹിത്യലോകം ചരിത്രത്തിന്റെ ബലിഗാഥകൾ,* പു.25, ല.516.

46. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.103.

47. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.126.

48. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.124.

49. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.111.

50. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.114.

51. രവികുമാർ കെ.എസ്, 2002, *കഥയും ഭാവുകത്വ പരിണാമവും*, ഡി.സി. ബുക്സ്, കോട്ടയം, കോട്ടയം, പു. 121
52. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, പു.163
53. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, പു.166
54. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, പു.164
55. നിത്യചൈതന്യയതി, 1993, *ഭാഷാപോഷിണി* മതസൗഹാർദ്ദത്തെപ്പറ്റി. നവം. ലക്കം, പു.41
56. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, പു.183
57. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, പു.183
58. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, പു.203
59. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, പു.205
60. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, പു.201
61. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, പു.202
62. രവികുമാർ കെ.എസ്, 2002, *കഥയും ഭാവുകത്വ പരിണാമവും*, ഡി.സി. ബുക്സ്, കോട്ടയം, കോട്ടയം, പു.113
63. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, പു.256

64. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.261

65. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.271

66. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.282

67. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.294

68. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.297

69. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.324

70. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.326

71. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.306

72. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.318

73. ശശിധരൻ.എൻ, *1992, കഥ കാലം പോലെ,* കലാക്ഷേത്ര, കാസർകോഡ് പു.76

74. മാധവൻ.എൻ.എസ്, 2014, *പഞ്ചകന്യകകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.15

75. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.251

76. മാധവൻ.എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.252

77. മാധവൻ.എൻ.എസ്, 2014, *പഞ്ചകന്യകകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.83

# അദ്ധ്യായം 3
# സ്ഥലകാലമുദ്രകൾ
# മലയാള നോവലുകളിൽ

### 3.1 നോവൽ

പാശ്ചാത്യലോകത്ത് വ്യവസായിക വിപ്ലവത്തിനുശേഷമുണ്ടായ നഗര സംസ്കാരത്തിന്റെ ഭാഗമായാണ് പുതിയ സാഹിത്യരൂപങ്ങൾ ഉടലെടുത്തത്. കടലാസു നിർമ്മാണവും അച്ചടിവിദ്യയും വ്യാപകമായതോടെ ഗദ്യസാഹിത്യത്തിന് ദ്രുതഗതിയിലുള്ള വികാസവുമുണ്ടായി. അതിന്റെ ഭാഗമയി പുതിയ സാഹിത്യരൂപങ്ങളായ ചെറുകഥയുടെയും നോവലിന്റെയും ഉത്ഭവവും വളർച്ചയുമുണ്ടായി.

"നടന്നതോ നടക്കുന്നതോ ആയ യഥാർത്ഥജീവിതത്തെ പ്രതിനിധാനം ചെയ്യുന്ന സംഭവങ്ങളെയും കഥാപാത്രങ്ങളെയും ചിത്രീകരിക്കുന്ന സങ്കീർണ്ണത കൂടിയതോ കുറഞ്ഞതോ ആയ ഒരു ഇതിവൃത്തവും ഗണ്യമായ ദൈർഘ്യവും ഉള്ള കല്പിതഗദ്യകഥയാണ് നോവൽ"[1] എന്ന് ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടുവിൽ നോവലിനെ നിർവചിക്കുന്നു. "അമ്പതിനായിരത്തിലേറെ വാക്കുകളുള്ള ഏതു കല്പിത ഗദ്യകഥയും"[2] നോവലാകുമെന്ന് ഇ.എം. ഫോസ്റ്ററും "കല്പിതഗദ്യകഥാരൂപത്തിലുള്ള മനുഷ്യ ജീവിതവ്യാഖ്യാനമാണെന്ന്"[3] ഏണസ്റ്റ് എ. ബേക്കറും നോവലിനെ നിർവചിച്ചിട്ടുണ്ട്. എന്നാൽ നിർവചനങ്ങൾക്കപ്പുറം അനന്തമായ സാധ്യതകളുള്ള ഒരു സാഹിത്യരൂപമാണ് നോവൽ.

ഇന്ത്യയിൽ കോളനിവത്കരണത്തിന്റെ കാലത്ത് നോവൽ എന്ന സാഹിത്യരൂപം പ്രചാരത്തിലായി. പ്രസ്തുതസാഹചര്യം തന്നെയാണ് കേരളത്തിലും നോവലിന്റെ ഉത്ഭവത്തിന് കാരണമായത്. കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭദശകങ്ങൾ വലിയമാറ്റങ്ങളുടെ കാലമായിരുന്നു. ഇക്കാലത്ത് ഗദ്യസാഹിത്യത്തിന് പ്രാധാന്യവും വികാസവുമുണ്ടായി. പത്രപ്രവർത്തനത്തിന്റ വളർച്ച ഈ മുന്നേറ്റത്തിന് പശ്ചാത്തലമൊരുക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചു. കേരളത്തിൽ നവീന സാഹിത്യരൂപങ്ങളുടെ വളർച്ചയും പുതിയ വീക്ഷണങ്ങൾ പുലർത്തുന്ന ജനതയും രൂപപ്പെട്ടു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ അനന്തരഫലമായി രൂപപ്പെട്ട സാമൂഹികവും സാംസ്കാരികവുമായ പരിവർത്തനങ്ങൾ മുഖ്യചാലകശക്തിയായി. പാശ്ചാ

തൃമാതൃകയിലുള്ള വിദ്യാഭ്യാസം സ്വാതന്ത്ര്യത്തെക്കുറിച്ചും സമത്വക്കുറിച്ചുമുള്ള ആശയഗതികൾ ഇവിടേയക്ക് കൊണ്ടുവന്നു. കേരളത്തിലെ ദേശീയതയുടെ പശ്ചാത്തലവും ഇതുതന്നെയാണ്. ഇക്കാലഘട്ടത്തിൽ വ്യവസായിക വിപ്ലവത്തിന്റെ സംഭാവനയായ നവീന ഭൗതികോപാധികളും പ്രചരിച്ചു. ഇതെല്ലാം കൂടിച്ചേർന്നു സൃഷ്ടിച്ച നഗരസംസ്കാരവും അതിന്റെ സ്ഥാപനങ്ങളും ജീവിതരീതിയും ആശയപരിസരങ്ങളും നവോത്ഥാനത്തിന് അടിത്തറയായി.

## 3.2 സ്ഥലകാലമുദ്രകൾ ആദ്യകാലനോവലുകളിൽ

കേരളീയ സമൂഹം അതോടെ ജന്മിത്തത്തിൽ നിന്ന് മുതലാളിത്ത സമ്പ്രദായത്തിലേക്കു നീങ്ങി. ആ പരിവർത്തന ദശയിൽ നോവലും ചെറുകഥ യുൾപ്പെട്ട നവീന ഗദ്യസാഹിത്യം കേരളീയ പരിസരങ്ങളെയും നവചിന്ത കളെയും ഉണർത്തുന്ന മാധ്യമമായി മാറി. ഈ ഭൂമികതന്നെയാണ് ഇന്ദുലേഖയിലെ സ്ഥലത്തെ അടയാളപ്പെടുത്തുന്നത്. കുടുംബബന്ധങ്ങ ൾക്കാണ് ഇന്ദുലേഖയിൽ പ്രാധാന്യം കൽപിക്കുന്നത്. അതിനുമുമ്പു വരെയുള്ള കാലഘട്ടങ്ങളിൽ തറവാടുകളിൽ പിതാവിന് കുടുംബവ്യവസ്ഥയിൽ പ്രാധാന്യമുണ്ടായിരുന്നില്ല. അമ്മാവനാണ് കാര്യങ്ങളെല്ലാം നോക്കി നടത്തുന്നത്. എന്നാൽ ഇന്ദുലേഖയിൽ പിതാവായ ഗോവിന്ദൻകുട്ടി മേനോന് പ്രാധാന്യം ലഭിക്കുമ്പോൾ ഒരു കാലഘട്ടത്തെ തിരുത്തിയെഴുതുകയായിരുന്നു ചന്തുമേനോൻ. പഞ്ചുമേനോൻ കോപിഷ്ഠനാകുമ്പോൾ മാധവന്റെ പഠിപ്പിനാ വശ്യമായ സാമ്പത്തികസഹായം നൽകാൻ പിതാവ് തയ്യാറാകുന്നു. ഇത് അക്കാലത്ത് വിപ്ലവകരമായ ഒരാശയമാണ്. കാലഘട്ടത്തെ മാറ്റി മറിയ്ക്കുന്ന കാഴ്ച നോവലിസ്റ്റ് ഇത്തരത്തിൽ നേരിട്ട് വെളിവാക്കുന്നു. മരുമക്കത്തായ വ്യവസ്ഥയിൽ നിന്ന് മക്കത്തായത്തിലേക്കുള്ള മാറ്റം നോവലിലെ സ്ഥലകാലങ്ങളെ പുനർനിർവചിക്കുന്നു.

കേരളത്തിലെ അക്കാലത്തെ സാമൂഹിക ജീവിതത്തിന്റെ പ്രത്യേകത യെക്കുറിച്ച് നായർ തറവാടുകളിലെ ജീവിതക്രമത്തെക്കുറിച്ച് കെ.പി.

ശരത്ചന്ദ്രൻ ഇപ്രകാരം അഭിപ്രായപ്പെടുന്നു. " തറവാട്ടുകാരണവന്മാർ സ്വത്തു മുഴുവൻ തങ്ങളുടെ അധീനതയിൽ നിർത്തുകയും ഭാര്യമാർക്കും മക്കൾക്കും മാത്രം ആവശ്യപോലെ വിനിയോഗിക്കാൻ കൊടുക്കുകയും ചെയ്യുന്ന സമ്പ്രദായവും അപൂർവ്വമായിരുന്നില്ല. മരുമക്കത്തായ തറവാട്ടിലെ അനന്തരവന്മാർ ഈ അനീതിക്കെതിരെ ശബ്ദമുയർത്തുന്നതും ഇത് ആത്യന്തികമായി മരുമക്കത്തായത്തെ തകർത്ത് മക്കത്തായത്തെ പ്രതിഷ്ഠിക്കുന്നതും കേരളീയരുടെ സാമൂഹികക്രമത്തിൽ വന്നുചേർന്ന ഒരു മഹത്തായ പരിവർത്തനമാണ് "[4]

തറവാട്ടു കാരണവരായ പഞ്ചുമേനോൻ തന്നെ ധിക്കരിച്ച മാധവന് ഇന്ദുലേഖയെ കൊടുക്കില്ലെന്നു ശപഥം ചെയ്യുന്നു. സൂരി നമ്പൂതിരിപ്പാടിനു വിവാഹം ചെയ്തുകൊടുക്കാൻ ശ്രമിക്കുന്നു. പിന്നീട് നടക്കുന്ന സംഭവങ്ങളാണ് ഇന്ദുലേഖയുടെ പ്രമേയം. ഇന്ദുലേഖയോട് അക്കാലത്തുണ്ടായിരുന്ന സംബന്ധവ്യവസ്ഥയെക്കുറിച്ച് മാധവൻ സംസാരിക്കുന്നുണ്ട്. അപ്പോൾ സംബന്ധത്തെക്കുറിച്ചും ഭാര്യഭർത്തൃ ബന്ധത്തെക്കുറിച്ചും പുത്തൻ കാഴ്ചപ്പാട് ഇന്ദുലേഖയുടെ വാക്കുകളിലൂടെ ചന്തുമേനോൻ വ്യക്തമാക്കുന്നുണ്ട്. സംബന്ധവ്യവസ്ഥ നിലനിന്നിരുന്ന ഒരു കാലഘട്ടത്തെ അടയാളപ്പെടുന്നതോടൊപ്പം ഭാര്യ ഭർത്തൃബന്ധത്തിന്റെ പുതിയ സ്ഥലകാലങ്ങളെ ആഖ്യാനത്തിലേക്ക് കൊണ്ടുവരികയാണ് നോവലിസ്റ്റ് ചെയ്യുന്നത്.

ഇന്ദുലേഖയിൽ കഥ നടക്കുന്ന സ്ഥലത്തിന്റെ തിരഞ്ഞെടുപ്പ് ചന്തുമേനോൻ നടത്തിയിരിക്കുന്നത് വളരെ ശ്രദ്ധാപൂർവ്വമാണ്. "വടക്കേ മലബാറുകാരനായ ചന്തുമേനോൻ , തെക്കേ മലബാറിൽ നടക്കുന്ന കഥയായി ഇന്ദുലേഖയിലെ സംഭവങ്ങൾ ചിത്രീകരിച്ചത് യാഥാർത്ഥ്യത്തോടുള്ള അദ്ദേഹത്തിന്റെ മമത വെളിപ്പെടുത്തുന്നു. വടക്കേ മലബാറിൽ നായർ സ്ത്രീകളെ നമ്പൂതിരിമാർക്കു സംബന്ധം ചെയ്തുകൊടുക്കാറില്ലായിരുന്നു. ദാരിദ്ര്യം കൊണ്ടും മറ്റും ചിലർ അങ്ങനെ ചെയ്തത് ആക്ഷേപകരമായി കണക്കാക്കപ്പെട്ടിരുന്നു"[5] കഥ പറയാനുള്ള സ്ഥലത്തെ ചന്തുമേനോൻ യാഥാർത്ഥ്യ

ത്തോട് ഇണങ്ങുന്നവിധത്തിൽ രൂപപ്പെടുത്തുകയാണുണ്ടായതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം സമൂഹത്തിൽ വലിയമാറ്റങ്ങൾക്ക് കാരണമായ കാലഘട്ടമാണ്. കുടുംബബന്ധങ്ങളിൽ അത് കാണാൻ സാധിക്കും. മാധവൻ കാരണവരെ ധിക്കരിക്കുന്നതും ചിന്നനെ മദിരാശിയിലേക്ക് കൂട്ടികൊണ്ടു പോകുന്നതും അതിനുദാഹരണമാണ്. ഈ കാലത്തു കുട്ടികളോട് അധികം സംസാരിക്കാൻ പോകാതെ ഇരിക്കുന്നതാണ് നല്ലത്. ഗുരുത്വം ലേശം ഇല്ലാത്ത കാലമാണ് എന്ന് ശിന്നനെക്കുറിച്ച് പഞ്ചുമേനോൻ അഭിപ്രായപ്പെടുന്നു. സ്വഭാവത്തിലെ മാറ്റം, കാലത്തിന്റെ മാറ്റമായി പഞ്ചുമേനോൻ മനസ്സിലാക്കുന്നു.

കഥ തുടങ്ങുന്നത് തനി കേരളീയ പശ്ചാത്തലത്തിലാണെങ്കിലും മാധവനിലൂടെ മദിരാശിയെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നുണ്ട്. മദിരാശിയിൽ നിന്ന് മടങ്ങി വരുന്ന മാധവൻ റെയിൽവേ സ്റ്റേഷനിൽവെച്ച് ഇന്ദുലേഖയുടെ വിവാഹം കഴിഞ്ഞെന്ന വ്യാജവാർത്ത കേട്ട് കൽക്കത്തയിലേക്ക് നാടുവിടുന്നു. മാധവൻ യാത്രചെയ്യുമ്പോൾ മലബാർ തീരത്തുകൂടി കടന്നുപോകുമ്പോൾ കാണുന്ന കേരളത്തിന്റെ ദൃശ്യം നോവലിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെയെല്ലാമിരിക്കുമ്പോഴാണ് "മലയാളത്തിനു നേരെ തൂക്കിൽ കപ്പൽ എത്തിയത്. കപ്പലിൽ നിന്ന് കുഴൽ വെച്ച് നോക്കിയപ്പോൾ രാജ്യം നല്ലവണ്ണം കണ്ടു."[6] കൂടാതെ മാധവൻ എത്തിച്ചേരുന്ന ബോംബെ തുറമുഖത്തിന്റെ ദൃശ്യം ഇപ്രകാരമാണവതരിപ്പിച്ചിരിക്കുന്നത് " ബിലാത്തിയിൽ നിന്നു വരുന്ന മഹാന്മാരായ സകലജനങ്ങളും ഇവിടെയാണ് ഒന്നാമത് ഇറങ്ങുന്നത്. അങ്ങനെ തന്നെ ഇന്ത്യയിൽ നിന്നു ബിലാത്തിപോകുന്നവരും ഇവിടെ നിന്നാണു സാധാരണയായി കപ്പൽ കയറുന്നത്. പിന്നെ പ്രായേണ സകലവിധ വിശേഷച്ചരക്കുകളും ഇന്ത്യയിലേക്ക് ബിലാത്തിയിൽ നിന്ന് വരുന്നത്. ഒന്നാമത് ഇറങ്ങുന്നതും ഈ മഹത്തായ ബന്തറിലാണ് അങ്ങിനെയുള്ള ഒരു സ്ഥലത്തിന്റെ മഹിമയെക്കുറിച്ചു ഞാൻ വല്ലതു വർണ്ണിക്കേണ്ടതുണ്ടോ? "[7] സ്ഥലത്തിന്റെ ഈ വർണ്ണന ആ കാലഘട്ടത്തെക്കൂടി അടയാളപ്പെടുത്തുന്നുണ്ട്. കൊളോണിയൽ കാലഘട്ടത്തിലെ കയറ്റുമതി ഇറക്കുമതി വ്യവസ്ഥകളെയും ഇതിൽനിന്ന് മനസ്സിലാക്കാം.

തുടർന്ന് മാധവൻ കൽക്കത്തയിലെത്തുമ്പോൾ ഗോവിന്ദസെന്നിന്റെ ഗൃഹത്തെ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത് ഇങ്ങനെയാണ്. "സ്വർല്ലോകത്തിലെ അമരാവതിയോടു തുല്യമായ അമരാവതി ബംഗ്ലാവിൽ മാധവൻ അതിസുഖത്തോടെ ഒരു പത്തുദിവസം താമസിച്ചു."[8] കേരളം, മദിരാശി, ബോംബെ, കൽക്കത്ത എന്നീ സ്ഥലങ്ങൾ ആഖ്യാനത്തിൽ കടന്നുവരുന്നുണ്ട്. ഫ്യൂഡൽ തറവാടുകളുടെ ചിത്രീകരണവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ലഭിക്കുന്ന പ്രാധാന്യവും ഫ്യൂഡൽ കാലത്തെ മാത്രമല്ല കൊളോണിയൽ കാലഘട്ടത്തെ കൂടി അനുവാചകരുടെ മുന്നിലേക്ക് കൊണ്ടു വരുന്നു. ഇന്ദു ലേഖയിൽ ഭൗതിക സ്ഥലകാലങ്ങളെക്കാൾ പ്രാധാന്യം സാമൂഹിക സ്ഥലകാലങ്ങൾക്കാണെന്ന് കാണാം.

അധികാരബന്ധങ്ങളും രാഷ്ട്രീയവും പുതിയ കാലഘട്ടത്തിന്റെ ഭാഗമാകുന്നത് ജനത തിരിച്ചറിയുന്നത് വിദ്യാഭ്യാസത്തിന്റെ വ്യാപനത്തോ ടെയാണ്. അതു സാമൂഹികമായ സ്ഥലകാലങ്ങളെ സൃഷ്ടിക്കുന്നു. പുതിയ കുടുംബബന്ധങ്ങളുടെ തുടക്കം, മരുമക്കത്തായത്തിന്റെ തകർച്ച, സ്വാത ന്ത്ര്യബോധമുള്ള പുതിയ തലമുറ എന്നിങ്ങനെ പലതലങ്ങളിൽ സാമൂഹിക ജീവിതം മാറുന്നു. കാലഘട്ടത്തിന്റെ അനിവാര്യതയാണ് ഈ പരിവർത്തനം. ബ്രിട്ടീഷു ഭരണകാലഘട്ടം കേരളത്തിൽ ഏൽപ്പിച്ച ദിശാബോധത്തിന്റെ മാതൃകയായി ഇന്ദുലേഖയെന്ന നോവൽ കാലത്തിന്റെ മുദ്രകളെ ആവാഹി ച്ചിരിക്കുന്നു. കഥകളി മുതൽ ഫാക്ടറി, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വരെ വ്യാപിച്ചു കിടക്കുന്ന അനുഭവത്തിന്റെ സ്ഥലകാലങ്ങൾ സ്വാതന്ത്ര്യപൂർവ്വ സ്ഥലകാലങ്ങളെ, ആഖ്യാനപരിസരങ്ങളെ രേഖപ്പെടുത്തുന്നു.

നവോത്ഥാനകാല ദേശീയതാസങ്കല്പം, തികച്ചും വരേണ്യമായ കാഴ്ചപ്പാടുകളാണ് പുലർത്തിയിരുന്നത്. ഇന്ദുലേഖയിലും സി.വിയുടെ നോവലുകളിലും ഇത് കാണാൻസാധിക്കും. എന്നാൽ പോത്തേരി കുഞ്ഞമ്പു വിന്റെ സരസ്വതി വിജയത്തിൽ കീഴാള ജനതയോടുള്ള ആഭിമുഖ്യം പ്രകടമാണ്. ഈ കാലഘട്ടത്തിലെ മനുഷ്യൻ പൊതുവേ പുലർത്തിയിരുന്ന മനോഭാവം

സവർണമേധാവിത്വത്തിന്റേതായിരുന്നു. "നാട്ടുപാരമ്പര്യങ്ങളിൽ നിന്നും നാടോടി വാങ്മയങ്ങളിൽ നിന്നും വിടുതി നേടി ഏകാത്മകമായ ദേശീയ മാനവികതയുടെ പ്രതിനിധികളാവാനാണ് ആ മനുഷ്യർ പൊതുവേ ശ്രമിച്ചത്. അതുപോലെ നവോത്ഥാന നോവലുകളിലെ സ്ഥലരാശിയും പ്രാദേശികതയിൽ നിന്ന് ദേശീയതതയിലേക്ക് ഉദ്ഗ്രഥിക്കപ്പെട്ട ഒന്നായിരുന്നു. മലബാറിൽ നിന്നും കൽക്കത്തയിലേക്ക് യാത്ര തിരിക്കുന്ന മാധവൻ ഇത്തരമൊരു ഉദ്ഗ്രഥന പ്രക്രിയയെയാണ് അടയാളപ്പെടുത്തുന്നത്. ദേശരാഷ്ട്ര സ്വരൂപത്തിലേക്കും വിളക്കിച്ചേർക്കപ്പെടുന്ന നാട്ടു പാരമ്പര്യത്തിന്റെ സൂചകമാണത്. നവോത്ഥാന നോവലുകളിലെ സ്ഥലകൽപ്പനയിൽ ഇത് കടന്നുവരുന്നത് മറ്റൊരു രൂപത്തിലാണ്. പ്രാദേശികസ്ഥലങ്ങൾ ദേശരാഷ്ട്രപരമായ സ്ഥലമാതൃകയുടെ ചെറുരൂപങ്ങളായി രൂപാന്തരപ്പെടുകയാണ് അവിടെ ചെയ്തത്. ദേശരാഷ്ട്രം അവിടെ ബക്തിനീയൻ സ്ഥല-കാല സംയുക്തത്തിന്റെ പദവി കൈയാളുന്നു."[9]

ഇന്ദുലേഖയിലെ സ്ഥലകാലമുദ്രകൾ സാമൂഹികവും സാംസ്കാരികവും ദേശീയവുമായ അനേകം തലങ്ങൾ സൃഷ്ടിക്കുന്നു. കേവലസ്ഥലകാലസങ്കൽപങ്ങൾക്കപ്പുറമുള്ള അർത്ഥവ്യാപ്തി ഇന്ദുലേഖ എന്ന നോവലിനുള്ളതുകൊണ്ടുതന്നെയാണ് അത് പ്രഥമപരിഗണനയ്ക്കർഹമാക്കപ്പെടുന്നത്.

ഇന്ദുലേഖയ്ക്കുശേഷം പരിഗണനാർഹമായ നോവലുകളാണ് സി.വി.രാമൻപിള്ളയുടേത്. പതിനെട്ടാം നൂറ്റാണ്ടിലെ തിരുവിതാംകൂറിന്റെ സ്ഥലപരവും കാലപരവുമായ ആഖ്യാനമാണ് സി.വിയുടെ ചരിത്രാഖ്യായികകൾ. മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജബഹദൂർ എന്നീ നോവലുകൾ തിരുവിതാംകൂർ എന്ന സ്ഥലരാശിയെ ചരിത്രകാലവുമായി ബന്ധപ്പെടുത്തി കൊണ്ടുള്ള രചനകളാണ്. മാർത്താണ്ഡവർമ്മയിൽ അധികാരതർക്കങ്ങളും ധർമ്മരാജയിൽ രാജവംശത്തോടുള്ള പ്രതികാരവും രാജ്യധർമ്മവും രാമരാജ ബഹദൂറിൽ രാജ്യത്തിനകത്തും പുറത്തും നടക്കുന്ന സാമൂഹിക രാഷ്ട്രീയ സംഘർഷങ്ങളും പ്രജകളുടെ ജീവിതവും ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു.

സി.വിയുടെ നോവലുകളിൽ വേളിമല, പത്മനാഭപുരം കൊട്ടാരം കിള്ളിയാറ്, പഞ്ചവൻകാട്, യക്ഷിക്കഥകൾ, കല്ലറകളും നിലവറകളുമുള്ള ഭവനങ്ങൾ, പണ്ടകശ്ശാല, പലഹാരപ്പുര, മരുത്വാൻ മല, ചിലമ്പിനഴിയം, കളപ്രംകോട്ട തുടങ്ങിയ പ്രദേശത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ദേശപരിസ്ഥിതികൾ നൽകുന്നു."[10]

### 3.3 സ്ഥലകാല മുദ്രകൾ നവോത്ഥാനനോവലുകളിൽ

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദം പിന്നിട്ടതോടെ സാമൂഹിക യാഥാർത്ഥ്യങ്ങളിലേക്ക് എഴുത്തുകാർ ശ്രദ്ധ പതിപ്പിച്ചു. പി.കേശവദേവ്, തകഴി, എസ്.കെ. പൊറ്റെക്കാട്, ഉറൂബ്, ബഷീർ എന്നിവരുടെ രചനകൾ അക്കാലഘട്ടത്തിലെ സ്ഥലകാല മുദ്രകളെ ക്രിയാത്മകമായി ആവിഷ്കരിച്ചവയാണ്. ഈ കാലഘട്ടത്തിന്റെ രചനകൾക്ക് പ്രത്യയശാസ്ത്രപരമായ അടിസ്ഥാനമുണ്ടായിരുന്നു. സാധാരണക്കാരായ റിക്ഷാക്കാരും, തൊഴിലാളികളും, കർഷകരും സാഹിത്യത്തിൽ മുഖ്യകഥാപാത്രമായി മാറുന്ന വിപ്ലവാത്മകമായ മാറ്റത്തിന്റെ കാലഘട്ടത്തിന് ഈ രചനകൾ സാക്ഷ്യം വഹിക്കുന്നു.

പി.കേശവദേവിന്റെ 'ഓടയിൽ നിന്ന്' സാധാരണക്കാരനായ റിക്ഷാക്കാരന്റെ കഥയാണ് പറയുന്നത്. സ്ഥലപശ്ചാത്തലത്തിൽ വികസിക്കുന്ന പ്രമേയമാണിത്. മനുഷ്യജീവിതത്തിലെ കഷ്ടപ്പാടുകളും രോഗങ്ങളും ദുരിതങ്ങളും ആവിഷ്കരിക്കപ്പെടുന്ന ഓടയിൽ നിന്ന് കാലികമായി ഒരു പരിവർത്തനഘട്ടത്തെ അടയാളപ്പെടുത്തുന്നു. 'അയൽക്കാർ' എന്ന നോവലിലെത്തുമ്പോൾ കേരളീയതയിൽ നിന്ന് ദേശീയതയിലേക്ക് വികസിക്കുന്ന പ്രമേയം സ്ഥലത്തെ അടയാളപ്പെടുത്തുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ കാലത്തെയാണ് ഈ നോവൽ ആഖ്യാനത്തിൽ കാണുന്നത്.

നവോത്ഥാനകാലഘട്ടത്തിൽ സ്വന്തം ദേശകാലങ്ങളുടെ മുദ്രകൾ ആഴത്തിൽ തന്റെ രചനകളിൽ പതിപ്പിച്ച എഴുത്തുകാരനായിരുന്നു തകഴി ശിവശങ്കരപ്പിള്ള. 1886ൽ രാജാവിന്റെ വിളംബര പ്രകാരം നടപ്പിലാക്കപ്പെടുന്ന

കണ്ടെഴുത്തു മുതൽ 1970–ലെ ഭൂപരിഷ്ക്കരണം വരെയുള്ള കേരളത്തിലെ സാമൂഹിക-രാഷ്ട്രീയചിത്രം പ്രമേയമാക്കിയ കൃതിയാണ് 'കയർ'. ഭൂസ്വത്തുക്കൾ അളന്നു തിരിക്കാനായി ചുമതലപ്പെട്ട ക്ലാസിഫയർ ഉദ്യോഗസ്ഥൻ വരുന്നതോടെയാണ് നോവൽ ആരംഭിക്കുന്നത്. ഭൂവുടമ സമ്പ്രദായമാണ് ആ ദേശത്തിൽ നടപ്പിലുള്ളത്. ക്ലാസിഫയർ അധികാരത്തിന്റെ പ്രതിനിധിയായതിനാൽ ആ ദേശത്ത് അയാൾ സ്വീകരിക്കപ്പെടുന്നു.

ക്ലാസിഫയറിന് താമസിക്കാൻ ഉന്നതകുലജാതർ മാത്രം താമസിക്കുന്ന സ്ഥലമായ എരുമത്രമഠം ലഭിക്കുന്നു. ഇത് ദേശത്ത് നിലനിൽക്കുന്ന ജാതി വ്യവസ്ഥയെ തകിടം മറിക്കുന്ന ഒന്നാണ്. ഈ മാറ്റം ഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാത്രമല്ല സാമൂഹിക സാംസ്കാരിക ജീവിതത്തിലും വലിയ മാറ്റങ്ങൾ കടന്നുവരാൻ പോകുന്നു എന്ന സൂചനയാണ് നോവൽ നൽകുന്നത്.

"സ്ഥലകാലങ്ങളിലൂടെ വളരുകയും വികസിക്കുകയും പരിണമിക്കുകയും ചെയ്യുന്ന ജീവിത മഹാപ്രവാഹത്തെ ഒട്ടൊന്നകന്നുനിന്ന്, അതിന്റെ വിശദാംശങ്ങളോടെ, കാണാൻ കഴിയുക ഒരു സവിശേഷസിദ്ധിയാണ്. കാൽപനികമായ മനസ്സുള്ളവർക്കുമാത്രം വിധിച്ചിട്ടുള്ളതാണത്. മനുഷ്യമനസ്സിന്റെ നിഗൂഢ തലങ്ങൾ, പേർത്തെടുക്കുന്നതിനെക്കാൾ ലഘുവായ ഒരു സർഗ്ഗവൃത്തിയായി അതിനെക്കാണുന്നതും ശരിയല്ല. ആവിഷ്കൃതമാകുന്ന ജീവിതത്തോട് സർഗ്ഗാത്മകമായ ഈ അകലം വീക്ഷിക്കാനുള്ള സിദ്ധിയാണ്. മറ്റു നവോത്ഥാന കാഥികന്മാരിൽ നിന്നു തകഴിയെ വ്യത്യസ്തനാക്കുന്നത്. ഈ സവിശേഷസിദ്ധിയുടെ സാഫല്യമാണ് കയറിൽ നാം കാണുന്നത്"[11] ക്ലാസിഫയർ കൊച്ചുപിള്ളയും അതിരുകളിടുന്ന നാഗംപിള്ളയും കുട്ടനാട്ടിലെത്തുമ്പോൾ പണം കരമായി കൊടുക്കേണ്ട രീതിയിലേക്ക് ഭരണസംവിധാനം മാറുന്നു. പണിയെടുക്കാതെ ഭൂമിയിൽ വിളയുന്നതിന്റെ പങ്ക് പറ്റിയിരുന്ന ഭൂവുടമകളുടെ കുടുംബങ്ങൾ തകരുന്നു. കോടന്തത്തറവാട്ടുകാർ കൃഷി നിർത്തുമ്പോൾ ഔതയെപ്പോലെ പുത്തൻ മുതലാളിമാർ കൃഷിയിടങ്ങൾ സ്വന്തമാകുന്നു. കൃഷിയും വ്യവസായവും കൂലിപ്പണിയുമുള്ള ഒരു പുതിയ സാമൂഹിക

ജീവിതത്തിലേക്ക് ദേശവാസികൾ മാറുന്നു. മരുമക്കത്തായ വ്യവസ്ഥ തകരുന്നതിന്റെ ചിത്രമാണ് കാരണവർക്കെതിരെ അനന്തരവൻ കേസു കൊടുക്കുന്നതിലൂടെ ദൃശ്യമാകുന്നത്. നായർ ആക്ട് പ്രാബല്യത്തിൽ വന്നതോടെ കൂട്ടുകുടംബസമ്പ്രദായവും തകർച്ചയിലേയ്ക്കെത്തുന്നു. സ്ഥലകാല സംബന്ധിയായി വന്നുച്ചേർന്ന ഈ പരിവർത്തനം കയറിന്റെ ഇതിവൃത്തത്തെ മുന്നോട്ടു നയിക്കുന്നു.

സ്ത്രീ പുരുഷബന്ധങ്ങളിലെ മാറ്റങ്ങൾ കയറിൽ കാണാൻ സാധിക്കും. നായർ സമുദായത്തിൽ സംബന്ധവ്യവസ്ഥയിൽ അച്ഛനാരെന്ന് അറിയേണ്ട തില്ലാത്ത ശീലങ്ങളിൽ നിന്ന് മാറുന്ന കാഴ്ച നോവലിൽ കാണുന്നു. കോടത്ര കുഞ്ഞമ്മയും കൊച്ചു പിള്ളയും കുഞ്ഞും തമ്മിലുള്ള വൈകാരികനിമിഷങ്ങൾ അതിനുദാഹരണമാണ്. ഇത് കാലത്തിന്റെ മാറ്റമാണ്. സാമൂഹിക ജീവിത ത്തിലെ പുതിയ സ്ഥലകാലങ്ങളുടെ പുനരുത്പാദനം കയറിൽ പ്രത്യക്ഷ മാകുന്നുണ്ട്.

കയർ മനുഷ്യന്റെ മണ്ണിനോടുള്ള ദാഹത്തിന്റെ കഥയാണ്. അത് സ്ഥലം തന്നെയാണ്. അത് സ്വന്തമാക്കാനാണ് ഔത നാഗംപിള്ളയുടെ ജോലി ക്കാരനാകുന്നതും പിന്നീട് പണക്കാരാനാകുന്നതും. കൃഷിയ്ക്കാണ് ഔത കൂടുതൽ പ്രാധാന്യം നൽകുന്നത്. ക്രിസ്ത്യാനികൾ കൂടുതലായി കൃഷി യിലേക്ക് ആകർഷിക്കപ്പെട്ടു. നാനാജാതിയിൽപ്പെട്ട കുടുംബങ്ങളുടെ കഥയും കയറിൽ സമാന്തരമായി നീങ്ങുന്നുണ്ട്.

കല്ല്യാണിയമ്മയിൽ ക്ലാസിപ്പേരിനുണ്ടായ മകൻ താഴ്ന്ന ജാതിക്കാർ ക്കുവേണ്ടി സ്ക്കൂൾ തുടങ്ങാൻ ശ്രമിക്കുന്നു. ഗ്രാമത്തിലെ ജാതിവ്യവസ്ഥയെ തകിടം മറിയ്ക്കുന്നതാണ് ഈ സംഭവം. ഗ്രാമത്തിലെ ഭൂമി കൃഷി ചെയ്യാതെ ഇട്ടിരുന്ന കാലത്ത് ക്ഷേത്രഭൂമിയാവുകയും പിന്നീട് നമ്പൂതിരിമാർക്ക് കീഴിലാവുകയും ചെയ്തു. ഭൂമിയിൽ പണി ചെയ്യാൻ അടിയാളന്മാരുണ്ടായി. വിദ്യ അവർക്ക് നിഷിദ്ധമായി. എന്നാൽ ആ കാലത്തിൽ നിന്ന് വിദ്യാഭ്യാസ ത്തിന്റെ പുതിയ ഉണർച്ചയിലേക്ക് കീഴാളർ നീങ്ങുന്നതിന്റെ ചരിത്രം കൂടി

കയറിൽ കാണാൻ സാധിക്കുന്നു. മുമ്പു നിലനിന്ന സ്ഥലകാല കേന്ദ്രിതമായ വ്യവസ്ഥകളിൽ നിന്ന് സമൂഹം മാറി പുതിയ സ്ഥലകാലങ്ങൾ സൃഷ്ടിപരമാകുന്നതിന്റെ തെളിവുകളാണ് ഭൂമി, വിദ്യാഭ്യാസം എന്നിവയുടെ കൈമാറ്റത്തിലൂടെ സിദ്ധമാകുന്നത്.

കയർ കുട്ടനാടിന്റെ ദേശകഥനം സാധ്യമാകുന്ന കൃതിയാണ്. തനി കേരളീയമായ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് ചരിത്രപരമായി സംഭവിച്ച പരിവർത്തനങ്ങളോട് ഒരു ജനത എപ്രകാരം പ്രതികരിച്ചുവെന്നതിന്റെ സാക്ഷ്യമാണീ നോവൽ. ദേശത്തിന്റെ തനിമയെ കളങ്കപ്പെടുത്താതെ നിരവധി സംഭവങ്ങൾ കയറിന്റെ ആഖ്യാനത്തിലേക്ക് കടന്നുവരുന്നുണ്ട്. കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾ, രണ്ടാംലോക മഹായുദ്ധം, കർഷകത്തൊഴിലാളി പ്രസ്ഥാനം, ക്വിറ്റ് ഇന്ത്യാസമരം പുന്നപ്രവയലാർ സമരം, കമ്മ്യൂണിസ്റ്റ് മന്ത്രിസഭ, ഭൂപരിഷ്കരണം എന്നിങ്ങനെ നിരവധി സംഭവങ്ങൾ കുട്ടനാടിന്റെ ദേശസംസ്കൃതിയിലെ കാലികമാറ്റങ്ങളും രേഖപ്പെടുത്തുന്നു.

ദേശത്തെ കാര്യങ്ങൾ തീരുമാനിച്ചിരുന്നത് കരക്കൂട്ടമാണ്. വീടുകളിലെ കാരണവന്മാർ ഒത്തുചേർന്നാണ് അവിടത്തെ കാര്യങ്ങൾ തീരുമാനിച്ചിരുന്നത്. സ്ഥലത്തിന്റെ മറ്റൊരു രൂപമാണ് കര. കരക്കൂട്ടങ്ങൾ ഉത്സവങ്ങളും മറ്റും നടത്തിയിരുന്നതായി കയറിൽ സൂചനയുണ്ട്. കുട്ടനാട് എന്ന ഭൂമികയിലെ സ്ഥലപരവും കാലപരവുമായ സവിശേഷതകളെ കയറിന്റെ ആഖ്യാനത്തിന് അടിത്തറയാക്കി മാറ്റിയിരിക്കുന്നു. എഴുത്തുകാരന് തന്റെ ദേശം ഭൗതികമായ സ്ഥലരാശി മാത്രമല്ല അവന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം കൂടിയാണ്. ഭൂമി നഷ്ടപ്പെടുക നിലനില്പിനെ ചോദ്യം ചെയ്യുക തന്നെയാണ്. കർഷകന്റെ ആകുലത "കൃഷിക്കാരായിരിക്കണം തോട്ടം ഉണ്ടാക്കാനും മലഞ്ചരക്ക് കച്ചവടത്തിനും പോയാൽ ഇങ്ങനെയിരിക്കും"[12] ഈ പരാമർശത്തിൽ കാണാം.

കാലദേശങ്ങളെ കൃതികളിൽ അടയാളപ്പെടുത്തുകയെന്നത് എഴുത്തുകാരുടെ സർഗ്ഗവൈഭവമനുസരിച്ചാണ് തകഴിയുടെ ഏണിപ്പടികൾ, രണ്ടിടങ്ങഴി,

ചെമ്മീൻ, തോട്ടിയുടെ മകൻ എന്നീ കൃതികളെല്ലാം വ്യത്യസ്തമായ സ്ഥലകാലങ്ങളെ ആവിഷ്കരിച്ച രചനകളാണ്. ഏണിപ്പടികളിൽ 1920-നും 1947നും ഇടയിലുള്ള തിരുവിതാംകൂറിലെ സാമൂഹികചരിത്രം ആവിഷ്കരിച്ചിരിക്കുന്നു. രണ്ടിടങ്ങഴിയിൽ കുട്ടനാട്ടിലെ കർഷകരുടെ ദുരിത ജീവിതത്തിന്റെ ചിത്രവും തൊഴിലാളികളുടെ ഉയിർത്തെഴുന്നേല്പും സ്ഥലകാലബന്ധമായി ആവിഷ്കരിച്ചിരിക്കുന്നു. നീർക്കുന്നം കടപ്പുറം പശ്ചാത്തലമായ ഒരു പ്രണയ കഥയാണ് ചെമ്മീൻ. മിത്തും മനുഷ്യജീവിതവും കൂടി ചേർന്നതാണ് ചെമ്മീനിന്റെ ആഖ്യാനതലം. ആലപ്പുഴപട്ടണത്തിലെ തോട്ടികളുടെ ജീവിതത്തെ ആധാരമാക്കി തകഴി രചിച്ച തോട്ടിയുടെ മകൻ നവോത്ഥാനകാല പ്രത്യയ ശാസ്ത്രത്തെ പിൻപറ്റുന്ന രചനയാണ്.

സ്ഥലകാലങ്ങളുടെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട കൃതിയാണ് എസ്.കെ. പൊറ്റെക്കാടിന്റെ 'വിഷകന്യക'. തിരുവിതാംകൂറിൽ നിന്ന് മലബാറിലെ മലയോര പ്രദേശത്ത് കുടിയേറി താമസിക്കാനെത്തുന്നവരുടെ കഥയാണ് അത്. സ്ഥലപരമായി മലബാർ പ്രദേശത്തെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്ന ഈ രചനയിൽ കാലം കുടിയേറ്റത്തിന്റെ രാഷ്ട്രീയ സാഹചര്യമാണ്. തിരുവിതാംകൂറിലെ സി.പി.യുടെ ഭരണം, ക്രൈസ്തവരോടുള്ള അതൃപ്തി, ലോകമഹായുദ്ധത്തിന്റെ ഭാഗമായുണ്ടായ ദാരിദ്ര്യവും പട്ടിണിയും ഇവയെല്ലാം കാലഘട്ടത്തിന്റെ നേർചിത്രമായി നോവലിൽ കടന്നുവരുന്നു. മലയോരപ്രദേശം സൃഷ്ടിക്കുന്ന മനോഹരമായ കാഴ്ചകളും വന്യമായ കാടും അതിനെ കീഴടക്കി കൃഷി ചെയ്യാനുള്ള മനുഷ്യന്റെ തൃഷ്ണയുമാണ് നോവലിന്റെ പ്രമേയം.

എസ്.കെ. പൊറ്റെക്കാടിന്റെ 'ഒരു ദേശത്തിന്റെ കഥ' പേര് പോലെത്തന്നെ അതിരാണിപ്പാടമെന്ന ദേശത്തിന്റെ കഥയാണ്. ഒരു തെരുവിന്റെ കഥയും സ്ഥലപരിസരത്തെ പ്രമേയമാക്കികൊണ്ട് രചിച്ച കൃതിയാണ്. കഥയും കഥാപാത്രങ്ങളും കാലദേശങ്ങളെ അതിജീവിക്കുന്നു. അതിരാണിപ്പാടം പണ്ട് ഒരു ചതുപ്പുനിലമായിരുന്നു. അതിലൂടെ ഒരു ചെറിയപുഴ ഒഴുകിയിരുന്നു.

പില്ക്കാലത്ത് അതു വറ്റി തോടായി. പിന്നീട് അതുമാറി അവിടെ മനുഷ്യ വാസമുണ്ടായി. അതിരാണിപ്പാടത്ത് പലദേശത്തു നിന്നും പാർക്കാൻ ആളുകളെത്തി. അതിലൊരാളാണ് കൃഷ്ണൻ മാസ്റ്റർ. അയാളുടെ മകനാണ് നോവലിലെ കേന്ദ്രകഥാപാത്രമായ ശ്രീധരൻ. ശ്രീധരന്റെ വളർച്ചയോടൊപ്പം കാലത്തിന്റെ പരിണാമവും അതിരാണിപ്പാടത്തെ സംഭവവികാസങ്ങൾ തിരുമലയുടെയും ചന്തോമന്റെയും ദുരന്തം, പാണൻ കണാരന്റെ കഥകൾ, കീരൻ പൂശാരിയുടെ വെളിപാട്, പൊന്നമ്മയുടെ അപകടമരണം, ശ്രീധരന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ എന്നിങ്ങനെ അതിരാണിപ്പാടത്തെ സംഭവവികാസങ്ങള സ്ഥലകാലബന്ധിതമായി ആവിഷ്കരിക്കുന്നു. സ്ഥലകാലങ്ങളുടെ സൂക്ഷ്മമായ വിന്യാസത്തിലൂടെ എസ്.കെ. പൊറ്റെക്കാട് ഒരു ദേശസംസ്കൃതിയുടെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്നു. അതിരാണിപ്പാടത്തെ ദേശചരിത്രവും അവിടെ ജീവിച്ചു മണ്ണടിഞ്ഞ മനുഷ്യരുടെ ജീവിതവും കാലാനുക്രമമായി ആവിഷ്കരിച്ചിരിക്കുന്നു.

'തെരുവിന്റെ കഥ' മിഠായിത്തെരുവിന്റെ കഥപറയുന്നു. തെരുവ് വലിച്ചെറിയപ്പെട്ട മനുഷ്യരെ ഉൾക്കൊള്ളുന്നിടമാണ്. മനുഷ്യരും തെരുവുനായ്ക്കളും എച്ചിൽതൊട്ടിയിൽ നിന്ന് ഭക്ഷിച്ച് കടത്തിണ്ണയിൽ കിടന്നുറങ്ങുന്നു. തെരുവിൽ ജീവിക്കുന്ന കൂനൻ കണാരനും, ആനപാപ്പാൻ അപ്പുനായരും, ഇറച്ചികണ്ടം മൊയ്തീനും, പെരിക്കാലൻ അന്ത്രുവും, ഒപ്പം നഗരജീവിതത്തിന്റെ പ്രതിനിധികളായ രാധാകൃഷ്ണൻ, ലക്ഷ്മി, ഓമഞ്ചി എന്നിവരുടെ ജീവിതവും സമാന്തരമായി ഈ നോവലിൽ പൊറ്റെക്കാട് ആവിഷ്കരിക്കുന്നുണ്ടെങ്കിലും എല്ലാറ്റിനും സാക്ഷിയായ തെരുവും കാലവും തന്നെയാണ് കേന്ദ്ര കഥാപാത്രങ്ങൾ. സ്ഥലവും കാലവും മനുഷ്യജീവിതത്തെ രൂപപ്പെടുത്തുന്നത് തെരുവിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു. ഓരങ്ങളിലേക്ക് മാറ്റി നിർത്തപ്പെട്ട വ്യത്യസ്ത സ്ഥലരാശിയിൽ നിന്നും വന്നുചേർന്ന മനുഷ്യരുടെ കഥയാണ് തെരുവിന്റെ കഥ.

ഉറൂബിന്റെ പ്രധാനകൃതികളിലൊന്നായ സുന്ദരികളും സുന്ദരന്മാരും സ്ഥലപരമായി മലബാർ എന്ന പ്രദേശത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ചലനങ്ങളെ കാലവുമായി ചേർത്തുള്ള ആഖ്യാനരീതിയാണ് പിന്തുടരുന്നത്. 1921ലെ മലബാർ കലാപത്തിന്റെ ഭാഗമായി രൂപപ്പെട്ട മതസംഘർഷങ്ങളുടെ കാലഘട്ടത്തിൽ മലബാറിൽ രൂപപ്പെട്ട മതേതര സംസ്കാരത്തിന്റെ സൂചകങ്ങളാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. ചരിത്രത്തിന്റെ ആഖ്യാനത്തിനപ്പുറം അനുഭവത്തിന്റെ സംഘർഷമാണ് ഈ കൃതിയിൽ കാണാൻ സാധിക്കുന്നത്.

"സ്ഥലത്തിന്റെ പരപ്പിലും കാലത്തിന്റെ ദൈർഘ്യത്തിലും കഥാപാത്രങ്ങളുടെ എണ്ണത്തിലും ഇതിവൃത്തത്തിന്റെ സങ്കീർണ്ണതയിലും മലയാളത്തിൽ ഒരു പുതിയ ചുവടുവെയ്പ്പായിരുന്നു ഈ നോവൽ."[13]

ബഷീറിന്റെ കൃതികൾ സ്ഥലകാലദർശനത്തിന്റെ വ്യത്യസ്തരീതികൾ പിന്തുടരുന്നവയാണ്. 'ബാല്യകാലസഖി' പങ്കുവെയ്ക്കുന്ന പുതിയ ഭാവുകത്വം അത് ജീവിതാനുഭവങ്ങളുടെ, മൂർച്ചയുള്ള ദുഃഖങ്ങളുടെ ആവിഷ്കാരമാകുന്നു. 'ന്റെുപ്പൂപ്പാക്കൊരാനേണ്ടാർന്ന്' മുസ്ലീം സമുദായത്തിന്റെ യഥാസ്ഥിതിക ചിന്താഗതിക്കെതിരെ നിസാർ അഹമ്മദ് എന്ന ചെറുപ്പക്കാരനിലൂടെ പുതിയ ചിന്തകൾ അവതരിപ്പിക്കുന്നു. കാലത്തെ തടഞ്ഞുനിർത്താൻ മനുഷ്യന് സാധ്യമല്ല. കാലത്തിനൊത്ത് മുന്നോട്ടുപോകണമെന്ന ചിന്താഗതി പുലർത്തുന്ന അയാൾ തനിക്കു ചുറ്റുമുള്ളവർക്കു കൂടി നവീനാശയങ്ങൾ പകർന്നു നൽകുന്നു. മതത്തിന്റെ വേലികെട്ടുകൾക്കപ്പുറം ആചാരങ്ങളിൽ കുടുങ്ങി കിടന്ന കുഞ്ഞുപാത്തുമ്മയുടെ കുടുംബത്തെ അതിൽനിന്ന് മാറ്റി മുന്നോട്ടു നയിക്കാൻ അയാൾ ശ്രമിക്കുന്നു. കാലഘട്ടത്തിനനുസരിച്ച് നിർമ്മിക്കപ്പെടുന്ന സ്ഥലപരിസരങ്ങളെ കൂടി അടയാളപ്പെടുത്തികൊണ്ടാണത് സാധിക്കുന്നത്.

'പാത്തുമ്മയുടെ ആട്' തലയോലപ്പറമ്പിലെ തന്റെ വീട്ടിൽ നടക്കുന്ന സംഭവമായാണ് അവതരിപ്പിച്ചിരിക്കുന്നത്. സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും മാതൃകകൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ തന്റെ

കൊച്ചു വീട്ടിൽ നിന്ന് കൊണ്ട് മനുഷ്യരെ മനസ്സിലാക്കുകയാണിതിൽ. കാലം മാറ്റിമറിയ്ക്കുന്ന മനുഷ്യരുടെ സത്യസന്ധമായ കഥയാണിത്.

ബഷീറിന്റെ കൃതികളിൽ സ്ഥലകാലങ്ങൾ അനുഭവങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ആത്മാംശം ഭാവനാത്മകമായി അവതരിപ്പിച്ചിരിക്കുന്നു. വീട്ടിൽ നിന്ന് ഇറങ്ങി പുറപ്പെട്ട് ഇന്ത്യയിലെ നിരവധി സ്ഥലങ്ങളിൽ ജീവിച്ച ബഷീറിന്റെ അനുഭവങ്ങൾക്ക് സാർവ്വ ലൗകികമാനമുള്ളതാണ്. നോവലിലെ കഥനടക്കുന്നത് രണ്ടാം ലോകമഹായുദ്ധകാലത്താണ്. വീട്ടിലേക്ക് തിരിച്ചെത്തുന്ന ബഷീർ ജീവിതത്തിന്റെ ദുരന്തഭൂമികയെ കണ്ടറിഞ്ഞവനാണ്. താൻ വാങ്ങിയ സ്ഥലത്തിൽ തനിക്കു മാത്രമല്ല എല്ലാ ജീവജാലങ്ങൾക്കും അവകാശമുണ്ടെന്ന് തിരിച്ചറിയുന്നവനാണ്. ജയിൽ, വീട്, വാടകമുറികൾ എന്നിങ്ങനെ നിരവധി സ്ഥലപരിസരങ്ങൾ ബഷീർകൃതികളുടെ ആഖ്യാന സ്ഥലമയി കടന്നുവരുന്നുണ്ട്. രണ്ടാംലോക മഹായുദ്ധത്തിനുശേഷമുണ്ടായി പട്ടിണി, ദാരിദ്ര്യവും, സ്ഥലകാലങ്ങളുടെ മറ്റൊരു തലത്തെ അവതരിപ്പിക്കുന്നു. “അനുഭവത്തിന്റെ ഒരു പുതിയ വൻകരയാണ് ബഷീർ മലയാളത്തിലേക്കെത്തിച്ചത്.”[14] എന്ന് എം.എൻ. വിജയന്റെ അഭിപ്രായം പ്രസക്തമാണ്.

എം.ടിയുടെ നോവലുകൾ സ്ഥലകാലങ്ങളെ ആവിഷ്കരിക്കുന്നത് തികച്ചും വ്യക്ത്യനുഭവങ്ങളുമായി ബന്ധപ്പെടുത്തികൊണ്ടാണ്. എം.ടി.യുടെ രചനകളിൽ സ്ഥലപരമായ സാന്നിദ്ധ്യമായി തന്റെ ദേശമായ കൂടല്ലൂർ കടന്നുവരുന്നു. ദേശത്തോടൊപ്പം എം.ടിയുടെ രചനകളിൽ കാലമേൽപിച്ച സംഘർഷങ്ങളുടെ ഭൂമികയായി കഥാപാത്രങ്ങൾ മാറുന്നു. നവോത്ഥാന കാലാനന്തര സാമൂഹിക പരിണാമത്തിന്റെ നേർചിത്രമാണ് ‘നാലുകെട്ട്’. കൂട്ടുകുടുംബത്തിന്റെ തകർച്ച, പുതിയ അണുകുടുംബങ്ങൾ, മാറിയ തൊഴിൽ മേഖല, നഗരസംസ്കാരം എന്നിങ്ങനെ നിരവധി മാറ്റങ്ങൾ സംഭവിച്ച ഒരു കാലഘട്ടത്തിൽ വ്യക്തികളും സമൂഹവും ഒരേസമയം പരിവർത്തനത്തിന് വിധേയമായികൊണ്ടിരിക്കുകയായിരുന്നു. നാലുകെട്ട് ഇത്തരം മാറ്റങ്ങളുടെ ദേശകാല പരിസരങ്ങളെ അടയാളപ്പെടുത്തുന്നു. ഫ്യൂഡൽ കാലഘട്ടത്തിൽ

നിന്ന് മുതലാളിത്ത കാലത്തേക്കുള്ള സാമൂഹികമാറ്റത്തിൽ വ്യക്തിയനുഭവിക്കുന്ന ആന്തരികസംഘർഷങ്ങൾ എം.ടി.യുടെ രചനകളിൽ കാണാം. ഇരുണ്ട നാലുകെട്ട് പൊളിച്ചു കളഞ്ഞ് കാറ്റും വെളിച്ചവും കടക്കുന്ന ചെറിയ വീട് വെയ്ക്കണം എന്ന് ചിന്തിക്കുന്ന അപ്പുണ്ണി പുതിയ സ്ഥലകാലങ്ങളെ സ്വപ്നം കാണുന്നവനാണ്. അമ്മയെ പടിയടച്ചു പിണ്ഡം വെച്ച നാലുകെട്ടും സ്ഥലവും സ്വന്തമാക്കുമ്പോൾ അപ്പുണ്ണി സ്ഥലം മാത്രമല്ല സ്വന്തമാകുന്നത് കഴിഞ്ഞകാലം ഏൽപിച്ച മുറിവുകളുണക്കുന്ന പുതിയ കാലത്തെക്കൂടിയാണ്. നാലുകെട്ട് അപ്പുണ്ണിയുടെയും കുടുംബത്തിന്റെയും കഥയാണെങ്കിലും അതിന് സാമൂഹികമായ മാനം കൂടിയുണ്ട്. ജന്മിത്തത്തിന്റെ പതനത്തിനുശേഷമുള്ള നായർസമുദായത്തിലുള്ളവരുടെ ജീവിതത്തെ അടയാളപ്പെടുത്തുന്നു. നാലുകെട്ടിൽ കാലത്തെ കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. കൂടല്ലൂരിൽ നിന്ന് വയനാട്ടിലേക്കും തിരിച്ച് കൂടല്ലൂരിലേക്കുമുള്ള അപ്പുണ്ണിയുടെ പ്രയാണം സ്ഥലകാലങ്ങളെ സജീവമാക്കികൊണ്ടാണ്.

'കാല'ത്തിലെ സേതുവും സ്വന്തം ദേശകാലങ്ങളുടെ പ്രതിനിധിയാണ്. സ്വന്തം ദേശത്ത് നിന്ന് നഗരത്തിലേക്കുള്ള സേതുവിന്റെ യാത്ര ഗ്രാമീണതയിൽ നിന്ന്, സ്നേഹത്തിൽ നിന്ന്, നാട്ടുഭാഷയിൽ നിന്ന് എല്ലാത്തിൽ നിന്നുമുള്ള ഒളിച്ചോട്ടമായിരുന്നു. എന്നാൽ നഗരസംസ്കാരത്തിന്റെ ആഢംബരങ്ങളിൽ മദിച്ചു ജീവിച്ച് ഒടുവിൽ ശൂന്യതമാത്രമായിത്തീരുന്ന ജീവിതത്തെയോർത്ത് തിരിച്ചുവരുമ്പോൾ ഗ്രാമത്തിലെ പുഴ വരണ്ടുപോയതുപോലെ എല്ലാം കാലപ്രവാഹത്തിൽ ഇല്ലാതായി എന്നു തിരിച്ചറിയുന്നു. കാലം ഒരു സ്വാധീന ശക്തിയാണെന്ന് തന്റെ ദേശത്തിൽ നിന്നും, വ്യക്ത്യാനുഭവങ്ങളിൽ നിന്നും മനസ്സിലാക്കി തിരിച്ചുപോകുന്ന സേതു സ്ഥലകാലങ്ങൾ നഷ്ടപ്പെട്ടവനാണ്. ആരോടും നീതി പുലർത്താതെ ജീവിച്ച സേതു കാലത്തിന്റെ പ്രയാണത്തിലൊതുങ്ങി പോകുന്നു.

എം.ടിയുടെ ദേശത്തെ അടയാളപ്പെടുത്തിയ എല്ലാ രചനകളും കഴിഞ്ഞുപോയ കാലഘട്ടത്തോടുള്ള ഗാഢമായ മമതയാണ് പങ്ക് വെയ്ക്കുന്നത്.

തനിക്ക് നഷ്ടപ്പെട്ട ബന്ധങ്ങളിലേക്കും സ്ഥലങ്ങളിലേക്കും തിരിച്ചുപോകാനാഗ്രഹിക്കുന്ന മനുഷ്യന്റെ ഗൃഹാതുരമായ ആഗ്രഹങ്ങളാണ് എം.ടിയുടെ കഥാപാത്രങ്ങൾക്കുള്ളത്. ഇത് ഭൂതകാലത്തെ വർത്തമാനകാലവുമായി ബന്ധിപ്പിക്കുന്നു. സ്ഥലകാലങ്ങളുടെ ഈ സംഘർഷമാണ് എം.ടി. കൃതികളുടെ ആന്തരിക ചൈതന്യം.

### 3.4 സ്ഥലകാലങ്ങൾ ആധുനിക നോവലുകളിൽ

ആധുനികതയിലെത്തുമ്പോൾ സ്ഥലകാലങ്ങൾക്ക് എഴുത്തുകാരന്റെ ദേശം എന്ന സങ്കൽപത്തിനപ്പുറമുള്ള വിതാനങ്ങൾ കാണാൻ സാധിക്കും. കാക്കനാടന്റെ നോവലുകൾക്ക് സ്ഥലകാലങ്ങളുമായി അനന്യമായ ബന്ധമുണ്ട്. ആധുനിക നോവലുകളുടെ പ്രധാന ആഖ്യാനസ്ഥലമായ നഗരജീവിതത്തിന്റെ സംഘർഷങ്ങൾ പല നോവലുകളിലും കാണാം. സാക്ഷി, ഉഷ്ണമേഖല, കോഴി, ഈ നായ്ക്കളുടെ ലോകം, ആരുടെയോ നഗരം എന്നീ കൃതികളിൽ നഗരവത്ക്കരണത്തിന്റെ പ്രശ്നങ്ങളാണ് അവതരിപ്പിക്കപ്പെടുന്നത്. ഗ്രാമീണതയുടെ തനിമയിൽ നിന്ന് നഗരത്തിലേക്ക് എത്തിച്ചേരുമ്പോഴുണ്ടാകുന്ന മാനസികസംഘർഷങ്ങൾ, വ്യക്തിയെ നഗരത്തിൽ നിന്ന് അന്യവൽകരിക്കുന്നു.

സാക്ഷി എന്ന നോവലിൽ കോയിക്കൽ കിട്ടുകുറുപ്പ് മരണാസന്നനായി കിടക്കുമ്പോൾ സുഹൃത്തുക്കളുടെ നിർബന്ധത്തിനു വഴങ്ങി നാട്ടിലെത്തുന്ന മകൻ നാരായണൻകുട്ടിയാണ് പ്രധാന കഥാപാത്രം. മരണം പ്രതീക്ഷിച്ചുള്ള കാത്തിരിപ്പിനൊടുവിൽ മടുപ്പുളവാക്കിയപ്പോൾ അയാൾ വീടിന് പുറത്തേക്കു പോകുന്നു. അയാളുടെ ഓർമ്മകൾ പിന്നോട്ട് പോവുകയും കഴിഞ്ഞകാലജീവിതത്തിലെ സംഭവങ്ങൾ ഓർമ്മയിൽ തെളിയുകയും ചെയ്യുന്നു. ഒടുവിൽ അയാളെത്തുമ്പോൾ അച്ഛന്റെ മരണം കഴിഞ്ഞിരുന്നു. ഇപ്രകാരം ജീവിതത്തിന്റെയും മരണത്തിന്റെയും സ്ഥലകാലങ്ങളുടെയും സാക്ഷിയായി അയാൾ മാറുന്നു.

'വസൂരി'യിൽ കഥാഖ്യാനസ്ഥലമായ ഗ്രാമം മുഴുവൻ വസൂരി ബാധിയ്ക്കുന്നു. 'ഒറോത' എന്ന നോവലിൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യശതകത്തിൽ തിരുവിതാംകൂറിലെ ക്രിസ്ത്യൻ സമൂഹം ഹൈറേഞ്ചിലേയ്ക്കും മലബാറിലേയ്ക്കു കുടിയേറിയ സാമൂഹികരാഷ്ട്രീയാവസ്ഥകളെ അവതരിപ്പിക്കുന്നു. പാലായിൽ നിന്നും ചെമ്പേഴിയിലേക്കുണ്ടായ കുടിയേറ്റത്തിന്റെ കഥയാണ് ഒറോത. തൊണ്ണൂറ്റിയൊൻപതിലെ വെള്ളപ്പൊക്കത്തിൽ ഒഴുക്കിൽപ്പെട്ടുവന്ന വീടിനുള്ളിൽ നിന്നും കിട്ടിയ ഒറോത എന്ന പെൺകുഞ്ഞ്. അവൾ വളർന്ന് കുടുംബിനിയാകുന്നതും സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുന്നതും അവതരിപ്പിച്ചിരിക്കുന്നു. ചെമ്പേഴിയിലേക്ക് വെള്ളമെത്തിക്കാനുള്ള സംഘടിത ശ്രമത്തിൽ അവൾ അപ്രത്യക്ഷയാകുന്നു. അവൾ അപ്രത്യക്ഷമായ കുന്ന് ഒറോതകുന്ന് എന്നറിയപ്പെടുന്നു. മിത്തും യാഥാർത്ഥ്യവും കഥാഖ്യാനത്തിലേക്ക് കൊണ്ടുവന്ന് സ്ഥലകാലപരിസരങ്ങളുമായി ബന്ധിപ്പിച്ച് കഥപറയുകയാണ് കാക്കനാടൻ ഈ നോവലിൽ ചെയ്തിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്ക് ഭാരതമൊട്ടാകെ നിരോധനമുണ്ടായിരുന്ന സ്വാതന്ത്ര്യാനന്തര കാലഘട്ടത്തെ 'ഉഷ്ണമേഖല' എന്ന നോവലിൽ അവതരിപ്പിക്കുന്നു. അച്ഛന്റെ മരണശേഷം തൊഴിൽ തേടി നഗരത്തിലെത്തുന്ന ശിവന്റെ അനുഭവങ്ങളിലൂടെയാണ് കഥ പറയുന്നത്.

മലയാള നോവൽ ചരിത്രത്തിൽ ഭാവുകത്വ പരിണാമം അടയാളപ്പെടുത്തിയ കൃതിയാണ് ഖസാക്കിന്റെ ഇതിഹാസം. നോവലിലെ കഥനടക്കുന്നത് രണ്ടാം ലോകമഹായുദ്ധകാലത്താണ്. ചിതലിമലയുടെ താഴ്‌വരയിലുള്ള പ്രദേശമായ തസ്റാക് കഥാസ്ഥലമായി കടന്നു വരുന്നു. ഉൾനാടൻ പാലക്കാടൻ ഗ്രാമത്തിന്റെ ചൈതന്യവും പഴമയും മിത്തുകളും പേറുന്ന സ്ഥലപരിസരം നോവലിൽ ഖസാക്ക് എന്നറിയപ്പെടുന്നു. ഗ്രാമത്തിലെ ഏകാധ്യാപകനായി കടന്നുവരുന്ന രവി എന്ന കഥാപാത്രത്തിലൂടെ ജനനമരണങ്ങളുടെ നിഗൂഢമായ അർത്ഥതലങ്ങളെ അന്വേഷിക്കുന്ന പുതിയ ആഖ്യാന സ്ഥലത്തേയ്ക്ക് വായനക്കാരെ ഈ നോവൽ കൂട്ടിക്കൊണ്ടു പോകുന്നു.

"കൂമൻകാവിൽ ബസ്സു ചെന്നു നിന്നപ്പോൾ ആ സ്ഥലം രവിക്ക് അപരിചിതമായിത്തോന്നിയില്ല. അങ്ങനെ പടർന്നു പന്തലിച്ച മാവുകൾക്കിടയിൽ നാലഞ്ച് ഏറുമാടങ്ങളുടെ നടുവിൽ താൻ വന്നെത്തുമെന്ന് പണ്ടേ കരുതി കാണണം. വരുംവരായ്കളുടെ ഓർമ്മകളിലെവിടെയോ ആ മാവുകളുടെ ജരയും ദീനതയും കണ്ടു കണ്ട് ഹൃദ്യസ്ഥമായിത്തീർന്നതാണ്. കനിവുനിറഞ്ഞ വാർദ്ധക്യം, കുഷ്ഠം പറ്റിയ വേരുകൾ എല്ലാമതുതന്നെ"[15]

സ്ഥലകാലങ്ങൾക്ക് നോവലിൽ ലഭിക്കുന്ന പ്രാധാന്യം ശ്രദ്ധേയമാണ്. ഖസാക്കിന്റെ മണ്ണിലെത്തുമ്പോൾ അത് പരിചിതമായ സ്ഥലാവസ്ഥകളെ ഓർമ്മിപ്പിക്കുന്നു. ഇതിന് കാലവുമായി ബന്ധമുണ്ട്.

"ഫ്രഞ്ചിൽ ഡെഷാവു (desavu - I have been here before) എന്നു പറയാവുന്ന വൈകാരികാനുഭവം സർവ്വജനനീനമായ ഒന്നാണ്. ചില സ്ഥലങ്ങൾ കാണുമ്പോൾ, പുതിയ ചില പരിസരങ്ങളിൽ എത്തപ്പെടുമ്പോൾ മുമ്പ് എന്നോ നാമിവിടം സന്ദർശിച്ചതാണ് എന്നതോന്നൽ നമ്മുടെ അടിമനസ്സിൽ തലനീട്ടുന്നു. യുക്തികൊണ്ടു വ്യാഖ്യാനിക്കാൻ കഴിയാത്ത, കേവലമായ വാസ്തവബോധത്തിനു പുറത്തു നിലകൊള്ളുന്ന ഒരതീന്ദ്രിയാനുഭവമാണിത്. തോമസ്മാനെയും മാഴ്സൽപ്രൂസ്റ്റിനെയും പോലെ കാലം കൊണ്ടു പരീക്ഷണം നടത്തിയിട്ടുള്ള നോവലിസ്റ്റുകൾ കൈകാര്യം ചെയ്തിട്ടുള്ള ഒരവസ്ഥയാണിത്. ഖസാക്കിന്റെ ഇതിഹാസം ആരംഭിക്കുന്നത് ഈയൊരു ഭാവം ആവാഹിച്ചുകൊണ്ടാണ്"[16] എന്ന അഭിപ്രായം സ്ഥലകാല ബന്ധത്തെ സാക്ഷ്യപ്പെടുത്തുന്നു.

ഖസാക്കിലെത്തുന്ന രവി ചുമട്ടുകാരനോടുള്ള സംഭാഷണത്തിനിടയിൽ മഴയെക്കുറിച്ച് സംസാരിക്കുന്നുണ്ട്. ചുമട്ടുകാരൻ മഴ മായയാണെന്ന് പറയുന്നു. കാലത്തിന്റെ പരിണാമമാണ് മായയുണർത്തുന്നത്. ശിവരാമൻനായരുടെ ഞാറ്റുപ്പുര സ്വന്തമാക്കുമ്പോൾ സ്ഥലത്തെത്തന്നെയാണ് സ്വന്തമാക്കുന്നത്. ഖസാക്കിന്റെ ഗ്രാമീണ തനിമയിലേക്ക്, ദേശസംസ്കൃതിയിലേക്കുള്ള രവിയുടെ കടന്നുവരവു കൂടിയാണിത്. സ്ക്കൂളിലെത്തുന്ന കുട്ടികൾ, അവരിലെ

പ്രത്യേകതകൾ ഇവയെല്ലാം രവി തിരിച്ചറിയുന്നുണ്ട്. അശാന്തമായ അയാളുടെ മനസ്സ് ഖസാക്കിന്റെ ഭൂമികയിൽ ആഴ്ന്നിറങ്ങുന്നു. അയാളനുഭവിക്കുന്ന നിരർത്ഥകമായ ദുഃഖത്തെക്കുറിച്ച് നോവലിൽ പരാമർശമുണ്ട്. ഇത് സ്ഥലകാലങ്ങളുമായിച്ചേർന്ന അനുഭവങ്ങളുടെ സംഘർഷത്തിൽ നിന്നുണ്ടായതാണ്. സ്ഥലവും കാലവും സൃഷ്ടിച്ച അസ്തിത്വദുഃഖം ഖസാക്കിൽ രവിയെന്ന കഥാപാത്രം നടത്തുന്ന അർത്ഥമറിയാതെ യാത്രകളായി പരിണമിക്കുന്നു. രവിയുടെ ആത്മബോധമായി മാറുന്ന നിരർത്ഥകത നോവലുടനീളം കാണാം. അതെക്കുറിച്ചു വി.സി. ശ്രീജൻ അഭിപ്രായപ്പെടുന്നതിപ്രകാരമാണ്. "ഇതൊന്നും വ്യക്തിയുടെ ആത്മസ്വത്വത്തിന്റെ യാഥാർത്ഥ്യത്തിന്റെയും മിഥ്യയുടെയും അപാരത ആത്മസ്വത്വത്തിന്റേതല്ല. അസ്തിത്വ സ്വത്വത്തിന്റേതുമല്ല. മറിച്ചു വസ്തു സ്വത്വത്തിന്റേതാണ്. സ്ഥലകാലങ്ങളുടെതാണ്. ദുരൂഹമായ സ്ഥലകാലങ്ങളെക്കുറിച്ചുള്ള ഇതിഹാസത്തിലെ തത്വചിന്ത കർമ്മബന്ധം, പരിണാമം, ഉപനിഷത്തുക്കൾ, താരഭൗതികം തുടങ്ങിയവയെല്ലാം ആശ്ലേഷിച്ചു കൊണ്ട് ഊഹാത്മകവും അതിഭൗതികവുമായ ഒരു ദാർശനിക വ്യൂഹമായി സംഘടിച്ചു നിൽക്കുന്നു. മനുഷ്യനും പ്രപഞ്ചവും തമ്മിൽ പൂർവ്വനിശ്ചിതമായ ബന്ധമുണ്ടെന്നാണ് ഇതിഹാസം സൂചിപ്പിക്കുന്നത് "[17]

അപ്പുകിളി, കുഞ്ഞാമിന എന്നിങ്ങനെ തനിക്ക് മുന്നിലിരിക്കുന്ന കുട്ടികളുടെ അധ്യാപകനായി രവി ഖസാക്കിന്റെ ഭാഗമാകുന്നു. ഖസാക്കുക്കാരെക്കുറിച്ചുള്ള ഐതീഹ്യം പോലും സ്ഥലകാലസങ്കൽപ്പത്തിലധിഷ്ഠിതമാണ്. ബദർ പട വരുന്നത് പൗർണമി രാത്രിയാണ്. ഖസാക്കിൽ അന്നു താമസിച്ച പടയുടെ അനന്തരവകാശികളാണ് ഇന്നത്തെ ഖസാക്കുകാർ. നശിച്ചു പോയ പന്ത്രണ്ടു പള്ളികളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. രാജാവിന്റെ പള്ളി അതിലാണ് ഖസാക്കിന്റെ അനന്തമായ കാലം തളം കെട്ടി നിന്നത്.

ഖസാക്കിലെ തുമ്പികൾ മരിച്ചുപോയവരുടെ ആത്മാക്കളാണെന്ന് വിശ്വസിക്കപ്പെടുന്നു. പറന്നുകളിക്കുന്ന തുമ്പികൾ പൂർവ്വസ്മരണകളായി നഷ്ടമായ സ്ഥലകാലങ്ങളെ അടയാളപ്പെടുത്തുന്നു. ബാല്യവും കളങ്കമില്ലാത്ത അപ്പുകിളി കാലത്തിന്റെ മറ്റൊരു പ്രതീകമാണ്.

ഖസാക്കിൽ താമസിക്കുന്ന രവിക്ക് സഹായങ്ങൾ ചെയ്തിരുന്ന ശിവരാമൻനായർ, രവിയ്ക്ക് അടുപ്പം തോന്നുന്ന മാധവൻ നായർ, മൈമുന മുതൽ നിരവധി സ്ത്രീകൾ, കുട്ടികൾ എന്നിങ്ങനെ നിരവധി പേർ ഖസാക്കിലെ രവിയുടെ ജീവിതത്തിൽ കടന്നുവരുന്നു. നിർവികാരതയോടെ ജീവിതത്തെ നേരിടുന്ന രവി ഖസാക്കിന്റെ നാട്ടുവഴികളിൽ അലഞ്ഞു തിരിയുന്നു. കോടച്ചിയുമായുള്ള ബന്ധത്തിനുശേഷം വസൂരി പിടിപ്പെടുന്ന രവി അറബിക്കുളത്തിനരികെയുള്ള രാജാവിന്റെ പള്ളിയിലെത്തുന്നു. അപ്പോഴാണ് ഓർമ്മകൾ രവിയെ പിന്തുടരുന്നത്. ഊട്ടിയിലെ രവിയുടെ വീട് നഷ്ടപ്പെട്ടു പോയ സ്ഥലമാണ്. അമ്മയുടെ വയറിൽ ചാരിക്കിടന്ന് കൽപവൃക്ഷത്തിന്റെ തൊണ്ടുകൾ എണ്ണുന്ന രവിയ്ക്ക് അതും നഷ്ടമായ ആദിമസ്ഥലമാണ്. ചിറ്റമ്മയിൽ നിന്ന് ഓടിയൊളിക്കാനായി തന്റെ പഠനവും ഉപരിപഠന സാധ്യതകളും ഇല്ലാതാക്കിയുള്ള രവിയുടെ യാത്ര ഖസാക്ക് എന്ന വഴിയമ്പല ത്തിലെത്തുന്നു. അപരിചിതമായ ആ സ്ഥലം രവിയുടെ ജീവിതത്തിന്റെ ഭാഗ മാകുന്നു. നോവലിന്റെ തുടക്കത്തിൽ കൂമൻകാവിൽ നിന്ന് ആറുകിലോമീറ്റർ അകലെയാണ് ഖസാക്ക്. അവിടെ കാലം നിശ്ചലമാക്കാൻ കൂട്ടാക്കുന്നില്ല എന്ന് പരാമർശിക്കുന്നുണ്ട്. ഇപ്രകാരം സ്ഥലകാലങ്ങൾ ആഖ്യാനത്തെ നയി ക്കുന്ന ഘടകമായി മാറുന്നു.

ശിവരാമൻനായരുടെ പരാതിയെ തുടർന്ന് ജോലി നഷ്ടപ്പെടുന്ന രവി ഒടുവിൽ ഖസാക്ക് വിട്ടുപോകാൻ തയ്യാറാവുന്നു. കൂമൻ കാവിൽ ബസ്സു കാത്തുനിൽക്കുമ്പോൾ മൺ ചുമരിന്റെ കട്ടകൾ നീക്കി പുറത്തുവന്ന പാമ്പിന്റെ കൊത്തേറ്റ് മരണവും കാത്തുകിടക്കുന്നു. വീട്ടിൽ നിന്ന്, ഹോസ്റ്റലിൽ നിന്ന്, ആശ്രമത്തിൽ നിന്ന്, പത്മയിൽ നിന്ന് എല്ലാം ഓടിയൊളിച്ച് വഴിയമ്പലമായ ഖസാക്കിലെത്തിയ അയാൾ ആദ്യമെത്തിയ അതേസ്ഥലത്ത് കൂമൻകാവ് ബസ്സ് സ്റ്റോപ്പിൽ മരണവും കാത്തു കിടന്നു. 'കാലത്തിന്റെ പടവുകളിലൂടെ തിരിഞ്ഞു നടക്കുകയായിരുന്നു അയാൾ' എന്ന് നോവലിൽ പരാമർശിക്കുന്നുണ്ട് . കാല ത്തിന്റെ പ്രയാണത്തിനിടയിലെത്തിച്ചേർന്ന വഴിയമ്പലം അഥവാ സ്ഥലമായി ഖസാക്ക് മാറുന്നു.

‘ധർമ്മപുരാണ’ത്തിലെത്തുമ്പോൾ ഭീതിദമായ അധികാരം സൃഷ്ടിക്കുന്ന സ്ഥലകാലങ്ങളെ ആവിഷ്കരിച്ചിരിക്കുന്നു. പ്രജാപതി, രുമണ്വൻ, വാതസേനൻ, ശകുന്തള, കാഞ്ചനമാല എന്നിവരെല്ലാം വസിക്കുന്ന സ്ഥലമാണ് ധർമ്മ പുരാണത്തിലെ ആഖ്യാനസ്ഥലം. സിദ്ധാർത്ഥന്റെ യാത്രയിലൂടെ ആരംഭിക്കുന്ന ധർമ്മപുരാണത്തിൽ സിദ്ധാർഥൻ നടത്തുന്ന ഇടപെടലുകളാണ് കഥഗതിയെ മുന്നോട്ടു നയിക്കുന്നത്. അധികാരത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഭൂമികയിൽ നിന്നുകൊണ്ട് അവയെ പ്രതിരോധിക്കാൻ എഴുത്തുകാരൻ ബോധപൂർവ്വം അശ്ലീലത്തെ കൂട്ടുപിടിക്കുന്നു.

“പ്രതിപക്ഷവും പത്രങ്ങളും ഭരണകൂടത്തിന്റെ സ്തുതിപാഠകർ മാത്ര മാകുന്ന പ്രതിസന്ധി ഘട്ടമാണിവിടെ കാലം. ഈ കാലം ചരിത്രം തന്നെയാണ്. ചരിത്രമെന്നാൽ ഭൂതകാലം. ഈ ഭൂതകാലത്തെ നോവലിൽ കൊണ്ടുവന്ന് വർത്തമാനകാല ക്രിയകൾ നടക്കുന്ന സജീവമായ ഭവത്കാലമാക്കി മാറ്റുകയാണ് വിജയൻ. ധർമ്മപുരിയുടെ വ്യവസായങ്ങൾ ശവം കയറ്റുമതിയും നരമാംസവാണിഭവും അക്രമാസക്തമായ മറ്റു ക്രിയകളുമാണ്. ധർമ്മപുരിയുടെ വിചിത്രമായ അന്തരീക്ഷം വർണ്ണിച്ചുകൊണ്ട് ഭീതിജനകമായ സ്ഥലവും കാലവും ആവിഷ്കരിക്കുന്നു.”[18] ധർമ്മപുരാണത്തിലെ സ്ഥലകാലങ്ങളെ സ്മിതാഗോപാൽ കണ്ടെടുക്കുന്നതിപ്രകാരമാണ്. രാഷ്ട്രീയവും ചരിത്രവും അധികാരവും രാഷ്ട്രമെന്ന് സ്ഥലരാശിയിൽ നടത്തുന്ന പ്രവർത്തനങ്ങളെ പരോക്ഷമായി വിമർശിക്കുകയാണ് ധർമ്മപുരാണത്തിൽ വിജയൻ ചെയ്യുന്നത്.

മധുരം ഗായതിയിലെ സ്ഥലകാലങ്ങൾ പ്രപഞ്ചവുമായും അതിന്റെ നിലനില്പിനെ സംബന്ധിച്ചുമാണ് നിലകൊള്ളുന്നത്. ഗുരുസാഗരവും പ്രവാചകന്റെ വഴിയും രാഷ്ട്രമെന്ന സ്ഥലരാശിയെ പിന്തുടരുന്ന രചനകളാണ്. 1971ലെ ബംഗ്ലാദേശ് യുദ്ധമാണ് ഗുരുസാഗരം എന്ന കൃതിയുടെ പശ്ചാത്തലം. ഈ കാലഘട്ടത്തിന്റെ ദാരുണമായ അവസ്ഥകളെ ഈ കൃതിയിൽ ആവിഷ്ക രിച്ചിരിക്കുന്നു. സ്വന്തം ദേശം എന്ന സങ്കൽപം തന്നെ ചോദ്യം ചെയ്യപ്പെടുകയും സ്വദേശത്ത് നിന്ന് പലായനം ചെയ്യേണ്ടി വരികയും ചെയ്ത മനുഷ്യന്റെ ധർമ്മസങ്കടങ്ങളാണ് ഗുരുസാഗരത്തിന്റെ സ്ഥലകാലങ്ങളെ നിർണ്ണയിക്കുന്നത്.

'പ്രവാചകന്റെ വഴിയിൽ ' എന്ന കൃതിയിൽ സിക്കുകാരുടെ ജീവിതം, പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി വധം, അമൃത്സറിലെ സുവർണ്ണ ക്ഷേത്രത്തിൽ നടന്ന സൈനിക നടപടി, സിക്ക് കൂട്ടക്കൊലകൾ എന്നിങ്ങനെ നിരവധി സംഭവങ്ങൾ സ്ഥലകാലങ്ങളെ അനുഭവവേദ്യമാക്കികൊണ്ട് കടന്നുവരുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുവന്ന് താമസിക്കുന്ന കുറെ മനുഷ്യർ അവരുടെ ജീവിതത്തിലൂടെ, ചിന്തകളിലൂടെ രാഷ്ട്രമെന്ന സങ്കല്പവും അധികാരവും നീതിയും ചോദ്യചിഹ്നമാക്കുന്നു.

'തലമുറകൾ' എന്ന നോവലിന്റെ പേരു തന്നെ കാലസൂചകമാണ്. കേരളീയമായ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ കൃതി പ്രാദേശിക സംസ്കൃതിയെ ആഖ്യാനത്തിലേക്ക് കൊണ്ടുവന്നിരിക്കുന്നു. ഒ.വി. വിജയന്റെ നോവലുകൾ സ്ഥലകാലങ്ങളുടെ തികച്ചും വ്യത്യസ്തമായ അവസ്ഥകളെ പാരായണത്തിലേക്ക് കൊണ്ടുവരുന്നവയാണ്.

വടക്കൻകേരളത്തിലെ ഫ്രഞ്ച് അധീനപ്രദേശമായിരുന്നു മയ്യഴി അഥവാ മാഹി. അധിനിവേശത്തിന്റെ ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള വസ്തുത കേരളത്തിൽ ഫ്രഞ്ചുജനതയോട് മമതയുള്ള ഒരു ജനവിഭാഗം മയ്യഴിയിൽ ഉണ്ടായിരുന്നു എന്നതാണ്. മറ്റ് അധിനിവേശ പ്രദേശങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ സംസ്കാരമാണ് മയ്യഴിയിൽ ഉണ്ടായിരുന്നത്. ആ സംസ്കാരത്തിന്റെ നേർചിത്രമാണ് മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിൽ മുകുന്ദൻ ആവിഷ്കരിക്കുന്നത്.

മയ്യഴിപ്പുഴയുടെ തീരങ്ങളിൽ കോളനി വത്കരണകാലത്ത് ജീവിച്ചിരുന്ന മനുഷ്യരും അവരുടെ അനന്തരാവകാശികളും പുലർത്തുന്ന മനോഭാവങ്ങളിലെ വ്യതിയാനത്തോടൊപ്പം, പ്രത്യയശാസ്ത്രങ്ങളുടെ സ്വാധീനതകൾ, സാംസ്കാരിക സവിശേഷതകൾ ഇവയെല്ലാം ആവിഷ്കരിക്കുന്നതിന് എഴുത്തുകാരൻ തിരഞ്ഞെടുക്കുന്ന സാമൂഹ്യസ്ഥലമാണ് മയ്യഴി. മയ്യഴി എന്ന സ്ഥലത്തിനെ പശ്ചാത്തലമാക്കി അവിടെ ജീവിച്ചിരുന്ന മനുഷ്യരുടെ കഥകൾ ആവിഷ്കരിക്കുന്നു. കോളനി അധികാരികൾ മുതലുള്ളവരുടെ ഇടപെടലുകളെ അവതരിപ്പിക്കുന്നു.

ഫ്രഞ്ച് അധിനിവേശത്തിന്റെ കഥയാണ് ലെസ്ലിസായ്‌വും കുടുംബവും മയ്യഴിക്കാർക്കു നൽകുന്നത്. ഫ്രഞ്ചുകാരുടെ ഇഷ്ടവിഭവമായിരുന്ന വീഞ്ഞ് വിറ്റാണ് അയാൾ ജീവിച്ചിരുന്നത്. അദ്ദേഹത്തിന്റെ വീഞ്ഞ് കഴിക്കാത്ത ആരും മയ്യഴിയിലുണ്ടായിരുന്നില്ല. ഫ്രഞ്ചുകാർ ഉപയോഗിച്ചിരുന്ന വീഞ്ഞ് നാട്ടിൽ ഏവർക്കും ലഭിക്കാൻ തുടങ്ങിയത് ലെസ്ലി സായ്‌വിന്റെ കാലത്താണ്. അധിനിവേശകാലത്ത് ഉന്നതമായ ജീവിതാവസ്ഥയിൽ കഴിഞ്ഞിരുന്ന ലെസ്ലിസായ്‌വിന്റെ കുടുംബം, ദേശീയബോധം ഉടലെടുത്തതോടെ അധിനിവേശ വിരുദ്ധ മനോഭാവത്താൽ പ്രശ്നങ്ങളിലകപ്പെടുന്നു. വിവാഹജീവിതത്തിലെ പരാജയത്താൽ വീടിന് പുറത്തിറങ്ങാതിരുന്ന സായ്‌വിന്റെ മകൻ ഗസ്റ്റൺ മയ്യഴിയുടെ സ്വാതന്ത്ര്യം നേടിയതിനുശേഷം പുറത്തിറങ്ങുന്നു. അയാൾക്ക് പിന്നീട് സംഭവിക്കുന്ന ദുരന്തവും നോവലിൽ ആവിഷ്കരിച്ചിട്ടുണ്ട്.

"സ്ഥലകാലങ്ങളെപ്പെറ്റി ആധുനിക എഴുത്തുകാരനുള്ള സങ്കല്പങ്ങൾ നിരവധിയാണ്. ചരിത്രനോവലുകളിൽ കാണുന്നതുപോലെ സ്ഥലവും കാലവും തമ്മിലുള്ള ഗാഢസമ്പർക്കമല്ല പുതിയ കലാകാരന്റേത്. വിശ്വാസങ്ങളെയും കല്പനകളെയും വിശേഷവത്കരിക്കുന്നതിന്റെ ഭാഗമായി കാലം ഇവിടെ കടന്നു വരുന്നു. മുകുന്ദന്റെ കഥയിലിത് മനുഷ്യാവസ്ഥയെ വിശകലനം ചെയ്യുന്ന രീതിയാണ്. സ്ഥലം മനുഷ്യമനസ്സാണ്. മനസ്സിന്റെ ആഴത്തിൽ സ്പന്ദിക്കുന്ന ഭൂതവർത്തമാനകാലങ്ങളുടെ പ്രസ്താവന രൂപങ്ങളാണ് കാലമായി പരിണമിച്ചു നിൽക്കുന്നത്"[19] ദൈവത്തിന്റെ വികൃതികൾ എന്ന നോവലും മയ്യഴിയെ പശ്ചാത്തലമാക്കി രചിച്ചതാണ്.

ആനന്ദിന്റെ നോവലുകളിലെത്തുമ്പോൾ നഗരഭാവനയുടെ ആൾക്കൂട്ടത്തെയാണ് കണ്ടുമുട്ടുന്നത്. നഗരാനുഭവങ്ങൾ വ്യക്തിയിലേൽപ്പിച്ച ക്ഷതങ്ങൾ തികച്ചും യാന്ത്രികമായിത്തീരുന്നു. ഉപകരണങ്ങളായിത്തീരുന്ന മനുഷ്യന്റെ സ്വത്വബോധത്തെ ആൾക്കൂട്ടത്തിന് നടുക്ക് പ്രതിഷ്ഠിക്കുകയാണ് ആനന്ദ്. അൻപതുകളുടെ അവസാനത്തിലെ ബോംബെ മഹാനഗരമാണ് നോവലിലെ

സ്ഥലകാലങ്ങളെ നിർണയിക്കുന്നത്. യന്ത്രവത്കരണവും ദാരിദ്ര്യവും കൊടി കുത്തി വാഴുന്ന ബോംബെ നഗരത്തിലൂടെ അലഞ്ഞു നടക്കുന്നവരാണ് ആൾക്കൂട്ടത്തിലെ കഥാപാത്രങ്ങൾ. നഗരാനുഭവം സൃഷ്ടിച്ച സ്ഥലകാല ബോധമാണ് ഈ നോവലിന്റെ പ്രമേയം.

അധികാരവും സ്ഥലവും ചേർന്ന് ജീവിതം നഷ്ടപ്പെടാനിടയായ മനുഷ്യ രുടെ കഥയാണ് 'മരുഭൂമികൾ ഉണ്ടാകുന്നത് ' എന്ന നോവലിൽ ആവിഷ്ക രിച്ചിട്ടുള്ളത്. മരുഭൂമിയും രംഭാഗഢ് കോട്ടയും സ്ഥലപരിസരങ്ങളായി കടന്നു വരുന്ന ഈ നോവലിൽ ഭരണകൂടവും അധികാരവും കാലത്തെ അടയാള പ്പെടുത്തിക്കൊണ്ട് കടന്നുവരുന്നു.

'അഭയാർത്ഥി'കളിൽ ഗംഗാസമതലവും സമീപഗ്രാമങ്ങളും സ്ഥലരാശിയെ സൂചിപ്പിക്കുന്നവയായി കടന്നുവരുന്നു. അഭയം തേടി നടക്കുന്ന സാധാരണ മനുഷ്യരുടെ ജീവിതങ്ങളെ അടയാളപ്പെടുത്തുന്നു. പുറംപോക്കു കളിൽ അഭയം തേടുന്ന ഇവർ അധികാരത്തിന്റെ ബലിമൃഗങ്ങളാണ്. കാലഘട്ടത്തിനനുസരിച്ച് മാറി മറിയുന്ന സാമൂഹികാവശ്യങ്ങളെ നിറവേറ്റാ നെന്ന മട്ടിൽ കുടിയിറക്കപ്പെടുന്ന മനുഷ്യരുടെ ഗത്യന്തരമില്ലായ്മയുടെ ചരിത്രം കൂടിയാണ് അഭയാർത്ഥികൾ പങ്കുവെയ്ക്കുന്നത്. ഇത് ചരിത്രത്തെ വർത്ത മാനകാല പരിസരവുമായി ഇണക്കിച്ചേർക്കുന്നു. ഭരണകൂടവും അധികാരവും സൃഷ്ടിക്കുന്ന കുടിയിറക്കലുകളുടെ ഇരകളാണ് പലപ്പോഴും സാധാരണക്കാർ. ആ സത്യത്തെ ആവിഷ്കരിക്കുകയാണ് അഭയാർത്ഥികൾ. സ്ഥലകാലങ്ങളുടെ വർത്തമാനകാല സമസ്യകൾ തന്നെയാണ് ഈ നോവലിൽ മുന്നോട്ടു വെയ്ക്കുന്നത്.

സാറാജോസഫിന്റെ 'ആലാഹയുടെ പെൺമക്കൾ ' ആനിയെന്ന പെൺ കുട്ടിയിലൂടെയാണ് കഥ പറയുന്നത്. ഒരു ഗ്രാമത്തിന്റെ കഥ പറയുന്നതോ ടൊപ്പം ചരിത്രത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനെ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ കഥ. കോക്കാഞ്ചിറ എന്ന സ്ഥലമാണ് കഥാപരിസരം. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെട്ട കുറെ മനുഷ്യർ അധിവ

സിക്കുന്ന സ്ഥലമാണ് കോക്കഞ്ചിറ. അവരുടെ അനുഭവങ്ങൾ, പ്രതിഷേധങ്ങൾ, സ്വപ്നങ്ങൾ എല്ലാം സാധാരണമനുഷ്യരുടേതുപോലെ തന്നെ പ്രധാനമാണെന്ന് ഈ കൃതി സാക്ഷ്യപ്പെടുത്തുന്നു. ആനിയുടെ കുടുംബത്തിന്റെ കഥ മാത്രമല്ല ഈ നോവലിലുള്ളത്. ഒരുദേശത്തിന്റെ തന്നെ കഥയാണ്. മാറ്റിനിർത്തപ്പെട്ട അനേകം മനുഷ്യരുടെ സംഭവബഹുലമായ കഥകളിലൂടെ കോക്കാഞ്ചിറ എന്ന സ്ഥലരാശിയെ നോവലിസ്റ്റ് അടയാളപ്പെടുത്തുന്നു.

"കാലത്തെ അട്ടിമറിക്കുന്ന കഥകളുടെ ഈ ചരിത്രാത്മകതക്കൊപ്പം തൃശ്ശൂർ പട്ടണത്തിന്റെ വളർച്ചയും കുടിയൊഴിക്കലിനെതിരെ ഏ.കെ.ജി. നടത്തിയ സമരങ്ങളും മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ പരിഷ്കരണങ്ങളും ക്രൈസ്തവ സഭ കമ്മ്യൂണിസ്റ്റുകൾക്കെതിരെ നടത്തിയ നീക്കങ്ങളും മറ്റും കടന്നുവരുന്നതിലൂടെ നോവലിൽ ഒരു കാലസാന്നിദ്ധ്യം അസ്പഷ്ടമായെങ്കിലും സൂചിതമാകുന്നുണ്ട്. രേഖപ്പെടുത്തപ്പെട്ട കാലത്തിനും സ്ഥലത്തിനും ചരിത്രത്തിനും ലഭിക്കുന്ന നാമമാത്രമായ ഈ പ്രാതിനിധ്യത്തിലൂടെ രേഖപ്പെടുത്താത്ത സ്ഥലകാലങ്ങൾക്കും ചരിത്ര സംസ്കാരങ്ങൾക്കുമുള്ള ഇടമാണ് നോവൽ എന്ന നിർവചനം ആലാഹയുടെ പെൺമക്കൾ മുന്നോട്ടു വെക്കുന്നു."[20]

### 3.5 സ്ഥലകാലമുദ്രകൾ ആധുനികാനന്തര നോവലുകളിൽ

ആധുനികതയ്ക്ക് ശേഷം നോവൽ സാഹിത്യത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. മാധ്യമ സംസ്കാരവും വ്യവഹാരങ്ങളും വൈജ്ഞാനിക ലോകവും നോവലിന്റെ പ്രണയത്തിലേക്ക് കടന്നു വന്നു. ദളിത് അവബോധം, പാരിസ്ഥിതിക ചിന്ത, സ്ത്രീ സമത്വവാദം, എന്നിങ്ങനെ പാർശ്വവൽകരിക്കപ്പെട്ട വിഷയങ്ങൾ എഴുത്തുകാർ രചനയിലേക്ക് കൊണ്ടു വന്നു. ആധുനികാനന്തര നോവലുകളിലെ ദാർശനിക ബോധം തികച്ചും വ്യത്യസ്തമാണ്.

സി.ആർ. പരമേശ്വരന്റെ 'പ്രകൃതിനിയമം' സ്ഥലകാലങ്ങളെ സൂക്ഷ്മ വിശകലനം ചെയ്യുന്ന കൃതിയാണ്. ഒരു കായൽക്കരയെന്ന പ്രാദേശികതയിൽ

നിന്ന് ദേശീയതയിലേക്ക് സ്ഥലം മാറുന്നു. എഴുപതുകളുടെ ഒടുവിൽ കേരള ത്തിലുണ്ടായ രാഷ്ട്രീയാവസ്ഥകളാണ് നോവലിന്റെ പശ്ചാത്തലമായി അവതരിപ്പിക്കുന്നത്. ഒരു വിപ്ലവകാരിയുടെ ജീവിതത്തിലൂടെ കടന്നുപോയ കാലഘട്ടം അവശേഷിപ്പിച്ച നിസ്സംഗതയെ നോക്കിക്കാണുന്നു. വിപ്ലവാത്മകയും സ്ഥലകാലബോധവും അന്തർധാരയായി പ്രകൃതിനിയമത്തിൽ കടന്നു വന്നിരിക്കുന്നു. കായൽക്കരയിൽ നിന്ന് മദ്ധ്യേന്ത്യയിലേക്ക് വളരുന്ന സ്ഥലബോധം നിരവധി സത്യങ്ങളെ വിപ്ലവകാരിക്കു കാണിച്ചുകൊടുക്കുന്നു. കാലത്തിന്റെ ഇത്തരം മാറ്റങ്ങളെ തിരിച്ചറിയുന്ന വിപ്ലവകാരി ഉറക്കത്തിൽ നിന്നുണർന്നു. സ്ഥലകാലങ്ങളിലൂടെ മനുഷ്യ ജീവിതത്തിന്റെ വ്യതിയാനങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്നു.

കെ.ജെ.ബേബിയുടെ 'മാവേലി മന്റം' വയനാട്ടിലെ ആദിവാസികളുടെ ജീവിതത്തെ പ്രതിപാദിച്ചിരിക്കുന്ന കൃതിയാണ്. ഭൂതകാലത്തിന്റെ നൈസർഗ്ഗി കത നഷ്ടമായ ഒരു ജനതയുടെ ഉൾതുടിപ്പുകളാണ് നോവൽ പങ്കുവെയ്ക്കു ന്നത്. അധികാരിവർഗ്ഗം തങ്ങളുടെ ജീവിതാഭിവൃദ്ധിക്ക് ഉപയോഗപ്പെടുത്തുന്ന ആദിവാസികൾ. മാവേലി മൻറുവിന്റെ കാലം സ്വപ്നം കാണുന്നവർ. ആ കാലം തിരിച്ചുവരുമെന്ന പ്രതീക്ഷയോടെയാണ് അവർ ജീവിക്കുന്നത്. മേലോര ച്ചന്റെയും കീയോരുത്തിയുടെയും ഓർമ്മകളിലൂടെയാണ് കഥപറയുന്നത്. നോവലിന്റെ അവസാനത്തിൽ പുഴത്തീരം എന്ന കല്പന സ്ഥലപരമായ ഒന്നാണ്. പുഴ കാലത്തിന്റെ പ്രതീകവും കൂടിയാണ്. ഇപ്രകാരം സ്ഥലകാ ലങ്ങൾ ഒരു പുതിയ ഉണർവിനെ സൃഷ്ടിക്കുമെന്ന പ്രതീക്ഷയോടെയാണ് മാവേലി മൻറം എന്ന നോവൽ പര്യവസാനിക്കുന്നത്. കോവിലൻ, വി.കെ. എൻ., സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, ടി.വി.കൊച്ചുബാവ, എൻ.പ്രഭാക രൻ തുടങ്ങിയവരുടെ നോവലുകളിലും സ്ഥലകാലങ്ങളെ അവതരിപ്പിച്ചിരിക്കു ന്നത് കാണാൻ സാധിക്കും.

ഇത്തരത്തിൽ കാലത്തിന്റെയും സ്ഥലത്തിന്റെയും മുദ്രകൾ രേഖപ്പെടുത്തികൊണ്ടുള്ള നിരവധി നോവലുകൾ മലയാളത്തിലുണ്ടായിട്ടുണ്ട്.

എന്നാൽ കാലത്തെയും ദേശത്തെയും പ്രശ്നവൽക്കരിച്ചുകൊണ്ട് നിലനിൽക്കുന്ന ചരിത്രബോധത്തെ പുനരന്വേഷണമാക്കുന്ന നോവലാണ് എൻ.എസ്. മാധവന്റെ 'ലന്തൻബത്തേരിയിലെ ലുത്തിനിയകൾ'. അന്യദേശത്തിന്റെ നാമധേയത്തിലുള്ള സൈനിക താവളത്തെ ഒരു ദേശത്തിന്റെ സംസ്കാരത്തിന്റെ ഭാഗമാക്കുകയാണ് ഈ നോവലിൽ ചെയ്യുന്നത്. ലന്തൻബത്തേരിയിലെ ലുത്തിനിയകൾ എന്ന പേര് ലഭിച്ചത് ലുത്തിനിയകൾ, പ്രാർത്ഥനകൾ ചൊല്ലുന്ന ഒരു ദേശത്തെ, അവിടത്തെ ജീവിതത്തെ ആവിഷ്കരിച്ചിരിക്കുന്നതുകൊണ്ടാണ്.

വിസ്തൃതമായ കാലത്തെയും സ്ഥലത്തെയും നോവൽ എന്ന മാധ്യമത്തിലേക്കു കൊണ്ടുവരാൻ എഴുത്തുകാർ പലമാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താറുണ്ട്. കഥയുടെ പശ്ചാത്തലമായി ഒരു സ്ഥലം തിരഞ്ഞെടുക്കുകയും ആ പ്രദേശത്തെ സംബന്ധിച്ച സകലവിവരങ്ങളും ശേഖരിച്ചതിനുശേഷം രചനയിലേർപ്പെടുകയും ചെയ്യുന്നു. അബോധാത്മകമായി തന്റെ ദേശം നോവലിൽ ആവിഷ്കരിക്കപ്പെടുന്ന രീതിയും ഉണ്ടാവാം. എന്തായാലും മനുഷ്യന്റെ ജനിച്ചു വളർന്ന ചുറ്റുപാടും സാമൂഹികരാഷ്ട്രീയ സംഭവവികാസങ്ങളും സ്ഥലകാലങ്ങളും സ്വാധീനിക്കുന്നുവെന്നത് യഥാർത്ഥ്യമാണ്.

"സ്ഥലം, സാമാന്യനിലയിൽ നോവലിലെ ക്രിയയ്ക്ക് പശ്ചാത്തലമൊരുക്കുകയാണു വേണ്ടത്. ക്രിയ നടക്കാൻ ഒരു സ്ഥലം, കഥാപാത്രങ്ങൾക്കും ക്രിയയ്ക്കും ഇണങ്ങുന്ന സ്ഥലം. ആ സ്ഥലത്തെ മനുഷ്യർ അങ്ങനെയാണ്. അതു പർവ്വതപ്രദേശമാണ്. ഇത് സമതലം. മറ്റേത് തീരപ്രദേശം. അവിടെയുള്ള ഗതാഗതം അങ്ങനെയായിരിക്കും. അവിടെയുള്ള കാലാവസ്ഥ മനുഷ്യരെ അങ്ങനെ സ്വാധീനിക്കും. മനുഷ്യനും കടലും, മനുഷ്യനും പുഴയും, മനുഷ്യനും കന്നിമണ്ണും, മനുഷ്യനും താഴ്‌വരയും. മനുഷ്യനും പർവ്വതവും. ഇങ്ങനെ പശ്ചാത്തലവർണ്ണന പ്രാധാന്യമർജ്ജിക്കുന്നു. ചിലപ്പോൾ മനുഷ്യരെപ്പോലെ സ്ഥലവും പ്രാധാന്യമായിത്തീരുന്നു."[21]

തകഴിയുടെ കുട്ടനാട്, എം.ടിയുടെ കൂടല്ലൂർ, കോവിലന്റെ കണ്ടാണിശ്ശേരി എന്നിവ ഇത്തരം സ്ഥലപശ്ചാത്തലനിർമ്മിതിക്കുദാഹരണമാണെങ്കിൽ വില്യംഫോക്നറുടെ യാക്ക്ന പട്ടാഹ എന്നിവ സാങ്കല്പികമായി എഴുത്തുകാർ സൃഷ്ടിച്ച സ്ഥലപശ്ചാത്തലങ്ങളാണ്. എൻ.എസ്. മാധവന്റെ ലന്തൻബത്തേരി യിലെ ലുത്തിനിയകൾ എന്ന നോവലിൽ ലന്തൻബത്തേരി എന്ന സ്ഥല പരിസരത്തെ ആഖ്യാനസ്ഥലമായി അവതരിപ്പിച്ചിരിക്കുന്നു. കഥ നടക്കുന്ന കഥയിടം എന്നു വിളിക്കാവുന്ന ഈ സ്ഥലം യാഥാർത്ഥ്യമല്ല. എഴുത്തുകാരന്റെ ഭാവനാസ്ഥലമാണിത്. എന്നാൽ ഭാവന സ്ഥലപരിസരങ്ങളെ പുനർസൃഷ്ടി ക്കുമ്പോൾ കഥാഖ്യാനത്തെ മുന്നോട്ടുനയിക്കുന്നത് ചരിത്രമാണ്. അതുകൊണ്ടു തന്നെ കേവലം സ്ഥലചരിത്രം മാത്രമല്ല ഒരു കാലഘട്ടത്തിന്റെ പുനരാഖ്യാനം കൂടി ഈ നോവൽ നിർവ്വഹിച്ചിരിക്കുന്നു. എൻ.എസ്. മാധവന്റെ ഈ നോവലിന് ചരിത്രപരമായ ഒരു പശ്ചാത്തലമുണ്ട്. ലന്തക്കാർ കേരളത്തിൽ അവശേഷിപ്പിച്ചുപോയ അധിനിവേശത്തിന്റെ അടയാളമാണ് ലന്തൻബത്തേരി. കേരളത്തിൽ ഡച്ചുകാർ ആധിപത്യം പുലർത്തിയിരുന്ന പ്രദേശമാണ് കൊച്ചിയും സമീപപ്രദേശങ്ങളും. ഈ ചരിത്രവസ്തുതയെ സർഗാത്മകമായി എഴുത്തുകാരൻ സമീപിച്ചപ്പോൾ നിർമ്മിച്ചെടുത്ത സ്ഥലകാലങ്ങളാണ് ലന്തൻബത്തേരി എന്ന സ്ഥലപരിസരവും അവിടുത്തെ ജനസംസ്കാരത്തെയും സാധ്യമാക്കിയത്. എൻ.എസ്. മാധവന്റെ കൃതികളിൽ ചരിത്രബോധം കടന്നു വരുന്നത് പുതിയ കാര്യമല്ലെങ്കിലും അവ സാങ്കൽപ്പിക ദേശത്തെ ആഖ്യാന ത്തിലേക്ക് കൊണ്ടുവന്നിട്ടില്ല.

ചരിത്രബോധം ഭൂതകാലത്തോടുള്ള ആഭിമുഖ്യമാണ്. ഒരു രാജ്യത്തിന് എഴുതപ്പെട്ട ചരിത്രവും എഴുതപ്പെടാത്ത ചരിത്രവും നിലനിൽക്കുന്നുണ്ട്. ഒരു ചരിത്രാതീതകാലവും എല്ലാ ജനതയ്ക്കുമുണ്ട്. ഇവ പലപ്പോഴും വാമൊഴി യായോ കലാരൂപങ്ങളിലോ നാടൻപാട്ടുകളിലോ ഈടുവെപ്പുകളായി മാറിയിരിക്കാം. ഇവ നിലനിൽക്കുന്ന ചരിത്ര യഥാർത്ഥ്യത്തോട് ഇണങ്ങുന്ന വിധത്തിലാവണമെന്നില്ല. ഓരോ നാടിന്റെയും സംസ്കാരവും ചരിത്രവും തികച്ചും വ്യത്യസ്തമാണ്.

മിത്തുകൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, ചരിതങ്ങൾ തുടങ്ങിയ രൂപങ്ങളിലൂടെ നമ്മുടെ പൂർവ്വികർ ആവിഷ്കരിച്ച ഭൂതകാലാവബോധം ചരിത്രത്തെക്കുറിച്ചുള്ള പാശ്ചാത്യരുടെ ധാരണകളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. ഇവയിൽ മനുഷ്യനും ദൈവവും ഒന്നായി മാറുന്ന ദൈവിക സങ്കൽപങ്ങൾക്ക് മുൻതൂക്കം നൽകിയിരുന്നു. അവ ചരിത്ര രചനയിൽ സഹായകമല്ല. വീരനായകന്മാരുടെ അപദാനങ്ങളാണ് ഗാഥകളിൽ കാണുന്നത്. അത് ഭൂതകാലത്തോടുള്ള താൽപര്യത്തെ കാണിക്കുന്നതായിരുന്നു. ഇതിഹാസങ്ങളിലും ഭൂതകാലമാണെങ്കിലും രാജാക്കന്മാരുടെ വംശാവലി ഇവയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ചരിത്രത്തെക്കുറിച്ചുള്ള സൈദ്ധാന്തികമായ തലത്തെ ഇത് തൃപ്തിപ്പെടുത്തുന്നില്ല. പക്ഷേ സ്ഥലകാലങ്ങളിലൂടെ പ്രവഹിച്ച ഒരു ജനതയെക്കുറിച്ചും അവരുടെ സംസ്കാരത്തെക്കുറിച്ചും അറിവു നൽകാൻ ഇവ ഉപകരിച്ചുവെന്നതിൽ തർക്കമില്ല.

"വംശാവലികളെ സ്ഥലകാലഘടനയിൽ പ്രതിഷ്ഠിക്കുവാനുള്ള ശ്രമങ്ങളാണ് ചരിതങ്ങളുടെ രചനയ്ക്കു പിന്നിൽ. ചരിത്രവും ജീവിതചരിത്രവും കൂടിക്കലരുന്ന തരം രചനകളാണ് ചരിതങ്ങൾ. രാജത്വത്തിന്റെ മഹത്ത്വവത്കരണവും രാജാധികാരത്തിന്റെ ദൃഢീകരണവും ഉറപ്പാക്കാൻ അവ ശ്രമിച്ചുപോന്നു. ചരിതങ്ങൾ പക്ഷേ ഏത് രാജാവിനെക്കുറിച്ചും എളുപ്പത്തിൽ സാധ്യമാവുന്ന ഒന്നായിരുന്നില്ല. നിർണ്ണായകമായ ഒരു വിജയം വഴിയോ മറ്റോ ഭരണവംശം സ്ഥാപകന്റെ പദവിയിലെത്തുന്ന രാജാവിനെയാണ് ചരിതങ്ങൾ പൊതുവെ സ്തുതിക്കുന്നത്. സുദീർഘമായ ഒരു സ്ഥലകാലഘടന അതാവശ്യപ്പെടുന്നു എന്നർത്ഥം. ചരിതങ്ങളുടെ ദീർഘമായ സ്ഥലകാലഘടനയ്ക്ക് പകരം വളരെ പരിമിതമായ സ്ഥലകാലഘടനയിൽ രാജാധികാരത്തെ സ്ഥാപിക്കുകയാണ് വിജയങ്ങൾ ചെയ്യുന്നത്. ഒരു ചരിത്രസന്ദർഭത്തെ അതിന്റെ സാന്ദർഭികതയിൽ വിവരിക്കുകമാത്രമാണ് വിജയങ്ങൾ ചെയ്യുന്നതൊന്നു പറയാം. ആ അർത്ഥത്തിൽ ചരിതങ്ങൾ ഇടം കിട്ടാത്തവരുടെ ചരിത്രങ്ങൾ കൂടിയാണ്"[22]

### 3.6 സ്ഥലകാലമുദ്രകൾ ലന്തൻ ബത്തേരിയിലെ ലുത്തീനിയകളിൽ

എൻ.എസ്.മാധവന്റെ പ്രഥമ നോവലായ ലന്തൻ ബത്തേരിയിലെ ലുത്തീനിയകൾ ലന്തൻബത്തേരി എന്ന സാങ്കൽപിക ദേശം ആഖ്യാന ഭൂമികയായി മാറുന്നു. പോഞ്ഞിക്കരയ്ക്കടുത്തുള്ള പ്രദേശമായാണ് ലന്തൻബത്തേരി അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ദ്വീപിലെ ജനങ്ങളുടെ ജീവിതത്തിന് അധിനിവേശ ചരിത്രത്തോളം പഴക്കമുണ്ട്. ചരിതങ്ങളിലോ ചരിത്രത്തിലോ ഇടംകിട്ടാതെ പോയ ജനവിഭാഗങ്ങളാണ് പലപ്പോഴും സംസ്കാരത്തെ നിർമ്മിക്കുന്നത്. ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ എന്ന നോവലിൽ നിലനിൽക്കുന്ന ചരിത്രത്തെ ചോദ്യം ചെയ്യാതെ ചരിത്രത്തിനപ്പുറം അടയാളപ്പെടുത്താതെപോയ ജന സംസ്കാരത്തെ, സ്ഥലകാലങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ആവിഷ്കരിക്കുന്നു. സ്വാതന്ത്ര്യാനന്തര കാലമാണ് നോവലിൽ കടന്നുവരുന്നത്. പോഞ്ഞിക്കരയ്ക്കു സമീപം ലന്തൻബത്തേരി എന്ന ദ്വീപിൽ വസിക്കുന്ന ജനതയുടെ ജീവിതമാണ് ഈ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഒരു സ്ഥലത്തിന്റെ അഥവാ ദേശത്തിന്റെ ഭൂമിശാസ്ത്രം, ചരിത്രം, സംസ്കാരം എന്നിവയെല്ലാം നോവലിൽ കാണാൻ സാധിക്കും. ഏത് ദേശത്തിന്റെ ചരിത്രമായാലുംസംസ്കാരമായാലും നോവലിൽ അതിന് ആവിഷ്കാരസാധ്യത ഏറെയാണ്. മലയാള നോവലിന്റെ ചരിത്രം പരിശോധിച്ചാൽ ഈ സവിശേഷത കാണാൻ സാധിക്കും. സ്ഥലകാലങ്ങളെ അവഗണിച്ചുകൊണ്ടുള്ള വായന അസാധ്യമാണ്. യൂറോപ്യൻ അധിനിവേശം, സ്വാതന്ത്ര്യാനന്തര സാമൂഹിക സാംസ്കാരിക പരിണാമം, ആഗോളസംസ്കാരത്തിന്റെ കടന്നുവരവ് ഇവയെല്ലാം മലയാളനോവലിന്റെ ആഖ്യാനപരിസരത്തെ നിർണയിച്ചിരുന്നു. ജാതിയിൽ അധിഷ്ഠിതമായ കേരളീയസമൂഹം, അധിനിവേശം അതിൽ വരുത്തിയ മാറ്റങ്ങൾ, സാംസ്കാരിക പൈതൃകം ഇവയെല്ലാം ആഖ്യാനത്തിലേക്ക് വരുന്നതോടൊപ്പം സ്വാതന്ത്ര്യം, ദേശീയത എന്നീ സങ്കൽപ്പനങ്ങൾ മലയാളനോവലിന്റെ ആഖ്യാനത്തിലേക്ക് കടന്നുവന്നു. ദേശവുംജനതയും ഒരു പോലെ പരാമർശിക്കപ്പെടുന്ന നോവലിൽ

സ്ഥലകാലങ്ങൾ നിർണ്ണായക ഘടകമായി മാറുന്നു. " സ്ഥലം വേരും, കാലം ആകാശവുമാകുന്ന ബഹുശാഖകളുള്ള ഒരു വൃക്ഷത്തെപ്പോലെ പടർന്നു കൊണ്ട് യാഥാർത്ഥ്യത്തെ ആഖ്യാനത്തിലൂടെ നിർമ്മിക്കുകയാണ് നോവൽ"[23]

എൻ.എസ്. മാധവന്റെ ലന്തൻബത്തേരിയിലെ ലുത്തിനിയകൾ എന്ന നോവലിൽ ജെസീക്ക എന്ന പെൺകുട്ടിയിലൂടെയാണ് കഥപറയുന്നത്. ജെസീക്കയുടെ ജനനം മുതലുള്ള കഥയാണ് നോവലിൽ ആവിഷ്കരിച്ചിട്ടുള്ളത്. അതായത് 1951 ഏപ്രിൽ 24നാണ് ജെസീക്ക ജനിച്ചത്. നോവലിൽ 1951 മുതലുള്ള കഥ പറയുന്നത് ജെസീക്ക തന്നെയാണ്. താൻ കേട്ടറിഞ്ഞതും മനസ്സിലാക്കിയവയും ജെസീക്കയിലൂടെ കഥാഖ്യാനം നിർവഹിക്കുമ്പോൾ നോവലിന്റെ ഗതിയിൽ ജെസീക്കയോടൊപ്പം പ്രാധാന്യം ലഭിക്കുന്ന ഒന്നാണ് സ്ഥലകാലങ്ങൾ. നോവലിന്റെ കഥാപശ്ചാത്തലം മാത്രമല്ല സ്ഥലം. അത് ജനതയുടെ ജീവിതപരിസരങ്ങളെയും സംസ്കാരങ്ങളെയും അടയാളപ്പെടുത്തുന്ന ചൈതന്യവത്തായ വസ്തു യഥാർത്ഥ്യമാണ്. ഇതിലെ എല്ലാ പ്രധാനസംഭവങ്ങളും കൃത്യമായ തിയതിയും, മാസം,വർഷം എന്നീ കാലഗണനാസമ്പ്രദായങ്ങളിലൂടെ അവതരിപ്പിക്കുന്നതോടൊപ്പം പ്രസ്തുത കാലയളവിലെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക അവസ്ഥകളെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നു. അതിനുദാഹരണമാണ് 1951ലെ പ്രധാന സംഭവവികാസങ്ങൾ കൂടി നോവലിൽ കടന്നുവരുന്നത്. അതിലൊന്ന് പതിനെട്ട് അച്ചുകുത്തുപിള്ളമാർ എറണാകുളത്തുനിന്ന് കായൽ കടന്ന് തുരുത്തുകളിലെത്തി കുഞ്ഞുങ്ങളെ തിരഞ്ഞു പിടിച്ച് അച്ചു കുത്തുന്നതാണ്.

എറണാകുളം, പോഞ്ഞിക്കര, ലന്തൻബത്തേരി എന്നിവയാണ് നോവലിലെ പ്രധാന ആഖ്യാനസ്ഥലങ്ങൾ എറണാകുളത്തിനു സമീപമുള്ള കായൽ തുരുത്തുകളാണ് പോഞ്ഞിക്കരയും മറ്റും. നോവലിൽ ലന്തൻബത്തേരി ഒരു തുരുത്താണെന്ന് ജെസീക്ക പറയുന്നുണ്ട്. "തുരുത്ത് എന്നവാക്കിന് വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു കര എന്നു മാത്രമേ അതിന് അർത്ഥമുള്ളു."[24] ആ തുരുത്തിലെ ജനജീവിതമാണ് നോവലിൽ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത്.

ലന്തൻബത്തേരി എന്ന കായൽ തുരുത്തിലെ പുറംലോകവുമായി ബന്ധമില്ലാതെ ജീവിക്കുന്ന സാധാരണക്കാരായ ജനങ്ങൾ വസൂരിക്കെതിരെയുള്ള കുത്തിവെയ്പിൽ നിന്നും കനേഷുമാരി കണക്കെടുപ്പിൽ നിന്നും ഒളിച്ചോടുന്നു. ദ്വീപുകൾ ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടു നിൽക്കുന്നവയാണ്. അതുപോലെ അവിടത്തെ ജനതയും. നോവലിലെ സ്ഥലമെന്നത് ഇവിടെ ആന്തരികമായ അനുഭവ മേഖലയാകുന്നു. ഭരണകൂടത്തിന്റെ അധികാരികളുടെ ഉത്തരവുകൾ നടപ്പിലാക്കുന്ന ഒരു വിഭാഗം അവ ഭീതിയോടെ നോക്കി കാണുന്ന ജനവിഭാഗം ഇവ നോവലിലെ സ്ഥലകാല ബന്ധത്തെ നിർണയിക്കുന്ന ഒരു ഘടകമാണ്. വസൂരിരോഗം പടർന്നു പിടിച്ച് ആളുകൾ മരണപ്പെട്ടിരുന്ന കാലത്ത് അതിനെതിരായുള്ള കുത്തിവെയ്പ്പ് വ്യാപകമായി നടപ്പിലാക്കിയിരുന്നു.

നോവലിന്റെ തുടക്കത്തിൽ നോവലിസ്റ്റ് ചേർത്തിരിക്കുന്ന ഭൂപടം ഒരു സാംസ്കാരിക നിർമ്മിതിയാണ്. ഭൗതികമായി നിലനിൽപ്പില്ലാത്ത ഒരു പ്രദേശത്തെക്കുറിച്ച് ഒരു നോവൽ രചിക്കുമ്പോൾ അതിന് പിൻബലമായി ഒരു സ്ഥലപരിസരം സൃഷ്ടിക്കേണ്ടതുണ്ട്. ഇത് സ്ഥാപിച്ചെടുക്കുകയാണ് ഭൂപട നിർമ്മിതി.

മനുഷ്യജീവിതത്തെ കെട്ടിപ്പെടുത്ത സ്ഥലപരിസരങ്ങളെ കഥാഖ്യാനത്തിനായി ഭാവനാത്മകമായി സൃഷ്ടിച്ചിരിക്കുന്നു. ജെസീക്കയുടെ ഓർമ്മകളിലൂടെയാണ് ലന്തൻബത്തേരിയുടെ കഥ പറയുന്നത്. "ഓർമ്മകളിൽ നിന്ന് ഭൂപട നിർമ്മാണം ഓരോ ജനതയും നടത്തിയിട്ടുണ്ട്. പറമ്പ്, വയൽ, കുന്ന് തേമാലി കണ്ടം, വഴികൾ, പുഴയോരം, കാട്ടുപ്രദേശം, കാവുകൾ തുടങ്ങിയവയും പ്രാദേശിക പൈതൃകഭൂപടത്തിൽ രേഖപ്പെടുത്തണം. ഒരു പൈതൃകരൂപം അതായത് ആദിവാസി ആവാസവ്യവസ്ഥയുടെ ചിഹ്നങ്ങളുടെ തനിമയാർജ്ജിച്ച് രൂപം കൊണ്ടതാണ്. ഇവയോരോന്നും കേരളത്തിന്റെ പൊതുവാർന്ന രൂപങ്ങളായിരിക്കെത്തന്നെ തനിമയാർന്ന പ്രാദേശിക കലാനിർമ്മിതികൾ തന്നെയാണ്. "[25] നോവലിസ്റ്റ് രൂപനൽകിയ ഭൂപടം കഥാപരിസരത്തെ അടയാളപ്പെടുത്തുകയാണ് ചെയ്യുന്നത്. ജനതയുടെ സാംസ്കാരിക സാമൂഹിക

ജീവിതത്തെ കെട്ടിയുയർത്താൻ നോവലിസ്റ്റ് കണ്ടെത്തുന്ന കഥയിടമാണ് ലന്തൻബത്തേരി.

തികച്ചും സാങ്കല്പികമായ പ്രദേശമായ ലന്തൻബത്തേരി എറണാകുളത്തിന് പടിഞ്ഞാറ് ഭാഗത്തായാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. നോവലിൽ പരാമർശിക്കുന്ന കഥ നടക്കുന്ന സ്ഥലമാണിത്. ആയതിനാൽ സ്ഥലത്തെ സങ്കൽപത്തിൽ മാത്രം നിർത്താൻ സാധിക്കുകയില്ല. കാലം അമൂർത്തമായ സങ്കൽപ്പമാണെങ്കിലും സ്ഥലം അങ്ങനെയല്ല. ആ തിരിച്ചറിവാകാം ഇത്തരമൊരു ഭൂപട നിർമ്മിതിക്ക് നോവലിസ്റ്റിനെ പ്രേരിപ്പിച്ചത്.

“വെമ്പനാട്ടുകായൽ, പടിഞ്ഞാറെപ്പുഴ, കിഴക്കെപ്പുഴ, ജെട്ടിബോട്ടുപുര, അരയക്കടവ് പാലം, ലന്തൻകൊട്ടാരം, പീരങ്കി മൈതാനം തുടങ്ങിയവയൊക്കെ ചിത്രത്തിൽ നമ്പറിട്ട് അടയാളപ്പെടുത്തിയിട്ടുണ്ട്. നോവലിൽ വിവരിക്കുന്ന ഒരു വാസ്തവികതാ ബോധം വായനക്കാരിൽ ഉണ്ടാകാൻ ചിത്രം ഉതകുന്നുണ്ട്.”[26] എന്ന് എം.ആർ. ചന്ദ്രശേഖരൻ അഭിപ്രായപ്പെടുന്നു.

മത്തേവുശാരിയുടെയും മറ്റിൽഡയുടെയും മകളാണ് ജെസീക്ക. വൈപ്പിനിൽ നിന്ന് ലന്തൻബത്തേരിയിലെത്തിയവരാണ് ജെസീക്കയുടെ കുടുംബക്കാർ. പോണി ഗ്യൂസ്ലർ എന്ന കപ്പൽപ്പണിക്കാരന്റെ മകന്റെ കൈയിൽനിന്ന് കപ്പൽ കണക്ക് മോഷ്ടിച്ച് അവിടെ നിന്ന് പുറത്താക്കപ്പെട്ട ലൂയിസാശാരിയുടെ പരമ്പരയിൽപ്പെട്ടവളാണ് ജെസീക്ക. ഒരു ദേശത്ത് നിന്ന് പുറത്താക്കപ്പെട്ട ലൂയിസാശാരിയെത്തുന്ന സ്ഥലമാണ് ലന്തൻബത്തേരി. ആ കുടുംബത്തിലെ ആശാരിമാർ ജനിക്കുന്നത് നെറ്റിയിൽ കണക്കുകട്ട എന്ന പാടുമായാണ്. അങ്ങനെ അവരുടെ വീട്ടുപേർ കണക്കകട്ടത്തിൽ എന്നായി മാറി. കാലത്തെയും സ്ഥലത്തെയും അടയാളപ്പെടുത്തിക്കൊണ്ട് ബോട്ടിന്റെ ശബ്ദങ്ങളും ടാറ്റാ കമ്പനിയുടെ സൈറനുകളും ലന്തൻബത്തേരിയിലെ ജനജീവിതത്തെയും സമയത്തെയും മുന്നോട്ടുനയിച്ചു.

നോവലിൽ സ്ഥലകാലങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്നത് ആധുനിക തയുടെ കാലത്താണ് എൻ.എസ്.മാധവന്റെ ആദ്യകാല കഥകൾ ഈ പരി സരത്ത് നിന്ന് എഴുതപ്പെട്ടതാണ്. എന്നാൽ നോവലിലും സ്ഥലകാലങ്ങൾക്ക് പ്രാധാന്യം കൊടുത്തിട്ടുള്ള ആഖ്യാനമാണ് നിർവഹിച്ചിരിക്കുന്നത്.

"ഭാവനാത്മക സ്ഥലങ്ങൾ യാഥാർത്ഥമെന്ന മട്ടിൽ വ്യാപകമായ വതരിപ്പിക്കപ്പെട്ടതും ആധുനികതയിലാണ്. സ്ഥലം തന്നെ ഒരു അതിയാഥാ ർത്ഥ്യമായി മാറുന്ന ഘട്ടമാണ് പിന്നീടു വന്നത്. ഇവിടെ നോവൽ ആദ്യമായി സാങ്കേതിക കാലത്തിന്റെയും സംസ്കാരത്തിന്റെയും സ്ഥലസങ്കല്പങ്ങൾ കടം കൊള്ളുന്നു. കാലമെന്നതുപോലെ സ്ഥലവും യാഥാർത്ഥ്യത്തിന്റെ പഴയ മാപിനികൾ കൊണ്ട് അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതരത്തിൽ മാറിപ്പോയി എന്ന് കരുതപ്പെട്ടിരുന്ന ഘട്ടം കൂടിയാണിത് "[27]

ഒരു ദേശത്തെ രൂപപ്പെടുത്തുന്നത് നിരവധി ഘടകങ്ങൾ കൂടി ചേർന്നാണ്. നാടൻജീവിതത്തിന്റെ സവിശേഷതകൾ ഈ നോവലിൽ കാണാൻ സാധിക്കും. മത്തേവുസാശാരിയുടെയും മറ്റിൽഡയുടെയും കുടുംബത്തിന്റെ കഥ മാത്രമല്ല നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. ഒരു ജനതയുടെ തൊഴിൽ, ആചാരാനുഷ്ഠാനങ്ങൾ, മതവിശ്വാസം, കല എന്നിവ നിലനിൽക്കുന്നതിന്റെ ചരിത്രം കൂടി ഉൾപ്പെട്ടിരിക്കുന്നു. വൈവിദ്ധ്യവും വ്യത്യസ്തവുമായ സംസ്കാരം കേരളീയർക്കുണ്ട്. ജീവിതത്തിന്റെ നാനാതലങ്ങളെ സ്പർശിക്കുന്ന ജീവിത ശൈലിയിലൂടെ സമഗ്രമായൊരു പാരമ്പര്യം നാം നിലനിർത്തി. ഒരു ദേശ ത്തിന്റെ ജനതയുടെ സംസ്കാരമറിയണമെങ്കിൽ ജനജീവിതത്തിന്റെ പൊതു സവിശേഷതകളെല്ലാം ഉൾക്കൊള്ളണം. ജനജീവിതത്തിന്റെ അടയാളങ്ങളുടെ സമസ്തരേഖകളും ആശ്രയിക്കണം നാട്ടുകലകൾ, ഐതീഹ്യങ്ങൾ, പഴഞ്ചൊല്ലുകൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, ഭക്ഷണം, പാർപ്പിടം, കലകൾ എന്നിവയിലൂടെ നിലനിൽക്കുന്ന നാടിന്റെ തനിമ ദേശത്തിന്റെ പൊതുവായ ചരിത്രത്തെ നിർണ്ണയിക്കുന്നു. ഇവയ്ക്ക് ആധാരമാകുന്ന ജീവിതം നിലനിൽക്കുന്നത് സ്ഥലത്തെ അടിസ്ഥാനമാക്കിയാണ്.

നോവലിൽ സ്ഥലത്തെക്കുറിച്ച് പരാമർശിക്കുന്നതിപ്രകാരമാണ് "ഞങ്ങളുടെ തുരുത്തിന്, ലന്തൻബത്തേരിക്ക് ചെറുപ്പമാണ്. മണ്ണ് ഉറച്ചിട്ടില്ല. അൽപം കുഴിച്ചാൽ കക്കചീളുകളും അപ്രാചീനമായ സമുദ്രജീവികളുടെ തോടുകളും കിട്ടുവാൻ തുടങ്ങും. പിന്നെയും താഴോട്ടു പോയാൽ നനവു കലർന്ന ചരലും ഉപ്പുവെള്ളവും അതിനും താഴെ ഖനിക്കുവാൻ അധികമാരും മുതിരാറില്ല. അടിമക്കാപ്പിരികളുടെ പ്രേതങ്ങൾ കാക്കുന്ന വെനീസിലെ ആമാടങ്ങൾ നിറച്ച പെട്ടികൾ, ചീനപ്പട്ടിന്റെ കൂറകളിലെ വ്യാളിക്കുഞ്ഞുങ്ങൾ, കർമ്മലീത്ത അച്ചന്മാരുടെ കവടിവസികൾ, ലന്തക്കാർ തീവെച്ച കുരിശു പള്ളികളുടെ കരിഞ്ഞ മദ്ബഹകൾ. അങ്ങനെ പലതും കിട്ടുവാൻ തുടങ്ങും. ഞങ്ങളുടെ തുരുത്തിലെ പ്രധാന ഇറക്കുമതി വസ്തു ചരിത്രമായിരുന്നു."[28]

ചരിത്രബോധമുണർത്തുന്ന ഈ ആഖ്യാനം നോവലിലെ സ്ഥലകാല ങ്ങളിലേക്ക് വെളിച്ചം വീശുന്നു. ഇതിന് ഉപോദ്ബലകമായി കാണുന്ന ചരിത്ര പരാമർശം കൊച്ചിരാജ്യചരിത്രത്തിൽ എറണാകുളത്തിനടുത്തുള്ള ദ്വീപുകളെ സംബന്ധിച്ച വിവരണത്തിൽ കാണാം.

1951 മുതൽ 1966വരെ കേരളത്തിലുണ്ടായ പ്രധാനസംഭവങ്ങളെ നോവലിന്റെ ആഖ്യാനത്തിലേക്ക് നോവലിസ്റ്റ് കൊണ്ടുവരുന്നുണ്ട്. കേരളചരിത്രത്തിലെ ചില ഏടുകൾ ഭാവനാത്മകമായി പുനരാവിഷ്കരിച്ചി രിക്കുന്നു. കേരളത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രം., പോർച്ചുഗീസ്-ഡച്ച് അധിനിവേശം, കൊച്ചി തുറമുഖത്തിന്റെ ചരിത്രം, മലയാളസിനിമയുടെ ചരിത്രം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം, വിമോചനസമരം എന്നിങ്ങനെ നിരവധി ചരിത്രസന്ദർഭങ്ങളെ നോവലിൽ അവതരിപ്പിച്ചിട്ടുണ്ട്.

വ്യത്യസ്തമായ പാഠനിർമ്മിതിയാണ് ഈ നോവലും നിർവഹിക്കുന്നത്. ലന്തൻ ബത്തേരി ചരിത്രം നിറഞ്ഞ ദ്വീപാണ്. വെള്ളത്താൽ ചുറ്റപ്പെട്ട ലന്തൻബത്തേരിയിൽ നിന്നും പുറത്തു കടക്കാൻ കഥകൾ വേണമെന്ന് മാധവൻ പറയുന്നുണ്ട്. ദിവസവും കഥ കേൾക്കാൻ അമ്മയോട് ചേർന്നിരിക്കുന്ന ജെസീക്ക നോവലിൽ കഥപറച്ചിലുകാരിയാണ്. ലന്തൻബത്തേരി എന്ന

സ്ഥലത്തിന്റെ രൂപീകരണത്തെക്കുറിച്ച് നോവലിൽ പരാമർശിക്കുന്നതി ങ്ങനെയാണ്.

"പൊതുശത്രുവായ സാമൂതിരിക്കെതിരെ കൊച്ചി രാജാവിനൊപ്പം പടപൊരുതിയ പോർട്ടുഗീസുകാർ കൊച്ചിയിലെ പലസ്ഥലങ്ങളും രാജാവിൽ നിന്നു തീറെഴുതി വാങ്ങി. അതിൽപ്പെട്ടതായിരുന്നു കാടു പിടിച്ചു കിടന്നിരുന്ന കായലിലെ ഒരു തുരുത്ത്. കുറച്ചു കഴിഞ്ഞപ്പോൾ അതിനു നാമം ഉണ്ടായി. കമ്പോഞ്ഞിക്കാട്. പില്ക്കാലത്ത് അത് പോഞ്ഞിക്കരയും ലന്തൻബത്തേരിയും ആയി "[29]

കമ്പോഞ്ഞിക്കാട് ലന്തക്കാർക്ക് അധീനമായത് പോർട്ടുഗീസുകാരെ തോൽപിച്ചതിനുശേഷമാണ്. കൊച്ചിയിലെ രാജാധികാരത്തെ സംബന്ധിച്ച തർക്കത്തിൽ ഡച്ചുകാർ ഇടപ്പെടുകയും സാമൂതിരിയുമായി ചേർന്ന് പോർട്ടുഗീസുകാരെ തോൽപിക്കുകയും ചെയ്തു. അങ്ങനെ പോർട്ടുഗീസുകാർ കൈവശം വെച്ചിരുന്ന പ്രദേശങ്ങൾ ഡച്ചുക്കാരുടെ അധീനതയിലായി. "ഡച്ചുകാരും കൊച്ചിരാജാവുമായുള്ള എഴുത്തുകളിൽ കമ്പനിയെ ലന്തക്കുമ്പഞ്ഞി എന്നാണു വിളിച്ചിരുന്നതെന്ന്" [30] രേഖകൾ തെളിവുണ്ടെന്ന് കെ.കെ.വാലത്ത് അഭിപ്രായപ്പെട്ടിട്ടുണ്ട്. പോർച്ചുഗീസുകാരിൽ നിന്ന് കിട്ടിയ പ്രദേശങ്ങളായിരുന്നു പോഞ്ഞിക്കരയുൾപ്പെടെയുള്ള തുരുത്തുകൾ. ഡച്ചുക്കാർ പോഞ്ഞിക്കരയിൽ ബംഗ്ലാവുകൾ പണിതു. പെരിയാറിലൂടെ ഒഴുകിക്കൊ ണ്ടിരിക്കുന്ന ഉൾനാടൻ കച്ചവടത്തിൽ പിടിമുറുക്കുവാൻ പുഴ പടിഞ്ഞോട്ടു തിരിയുന്ന ലന്തൻ ബത്തേരിയുടെ മുനമ്പിൽ, ലന്തക്കാർ അഞ്ചു പീരങ്കികൾ സ്ഥാപിച്ചതായി നോവലിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നാവാം ലന്തൻബത്തേരി എന്നസ്ഥലനാമത്തിന്റെ ഉത്പത്തി നോവലിസ്റ്റ് കണ്ടെ ടുക്കുന്നത്.

"ആധുനികതയിൽ സ്ഥലം പ്രമേയഭാഗമായി മാറി. കഥയുടെ വൈകാരി കത അഭംഗുരം നിലനിർത്തുന്ന നിർവഹണ പശ്ചാത്തലം എന്ന നിലവിട്ട് സാംസ്കാരമണ്ഡലം എന്ന നിലയിലേക്ക് സ്ഥലം മാറി കഥയ്ക്കു ജന്മം നൽകി,

കഥയിലുടനീളം അതാര്യമായ ഒരു രംഗപടം പോലെ സന്നിഹിതമാകുകയും വിപുലമായി വിവരിക്കപ്പെടുകയും അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നതിനു പകരം, കഥയിലുടനീളം ഒരു സുതാര്യസാന്നിദ്ധ്യവും സാംസ്കാരികമായി കഥയുടെ ഇഴയടുപ്പം നിലനിർത്തുന്ന ഊർജ്ജമായി സ്ഥലം മാറുന്നത് ആധുനികതയിലാണ്. ഇവിടെ സ്ഥലത്തിന്റെ സാമാന്യതക്കുപകരം സാകല്യതയും യാഥാർത്ഥ്യത്തിനുപകരം മിത്തുകളും കഥയിൽ പ്രധാനമാകുന്നു. അഥവാ സ്ഥലം തന്നെ ഒരു അദൃശ്യ ആഖ്യാതാവായി മാറുന്നു "[31]

അധിനിവേശ കാലഘട്ടത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളിലൊന്നാണ് ഡച്ച്-പോർട്ടുഗീസ് യുദ്ധം. പോർട്ടുഗീസുകാരെ തോൽപിച്ച് ഡച്ചുകാർ ആധിപത്യം ഏറ്റെടുത്തു. ഡച്ചുകാർ പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനികളായിരുന്നു. അവർ കത്തോലിക്കരായ പോർച്ചുഗീസുകാരെ കൊന്നൊടുക്കുകയും കൊച്ചിയിലെ പന്ത്രണ്ട് പോർച്ചുഗീസ് പള്ളികളിൽ പത്തും നശിപ്പിക്കുകയും ചെയ്തു. സാന്താക്രൂസ് പള്ളിയെ കുരുമുളക് ഗുദാമാക്കി. ഡച്ചുകാർ പിന്നീട് മതം മാറിയവരും സങ്കരസന്തതികളുമായി ഇവിടെയുണ്ടായിരുന്ന കത്തോലിക്കകാരോട് ശത്രുത മനോഭാവത്തോടെ പെരുമാറി. അത് അസഹനീയമായപ്പോൾ അവർ പോഞ്ഞിക്കരയിലേക്ക് പലായനം ചെയ്തു. സ്വന്തം വിശ്വാസത്തെയും പ്രാണനെയും സംരക്ഷിക്കാൻ കമ്പോഞ്ഞിക്കാട്ടിലേക്ക് പലായനം ചെയ്തവരാണ് ലന്തൻബത്തേരിയിലെ ദേശവാസികൾ.

നോവലിൽ ജെസീക്കയുടെ കുടുംബചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട് മത്തേവുശാരിയുടെയും മറ്റിൽഡയുടെയും മകളാണ് ജെസീക്ക. വൈപ്പിനിൽ നിന്ന് ലന്തൻബത്തേരിയിലെത്തിയവരാണ് ജെസീക്കയുടെ കുടുംബക്കാർ. പോണിഗ്യൂസ്ലർ എന്ന കപ്പൽപ്പണിക്കാരൻ അധിനിവേശകാലത്ത് ഏറെ പ്രശസ്തനായിരുന്നു. അയാളുടെ മകനും കപ്പൽപണിയിൽ വിദഗ്ദ്ധനായിരുന്നു. പോണിഗ്യൂസ്ലറുടെ മകനായ കൊർണ്ണേലിയസിന്റെ അരികിൽ ജെസീക്കയുടെ അപ്പൂപ്പന്റെ അപ്പനായ ലൂയിയാശാരി കപ്പൽപണി പഠിക്കാൻ പോയെങ്കിലും അയാൾ പ്രത്യേകിച്ചൊന്നും പഠിപ്പിച്ചില്ല. 1864-ൽ കൊർണ്ണേ

ലിയസ് നിർമ്മിച്ച ഫത്തേസവദ് എന്ന കപ്പൽ കടലിൽ ഇറക്കിയ ദിവസം ളൂയിശാരി പണിപ്പുരയിൽ നിന്ന് കപ്പൽപണിയുടെ കണക്കുകൾ മോഷ്ടിച്ചു. അവിടെ നിന്ന് പുറത്താക്കപ്പെട്ട അയാൾ ലന്തൻ ബത്തേരിയിലെത്തി. അയാളുടെ മകൻ മാർക്കോസ് കടലിൽ പോയി മരിച്ചെന്നു വിശ്വസിക്കപ്പെടുന്നു. മാർക്കോസിന്റെ മകനാണ് മത്തേവുസാശാരി. പിന്നീട് ആ കുടുംബത്തിലെ ആശാരിമാർ ജനിക്കുന്നത് നെറ്റിയിൽ കണക്കുകട്ട എന്ന പാടുമായാണ്. അങ്ങനെ അവരുടെ വീട്ടുപേർ കണക്കുകട്ടത്തിൽ എന്നായി മാറി.

ലന്തൻബത്തേരിയിലെ ലുത്തിനിയകളിൽ സ്ഥലകാല പാരസ്പര്യം ജെസീക്കയുടെ കഥാഖ്യാനത്തിൽ നിന്ന് തന്നെ തുടങ്ങുന്നു. കാലത്തിലൂടെയും സ്ഥലത്തിലൂടെയും ഒരു ജനതയുടെ സംസ്കാരത്തെ അടയാളപ്പെടുത്തുമ്പോൾ അത് സാങ്കല്പികമെന്നതിനപ്പുറം യാഥാർത്ഥ്യത്തോട് അടുപ്പം കാണിക്കുന്ന തായിരിക്കണം. അതുകൊണ്ടുതന്നെ സാങ്കൽപ്പിക ദ്വീപിന്റെ കഥ പറയുമ്പോൾ തന്നെ യഥാർത്ഥ ദ്വീപുകളിൽ ജീവിച്ചിരുന്ന ജനതയുടെ സാമൂഹിക രാഷ്ട്രീയ സാംസ്കാരികതലങ്ങളോട് ചേർത്തുവെയ്ക്കുന്ന ആഖ്യാനമാണ് നോവലിൽ എഴുത്തുകാരൻ സ്വീകരിച്ചിരിക്കുന്നത്. സ്ഥലകാലങ്ങളെ ശൂന്യതയിൽ നിർത്താനാവില്ല. അതിന് ശക്തമായ അടിത്തറ എഴുത്തുകാരൻ കണ്ടെടു ക്കുന്നത് ചരിത്രത്തിലാണ്. ചരിത്രത്തിന്റെ പുനരാഖ്യാനമല്ല. ചരിത്രം ഉറങ്ങി കിടന്ന സ്ഥലകാലങ്ങളിലൂടെയുള്ള യാത്രയാണത്. അധിനിവേശകാലഘട്ട ത്തോടൊപ്പം കഴിഞ്ഞ ദശകങ്ങളിലുണ്ടായ സാമൂഹികരാഷ്ട്രീയ പരിണാമങ്ങൾ ജനത ഏറ്റു വാങ്ങിയതിന്റെ സാക്ഷ്യപ്പെടുത്തൽ കൂടിയാണ് ഈ നോവൽ പങ്കുവെയ്ക്കുന്നത്.

സ്ഥലകാലങ്ങളിലൂടെ പിന്നോട്ടും മുന്നോട്ടും സഞ്ചരിക്കുന്ന കഥാപാത്രങ്ങളിലൂടെ ഒരു കാലഘട്ടത്തിന്റെ കഥപറയുകയാണ്. ഭൂതകാലം സമ്പന്നമായ ഓർമ്മപ്പെടുത്തൽ മാത്രമല്ല ഭിന്നസംസ്കാരങ്ങളെ, വിഭിന്നവർഗ്ഗങ്ങളെ സ്ഥലത്തിന്റെ പരിധിയിൽ കോർത്തിണക്കി കൊണ്ട് നൂതനസംസ്കാരം രൂപപ്പെട്ട ഒരു ദ്വീപിലെ ജനങ്ങളുടെ ജീവിതം കൂടിയാണ്.

ജെസീക്കയിലൂടെ കാലം പിന്നോട്ടു നീങ്ങി ഭൂതകാലം ഇതൾവിടർത്തുന്നതോടൊപ്പം സമകാലികതയിലൂടെ നടന്നുനീങ്ങുന്ന ആഖ്യാനം നോവലിൽ കാണാം. കാലവും ജീവിതവും തമ്മിലുള്ള അഭേദ്യബന്ധം നോവലിന്റെ അടിസ്ഥാനം തന്നെയാണ്. സാഹിത്യവും ചരിത്രവും തമ്മിൽ നൂലിഴകളുടെ വ്യത്യാസമേയുള്ളുവെന്ന് തോന്നുന്ന രചനാവൈഭവം ഈ കൃതി നൽകുന്നു. അതുകൊണ്ടു തന്നെ ഒരു നാടിന്റെ ജനതയുടെ കഥ പറയുമ്പോൾ അത് ദേശചരിത്രമായി പരിണമിക്കുന്നു. രാഷ്ട്രം/സ്ഥലം, ചരിത്രം/കാലം എന്നീ വേർത്തിരിവുകൾക്കപ്പുറം മാറി വരുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ, സാമൂഹികസാഹചര്യങ്ങളുടെ സംഘർഷ ഭൂമികയിൽ നിസ്സഹായരായി പോകുന്ന കഥാപാത്രങ്ങളാണ് ജെസീക്കയും രാഘവനും. പുതിയ കാലഘട്ടങ്ങളെ സൃഷ്ടിക്കുന്ന പ്രത്യയശാസ്ത്രവും സാമുദായികശക്തികളും സമകാലികമായ ലോകത്തിനു മുമ്പിൽ വെയ്ക്കുന്ന ഉദാത്തമാതൃകകൾ പലപ്പോഴും ശൂന്യതമാത്രമാണ് സൃഷ്ടിക്കുന്നതെന്ന് നോവലിലൂടെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു.

വ്യത്യസ്തരായ അനേകം വ്യക്തികൾ കഥാപാത്രങ്ങളായി കടന്നുവരുന്ന വിശാലമായ ക്യാൻവാസാണ് നോവലിന്റേത്. കഥാഗാത്രത്തിനു യോജിച്ച വിധത്തിലുള്ള കഥാപാത്രചിത്രീകരണമായിരിക്കണം നോവലിൽ എഴുത്തുകാരൻ പിന്തുടരേണ്ടത്. ഓരോ കഥാപാത്രത്തിനും ആന്തരികമായ സ്വത്വബോധമുണ്ടായിരിക്കും. അയാൾ സമൂഹത്തോടും ഇതര വ്യക്തികളോടും ജീവിതത്തോടും പുലർത്തുന്ന സമീപനങ്ങളും അതിനാൽ പ്രധാനമായിത്തീരുന്നു. നോവലിൽ കടന്നുവരുന്ന ഒരു കഥാപാത്രമാണ് സന്ത്യാഗു. അദ്ദേഹത്തിന്റെ പിതാവ് ചവിട്ടുനാടക കലാകാരനായിരുന്നു. അതിനാൽ ചവിട്ടു നാടകത്തോടുള്ള അദ്ദേഹത്തിന്റെ ബന്ധം ജന്മസിദ്ധമാണ്. കള്ളുഷാപ്പിലിരുന്ന് ചവിട്ടുനാടകത്തിന്റെ ശീലുകൾ പാടി തിമിർക്കുകയാണ് സന്ത്യാഗുവും കൂട്ടരും. കള്ളുഷാപ്പാണ് ഇവിടെ കഥ നടക്കുന്ന സ്ഥലം. നാട്ടിൻപുറത്തെ സാധാരണക്കാരുടെ ജീവിതത്തിന്റെ ഭാഗം തന്നെയാണ് കള്ളുഷാപ്പുകൾ. അതിനെ

പശ്ചാത്തലമാക്കി സന്ത്യാഗു ചവിട്ടു നാടകത്തിന്റെ ശീലുകൾ നീട്ടിപാടുന്നു. "പാലത്തിൽ നിന്ന് അവർ കിഴക്കേപ്പുഴയുടെ മറുകരയായ എറണാകുളത്തെ വൈദ്യുതവിളക്കുകളെ നോക്കി. പടിഞ്ഞാറെപ്പുഴയ്ക്ക് അപ്പുറത്തെ ദ്വീപുകളിലെ രാത്രിയെ സൂചികുത്തുന്ന മൂട്ടവിളക്കുകളെയും "[32] ഈ വർണ്ണനരാത്രിയെ അടയാളപ്പെടുത്തുന്നതോടൊപ്പം പുഴയ്ക്കപ്പുറവും നഗരവത്കരണത്തിന്റെ മാസ്മരികതയുടെ വൈദ്യുത ദ്വീപങ്ങളും ദ്വീപുകളിലാകട്ടെ മൂട്ടവിളക്കുകളുമാണ് എന്ന പരാമർശം രണ്ട് സംസ്കാരങ്ങളെ അവതരിപ്പിച്ചിരിക്കുന്നു.

സന്ത്യാഗു കള്ളുഷാപ്പിലിരുന്ന് ചവിട്ടുനാടകത്തെ പുനരാവിഷ്കരിക്കുന്നു. അവിടെ കൂടി നിന്നിരുന്നവരെല്ലാം കഥാപാത്രങ്ങൾ. മേശപ്പുറത്ത് തമ്പോറടിച്ചും ചുവടുവെച്ചാടിയും അവർ ചവിട്ടുനാടകം അവതരിപ്പിക്കുന്നു. ഗാന്ധിചരിതമാണ് സന്ത്യാഗു അവതരിപ്പിച്ച ചവിട്ടുനാടകം. നാടകത്തിൽ ഗോഡ്സെയെ വധിക്കുന്ന ഗാന്ധിയെയാണ് സന്ത്യാഗു അവതരിപ്പിച്ചത്. ഇത് ഒരു കാഴ്ചപ്പാടാണ്. സാധാരണക്കാരന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടു ആരാണ് യഥാർത്ഥത്തിൽ വധിക്കപ്പെടേണ്ടത് എന്ന ചോദ്യത്തെ പുനർവിചിന്തനത്തിന് വിടേണ്ടതാണ് എന്ന സാമൂഹികരാഷ്ട്രീയ പരിപ്രേക്ഷ്യത്തിലേക്ക് കൊണ്ടുപോകുകയാണ് സന്ത്യാഗുവിലൂടെ മാധവൻ ചെയ്യുന്നത്.

### 3.6.1 ലന്തൻബത്തേരിയിലെ രാഷ്ട്രീയ സ്ഥലകാലങ്ങൾ

തണ്ണീർമത്തൻ വർഷങ്ങൾ എന്ന രണ്ടാം അദ്ധ്യായത്തിൽ ലന്തൻബത്തേരിയിൽ മാർക്സിസം കടന്നുവരുന്നതിനെ വ്യംഗ്യമായി അവതരിപ്പിക്കുന്നു. ജെസീക്കയുടെ ജനനകാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധനത്തിന് കീഴിലായിരുന്നു. രാഘവനും ഷേണായിയുമായിരുന്നു ലന്തൻബത്തേരിയിലെ പ്രധാന കമ്മ്യൂണിസ്റ്റുകാർ. അവർ മാർക്സിന്റെയും ലെനിന്റെയും ചിത്രങ്ങൾ അവിടെ കൊണ്ടു വന്നു വെച്ചു. വൈപ്പിനിൽ വെച്ച് മുഹമ്മദീയരും ക്രിസ്ത്യാനികളും തമ്മിലുണ്ടായ മീൻകച്ചവടത്തെപ്പറ്റിയുള്ള തർക്കത്തിൽ പാർട്ടി ഏതു നിലപാടെടുക്കുമെന്ന് രാഘവൻ ഷേണായിയോട് ചോദിക്കുമ്പോൾ ലഭിക്കുന്ന മറുപടി ഇതാണ്.

"മേൽക്കമ്മിറ്റി സഖാവിന്റെ റിപ്പോർട്ട് ഭൂതക്കണ്ണാടി വച്ച് പരിശോധിക്കും. കത്തിൽ തൊഴിലാളി ഐക്യം ഉണ്ടോ, രക്തസാക്ഷി ഉണ്ടോ എന്നെല്ലാം നോക്കും. ഇല്ലെങ്കിൽ ശാസിക്കും. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന മാർക്സിന്റെ ക്വട്ടേഷനടിച്ച് അവർ വൈപ്പിൻ പ്രശ്നം പരിഹരിക്കും "[33]

യഥാർത്ഥ കമ്മ്യൂണിസത്തിൽ നിന്ന് എങ്ങനെ പാർട്ടി പ്രവർത്തകർ മാറി ചിന്തിക്കുന്നുവെന്ന് വിമർശനാത്മകമായി വിലയിരുത്തേണ്ടതുണ്ട്. രക്തസാക്ഷികളെ സൃഷ്ടിക്കുകയും പ്രത്യയശാസ്ത്രത്തെ അവഗണിച്ചുകൊണ്ട് പ്രശ്നങ്ങളെ മൂടിവെയ്ക്കുകയും പരിഹരിക്കാതിരിക്കുകയും ചെയ്യുന്ന സഖാക്കളെ നോവലിൽ കാണാം. എന്നാൽ രക്തസാക്ഷികൾ ഉണ്ടാകുന്ന അവസ്ഥ മാത്രമല്ല അവയ്ക്ക് പുറകിൽ കണ്ണീരണിഞ്ഞ അമ്മമാരുണ്ടെന്ന് ഷേണായി മനസ്സിലാക്കിയിട്ടുണ്ട്. കെ.യു.ദാസ് എന്ന രക്തസാക്ഷിയെക്കുറിച്ച് നോവലിൽ അനുസ്മരിക്കുന്നുണ്ട്. 'അന്ന് മുതൽ രക്തസാക്ഷി എനിക്ക് പാർട്ടി വാക്കല്ല എന്റെ ഫ്രണ്ടാണ്' എന്നയാൾ പറയുന്നുണ്ട്.

1948 കാലത്തെ കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരുടെ ജീവിതത്തെ നോവലിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. നിരവധി സഹനങ്ങളിലൂടെ ഉയിർ കൊണ്ട പാർട്ടിയുടെ തുടക്കകാലത്തെ പ്രവർത്തനങ്ങൾ സുഗമമായിരുന്നില്ല. ഭരണാധികാരികളുടെ നിരോധനങ്ങളും അടിച്ചമർത്തലുകളും കമ്മ്യൂണിസ്റ്റ് പാർട്ടി നേരിടുകയുണ്ടായി. ഈ വസ്തുതകളെ സത്യസന്ധമായി മാധവൻ നോവലിൽ ആവിഷ്കരിച്ചിട്ടുണ്ട്. "ഏത് പ്രകരണവും അടിസ്ഥാനപരമായി നിർണ്ണയിക്കപ്പെടുന്നത് സ്ഥലകാലഘടകങ്ങളാണെന്നും സംഭവങ്ങളുടെയും പ്രവൃത്തികളിലൂടെയും പ്രകൃതം നിർണ്ണയിക്കുന്ന രൂപപരമായ പ്രത്യയശാസ്ത്രമാണ് സ്ഥലകാലയുഗ്മം"[34]

ഇത്തരത്തിൽ കമ്മ്യൂണിസം ലന്തൻബത്തേരിയിൽ യാഥാർത്ഥ്യമായും കഥകളായും അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. അഞ്ചുവയസ്സുള്ളപ്പോൾ പള്ളിയിലെ അമ്പുപെരുന്നാളിന് പോയ ജെസീക്ക ജനാധിപത്യ യുവജനസംഘത്തിന്റെ ഓഫീസിൽ എത്തിച്ചേരുന്നു. അവിടെത്തെ സഖാക്കളോട് ഈ കുടുംബജീവിതം

നല്ലതാണോ ചീത്തയാണോ എന്നവൾ ചോദിക്കുന്നുണ്ട്. അതിന് പിന്നെ ഉത്തരം തരാമെന്ന് പറഞ്ഞ് ഷേണായി ഒഴിഞ്ഞുമാറുന്നു. ഏംഗൽസിന്റെ 'കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം 'എന്ന പുസ്തകത്തെക്കുറിച്ചാണ് ഇവിടെ രാമചന്ദ്രഷേണായി സൂചിപ്പിക്കുന്നുണ്ട്.

ലന്തൻബത്തേരി എന്ന ഭൂമികയിൽ കമ്മ്യൂണിസത്തിന്റെ പ്രചാരകനായാണ് ഷേണായി എത്തിച്ചേരുന്നത്. സ്വന്തം ദേശത്തു നിന്നും മറ്റൊരു ദേശത്ത് എത്തി അവിടെ പാർപ്പുറപ്പിക്കുന്ന രാമചന്ദ്രഷേണായി ദേശമെന്ന സങ്കൽപത്തെ വെല്ലുവിളിക്കുന്നു. ചെല്ലുന്നിടമെല്ലാം സ്വന്തം ദേശമാകുന്ന മാനവികതാ ബോധം ഇവിടെ ദൃശ്യമാണ്. കമ്മ്യൂണിസവും മറ്റൊരു ദേശത്തു നിന്ന് പ്രചരിച്ച പ്രത്യയശാസ്ത്രമാണ്. എന്നാൽ അത് ജനതയെ സമുദ്ധരിക്കാൻ പ്രാപ്തമാണെന്ന തിരിച്ചറിവാണ് അതിനെ കേരളത്തിൽ പ്രസ്ഥാനവത്കരിച്ചത്.

ലന്തൻബത്തേരിയുടെ സ്ഥലപരിസരത്തേക്ക് ജനാധിപത്യയുവജന സംഘമായി കടന്നുവന്ന ഈ പ്രസ്ഥാനം പിന്നീട് ശക്തിയാർജ്ജിച്ചു. എം.കെ.കൃഷ്ണൻ, പി.വി.ചെറിയാൻ, പി.കെ. കൊടിയൻ, എം.എം.ലോറൻസ് എന്നീ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെക്കുറിച്ച് നോവലിൽ പരാമർശിക്കുന്നുണ്ട്. ഇവരെല്ലാം ലന്തൻബത്തേരിക്കാരല്ല. ദ്വീപുകളിൽ പാർട്ടി പ്രവർത്തനം നടത്തിയിരുന്നവരാണ്. എം.എം.ലോറൻസ് മുളവുകാടുകാരനായിരുന്നു. പോലീസ് സ്റ്റേഷൻ ആക്രമണത്തിൽ പ്രതിയായ അദ്ദേഹത്തെ തേടി ലന്തൻബത്തേരിയിൽ പോലീസുകാർ ചെന്നിരുന്നു. ഈ സംഭവങ്ങൾ നോവലിൽ അവതരിപ്പിച്ചിട്ടുണ്ട്. സംഭവപരിസരങ്ങളിലൂടെ സ്ഥലകാലങ്ങളെ മുന്നോട്ടു നയിക്കുന്നു. ആഖ്യാനമാണ് നോവൽ പിന്തുടരുന്നത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം ലന്തൻബത്തേരിയുടെ സാമൂഹികചലനമായിരുന്നു.

"രാവുണ്ണി മേനോനെ പോലീസ് പിടിച്ചതിനെപ്പറ്റി നോവലിൽ പറയുന്നുണ്ട്. നോവലിലെ മേനോൻ യഥാർത്ഥജീവിതത്തിൽ തമ്പാനായിരുന്നു. പോലീസ് മർദ്ദനം മൂലം മേനോൻ മണി മണിപോലെ എല്ലാവരുടെയും പേര് പറഞ്ഞു. അതു വാസ്തവമാണ്. ആലുവ പ്രദേശത്താണ് അറസ്റ്റുണ്ടായത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രഹസ്യസംഘടനയുടെ കേന്ദ്രമാണ് പൊളിഞ്ഞത്. പ്രമുഖ നേതാക്കന്മാരായ ഇ.എം.എസ്. നമ്പൂതിരിപ്പാടും, കെ.സി.ജോർജ്ജും ഷെൽട്ടർ വിട്ടിറങ്ങി ഓടിപോലും. വിക്കുള്ള നമ്പൂതിരിപ്പാട്, മുടന്തുള്ള ജോർജ്ജ്. രണ്ടുപേരും തിരിച്ചറിയപ്പെടാൻ എളുപ്പം. പക്ഷേ അവർ പിടിക്കപ്പെട്ടില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി വൃത്തങ്ങളിൽ അവരുടെ രക്ഷപ്പെടൽ ഒരു ലജന്റായി പ്രചരിച്ചിരുന്നു"[35]

നോവലിൽ പരാമർശിക്കുന്ന കമ്മ്യൂണിസ്റ്റ് ചരിത്രത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളാണ് പാർട്ടിയിലെ പിളർപ്പും വിമോചനസമരവും. ഇറ്റലിയിൽ നിന്ന് ഓരോ കാലഘട്ടങ്ങളിൽ ഇന്ത്യയിലേക്ക് വന്നവർ 1441-ൽ നിക്കാളസ്കോണ്ടി, ആർച്ച് ബിഷപ്പ് ലുഡൊവികെ മാർട്ടിനി, എന്നിവരാണ് 1842ലും 1958 മാക്റോണിയും പഞ്ഞമാസങ്ങളിൽ അരി കിട്ടാതായതോടെ ഇറ്റലിയിൽ നിന്ന് ന്യായവിലക്കടകളിൽ മാക്റോണി എത്തിച്ചു. ലന്തൻബത്തേരിയിലെ ജനാധിപത്യ യുവജനസംഘം അതിന്റെ പ്രചാരകരായി. എന്നാൽ ലന്തൻ ബത്തേരിയിലെ പ്രധാനസുവിശേഷ പ്രാസംഗികനായ ലോറൻസ് പള്ളത്ത് മക്റോണിയെയും ഇ.എം.എസിനെയും വിമർശിച്ചു. ഭക്ഷ്യമന്ത്രിയായ കെ.സി.ജോർജ്ജ് വിതരണം ചെയ്യുന്ന മക്റോണി ഗോതമ്പുമാവിന്റെ വകഭേദമാണ്. കമ്മ്യൂണിസ്റ്റു മന്ത്രിമാരായ ജോസഫ് മുണ്ടശ്ശേരി, ഇ.എം.എസ്, വി.ആർ.കൃഷ്ണ അയ്യർ, കെ.സി.ജോർജ്ജ് എന്നിവർ നടത്തുന്ന സാങ്കല്പിക ജാഥയെക്കുറിച്ച് ലോറൻസ് പറയുന്നത് സാത്താന്റെ ജാഥയെന്നാണ്. പട്ടിണി കിടന്നാലും മക്റോണി വേണ്ടെന്ന് അയാൾ പ്രസംഗിക്കുന്നു. അപ്പോഴാണ് ജെസീക്കയുടെ ചോദ്യം.

അപ്പോൾ തിരുവോസ്തിയോ ?

മക്റോണിയും തിരുവോസ്തിയും ഗോതമ്പു മാവുകൊണ്ടുള്ളതാണെന്ന് തിരിച്ചറിയുന്ന ജെസീക്ക ലോറൻസ് പള്ളത്തിന്റെ പ്രസംഗത്തിലെ അധാർമ്മികത തിരിച്ചറിഞ്ഞതിന്റെ പേരിൽ ദൈവനിഷേധിയാകുന്നു. അവൾ

പീഡനങ്ങളിലേക്ക് വഴുതി വീഴുന്നു. രാജന്റെ കഥാപ്രസംഗത്തിലെ സത്യസന്ധതയില്ലായ്മ അവളെ കഥകളിൽ നിന്നും അകറ്റി.

"പ്രത്യയശാസ്ത്രം നിറച്ച കഥകളോടുള്ള നായികയുടെ വെറുപ്പ് കഥയുടെ വിശുദ്ധിയെക്കുറിച്ചുള്ള എഴുത്തുകാരന്റെ വിശ്വാസത്തിന്റെ പകർപ്പ് തന്നെയാണ്. പ്രത്യയശാസ്ത്രം കഥയുടെ വിശുദ്ധി നശിപ്പിക്കുമെന്നും അത് ഒഴിവാക്കപ്പെടണമെന്നുമുള്ള യുക്തി ഇവിടെ പ്രവർത്തനക്ഷമമാകുന്നുണ്ട്."[36]

1959 ജൂൺ 6-ാം തിയതി കമ്മ്യൂണിസ്റ്റുകാരെ ഭരണത്തിൽ നിന്നും താഴെ ഇറക്കുവാനുള്ള പ്രക്ഷോഭം ആരംഭിച്ചു. തുടർന്ന് ലന്തൻബത്തേരിയിലുണ്ടായ സംഭവവികാസങ്ങൾ നോവലിസ്റ്റ് വിശദമാക്കുന്നുണ്ട്.

"അരിക്ഷാമം രൂക്ഷമാവുകയും വില കുതിച്ചുയരുകയും ചെയ്തപ്പോൾ റേഷൻ കാർഡുടമകൾക്ക് ന്യായവിലയ്ക്ക് അരി ലഭ്യമാക്കുന്നതിനുവേണ്ടി ആന്ധ്രയിൽ നിന്ന് 5000 ടൺ അരി വാങ്ങാൻ സർക്കാർ തീരുമാനിച്ചു. അതിലാണ് അഴിമതി നടന്നുവെന്ന് കോൺഗ്രസ്സുകാർ ആക്ഷേപിച്ചത്. അനാവശ്യവും ദുരുപദിഷ്ടവുമായ ആരോപണമാണെന്ന് എല്ലാവർക്കും ഉറപ്പായിരുന്നു. എന്നിട്ടും സർക്കാർ ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടു. ജ.പി.ടി.രാമൻ നായർ നടത്തിയ അന്വേഷണത്തിൽ കെ.സി. ജോർജ്ജുൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റുകാരുടെ ആദർശവിശുദ്ധി ആവർത്തിച്ചു തെളിയിക്കപ്പെട്ടു. പക്ഷേ കോൺഗ്രസ്സുകാരുടെയും ജന്മിത്വ താൽപര്യക്കാരുടെയും ക്രോധവും അങ്കലാപ്പും ആശങ്കയും അടങ്ങിയിരുന്നില്ല. അവർ വിദ്യാഭ്യാസ ബില്ലിനെയും കാർഷികബന്ധനിയമത്തെയും ദുർവ്യാഖ്യാനം ചെയ്തു. അതുവഴി സാമുദായികമതശക്തികളെ പ്രകോപിപ്പിക്കുവാനും സർക്കാരിനെതിരെ രംഗത്തിറക്കുവാനും ആസൂത്രിതമായ ശ്രമം നടത്തി. ക്രൈസ്തവ-നായർ സമുദായങ്ങളും കോൺഗ്രസ്സും തോളോട് തോളുരുമ്മി നിന്നാണ് വിമോചനസമരത്തിൽ പങ്കുചേർന്നത്. പള്ളികളിൽ ഇടയലേഖനങ്ങൾ വായിക്കുകയും മതവികാരം ഉദ്ദീപിപ്പിക്കുകയും ചെയ്തു. പള്ളിക്കൂടങ്ങൾ അടിച്ചിട്ടു."[37]

പ്രസ്തുത സംഭവങ്ങൾ സ്ഥലകാലങ്ങൾ രേഖപ്പെടുത്തികൊണ്ട് നോവലിൽ അവതരിപ്പിച്ചിട്ടുണ്ട്. വിമോചനസമരത്തെതുടർന്ന് നടന്ന വെടിവെയ്പ്പും അതിൽ മരിച്ചവരും ലന്തൻബത്തേരിയിൽ മൂകത സൃഷ്ടിച്ചു. വിമോചനസമരത്തിന് മുദ്രവാക്യങ്ങളെഴുതാൻ സി.ജെ. തോമസും ആർ.എസ്.പി.ക്കാരൻ കെ.ബാലകൃഷ്ണനും വന്നു. ബ്രദർ വടക്കന്റെ കമ്മ്യൂണിസ്റ്റ് വിരുദ്ധപ്രസംഗം, 1956 നവംബറിൽ ഇമ്രെനാഗി എന്ന കമ്മ്യൂണിസ്റ്റുകാരൻ ഹങ്കറിയുടെ പ്രധാനമന്ത്രിയാവുന്നതും മറ്റും നോവലിൽ ആവിഷ്കരിച്ചിട്ടുണ്ട്. നോവലിസ്റ്റ് സ്ഥലകാലത്തോട് ഇണങ്ങിയ ആഖ്യാനമാണ് നോവലിൽ പിന്തുടരുന്നത്. വർഷം, ദിവസം എന്നീ കാലസൂചകങ്ങളും, സംഭവങ്ങൾ നടന്ന സ്ഥലം എന്നിവയിലൂടെ സ്ഥലസൂചകങ്ങളും നോവലിൽ കാണാം. ഇത്തരത്തിൽ സ്ഥലകാല ഇഴയടുപ്പം നോവലിന്റെ കഥാഗതിയെ മുന്നോട്ടു നയിക്കുന്നു.

1964–ലെ പ്രധാനസംഭവങ്ങളായി പറയുന്നത് നയാപൈസ വെറും പൈസയായി. കൂടാതെ 1964 ഏപ്രിൽ ലന്തൻബത്തേരിയിലെ കൊട്ടാരം കടവിൽ എ.കെ.ജി.വന്നു. ലന്തൻബത്തേരിയിൽ വലതു കമ്മ്യൂണിസ്റ്റ് പാർട്ടി അനുഭാവിയായി രാഘവൻ മാത്രമേ ഉണ്ടായിരുന്നുള്ളു. രാഘവനും ഷേണായിയും പാർട്ടി പിളർന്നതിനുശേഷം കണ്ടുമുട്ടുന്ന രംഗം നോവലിൽ ആവിഷ്കരിച്ചിക്കുന്നതിപ്രകാരമാണ്.

“രക്തസാക്ഷികൾ ഉണ്ടാക്കിയ സ്ഥലങ്ങൾ ആദ്യം വീതിച്ചെടുക്കാം. ആയിരക്കണക്കിന് സഖാക്കൾ മരിച്ചു വീണ വയലാർ പുന്നപ്രയിൽ തുടങ്ങാം. സഖാവിന് ഏത് വേണം. വയലാറോ പുന്നപ്രയോ ഈ രണ്ടു വിരലുകളിലൊന്നു തൊടൂ.”[38]

രാഘവൻ ഷേണായിയോട് പറയുന്ന ഈ വാക്കുകൾ കമ്മ്യൂണിസത്തിന്റെ അപചയത്തിലേക്ക് വിരൽ ചൂണ്ടുന്നു. പുതിയ പ്രതീക്ഷകളും പ്രത്യയശാസ്ത്രവുമായി ജനങ്ങളുടെ ഇടയിലേക്ക് കടന്നുവന്ന കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്ക് പിൽക്കാലത്ത് സംഭവിച്ച ദിശാമാറ്റം പല എഴുത്തുകാരുടെയും

കൃതികളിലും സർഗ്ഗാത്മകമായ പ്രതികരണങ്ങളായി കാണാൻ സാധിക്കും. ധർമ്മപുരാണത്തിലെ സ്ഥലകാലങ്ങളെക്കുറിച്ചുള്ള പഠനത്തിൽ സ്മിതാഗോപാൽ ഇത് വ്യക്തമാക്കുന്നുണ്ട്.

"മനുഷ്യനിന്നു കിട്ടിയിട്ടുള്ളതിൽ വെച്ച് ഏറ്റവും സുന്ദരമായ വാഗ്ദാനമാണ് കമ്മ്യൂണിസം. ആവർത്തിക്കുന്ന വിപ്ലവത്തിലൂടെ കമ്മ്യൂണിസം നേടിത്തരുന്ന സ്വാതന്ത്ര്യവും പൊട്ടിച്ചെറിയുന്ന വിലങ്ങുകളും വിജയനെ ആദ്യകാലത്ത് പ്രത്യാശാഭരിതനാക്കിയിരുന്നു. എന്നാൽ അധികാരാർജ്ജന ത്തിനുശേഷം പീഡനയന്ത്രമായി പരിണമിച്ച ഓരോ കമ്മ്യൂണിസ്റ്റുഭരണകൂടവും വിജയനെ നിരാശനാക്കി. ഈ കഠിനമായ നിരാശ ക്രൂരമായ ആക്ഷേപ ഹാസ്യമായി ധർമ്മപുരാണത്തിൽ ഉടനീളം പ്രത്യക്ഷപ്പെടുന്നു. ഇതിന്റെ സൂചകമായാണ് സോവിയറ്റ് നാടുകളെ താർത്താരി കുരിശായി വിജയൻ പ്രതീകവത്ക്കരിച്ചിരിക്കുന്നത്. യുദ്ധം, കമ്മ്യൂണിസം, വിപ്ലവം, വംശീയത എന്നിവയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ വിജയന്റെ എല്ലാ കൃതികളി ലുമുണ്ട്."[39]

നോവലിലെ രാഘവൻ എന്ന കഥാപാത്രം നേരിടുന്ന ധാർമ്മിക സംഘർഷം ഇതുതന്നെയാണ്. നിലനിൽക്കുന്ന വ്യവസ്ഥ, അധികാരം, പൊതുസമൂഹം എല്ലാം പുതിയ മാറ്റങ്ങളിലൂടെ കടന്നുപോകുമ്പോൾ ആദർശത്തിന് വിലയില്ലാതാവുന്നു. പുസ്തകകടയിലെ റഹ്മാൻ, സ്റ്റാലിന്റെ പുസ്തകങ്ങൾ ചാക്കിലേക്ക് ഇടുന്നു. റഷ്യൻ കടലാസ് മാലപ്പടക്കം ഉണ്ടാക്കാൻ നല്ലതാണെന്ന് പറയുമ്പോൾ മാർക്സിന്റെ 'ദാസ് ക്യാപ്പിറ്റലിനും' തോപ്പിൽ ഭാസിയുടെ 'ഒളിവിലെ ഓർമ്മകൾക്കും' ഇടയിലിരുന്ന 'മാർക്സിസം ആന്റ് നാഷണൽ ക്വസ്റ്റിൻ 'എന്ന പുസ്തകം ചാക്കിലിട്ട് രാഷ്ട്രീയ പ്രവർത്തനം നടത്തിയ സുഖത്തോടെ നടന്നുപോകുന്ന രാഘവൻ പുതിയ പാഠനിർമ്മി തിയുടെ വക്താവാണ്. പുസ്തകങ്ങൾ ജ്ഞാനരൂപങ്ങളാണ്. ഒരു ജനതയെ മുന്നോട്ടു നയിച്ച ആശയസംഹിതകൾ കാലഹരണപ്പെട്ടുപോകുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ധാർമ്മികത നഷ്ടപ്പെട്ട്, ആദർശം വലി

ച്ചെറിഞ്ഞ്, ജനങ്ങളെ മറന്ന പാർട്ടിയോടും സഖാക്കളോടും രാഘവൻ പാർട്ടിയെ രൂപപ്പെടുത്തിയ പ്രത്യയശാസ്ത്രത്തെ വലിച്ചെറിഞ്ഞാണ് പ്രതികരിക്കുന്നത്.

രാഘവന് തന്റെ പാർട്ടിയോടുള്ള ആത്മബന്ധം തീവ്രമാണ്. ആത്മാർത്ഥതയാണ് അയാളെ ഭരിക്കുന്നത്. ഷേണായിയോട് അയാൾ വേദനയോടെ വിളിച്ചുപറയുന്നുണ്ട്. "താൻ എന്നെ ഒരിക്കലും സഖാവെ എന്നു വിളിച്ചില്ലല്ലോടോ"[40] ഈ ദുഃഖം രാഘവന്റെ ആത്മഭാവത്തെ സൂചിപ്പിക്കുന്നു. തന്റെ പാർട്ടിയുടെ ചിഹ്നമായ അരിവാൾ ചുറ്റികയ്ക്കു പുറമെ ഒരു നക്ഷത്രം കൂടി കടന്നുവരുന്നത് രാഘവൻ കാണുന്നു. ആ നക്ഷത്രം പക്ഷേ രാഘവന് ഇരുട്ടാണ്. പുതിയ കാലസമസ്യകളോട് ചേർന്നുപോകാൻ കഴിയാതെ ആത്മസംഘർഷമായി കമ്മ്യൂണിസം രാഘവനിൽ നിറയുന്നു. ആ നിറവ് നോവലിന്റെ അന്തർധാരയായി മാറുന്നു.

ജെസീക്ക പുഷ്പാംഗദ മാഷിന്റെ പീഡനത്തിൽ നിന്ന് രക്ഷപ്പെടുമ്പോഴും നേതാക്കൾ പുഷ്പാംഗദൻമാഷിന്റെ ഒപ്പമാണ് നിൽക്കുന്നത്. പുഷ്പാംഗദൻ മാഷിൽ കുറ്റവാളിയെ സങ്കൽപ്പിക്കാൻ സഖാവ് ജോസഫിനു സാധിക്കുന്നില്ല. ഇപ്രകാരം ഇ.എം.എസ്. മന്ത്രിസഭ, വിമോചന സമരം, പാർട്ടിയിലെ പിളർപ്പ്, അണികളിലെ ചേരിതിരിവ് എന്നിങ്ങനെ പല സംഭവങ്ങളും ലന്തൻബത്തേരി എന്ന സ്ഥലത്തിന്റെ പശ്ചാത്തലത്തിൽ ആഖ്യാനം ചെയ്യുന്നു.

"ഡച്ചുകാരുടെ ബന്ധത്തിൽ നിന്നും മലയാളത്തിനു കിട്ടിയ മികച്ചനേട്ടം ഹോർത്തൂസ് മലബാറിക്കസ് എന്ന സസ്യശാസ്ത്രഗ്രന്ഥം ആണ്. കേരളത്തിലെ എഴുനൂറിൽപ്പരം ഔഷധസസ്യങ്ങളെക്കുറിച്ചുള്ള സചിത്രവിവരണമാണിത്. സസ്യങ്ങളുടെ പേര് മലയാളം, അറബി, ദേവനാഗരി, ലാറ്റിൻ, ലിപികളിൽ എഴുതിയിട്ടുണ്ട്. ഇല, പൂവ്, കായ്, വേര് എന്നിങ്ങനെ സസ്യഭാഗങ്ങളുടെ ചിത്രവും ഉണ്ട്. ഓരോന്നിന്റെയും നിറം, മണം, ഔഷധഗുണം, ഉപയോഗം ഇവ വിവരിക്കുന്നുണ്ട് "[41] ഹോർത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥത്തിന്റെ രചനയെക്കുറിച്ച് നോവലിൽ പരാമർശിച്ചിരിക്കുന്നതിപ്രകാരമാണ്.

ഡച്ച് ഗവർണ്ണറായിരുന്ന വാന്റീഡ്, കൊച്ചിയിലെ സാന്താക്രൂസ് പള്ളി ക്കടുത്തുള്ള, കത്തോലിക്ക സഭയുടെ ഏഷ്യയിലെ ഏറ്റവും വലിയ വായന ശാലയും ജസ്യൂറ്റ് കോളേജും കത്തിച്ചു കളഞ്ഞു. പിന്നീടാണ് കത്തോലിക്ക നായ കർമ്മലീത്ത സഭയിലെ മത്തേവുസുപാതിരിയെ കണ്ടുമുട്ടിയത്. പാതിരി വാൻറീഡിന് മലബാറിലെ സസ്യങ്ങൾ കാണിച്ചുകൊടുത്തു. "അതോടെ ലന്തക്കാരുടെ ക്ഷോഭം അടങ്ങി. വാന്റീഡും കൂട്ടരും മലയാളമണ്ണിൽ നിന്നും കത്തോലിക്കർക്കു പകരം നാട്ടുചെടികൾ പറിച്ചെടുത്തു. മത്തേവുസു പാതിരി ചെടികളെ വരച്ചു. കൊങ്ങിണി വൈദ്യന്മാർ ഗുണദോഷം പറഞ്ഞു. ഒരു കൊച്ചിക്കാരൻ അതിനെ പോർട്ടുഗീസ് ഭാഷയിലേക്ക് ആക്കി. മൂന്നാമത്ത ഭാഷാ ന്തരത്തിൽ ചെടികൾ ലത്തീനിൽ ഹോർത്തൂസ് മലബാറിക്കൂസ് എന്ന പുസ്തകം ആയി"[42] എന്നാൽ ചിലപ്പോഴെങ്കിലും ചരിത്രത്തിലെ ചില പ്രധാന സംഭവങ്ങൾക്ക് തന്റേതായ ചില വെട്ടിച്ചുരുക്കലുകൾ നോവലിസ്റ്റ് നടത്തിയ തായി കാണാം. ഉദാഹരണത്തിന് ഹോർത്തൂസ് മലബാറിക്കസ് എന്ന കൃതിയുടെ രചനയിൽ പ്രധാന പങ്കുവഹിച്ച ഇട്ടി അച്യുതനെ പരാമർശിക്കു ന്നില്ല.

ജെസീക്കയുടെ കുടുംബം വൈപ്പിനിൽ നിന്ന് ലന്തൻബത്തേരിയിൽ എത്തിയവരാണ്, ഇങ്ങനെ കൊച്ചിയിലേക്ക് വന്നവരെക്കുറിച്ച് ജെസീക്ക പറയുന്നത് ഇപ്രകാരമാണ്. "കൊച്ചിയിലെ വരത്തന്മാരുടെ ചരിത്രം ഒരു അപ്പമായി കാണാമെങ്കിൽ അതിനെ നൂറ്റൻപത് വർഷങ്ങളോളം വരുന്ന മൂന്നു തുണ്ടങ്ങളായി സമമായി മുറിക്കാം. ആദ്യത്തെ തുണ്ടത്തിന് പറങ്കിയുടെ എരിവായിരുന്നുവെങ്കിൽ രണ്ടാമത്തേതിന് ലന്തക്കാരുടെ ചവർപ്പും. മൂന്നാംഭാഗത്തിന് ഇംഗ്ലീഷുകാരുടെ പച്ചവെള്ളച്ചുവയും"[43]

പാശ്ചാത്യ അധിനിവേശത്തിന്റെ സ്ഥലകാലങ്ങളെ അവതരിപ്പിക്കുന്ന തോടൊപ്പം ജനതയിൽ ഏൽപിച്ച സ്വാധീനത്തെ എരിവ്, ചവർപ്പ്, പച്ചവെള്ളച്ചുവ എന്നിങ്ങനെ ചുരുങ്ങിയ വാക്കുകളിലൂടെ വ്യക്തമാക്കിയിരുന്നു.

1663 പോർട്ടുഗീസുകാരെ തോൽപിച്ച ഡച്ചുകാർ മാനുവൽകോട്ട പിടിച്ചെടുക്കുവാൻ വേണ്ടി നടന്ന യുദ്ധത്തിൽ കത്തോലിക്കർ പറങ്കികളെ കൊന്നു. കൊച്ചിയിലെ പത്തുപള്ളികൾ നശിപ്പിച്ചു. സാന്താക്രൂസ് പള്ളിയെ കുരുമുളകു ഗുദാമാക്കി. പിന്നീട് അവർ മതം മാറിയ മുക്കുവരുടെയും മറ്റു താണ ജാതിക്കാരുടെയും, പറങ്കികളുടെ സങ്കരസന്തതികളായ നാടൻ കത്തോലിക്കരുടെയും നേരെ തിരിഞ്ഞു. അവർ തങ്ങളുടെ വിശ്വാസത്തെയും പ്രാണനെയും രക്ഷിക്കാൻവേണ്ടി അവിടെ നിന്ന് പലായനം ചെയ്ത് ലന്തൻബത്തേരിയിലെത്തി. കാടുപിടിച്ചു കിടന്നിരുന്ന കമ്പോഞ്ഞിക്കാടിൽ ജനങ്ങൾ താമസമുറപ്പിക്കാൻ തുടങ്ങിയത് അങ്ങനെയാണ്. ലന്തൻബത്തേരിയിലെ ജനങ്ങളിൽ ഭൂരിഭാഗം സാധാരണക്കാരായിരുന്നു. മീൻപിടുത്തം കൊണ്ടു ജീവിക്കുന്ന അരയന്മാർ, പുഴയ്ക്കപ്പുറത്തെ തുരുത്തുകളിലെ വയലുകളിൽ കൂലിപ്പണിചെയ്തിരുന്ന പുലയന്മാർ, അതു കൂടാതെ പറങ്കിക്കപ്പേളയ്ക്ക് അടുത്ത് പോർട്ടുഗീസുകാർക്ക് നാട്ടുസ്ത്രീകളിൽ ഉണ്ടായ സന്തതികൾ അവരെ ലന്തൻബത്തേരിക്കാർ പറങ്കികൾ എന്നാണ് വിളിച്ചിരുന്നത്. ഇവരെല്ലാമായിരുന്നു ദ്വീപിലെ ജനങ്ങൾ

### 3.6.2 അധിനിവേശവും സ്ഥലകാലമുദ്രകളും

അധിനിവേശത്തിന്റെ വിവിധതലങ്ങൾ ജനതയിൽ പല സാംസ്കാരിക വിശേഷങ്ങളും ഉടലെടുക്കാൻ സഹായിക്കും. പടിഞ്ഞാറ് കിഴക്കിനു മേൽ ചെലുത്തികൊണ്ടിരിക്കുന്ന ആധിപത്യം ആരംഭിക്കുന്നത് 15-ാം നൂറ്റാണ്ടോടു കൂടിയാണ്. അധിനിവേശം അധിനിവേശിതനിലും അധിനിവേശകനിലും ഉണ്ടാക്കുന്ന അവസ്ഥാന്തരങ്ങൾ വ്യത്യസ്തമാണ്. അധിനിവേശത്വം അഥവാ കൊളോണിയലിസം എന്ന വാക്കിന് ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷനറിയിൽ ഇപ്രകാരം അർത്ഥം നൽകിയിരിക്കുന്നു.

"ഒരു പുതിയ രാജ്യത്ത് കുടിയേറിപ്പാർക്കുക. മാതൃരാജ്യത്തോട് ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ സമുദായത്തെ രൂപീകരിച്ചുകൊണ്ട് ഒരു ജനസമൂഹം ഒരു പുതിയ പ്രദേശത്ത് കുടിപ്പാർപ്പ് തുടങ്ങുന്നു. അങ്ങനെ

മാതൃരാജ്യവുമായുള്ള ബന്ധം നിലനില്ക്കുന്നതുവരെയ്ക്കും ആദ്യം കുടിയേറി പാർത്ത ജനതയും അവരുടെ പിൻതലമുറയും പിന്തുടർച്ചക്കാരുമടങ്ങുന്ന സമുദായം രൂപീകരിക്കപ്പെടുന്നു."[44]

തുരുത്തിനെക്കുറിച്ചു പറയുമ്പോൾ അവിടെ അധികം കഴിച്ചാൽ അടിമക്കാപ്പിരികളുടെ പ്രേതങ്ങൾ കാക്കുന്ന വെനീസിലെ ആമാടങ്ങൾ നിറച്ച പെട്ടികൾ, ചീനപ്പട്ടിന്റെ കൂറകളിലെ വ്യാളിക്കുഞ്ഞുങ്ങൾ, കർമ്മലീത്ത അച്ചന്മാരുടെ കവിടിവാസികൾ, ലന്തക്കാർ തീവെച്ച കുരിശുപള്ളിയുടെ കരിഞ്ഞ മദ്ബഹകൾ എന്നിവ പലതും ലഭിക്കുമെന്ന് പറയുന്നുണ്ട്. വൈനീസ്, ചൈന, പോർച്ചുഗീസ്, ഡച്ച് എന്നീ രാജ്യങ്ങളുമായി പുരാതനകാലത്ത് ആ സ്ഥലത്തിന് ബന്ധമുണ്ടായിരുന്നു എന്ന് ഈ ചരിത്രാവശിഷ്ടങ്ങളിൽ നിന്ന് തെളിയുന്നു.

കേരളത്തിൽ നാട്ടുരാജാക്കന്മാരാണ് പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ പ്രബലശക്തികളായിരുന്നത്. കോഴിക്കോട്, കൊച്ചി തിരുവിതാംകൂർ, എന്നീ പ്രമുഖനാട്ടുരാജ്യങ്ങൾക്കൊപ്പം അനേകം ചെറുനാട്ടുരാജ്യങ്ങളുമുണ്ടായിരുന്നു. ശക്തനായിരുന്ന സാമൂതിരിയുമായി കൊച്ചി നിരന്തരം യുദ്ധത്തിലേർപ്പെട്ടിരുന്നു. പോർച്ചുഗീസുകാരുടെ വരവോടെ കൊച്ചി സാമൂതിരിയെ തുറന്നെതിർക്കാൻ തുടങ്ങി. പോർച്ചുഗീസുകാരും സാമൂതിരിയും ശത്രുക്കളായത് കൊച്ചിയ്ക്ക് സഹായകമായി ഭവിച്ചു. എന്നാൽ ഡച്ചുകാരുടെ വരവോടെ ആ പ്രതാപം അവസാനിക്കുകയും പോർച്ചുഗീസുകാർ കൊച്ചി രാജാവിൽ നിന്ന് സ്വന്തമാക്കിയിരുന്ന സ്ഥലങ്ങളെല്ലാം ഡച്ചുകാർ പോർച്ചുഗീസുകാരെ പരാജയപ്പെടുത്തിയതോടെ ഡച്ചുകാരുടെ കൈയിലാവുകയും ചെയ്തു. ഇപ്രകാരം കാടുപിടിച്ചു കിടന്നിരുന്ന സ്ഥലമാണ് കമ്പോഞ്ഞിക്കാട്.

ലന്തൻബത്തേരിയിൽ കൊളോണിയലിസം കടന്നുവരുന്നത് പോർച്ചുഗീസുകാരിലൂടെയാണ്. അവരുടെ ആഡംബരത്തിനും സൗഖ്യത്തിനും വേണ്ടിയാണ് ബംഗ്ലാവുകൾ പണിതത്. ഡച്ചുകാർ ലന്തൻബത്തേരിയിൽ പീരങ്കികൾ സ്ഥാപിച്ചതും അവരുടെ സംരക്ഷണത്തിനായിട്ടാണ്. ഹോർത്തൂസ്

മലബാറിക്കസ് എന്ന കൃതി അധിനിവേശശക്തികളുടെ ദേശത്തനിമകളുടെ പേറ്റന്റ് തട്ടിയെടുക്കുന്ന പുതിയ രീതിയുടെ മറ്റൊരു പതിപ്പായി കാണാൻ സാധിക്കും. തങ്ങളുടെ പട്ടാളക്കാരുടെ ശുശ്രൂഷയ്ക്ക് ഉപയുക്തമാക്കാൻ വേണ്ടിയാണ് നാട്ടറിവുകൾ ശേഖരിക്കപ്പെട്ടത്. സാമ്രാജ്യങ്ങൾ കൈയ്യടക്കാൻ പട്ടാളക്കാരുടെ സേവനത്തെ ലഭ്യമാക്കുക എന്ന അധിനിവേശ ലക്ഷ്യം തന്നെയാണ് ഇവിടെ മുന്നിട്ടു നിൽക്കുന്നത്.

അധിനിവേശം ഏതൊരു സ്ഥലത്തിന്റേയും സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഒന്നാണ്. അധിനിവേശം ജനതയിൽ നിരവധി പീഡനങ്ങളും, മാനസിക ആഘാതങ്ങളും നൽകിയിരുന്ന ഒന്നാണ്. എന്നാൽ ജാതി കേന്ദ്രികൃതമായ സാമൂഹികവ്യവസ്ഥയിലേക്ക് കടന്നു വന്ന യൂറോപ്യൻ ശക്തികൾ തങ്ങളുടെ നിലനിൽപിനായി നടപ്പിലാക്കിയ വിദ്യാഭ്യാസപരിഷ്കാരങ്ങളും നീതിന്യായങ്ങളും മറ്റൊരു തരത്തിൽ സാമൂഹികമായ പരിവർത്തനത്തിന്റെ തുടക്കമായി ഭവിച്ചു. അതുകൊണ്ടാണ് പോർച്ചുഗീസുകാർ വന്നത് നന്നായി എന്നഭിപ്രായപ്പെടുന്നവർ ലന്തൻ ബത്തേരിയിലുണ്ടായത്

"ഈ ഗാമ വന്നില്ലെങ്കിൽ നമ്മളുടെ സ്ഥിതിയെന്താണ്. വല്ല നായ്രടെം നമ്പൂതിരിടെം കണ്ടത്തില് കളേം പറിച്ച്, വൈകുന്നേരം തൊപ്പിപ്പാളേല് അവര് വീഴ്ത്തണ കഞ്ഞിവെള്ളോം കുടിച്ച്, ചിറിയും തൊടച്ച് നമ്മള് നടന്നേനെ. കൈയില് ഇഞ്ചുവടി വേണം. അറുപത്തിനാല് അടീന്ന് ഒരിഞ്ച് കുറഞ്ഞ നായരുടെ തല്ലുറപ്പാണ്. ഇപ്പളാ ? നേന്ത്രക്കാ ബജ്ജീം കഴിച്ച്. ട്രിപ്പിൾ എക്സ് റമ്മും കുടിച്ച്, ജീവിതനൗകയിലെ പാട്ടും കേട്ട് നമ്മള് സെറ്റലായി ജീവിക്കുന്നു"[45]

അധിനിവേശത്വത്തെ മനശാസ്ത്രപരമായ കാഴ്ചപ്പാടിലൂടെ വിലയിരുത്തുന്ന ആഷിഷ് നന്ദി അതിന്റെ അസ്തിത്വം മനസ്സിൽ തന്നെയാണ് കണ്ടെത്തുന്നത്.

"അധിനിവേശാവസ്ഥ സ്വയം ന്യായീകരിക്കാൻ വേണ്ടി ഒരു സാമ്രാജ്യത്വ സിദ്ധാന്തം സൃഷ്ടിക്കുന്നുവെന്നുള്ളത് ഭാഗികമായി മാത്രമേ ശരിയാകുന്നുള്ളൂ. അധിനിവേശകനിലും അധിനിവേശിതനിലുമുള്ള പ്രാചീന സാമൂഹ്യബോധത്തിൽ വേരൂന്നിയിട്ടുള്ള മനഃശാസ്ത്രപരമായ ഒരവസ്ഥ കൂടിയാണ് കൊളോണിയലിസം."[46]

ഇന്ത്യയിലേക്ക് യൂറോപ്യൻമാർ വന്നത് ഇന്ത്യയിലെ പ്രകൃതി വിഭവങ്ങളുടെ സമൃദ്ധി കണ്ടായിരുന്നു. അതിൽ പ്രധാനം കറുത്തപൊന്ന് എന്നറിയപ്പെടുന്ന കുരുമുളകിനു വേണ്ടിയായിരുന്നു. കരയിലൂടെയുള്ള വാണിജ്യമാർഗ്ഗത്തിന് തടസ്സം നേരിട്ടപ്പോൾ നിരവധി പരിശ്രമങ്ങൾക്ക് ശേഷമാണ് പോർച്ചുഗീസുകാർക്ക് കേരളത്തിലെത്താൻ സാധിച്ചത്.

"ഇപ്പോ ഞാൻ നുറുക്കിയ സവാള, അതാര് തന്നു ? ഗാമ പിന്നെ കപ്പല് മുളക്. ഇതൊക്കെ ഇല്ലെങ്കി നമ്മക്ക് ജീവിക്കാൻ പറ്റ്വോ നമ്മള് ഗാമയ്ക്ക് കൊടുത്ത കുരുമുളക് നമ്മക്കും വേണ്ട ഗാമയ്ക്കും വേണ്ട. ഗാമ നമ്മക്ക് തന്നത് ദിവസോം വേണം. ഇക്കണ്ട ദൂരമെല്ലാം വെയർത്തൊലിച്ച് ഗാമ വന്നതെന്തിനാ ? കുരുമുളകിന്"[47] .

അധിനിവേശം യഥാർത്ഥത്തിൽ എന്തിനായിരുന്നു എന്ന ചോദ്യം ഈ സംഭാഷണമുണർത്തുന്നുണ്ട്. അധിനിവേശകാലഘട്ടത്തിന്റെ ആവശ്യങ്ങൾ പിന്നീട് തമസ്കരിക്കപ്പെടുകയും അധിനിവേശം രാഷ്ട്രീയമായ അധികാരമായി സ്ഥലങ്ങളെ കാൽകീഴിൽ കൊണ്ടുവരുന്ന ഒന്നായി പരിവർത്തനം സംഭവിക്കുകയും ചെയ്തു.

ലന്തൻബത്തേരി എന്ന ദേശത്തിന്റെ ചരിത്രവും സംസ്കാരവും രാഷ്ട്രീയവുമെല്ലാം നോവലിന്റെ ആഖ്യാനത്തിലേക്ക് കടന്നുവരുന്നു. അതുകൊണ്ടുതന്നെ സ്ഥലകാലങ്ങളെ മാറ്റി നിർത്തികൊണ്ടുള്ള വായന സാധ്യമല്ല. യൂറ്യോപൻ അധിനിവേശം കേരളത്തിലെ ജാതികേന്ദ്രിതമായ സാമൂഹ്യവ്യവസ്ഥിതിയെയും ദേശസംസ്കൃതിയെയുമെല്ലാം മാറ്റിമറിച്ച

ഒന്നാണ്. സ്വാതന്ത്ര്യാനന്തര സമൂഹത്തിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരികാവസ്ഥകൾ ലന്തൻബത്തേരിയുടെ ആഖ്യാനത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. ദേശവും സമൂഹവും പരസ്പരപൂരകമായ ഘടകങ്ങളാണ്. അധിനിവേശാനന്തര കാലഘട്ടത്തിലും ദേശസംസ്കൃതിയുടെ തനിമ അവിടുത്തെ ജനതയുടെ സാംസ്കാരിക സവിശേഷതകളാണ്. സ്ഥലകാലങ്ങളുടെ തുടർച്ചയിൽ ഒരു ദേശത്ത് സംഭവിച്ച മാറ്റങ്ങളെ അടയാളപ്പെടുത്തുകയാണ് ചരിത്രം യഥാർത്ഥത്തിൽ ചെയ്യുന്നത്. ചരിത്രത്തിലൂടെ സ്ഥലകാലങ്ങളുടെ മുദ്രങ്ങൾ അധിനിവേശ സംസ്കാരത്തിൽ കണ്ടെത്താൻ സാധിക്കുന്നു. അത് കേരളത്തിലെ ഭൂതകാലത്തിന്റെ സ്പന്ദിക്കുന്ന ചരിത്രരേഖകൾ കൂടിയാണ്.

### 3.6.3 സിനിമയുടെയും, സംഗീതത്തിന്റെയും സ്ഥലകാലങ്ങൾ

ഒരു ദേശത്തിന്റെ സാംസ്കാരിക ചിഹ്നങ്ങളായി കടന്നുവരുന്നവയാണ് കലകൾ. ലന്തൻബത്തേരിയിലെ ലുത്തിനിയകൾ എന്ന നോവലിൽ ചവിട്ടുനാടകത്തിന്റെ ഉത്പത്തിയും വളർച്ചയും വികാസവും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ലന്തൻബത്തേരിയിലെ ജനങ്ങളെ ആകർഷിച്ച മറ്റൊരു കലയാണ് സിനിമ. യാഥാർത്ഥ്യത്തെ പ്രത്യക്ഷമായോ, പരോക്ഷമായോ സ്വാംശീകരിക്കുന്നവയാണ് സിനിമകൾ. മനുഷ്യാനുഭവങ്ങളാണ് സിനിമയുടെ പ്രതിപാദ്യമാകുന്നത്.

“വിദൂരഭൂതകാലത്തിലൂടെ രൂപപ്പെട്ടുവരുന്ന സങ്കീർണ്ണമായ മനുഷ്യാനുഭവങ്ങളുടെ പുനരാവിഷ്കാരമാണ് മിത്തുകൾ. ഈ മിത്തുകളെ സമകാലികമാക്കിയും മാറ്റിമറിച്ചും പരിഷ്കരിച്ചും സംയോജിപ്പിച്ചും കൊണ്ടാണ് സാങ്കേതികയുഗത്തിന്റെ കലയായ സിനിമ പുതിയ മിത്തുകൾ നിർമ്മിക്കുന്നത്. ഓരോ കാലത്തും സംഭവിക്കുന്ന സാമൂഹിക-രാഷ്ട്രീയ സാമ്പത്തികപരിണാമം സിനിമയുടെ മിത്തിക്കൽ സ്വഭാവത്തിലും അഴിച്ചുപണി നടത്താറുണ്ട്. സിനിമയിൽ ചിലഘട്ടങ്ങളിൽ ചില പ്രത്യേകതരം ഉള്ളടക്കങ്ങൾ ഉടലെടുക്കുന്നതും പഴയവ പരിഷ്കരിക്കപ്പെടുന്നതും അതുകൊണ്ടാണ്. ജനപ്രിയ

സിനിമ ഒരേ സമയം പ്രേഷക സമൂഹത്തിന്റെ ആഭ്യന്തര വൈരുധ്യങ്ങളുടെ മാന്ത്രിക കണ്ണാടിയും അവയെ അയഥാർത്ഥമായി പരിഹരിക്കുന്ന ആധുനിക മിത്തുമാകുന്നു. "[48]

സിനിമ നിർവഹിക്കുന്ന ഈ ദൗത്യം തിരിച്ചറിഞ്ഞുകൊണ്ടാണ് നോവലിൽ സിനിമയും സംഗീതവും കടന്നുവരുന്നത്. സ്ഥലകാലങ്ങളും ജീവിതാനുഭവങ്ങളും ഇഴചേർന്ന സാംസ്കാരിക ജീവിതമാണ് ലന്തൻ ബത്തേരിയിലെ ജനങ്ങളുടേത്. നോവലിലെ സ്ഥലത്തിന് മാറ്റം സംഭവിക്കുന്നില്ല. എന്നാൽ ഓരോ കാലഘട്ടത്തിലും കടന്നുവരുന്ന മാറ്റങ്ങളുടെ പട്ടികയിൽ സിനിമയും ഉണ്ട്. സിനിമ സാധാരണക്കാരെ അത്രമേൽ സ്വാധീനിച്ചിരുന്നു. അതുകൊണ്ടാണ് ലന്തൻബത്തേരിക്കാർ തൃപ്പൂണിത്തുറയിലും എറണാകുളത്തും വന്ന് സിനിമ കണ്ടത്. സ്ഥലകാലങ്ങളെ അടയാളപ്പെടുത്താൻ എഴുത്തുകാരൻ സ്വീകരിച്ച ഒരാഖ്യാനതന്ത്രമാണ് സിനിമ എന്ന നിലയിലാണ് നോവലിൽ പരാമർശിച്ച സിനിമകളെ അടയാളപ്പെടുത്തുന്നത്. ആ സിനിമകൾ ആ കാലഘട്ടത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തിലെ പ്രധാന സവിശേഷതകളെ മുന്നോട്ടു വെയ്ക്കുകയും ചെയ്യുന്നുണ്ട്.

മലയാളികളെ ഇന്ന് ഏറെ സ്വാധീനിക്കുകയും വിസ്മയിപ്പിക്കുകയും ചെയ്യുന്ന കലയാണ് സിനിമ. ജീവിതത്തോട് ഏറ്റവും പ്രകടമായ തരത്തിൽ സത്യസന്ധത പുലർത്തുന്നു എന്നു തോന്നലുളവാക്കുന്ന സിനിമ എന്ന മാധ്യമം ഓരോ കാലഘട്ടങ്ങളിലെ ആസ്വാദകരെയും സ്വാധീനിച്ചത് പലതരത്തിലാണ്. സിനിമയുടെ സാങ്കേതികതയ്ക്കപ്പുറത്ത് അതിന്റെ ദൃശ്യവിന്യാസവും ഗൃഹാതുരമായ കാഴ്ചകളും പ്രേക്ഷകരെ ആകർഷിച്ചു.

"രാഷ്ട്രം എന്ന സങ്കല്പം സാമൂഹിക ലോകത്തെ ഒരുപൊതുഭാവനയിലൂടെ ക്രമീകരിക്കുകയും ഏകീകരിക്കുകയും അങ്ങനെ പ്രാപ്യവുമാക്കുന്നു. അതിനുസമാനമായ ഒരു പ്രക്രിയയാണ് സിനിമയുടെയും. ഒരു രാഷ്ട്രം അതിനെ സ്വയം ഭാവന ചെയ്യുന്ന ശക്തമായ ഒരു മാധ്യമമാണു സിനിമ"[49]

മലയാളി സമൂഹത്തിന്റെ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക ചരിത്രത്തിലെ പരിവർത്തനങ്ങളുടെ ഒരു കാലഘട്ടമായിരുന്നു സ്വാതന്ത്ര്യത്തിനു ശേഷമുള്ള കാലഘട്ടം. ജാതിമതവ്യത്യാസങ്ങൾക്ക് എതിരെ നടന്ന സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ച, ആധുനിക സമൂഹത്തിന്റെ ഉയിർപ്പ് എന്നിങ്ങനെ സംഭവബഹുലമായ അന്തരീക്ഷത്തിലാണ് 1951ൽ ജീവിതനൗക എന്ന സിനിമ പുറത്തിറങ്ങിയത്. അത് സിനിമാ ചരിത്രത്തിലെ വിപ്ലവം തന്നെയായിരുന്നു. രാജാക്കന്മാരുടെയും വീരപുരുഷന്മാരുടെയും കഥകളിൽ നിന്ന് വ്യത്യസ്തമായി ഒരു സാധാരണ കുടുംബത്തിന്റെ കഥയാണ് ജീവിതനൗകയിൽ അവതരിപ്പിച്ചത്.

എൻ.എസ്. മാധവന്റെ ലന്തൻബത്തേരിയിലെ ലുത്തിനിയകളിൽ 1951 കാലഘട്ടത്തിന്റെ പ്രത്യേകതയായി അടയാളപ്പെടുത്തിയിരിക്കുന്ന ഒന്നാണ് ജീവിതനൗക എന്ന സിനിമ. അതിനെക്കുറിച്ചുള്ള നോവലിസ്റ്റിന്റെ കാഴ്ചപ്പാട് ഇപ്രകാരമാണ്.

"1951 ജീവിതനൗകയുടെ വർഷം കൂടിയായിരുന്നു. ഞാൻ ജനിക്കുന്നതിനു മാസങ്ങൾക്ക് മുമ്പ് എറണാകുളം ലക്ഷ്മൺ ടാക്കീസിൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം, ഈറെടുത്ത് എന്റെ അമ്മയ്ക്ക് പുറത്തിറങ്ങുവാൻ പറ്റുന്നതുവരെ ഓടിക്കൊണ്ടിരുന്നു. പെരുന്നാളുകൾക്ക് വർഷങ്ങളോളം ജീവിതനൗക വളകൾ വിറ്റു. തുന്നൽക്കാർ വിവാഹ ബ്ലൗസുകളുടെ കൈകൾ സിനിമയിലെ നായികയുടേതു പോലെ പഫ് വച്ചു വീർപ്പിച്ചു. കുമ്പസാരത്തിന്റെയും തേറ്റത്തിന്റെയും പ്രകാരങ്ങൾ പഠിക്കുന്നതിനുമുമ്പു തന്നെ ഞാൻ പാടി നടന്നിരുന്ന ഒരു ഈരടി ഇതായിരുന്നു.

ജീവിതനൗക കാണണമെങ്കിൽ

കൊടെടാ നാലണ "[50]

സിനിമകഥയിലേക്ക് നാടകീയത കടന്നുവന്നത് ഈ സിനിമയിലൂടെയായിരുന്നു. ലന്തൻ ബത്തേരിയിലെ സാധാരണമനുഷ്യർ സിനിമയുടെ ആരാധ

കരായി മാറുന്നത് ആ കാലങ്ങളിൽ ഇറങ്ങിയ നിരവധി സിനിമകളെ നോവലിസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

ജാതിമത വ്യത്യാസങ്ങൾ ഉച്ചസ്ഥായിലായിരുന്ന ഒരു കാലഘട്ടത്തിൽ പുരോഗമനാശയങ്ങൾ ഉൾക്കൊള്ളുന്ന സിനിമയായിരുന്നു നീലക്കുയിൽ. നവോത്ഥാന കഥാകൃത്തുകളിൽ ശ്രദ്ധേയനായ ഉറൂബിന്റെ കഥയെ അടിസ്ഥാനമാക്കിയ ഈ സിനിമ സിനിമാചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലാണ്.

"അന്നോളം വന്ന ഏതൊരു മലയാളചിത്രത്തിലുപരി കേരളീയത പുലർത്തിയ ചിത്രമായിരുന്നു നീലക്കുയിൽ. ചിത്രത്തിന്റെ ഓരോ അടിയിലും ത്രസിച്ചു നിൽക്കുന്ന കേരളീയ ഗ്രാമാന്തരീക്ഷമുണ്ടായിരുന്നു. നിത്യജീവിതത്തിൽ നിന്നു പറിച്ചെടുത്ത കഥാപാത്രങ്ങൾ. അവരുടെ കൊച്ചു നൊമ്പരങ്ങളും ആഹ്ലാദങ്ങളും. അതുവരെ പുറത്തുവന്ന ചിത്രങ്ങളെ കൃത്രിമമായ അന്തരീക്ഷ സൃഷ്ടിയുടെ സ്ഥാനത്ത് സജീവവും ഊഷ്മളവും യാഥാർത്ഥ്യാധിഷ്ഠിതവുമായ അന്തരീക്ഷമിണക്കിച്ചേർത്തു എന്നതാണ് നീലക്കുയിലിന്റെ ഏറ്റവും വലിയ പ്രത്യേകത."[51]

നവോത്ഥാനകാലത്തെ പുരോഗമനചിന്തയുടെ ദൃശ്യവൽക്കരണമാണ് നീലക്കുയിൽ. സിനിമ ഒരു കാലഘട്ടത്തിന്റെ ചിഹ്നമാവുന്നത് ദൃശ്യബിംബങ്ങളിലൂടെയാണ്. നീലക്കുയിലിലെ സംഭവങ്ങൾ സാധാരണമാണെങ്കിൽ തന്നെയും പ്രതിപാദ്യത്തിന്റെ ധീരതയാണ് നീലക്കുയിലിനെ വ്യത്യസ്തമാക്കുന്നത്. "ഒരു അന്തരാളകാലഘട്ടത്തിന്റെ കഥയാണ് നീലക്കുയിൽ പറയുന്നത്. ഫ്യൂഡൽ വ്യവസ്ഥയും അതിന്റെ ജീവിതവിശ്വാസ വ്യവസ്ഥയും ഇവിടെ തകർച്ചയുടെ വക്കത്തും പുതിയ ഒന്നിലേക്കു പരിണമിക്കുന്നതിന്റെ കുഴച്ചിലും ആണ് "[52]

നോവലിൽ നീലക്കുയിൽ കാണാൻ പോയതിനെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് ഇപ്രകാരമാണ്. "കമ്മ്യൂണിസ്റ്റ് മന്ത്രിസഭസ്ഥാനമേറ്റതിന്റെ

അടുത്തദിവസം, 1957 ഏപ്രിൽ ആറാംതിയതി, ശനിയാഴ്ച ലന്തൻബത്തേരിയിൽ നിന്ന് ആദ്യമായി നാലു സ്ത്രീകൾ തനിയെ-പുരുഷന്മാരുടെ കൂട്ടില്ലാതെ-എറണാകുളത്തു നിന്ന് ആറു മൈൽ ദൂരെയുള്ള തൃപ്പൂണിത്തുറയിൽ സിനിമ കാണാൻ പോയി"[53]

നീലക്കുയിൽ ഒരു ചലച്ചിത്രത്തിനു പകരം കുറെ പാട്ടുകളായി മാറി. അതിലെ ജനപ്രിയഗാനങ്ങൾ ഏവരെയും ആകർഷിച്ചു. ലന്തൻബത്തേരിക്കാർ ഏറ്റവും കൂടുതൽ പാടിയ പാട്ട് മെഹ്ബൂബിന്റെ 'മാനെന്നും വിളിക്കില്ല മയിലെന്നും വിളിക്കില്ല 'എന്ന ഗാനം ആയിരുന്നു. തൃപ്പൂണിത്തുറ സെൻട്രൽ ടാക്കീസിലാണ് അന്ന് ആ പടം പ്രദർശിപ്പിച്ചിരുന്നത്. പെരിയാറിന്റെ തീരത്തെ ആലുവയിലെ വളം കമ്പനിയിലേക്ക് കൊച്ചി തുറമുഖത്തു നിന്ന് ഗന്ധകം എത്തിക്കുവാനുള്ള കരാറെടുത്തിരുന്ന ടി.കെ. പരീക്കുട്ടിയാണ് ഈ സിനിമ നിർമ്മിച്ചത്. കഥകൾ കേൾക്കാൻ താൽപര്യമുണ്ടായിരുന്ന ജെസീക്ക തന്റെ അമ്മയോട് നീലക്കുയിലിന്റെ കഥ പറയാൻ വാശി പിടിച്ചിരുന്നു.

മധ്യതിരുവിതാംകൂറിൽ നടന്ന അമ്മാളുക്കുട്ടി കൊലക്കേസ്. 'ഭാര്യ' എന്ന പേരിൽ കാനം ഇ.ജെ. നീണ്ടകഥ ആക്കിയിരുന്നു. അത് പിന്നീട് സിനിമയായി. സിനിമയും സിനിമാഗാനങ്ങളും ലന്തൻബത്തേരിയിലെ ജനങ്ങളെ ആഹ്ലാദിപ്പിച്ചു. ഭാര്യ സിനിമയായപ്പോൾ 'ശേഷം വെള്ളിത്തിരയിൽ 'എന്ന് ഒരു സിനിമാ നോട്ടീസിലെഴുതുവാൻ പറ്റിയില്ല. 1962-ലാണ് ഈ സിനിമ പുറത്തിറങ്ങിയത്. സ്ത്രീകളെ വളരെയധികം ആകർഷിച്ച സിനിമയായിരുന്നു ഇത്. വയലാർ-ദേവരാജൻ ടീമായിരുന്നു ഭാര്യയിലെ സിനിമാ ഗാനങ്ങളുടെ സ്രഷ്ടാക്കൾ. ഇതിനെക്കുറിച്ച് നോവലിൽ ഇപ്രകാരം പരാമർശിച്ചിട്ടുണ്ട്.

"ലന്തൻബത്തേരിയുടെ കിഴക്കും പടിഞ്ഞാറും ഒഴുകുന്ന, അവിടേക്ക് വൈദ്യുതി ചുരുത്തുന്ന പെരിയാറിനെക്കുറിച്ച് ഭാര്യയിലെ ഗാനം, ആകാശവാണിയുടെ തൃശ്ശൂർനിലയം ആഴ്ചയിൽ ആറുദിവസം ചലച്ചിത്രഗാനങ്ങൾ എന്ന പരിപാടിയിലൂടെയും ഞായറാഴ്ച നിങ്ങൾ ആവശ്യപ്പെട്ട ഗാനങ്ങളിലൂടെയും ആവർത്തിച്ചുകൊണ്ടിരുന്നു."[54]

സിനിമയും സംഗീതവും ഇഴചേർന്ന് സ്ഥലകാലങ്ങളെ ബോധ്യപ്പെടുത്തുന്നു. ഓരോ കാലഘട്ടത്തിലും ജനങ്ങളുടെ അഭിരുചികൾ വ്യത്യസ്തമായിരിക്കും. സിനിമയുടെ സാംസ്കാരികതയിൽ നിന്ന് സിനിമാസംഗീതം കൂടുതൽ ജനപ്രിയമാക്കാൻ തുടങ്ങി. 1960 പുറത്തിറങ്ങിയ 'ഉമ്മ' എന്ന സിനിമയിലെ തേനാണ് എന്ന ഗാനവും,ഭാര്യയിലെ പെരിയാറെ എന്ന ഗാനവും, സ്നേഹസീമയിലെ കണ്ണും പൂട്ടി ഉറങ്ങുക, എന്ന ഗാനവും കണ്ടംബെച്ചകോട്ട് എന്ന സിനിമയിലെ ഗാനവും നോവലിൽ കടന്നുവരുന്നുണ്ട്. 1965ന്റെ പ്രത്യേകതയായി നോവലിൽ പറയുന്നത് ചെമ്മീൻ സിനിമയെക്കുറിച്ചാണ്. ആദ്യമായി ഒരു മലയാള ചലച്ചിത്രത്തിന് ഇന്ത്യയിലെ ഏറ്റവും നല്ല ചിത്രത്തിനുള്ള രാഷ്ട്രപതിയുടെ ഗോൾഡ് മെഡൽ ആ വർഷം ലഭിച്ചു. കൂടാതെ ബബുല്മോര എന്ന ഒരദ്ധ്യായത്തിൽ ഹിന്ദി സിനിമഗാനങ്ങളെക്കുറിച്ചു പരാമർശിച്ചിരിക്കുന്നു.

### 3.6.4 ക്രൈസ്തവസംസ്കാരവും സ്ഥലകാലങ്ങളും

ജെസീക്ക തന്റെ കുടുംബത്തിന്റെ കഥപറയുന്നതു ഇപ്രകാരമാണ്. "എല്ലാവരും ഒരു ഉല്പത്തി പാപവുമായി ജനിക്കുമ്പോൾ ഞാൻ ജനിച്ചത് രണ്ടെണ്ണമായിട്ടാണ്"[55] ബൈബിളിലെ ഉല്പത്തിയെക്കുറിച്ച് സൂചിപ്പിക്കുന്നതോടൊപ്പം കണക്കുകട്ട ളൂയിസാശാരിയുടെ വംശത്തിൽ പിറന്ന എല്ലാ ആശാരിമാരും ജനിക്കുന്നത് നെറ്റിയിൽ കണക്കുകട്ട എന്ന പാടുമായാണ്. ജനിക്കുമ്പോൾ തന്നെ കണക്കുകട്ടത്തിൽ എന്ന പാപം കൂടി തനിക്ക് ലഭിച്ചുവെന്ന് സൂചിപ്പിക്കുന്നു.

അച്ചുകുത്തിനെ പേടിച്ച് ഓടിയ മെറ്റിൽഡ തൊഴുത്തിൽ പ്രസവിക്കുന്നു. അതേസമയം സന്ത്യാഗുവും കൂട്ടുകാരും ഒരു ഉൽക്ക വീഴുന്നത് കാണുന്നു. അത് മത്തേവുനാശാരിയുടെ പുരയിടത്തിൽ വീഴുന്നതായി കണ്ടപ്പോൾ അവർ അങ്ങോട്ടു ചെല്ലുന്നു. ചവിട്ടുനാടകത്തെക്കുറിച്ച് ചർച്ച ചെയ്തിരുന്ന അവർ തങ്ങളെ രാജാക്കന്മാരെയാണ് പരിചയപ്പെടുത്തുന്നത്. "വിശുദ്ധ റോമസാമ്രാജ്യത്തിലെ പുതിയ പ്രജയ്ക്ക് കൊടുക്കാനുള്ള സമ്മാനങ്ങൾ എന്റെ കയ്യിലുണ്ട്

അൽബിറന്തെ"[56] ഇപ്രകാരം പറഞ്ഞുകൊണ്ട് ഹമാംസോപ്പ്, യുഡികോളോൺ, ഹെയർ ഓയിൽ എന്നിവ കുഞ്ഞിനു നൽകുന്നു. ഇപ്രകാരം ജെസീക്കയുടെ ജനനദിവസം നടന്ന സംഭവങ്ങൾ ബൈബിൾ സ്ഥലകാലങ്ങളെ അനുസ്മരിപ്പിക്കുംവിധം നോവലിൽ പുനഃസൃഷ്ടിച്ചിരിക്കുന്നു. തൊഴുത്ത്, രാത്രി, കൊള്ളിമീൻ വീഴുക, രാജാക്കന്മാരുടെ വരവ് യേശുവിന്റെ ജനനകഥയിലെ സ്ഥലകാലപരിസരങ്ങളുടെ നേർക്കാഴ്ചയായി ഭവിക്കുന്നു.

ജെസീക്കയുടെ മാമ്മോദീസ ചടങ്ങ് അക്കാലത്തെ ക്രിസ്തീയ ചടങ്ങുകളുടെ വിവരണത്തിൽ വിശ്വാസികൾ പുലർത്തിപോന്ന മതത്തോടുള്ള ആഭിമുഖ്യം വ്യക്തമാകുന്നുണ്ട്. മാമോദീസ നടന്ന കാലം, തിയതി 30/04/1951 എന്ന് പള്ളിരേഖയിൽ രേഖപ്പെടുത്തുന്നു. കൂടാതെ മാമോദിസയ്ക്ക് രണ്ടു ദിവസം മുമ്പ് രാത്രി പത്തരയ്ക്കാണ് സഖാവ് രാമചന്ദ്രഷേണായി ലന്തൻബത്തേരിയിലെത്തുന്നത്. കൂടാതെ വൈപ്പിൻ പ്രശ്നം നടക്കുന്നതും ഇതോടൊപ്പം സ്ഥലകാലബന്ധത്തെ ചൂണ്ടിക്കാണിയ്ക്കുന്നു. ആദ്യ കുർബാന, അമ്പു പെരുന്നാൾ എന്നിങ്ങനെ നിരവധി ക്രിസ്തീയ ചടങ്ങുകൾ നോവലിൽ കടന്നു വരുന്നുണ്ട്. അതോടൊപ്പം നോവലിൽ ക്രൈസ്തവജീവിതത്തിന്റെ പാപബോധവും ഉയിർപ്പും ത്യാഗവുമെല്ലാം കടന്നുവരുന്നുണ്ട്.

### 3.7 നോവലും സ്ഥലവും

എൻ.എസ്.മാധവന്റെ ലന്തൻബത്തേരിയിലെ ലുത്തിനിയകൾ എന്ന നോവലിലെ സ്ഥലസങ്കല്പം തികച്ചും ഭാവനാത്മകമാണ്. 'ദ പ്രൊഡക്ഷൻ ഓഫ് സ്പെയ്സിൽ' മൂന്നു തരത്തിലുള്ള സ്ഥല സങ്കല്പങ്ങൾ ഹെന്റി ലെവ്റെ രൂപപ്പെടുത്തുന്നുണ്ട്. ആനുഭവിക സ്ഥലം, ഇന്ദ്രിയഗോചരമായ സ്ഥലം, ഭാവനാത്മകമായ സ്ഥലം എന്നിവയാണവ. ഇതിൽ ഭാവനാത്മകമായ സ്ഥലമാണ് ലന്തൻ ബത്തേരി.

### 3.7.1. ഭാവനാത്മക സ്ഥലം

ഹെന്റി ലെവ്റെയുടെ ഭാവനാത്മക സ്ഥലം എന്ന സങ്കൽപവുമായി ബന്ധിപ്പിക്കാവുന്ന ഒന്നാണ് ലന്തൻ ബത്തേരി. പോർച്ചുഗീസുകാരുടെ കാലത്ത് കൊച്ചിരാജാവിൽ നിന്ന് തീറെഴുതിവാങ്ങിയ കമ്പോഞ്ഞിക്കാട് എന്ന സ്ഥലം പിന്നീട് ഡച്ചുകാർ പോർച്ചുഗീസുകാരെ തോല്പ്പിച്ചപ്പോൾ അവരുടെ കൈവശമായി. കമ്പോഞ്ഞിക്കാട് രണ്ടായി പോഞ്ഞിക്കരയും. ലന്തൻ ബത്തേരിയുമായി. ഡച്ചുക്കാർ പുഴയ്ക്കഭിമുഖമായി ഡച്ചുബാറ്ററികൾ സ്ഥാപിച്ചിരുന്നു. ഡച്ച് ബാറ്ററി എന്ന വാക്കിൽ നിന്നാണ് ലന്തൻ ബത്തേരി എന്ന സ്ഥലനാമമുണ്ടായത്. നോവലിൽ ഭാവനാത്മകമായ സ്ഥലസൃഷ്ടി കാണാൻ സാധിക്കും. ലന്തൻ ബത്തേരിയുടെ ഭൂപടത്തിൽ ഭാവനാത്മക സ്ഥലങ്ങളെ രേഖപ്പെടുത്തിയിട്ടുണ്ട്.

### 3.7.2 ആനുഭവിക സ്ഥലം

നോവലിലെ സംഭവങ്ങളിലൂടെ അനുഭവവേദ്യമായ സ്ഥലമാണ് ആനുഭവികസ്ഥലം. ഇത് കഥാജനകസ്ഥലം തന്നെയാണ്. നോവലിലെ കഥാപാത്രങ്ങളുടെ ജീവിതവും സാമൂഹിക സാംസ്കാരിക വ്യാപാരങ്ങളും നടക്കുന്നത് ഈ അനുഭവികസ്ഥലത്ത് തന്നെയാണ്. എന്നാൽ ലന്തൻ ബത്തേരിയിലെ ആനുഭവലോകം ഭാവനാത്മ സ്ഥലപരിസരങ്ങളെ മാത്രമല്ല രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിലുള്ള നിരവധി സ്ഥലങ്ങളുമായി യോജിപ്പിച്ചുകൊണ്ടാണ് നോവലിന്റെ ആഖ്യാനസ്ഥലം മുന്നോട്ടു കൊണ്ടുപോകുന്നത്. അത്തരത്തിൽ ചരിത്രത്തിന്റെ ഒരു പിൻബലം ഈ കഥയ്ക്ക് ലഭിക്കുന്നതോടെ യാഥാർത്ഥ്യം, സാങ്കല്പ്പികം എന്ന വ്യത്യാസം മാഞ്ഞുപോവുകയും ആനുഭവികസ്ഥല ത്തിന് വിശാലമായ അർത്ഥതലങ്ങൾ സൃഷ്ടിക്കാൻ സാധിക്കുകയും ചെയ്തു. മുളവുകാട്, പനമ്പുകാട്, കടമക്കുടി, പൊന്നാരിമംഗലം, എടവനക്കാട്, പോഞ്ഞിക്കര, ഞാറയ്ക്കൽ, വൈപ്പിൻ, ലന്തൻബത്തേരി, മുളകുപാടം, മുരുക്കിൻപാടം, വല്ലാർപ്പാടം, എറണാകുളം, തേവര, തൃപ്പൂണിത്തുറ, ചോറ്റാനിക്കര, കൊച്ചി, മട്ടാഞ്ചേരി എന്നിങ്ങനെ നിരവധി സ്ഥലങ്ങൾ നോവലിന്റെ ആഖ്യാനത്തിൽ കടന്നുവരുന്നുണ്ട്.

അനുഭവത്തിന്റെ സ്ഥലകാലമണ്ഡലം ഭൗതികമായി മാത്രമുള്ളവയാകണമെന്നില്ല. അതിന് മാനസിക സ്ഥലകാലങ്ങളുമായും ഇഴയടുപ്പം ദർശിക്കാവുന്നതാണ്.

### 3.7.3 ഇന്ദ്രിയഗോചരമായ സ്ഥലം

ഭൂമിശാസ്ത്രപരമായ ബിംബങ്ങളിലൂടെ വ്യക്തമാക്കുന്ന ഒന്നാണ് ഇന്ദ്രിയഗോചരമായ സ്ഥലം. അധികാരത്തിന്റെയും സാംസ്കാരികതയുടെയും മുദ്രകൾ വഹിക്കുന്ന ഏതു സ്ഥാപനവും ഇന്ദ്രിയഗോചരമായ സങ്കല്പത്തിൽ കടന്നുവരുന്നു. നോവലിൽ ലന്തൻകൊട്ടാരം, പറങ്കികപ്പോള, ജനാധിപത്യ യുവജനസംഘത്തിന്റെ ഓഫീസ്, മലാക്കാഹൗസ്, പോലീസ് സ്റ്റേഷൻ, സെന്റ് സെബാസ്തനോസ് പള്ളി, പീരങ്കി മൈതാനം, ബോണിഫേസ് പാലം, കൊട്ടാരം ജെട്ടി, പോഞ്ഞിക്കര കള്ളുഷാപ്പ്, അരയക്കടവ്, സ്ക്കൂൾ, പോഞ്ഞിക്കര പള്ളി, മലബാർ ഹോട്ടൽ, ബോട്ടുപുര എന്നിങ്ങനെയുള്ള സ്ഥലങ്ങളുടെ ആഖ്യാനത്തിലൂടെ കഥയിലെ സംഭവങ്ങൾ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. ഭൂമിശാസ്ത്രപരമായ ബിംബങ്ങൾ ഭൂപ്രകൃതി തന്നെയാണ്. "ഭൂപ്രകൃതിയ്ക്ക് ഭൗമസ്ഥലം എന്നർത്ഥം മാത്രമല്ല ഉള്ളത്. ഭൂപ്രകൃതി നഗരങ്ങളുടെയും കടകളുടെയും തെരുവുകളുടെയും വസ്തു പ്രദർശനത്തിലുള്ള ചില്ലുജനാലകളുടെയും മുറികളുടെയും അകത്തളങ്ങളുടെയും നിത്യോപയോഗ സാധനങ്ങളുടെയും ഫർണ്ണിച്ചറിന്റെയും ഭൂപ്രകൃതിയാണ്."[57] ഭൂപ്രകൃതിയെ ഓർഹൻ പാമുക് ഇപ്രകാരം നിരീക്ഷിച്ചിരിക്കുന്നു. ഈ ഭൂപ്രകൃതി തന്നെയാണ്. ഇന്ദ്രിയ ഗോപരമായ സ്ഥലങ്ങളെ സൃഷ്ടിക്കുന്നത്. ഹെന്റി ലെഫ്റെ കേവലസ്ഥലം, വൈജാത്യ സ്ഥലം, മൂർത്ത സ്ഥലം എന്നിങ്ങനെ മൂന്നുതരത്തിൽ കൂടി സ്ഥലത്തെ വിഭജിച്ചിട്ടുണ്ട്.

### 3.7.4 കേവല സ്ഥലം

നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ലന്തൻ ബത്തേരിയിൽ ജീവിതം തുടയ്ക്കുന്നത് ജലമായി ബന്ധപ്പെട്ടുകൊണ്ടാണ്. രാത്രി പതിനൊന്നര മണിക്കാണ് ലന്തൻബത്തേരിയിൽ ഭയം തുടങ്ങുക. "വല്ലാർ പാടത്തുനിന്നുള്ള അവ

സാനത്തെ ബോട്ട് കിങ്ങ് ഓഫ് കിങ്സ്, ലന്തൻബത്തേരിയെ ഭൂമിയിൽ നിന്നു വിടർത്തികൊണ്ട് എറണാകുളത്തേക്കു പുറപ്പെടുന്നതിനുമുമ്പുള്ള മണിയടി കേൾക്കുമ്പോൾ, ഒറ്റപ്പെടലിന്റെ നിസ്സഹായതയിൽ – ആ രാത്രി പിശാചിന്റെ ഉപദ്രവങ്ങളായ മരണം, ദു:സ്വപ്നം എന്നിവ പേടിച്ച് – തുരുത്തുകാർ തിരിഞ്ഞും മറിഞ്ഞും കിടക്കും.''[58]

തുരുത്തിന്റെ ഏകാന്തതയെകുറിച്ചുള്ള ഈ വർണ്ണന പ്രകൃതിയുടെ നൈസർഗ്ഗികത തന്നെയാണ്.

'അയ്യോ പൊതയണ വെളുവെളാന്നെള്ള പഞ്ചാരമണല് വഴീന്ന് എടുത്ത് മറ്റ്യതാരാണ്? എന്നട് ചെരിപ്പടാതെ നടക്കാമ്പറ്റാത്തടാറിട്ടതാരാണ്'. (പു.57)

തുരുത്തിന്റെ തനിമ നഷ്ടപ്പെട്ടുപോയിക്കൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവ് ഈ വാക്യത്തിലുണ്ട്. തുരുത്ത് പൂപ്പരുത്തികളും കണ്ടലുകളും നിറഞ്ഞ ഒന്നാണ്. പടിഞ്ഞാറേപ്പുഴയും കിഴക്കേപ്പുഴയും സൃഷ്ടിക്കുന്ന ജലവിതാനങ്ങളാണ് ലന്തൻബത്തേരിയുടെ തനിമയെ നിലനിർത്തുന്നത്.

'ചുറ്റിലും കിടക്കുന്ന വെള്ളത്തിൽ വീഴുന്നതു കൊണ്ട് തുരുത്തിലെ മഴയ്ക്കു ശബ്ദം കൂടും.' (പു.36)

കടലിന്റെ അടിയിൽ, പെട്ടെന്ന് ഉയർന്നുവന്ന ഒരു ഭൂഖണ്ഡം പോലെ തോന്നുന്ന ലന്തൻബത്തേരി എല്ലാ ആ തവണയും ശാരദാമ്മയ്ക്ക് അപരിചിതമായി തോന്നി. ലന്തൻബത്തേരിയിലെ സസ്യജാലം, പതിവു തെങ്ങുകൾ ഒഴിച്ചാൽ കായലിന്റെ അപ്പുറത്തെ കിഴക്കൻ കരയിൽ നിന്നു വേറിട്ടു നിന്നിരുന്നു. പു. 59

ഹെന്റി ലെവ്റെയുടെ കേവലസ്ഥലം എന്ന പരികല്പനയോട് യോജിക്കുന്നതാണ് ലന്തൻ ബത്തേരിയിലെ ഭൂപ്രകൃതി. നൈസർഗികമായ പ്രകൃതിയുടെ അംശങ്ങളാണ് കേവലസ്ഥലത്തെ രൂപപ്പെടുത്തുന്നത്.

### 3.7.5 മൂർത്തസ്ഥലം

ടാറ്റാകമ്പനി, തൊഴിൽ ശാലകൾ, ബോട്ടുകൾ എന്നിവ തുരുത്തിനു ചുറ്റും മാറ്റത്തിന് വിധേയമായി കൊണ്ടിരിക്കുന്നു എന്ന് സൂചിപ്പിക്കുന്നു. ലന്തൻ ബത്തേരിക്കാരുടെ നോട്ടങ്ങളെല്ലാം എറണാകുളത്തേക്കാണ്. ആഡംബര ത്തിന്റെയും വ്യവസായത്തിന്റെയും പുതുലോകമായാണ് എറണാകുളം നഗരം ആവിഷ്കരിച്ചിട്ടുള്ളത്. തുരുത്തിനു ചുറ്റും മറ്റനേകം തുരുത്തുകൾ രൂപപ്പെട്ടു. വില്ലിങ്ടൺ ഐലൻഡ് അത്തരത്തിൽ മനുഷ്യനിർമ്മിതമായിരുന്നു. റോബർട്ട് ബ്രിസ്റ്റോ എന്ന ഇംഗ്ലീഷുകാരനാണ് ഈ ഐലന്റിന്റെ ശില്പി.

തുരുത്തുകളിലൊന്നായ രാമൻ തുരുത്തിൽ മെഴുകുതിരി സൂക്ഷിക്കുന്ന സ്ഥലമായി മാറി. കൊച്ചി രാജ്യത്തിൽ മെഴുകുതിരിയുടെ കുത്തക ആസ്പിൻ വാൾ കമ്പനിക്കായിരുന്നു. ഒരു രാജ്യത്തിനു വേണ്ട മെഴുകുതിരി സൂക്ഷിക്കു വാൻ അവർ പടിഞ്ഞാറൻ തുരുത്തുകളിലൊന്നായ രാമൻതുരുത്ത് പാട്ടത്തിന് എടുത്തു. മെഴുകുതിരി ഗുദ്ദാമുകൾ മാത്രമുണ്ടായിരുന്ന രാമൻതുരുത്തിന്റെ പേര് കാന്റിൽ ഐലന്റ് എന്നായി. രാത്രിയിൽ കായലിന്റെ ഇരുട്ടിൽ കാന്റിൽ ഐലന്റ് മാത്രം പിറന്നാൾ കേക്കു പോലെ, മെഴുകുതിരികൾ കത്തിച്ചു നിന്നു. ഇപ്ര കാരം സ്ഥലത്തിന്റെ പേര് മാറി. ഇത് കാലത്തിന്റെ അടയാളപ്പെടുത്തൽ കൂടി യാണ്.

ഹെൻറി ലെവ്റെ മൂർത്തസ്ഥലം എന്ന സങ്കല്പമാണ് തുരുത്തിലും എറണാകുള നഗരവുമായി ബന്ധപ്പെട്ട് കാണുന്നത്. കാലാന്തരത്തിൽ സ്ഥലത്ത് പുതിയ ഉത്പാദന വിപണനങ്ങൾ രൂപപ്പെടുകയും സ്ഥലങ്ങൾ മാറ്റത്തിന് വിധേ യമാവുകയും ചെയ്തു. പുതിയ തൊഴിൽ സംസ്കാരം രൂപപ്പെട്ടു. ഇതിന്റെ ഭാഗമായി രൂപപ്പെട്ട സ്ഥലബോധമാണ് മൂർത്തസ്ഥലം. പ്രകൃതിയിൽ നിന്ന് ഭിന്നമായി മനുഷ്യ നിർമിതമായവയെയും ഈ സ്ഥലം ഉൾക്കൊള്ളുന്നു.

### 3.7.6 വൈജാത്യ സ്ഥലം

തുരുത്തിലെ ജീവിതപരിസരത്തേക്ക് സിനിമ, മ്യൂസിക് ക്ലബ്ബ്, തിയ്യറ്റർ, പള്ളിവാസൽ വൈദ്യുത പദ്ധതി, റേഡിയോ, കമ്മ്യൂണിസം, സംഗീതം എന്നിവയെല്ലാം കടന്നുവരുന്നു. ലെവ്റെ പറയുന്ന വൈജാത്യസ്ഥല സങ്കല്പമാണിതെല്ലാം ഉൾക്കൊള്ളുന്നത്. ടെക്നോളജിയും പ്രായോഗികശാസ്ത്രവും അറിവും ചേർന്ന് സൃഷ്ടിക്കു ആധുനികാന്തര സ്ഥല സങ്കല്പമാണ് വൈജാത്യ സ്ഥലം. കാലത്തിന്റെ എല്ലാ നൂതന പ്രവണതകളെയും ഇതുൾകൊള്ളുന്നു.

സ്ഥലത്തിന്റെ ചരിത്രത്തെപ്പറ്റിയുള്ള അപഗ്രഥനത്തിൽ സാമൂഹികജീവിയായ മനുഷ്യൻ ജീവിച്ച സ്ഥലത്തും പ്രധാനപ്പെട്ടവയായി മാറുന്നു. ഓരോ കാലഘട്ടത്തിലും സ്ഥലത്തിന് സംഭവിച്ച മാറ്റങ്ങളെ ലെവ്റെ പഠനവിധേയമാക്കിയിരിക്കുന്നു. ചരിത്രവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിർമ്മാണ പ്രക്രിയയാണ് സ്ഥലത്തെ രൂപപ്പെടുത്തുന്നത്. ചരിത്രസംഭവങ്ങളുടെ അനുക്രമം, സമ്പ്രദായിക നിയമങ്ങൾ, മൂല്യബോധം, സാമൂഹ്യ-സാമ്പത്തിക ഘടന, യാഥാർത്ഥ്യങ്ങളുടെ രൂപങ്ങളും പ്രതിനിധാനങ്ങളും എന്നിവയെല്ലാം ചേർന്നതാണ് ഒരു സ്ഥലത്തിന്റെ ചരിത്രം.

### 3.8 നോവലും കാലവും

നോവൽ അനുഭവങ്ങളെ അതിന്റെ സൂക്ഷ്മതയിൽ ആവിഷ്കരിക്കുന്ന സാഹിത്യരൂപമാണ്. നോവലെഴുത്ത് കാലത്തെ ആവിഷ്കരിക്കുകയാണ്. കാലത്തിന്റെ അമൂർത്തതലത്തെ യഥാർത്ഥ്യത്തിലേക്കു പരിവർത്തനം ചെയ്യപ്പെടുകയാണ് നോവലെഴുത്തിൽ സംഭവിക്കുന്നത്. കാലത്തെ ആവിഷ്കരിക്കാതെ നോവൽ രചന സാധ്യമല്ല. എഴുത്തുകാർ സംഭവങ്ങളെ ആവിഷ്കരിക്കുന്നതിന് കാലത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നു. സംഭവങ്ങളുടെ രേഖീയ ക്രമം പലപ്പോഴും കൃതികളിൽ കാണാറില്ല. എഴുത്തുകാരൻ തന്റെ കലാബോധത്തെ സർഗ്ഗാത്മകമായി വിന്യസിക്കുകയാണ് കൃതികളിൽ ചെയ്യുന്നത്. മനുഷ്യമനസ്സിന്റെ സംസ്കാരവിശേഷമാണ് കാലബോധത്തിൽ കാണുന്നത്. ചരി

ത്രവും സംഭവങ്ങളും മനുഷ്യമനസ്സിൽ മായാതെ കിടക്കുന്നു. ചരിത്രബോധം അബോധാത്മകമായി എഴുത്തുകാരനെ സ്വാധീനിക്കുന്നു.

എൻ.എസ്. മാധവന്റെ ലന്തൽ ബത്തേരിയിലെ ലുത്തിനിയകളിലും കാലം കടന്നു വരുന്നു. ചരിത്രപരമായും ഓർമ്മകളായും വർത്തമാന സംഭവങ്ങളായും അത് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ചരിത്രബോധം നോവലിന്റെ പ്രധാന സവിശേഷതകളിലൊന്നാണ്. ചരിത്രവും കാലവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കാലം ഇപ്രകാരം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. 'പതിനെട്ട് അച്ചുകുഞ്ഞു പിള്ളമാർ- എറണാകുളത്തു നിന്നു കായൽകടന്ന്- തുരുത്തുകളിലെത്തി കുഞ്ഞുകളെ തിരഞ്ഞു പിടിച്ച് അച്ചു കുത്തിയ ദിവസം ഞാൻ ജനിച്ചു.(പു.24) ഏപ്രിൽ 1951' (പു.15)

'1951 ജീവിതനൗകയുടെ വർഷം കൂടിയായിരുന്നു' (പു.15)

'രാത്രി പതിനൊന്നര മണിക്കാണ് ലന്തൻബത്തേരിയിൽ ഭയം തുടങ്ങുക' (പു.18)

'ഉയിർപ്പു പെരുന്നാളിന് മുമ്പ്, നോമ്പുകാലത്ത്' (പു.18)

'1864 ൽ കൊർണ്ണേലിയസ് നിർമ്മിച്ച ഫത്തേ സവദ് എന്ന കപ്പൽ കടലിൽ ഇറക്കിയ ദിവസം' (പു.25.)

'കൊല്ലം ഇരുപത്തൊന്ന് കഴിഞ്ഞിട്ടാണ് ഗോതുരുത്ത് പള്ളില്' (പു.28)

'ഞാൻ ഉണ്ടായത് 1950 - ലെ ഇടവപാതി മൂത്തു കഴിഞ്ഞപ്പോൾ ആയിരുന്നു' (പു.35)

'1406-ൽ ചൈനയിൽ മിങ് രാജവംശത്തിലെ വലിയ കപ്പിത്താനായ ഴെങ്ഹി, പടിഞ്ഞാറൻ തീരത്തിലെ ഏറ്റവും വലിയ രാജ്യമായ സാമൂതിരിയുടെ കോഴിക്കോട് എത്തി' (പു.37)

'1433 - ൽ ഴെങ് ഹി കോഴിക്കോട്ടു വെച്ചു മരിച്ചു' (പു.37)

'1663 ൽ പോർട്ടുഗീസുകാരെ തുരത്തിയ ഡച്ചുകാരുടെ കൊടി കൊച്ചിയിൽ പറന്നു തുടങ്ങി' (പു.37)

'1937 ജനുവരി മാസത്തിൽ, എറണാകുളം മഹാരാജാസ് കോളേജിൽ ബ്രിസ്റ്റോ നടത്തിയ പ്രസംഗം' (പു.43)

"രണ്ടു മൂന്നു വർഷങ്ങൾ കഴിഞ്ഞിട്ടാണ് പിന്നെ എനിക്കെന്റെ മനസ്സ് തിരിച്ചു കിട്ടുന്നത്. ഈ കാലത്ത് ഒരു വലിയ ഇരുട്ടിലാണ് ഞാൻ കഴിച്ചു കൂട്ടിയത്." (പു.53)

'1936 കൊച്ചി മഹാരാജാവും, മദിരാശി ഗവർണ്ണർ വില്ലിങ്ടൺ സായിപ്പും സകല മഹാന്മാരും എത്തി' (പു.53)

'മാമൂദീസയ്ക്ക് രണ്ടുദിവസം മുമ്പ്, രാത്രി'

'പത്തരയ്ക്ക്, എറണാകുളത്തു നിന്ന് ഒരാൾ ലന്തൻ

ബത്തേരിയിലേക്ക് പുറപ്പെട്ടു' (പു.61)

'ചീവിടുകൾ ഇല്ലാത്ത നിശബ്ദമായ രാത്രിയിൽ' (പു.62)

'രാത്രിയിൽ, കായലിന്റെ ഇരുട്ടിൽ കാന്റിൽ ഐലന്റ് മാത്രം' (പു.67.)

'മെഹ്ബൂബാണ് സൈഗാളിനെ ലന്തൻബത്തേരിയിലേക്ക് കൊണ്ടുവന്നത്. അന്നെനിക്ക് എട്ടുമാസം പ്രായമായിരുന്നു' (പു. 78.)

'1953 സെപ്തംബർ 15-ാം തിയതി അരയകുടിയിലെ പ്രേമചന്ദ്രൻ ......" (പു.83).

'എനിക്ക് രണ്ടര വയസ്സോളം പ്രായമുള്ളപ്പോൾ, ഒരു രാത്രി, മാമൂദീസാ വെള്ളം വീണ മുതൽ ഇരുട്ടായിത്തീർന്ന എന്റെ ഓർമ്മയിൽ, ............" (പു.83)

'1953 മെയ് 28 ന് നമ്മുടെ ടെൻസിങ് ത്രിവർണ്ണപതാക എവറസ്റ്റിന്റെ മേൽ കുത്തി' (പു.87)

'1516-ൽ ഇറ്റലിയിലെ നവോത്ഥാന സാഹിത്യത്തിന്റെ ഏറ്റവും മഹത്തായ കഥകളിൽ ഒന്നായ' 'ഒർലാൻഡോ ഫൂറിയൊസോ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു.

“1956 ലെ വേനലിൽ ലന്തൻ ബത്തേരിയിലെ.....

.........മസൂരി പിടിച്ചു മരിച്ചു” (പു.96)

1956 നവംബർ 1 ന് ചരിത്രത്തിനും ഭൂമിശാസ്ത്രത്തിനും ഐക്യം ഉണ്ടായി’ (പു.99)

‘ആഴ്ചയിലെ ആദ്യത്തെ അഞ്ചു ദിവസം ഞാൻ വളരെക്കുറച്ചു മാത്രമേ പാപം ചെയ്തിരുന്നുള്ളൂ’ (പു. 105)

‘കമ്മ്യൂണിസ്റ്റ് മന്ത്രിസഭ സ്ഥാനമേറ്റതിന്റെ അടുത്ത ദിവസം, 1957 ഏപ്രിൽ ആറാംതിയതി ശനിയാഴ്ച, ലന്തൽ ബത്തേരിയിൽ നിന്ന്........ സിനിമ കാണുവാൻ പോയി.’ (പു.105)

‘പള്ളിവാസൽ പദ്ധതിയിൽ നിന്ന് കേരളത്തെ കിഴക്ക്-പടിഞ്ഞാറ് മുറിച്ചു കടന്ന് വൈദ്യുതി എത്തിയതിന്’ ഒരു മാസത്തിനകം ലന്തൻബത്തേരിയിൽ ആദ്യത്തെ റേഡിയോ വന്നു’ (പു.110.)

‘1958 ഏപ്രിൽ മാസം ഒന്നാം തിയതി, തൃശ്ശൂർ ജില്ലയിൽ നിന്ന് വേർപ്പെട്ട്, എറണാകുളത്തെ പുതിയ ജില്ലയായി പ്രഖ്യാപിക്കുന്ന ദിവസമായിരുന്നു’ (പു.115)

‘ഏപ്രിലിൽ മാത്രമേ എറണാകുളംകാർ പൂർണ്ണമായ അസ്തമയം കണ്ടിരുന്നുള്ളൂ’ (പു. 116.)

‘1441 - ൽ ഇറ്റലിയിൽ നിന്നു നാടു കാണാൻ ഇറങ്ങിയ..........വഞ്ചി അടുപ്പിച്ചു’ (പു.119)

‘മറ്റൊരു ഇറ്റലിക്കാരനായ ആർച്ച് ബിഷപ്പ് ലുഡൊവീകോ മാർട്ടിനി 1842 - ൽ’ (പു.120)

‘ഇറ്റലിയിൽ നിന്ന് വന്നത് മക്റോണിയായിരുന്നു. 1958 ജൂലൈ-ആഗസ്റ്റ് പഞ്ഞമാസങ്ങളിൽ’ (പു.120)

'ഇരുപതാം നൂറ്റാണ്ടിന്റെ അന്തിക്രിസ്തു കേരള മുഖ്യമന്ത്രി ഇ.എം. എസ്' (പു.122)

'വിശുദ്ധ സെബസ്ത്യാനോസിന്റെ പെരുന്നാളായ 1959 ജനുവരി ഇരുപതാം തിയതി തൊട്ട്, വിമോചന സമരത്തെ തുടർന്ന് ഇ.എം.എസ് മന്ത്രിസഭയെ പിരിച്ചുവിട്ട ആ കൊല്ലം ജൂലൈ മുപ്പത്തിയൊന്നാം തിയതി വരെ' (പു.127)

'ലിയോ പതിമൂന്നാമൻ മാർപ്പാപ്പ 1886–ൽ എഴുതിയ തിരുവെഴുത്ത് തുടങ്ങിയത് ഇങ്ങനെയാണ്. അതോടെ കത്തോലിക്കരുടെ ഭൂപടം മാറ്റി' (പു. 128)

'1959 ജൂൺ 6–ാം തിയതി കമ്മ്യൂണിസ്റ്റുകാരെ ഭരണത്തിൽ നിന്നു താഴെ ഇറക്കുവാ നുള്ള പ്രക്ഷോഭണം ആരംഭിച്ചു' (പു.131)

'രണ്ടു വർഷത്തിനുശേഷം, 1958 ജൂൺ പതിനാറാം തിയതി, നാഗിയെ വധിച്ച വാർത്ത.....' (പു.138)

'അന്നു രാത്രി മുഴുവൻ മഴ പെയ്തിരുന്നു..................' (പു.148)

1961 ൽ ലന്തൻ ബത്തേരിയിൽ ആദ്യത്തെ കുഴൽ കിണർ ഗോമസ് കുത്തിച്ചു. (പു.158)

'1962 –ൽ കോഴിക്കോടിന്റെ പത്രമായ മാതൃഭൂമി എറണാകുളം പതിപ്പ് ആരംഭിച്ചു' (പു.172)

'1955 ൽ തകഴി ശിവശങ്കരപ്പിള്ള എന്ന് പേരുള്ള എഴുത്തുകാരൻ........" (പു.173.)

'പണ്ട് പണ്ട് ഈ ബോട്ട് സർവ്വീസും മെഷീൻ പിടിപ്പിച്ച ചങ്ങാടങ്ങളും ഒന്നുമില്ലാത്ത കാലം' (പു.174)

'രാത്രികൾ എന്നെ പേടിപ്പിച്ചിരുന്നില്ല. പക്ഷേ കെട്ടുവള്ളപ്പണി തുടങ്ങി രണ്ടു മാസം...............നിർത്തി' (പു.185)

'1962 ലെ റിപ്പബ്ലിക് ദിനത്തോട് അനുബന്ധിച്ച് ദൽഹിയിൽ നടത്തുന്ന നാടൻ നൃത്തമേളയിൽ ചവിട്ടുനാടകം അവതരിപ്പിക്കുവാൻ സെബീന റാഫിക്ക് ക്ഷണം കിട്ടി' (പു. 190.)

'1963 നവംബറിൽ അമേരിക്കയിലെ ടെക്സാസ് പ്രവിശ്യയിലെ ഡല്ലാസ് പട്ടണത്തിൽ ഒരു കുരിശുമരണം നടന്നു' (പു.193)

'1964 ൽ നയാപൈസ വെറും പൈസയായി' (പു.199)

1964 ഏപ്രിൽ മാസത്തിൽ ഒരു രാത്രി, ബോട്ട്...........എ.കെ.ഗോപാലൻ വഞ്ചിയിറങ്ങി' (പു.199)

'നെഹ്റു മരിച്ചു. പോഞ്ഞിക്കര പള്ളിയിലെ മണി മരണം അറിയിച്ചു കൊണ്ട് അരമണിക്കൂർ മുഴങ്ങി' (പു. 203.)

'965. എറണാകുളത്ത് മസാലക്കപ്പലണ്ടി വന്ന വർഷം' (പു. 204)

'1965 വേനലവധിയിൽ ഞാൻ പത്താം ക്ലാസ്സിലേക്കു ജയിച്ചതായി അറിഞ്ഞു' (പു.204)

'സെപ്തംബർ മാസത്തിലെ ഒരു രാത്രിയിൽ .......കൊച്ചിയുടെ ആകാശം കത്തി' (പു.223.) 1965-ൽ ഇന്ത്യയിൽ സാഹിത്യത്തിനുള്ള ഏറ്റുവലിയ സമ്മാന..... ജ്ഞാനപീഠം നിലവിൽ വന്നു'. (പു.233).

'വേമ്പനാട്ടു കായലിന്റെ മുകളിലെ വൈകുന്നേരം പെട്ടെന്ന് കുപ്പിച്ചില്ലു കൾ പോലെ ചിതറുന്നത് ഞാൻ കണ്ടു' (പു.240.)

'1965 ലെ ക്രിസ്തുമസ് ദിവസം കിഴക്കേപ്പുഴയിൽ ഒരു ശവം പൊന്തി' (പു.241)

'തുടർന്നുള്ള ദിവസങ്ങളിൽ എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഏകാന്തത എന്നെ ബാധിച്ചു' (പു.248)

'പെസഹ വ്യാഴാഴ്ച ഉച്ചയ്ക്കു മൂന്നുമണിക്ക്, ഞങ്ങൾ, പ്രാർത്ഥനാ മുറിയിൽ' (പു.250)

'വേദന തിങ്ങുന്ന

കാലം വരുന്നു-

കണ്ണീരണിഞ്ഞ കാലം' (പു.252)

ഉയിർപ്പു ഞായർ കഴിഞ്ഞ് രണ്ടു ദിവസത്തിനുശേഷം' (പു. 253.)

'അന്നു രാത്രി എല്ലാവരും കിടന്നുറങ്ങിയപ്പോൾ ഞാൻ മെഴുകുതിരിയുമായ് പുറത്തേക്ക് ഇറങ്ങി'. (പു.254)

കഥാകാലവും ചരിത്രകാലവും സമ്മിശ്രമായി അവതരിപ്പിക്കുന്ന രീതിയാണ് നോവലിന്റെ ആഖ്യാനത്തിൽ കാണാൻ സാധിക്കുന്നത്. 1951 മുതൽ 1965 വരെയുള്ള കാലഘട്ടത്തിലെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ മാറ്റങ്ങളെ കാലവുമായി ബന്ധിപ്പിച്ച് അവതരിപ്പിച്ചിരിക്കുന്നു. നോവലിന്റെ കഥാഗതിയെ മുന്നോട്ടു കൊണ്ടു പോകുന്നത് ഈ കാലത്തിന്റെ ആവിഷ്കരണമാണ്. സംഭവാഖ്യാനത്തിലെ കാലത്തിന്റെ അടയാളപ്പെടുത്തൽ നോവലിന്റെ ആന്തരിക സവിശേഷതയായി മാറുന്നു.

ലന്തൽ ബത്തേരിയിലെ ലുത്തിനിയകൾ എന്ന നോവലിന്റെ ആഖ്യാനത്തിൽ സ്ഥലകാലങ്ങൾക്ക് പ്രാധാന്യമുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാക്കുന്നു. നോവലിൽ അവതരിപ്പിച്ചിരിക്കുന്ന ഓരോ സംഭവങ്ങൾക്ക് ദ്വീപിന്റെ ഉത്പത്തി മുതലുള്ളവ ആഖ്യാനതന്ത്രമായി എഴുത്തുകാരൻ കണ്ടെടുത്ത കാലത്തിന്റെ മുദ്രകളാണ്. ആഖ്യാനത്തിലെ സ്ഥലകാലങ്ങളെ രൂപപ്പെടുത്തിയ ഘടകങ്ങളെ അടുത്ത അദ്ധ്യായത്തിൽ പഠന വിധേയമാക്കിയിരിക്കുന്നു.

## കുറിപ്പുകൾ

1. Oxford English Dictionary, Oxford University, Press London vol 17 പു : 241
2. Forster E.M. , 1970, *Aspects of the novel*, penguin book, P .134
3. Richard Kroll, *The History of the English Novel*, Vol.I, 1957, Routledge 2 Park squre, Milton Park, Abingdon, Newyork.
4. ശരത്ചന്ദ്രൻ കെ.പി, 1985 ചന്തുമോനോൻ അരങ്ങും അണിയറയും കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു. 3
5. മൂർക്കോത്ത് കുഞ്ഞാപ്പ, 1975, *വിവേകോദയം* ഡിസംബർ 21, പു.3
6. ചന്തുമേനോൻ. ഒ, 2004, *ഇന്ദുലേഖ,* ഡി.സി.ബുക്സ്,കോട്ടയം,പു. 169
7. ചന്തുമേനോൻ ഒ, 1995, *ഇന്ദുലേഖ*, കേരളസാഹിത്യ അക്കാദമി പു 195-196
8. ചന്തുമേനോൻ ഒ, 1995, *ഇന്ദുലേഖ*, കേരളസാഹിത്യ അക്കാദമി പു. 204
9. സുനിൽ പി. ഇളയിടം, 2009, *ദമിതം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പു. 80
10. കൽപ്പറ്റ ബാലകൃഷ്ണൻ, 2005, *ചരിത്രനോവൽ മലയാളത്തിൽ,* കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ പു. 67
11. പത്മനരാമചന്ദ്രൻ നായർ (എഡി) 2013, *നോവൽ പഠനങ്ങൾ,* കറന്റ് ബുക്സ്.പു. 32
12. തകഴി ശിവശങ്കരപ്പിള്ള, 2009, *കയർ,* ഡി.സി.ബുക്സ് കോട്ടയം പു. 718
13. ഷാജി ജേക്കബ്, 2001, *നോവൽചരിത്രത്തിന്റെ പാഠഭേദം,* കറന്റ് ബുക്സ്, തൃശ്ശൂർ പു. 36
14. വിജയൻ എം.എൻ, 1999, *മരുഭൂമികൾ പൂക്കുമ്പോൾ,* പാപ്പിയോൺ, പു. 11
15. വിജയൻ. ഒ.വി. 2002, *ഖസാക്കിന്റെ ഇതിഹാസം,* ഡി.സി ബുക്സ്, കോട്ടയം പു. 9
16. പത്മനരാമചന്ദ്രൻ നായർ (എ.ഡി), 2013, *നോവൽപഠനങ്ങൾ,* കറന്റ് ബുക്സ്, പു. 102.

17. ശ്രീജൻ.വി സി., 1998. *വാക്കും വാക്കും,* സമീക്ഷ കണ്ണൂർ, പു. 74-75
18. സ്മിതാ ഗോപാൽ, 2009, *ആധുനികതയുടെ ഘടകങ്ങൾ ചിത്രകലയിലും നോവലിലും,* കേരളസർവ്വകലാശാല തിരുവനന്തപുരം, പു.72-73
19. ബാലചന്ദ്രൻ വടക്കേടത്ത്, 2003, *ആധുനികതയ്ക്കും ഉത്തരാധുനികതയ്ക്കും ഇടയിൽ,* പ്രണവം ബുക്സ്, കൊച്ചി, പു. 9
20. ഷാജി ജേക്കബ്, 2001, *നോവൽ ചരിത്രത്തിന്റെ പാഠഭേദം,* കറന്റ് ബുക്സ്റ്റാൾ, തൃശ്ശൂർ പു.71
21. തരകൻ കെ.എം, 1982, *ആധുനികനോവൽ ദർശനം,* നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, പു. 145-146
22. സുനിൽ പി ഇളയിടം, 2014, *ഇന്ത്യ ചരിത്രം പാഠങ്ങളും പ്രത്യയശാസ്ത്രവും,* മാതൃഭൂമി ബുക്സ്, പു. 27-28.
23. രാജശേഖരൻ പി.കെ. , 2008, *അന്ധനായ ദൈവം,* ഡി.സി.ബുക്സ് കോട്ടയം, പു. 117.
24. കോമാട്ടിൽ അച്യുതമേനോൻ, 1943, *കൊച്ചിയിലെ സ്ഥലനാമങ്ങൾ,* മംഗളോദയം പബ്ലിക്കേഷൻസ്, പു. 12
25. സി. ആർ. രാജഗോപാലൻ, 2007, *ഫോക്‌ലോർ സിദ്ധാന്തങ്ങൾ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പു. 95
26. ചന്ദ്രശേഖരൻ എം. ആർ, 2007, *മലയാളനോവൽ ഇന്നും ഇന്നലെയും,* സമയം പബ്ലിക്കേഷൻസ്, പു.33
27. ഷാജിജേക്കബ് 2010 (എഡി) *മലയാള നോവൽ ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും,* സാഹിത്യ അക്കാദമി, തൃശ്ശൂർ, പു. 78-79
28. മാധവൻ എൻ.എസ്, 2010 , *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി. ബുക്സ്, കോട്ടയം, പു.16
29. മാധവൻ എൻ.എസ്, 2010 , *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി. ബുക്സ്, കോട്ടയം, പു. 37
30. ഷാജിജേക്കബ്, 2010, *മലയാളനോവൽ ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും,* സാഹിത്യ അക്കാദമി പു. 78
31. മാധവൻ എൻ.എസ്, 2010 , *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി. ബുക്സ്, കോട്ടയം, പു.35
32. മാധവൻ എൻ.എസ്, 2010 , *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി.

ബുക്സ്, കോട്ടയം, പു. 65

33. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി. ബുക്സ്, പു.

34. ഷാജി ജേക്കബ്ബ്, 2010, മലയാള നോവൽ, *ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും*, സാഹിത്യ അക്കാദമി, പു. 80

35. ഉണ്ണികൃഷ്ണൻ വി.പി, 2009, *കമ്മ്യൂണിസ്റ്റ് പാർട്ടിയും കേരളത്തിന്റെ നാൾ വഴികളും*. പ്രഭാത് ബുക്ക് ഹൗസ് പു. 52– 53.

36. വിജയകുമാർ വി, 2008 *രാഷ്ട്രീയത്തിന്റെ നേർവായനകൾ, എച്ച്. & സി. ബുക്സ്*, പു. 92

37. ഉണ്ണികൃഷ്ണൻ വി.പി, 2009, *കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം*, പു. 52 – 53

38. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി. ബുക്സ്, പു. 202

39. സ്മിത ഗോപാൽ, 2009, *ആധുനികതയുടെ ഘടകങ്ങൾ ചിത്രകലയിലും നോവലിലും*, കേരള സർവ്വകലാശാല തിരുവനന്തപുരം, പുറം. 70

40. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി. ബുക്സ്, പു. 202

41. വസന്തൻ എസ്.കെ, *2011, നമ്മൾ നടന്ന വഴികൾ*, മലയാളപഠനഗവേഷ കേന്ദ്രം, തൃശ്ശൂർ, പു. 46

42. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി. ബുക്സ്, കോട്ടയം പു. 37–38

43. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി. ബുക്സ് പു. 56

44. Oxford English Dictionary Oxford University Press London vol 17

45. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി. ബുക്സ്, കോട്ടയം പു. 59

46. Nandy Ashis, 1989, *The Intimate Enemy*, Oxford University Press. p.2

47. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി.

സി. ബുക്സ്, കോട്ടയം പു. 59

48. ജോണി ഒ.കെ, 2001, *സിനിമയുടെ വർത്തമാനം*, പാപ്പിയോൺ കാലിക്കറ്റ്, പുറം. 47

49. വെങ്കിടേശ്വരൻ സി.എസ്, 2011, *മലയാളസിനിമാ പഠനങ്ങൾ*, ഡി.സി. ബുക്സ് കോട്ടയം പു. 122

50. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി.സി. ബുക്സ്, കോട്ടയം പു. 15

51. വിജയ്കൃഷ്ണൻ, 2004, *ഭാഷാപോഷിണി*, ഒക്ടോബർ പു. 6

52. വെങ്കിടേശ്വരൻ സി.എസ്, 2011, *മലയാളസിനിമാ പഠനങ്ങൾ*, ഡി.സി. ബുക്സ് കോട്ടയം പു. 124

53. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി.സി. ബുക്സ്, കോട്ടയം പു. 105

54. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി.സി. ബുക്സ്, കോട്ടയം പു. 183

55. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി.സി. ബുക്സ്, കോട്ടയം പു. 24

56. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി. ബുക്സ്, കോട്ടയം പു. 50

57. ഓർഹൻ പാമുക്ക്, (വിവ. മനോജ് വർമ്മ ആർ), 2013, *നോവലിസ്റ്റിന്റെ കല*, ഡി.സി. ബുക്സ്, പു.83

58. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി.സി. ബുക്സ്, കോട്ടയം പു. 18

# അദ്ധ്യായം 4
# നോവലിലെ ആഖ്യാനതന്ത്രങ്ങളും സ്ഥലകാലങ്ങളും

### 4.1 സ്ഥലകാലങ്ങളും നോവലും

ആധുനികാനന്തര നോവലുകളിൽ സ്ഥലം ഒരു എഴുത്തുകാരന്റെ സ്വത്വബോധത്തിന്റെയും പ്രാദേശികാനുഭവത്തിന്റെയും ഭാഗമെന്ന നിലയിൽ അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. സ്ഥലം ഭൗതികാനുഭവം എന്നതലം വിട്ട് എഴുത്തുകാരന്റെ ആന്തരിക സംഘർഷത്തെയും വൈകാരികതലത്തെയും ഉൾക്കൊള്ളാനുള്ള ഭൂമികയായി മാറുമ്പോൾ കാലം അവയെ മുന്നോട്ടു നയിക്കുന്ന സത്യമായി മാറുന്നു. ഒരു സ്ഥലത്തിന്റെ ഭൂപ്രകൃതി, സാമൂഹ്യ ജീവിതം, പ്രാദേശികചരിത്രം, രാഷ്ട്രീയാവസ്ഥ, സംസ്കാരികതലം എന്നീ സർവ്വഘടകങ്ങളെയും എഴുത്തുകാരൻ നോവലെഴുതാനുള്ള ഉറവിടങ്ങളായി തെരഞ്ഞെടുക്കപ്പെടുമ്പോൾ ആഖ്യാനത്തിന്റെ അടിസ്ഥാനഘടകമായി മാറുന്നത് സ്ഥലകാലങ്ങളാണ്.

നാടിന്റെ സംസ്കൃതി ഉടലെടുക്കുന്നത് ആ നാട്ടിലെ എല്ലാ പ്രാദേശിക സംസ്കൃതികളുടെയും കൂട്ടായ്മയിൽ നിന്നാണ്. ഭൂപ്രകൃതി, കാലാവസ്ഥ തുടങ്ങിയ പ്രാദേശികമായ സാഹചര്യങ്ങൾ ജനജീവിതത്തെയും സംസ്കാര ത്തെയും രൂപപ്പെടുത്തുന്നു. തൊഴിൽ, ഭക്ഷണപാനീയങ്ങൾ, കലാവിനോദ ങ്ങൾ, ഉത്സവാഘോഷങ്ങൾ, ആരാധന എന്നിവയെല്ലാം ഉൾക്കൊള്ളുന്ന പ്രാദേശിക സംസ്കൃതിയെയാണ് നോവലിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. ദേശജീവിതത്തെ ഗാഢമായി സ്വാധീനിച്ച ചരിത്രപശ്ചാത്തലം, സാംസ്കാരിക മാതൃകകൾ എഴുത്തുകാരനെ സംബന്ധിച്ചും പ്രധാനമാണ്. സാമൂഹിക ജീവിതവും വൈയക്തികജീവിതവും ഇണങ്ങിച്ചേർന്ന ജീവിതാവസ്ഥകളുടെ സമന്വയമാണ് നോവലിന്റെ ആന്തരികതലത്തെ രൂപപ്പെടുത്തുന്നത്. ദേശത്തെയും ദേശസംസ്കൃതിയെയും ഉണർത്തുന്ന പാരമ്പര്യത്തിലേക്കും കൂട്ടായ്മയുടെ സാംസ്കാരികഘടകങ്ങളിലേക്കും എഴുത്തുകാരൻ ശ്രദ്ധചെലുത്തുമ്പോൾ അത് ദേശകഥനത്തിന്റെ തലത്തിലെത്തുന്നു.

ഓരോ സമൂഹത്തിന്റെയും സ്വത്വനിർമ്മിതി പാരമ്പര്യത്തെ അടിസ്ഥാന മാക്കി നിർണ്ണയിക്കാൻ കഴിയും. ദേശകാലസംബന്ധിയായ ഒന്നാണ് പാരമ്പര്യം.

അത്, ഇന്നലെയുടെ സൃഷ്ടിപരമായ സമ്പത്താണ്. കേരളത്തിലെ വ്യത്യസ്ത ഭൂമിശാസ്ത്രമേഖലകളായ പ്രദേശങ്ങൾ സാംസ്കാരിക തനിമ നിലനിർത്തുന്നവയാണ്. ലന്തൻബത്തേരിയും അത്തരത്തിൽ പ്രാദേശികമായി തനിമ നിലനിർത്തുന്ന ഭൂമേഖലയാണ്. കായൽതുരുത്തുകൾക്ക് വ്യത്യസ്തമായ ഭൂമിശാസ്ത്രപരമായ സവിശേഷതകളും ജീവിതമാർഗ്ഗങ്ങളുമാണുണ്ടായിരുന്നത്. പോഞ്ഞിക്കരയ്ക്കും ലന്തൻബത്തേരിയ്ക്കു (നോവലിലെ ഭൂപടത്തിൽ) അടുത്തു കിടക്കുന്ന പ്രദേശമാണ് മുളവുകാട്. അവിടെ കൃഷി (നെല്ല്) കൃഷിയും മറ്റും നടന്നിരുന്നു. തൊട്ടടുത്ത് കിടക്കുന്ന എറണാകുളം വ്യവസായികമായി മുന്നിട്ടു നിൽക്കുന്ന നഗരവും മാത്രമല്ല വ്യത്യസ്തജീവിതരീതികളും ആധുനികസൗകര്യങ്ങളും നിറഞ്ഞതാണെന്ന് തന്നെ സൂചനയുണ്ട്.

"സാമാന്യജനങ്ങളുടെ സാംസ്കാരികരൂപങ്ങളെ പോയറ്റിക് എന്ന പദം കൊണ്ട് ബക്തിൻ വിശേഷിപ്പിച്ചു. അധികാരഭാവം പ്രകടമാക്കുന്ന പ്രസ്തുത ആഢ്യസംസ്കാരത്തിന്റെ ഭാഷയെയും പ്രത്യയശാസ്ത്രത്തെയും തിരസ്കരിച്ച് ജനകീയ സാംസ്കാരിക ലോകത്തോട് സൗഹാർദ്ദം സ്ഥാപിക്കുന്ന കലാരൂപമായി ബക്തിൻ നോവലിനെ പരിഗണിക്കുന്നു."[1]

ദസ്തയോവസ്കിയുടെ കൃതികളെക്കുറിച്ചുള്ള പഠനവുമായി ബന്ധപ്പെട്ട് ബക്തിൻ ഉപയോഗിക്കുന്ന ഒന്നാണ് ക്രോണോടോപ്പ് എന്ന സംജ്ഞ. കൃതിയെ സ്വാധീനിക്കുന്ന സ്ഥലകാലങ്ങളെപഠനവിധേയമാക്കുകയാണ് അദ്ദേഹം ചെയ്യുന്നത്."യഥാർത്ഥലോകത്തിനും പ്രതിനിധാനം ചെയ്യപ്പെട്ട ലോകത്തിനും ഇടയ്ക്കുള്ള പാലമാണ് ക്രോണോടോപ്പ് സ്ഥലം/കാലം എന്ന ക്രോണോടോപ്പ് എന്ന പദത്തിന്റെ വ്യാവഹാരികാർത്ഥം. സ്ഥലകാലങ്ങൾ പരസ്പര സംശ്ലിഷ്ടവും അവിഭാജ്യവുമാണ്. പാഠത്തിൽ (Text) പ്രതിനിധാനം ചെയ്യുന്ന കാലപരവും (Temporal) സ്ഥലപരവും (Spatial) ആയ ഗണങ്ങൾ സ്വഭാവ വിശേഷങ്ങൾ അനുസരിച്ച് പാഠത്തെ അപഗ്രഥിക്കുന്നതിനുള്ള മാർഗ്ഗമാണ് ബാക്തീനിയൻ ക്രോണോടോപ്പ്"[2] ആഖ്യാനത്തിൽ സ്ഥലകാലങ്ങൾ കടന്നു വരുന്ന യഥാർത്ഥമാണെന്ന തോന്നലുണ്ടാകണമെങ്കിൽ അവ ഏതെങ്കിലും

തരത്തിലുള്ള സ്ഥലകാലങ്ങളെ ഉൾക്കൊള്ളണം.

നോവലിൽ സംഭവങ്ങളെ കാലത്തിലൂടെയോ സ്ഥലത്തിലൂടെയോ ആവിഷ്കരിക്കുന്ന സംഭവങ്ങൾക്ക് പശ്ചാത്തലം എല്ലായിപ്പോഴും സ്ഥലം തന്നെയാണ്. അത് അയഥാർത്ഥമാണെങ്കിൽ കൃതിയിലെ സംഭവങ്ങൾക്ക് വിശ്വാസ്യത അനുഭവപ്പെടുകയില്ല. എന്നാൽ കൃതികളിൽ എഴുത്തുകാർ ഭാവനാത്മകമായ സ്ഥലനിർമ്മിതി നടത്താറുണ്ട്. അതിന് വിശ്വാസ്യമായ തല ങ്ങളെ അവർ എഴുത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. കഥയിലെ സംഭവങ്ങൾക്ക് കാലികമായ ഒരു ഘടനയുണ്ട്. സംഭവങ്ങളുടെ അനുക്രമമായ വികാസമാണ് കാലത്തെക്കുറിച്ച് ബോധ്യപ്പെടുത്തുന്നത്.

"ആന്തരികമോ ബാഹ്യമോ ആയ ചോദനകളാൽ മുമ്പു പിമ്പ് എന്ന തിരിച്ചറിവിന് സഹായിക്കുന്ന അനുഭവങ്ങളില്ലെങ്കിൽ കാലം അർത്ഥശൂന്യ മാകും. എവിടെ സംഭവമില്ലാതിരിക്കുന്നുവോ അവിടെ കാലവുമില്ല എന്നു സാരം"[3]

ഭൂതം, വർത്തമാനം, ഭാവി എന്നീ അവസ്ഥകൾ കാലത്തിനുണ്ട്. കഴിഞ്ഞുപോയ അനുഭവങ്ങൾ ഭൂതത്തിലേക്ക് നീങ്ങുന്നു. വർത്തമാനകാലം ക്ഷണികവും ഭാവികാലം പ്രവചനങ്ങൾക്കതീതവുമാണ്. സംഭവങ്ങളും അനു ഭവങ്ങളുമായി ബന്ധപ്പെട്ട കാലം ആനുഭവികകാലമെന്നും (Empirical time) എന്നാൽ കാലം ഇന്ദ്രിയങ്ങൾക്ക് അതീതമാണെന്ന ബോധ്യത്തിൽ നിന്നുണ്ടാക്കുന്നതാണ് അതീന്ദ്രിയകാലം (Transcendental time) എന്നു പറയുന്നു. മറ്റൊരുതരത്തിലുള്ള കാലബോധമാണ് കാലം മനോജന്യമാണ് എന്നത്. ഇതിനാണ് മാനസികകാലം എന്നു പറയുന്നത്. പഴയകാലം മുതൽ തന്നെ മനുഷ്യൻ കാലത്തെ കൈ പിടിയിലൊതുക്കാനുള്ള ശ്രമമാരംഭിച്ചിരുന്നു. ഇന്നു കാണുന്ന നൂതനമായ സമയമാപിനികളെല്ലാം മനുഷ്യന്റെ കാല ബോധത്തെ ബോധ്യപ്പെടുത്തുന്നു.

നോവലിൽ സമയത്തെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നത് ടാറ്റാകമ്പനിയിലെ സൈറണുകളും എറണാകുളത്തു നിന്നും ലന്തൻ ബത്തേരിയിലേക്കുള്ള യാത്രബോട്ടുകളുമാണ്. അവസാനത്തെ ബോട്ടും പോയികഴിഞ്ഞാൽ തുരുത്തിൽ ഭീകരമായ ഭയം കടന്നുവരുന്നതായി നോവലിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ കാലഗണനയ്ക്ക് നിലനിൽക്കുന്ന കാലഗണനരീതി തന്നെയാണ് പിന്തുടരുന്നത്. വർഷം, ദിവസം എന്ന സാധാരണകാലഗണനതന്നെയാണ് നോവലിലുള്ളത്.

"പ്രദേശങ്ങളെ നിർണ്ണയിക്കുന്നതിൽ പ്രധാനമായും രണ്ടുതരം പ്രവണതകളുണ്ട്. ഒന്ന് ഭരണപരമായത്, രണ്ട് സാംസ്കാരികമായത്. ഒന്നാമത്തേത് ഭരണസൗകര്യത്തിനുവേണ്ടി ഭരണാധികാരികൾ ഉണ്ടാക്കിയതും രണ്ടാമത്തേത് പാരമ്പര്യവും സംസ്കാരവുമായി ബന്ധപ്പെട്ട് രൂപം കൊണ്ടതുമാണ്. ഇങ്ങനെ സങ്കല്പിച്ചെടുക്കുന്ന പ്രദേശത്തെ സമഗ്രമായ ചരിത്രമാണ് പ്രാദേശിക ചരിത്രം"[4]

പ്രാദേശികമായ ചരിത്രനിർമ്മിതി നിലനിൽക്കുന്ന ചരിത്രബോധവുമായി ഇണങ്ങുന്ന വിധത്തിലാണ് ലന്തൻബത്തേരിയിലെ ലുത്തിനിയകളിൽ ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ഈ ചരിത്രബോധത്തിൽ നിന്നുകൊണ്ടു തന്നെ തുരുത്തിന് തനതായ ഒരു ചരിത്രം നിർമ്മിക്കുകയാണ് ചെയ്യുന്നത്. ആ ചരിത്രം രൂപപ്പെടുന്നത് വാമൊഴിയുമായി ബന്ധപ്പെട്ടാണ്.

ഓരോ ദേശത്തിലും വാമൊഴിയായി നിലനിൽക്കുന്ന ചരിത്രബോധമുണ്ടായിരിക്കും. ലന്തൻ ബത്തേരിയിലെ ലുത്തിനിയകളില ചരിത്രം രേഖപ്പെടുത്തുന്നത് ഓർമ്മകളിലൂടെയാണ്. തുരുത്തിന്റെ രാഷ്ട്രീയഭൂമികയും കൊച്ചി തുറമുഖം രൂപം കൊണ്ടതും. പിന്നീട് റോബർട്ട് ബ്രിസ്റ്റോ, ആധുനിക കൊച്ചിയെ രൂപപ്പെടുത്തിയതും വില്ലിംങ്ടൺ ഐലൻഡിന്റെ നിർമ്മിതിയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും വിമോചനസമരവും എല്ലാം കഥകളായും ഓർമ്മകളായും ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു. ഭൂതകാല സംഭവങ്ങൾ കൂട്ടായ്മയിൽ കഥകളായി പുനർജ്ജനിക്കുന്നു. ഓർമ്മ അത്തരത്തിൽ

വിശ്വാസ്യത നൽകുന്ന ചരിത്രദർശനമായി മാറുന്നു. വാമൊഴിയായി കഥാപാത്രങ്ങൾ ചവിട്ടുനാടകത്തിന്റെ നാശത്തിന് കാരണമായ കഥയും നോവലിന്റെ ആഖ്യാനപരിസരത്തേയ്ക്ക് കൊണ്ടുവരുമ്പോൾ കടന്നുവരുന്നു.

അനുഭവകഥനത്തിൽ പ്രാദേശിക വ്യക്തിത്വങ്ങളെ പരാമർശിക്കുന്ന തിനപ്പുറം തുരുത്തിന്റെ ജനതയുടെ മുഴുവൻ അനുഭവത്തെ ആഖ്യാനം ചെയ്യുന്നു. ഇവയെല്ലാം സാധ്യമാക്കുന്നത് ജെസീക്കയുൾപ്പെടുന്ന അനേകം വ്യക്തികളുടെ ഓർമ്മകളിലൂടെയാണ്. അതോടൊപ്പം കുടുംബപുരാണവും നോവലിൽ കടന്നു വരുന്നുണ്ട്. കണക്കുകട്ടത്തിൽ വീട്ടുപേരു ലഭിച്ചതും പാര മ്പര്യമായി ആശാരിപ്പണി പൈതൃകമായി മാറിയതും കുടുംബപുരാണത്തിൽ ഉൾപ്പെടുന്നു.

### 4.2 നോവലും ആഖ്യാനവും

ആഖ്യാനത്തിനായി എഴുത്തുകാർ വ്യത്യസ്തമായ ആഖ്യാനതന്ത്രങ്ങൾ ആവിഷ്കരിക്കാറുണ്ട്. എഴുത്തുകാരന്റെ മൗലികതയും സർഗാത്മകതയും സമന്വയിപ്പിച്ചുകൊണ്ടാണ് ആഖ്യാനതന്ത്രങ്ങൾ ഉടലെടുക്കുന്നത്. യഥാർത്ഥമോ സാങ്കല്പികമോ ആയ സംഭവങ്ങൾ തങ്ങളുടെ ആവിഷ്കാരരൂപങ്ങളിൽ ചേർത്തുവച്ചുകൊണ്ട് എഴുത്തുകാർ സൃഷ്ടിക്കുന്ന ലോകം തികച്ചും വ്യത്യ സ്തമായിരിക്കും. ഭൂതകാലവും ഭാവികാലവും ആഖ്യാനത്തിൽ കടന്നുവരിക സ്വാഭാവികമാണ്. ഭൂതാഖ്യാനത്തെ Analeptic എന്നും ഭാവികഥനത്തെ Pro- leptic എന്നും ജെറാൾഡ് ജെന്നറ്റ് വേർത്തിരിക്കുന്നുണ്ട്. ആഖ്യാനത്തിൽ വർത്തമാനകാലസംഭവങ്ങൾ കടന്നു വരിക സ്വാഭാവികമാണ്. രേഖീയമായ കാലക്രമം ദീക്ഷിക്കുന്നതിൽ വർത്തമാനകാലത്തിന് സാധ്യതകളുണ്ട്.

ആഖ്യാനത്തിൽ പൂർവ്വകഥാഖ്യാന മാതൃകകൾ ഓർമ്മകളായും സംഭാ ഷണങ്ങളിലൂടെയും ധ്വനിപ്പിക്കുന്ന രീതിയുമുണ്ട്. സൂചിതമായോ വ്യംഗ്യമായോ അവതരിപ്പിക്കുകയും ചെയ്യാറുണ്ട്. ആഖ്യാനത്തിൽ സ്ഥലകാലങ്ങൾ വളരെയ ധികം പ്രാധാന്യമുണ്ട്. കാലത്തിന്റെ അനന്തമായ വ്യതിയാനങ്ങൾ മനുഷ്യമ

നസ്സിനെ എന്നപോലെ പ്രത്യേകിച്ച് കലാകാരന്മാരെ സ്വാധീനിക്കുകയുണ്ടായി. നിത്യജീവിതത്തിലെ കാലസമസ്യകളോട് പാഠത്തിലെ (Text) കാലം ഏതുതരത്തിലെല്ലാം ബന്ധപ്പെടുന്നുവെന്ന് കണ്ടെത്തുകയാണ് ആഖ്യാനശാസ്ത്രത്തിൽ ചെയ്യുന്നത്.

ആഖ്യാനശാസ്ത്രത്തിൽ കഥാകാലം (Story time) ആഖ്യാനകാലം (Narrative time) എന്നിങ്ങനെ രണ്ടുതരം കാലസങ്കല്പം കാണപ്പെടുന്നു. കഥയിൽ സന്നിവേശിപ്പിച്ചിരിക്കുന്ന കാലസൂചനകളിലൂടെയാണ് കാലം അഭിവ്യക്തമാകുന്നത്. ഇത്തരം സൂചനകൾ കാലത്തിന്റെ നിരന്തരമായ ചലനത്തോട് ബന്ധപ്പെട്ട സംഭവങ്ങളിലൂടെ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു. കാലം ഒരു പ്രവാഹമാണെന്ന് സങ്കല്പിക്കപ്പെട്ടിരിക്കുന്നു. നാം നിരന്തരം അനുഭവിക്കുന്ന ഭൗതികലോകത്തു നിന്നും എഴുത്തുകാരൻ സൃഷ്ടിച്ചെടുക്കുന്ന കാലബോധം തികച്ചും വ്യത്യസ്തമായിരിക്കും. എഴുത്തുകാരുടെ കാലം മാനസികകാലം കൂടിയാണ്. താനറിഞ്ഞ ലോകത്തെ വ്യത്യസ്തമായി നോക്കി കാണുന്ന എഴുത്തുകാരന്റെ കാലദർശനം സൃഷ്ടികളിൽ കാലത്തിന്റെ നിരന്തര പ്രവാഹത്തെ കീഴ്മേൽ മറിച്ചുകൊണ്ടുള്ള ഭാവനലോകം പണിതുയർത്താൻ സാധ്യമാക്കുന്നു.

"കാലം മുറിവും അതിരും ആവർത്തനവുമില്ലാതെ ഒരേ വഴിയ്ക്കു പോകുന്ന ഒരു പ്രവാഹമാണെങ്കിലും അതിനെ സാങ്കല്പികമായി മുറിച്ചു മുറിച്ച് അതിരും അളവും നല്കി, ആവർത്തനത്തിന്റെ ഛായ കലർത്തി രൂപപ്പെടുത്തുവാൻ നാം ശ്രമിയ്ക്കുന്നു. പ്രകൃതിയാണ് ഇതിനുള്ള വഴികാണിച്ചുതരുന്നത്. സൂര്യൻ ഉദിയ്ക്കുന്നു, ഉയരുന്നു, അസ്തമിക്കുന്നു, രാത്രിയാകുന്നു. പക്ഷെ അപരിചിതമായ ഒരു സംഭവമല്ല പിന്നെ വരുന്നത്. വീണ്ടും ഒരു ഒരു ഉദയമുണ്ടാകുന്നു. രണ്ടാമത്തെ ഉദയം ആദ്യത്തേതിൽ നിന്നു ഭിന്നമാണ്. അതു വാസ്തവത്തിൽ ഒരു പുതിയ സംഭവമാണ്. തുടർച്ചയായ നശ്വരത്വത്തിന്റെ ഫലം തന്നെയാണ്."[5] കാലത്തിന്റെ സ്വാഭാവികതയെ ദർശിക്കുന്ന മനുഷ്യൻ അവയിൽ ചാക്രികത ആരോപിക്കുന്നുവെന്നുമാത്രം. ഇത്തരത്തിൽ ആഖ്യാനത്തിലും ആവർത്തനം കടന്നുവരാറുണ്ട്. ഇതിനെ ആവൃത്തി എന്ന് പറയുന്നു.

സ്ഥലവും കാലവും പരസ്പര പൂരകമായാണ് ആഖ്യാനത്തിൽ കടന്നു വരുന്നത്. സ്ഥലപരമായി നടക്കുന്ന സംഭവങ്ങളുടെ അനുക്രമമായ വികാസ മാണ് ആഖ്യാനത്തിൽ കാണുന്നത്. ആഖ്യാനസ്ഥലം മാനസികമോ യാഥാർത്ഥ്യമോ ആകാം. അമൂർത്തതയും സ്ഥലത്തിന്റെ സ്വഭാവങ്ങളിലൊ ന്നാണ്. സ്വർഗ്ഗനരകങ്ങൾ അമൂർത്തമായ സ്ഥലപരിസരങ്ങളെ അടയാളപ്പെടു ത്തുന്ന പ്രയോഗമാണ്.

"അധികാരം വിവിധ വ്യവഹാരങ്ങളിലൂടെ സ്ഥലപരമായി ബന്ധപ്പെ ടുന്നു. സ്കൂൾ, ആശുപത്രി, ജയിൽ, മാനസിക രോഗാശുപത്രി എന്നിവ സ്ഥലവ ത്കൃത അധികാര രൂപങ്ങളാണെന്ന് മിഷേൽ ഫൂക്കോ വ്യക്തമാക്കുന്നു."[6]

നോവലിലെ ഇതിവൃത്തവും സ്ഥലവും ഒരുപോലെ പ്രധാനപ്പെട്ടതാണ്. സ്ഥലത്തെ കേന്ദ്രമാക്കി രചിക്കുന്ന കൃതികളിൽ ഭൂമിശാസ്ത്രപര സവിശേഷ തകൾ വർണ്ണിക്കുക അതിന്റെ ലക്ഷ്യമല്ല. സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ പ്രാതിനിധ്യ സ്വഭാവമുള്ളവയാണ് സ്ഥലങ്ങൾ. അതുകൊ ണ്ടുതന്നെ സ്ഥലകാലങ്ങളിലൂടെ കടന്നുപോകാതെ സംഭവങ്ങളെ അടയാള പ്പെടുത്തുക സാധ്യമല്ല.

### 4.3 ആഖ്യാനവും സ്ഥലകാലങ്ങളും

ജെസീക്ക എന്ന പെൺകുട്ടിയെ കേന്ദ്രമാക്കിയുള്ള ആഖ്യാനഘടനയാണ് ഈ നോവലിനുള്ളത്. പ്രാദേശികവും അതോടൊപ്പം നാഗരികവുമായ അനുഭ വങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ഭൂതകാലത്തെയും വർത്തമാനകാലത്തെയും കഥാഖ്യാനത്തിലേക്ക് കൊണ്ടുവരുന്നു. അധിനിവേശത്തിന്റെ ചിഹ്നങ്ങൾ നില നിൽക്കുന്ന പ്രാദേശികതയുടെ ആഖ്യാനം കൂടിയാണീ നോവൽ. നോവലിന്റെ തുടക്കത്തിൽ ചേർത്ത ഭൂപടം ആഖ്യാനത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ട് ഭൂപടങ്ങൾ നിർമ്മിക്കപ്പെടുന്നത് സ്ഥലവുമായി ബന്ധപ്പെട്ട അധികാരങ്ങൾ ഉടലെടുക്കുന്ന കാലഘട്ടത്തിലാണ്. എന്നാൽ നോവലിൽ ഭാവനാത്മകമായ സ്ഥലസൃഷ്ടിയുടെ മുന്നൊരുക്കമാണ്.

ലന്തൻ കൊട്ടാരം, പറങ്കിക്കപ്പേള എന്നിവ അധിനിവേശ സംസ്കൃതിയുടെ മുദ്രകൾ നിലനിർത്തുന്ന സ്ഥാപനങ്ങളാണ്. കഥാഖ്യാനത്തിൽ ലന്തൻ കൊട്ടാരത്തിന് ഒരു സാംസ്കാരിക നിർമ്മിതിയെന്ന പരിമിതാർത്ഥം മാത്രമേ കൽപിക്കപ്പെടുന്നുള്ളു. എന്നാൽ പറങ്കിക്കപ്പേള സജീവ സാന്നിധ്യമാണ്. പറങ്കികപ്പേളയ്ക്കടുത്ത് താമസിക്കുന്നവരെക്കുറിച്ചും അവിടെ നിന്ന് നോവലിലെ പല കഥാപാത്രങ്ങളും പ്രാർത്ഥിക്കുന്നതും കഥാഖ്യാനത്തിൽ കടന്നുവരുന്നുണ്ട്.

1951ലാണ് ജെസീക്കയുടെ ജനനം. ആഖ്യാനത്തിൽ ഭൂതകാലഖ്യാനം ജെസീക്ക നിർവഹിക്കുന്നതാണ്. അവ തനിക്ക് മറ്റുള്ളവർ പറഞ്ഞുതന്നതാണെന്ന് പറയുന്നുണ്ട്. നോവലിന്റെ കഥാഖ്യാനത്തിൽ കടന്നുവരുന്ന ജെസീക്കയുടെ പിറവി സംബന്ധിക്കുന്നവ ജെസീക്കയ്ക്ക് അറിയുന്നത് എങ്ങനെയെന്ന ചോദ്യം ഉയരുക സ്വാഭാവികമാണ്. ഇവിടെ യഥാർത്ഥത്തിൽ ഗ്രന്ഥകാരാഖ്യാനമാണ് നടക്കുന്നത്. ബാഹ്യകാലത്തെയും ആന്തരിക കാലത്തെയും ഒരേ സമയം മനസ്സിലാക്കാൻ കഴിയുക സാധ്യമല്ല. എന്നാൽ ജെസീക്ക പറയുന്നത് പുറമേയുണ്ടാവുന്ന മാറ്റങ്ങളെ അറിഞ്ഞിരുന്നുവെന്നാണ്.

"മറ്റിൽഡയുടെ വയറ്റിൽ കിടക്കുമ്പോൾതന്നെ ഞാൻ ചുറ്റുപാടുമുള്ള മഹാജലത്തെ അറിഞ്ഞിരുന്നു. തെക്കേക്കായൽ വാവുകളിൽ നടുവളച്ചു മേലോട്ട് ആയുമ്പോൾ ഞാൻ കിടന്നിരുന്ന വെള്ളത്തിന് വേലി പിടിക്കും. കർക്കിടകത്തിൽ കുത്തിയൊലിച്ചു വരുന്ന പെരിയാർ ലന്തൻബത്തേരിക്കു കിഴക്കും പടിഞ്ഞാറുമുള്ള പുഴകളെ ചെങ്കല്ലുനിറമാക്കുമ്പോൾ, എന്റെ അമ്മയുടെ വയറ്റിലെ വെള്ളവും തിരളുമായിരുന്നു"[7]

സ്ഥലകാലത്തുള്ള അന്നുമുതൽ തിരിച്ചറിയുന്നവളാണ് ജെസീക്ക. തന്റെ കുടുംബപേരിന്റെ ഉത്പത്തിയെക്കുറിച്ച് വിവരിക്കുന്നുണ്ട്. ബൈബിളിലെ ഉല്പത്തി പാപം എന്ന ബിംബം ജെസീക്കയെ പിന്തുടരുന്നുണ്ട്. കണക്കുകട്ടളുയിയാശാരിയെ ശപിച്ചതാണ് ഉല്പത്തി പാപമായി ജെസീക്ക കാണുന്നത്. കഥാന്തരത്തിൽ ജെസീക്ക കണക്കിൽ മോശമായിരുന്നുവെന്ന് ആവിഷ്കരി

ക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഭാവി സൂചനകളിലൂടെ അവതരിപ്പിക്കുന്നതാണ് ഭാവി കഥനം എന്ന ആഖ്യാന രീതി.

സന്ത്യാഗുവും കൂട്ടുകാരും ചവിട്ടുനാടകം അവതരിപ്പിക്കുന്നത് ആവിഷ്കരിച്ചിട്ടുണ്ട്. ചവിട്ടുനാടകങ്ങൾ പള്ളി മുറ്റങ്ങളിൽ വളർന്നവയാണ്. എന്നാൽ നാശത്തിലേക്ക് നീങ്ങികൊണ്ടിരിക്കുന്ന ഒരു കലാരൂപമായിരുന്നു അത്. ചവിട്ടുനാടകത്തിനായി വേദിയില്ലാതെപോയ കലാകാരന്മാർ അത് കള്ള്ഷാപ്പ് എന്ന സ്ഥലത്ത് അവതരിപ്പിക്കുന്നു. ഇത് പുതിയ സ്ഥലകാല നിർമ്മിതിയാണ്. കൂടാതെ കാറൽമാന്റെയും ബ്രിജീന പുണ്യാളത്തിയുടേയും കഥ പറഞ്ഞിരുന്ന ചവിട്ടുനാടകത്തിൽ സന്ത്യാഗു കള്ളുഷാപ്പിലവതരിപ്പിക്കുന്നത് ഗാന്ധി ചരിതമാണ്. എന്നാൽ സന്ത്യാഗുവിന്റെ ചവിട്ടുനാടകത്തിൽ ഗോഡ്സെയെ വധിക്കുന്ന ഗാന്ധിയെയാണ് അവതരിപ്പിക്കുന്നത്. അതിനെ ചോദ്യം ചെയ്തയാളോട് സന്ത്യാഗു പറയുന്നതിപ്രകാരമാണ്.

“അത് നിന്റെ കഥ ഗാന്ധിമ്മാന കൊന്നട്ട് നീ എന്ന കൊണ്ട് തോറ്റ വിരുത്തം പാടിക്കൂല്ലേ? ആറാം പുരയ്ക്കല് ഇന്ന് വര ആരും തോറ്റ വിരുത്തം പാട്യട്ടില്ല. ഇനി പാടാനൊട്ട് പോണൂല്ല”[8]

ചവിട്ടു നാടകത്തോടുള്ള അയാളുടെ ആത്മബന്ധം മാത്രമല്ല ഈ വരികളിലുള്ളത്. ചരിത്രസന്ധികൾ സൃഷ്ടിച്ച ഗാന്ധി വധത്തെ പുനർനിർമ്മിക്കുകയാണിവിടെ. “ഗാന്ധിജിയെ കൊന്നത് 103ഡിഗ്രി പനിയിലായിരുന്നു”[9] എന്ന് തിരുത്ത് എന്ന കഥയിൽ മാധവൻ എഴുതിയിട്ടുണ്ട്. ചരിത്രസന്ധികളിൽ പനി പിടിയ്ക്കുന്ന കഥാപാത്രം മുന്നോട്ടുവെയ്ക്കുന്ന ചരിത്രബോധം തന്നെയാണ് സന്ത്യാഗുവിനെകൊണ്ട് ഗോഡ്സെയെ കൊല്ലുന്ന ഗാന്ധിജി സൃഷ്ടിച്ചത്. കഥാഖ്യാനത്തിന്റെ, ചരിത്രത്തിന്റെ ഈ അസാധാരണമായ ഇണക്കിചേർക്കൽ നോവലിന് വ്യത്യസ്തമാനങ്ങൾ നൽകുന്നുണ്ട്.

ലന്തൻബത്തേരിയിലേക്ക് കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ പ്രചാരകനായി രാമചന്ദ്രഷേണായി എത്തുന്നു. രാഘവൻ അയാൾക്ക് മലാക്കാഹൗസിൽ താമ

സമൊരുക്കുന്നു. വൈപ്പിനിൽ നടന്ന സംഘർഷത്തെക്കുറിച്ചും പാർട്ടി നിലപാടുകളെയും കഥാപാത്രങ്ങളിലൂടെ പുനർവിചിന്തനം നടത്തുന്നുണ്ട് എഴുത്തുകാരൻ. നോവലിന്റെ ആഖ്യാനത്തിൽ ചവിട്ടുനാടകത്തിന്റെ സ്വാധീനം കാണാം. വർഷങ്ങൾക്കുശേഷം ഗോതുരുത്തീലച്ചൻ ചവിട്ടുനാടകം അവതരിപ്പിക്കാൻ അനുമതി നൽകുന്നു. പക്ഷേ കണ്ടീഷനുണ്ടായിരുന്നു. "നമ്മുടെ റോൾദാൻ, കിഴക്കിലെ റോമാ ചക്രവർത്തി കോൺസ്റ്റയിന്റെ ഒത്താശയോടെ കുരിശുയുദ്ധം നടത്തി. സകല ജോനകരേയും തുരത്തി യേരുശലേം തിരിച്ചുപിടിക്കണെ കഥയായിരിക്കണം കളിക്കേണ്ടത്."[10]

"വൈപ്പിൻ കടപ്പൊറത്ത് മാസത്തി ഒരു പ്രാവശ്യാങ്കിലും ക്രിസ്ത്യാനികളും മുസ്ലിങ്ങളും തമ്മി പൊട്ടലും ചീറ്റലും നടക്കുമ്പ ഈ യേശുശേലം പിടിക്കണ കഥ തന്നെ വേണോ?"[11] ഗിൽബർട്ടിന്റെ ഈ ചിന്ത എഴുത്തുകാരന്റെ സാമൂഹിക ബോധത്തെ തന്നെയാണ് പുനരുത്പാദിപ്പിക്കുന്നത്. ഇസ്രായേൽ -പാലസ്തീൻ സംഘർഷത്തിന്റെ വർത്തമാനകാല പരിസരത്തു നിന്നുകൊണ്ടാണ് കഥയിലെ ഈ കാഴ്ചപ്പാടിനെ നോക്കിക്കാണേണ്ടത്. നോവലിന്റെ ആഖ്യാനത്തിലേക്ക് വർത്തമാനകാല സമസ്യകൾ ഈ രീതിയിൽ സന്നിവേശിപ്പിക്കുന്നതിലൂടെ നോവലിസ്റ്റ് തന്റെ പക്ഷം വ്യക്തമാക്കുന്നു.

1937 ജനുവരി മാസത്തിൽ എറണാകുളം മഹാരാജാസ് കോളേജിൽ ബ്രിസ്റ്റോ നടത്തിയ പ്രസംഗം എഡ്വിൻ എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു. കൊച്ചിതുറമുഖം ഉണ്ടായതിന്റെ ചരിത്രം വിവരിക്കുന്നു. കഥാഖ്യാനത്തിലേക്ക് ഭൂതകാലം കടന്നുവരുന്നു. വില്ലിങ്ടൺ ഐലന്റ് നിർമ്മിച്ചത് റോബർട്ട് ബ്രിസ്റ്റോയാണ്. എന്നാൽ ബ്രിസ്റ്റോയ്ക്ക് ഉന്മാദം പിടിപ്പെട്ടു. അദ്ദേഹം ലണ്ടനിലായിരുന്നപ്പോൾ സർ ഗോർഡൻ ഹിയേൻസിനെ കണ്ടു. പേഷവാർ കന്റോൺമെന്റ് സ്റ്റേഷനിൽ നിന്ന് അഫ്ഗാൻ അതിർത്തിയായ ഡ്യൂറന്റ് ലൈൻവരെ ഖൈബർ ചുരത്തിലൂടെ തീവണ്ടിപ്പാത നിർമ്മിച്ചത് ഇദ്ദേഹമായിരുന്നു. അദ്ദേഹത്തിനും ഉന്മാദമായിരുന്നു.

"ഇന്ത്യയിൽ സൃഷ്ടി നടത്തിയാൽ ഇതാണു ഫലം ഉന്മാദം"[12]

ചെറുകഥകളിൽ പലതിലും ഉന്മാദം കടന്നുവരുന്നുണ്ട്. കനകം, ഇരുളേ വിഴുങ്ങൂ എന്നിവ ഉദാഹരണം.

വിമോചനസമരം നോവലിന്റെ ആഖ്യാനത്തിൽ കടന്നുവരുന്ന ഒരു പ്രധാന സംഭവമാണ്. കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ കാലത്ത് അരിക്ഷാമം ഇല്ലാതാക്കാൻ വേണ്ടി ഇറക്കിയ മക്രോണി വിമർശനങ്ങൾ ഏറ്റുവാങ്ങുന്നു. പള്ളികളും ന്യൂനപക്ഷ സമുദായങ്ങളിലും മന്ത്രിസഭയോടുള്ള വെറുപ്പ് നിറയുന്നു. എന്നാൽ അവരെ ജെസീക്ക കാര്യകാരണ സഹിതം ചോദ്യം ചെയ്യുന്നുണ്ട്. ഈ ചോദ്യങ്ങൾ ജെസീക്കയ്ക്ക് കഥയുടെ ലോകത്ത് നിന്നുള്ള നിഷ്കാസന മായിത്തീരുന്നു.

"വസ്തുനിഷ്ഠാനുഭവത്തിനു വിരുദ്ധവും അസത്യമെന്ന് അവളുടെ ഉള്ളം ഉറപ്പിച്ചതുമായ രാജന്റെ കഥ ചൊല്ലലാണ് കഥയോടുള്ള മമതയെ ജെസീക്കയിൽ നിന്നും തട്ടിപ്പറിച്ചത്. കഥയിൽ കളവാകാമെങ്കിലും അത് ജീവിതത്തിന് നേരനുഭവത്തിനു വിരുദ്ധമായ ചതിയാകരുതെന്ന് ജെസീക്ക ഉറപ്പിക്കുന്നു. ജീവിതത്തിലെ ആനുഭവിക യാഥാർത്ഥ്യങ്ങളെ നിഷേധിക്കുന്ന പ്രവണതകൾ അനീതിയോട് സന്ധി ചെയ്യുന്നവയും ധർമ്മവിരുദ്ധവുമാണെന്ന സാർത്ഥക മായ ധാരണയാണ് ഇവിടെ പ്രേഷിക്കപ്പെടുന്നത്."[13] കഥയെക്കുറിച്ചുള്ള എൻ. എസ്.മാധവനെന്ന കഥാകാരന്റെ നിലപാടുകൂടിയാണിത്. സ്ഥലകാലങ്ങളിലാണ് എഴുത്തുകാരൻ തന്റെ കഥയെ സൃഷ്ടിക്കുന്നത്. കഥാഖ്യാനത്തിലും കഥാപാത്ര വികാസത്തിലും സ്ഥലകാലങ്ങളുടെ നൈരന്തര്യചലനം അത്യാവശ്യവുമാണ്.

കഥാപാത്രനിർമ്മിതിയിൽ ഒരാളുടെ വ്യക്തിപരമായ ചിന്താഗതികളും, സാമൂഹികബോധം, മനോവൃത്തി എന്നിവ എഴുത്തുകാരന്റെ കൂടി സ്വത്വബോധത്തെ അടയാളപ്പെടുത്തുന്നു. ജെസീക്കയെ പുഷ്പാംഗദൻമാഷ് അപമാനിക്കുമ്പോൾ സമൂഹം അവളെയാണ് കുറ്റപ്പെടുത്തുന്നത്. മറ്റിൽഡ, പീലാത്തോസച്ചൻ, സഖാവ് തോമസ്, ജെസീക്കയുടെ കൂട്ടുകാരികൾ എന്നിങ്ങനെ നിരവധിപേർ ജെസീക്കയെ നിശബ്ദയാക്കാൻ ശ്രമിക്കുന്നു.എന്നാൽ ജെസീക്ക തന്റെ

നിലപാടിൽ ഉറച്ചു നിന്നുകൊണ്ട് പുഷ്പാംഗദൻ മാഷിന്റെ മാന്യതയെ ചോദ്യം ചെയ്യുന്നു. എന്നാൽ കഥാഗതിയിൽ മറ്റൊരു സന്നിഗ്ധാവസ്ഥ സൃഷ്ടിച്ചുകൊണ്ട് പുഷ്പാംഗദൻ മാഷ് പുഴയിൽ ചാടി മരിക്കുന്നു. ഇതൊടെ സമൂഹത്തിന് മുമ്പിൽ ജെസീക്ക തീർത്തും ഒറ്റപ്പെട്ടവളാകുന്നു. ആത്മഹത്യയെകുറിച്ച് ചിന്തിക്കന്ന അവളോട് മുത്തച്ഛൻ മാർക്കോസാശാരി പറഞ്ഞു കൊടുത്ത വഴിയാണ് ഉന്മാദം അഭിനയിക്കുന്ന എന്നത്. പക്ഷെ ജെസീക്ക ചരിത്രം കയറ്റിയ കപ്പലുകൾ വെളിച്ചം കാട്ടുന്ന ലൈറ്റ് ഹൗസായി സ്വയം സങ്കൽപ്പിക്കുന്നു. ഒടുവിൽ ഭ്രാന്താശുപത്രിയുടെ ടേബിളിൽ കറന്റടിപ്പിക്കാൻ കിടത്തുമ്പോൾ അഭിനയം മതിയാകാൻ ആവശ്യപ്പെടുന്നുണ്ടെങ്കിലും ഉന്മാദം സത്യമായി പരിണമിക്കുന്നു.

"ഒഴുകുന്ന വെള്ളത്തിന്റെ തണുപ്പ് ഞാൻ അറിഞ്ഞു. നദി മൈലാഞ്ചിക്കാടുകളുള്ള, മയിലുകൾ പീലി വിടർത്തിയാടുന്ന കുന്നിൽ ജനിച്ചതേയുള്ളു. കൊച്ചു ചോലകളിൽ വെള്ളത്തിന്റെ കുമിളകൾ പൊട്ടുന്ന ശബ്ദം ഞാൻ കേട്ടു. മലകളുടെ ചെറിയ രന്ധ്രങ്ങളിലൂടെ, മാലാഖമാരുടെ കുഴലൂത്തിന്റെ ശബ്ദത്തിൽ ഒഴുകുന്ന വെള്ളം വളർന്നു. പള്ളിവാസലിൽ എത്തിയപ്പോൾ പെരിയാർ തടാകമായി. ഞാൻ വെള്ളത്തിൽ ഊളിയിട്ടു.......... ആലുവ മണപ്പുറവും കടന്ന് ഞാൻ ലന്തൻ ബത്തേരി വഴി കൊച്ചി അഴിയിലെ കടലിലേക്കു നീങ്ങി."[14]
പുതിയ ജന്മത്തെകുറിച്ചുള്ള സ്വപ്നം ഇവിടെ ജെസിക്ക പങ്കുവെയ്ക്കുന്നുണ്ട്. ഒപ്പം അമ്മയുടെ ഉദരത്തിൽ വെച്ച അറിഞ്ഞ ജലത്തിന്റെ സാന്നിധ്യത്തിലേക്കുള്ള തിരിച്ചു പോകലായി കടലിലേക്കുള്ള പ്രയാണം മാറുന്നു. തനിക്ക് ഇടമില്ലാത്ത ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലം തേടിയുള്ള പ്രയാണമാണ് ജെസിക്കയുടേത്. ഓർമകളില്ലാത്ത, ചരിത്രമില്ലാത്ത ഒരു സ്ഥലത്തേക്ക് നീങ്ങുന്ന ജെസീക്ക കഥാഖ്യാനത്തിൽ പുതിയ സഞ്ചാരപഥങ്ങൾ സൃഷ്ടിക്കുന്നു.

### 4.3.1 വാമൊഴി സംസ്കാരം

വാമൊഴികൾ വ്യക്തിപരമായ മൊഴികളാണ്. തന്റെ ദേശത്തിന്റെ സംസ്കൃതിയെ രൂപപ്പെടുത്തിയ സംഭവങ്ങളെക്കുറിച്ച് അവിടെത്തെ ജനങ്ങൾക്ക് പറയാനുള്ള കഥകൾ വാമൊഴി സംസ്കാരത്തിന്റെ ഭാഗമാണ്.

ഒരു ദേശത്തെ രൂപപ്പെടുത്തുന്നത് നിരവധി ഘടകങ്ങൾ കൂടി ചേർന്നാണ്. നാടൻ ജീവിതത്തിന്റെ മുദ്രകൾ ഈ നോവലിൽ കാണാം. മത്തേവുസാശാരിയുടെയും മറ്റിൽഡയുടെയും കുടുംബത്തിന്റെയും കഥ മാത്രമല്ല നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. ഒരു ജനതയുടെ തൊഴിൽ, ആചാരാനുഷ്ഠാനങ്ങൾ, മതവിശ്വാസം, കല എന്നിവ നിലനിൽക്കുന്നതിന്റെ ചരിത്രം കൂടി ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. വൈവിദ്ധ്യവും വ്യത്യസ്തവുമായ സംസ്കാരം കേരളീയർക്കുണ്ട്. ജീവിതത്തിന്റെ നാനാതലങ്ങളെ സ്പർശിക്കുന്ന ജീവിതശൈലിയിലൂടെ സമഗ്രമായൊരു പാരമ്പര്യം നാം നിലനിർത്തി. ഒരു ദേശത്തിന്റെ ജനതയുടെ സംസ്കാരമറിയണമെങ്കിൽ ജനജീവിതത്തിന്റെ പൊതുസവിശേഷതകളെല്ലാം ഉൾക്കൊള്ളണം. ജനജീവിതത്തിന്റെ അടയാളങ്ങളുടെ സമസ്തരേഖകളും ആശ്രയിക്കണം. നാട്ടുകഥകൾ, ഐതീഹ്യങ്ങൾ, പഴഞ്ചൊല്ലുകൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, ഭക്ഷണം, പാർപ്പിടം, കലകൾ എന്നിവയിലൂടെ നിലനിൽക്കുന്ന നാടിന്റെ തനിമ ദേശത്തിന്റെ പൊതുവായ ചരിത്രത്തെ നിർണ്ണയിക്കുന്നു. ജെസീക്ക എന്ന പെൺകുട്ടിയുടെ ഓർമ്മകളിലൂടെയാണ് ലന്തൻബത്തേരിയുടെ കഥ പറയുന്നത്.

"മനുഷ്യനും സ്ഥലവും തമ്മിലുള്ള ഒരു ഭൂമിശാസ്ത്രപ്രശ്നമല്ല എഴുത്തിൽ. കൃതിയിൽ നോവലിസ്റ്റ് നടത്തുന്ന സ്ഥലപ്രയോഗങ്ങൾ എപ്പോഴും ഭൂവിജ്ഞാനീയത്തിന്റെ യുക്തികളെ ലംഘിക്കുന്നു. ചരിത്രത്തിലേക്കും സാംസ്കാരിക ബോധത്തിലേക്കും ഭൂമിശാസ്ത്രത്തെ അതിവർത്തനം ചെയ്യുന്ന പ്രവർത്തനമാണ് നോവലിലെ ആഖ്യാനം. സ്ഥലപ്രയോഗങ്ങളുടെ ഒരു വിതരണശൃംഖലയാണ് നോവലിൽ സൃഷ്ടിക്കപ്പെടുന്നത്. സ്വതന്ത്രമായി നിലനിൽക്കുന്ന സ്ഥലം എന്നൊന്നില്ല. മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാന സംവർഗ്ഗങ്ങളായ സ്ഥലകാലങ്ങളെത്തന്നെയാണ് നോവലിന്റെ ആഖ്യാന ക്രമവും ആധാരമാക്കുന്നത്. സ്ഥലകാലത്തിലെ വ്യക്തി ജീവിതങ്ങളെ അഴിച്ചെടുത്ത് പുതിയൊരു സ്ഥലകാല മണ്ഡലം ഓരോ എഴുത്തുകാരനും കൃതിയിൽ നിർമ്മിക്കുന്നു. ഓർമ്മ പ്രസക്തമാകുന്നത് ഇവിടെയാണ്. ഓർമ്മ

യിലൂടെയാണ് നോവലിസ്റ്റ് കൃതിയിൽ സ്ഥലകാലം വീണ്ടെടുക്കുന്നത്. അതോടെ ഓർമ്മയാൽ നിർമ്മിക്കപ്പെട്ട ഒരു കാവ്യസ്ഥല (Poetic space) ആയി കൃതി മാറുന്നു."[15] ഈയെഴുതുന്നതെല്ലാം താൻ കണ്ടും കേട്ടും അറിഞ്ഞതാണ്. ചിലതെല്ലാം താൻ ഉണ്ടാക്കിയ കഥകളാണ്. എന്ന് ജെസീക്ക ഏറ്റു പറയുന്നുണ്ട്. ഇപ്രകാരം ഓർമ്മയിലൂടെയാണ് നോവലിന്റെ ആഖ്യാനം തുടരുന്നത്.

ചരിത്രാത്മകത ഈ നോവലിന്റെ സവിശേഷതയാണ്. അധിനിവേശ സംസ്കാരത്തിന്റെ അവശേഷിപ്പുകളാണ് ലന്തൻബത്തേരിയിൽ നില നിൽക്കുന്നത്. നോവലിൽ 1951 മുതൽ 1964 വരെയുള്ള കേരളത്തിലെ പ്രധാന സംഭവങ്ങൾ ആഖ്യാനത്തിൽ കടന്നുവരുന്നുണ്ട്. കേരളത്തിലെ അധിനി വേശത്തിന്റെ ചരിത്രത്തോടൊപ്പം ക്രിസ്ത്യാനികളുടെ ചരിത്രം, കപ്പൽ പ്പണിക്കരുടെ ചരിത്രം, കൊച്ചിതുറമുഖത്തിന്റെ ചരിത്രം, കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം ഇ.എം.എസ്. മന്ത്രിസഭ, വിമോചന സമരം എന്നിങ്ങനെ നിരവധി ചരിത്രസന്ദർഭങ്ങളെ സൂക്ഷമമായി നോവലിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത് ജെസീക്ക ഉൾപ്പെടുന്ന കഥാപാത്രങ്ങളുടെ ഓർമ്മയിലൂടെയാണ്. ഓർമ്മയിലൂടെ ആവിഷ്കരിക്കപ്പെടുക എന്നത് നാടോടി സംസ്കാരത്തിന്റെ സവിശേഷത യാണ്. ലന്തൻബത്തേരി എന്ന ദേശത്തെ ആചാരങ്ങളും വിശ്വാസങ്ങളും മിത്തുകളും ഭാഷയും സംസ്കാരങ്ങളും നാടൻ സംസ്കൃതിയുടെ വേറിട്ട മുഖത്തെ അടയാളപ്പെടുത്തുന്നു.

അധിനിവേശ കാലാനന്തരസമൂഹമാണ് നോവലിൽ അവതരിപ്പിക്കപ്പെട്ടി ട്ടുള്ളത്. ജെസീക്കയുടെ ഓർമ്മകളിലൂടെയും വാമൊഴിയിലൂടെയുമുള്ള കഥപറച്ചിൽ വാമൊഴി സംസ്കാരത്തിന്റെ ഭാഗമാണ്.ജെസീക്ക താൻ ജനിച്ചതുമുതലുള്ള കഥ പറയുന്നുണ്ട്. കഥ കേൾക്കാൻ ഇഷ്ടമുള്ള കുട്ടി യായിരുന്നു അവൾ. എല്ലാദിവസവും അമ്മയുടെ മടിയിലിരുന്ന് കഥ കേൾക്കുന്നു. അമ്മയുടെ കഴുത്തിലെ ചുവന്ന അരിമ്പാറ ഞെരടിക്കൊണ്ടി

രിക്കുമ്പോൾ അമ്മ കഥപറയാൻ തുടങ്ങും. ലന്തൻബത്തേരിയിൽ പലപ്പോഴും കഥകൾ ഉണ്ടായിരുന്നത് സ്പർശം കൊണ്ടാണ് എന്ന നിഗമനത്തിൽ അവൾ എത്തുന്നു. ലന്തൻബത്തേരി ഉണ്ടായതിനെക്കുറിച്ചും പോർച്ചുഗീസ്, ഡച്ച് , അധിനിവേശം, വില്ലിംഗ്ടൺ ഐലന്റ് നിർമ്മിതി കേരളപിറവി, എറണാകുളം ജില്ല രൂപീകൃതമായത് എന്നിങ്ങനെ ചരിത്രസംഭവങ്ങൾ സ്ഥലകാല ബന്ധിതമായി നോവലിൽ കടന്നുവരുന്നു. " ഓർമ്മയ്ക്ക് അനേകം സ്ഥലമാനങ്ങളുണ്ട്. ദേശചരിത്രവുമായി ഇഴചേരുമ്പോൾ ഓർമ്മ സവിശേഷമായൊരു സ്ഥല-കാല ഭൂമിശാസ്ത്രത്തിലേക്കു വികസിക്കുന്നു."[16]

തലമുറകളായി ഒരു പ്രദേശത്ത് ജീവിക്കുന്ന മനുഷ്യർ സൃഷ്ടിക്കുന്ന അറിവുകളും ആശയങ്ങളും വിശ്വാസങ്ങളും അവരുടെ സ്വത്വനിർമ്മിതി കൂടിയാണ്. സാംസ്കാരികമായ സ്വത്വനിർമ്മിതി ഓരോ ദേശവും ഉൾക്കൊള്ളുന്നുണ്ട്. സ്ഥലപുരാണം, ദേശചരിത്രം, പ്രാദേശിക ചരിത്രം എന്നിങ്ങനെ ചരിത്രവുമായി ഫോക്‌ലോർ ബന്ധപ്പെടുന്നു. ഒരു ദേശത്തിന്റെ നാടോടി വിജ്ഞാനം അപ്രകാരം അവരുടെ ചരിത്ര നിർമ്മിതിയെ സാധ്യമാക്കുന്ന ഘടകമായി പരിണമിക്കുന്നു. ഇത് നോവലിൽ വാമൊഴിയായി കടന്നുവരുന്നു. ചരിത്രത്തെ കഥകളായി അവതരിപ്പിക്കുന്നു. അത് ചരിത്രഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ള ചരിത്രത്തെക്കാൾ കേട്ടറിഞ്ഞ കഥകളായിട്ടാണ് നോവലിൽ കടന്നുവരുന്നത്.

ആഖ്യാനത്തിൽ ഭാഷയോടുള്ള ആഭിമുഖ്യം പ്രകടമാണ്. ആഖ്യാനത്തിൽ സ്ഥലകാലങ്ങളെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നത് വാമൊഴിയോട് അടുത്ത് നിൽക്കുന്ന ഭാഷയാണ്. ഭൂതകാലം ഓർമ്മകളിലൂടെ കടന്നുവരുന്നു. റിഫ്ളക്ടർ എന്ന ആഖ്യാനത്തിന്റെ പ്രതീകമായാണ് ജെസിക്കയുടെ കഥാഖ്യാനം കടന്നുവരുന്നത് "ജനിക്കുന്നതിന് മുമ്പും ഒമ്പതാം വയസ്സിലും ഒരേ ഭാഷയാണ് അവൾക്ക്. പാട്ടിന് ഭാഷയുണ്ടോ എന്നവൾ ഒരിക്കൽ സംശയിക്കുന്നുണ്ട്. ഹിന്ദിയും ഇംഗ്ലീഷും ബംഗാളിയും മലയാളവും ഫ്രഞ്ചും തമിഴും എല്ലാം കടന്നുവരുന്നുണ്ടതിൽ. വികസിതമാകുന്ന പദകോശത്തിലൂടെയല്ല

അവൾ അനുഭവങ്ങളെ സ്വീകരിക്കുന്നത്. ക്രിയാപദങ്ങളുടെ പട്ടികയിലൂടെയാണ് അനുഭവങ്ങളെ അവൾ അന്വേഷിക്കുന്നത്."[17] ആഖ്യാനത്തിൽ വാമൊഴി സംസ്കാരത്തോടുള്ള ആഭിമുഖ്യം പ്രകടമായി മാറുന്നു. വ്യത്യസ്ത സ്ഥല കാലങ്ങളെ രൂപപ്പെടുത്തുന്ന കഥാഘടനയെ ഏകാത്മകബോധത്തിലേക്ക് നയിക്കുന്നത് വാമൊഴി സംസ്കാരമാണ്.

### 4.3.2 പ്രദേശവും ചരിത്രവും

പ്രദേശത്തിന് അർത്ഥം സങ്കൽപ്പിക്കുമ്പോൾ ദേശം, കര, തറ എന്നിങ്ങനെ പലതുമാകാം. ഒരു പ്രദേശത്തിന്റെ രൂപവത്കരണത്തിൽ സ്വാധീനം ചെലുത്തുന്ന ഒന്ന് ഭരണപരമായ അതിർത്തി സങ്കൽപ്പമാണ്. മറ്റൊന്ന് അവിടുത്തെ ജനത അവർ ജീവിക്കുന്ന നാടിനെക്കുറിച്ച് അവരുടേതായ തിരിച്ചറിവ് സൂക്ഷിക്കുന്നുമുണ്ട്. അത് സംസ്കാരവുമായി ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ടതാണ്. ഒരു ഗ്രാമത്തിന് ഭരണാതിർത്തികൾ ഉണ്ടെങ്കിലും അവിടുത്തെ ജനങ്ങൾ അതിനെ തിരിച്ചറിയുന്നത് പഴയ ദേശത്തിന്റെ നാടിന്റെ ഓർമ്മകളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ്. സാംസ്കാരിക ജീവിതവുമായും, പൈതൃകവുമായും അതിനു ബന്ധമുണ്ട്. ചരിത്രഗ്രന്ഥങ്ങളിൽ പ്രദേശം സാമ്രാജ്യത്വത്തിന്റെ ചരിത്രങ്ങൾ, ഭരണത്തിന്റെ ചരിത്രങ്ങൾ എന്നിവയായി മാറുന്നു.

"പ്രാദേശികചരിത്രം എന്നതുകൊണ്ട് ആ ചരിത്രം ഒരു പ്രദേശത്തെ നാം നിർവചിക്കുന്ന, സങ്കൽപ്പിക്കുന്ന ഒരു പ്രദേശത്തെ സമഗ്രമായ ചരിത്രമാണ്."[18] പ്രാദേശിക ചരിത്രത്തിൽ ഐതീഹ്യങ്ങൾക്കും ആ പ്രദേശത്തെ ജനതയുടെ ഓർമ്മകൾക്കും പ്രാധാന്യമുണ്ട്. ഒരു കാലഘട്ടത്തിലെ സാമൂഹികബോധത്തെക്കുറിച്ചറിയാൻ ഐതീഹ്യങ്ങൾ സഹായിക്കുന്നു. ഓർമ്മകളിലൂടെ ചരിത്രത്തെ നിർമ്മിക്കുമ്പോൾ അതിന്റെ രണ്ട് ഉറവിടങ്ങളാണ് വാമൊഴിചരിത്രവും വാമൊഴിപാരമ്പര്യവും. ഒരു ചരിത്രസന്ദർഭത്തെക്കുറിച്ചുള്ള ഓർമ്മകളുള്ളവരിൽ നിന്ന് നാം വീണ്ടെടുക്കുമ്പോൾ അത് വാമൊഴി ചരിത്രമാവും, വാമൊഴി പാരമ്പര്യം ഒരുവന് തന്റെ ജീവിതവുമായി ബന്ധപ്പെട്ടു

നിൽക്കുന്ന സ്വത്വബോധവുമായി ബന്ധപ്പെട്ടതാണ്. അതിന് പ്രദേശത്തെക്കുറിച്ചുള്ള അബോധമായ ചില കാഴ്ചപ്പാടുകൾ അയാളെ സ്വാധീനിക്കുന്നുണ്ട്. അത് തിരിച്ചറിയുക എന്നത് പ്രധാനപ്പെട്ട ഒന്നാണ്. അവയാണ് പ്രദേശത്തിന്റെ ചരിത്രത്തെ നിർമ്മിക്കുന്നത്.

ഓരോ ദേശത്തിനും പ്രദേശത്തിനും തനതായ പാരമ്പര്യവും, സാംസ്കാരിക പൈതൃകവുമുണ്ട്. അതെല്ലാം അറിയുവാൻ ചരിത്രത്തെ സഹായിക്കുന്നത് ചരിത്രത്തോട് ചേർന്നു നിൽക്കുന്ന നാട്ടറിവുകളാണ്. ആ അറിവുകൾ ചരിത്രരചനയ്ക്ക് പ്രയോജനപ്പെടുത്തുവാനുള്ള സംരംഭം പലയിടത്തും നടക്കുന്നുണ്ട്.

ബുക്കാൾട്ട് ചരിത്രത്തെ ഇപ്രകാരം നിർവ്വചിക്കുന്നു. "ബോധത്തിന്റെ ഉണർവ്വ് മൂലം ഉണ്ടാകുന്ന പ്രകൃതിയുമായുള്ള വിച്ഛേദനമാണ് ചരിത്രം."[19] "മനുഷ്യന്റെ വിവേചന ശക്തിക്ക് രൂപം നൽകുന്ന സവിശേഷമായ പ്രത്യയ ഭാവനയാണ് ചരിത്രം"[20] എന്ന് ഇ.എച്ച്.കാർ പറയുന്നു.

നിർവ്വചനത്തിനപ്പുറം അനവധി സാധ്യതകൾ കൽപ്പിക്കപ്പെടുന്ന വിജ്ഞാനമാണ് ചരിത്രം. ചരിത്രത്തെ ചരിത്രകാരനും എഴുത്തുകാരനും ഒരേ രീതിയിലല്ല നോക്കിക്കാണുന്നത്. എഴുത്തുകാരൻ ചരിത്രം രൂപപ്പെടുത്തിയ പ്രദേശികതകളെയും വൈകാരിക സമസ്യകളെയും ഉൾക്കൊള്ളുമ്പോൾ ചരിത്രകാരൻ തെളിവുകൾക്കൊപ്പം നിൽക്കുന്ന സത്യങ്ങൾക്കാണ് വില കൽപ്പിക്കുക. ഈ മാറ്റം എഴുത്തുകാരനിൽ നിന്നും ചരിത്രകാരനെ പ്രായോഗിക വാദിയാക്കുന്നു.

ചരിത്രം രൂപപ്പെടുത്തുന്നത് തന്നെ ദേശരാഷ്ട്രങ്ങളുമായി ബന്ധപ്പെട്ടാണ്. മനുഷ്യചരിത്രം, രാജ്യത്തിന്റെ ചരിത്രം എന്നിങ്ങനെയുള്ള പരികൽപ്പനകൾ പരിഗണിക്കുമ്പോൾ ദേശചരിത്രത്തിന് അനവധി തലങ്ങളുണ്ട്. ജനതയുടെ സംസ്കാരം, രാഷ്ട്രീയാവസ്ഥ, സാമൂഹിക ജീവിതം, സാമ്പത്തികാവസ്ഥ, മതം എന്നിവയെല്ലാം ദേശചരിത്രത്തിൽ പ്രധാനമാണ്. ഇന്ത്യയുടെ

ചരിത്രം എന്നു പറയുന്നത് ഇന്ത്യ എന്ന ദേശത്തിന്റെ ഭൂമിശാസ്ത്രപരമായതും രാഷ്ട്രീയസംഭവങ്ങളുടേയും ദേശീയതയുടേയുമെല്ലാം ചരിത്രമാണ്. ദേശീയതയിൽ ഉൾച്ചേർന്നിരിക്കുന്നത് പുതിയൊരു ചരിത്രബോധമാണ്. രാജ്യചരിത്രത്തിലേക്കുണരുകയും പുതിയൊരു ദിശയിലൂടെ ചലിക്കാൻ തുടങ്ങുകയും ചെയ്യുന്നു. അങ്ങനെ ദേശത്തിന്റെ ചരിത്രം ആരംഭിക്കുകയും ചെയ്യുന്നു.

"പേർഷ്യൻയുദ്ധങ്ങളിൽ ഏതൻസിന്റെ അധിപത്യത്തിന് ഹെറഡോസ് ധാർമിക ന്യായീകരണം കണ്ടെത്തുന്നുണ്ട്. ചിന്തിക്കുന്ന ഗ്രീക്കുകാർ അവരുടെ ചക്രവാളങ്ങൾ വികസിപ്പിക്കേണ്ടതുണ്ടെന്ന് കാണിച്ചു കൊണ്ട്, കൂടുതൽ ജനങ്ങളിൽലേക്കും സ്ഥലങ്ങളിലേക്കും അന്വേഷണം വ്യാപിപ്പിക്കാൻ ആ യുദ്ധങ്ങൾ ഹെറഡോട്ടസിനെ പ്രേരിപ്പിച്ചു. ചരിത്രത്തെക്കുറിച്ചുള്ള അറബ് കാഴ്ച്ചപ്പാട് ദേശാടന ജീവിതരീതിയോടുള്ള അനുഭാവത്താൽ ശക്തമായി സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. വാക്രികവും നിരന്തരവുമായ ഒരു പ്രക്രിയായിട്ടാണ് അറബികൾ ചരിത്രത്തെ കണ്ടത് . ഇതിൽ പട്ടണങ്ങളും മരുപ്പച്ചകളിലും താമസിക്കുന്നയാളുകളെ കുടിയറക്കി മരുഭൂമിയിൽ ഇടയന്മാർ കടന്നു കയറുന്നു. ഇവർ താമസമുറപ്പിച്ചു കഴിഞ്ഞാൽ മരുഭൂമിയിൽ നിന്നുള്ള പുതിയ തരംഗങ്ങൾ അവരെ കീഴടക്കുകയും ചെയ്യും."[21]

ഏത് രാജ്യത്തിന്റെ ചരിത്രവും രേഖപ്പെടുത്തപ്പെട്ടവ മാത്രമല്ല ചരിത്രത്തിന്റെ വായനകളിൽ നിരവധി വംശചരിത്രങ്ങളും ദേശചരിത്രങ്ങളും കടന്നുവരികയുണ്ടായി. അത് രാഷ്ട്രമെന്ന സങ്കൽപത്തിന്റെ തലത്തിലേക്ക് ഉയർത്തപ്പെടുമ്പോഴാണ് ചരിത്രം പാരായണം സാധ്യമാക്കുന്നത്. ചരിത്രത്തിന്റെ നിലനിൽപ് അത് മനുഷ്യചരിത്രത്തിന്റെ സമസ്തമേഖലകളെയും കൈകാര്യം ചെയ്യാനും വിനിമയം ചെയ്യാനും സാധ്യമാക്കുന്ന ഒരു വിജ്ഞാനശാഖയായി വികസിക്കുമ്പോഴാണ്. പ്രാദേശികചരിത്രം ജനതയുടെ കൂട്ടായ്മയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നഒന്നാണ്. പ്രാദേശികചരിത്രത്തിന്റെ സാധ്യതകളെ എഴുത്തുകാർ ഉപയോഗപ്പെടുത്തുന്നത് വിഭിന്നമായ രീതിയിലാണ് വ്യത്യസ്ത

കാലവും സംഭവങ്ങളും ചേർത്തുവെച്ചുകൊണ്ട് നോവൽ ആഖ്യാനമാതൃക കൾ സൃഷ്ടിക്കുന്നു. എഴുത്തിൽ സ്ഥലകാലങ്ങൾ സൃഷ്ടിക്കുന്ന നൈരന്തര്യം മറ്റൊരുതലത്തിൽ സംഭവങ്ങളെ നോക്കി കാണാൻ എഴുത്തുകാരനെ സഹാ യിക്കുന്നു. വർത്തമാനകാലഘട്ടത്തിൽ നിന്ന് കൊണ്ട് ഭൂതകാലത്തിലേക്കുള്ള തിരിഞ്ഞുനോട്ടം പല കൃതികളിലും ഓർമ്മകളുടെ വിവരണം മാത്രമാകുമ്പോൾ ചരിത്രം രേഖപ്പെടുത്താതെപോയ അരികുസത്യങ്ങളെ കഥകളിലേക്ക് കൊണ്ടു വരികയാണ് എൻ. എസ് മാധവന്റെ കഥകളിലൂടെ ചെയ്യുന്നത്. അനുഭവക ളിലെ സ്ഥലകാല ചരിത്രാഭിമുഖ്യത്തെ പ്രതിരോധിക്കാൻ മാധവൻ ആഖ്യാന ത്തിൽ വ്യത്യസ്തതകൾ സ്വീകരിക്കുന്നു.

ചരിത്രാത്മകത എൻ. എസ്. മാധവന്റെ കൃതികളുടെ ഒരു സവിശേഷത യാണ്. നിലനില്ക്കുന്ന ചരിത്രരചനയ്ക്ക് ഒരു പശ്ചാത്തലമുണ്ട്. ഹിസ്റ്ററി എന്ന വാക്ക് മനുഷ്യചരിത്രത്തെ പ്രതിനിധാനം ചെയ്യുന്നു. രാജാക്കന്മാരുടെയും ചക്ര വർത്തിമാരുടെയും ജയപരാജയങ്ങളും അക്കാലത്തെ രാഷ്ട്രീയാവ സ്ഥകളുമാണ് ചരിത്രമെന്ന നിലയിൽ കരുതപ്പെട്ടിരുന്നത്. ചരിത്രം സ്വാഭാവി കമായി രൂപപ്പെടുന്ന ഒന്നായി കണക്കാക്കാൻ കഴിയില്ല. ചരിത്രം, നാടിന്റെ ജനതയെയും ജീവിതത്തെയും അടയാളപ്പെടുത്തുന്നു. ഇന്നു കാണുന്ന ചരിത്ര രചനാരീതിക്ക് തുടക്കമിടുന്നത് പാശ്ചാത്യരാണ്.

ഇന്ത്യയ്ക്ക് ചരിത്രരചനയ്ക്ക് ഉപയുക്തമാക്കുംവിധത്തിലുള്ള ചരിത്ര പാരമ്പര്യമില്ല എന്ന് പാശ്ചാത്യർ വിശ്വസിച്ചിരുന്നു. എന്നാൽ ചരിത്ര രചന യുടെ വ്യത്യസ്തമാർഗ്ഗങ്ങളുപയോഗിച്ച് ചരിത്ര രചന നടത്തിയ കൊസംബി യെപോലുള്ളവർ ചരിത്രരചനയുടെ പരമ്പരാഗത ശൈലികളെ വെല്ലുവിളിച്ചു കൊണ്ട് ഇന്ത്യാചരിത്രത്തെ രൂപപ്പെടുത്താൻ ശ്രമിച്ചു.

"രാഷ്ട്രം എന്നു പറയപ്പെടുന്ന മനുഷ്യ ഘടനയ്ക്ക് അന്യാദൃശമോ ദിവ്യത്വമോ പവിത്രമോ പുരാതനത്വമോ ഉണ്ടെന്നു പറയാവുന്നതല്ല. ഇടക്കാ ലത്താണ് അതിന്റെ ഉത്ഭവം. രാഷ്ട്രത്തിനു മുമ്പു വർഗ്ഗങ്ങളും വർഗ്ഗങ്ങൾക്കു മുമ്പു കുടുംബങ്ങളുമുണ്ടായിരുന്നു എന്ന് ചരിത്രം തെളിയിക്കുന്നു."[22]

അർത്ഥശാസ്ത്രത്തിലാണ് രാഷ്ട്രത്തെക്കുറിച്ചുള്ള ഒരു നിർവചനം കാണുന്നത് രാഷ്ട്രത്തിന് ഏഴ് അംഗങ്ങൾ ഉണ്ട്. അതിനാലാണ് സ്പതാംഗ സിദ്ധാന്തം എന്ന് ഇത് അറിയപ്പെടുന്നത്. കൗടില്യൻ സ്വാമി, അമാത്യൻ, ജന പദം, ദുർഗം, കോശം, ദണ്ഡം, ചിത്രം, എന്നീ സപ്താംഗങ്ങൾ രാഷ്ട്രത്തിൽ ഉൾപ്പെടുന്നതായി പറയുന്നുണ്ട്.

അധിപതി, രാഷ്ട്രത്തിന്റെ ഉടമസ്ഥവകാശം മുള്ള ആൾ, ജയമാൻ എന്നി വയെയാണ് സ്വാമി പദം കൊണ്ട് അർത്ഥമാക്കുന്നത്. അമാത്യൻ എന്നത് മന്ത്രി യെക്കുറിക്കുന്ന പദമാണെങ്കിലും അമാത്യന്മാർ സ്ഥിരമായ സേവനവിഭാഗമാ യാണ് അർത്ഥ ശാസ്ത്രത്തിൽ പറയുന്നത്. ജനപദം പ്രദേശത്തെ സൂചിപ്പി ക്കുന്നു. അർത്ഥ ശാസ്ത്രത്തിലെ ജനപദത്തിന്റെ നിർവചനം സൂചിപ്പിക്കുന്നത് ജനങ്ങളും ഭൂപ്രദേശവും ഈ സംജ്ഞയിൽ ഉൾകൊള്ളുന്നു എന്നാണ്. നാലാ മത്തെ അംഗമായ ദുർഗം കോട്ടയാൽ പരിരക്ഷിതമായ തലസ്ഥാന നഗരിയെ സൂചിപ്പിക്കുന്നു. കോശം ഖജനാവാണ് അതാണ് രാജ്യത്തെ നിലനിർത്തുന്നത്. ദണ്ഡം എന്നതിൽ കുതിര, തേര്, കാലാൾ എന്നിവ അടങ്ങുന്നുണ്ട് സൈനിക മായ കാര്യങ്ങളെ അത് സൂചിപ്പിക്കുന്നു. ഏഴാമത്തെ ഘടകം മിത്രമാണ് .നല്ല സുഹൃത്ത് ബന്ധത്തെയാണ് അത് ഉദ്ദേശിക്കുന്നത് ഇപ്രകാരം രാഷ്ട്രം എന്ന സങ്കൽപനത്തിൽ സകലഘടകങ്ങളെയും ഇണക്കിചേർത്തിരിക്കുന്നതാണ് അർത്ഥശാസ്ത്രത്തിലെ സപ്താംഗസിദ്ധാന്തം. ദേശീയതയുമായി ബന്ധപ്പെട്ട സങ്കൽപനങ്ങൾക്ക് ആധുനിക കാലത്ത് വലിയ പരിവർത്തനങ്ങൾ ഉണ്ടായി. ചരിത്രവും ദേശീയതയും ഒരേപോലെ സാഹിത്യ കൃതികളിൽ കടന്നുവരികയും അവയിലെ അധികാരത്തെയും രാഷ്ട്രസങ്കൽപ്പത്തെയും പുനർ പാരായണ ത്തിന് വിധേയമാക്കുകയും ചെയ്തു.

“നാട്, ദിക്ക്, കര, രാജ്യം, ഗ്രാമസമൂഹം എന്നിങ്ങനെ പല അർത്ഥങ്ങളും പറയാവുന്ന ഈ വാക്ക് ഗ്രാമത്തിന്റെ ചെറിയൊരു ഭാഗം മുതൽ മുഴുവൻ രാജ്യം വരെ പലതിനേയും ഒരേ സമയം സൂചിപ്പിക്കുന്നു. ദേശത്തിനും രാഷ്ട്ര ത്തിനുമിടയിൽ വംശിമ (Ethnicity) ഭാഷ, സംസ്കാരം, ചരിത്രം, സാമ്പത്തിക

ഐക്യം, പൊതുപാരമ്പര്യം, ഭരണകൂടം (State) എന്നിങ്ങനെ പല സംവർഗ്ഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വ്യവഹാരങ്ങൾ ഇടപെടുന്നു. ആത്മനിഷ്ഠമായ പ്രതിഭാസങ്ങളിലൂടെയോ വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളിലൂടെയോ ആഖ്യാനം ചെയ്യാവുന്ന സങ്കൽപ്പനമാണ് രാഷ്ട്രം."[23]

എൻ.എസ്. മാധവന്റെ ലന്തൻബത്തേരിയിലെ ലുത്തീനിയകളിൽ ചരിത്രം ഒരു പ്രധാന ആഖ്യാന ഘടകമാണ്. "ജെസികെയുടെ ചരിത്രസാമഗ്രികൾ തികച്ചും വ്യത്യസ്തമാണ്. സിനിമാ നോട്ടീസുകളും പാട്ടുകളും കഥകളുമാണ് അവയിൽ പ്രധാനം. 'ജീവിത നൗക' എന്ന സിനിമയാണ് ഒരു ചരിത്ര ഘടകം. മരങ്ങളുടെ അരഞ്ഞാൺ വലയങ്ങൾ പോലെ , ജലത്തിന്റെ തരംഗവലയങ്ങൾ പോലെ പൂർണ്ണതയുള്ള ആദ്യവും അന്തവുമില്ലാത്ത ചരിത്രമാണ് അവൾ തേടുന്നത്. കഥകൾ എന്ന കാൽപനികതയാണ് അവൾക്ക് ചരിത്രം. വസ്തുതാപരമല്ല. അനുഭവപരമാണത്. കാനം.ഇ.ജെ, മുട്ടത്ത് വർക്കി, എം.ടി.വാസുദേവൻ നായർ, പോഞ്ഞിക്കര റാഫി, ജി.ശങ്കരക്കുറുപ്പ്, മെഹബൂബ്, കെ.ജെ.യേശുദാസ് ................ തുടങ്ങിയവരാണ് അടിത്തട്ടിലേക്ക് എത്തുന്നത്. ശക്തൻ തമ്പുരാൻ, ഇ.എം.എസ്., മുണ്ടശ്ശേരി, തുടങ്ങിയവർ ഉപരിതലത്തിലൂടെ ഒഴുകിപ്പോകുന്നവരാണ്."[24] എന്ന് നോവലിലെ ചരിത്രത്തെക്കുറിച്ച് പി.സോമനാഥൻ അഭിപ്രായപ്പെടുന്നു.

പോഞ്ഞിക്കരയിലെ ദേശവാസികളുടെ ജീവിതങ്ങളെ ആവിഷ്ക്കരിച്ച എഴുത്തുകാരനാണ് പോഞ്ഞിക്കര റാഫി. സ്വർഗ്ഗദൂതൻ ,ഓരാ പ്രൊനോബീസ്, പാപികൾ തുടങ്ങിയ രചനകളിലൂടെ മലയാള സാഹിത്യത്തിൽ അനിഷേധ്യമായ സാന്നിദ്ധ്യമായി മാറിയ അദ്ദേഹത്തിന്റെ സ്വർഗ്ഗദൂതൻ എന്ന നോവലിൽ ബാലനായ സൈമനിന്റെ മനസ്സിലൂടെയുള്ള സഞ്ചാരമാണ്. ബൈബിൾമിത്തും പോഞ്ഞിക്കരയും കേരളവും സംഗീതവും ചവുട്ടുനാടകവും ബാലമനഃശാസ്ത്രവും പാപബോധവും പറുദീസയും പെട്ടകവും ഉല്പത്തിയുമെല്ലാം ബോധധാര എന്ന ആഖ്യാന സങ്കേതത്തിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നു. ഓരാ പ്രൊനോബീസ് എന്ന കൃതിയിൽ ഡച്ചുകാരോട് തോറ്റ പോർച്ചുഗീസുകാർ

അവരുടെ സമ്പത്തെല്ലാം കുഴിച്ചിട്ട് അത് സംരക്ഷിക്കാനായി കാപ്പിരി മുത്തപ്പനെ കുടിയിരുത്തുന്ന കഥയാണ് അവതരിപ്പിച്ചിട്ടുള്ളത്. കൊച്ചിയുടെ സാമൂഹിക സാംസ്ക്കാരിക ലോകത്ത് വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനാണ് പോഞ്ഞിക്കര റാഫി. ഇപ്രകാരം ചരിത്രത്തിൽ ഇടം നേടിയ നിരവധി വ്യക്തിത്വങ്ങളെക്കുറിച്ച് ലന്തൻബത്തേരിയിലെ ലുത്തീനിയകൾ എന്ന നോവലിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

### 4.3.3 ദേശവും ദേശീയതയും

ദേശമാണ് ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നത്. ഭൗതിക പ്രകൃതിക്കകത്തതാണ് ഇന്ന് നാം സമൂഹത്തെ അടയാളപ്പെടുത്തുന്നത്. അതിരുകളും വരമ്പുകളും കെട്ടി പരന്നുകിടക്കുന്ന ഭൂപ്രദേശങ്ങളെ മനുഷ്യൻ വരുതിയിലാക്കുമ്പോൾ അതിന് ദേശമായും ഗ്രാമമായും രാഷ്ട്രമായും മാറുന്ന ഭൗതികമായ തലം ലഭിക്കുന്നു. സ്ഥലം ദേശമായി മാറുന്നു. ഈ ദേശം മനുഷ്യൻ അധിവസിക്കുന്ന അവന്റെ പരിസ്ഥിതി തന്നെയാണ് ദേശമെന്ന വാക്ക് ചെറിയ പ്രദേശം, രാഷ്ട്രം, ഗ്രാമം എന്നിവയെല്ലാം പ്രതിനിധാനം ചെയ്യുന്നുണ്ട്.

മലകളും കായലുകളും വരമ്പുകളും അതിർത്തി കുറ്റികൾ നിർണയിക്കുന്ന ദേശസങ്കല്പം സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നുണ്ട്. നമ്മുടെ നദിതട സംസ്കാരങ്ങൾ ദേശപരമായ പ്രത്യേകകൾ കൊണ്ട് സവിശേഷ ശ്രദ്ധയാകർഷിച്ചവയായിരുന്നു. കേരളത്തിൽ സംഘകാലത്ത് നിലനിന്നിരുന്ന പഞ്ചനില വ്യവസ്ഥയും ദേശാധിഷ്ഠിതമായിരുന്നു.

അധിനിവേശത്തിന്റെ കാലഘട്ടത്തിലാണ് ദേശ സങ്കല്പത്തിന് ദേശീയത എന്ന സങ്കൽപ്പനത്തിനും വ്യത്യസ്ത മാനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞത്. ഒരു രാജ്യത്തിലെ ജനങ്ങൾക്കുണ്ടാകുന്ന ഏകതാ ബോധത്തെയാണ് ദേശീയത എന്നു പറയുന്നത്. "ദേശീയ വിമോചന സമരക്കാലത്തു തന്നെ വ്യക്തമായിത്തുടങ്ങിയതും ഭരണഘടനാ സമിതിയിൽ ഇഴ ചികഞ്ഞുള്ള ചർച്ചകൾക്കു വിധേയമായതും മാനവികാടിത്തറയുള്ള ബദൽ ദേശീയത

യായിരുന്നു. സ്വാതന്ത്ര്യത്തിനും സാമ്പത്തിക നീതിക്കും സാമൂഹിക ഐക്യ ത്തിനും സ്ഥാനം കല്പിച്ചിരുന്നു. മതത്തെയും സംസ്കാരത്തെയും വ്യാമിശ്രമാക്കുന്ന വർഗ്ഗീയ രാഷ്ട്രിയത്തിന്റെ പുനരുത്ഥാനത്തോടെ ഇന്നു ബലിക്കല്ലിൽ കിടക്കുന്നത് സദ്ഗുണങ്ങളുള്ള ദേശീയാവബോധമാണ്."[25]

ആധുനികതയാണ് ഇന്ത്യ എന്ന ദേശീയ വികാരത്തെ ഉണർത്തിയെടുത്തത്. നമ്മുടെ ദേശീയതാ സങ്കല്പം തികച്ചും വ്യത്യസ്തമായിരുന്നു. വരേണ്യവർഗത്തിന്റെ സംസ്കാരത്തെയാണ് അത് പ്രതിനിധാനം ചെയ്യുന്നത്. അതിനിടയിൽ പാർശ്വവത്കരിക്കപ്പെട്ട അനേകം ജനവിഭാഗങ്ങളെ കൂടി ഉൾക്കൊള്ളിക്കുന്ന തരത്തിൽ ദേശീയത സങ്കല്പം വ്യാപിക്കുന്നത് സ്വാതന്ത്ര്യ സമരകാലഘട്ടത്തിലാണ്.

ഭാഷയുടെയോ സംസ്കാരത്തിന്റെയോ പേരിൽ നിർണയിക്കുന്ന അതിർത്തികളോടെയുള്ള ഭൂപ്രദേശങ്ങളും അതിൽ പരമാധികാരം പുലർത്തുന്ന ദേശീയ ഭരണകൂടങ്ങളുടെ സങ്കല്പവും രൂപീകരണവുമാണ് ആധുനികതയുടെ പ്രധാനപ്പെട്ട സങ്കല്പങ്ങളിലൊന്നായി കരുതുന്നത്. പക്ഷേ പലപ്പോഴും ഇങ്ങനെ നിർണയിക്കുന്ന ദേശീയതയും സംസ്കാരവും യഥാർത്ഥത്തിൽ ജൈവപരമായി വികാസം പ്രാപിക്കുന്ന ഒന്നായി തീരാറില്ല. നാട്യങ്ങളുടെയോ വെറും വിശ്വാസങ്ങളുടെയോ നിർബന്ധങ്ങളുടെയോ പ്രേരണകളുടെയോ അധികാര പ്രയോഗങ്ങളുടെയോ ഒക്കെ ഫലമായിട്ടായിരിക്കാം ദേശീയസ്വത്വം എന്ന പരികൽപ്പന തന്നെ പലപ്പോഴും രൂപപ്പെടുന്നത്. ദേശസംസ്കൃതിയും അതിന്റെ സ്വത്വരൂപികരണവും ഒരു പ്രത്യേക ഭൂപ്രദേശത്ത് തന്നെയുള്ള പ്രവർത്തനഫലമായാണ് നിർമ്മിക്കപ്പെടുന്നത്. ഒരു രാഷ്ട്രം, ദേശം എന്നൊക്കെയുള്ളതു തന്നെ വ്യത്യസ്ത തലങ്ങളിൽ നിർമ്മിക്കുന്ന ഒരു സാങ്കൽപ്പിക സമൂഹമാണ്. ഒരു രാഷ്ട്രത്തെ അതിന്റെ സംസ്കാരത്തെ നിർമിച്ചെടുക്കുന്നതും ആ സമൂഹത്തിനുള്ളിൽ ഒരു പൊതു ദേശീയത രൂപം കൊള്ളുന്നതും മനുഷ്യർക്ക് പൊതുവായി പരസ്പരം പങ്കിടാനുള്ള വിശ്വാസ ങ്ങളുടെയും ആചാരങ്ങളുടെയും വീടിന്റെയും ഭക്ഷണത്തിന്റെയും ജിവിതരീതി

കളുടെയുമൊക്കെ പൊതു അടയാളങ്ങളിലൂടെയാണ്. ഇങ്ങനെ നിർമിക്കുന്ന അടയാളങ്ങളുടെ പ്രാതിനിധ്യങ്ങളിൽ നിന്നാണ് ദേശീയതയും സംസ്കാരവും ബലപ്പെടുന്നത്.

അധിനിവേശത്തിന് നൂറ്റാണ്ടുകളോളം പാരമ്പര്യമുള്ള ഇന്ത്യൻ സംസ്കാരത്തെ പൂർണ്ണമായി ഇല്ലാതാക്കാൻ കഴിഞ്ഞില്ല. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ പല നയങ്ങളും ആശങ്കയോടെയാണ് സമൂഹം കണ്ടത്. ഭിന്ന അഭിരുചികൾ നിലനിൽക്കുന്ന ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും നവോത്ഥാന മൂല്യങ്ങളും  പ്രബലമായതോടെയാണ് ദേശീയബോധം ഉട ലെടുത്തത്. എന്നാൽ സ്വാതന്ത്ര്യ സമര കാലഘട്ടത്തിനുശേഷം ദേശീയതയ്ക്ക് ഒറ്റ രാഷ്ട്രസങ്കൽപങ്ങൾക്കപ്പുറത്ത് അനേകം മാനങ്ങൾ കടന്നു വന്നു. വെട്ടി മുറിയ്ക്കപ്പെട്ട ദേശസങ്കല്പം ജനതയിൽ ഏൽപിച്ച മുറിവുകൾ ഒരു പുത്തൻ ദേശീയതയെക്കുറിച്ച് ചിന്തിക്കാൻ  പ്രേരണ നൽകുന്നു. രാഷ്ട്രീയബോധം ഉൾക്കൊള്ളേണ്ട ജനാധിപത്യപാർട്ടികൾ വർഗീയതയും മതാത്മകതയും എടുത്തണിഞ്ഞതോടെ ദേശീയബോധം സങ്കുചിതമാകുന്ന രാഷ്ട്രീയ സംസ്കാരികാന്തരിക്ഷം ഉടലെടുത്തു. ഇക്കാലത്താണ് ബദൽ ദേശീയത രൂപപ്പെടുന്നത്

ആധുനിക കാലത്ത് സമൂഹത്തിൽ ജാതിമത, വർഗ ഭേദങ്ങളെ രാഷ്ട്രീയപരമായി മുതലെടുക്കുവാൻ തുടങ്ങി. ജനാധിപത്യം, സമത്വം എന്നിവ എല്ലാ ജനവിഭാഗങ്ങളെയും  തൃപ്തിപ്പെടുത്തുന്നില്ല. ഇന്ത്യൻ സമൂഹത്തിൽ ആഗോളവത്കരണത്തിന് വലിയ സ്വാധീനം ചെലുത്താൻകഴിഞ്ഞു. മാറി വരുന്ന ഗവൺമെന്റുകളും അതിന് പ്രേരകമായി. വിവരസാങ്കേതിക വിദ്യയുടെ വളർച്ച ദേശീയ അതിർത്തികൾക്കപ്പുറം ആഗോള ഗ്രാമമായി ലോകത്തെ മാറ്റി.

"ആധുനികാനന്തര നോവലുകളുടെ ഒരു പ്രത്യേകത അത് ചരിത്രത്തെ എഴുതുന്നു എന്നതാണ്. ആധുനിക രാഷ്ട്രത്തിന്റെ യുക്തിയിൽ നിന്ന് മാറി പ്രാദേശികതയും സ്വത്വ നിർമ്മിതിയിലേക്ക് പോകുമ്പോൾ ഭൂതകാലത്തിൽ നിന്ന് പലതും കണ്ടെടുക്കേണ്ടി വരുന്നു. ചരിത്രത്തിന്റെ വസ്തുനിഷ്ഠത പ്രശ്ന

വൽക്കരിക്കുകയും യാഥാർത്ഥ്യത്തെ സംബന്ധിച്ച പുതിയ നിലപാടുകളും ദേശത്തിന്റെ മിത്തുകളും വീണ്ടെടുക്കപ്പെടുകയും ചെയ്യുന്നു. കൊച്ചിയിലെ വരത്തന്മാരുടെ ചരിത്രം, ഭക്ഷണത്തിന്റെയും പാചകകലയുടെയും ചരിത്രം, ചവിട്ടു നാടകത്തിന്റെ ചരിത്രം ഇങ്ങനെ നിരവധി പ്രാദേശിക ചരിത്രങ്ങൾ രാഷ്ട്ര ചരിത്രത്തിൽ നിന്ന് വ്യത്യസ്തവുമാണ്. പോർച്ചുഗീസ് അധിനിവേശവുമായി ബന്ധപ്പെട്ട് ലന്തൻബത്തേരിയുടെ ചരിത്രം വിവരിക്കുന്നത് പ്രാദേശികതയുടെ പൂർവ്വചരിത്ര അന്വേഷണത്തിന്റെ ഭാഗമാണ്."[26]

### 4.3.4 ഭൂപടനിർമ്മാണവും ലന്തൻബത്തേരിയും

വിസ്തൃതമായ ഭൂഗോളത്തെ മനുഷ്യരുടെ കണ്ണുകൾക്ക് ദൃശ്യമാകുക എളുപ്പമല്ല. അനന്തമായ ജീവിതവൈചിത്ര്യങ്ങൾ നിലനിൽക്കുന്ന ഭൂമിയിലെ ഒരു പ്രതലത്തിലെക്ക് പകർന്നുവെയ്ക്കുകയാണ് ഭൂപടങ്ങൾ ചെയ്യുന്നത്. ഭൂമിയിൽ കരയായും കടലായും വ്യാപിച്ചു കിടക്കുന്ന സ്ഥലങ്ങളെ ഭൂപടങ്ങൾ പ്രതിനിധാനം ചെയ്യുന്നു. സ്ഥലങ്ങളെ അടയാളപ്പെടുത്തുന്ന മൂർത്തമായ രേഖാചിത്രങ്ങളായി ഭൂപടങ്ങൾ മാറുന്നു. ഭൂപടത്തിൽ രേഖപ്പെടുത്തുന്ന ചിഹ്നവ്യവഹാരങ്ങൾക്ക് നിരവധി അർത്ഥങ്ങളുണ്ട്. ഭൂപടങ്ങൾക്ക് പ്രാധാന്യം കൈവരുന്നത് ലോകത്ത് അധിനിവേശം ആരംഭിക്കുമ്പോഴാണ്, രാജ്യങ്ങൾ കയ്യടക്കാനും ആധിപത്യം നേടാനും പുതുരാജ്യങ്ങൾ തേടാനും ഭൂപടരചന സഹായിച്ചു. കോളനിവൽകൃത രാജ്യങ്ങളിൽ ഭൂപടങ്ങൾ പിന്നീട് ദേശീയതയുടെ ചിഹ്നമായി മാറി. ദേശീയബോധത്തെ ഉണർത്തുന്ന രേഖകളായി ഭൂപടം മാറി. ആധിപത്യത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും സ്വാതന്ത്ര്യത്തിന്റെയും ചരിത്രത്തെക്കൂടി ഭൂപടങ്ങൾ അടയാളപ്പെടുത്തുന്നു.

"ഭൂപ്രദേശങ്ങളെ രേഖാപരൂപങ്ങളായി പ്രതിനിധാനം ചെയ്യുന്ന കലയും ശാസ്ത്രവുമായാണ് ഭൂപടവിജ്ഞാനീയം അറിയപ്പെട്ടു വരുന്നത്. പ്രകടമായൊരർത്ഥത്തിൽ നിഷ്പക്ഷവും മൂല്യനിരപേക്ഷവുമായ ആധുനികജ്ഞാന രൂപങ്ങളുടെ ഉത്തമമാതൃകയാണത്. ഭൂമിശാസ്ത്രം എന്ന ജ്ഞാനശാഖയുടെ ആധാര സാമഗ്രികളിലൊന്നായി എല്ലാക്കാലത്തും ഇത് പരിഗണിക്കപ്പെട്ടു

പോന്നിട്ടുമുണ്ട്. ഭൂപ്രദേശങ്ങളുടെ രേഖാരൂപങ്ങളോടൊപ്പം, രാഷ്ട്രീയവും സാംസ്കാരികവും മറ്റുമായ ഭൂമിശാസ്ത്രേതരമായ അറിവുകളെ ഉൾക്കൊള്ളാനും ഭൂപടങ്ങൾക്ക് കഴിവുണ്ട്."[27]

നാടുംമേടും മലകളും ദേശങ്ങളുമായി പരന്നുകിടക്കുന്ന ഭൂതലത്തെ അതിരുകൾ നിശ്ചയിച്ച് രാജ്യങ്ങൾ വേർതിരിച്ചു കാണിക്കുന്ന രേഖയാണ് ഭൂപടങ്ങൾ. അത് മനുഷ്യരെയും സ്ഥലങ്ങളെയും അതിരുകൾക്കുള്ളിലാക്കുന്നു. അതിർത്തികൾ നിശ്ചയിച്ച് മതിലും വേലികളും കെട്ടിതിരിക്കുന്ന സ്ഥലങ്ങൾ നൽകുന്ന സാംസ്കാരിക പൈതൃകമാണ് പലപ്പോഴും രാജ്യത്തിന്റെ പൊതുബോധമാകുന്നത്.

ലന്തൻബത്തേരിയിലെ ലുത്തീനിയകൾ എന്ന നോവലിന്റെ തുടക്കത്തിൽ നോവലിസ്റ്റ് ചേർത്തിരിക്കുന്ന ഭൂപടം ഭൂപടവിജ്ഞാനീയത്തെ രേഖപ്പെടുത്തുന്നതിനപ്പുറം തന്റെ ആഖ്യാനസ്ഥലത്തെ രേഖപ്പെടുത്തുകയാണ്. ചരിത്രപരമായും ഭൗതികമായും നിലനിൽപ്പില്ലാത്ത ഒരു പ്രദേശത്തെക്കുറിച്ച് ഒരു നോവൽ രചിക്കുമ്പോൾ അതിന് പിൻബലമായി ഒരു സ്ഥലപരിസരം സൃഷ്ടിക്കേണ്ടതുണ്ട്. ഇത് സ്ഥാപിച്ചെടുക്കുകയാണ് ഭൂപടനിർമ്മിതി ഇപ്രകാരം കഥയിടത്തെ ഭാവനാത്മകമായി പുനർനിർമ്മിക്കുന്നു ഈ ഭൂപടം.

കഥ നടക്കുന്ന സ്ഥലം ലന്തൻബത്തേരിയാണ്. ലന്തക്കാർ കേരളത്തിൽ ആധിപത്യം പുലർത്തിയിരുന്ന ഒരു കാലത്തെ ആ പേര് അടയാളപ്പെടുത്തുന്നുണ്ട്. ഡച്ചു ഈസ്റ്റിന്ത്യാകമ്പനിയെ കൊച്ചിയിലെ ചരിത്രരേഖകളിൽ ലന്തക്കുമ്പഞ്ഞി എന്നുവിളിച്ചിരുന്നു. പോഞ്ഞിക്കരയ്ക്ക് അടുത്ത് കാണുന്ന ഒരു കൊച്ചു ദ്വീപാണ് ലന്തൻബത്തേരിയായി നോവലിന്റെ തുടക്കത്തിൽ അടയാളപ്പെടുത്തിയിട്ടുള്ളത്.

"ഡച്ച് ഈസ്റ്റിന്ത്യാക്കമ്പനി കൊച്ചിയിൽ അധികാരമുറപ്പിച്ചതു മുതൽ കൊച്ചിരാജാവും കമ്പനിയുമായുള്ള എഴുത്തുകുത്തുകളിൽ കമ്പനിയെ ലന്തക്കുമ്പഞ്ഞി എന്നാണു വിളിച്ചിരുന്നതെന്നതിനു രേഖകൾ തെളിവാണല്ലോ.

ലന്തക്കാർ (കുമ്പഞ്ഞിക്കാർ) താമസിച്ച മുളവുകാടിന്റെ ഭാഗമായ സ്ഥലത്തിനു നാട്ടുകാർ കുമ്പഞ്ഞിക്കര എന്നു പേരിട്ടു. അതുക്രമേണ പോഞ്ഞിക്കരയായി ലോപിച്ചു. ഇന്നു മുളവുകാടിന്റെ തെക്കേഭാഗത്തെ പ്രശസ്തമായ സ്ഥലമാണ് പോഞ്ഞിക്കര"[28]

പോഞ്ഞിക്കര എന്ന ഭൂപ്രദേശത്തെ യഥാർത്ഥ ഭൂപടത്തിൽ കാണാൻ സാധിക്കും. എന്നാൽ ലന്തൻബത്തേരി നോവലിസ്റ്റ് ഭൂപടത്തില ചേർത്തിരിക്കുന്ന ഭാവനാസ്ഥലമാണ്. കൊച്ചിയിൽ ലന്തക്കാർക്ക് സ്വാധീനമുണ്ടായിരുന്നു. ഈ അധിനിവേശകാലത്തെ അടയാളപ്പെടുത്തുകയാണ് ലന്തൻ ബത്തേരി എന്ന നാമധേയം. നോവലിൽ ഈ സ്ഥലചരിത്രത്തെ അടയാളപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്.

"1433-ൽ ഴെങ്ഹി കോഴിക്കോട്ടുവെച്ചു മരിച്ചു. അതിനുശേഷം ഒരു നൂറ്റാണ്ടു തികയുന്നതിനു മുമ്പ് മറ്റൊരു വലിയ കപ്പിത്താൻ, വാസ്കോഡഗാമ, കൊച്ചിയിൽ വച്ചും. പൊതുശത്രുവായ സാമൂതിരിക്കെതിരെ കൊച്ചിരാജാവിനൊപ്പം പടപൊരുതിയ പോർട്ടുഗീസുകാർ കൊച്ചിയിലെ പലസ്ഥലങ്ങളും രാജാവിൽ നിന്നും തീറെഴുതി വാങ്ങി. അതിൽപ്പെട്ടതായിരുന്നു കാടുപിടിച്ചു കിടന്നിരുന്ന കായലിലെ ഒരു തുരുത്ത്. കുറച്ചു കഴിഞ്ഞപ്പോൾ അതിനുനാമം ഉണ്ടായി. കമ്പോഞ്ഞിക്കാട്. പില്ക്കാലത്ത് അത് പോഞ്ഞിക്കരയും ലന്തൻ ബത്തേരിയും ആയി "[29]

പോർട്ടുഗീസുകാർ പരാജയപ്പെട്ടപ്പോൾ അവരുമായി നാട്ടുരാജ്യങ്ങൾ ഏർപ്പെട്ടിരുന്ന എല്ലാ ഉടമ്പടികളും ഡച്ചുക്കാർ സ്വന്തമാക്കി. "സിലോണിലെ ഡച്ചുസേനയുടെ സഹായത്തോടെ ഒരു സൈനികമുന്നേറ്റം നടത്തി കൊല്ലം, കൊച്ചി, കൊടുങ്ങല്ലൂർ, കണ്ണൂർ എന്നിവിടങ്ങളിലെ പോർട്ടുഗീസ് കോട്ടകളും സൈനികത്താവളങ്ങളും പിടിച്ചെടുത്തു. അതോടെ കേരളത്തിൽ ഡച്ചുക്കാരുടെ അടിത്തറയുറച്ചു."[30] പോർട്ടുഗീസുകാരുടെ പരാജയം അവർക്ക് അധീനമായിരുന്ന എല്ലാ പ്രദേശങ്ങളും ഡച്ചുകാരുടെ അധികാരത്തിൻ കീഴിൽ വരാൻ കാരണമായി. ആഖ്യാനഭൂമികയെ സൃഷ്ടിക്കുകയാണ് ഭൂപട നിർമ്മിതിയിലൂടെ

സാധ്യമാവുന്നത്. ഇത് ആഖ്യാനത്തിന്റെ പുതിയ മേഖലയെ അടയാളപ്പെടുത്തുന്നു. താൻ നിർവ്വഹിക്കുന്ന കഥപറച്ചിലിന് എഴുത്തുകാരൻ സൃഷ്ടിക്കുന്ന വിശ്വാസ പ്രമാണമാണ് ഭൂപട നിർമ്മിതി. ഇപ്രകാരം ആഖ്യാനത്തിന്റെ നവീനത ഈ നോവൽ പങ്കുവയ്ക്കുന്നു. ആഖ്യാനഭൂമികയെ സൃഷ്ടിക്കുകയാണ് ഭൂപടനിർമ്മിതിയിലൂടെ സാധ്യമാവുന്നത്. ഇത് ആഖ്യാനത്തിന്റെ പുതിയ മേഖലയെക്കൂടി അടയാളപ്പെടുത്തുന്നു.

### 4.3.5 ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ഭൂപ്രകൃതി, കാലാവസ്ഥ തുടങ്ങിയവ ജനജീവിതത്തെയും സംസ്കാരത്തെയും നിയന്ത്രിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന ഘടകങ്ങളാണ്. മനുഷ്യജീവിതം അവന്റെ ചുറ്റുപാടുകളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ പ്രദേശത്തിനു തനതായ സംസ്കാരമുണ്ട്. "ഒരു ദേശത്തിന്റെ ചരിത്രം തുടങ്ങുന്നത് അവിടത്തെ ജനവിഭാഗങ്ങളുടെ ഓർമ്മകളിൽ നിന്നാണ്. ഭരണാധികാരികളുടെ ചരിത്രം മാത്രമല്ലല്ലോ ഒരു പ്രദേശത്തിന്റെ ചരിത്രം. ഇവിടത്തെ ജനങ്ങൾ കഴിഞ്ഞ നൂറ്റാണ്ടുകളിൽ എങ്ങനെ ജീവിച്ചു എന്നതാണ് പ്രധാനം. ചരിത്രത്തിന് പലപ്പോഴും ലിഖിത രൂപങ്ങളൊന്നുമില്ല. അവ സൃഷ്ടിക്കപ്പെടുന്നുവെന്നു മാത്രം. കേട്ടു കേൾവികളും ഇതിഹാസകഥകളും അന്ധവിശ്വാസങ്ങളും കൂടിക്കുഴഞ്ഞാണ് ചരിത്രത്തിന്റെ നിലനിൽപ്. അത് ഒരിക്കലും വാസ്തവമാവണമെന്നില്ല."[31]

ലന്തൻബത്തേരിയിലെ ലുത്തിനിയകൾ എന്ന നോവലിൽ ലന്തൻ ബത്തേരിയെ അടയാളപ്പെടുത്തിയിട്ടുണ്ട്. ഭൂമിശാസ്ത്രപരമായി എറണാകുളം ജില്ലയ്ക്കു പടിഞ്ഞാറുഭാഗത്തായി വേമ്പനാട്ടു കായലിനും പോഞ്ഞിക്കരയ്ക്കും ഇടയിൽ കിടക്കുന്ന തുരുത്താണ് ലന്തൻബത്തേരി. എറണാകുളം കായലും വേമ്പനാട്ടുകായലും തുരുത്തിനു ചുറ്റും വ്യാപിച്ചുകിടക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ അറബിക്കടലിൽ നിരവധി തുരുത്തുകൾ കാണാമെങ്കിലും ഇത്തരത്തിൽ ഒരു തുരുത്ത് കാണുന്നില്ല. എന്നാൽ നോവലിൽ പരാമർശിക്കപ്പെട്ടിട്ടുള്ള പോഞ്ഞിക്കര, മുളവുകാട്, ഡച്ചുപാലസ് എന്നിവ യഥാർത്ഥ

വസ്തുതകളുമാണ്.

നോവലിലെ സംഭവങ്ങൾ നടക്കുന്ന ആഖ്യാനസ്ഥലത്തിന് സാംസ്കാരികവും ചരിത്രപരവുമായ പശ്ചാത്തലം ഒരുക്കുകയാണ് ഭൂഭാഗങ്ങളെ ചിത്രീകരിക്കുന്നതിലൂടെ നിർവഹിക്കുന്നത്. കഥാഖ്യാനത്തിൽ ആവിഷ്കരിക്കപ്പെടുന്ന സ്ഥലം സ്വന്തം ദേശത്തെയും ജനതയെയും കുറിച്ചുള്ള അവബോധത്തിൽ നിന്ന് ഉരുത്തിരിയുന്നതാണ്. എഴുത്തുകാരൻ തനിക്ക് പരിചിതമായ സ്ഥലത്ത് നിന്ന് തനിക്കാവശ്യമായ അസംസ്കൃതവസ്തുവായ മനുഷ്യജീവിതങ്ങളെ കണ്ടെടുക്കുകയാണ്. പ്രസ്തുതനോവലിൽ പ്രാദേശികാനുഭവങ്ങളുടെ ആവിഷ്കാരം കൊണ്ട് ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ഘടനാസവിശേഷതകൾ ആഖ്യാനം നടത്തുകയാണ് മാധവൻ ചെയ്യുന്നത്. സ്ഥലകാലങ്ങളെ ആഖ്യാനത്തിലേക്ക് എഴുത്തുകാരൻ കൊണ്ടുവരുന്നത്. യാന്ത്രികമായിട്ടല്ല. നോവലിലെ സചേതനമായ സാന്നിദ്ധ്യമാണ് സ്ഥലകാലങ്ങൾ.

ദേശം എന്ന ആശയവുമായി സ്ഥലത്തിന് അഭേദ്യമായി ബന്ധമുണ്ട്. ദേശവും ദേശീയതയും പരസ്പരപൂരകമാണ്. ഒന്ന് സ്ഥലവുമായും രണ്ടാമത്തേത് വികാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദേശത്തിന്റെ കീർത്തിയിൽ ആഹ്ലാദിക്കുന്നവരെല്ലാം ഓരോ ദേശത്തിന്റെ സന്തതിയാണ്. അതിൽ നിലനിന്നുകൊണ്ടാണ് നാം അസ്തിത്വം സ്ഥാപിച്ചെടുക്കുന്നത്. മണ്ണും മരവും വായുവും ജലാശയവും ചുറ്റുമുള്ള മനുഷ്യനിർമ്മിതികളുമെല്ലാം നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. ദേശം എന്നത് സാമാന്യമായി സ്ഥലം തന്നെയാണ്.

മലയാളസാഹിത്യത്തിലെ പ്രാചീനകൃതികളിൽ സ്ഥലവർണ്ണനകൾക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു. സന്ദേശകാവ്യങ്ങളിലെ പ്രധാനമർമ്മമായി കരുതിയിരുന്നത് ഇത്തരം മാർഗ്ഗവർണ്ണനകളായിരുന്നു. അതിലെ ദേശവർണ്ണനകൾക്ക് പ്രാദേശികചരിത്രവുമായി ബന്ധമുണ്ട്. അവയിലെ സ്ഥലവർണ്ണന ശ്രദ്ധേയമാണ്.

ആധുനിക നാഗരിക ജീവിതത്തിന്റെ കടന്നു വരവ് കേരളീയ ഗ്രാമങ്ങളെയും ഗ്രാമജീവിതത്തെയും മാറ്റി മറിച്ചു. ഗ്രാമീണമായ സംസ്കൃതിയും സ്ഥലങ്ങളും കാലപ്രവാഹത്തിൽ മാറ്റങ്ങൾക്ക് വിധേയമായി. ആധുനിക കാലഘട്ടത്തിൽ നാഗരികതയുടെ കടന്നുവരവ് മനുഷ്യജീവിതത്തെ സങ്കീർണ്ണമാക്കി. പുതിയ കാലഘട്ടത്തിന്റെ ജീവിതരീതികളും കാഴ്ചപ്പാടുകളും ഗ്രാമജീവിതത്തിന്റെ താളത്തെയും തനിമയെയും ഇല്ലാതാക്കി. ഈ മാറ്റം എഴുത്തുകാരിൽ തന്റെ വേരുകൾ അന്വേഷിക്കാനുള്ള പ്രേരണയുണ്ടാക്കി. അവർ കണ്ടെത്തിയ വേരുകൾ ഊന്നി നിന്നത് തന്റെ ദേശവുമായി, സ്ഥലങ്ങളുമായി ബന്ധപ്പെട്ടായിരുന്നു.

എഴുത്തുകാരന്റെ ഈ തിരിച്ചറിവ് തന്റെ കൃതികളിൽ ദേശം അഥവാ സ്ഥലം എന്നിവയെ മൂർത്തമായോ അമൂർത്തമായോ അടയാളപ്പെടുത്താൻ ഇടയാക്കി. ഭാവനയെ സ്വാധീനിക്കുന്ന പ്രാദേശികമായ അറിവുകൾ ഈടുവെയ്പുകളായി മാറി. ഒരു ദേശത്തിന്റെ ചരിത്രം എന്നു പറയുമ്പോൾ സാമൂഹിക ജീവിതം, സ്ഥലങ്ങൾ, സംഭവങ്ങൾ, കല, ഭക്ഷണം, ആചാരങ്ങൾ, വിശ്വാസങ്ങൾ എന്നിവയുമായി അഗാധമായ ബന്ധമുണ്ടായിരിക്കും എന്ന തിരിച്ചറിവ് കലയിൽ പുതിയ മാനങ്ങൾ സൃഷ്ടിച്ചു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കഥാവിവരണങ്ങൾ എന്ന നിലയിൽ ആവിഷ്കരിക്കപ്പെടുക സാധാരണമാണ്. എന്നാൽ ഈ നോവലിൽ കഥാപാത്രങ്ങളുടെ മാനസികാവസ്ഥയോട് ഇണങ്ങുന്ന വിധത്തിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. ജെസിക്കയുടെ എറണാകുളം യാത്രയുമായി ബന്ധപ്പെട്ട് വരുന്ന പ്രകൃതി വർണ്ണന ഇതിന് ഉദാഹരണമാണ്. എഴുത്തിൽ സ്വീകരിക്കുന്ന ഈ രീതി ഭൂമിശാസ്ത്ര ഘടകങ്ങൾക്ക് ആഖ്യാനത്തിൽ സവിശേഷമായ അർത്ഥതലം സൃഷ്ടിക്കാൻ കഴിയുന്നു. ആഖ്യാനത്തിന്റെ പശ്ചാത്തലമെന്ന നിലവിട്ട് ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ മാനസിക വ്യാപാരത്തിന്റെ പ്രതിഫലനമായി മാറുന്നു.

### 4.3.6 ലന്തൻബത്തേരിയിലെ സസ്യജാലങ്ങൾ

ഓരോ ദേശവും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ട് സമ്പന്നമായിരിക്കും. ഓരോ നാടിനും സാംസ്കാരികമായ തനിമ നിലനിർത്താൻ സഹായിക്കുന്ന സവിശേഷ സാഹചര്യങ്ങളുണ്ട്. ഭൂപ്രകൃതി, ജാതിമതവിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, കലകൾ എന്നിവകളിൽ വ്യത്യസ്ത പുലർത്തുന്നവരാണ് ഓരോ ദേശക്കാരും. ഓരോ ദേശത്ത് സസ്യജാലങ്ങളും ജീവിസമൂഹവും വളരെ വ്യത്യസ്തമായിരിക്കും. ഇത് ആ ദേശത്തെ ജനജീവിതത്തെ സ്വാധീനിക്കുന്ന ഘടകമാണ്.

"ലന്തൻബത്തേരിയുടെ കൊട്ടാരം ജെട്ടി അടുക്കുന്തോറും ദൂരക്കാഴ്ചയായിരുന്ന ഘനശ്യാമമായ ഇടതൂർപ്പ്, പൂപ്പരുത്തികളും ഉറക്കം തൂങ്ങി മരങ്ങളും വേരുകളുടെ പൊയ്ക്കാലുകളിൽ തത്തുന്ന കണ്ടലുകളും കായലിലേക്കു നട്ടു വളഞ്ഞ തെങ്ങുകളുമായി ജാതി തിരിയുന്നത് ശാരദമ്മ കണ്ടു."[32]

"തുരുത്തു മുഴുവൻ ഉണങ്ങിയ തെങ്ങോല കൊണ്ടുണ്ടാക്കിയ വേലിക്കെട്ടുകൾ കൊണ്ടു നിറഞ്ഞിരുന്നു. അവയ്ക്കുള്ളിൽ കൊച്ചിയിലെ ആകാശവുമായി ഇനിയും ഇണങ്ങാത്ത മരങ്ങൾ. ചുണങ്ങു പേര, ഉറക്കിട്ട ഇലകളുള്ള കശുമാവ്, വള്ളം പണിക്കാർക്കു പ്രിയപ്പെട്ട ആഞ്ഞിലി, പരിണാമത്തിന്റെ ഇടയിൽ അലസിപ്പോയതിനാൽ ഛിദ്രിച്ച ഇലകളുള്ള ശീമപ്ലാവ്"[33]

"ലന്തൻബത്തേരിയിൽ അവർ (ലന്തക്കാർ) കണ്ട ചെടികളും മരങ്ങളും വ്യത്യസ്തമായിരുന്നു. പോർട്ടുഗീസുകാർ തെക്കൻ അമേരിക്കയിൽ നിന്നു കൊണ്ടുവന്ന പേര, ശീമപ്ലാവ്, കശുമാവ്, അണ്ണാർചക്ക, സപ്പോട്ട, കയ്പങ്ങ ആത്തചക്ക, തുടങ്ങിയ മരങ്ങൾ പടിഞ്ഞാറേപ്പുഴയുടെ തീരത്തു വളർന്നിരുന്നു"[34]

നോവലിൽ ലന്തൻബത്തേരിയുടെ നാടൻ സംസ്കാരത്തോടൊപ്പം അധിനിവേശ സംസ്കാരത്തിന്റെ ഭാഗമായി കടന്നുവന്ന സസ്യജാലങ്ങളും

പരാമർശിക്കപ്പെട്ടിരിക്കുന്നു. ജെസീക്കയുടെ പിതാവ് മത്തേവുസാശാരി ലന്തൻബത്തേരിയുടെ നിശബ്ദതയെ തുടയിൽ ഉളിവെച്ച് കൂടം കൊണ്ട് അടിച്ച് അതിനെ ഭേദിച്ചുകൊണ്ടിരുന്നു. ആഞ്ഞിലി മരത്തെക്കുറിച്ച് ജെസീക്കയ്ക്ക് അയാൾ പറഞ്ഞുകൊടുക്കുന്ന കഥ കാലത്തിന്റെ കഥ കൂടിയാണ്. ഓരോ പിറന്നാളിനും മാലാഖയുടെ കൈയിൽ ഓരോ അരഞ്ഞാണം ദൈവം കൊടുത്തയയ്ക്കും. ഒരു കൊല്ലം കഴിഞ്ഞാൽ അങ്ങനെ മരത്തിന് ഒരഞ്ഞാണം കിട്ടും. ഇങ്ങനെ കാലത്തിന്റെ കടന്നുപോകലിൽ മരങ്ങളിലുണ്ടാകുന്ന മാറ്റം തിരിച്ചറിയുന്നയാളാണ് മത്തേവുസാശാരി.

ആഖ്യാനത്തിൽ സസ്യലതാദികളെ കൊണ്ട് വരുന്നത് ഭൗമപ്രകൃതിയുടെ ഭാഗമായാണ്. ആഖ്യാനത്തിലുപയോഗിക്കുന്ന ദേശത്തിന് സ്വാഭാവികമാണെന്ന പ്രതീതിയുണ്ടാക്കാൻ ഇത് ഉപകരിക്കുന്നു. എഴുത്തുകാരൻ ആഖ്യാനത്തിന്റെ തന്ത്രമായി രൂപപ്പെടുത്തുന്ന ഈ വർണ്ണനകൾ സാങ്കൽപികദേശത്തെ യാഥാർത്ഥ്യമാണെന്ന തോന്നലുളവാക്കുന്നു.

### 4.3.7 ഭക്ഷണ സംസ്കാരവും ജീവിതവും

മനുഷ്യന്റെ സാമൂഹികജീവിതത്തിൽ ഏറെ പ്രാധാന്യമുള്ള ഒന്നാണ് അവന്റെ ഭക്ഷണസംസ്കാരം. ഓരോ രാജ്യത്തെ ഭക്ഷണരീതി മാത്രമല്ല ഓരോ പ്രദേശത്തിന്റെ ഭക്ഷണരീതി തന്നെ വ്യത്യസ്തമാണ്. ഭക്ഷണവസ്തുക്കളുടെ ലഭ്യതയ്ക്കനുസരിച്ച് ഭക്ഷണ പദാർത്ഥങ്ങൾക്ക് മാറ്റമുണ്ടാകും. ഓരോ കാലഘട്ടത്തിലും ഉപയോഗിക്കുന്ന ഭക്ഷണവും അത്തരത്തിൽ മാറ്റം സംഭവിച്ചതാണ്. ചുരുക്കത്തിൽ മനുഷ്യന്റെ ഭക്ഷണസംസ്കാരം മാറ്റത്തിന് വിധേയമായി കൊണ്ടിരിക്കുന്നു.

“സാധാരണഗതിയിൽ കേരളത്തിലെ എല്ലാ വീടുകളിലും ഉച്ചഭക്ഷണം ചോറോ കഞ്ഞിയോ തന്നെയാവണമെന്നുള്ളത് നിർബന്ധമാണ്. ചോറിന് കുറഞ്ഞത് ഒരു അച്ചാറും ഉപ്പേരിയും ഉണ്ടാവണമെന്നുള്ളത് നമ്മുടെ ബോധത്തിന്റെ ഭാഗമാണ്. വിവാഹസദ്യയ്ക്ക് ഇന്നിന്ന ഇനങ്ങൾ വേണമെന്ന്

ഓരോ സമൂഹത്തിനും നിർബന്ധങ്ങളുണ്ട്. ചില ചടങ്ങുകളോടനുബന്ധിച്ച് ചില സവിശേഷ ഭക്ഷണപദാർത്ഥങ്ങൾ. വേണമെന്നുണ്ട്. 'വയനാട്ടു കുലവൻ തെയ്യം കെട്ടിന് ' വരുന്നവർക്കൊക്കെ ഊണ് കൊടുക്കണമെന്നും ആ ഊണിന് വേട്ടയാടിക്കൊണ്ടുവന്ന മൃഗത്തിന്റെ മാംസംവിളമ്പണമെന്നും നിയമമുണ്ട്."[35]

കേരളത്തിലെ എല്ലാജില്ലകളിലും ഭക്ഷണസംസ്കാരത്തിൽ വ്യത്യാസമുള്ളതുപോലെതന്നെ മതം, ജാതി എന്നിവയ്ക്കനുസരിച്ച് ഭക്ഷണത്തിൽ വ്യത്യാസങ്ങൾ കാണാൻ സാധിക്കും. ഇത്തരം വ്യത്യാസങ്ങളാണ് ഭക്ഷണസംസ്കാരത്തിന്റെ വൈവിധ്യത്തെ അടയാളപ്പെടുത്തുന്നത്.

"ഭക്ഷ്യവിഭവങ്ങളുടെ ഉത്പാദനവും വിതരണാദികളും ഉപകരണങ്ങളുടെ നിർമ്മാണപ്രക്രിയയുമൊക്കെ പാചകവിദ്യയുമായി ബന്ധപ്പെട്ടവയാണ്. കാർഷിക വൃത്തി, നായാട്ട്, മത്സ്യബന്ധനം തൊട്ടുള്ള ജീവിതവൃത്തികൾ അതിനെ സ്വാധീനിക്കുന്നുണ്ട്. ഗാർഹികോപകരണങ്ങളിൽ നല്ലൊരു വിഭാഗം ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുവാൻ വേണ്ടി ഉപയോഗിക്കുന്നവയാണ്. ആ നിലയിൽ പാചകകലയ്ക്ക് ഭൗതിക സംസ്കാരവുമായുള്ള ബന്ധം സുദൃഢമാണ്. ഭൗതികവസ്തുക്കളുമായി കൂടി കലർന്നതും ബന്ധപ്പെട്ടതുമായ വിഷയമെന്ന നിലയിൽ അത് ഭൗതിക സംസ്കാര പഠനത്തിന്റെ ഭാഗമായി വരുന്നു."[36]

ചില മതവിഭാഗങ്ങളിൽപ്പെട്ടവർ മാംസം പൂർണ്ണമായി ഒഴിവാക്കികൊണ്ടുള്ള ജീവിതരീതി പുലർത്തുന്നവരാണ്. എന്നാൽ ചിലർക്ക് മാംസം ഒഴിച്ചു കൂടാനാവാത്ത വിഭവമാണ്. വ്രതം, അനുഷ്ഠാന കർമ്മങ്ങൾ എന്നിവയുള്ളപ്പോൾ മദ്യം, മാംസം എന്നിവ ഒഴിവാക്കുന്നവരുണ്ട്. ഏകാദശി, ശിവരാത്രി, തിങ്കളാഴ്ചവ്രതം മുതലായ വ്രതങ്ങൾക്ക് ചോറ് ഭക്ഷിക്കാറില്ല.

കേരളത്തിലെ ഭക്ഷണരീതികളിൽ പ്രധാനഭക്ഷണം അരിയും പച്ചക്കറികളും മത്സ്യമാംസാദികളുമാണ്. എന്നാൽ കേരളത്തിലെ തെക്കോട്ടും, വടക്കോട്ടും ഉള്ള പ്രദേശങ്ങളിൽ പാചകരീതികളിൽ വ്യത്യാസം കാണാൻ കഴിയും. ഭക്ഷണം പാചകം ചെയ്യുന്നതിൽ ജാതി, മത, പ്രാദേശികത എന്നിവയ്ക്കനുസരിച്ചുള്ള മാറ്റങ്ങൾ ദൃശ്യമാണ്.

"ക്രിസ്ത്യാനികൾ പന്നിയിറച്ചി വിശിഷ്ടമായി കരുതുമ്പോൾ മുസ്ലീങ്ങൾ അതിനെ വർജ്ജിക്കുന്നു. മാന്തള്, തെരണ്ടി, സ്രാവ് തുടങ്ങിയ മത്സ്യങ്ങളും, ഞണ്ട്, കടവാതിൽ, തവള എന്നിവയും മുസ്ലീങ്ങളുടെ ഭക്ഷണത്തിൽ നിന്ന് അകറ്റി നിർത്തപ്പെടുന്നവയാണ്. തലയും ഉടലും വേർപ്പെടുത്തുന്ന കഴുത്തില്ല എന്നതാണ് ഈ ജന്തുക്കളുടെയെല്ലാം പ്രത്യേകത. ഏതു ജന്തുവിനെയും ഭക്ഷിക്കുന്നതിനു മുമ്പ് അതിന്റെ കഴുത്തറുത്ത് ദൈവത്തിന് ബലി നൽകണമെന്നാണ് ഇസ്ലാം മതവിശ്വാസം."[37]

ഭക്ഷണം വാമൊഴി പാരമ്പര്യത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. ജാതി-മത വ്യത്യാസങ്ങൾക്കപ്പുറത്ത് അത് പുനരാവിഷ്കരിക്കുകയും ചെയ്യുന്നു. സദ്യകൾ, അനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, കളികൾ എന്നിങ്ങനെ എന്തും കൂട്ടായ്മയെ സൃഷ്ടിക്കുന്നു. കൂട്ടായ്മ സൃഷ്ടിക്കുന്ന ഭക്ഷണവ്യവസ്ഥ ഒരു സംസ്കാരത്തിന്റെ ഭാഗമാണ്. ഭക്ഷണത്തിന്റെ വൈവിധ്യങ്ങൾക്കപ്പുറത്ത് അത് വിശ്വാസത്തിന്റെ ഭാഗമായി മാറുന്നു. മതാനുഷ്ഠാനവുമായി ബന്ധപ്പെട്ട ഭക്ഷണങ്ങൾ അപ്രകാരം വിശ്വാസത്തിന്റെ ചിഹ്നമായി മാറുന്നു.

"ക്രിസ്ത്യാനികൾക്കിടയിലെ അനുഷ്ഠാനഭക്ഷണമാണ് ഓഷ്ടി. ആഘോഷവേളയിൽ തയ്യാറാക്കുന്ന മറ്റ് വിഭവങ്ങളെല്ലാം ജാതിമതഭേദമെന്യേ വിതരണം ചെയ്യുമെങ്കിലും ഓഷ്ടി എന്ന വിഭവം ക്രിസ്ത്യാനികൾക്കിടയിൽ മാത്രമേ വിതരണം ചെയ്യൂ. ഓഷ്ടിയും വീഞ്ഞും ദിവ്യബലിയെ ഓർമ്മി പ്പിക്കുന്നതാണ്. പെസഹാവ്യാഴത്തിന് കുരിശിന്റെ ആകൃതിയിൽ തയ്യാറാക്കുന്ന കുരിശപ്പവും ഇത്തരത്തിലുള്ള ഒരനുഷ്ഠാനഭക്ഷണമത്രെ"[38]

ജന്തുക്കളെ കൊന്ന് ഭക്ഷിക്കുന്ന രീതി ഗോത്രകാലം മുതലേ നിലനിൽക്കുന്നതാണ്. കാലാവസ്ഥ, ഭൂപ്രകൃതി, പ്രാദേശികത, മതവിശ്വാസം എന്നിവയ്ക്കനുസരിച്ച് ഭക്ഷണ വ്യവസ്ഥ വ്യത്യാസപ്പെട്ടിരിക്കുന്നു. മനുഷ്യൻ തന്റെ അനുഭവങ്ങൾക്കൊണ്ട് പരിഷ്കരിച്ചെടുത്ത ഭക്ഷണരീതികളാണ് നാടിന്റെ ഭക്ഷണവൈവിധ്യത്തിന് കാരണമായിത്തീരുന്നത്. കാലദേശവ്യത്യാസമനു സരിച്ച് ഭക്ഷണവ്യവസ്ഥയിൽ മാറ്റം കാണാൻ സാധിക്കും.

ഒരു നാടിന്റെ സംസ്കാരത്തെ, ചരിത്രത്തെ രൂപപ്പെടുത്തുന്നത് വേഷം, ഭാഷ, കല, ആഹാരം, വസ്ത്രം എന്നിവയിലെ വൈവിധ്യമാണ്. നോവലിൽ പ്രധാന കഥാപാത്രമായ ജെസീക്കയുടെ മാമ്മോദീസ ചടങ്ങിന് ബിരിയാണി വെയ്ക്കുന്നതിന്റെ സൂക്ഷ്മമായ വിവരണം നോവലിസ്റ്റ് നൽകിയിട്ടുണ്ട്.

ബിരിയാണിയുണ്ടാക്കുന്ന എഡ്വിൻ മത്തേവുസാശാരിയുടെ ബന്ധുവാണ്. അയാളുടെ പിതാവ് തോബിയാസ് കൊച്ചിതുറമുഖം നിർമ്മിച്ച ബ്രിസ്റ്റോ സായിപ്പിന്റെ പാചകക്കാരനായിരുന്നു. ബിരിയാണിക്ക് കേരളത്തിൽ രണ്ടു ചിട്ടയുണ്ടെന്ന് എഡ്വിൻ പറയുന്നുണ്ട്. വടക്കൻചിട്ടയും തെക്കൻചിട്ടയും.

"ഒന്നാമത്തത് വടക്കൻചിട്ട, ലക്നോസൈഡീന്നാണ് അത്. അവര് എറച്ചീം അരീം വെവ്വേറെ വേവിച്ച് അസംബ്ള് ചെയ്ത് ദം വച്ച് ബിരിയാണി ഉണ്ടാക്കും. പിന്നെ തെക്കിനിച്ചിട്ട സൈസാമിന്റെ നാട്ടിലെ ഹൈദരാബാദിലെ സ്റ്റെല് എല്ലാവിട്ട് അവിയല് പോലെ ഒരുമിച്ച് വേവിക്കും ഇപ്പോ ഉണ്ടാക്കണ ബിരിയാണി വടക്കൻ ചിട്ടയാണ്. "[39]

'വിശേഷാൽ ബിരിയാണി (1912 ക്രി.പി)' എന്നിങ്ങനെയാണ് ബിരിയാണിയുടെ ചാർത്ത് നോവലിൽ അവതരിപ്പിച്ചിട്ടുള്ളത്. അതോടൊപ്പം പാചക വിധിയും. ദം പൊട്ടിക്കുന്നതു വരെയുള്ള കാര്യങ്ങൾ സൂക്ഷ്മമായി വിവരിച്ചിട്ടുണ്ട്.

ലന്തൻബത്തേരിയിൽ മസാലദോശ കടന്നുവരുന്നതും ഫലൂദ എന്ന വിഭവത്തെക്കുറിച്ചുമുള്ള സൂചനകൾ നോവലിലുണ്ട്. അരിക്ഷാമം നേരിട്ട കാലത്ത് ഇ.എം.എസ് സർക്കാർ ഇറക്കിയ മക്റോണിയെക്കുറിച്ച് വിശദമായി വിവരിക്കുന്നു. മക്റോണി പായസം ഉണ്ടാക്കുന്നതിന്റെ പാചകവിധി നോവലിലുണ്ട്. മട്ടൻ വിന്താലു, മക്റോണി, ഉപ്പുമാവ്, റൊട്ടി, കള്ള്, അരിനെല്ലിക്കാകറി, കരിമീൻ, മട്ടൻ പസന്ത, തേങ്ങയിട്ട കാരച്ചെമ്മീൻ കറി എന്നിങ്ങനെ നിരവധി വിഭവങ്ങളെക്കുറിച്ച് നോവലിൽ പരാമർശിച്ചിട്ടുണ്ട്.

ലന്തൻബത്തേരി പോർച്ചുഗീസുകാരും ഡച്ചുകാരും ഭരിച്ചിരുന്ന പ്രദേശമാണ്. അതുകൊണ്ടു തന്നെ നാടൻ വിഭവങ്ങൾക്കൊപ്പം മറ്റുനാടുകളിൽ നിന്ന് വന്നുചേർന്ന വിഭവങ്ങളും അവരുടെ ഭക്ഷണ സംസ്കാരത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ഒരു ജനതയ്ക്ക് സവിശേഷമായ ഭക്ഷണസംസ്കാരം രൂപപ്പെടുന്നത് കൈമാറ്റങ്ങളിലൂടെയാണ്. ഏത് ദേശത്തെ ഭക്ഷണവും സ്വകീയമാക്കുകയും ഒരു പുതിയ ഭക്ഷണസംസ്കൃതി ജനതയുടെ ഭാഗമാവുകയും ചെയ്യുന്നു.

കേരളത്തിലെ ഭക്ഷണസംസ്കാരവുമായി ബന്ധപ്പെട്ട് പല വിശ്വാസങ്ങളും രീതികളും നിലവിലുണ്ട്. എന്നാൽ നോവലിൽ അത് വ്യത്യസ്തമായ ഒരു ഘടകമെന്ന നിലയിൽ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു. ലന്തൻബത്തേരി അധിനിവേശത്തിന്റെ ഭൂമികയാണ്. അവിടേയ്ക്ക് പല വിഭവങ്ങളും കടന്നുവരികയാണ്. “1965, എറണാകുളത്ത് മസാലക്കപ്പലണ്ടി വന്ന വർഷം”[40] ഇപ്രകാരം സ്ഥലകാലങ്ങളെ ഭക്ഷണ സംസ്കാരത്തിന്റെ ഭാഗമാക്കുന്നു. ഇത് ആഖ്യാനത്തിൽ കഥാഘടനയോട് ഇണങ്ങുന്ന വിധത്തിലാണ് അവതരിപ്പിച്ചിട്ടുള്ളത്. മക്രോണി ഇറക്കുമതി അതുകൊണ്ടുള്ള വിഭവങ്ങളുടെ പ്രചാരണം എന്നിവ രാഷ്ട്രീയ സ്ഥലകാലങ്ങളെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നത് ഇതിന് ഉദാഹരണമാണ്.

### 4.3.8 ഉത്സവങ്ങളും ആഘോഷങ്ങളും

സാമൂഹികാചാരങ്ങളിൽ ഉൾപ്പെടുന്നവയാണ് ഉത്സവങ്ങളും ആഘോഷങ്ങളും മനുഷ്യൻ. കൂട്ടായ്മയിൽ താൽപര്യം കാണിക്കുന്നവരാണെങ്കിലും അടിസ്ഥാനപരമായി വ്യക്തികളാണ്. സാമൂഹികമായി മനുഷ്യന് ഐക്യപ്പെടുവാനും കൂട്ടായ്മയുടെ ഭാഗമാകാനും സഹായിക്കുന്നവയാണ് ഉത്സവങ്ങളും ആഘോഷങ്ങളും. പല വിഭാഗത്തിൽപ്പെടുന്ന, പല കാഴ്ചപ്പാടുകളിൽ വിശ്വസിക്കുന്ന, പല മതസാഹചര്യത്തിൽ വളർന്ന മനുഷ്യരാണ് ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുന്നത്. ജനങ്ങളിൽ സാമൂഹികബോധവും മതനിരപേക്ഷതയും സൃഷ്ടിക്കുന്നതിൽ ഉത്സവാഘോഷങ്ങൾ വലിയ

പങ്കുവഹിക്കുന്നുണ്ട് "നിശ്ചിതമായ ലക്ഷ്യത്തോടും താത്പര്യത്തോടും കൂടി പരസ്പരാശ്രയത്വത്തിലും സഹവർത്തിത്വത്തിലും ഊന്നികൊണ്ടു വന്നുചേരുന്ന സമാനമായ സംസ്കാരമുൾക്കൊള്ളുന്ന സംഘത്തെയാണ് സമൂഹമെന്നു."[41] പറയുന്നത്

ജനങ്ങൾ തമ്മിലുള്ള സമ്പർക്കമാണ് ഉത്സവാഘോഷങ്ങളിലൂടെ യുണ്ടാവുന്നത്. മതപരമായും അല്ലാതെയുമുള്ള നിരവധി ആഘോഷങ്ങൾ ഉണ്ടാക്കും. പല ആഘോഷങ്ങൾക്കും നൈരന്തര്യമുണ്ടാകും. ദേശകാലാടി സ്ഥാനത്തിൽ അവ ആവർത്തിച്ചു കൊണ്ടിരിക്കും. സാംസ്കാരികമായ ഒരു സംക്രമണം തന്നെ ഇതുമായി ബന്ധപ്പെട്ട് നടക്കുന്നുണ്ട്. മനുഷ്യന്റെ സാമൂഹികസാംസ്കാരിക ജീവിതത്തിൽ ഉത്സവാഘോഷങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്. ജനങ്ങൾ മതപരവും ഗോത്രപരവുമായ വിശ്വാസങ്ങൾ ഇത്തരം ആഘോഷങ്ങൾക്ക് കല്പിക്കാറുണ്ട്.

ലന്തൻബത്തേരിയിലെ ലുത്തിനിയകളിൽ അവരുടെ കൂട്ടായ്മയെ അവതരിപ്പിക്കുന്ന ഒന്നാണ് വിശുദ്ധ സെബസ്ത്യാനോസിന്റെ പള്ളിയിലെ അമ്പുപെരുന്നാൾ. പോഞ്ഞിക്കരയിലും മറ്റു ദ്വീപുകളിലും കുറെപേർ വസൂരിപിടിച്ചു മരിച്ചു. പഞ്ഞം, പട, വസന്ത വസൂരി, ഈതിബാധ തുടങ്ങിയവ തടയാനുള്ള മാർഗ്ഗമായാണ് അമ്പെഴുന്നള്ളിക്കുവാൻ തീരുമാനിച്ചത്.

"അന്ന് കാലത്ത് ഞാനും അപ്പനും അമ്മയും പള്ളിയിൽ പോയി കുമ്പസാരിച്ച്, ദിവ്യകാരുണ്യവും സ്വീകരിച്ച് വീട്ടിലെത്തി. വേലിപ്പടിയിൽ അമ്മ ചാണകം മെഴുകി. ചാണകത്തുരുത്തിന്റെ നാലു മൂലകളിൽ മുളനാട്ടി കയറ് വലിച്ചുകെട്ടി അതിൽ കുരുത്തോല നിരത്തി. തോരണങ്ങളുടെ നടുവിൽ വാഴ ത്തണ്ടിൽ കുരുത്തോല വളച്ചുകെട്ടി ഉണ്ടാക്കിയ മത്തങ്ങകൾ തൂക്കി. പന്തലിന്റെ നടുവിൽ എഴുന്നള്ളിച്ചു വരുന്ന അമ്പിനെ സ്വീകരിക്കുവാൻ ഒരു പീഠത്തിൽ ചുവന്ന വിരിയിട്ട് അതിന്റെമേൽ സിൽക്ക് തുണി പലതായി മടക്കിമെത്തപോലെ വച്ചു. നാലുമെഴുകുതിരികള പീഠത്തിന്റെ നാലുകോണുകളിലും കത്തിക്കാതെ കുത്തി നിർത്തി "[42]

പ്രാദേശികമായ ആഘോഷമാണ് അമ്പെഴുന്നള്ളിപ്പ്. അതിന്റെ മുന്നൊരുക്കങ്ങളാണ് മേൽസൂചിപ്പിച്ചത്. ഇത് ജനങ്ങളുടെ ജീവിതത്തെയും ജീവിതപരിസരങ്ങളെയും അടയാളപ്പെടുത്തുന്നു. നാട്ടുസംസ്കൃതിയിലെ ജനങ്ങൾ പിന്തുടരുന്ന അലങ്കാരങ്ങളും ലാളിത്യവും ഇവിടെയും കാണാൻ സാധിക്കും. മതപരമായ ഒരു തലത്തോടൊപ്പം അമ്പെഴുന്നള്ളിപ്പ് ഒരു കൂട്ടായ്മയെ അവതരിപ്പിക്കുന്നു.

പ്രാദേശികമായ തനിമ പള്ളിയിലെ കച്ചവടക്കാരെക്കുറിച്ച് പറയുന്നതിലും കാണാൻ സാധിക്കും. ചാക്കിൽ പകുത്തുവച്ചിരുന്ന കപ്പണ്ടിയുടെ ചെറിയ കുന്നുകൾ. ചെറിയ മുളനാഴിയിൽ കുമിഞ്ഞുവച്ചിരിക്കുന്ന കടലയും പാാണി പയറും, വലിയചാക്കുകളിൽ അരിപ്പൊരി, പനയോല കൊണ്ട് മെടഞ്ഞ വലിയ കുട്ടകളിൽ ഈന്തപ്പഴം, മുളംചട്ടയിൽ ബലൂണുകൾ എന്നിവയെല്ലാം നാടൻ സംസ്കൃതിയുടെ കച്ചവടസംസ്കാരത്തെയും വസ്തുക്കളെയും ഓർമ്മിപ്പിക്കുന്നു.

സാമൂഹികാചാരത്തിന്റെ ഗണത്തിൽപ്പെടുന്ന നോവലിലെ രണ്ടു സംഭവങ്ങളാണ് മാമോദീസയും ആദ്യകുർബാനയും. ജെസീക്കയുടെ മാമോദിസയും ആദ്യ കുർബാനയും ക്രൈസ്തവ സംസ്കാരത്തിന്റെ അടയാളപ്പെടുത്തലായി നോവലിൽ കടന്നുവരുന്നു.

ലത്തൻബത്തേരിയിലെ ലുത്തീനിയകൾ എന്ന നോവലിൽ വള്ളം പണിത് കടലിൽ ഇറക്കുന്നതിനെക്കുറിച്ച് മൂന്നിടങ്ങളിൽ പരാമർശിക്കുന്നുണ്ട്. ആദ്യത്തേത് കൊച്ചിയിലെ വെള്ളം പണിക്കാരുടെ ചരിത്രം പരാമർശിക്കുന്നിടത്താണ്. കൊച്ചിയിലെ പേരുകേട്ട പോണി ഗ്യൂസ്ലർ എന്ന കപ്പൽ പണിക്കാരന്റെ മകനായിരുന്ന കൊർണ്ണേലിയസ് നിർമ്മിച്ച വള്ളമിറക്ക് ചടങ്ങ് നോവലിൽ ഇപ്രകാരം അവതരിപ്പിച്ചിരിക്കുന്നു.

"1864- ൽ കൊർണ്ണേലിയസ് നിർമ്മിച്ച ഫത്തേസവദ്" എന്ന കപ്പൽ കടലിൽ ഇറക്കിയ ദിവസം വൈപ്പിനിൽ വലിയ പെരുന്നാളിന്റെ

ഉത്സവമായിരുന്നു. കടമക്കുടിയിൽ നിന്നെത്തിയ മൂപ്പന്മാർ ഫത്തേസവദിന്റെ അണിയം മുതൽ അമരം വരെ കുരുത്തോലയുടെ തോരണങ്ങൾ തൂക്കി. പതിവനുസരിച്ച് കപ്പൽ കടലിൽ ഇറക്കിയിരുന്നത് ലിസ്ബണിൽ നിന്നു കൊണ്ടുവന്ന ഒരു കുപ്പി ബ്രാണ്ടി അമിയത്തിൽ അടിച്ച് ഉടച്ചിട്ടായിരുന്നുവെങ്കിൽ ഫത്തേസവദിന്റെ ഉടമസ്ഥരായ മട്ടാഞ്ചേരിയിലെ മുസ്ലീം മുതലാളികൾ, ചിത്രപ്പണി ചെയ്ത സ്ഫടികത്തിന്റെ കുപ്പിക്കകത്തുനിറച്ച ബെയ്റൂട്ടിൽ നിന്നു കൊണ്ടുവന്ന അത്തറ് കൊണ്ടാണ് ഈ ചടങ്ങ് നടത്തിയത്"[43] അന്നാണ് വലിയ ലൂയിആശാരി കപ്പൽ കണക്ക് മോഷ്ടിച്ചത്. പിന്നീട് ജൂയിസാശാരിയുടെ മകൻ മാർക്കോസാശാരി വൈപ്പിനിൽ മീൻപിടുത്തക്കാരൻ കരുണാകരനുവേണ്ടി ആഞ്ഞിലിയുടെ പഴയതടിയിൽ തീർത്ത വഞ്ചി പടിഞ്ഞാറേപ്പുഴയിൽ ഇറക്കിയപ്പോൾ അത് മറിഞ്ഞു. കരുണാകരൻ വേവലാതിയോടെ അത് തനിക്ക് കടലിൽകൊണ്ടുപോകാനുള്ളതാണെന്ന് പറയുമ്പോൾ മാർക്കോസാശാരി ഇപ്രകാരം മറുപടി പറയുന്നു.

"എറക്കിന്റെ കൊഴുപ്പാണ്. ഞാൻ പണിഞ്ഞവള്ളം മറിയോണങ്കി നോഹട ടൈമില വെള്ളപ്പൊക്കോം മഴേം വരണം"[44] വള്ളമിറക്ക് ശ്രദ്ധിച്ചു ചെയ്യണമെന്ന ധ്വനി ഇതിലുണ്ട്. എന്നാൽ കരുണാകരന്റെ സംശയം തീർക്കാൻ കടലിൽ പോകുമ്പോൾ മാർക്കോസാശാരി കൂടെ പോകുന്നു. എന്നാൽ കനത്തമഴയിൽ വള്ളം മറിഞ്ഞു മാർക്കോസാശാരിയെ കാണാതായി. അദ്ദേഹം കടലിൽ പോയി മരിച്ചുവെന്ന് നാട്ടുകാർ വിശ്വസിച്ചു. എന്നാൽ അദ്ദേഹം തിരിച്ചു വരുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ മകന് കെട്ടുവള്ളം ഉണ്ടാക്കുന്ന പണിയുടെ കരാർ കിട്ടുന്നു. വള്ളം ഇറക്കുന്നതിന്റെ സന്തോഷം നാട്ടുകാർക്ക് മുഴുവനുമുണ്ടായിരുന്നു.

"വള്ളം ഇറക്കുന്നതിന്റെ തലേന്നാൾ എഡ്വിൻ ചേട്ടനും പണിക്കാരും കുഞ്ഞുഞ്ഞിന്റെ വീട്ടിൽ ബിരിയാണി സദ്യ നടത്തി. പിറ്റേന്ന് കെട്ടുവള്ളം ഇറക്കുന്നതു കാണാൻ ലന്തൻബത്തേരിക്കാരിൽ മിക്കവരും ഞങ്ങളുടെ വീട്ടിലെത്തി. കോട്ടും ടൈയും കറുത്ത കണ്ണടയും ധരിച്ച അപ്പൂപ്പന്റെ വെളുത്ത

ചൂരൽ അന്ന് ഞാനായിരുന്നു. ഞാൻ അപ്പൂപ്പനെ, പീലാത്തോസച്ചൻ വള്ളത്തെ ആശീർവദിച്ച് പ്രസംഗിക്കുന്നിടത്ത്, മുൻപന്തിയിൽ കൊണ്ടുചെന്നു നിർത്തി. നെടുമ്പുരയിൽ നിന്ന് പടിഞ്ഞാറേപ്പുഴയിലേക്കു വള്ളത്തെ ആളുകൾ കട്ടപ്പാര കൊണ്ടുപൊക്കി, ഐലസോം വിളിച്ച് തള്ളിയിറക്കി"[45]

പുതുവള്ളമിറക്കുന്നതിനു നടത്തുന്ന ആചാരങ്ങൾ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. തുരുത്തിലെയും സമീപദേശങ്ങളുമായി ബന്ധപ്പെട്ട് മനുഷ്യജീവിതത്തിന്റെ സജീവതയും കൂട്ടായ്മയും വ്യക്തമാക്കുന്നു.

### 4.3.9 നാട്ടുവൈദ്യം

രോഗത്തെ നിയന്ത്രിക്കാനും പ്രതിരോധിക്കാനുമുള്ള മാർഗ്ഗങ്ങൾ ഓരോ ദേശത്തും പ്രചാരത്തിലുണ്ട്. അനുഭവസമ്പത്താണ് നാടൻ മരുന്നുപ്രയോഗത്തിന്റെ ആധാരശിലയായി വർത്തിക്കുന്നത്. റിച്ചാർഡ് എം.ഡോർസൺ സാമൂഹികാചാരങ്ങളിൽപ്പെടുത്തുന്നതാണ് നാട്ടുവൈദ്യം.

"ചുക്കുപൊടിയും കുരുമുളകും തുളസിയിലയുമിട്ട കരിപ്പെട്ടിക്കാപ്പി അമ്മ ഉണ്ടാക്കി, ചൂടും എരിവും കാരണം എന്റെ കണ്ണുനിറഞ്ഞു. അന്നനാളത്തിന്റെ കിടപ്പ്, ദ്രാവകംപോയ വഴിയിലൂടെ, ഞാൻ അറിഞ്ഞു. കുറെനേരം ഞാൻ എക്കിട്ടമിട്ടു. നെറ്റിയിൽ വിയർപ്പുപൊടിഞ്ഞപ്പോൾ പനി മാറിയതായി എനിക്കുതോന്നി "[46] പുഷ്പാംഗദൻമാഷിന്റെ പീഡനശ്രമത്തിൽ നിന്ന് രക്ഷപ്പെട്ട് പനിപിടിച്ചു കിടക്കുന്ന ജെസീക്കയ്ക്ക് പനി മാറാൻ അമ്മ നാട്ടുവൈദ്യം പ്രയോഗിക്കുന്നു.

1951 ലാണ് അച്ചുകുത്ത് നടത്താൻ തുരുത്തിൽ ശാരദാമ്മ വരുന്നത്. 1956ലും വസൂരി പിടിച്ച് ആളുകൾ മരിക്കുന്നുണ്ട്. 17-ാം നൂറ്റാണ്ടിലാണ് വാന്റീഡിന്റെ നേതൃത്വത്തിൽ ഹോർത്തൂസ് മലബാറിക്കൂസ് രചിക്കുന്നത്. സ്ഥലകാലങ്ങളുടെ കൃത്യമായ ഒരു വിവരണം നോവലിലെ എല്ലാസംഭവങ്ങളുടെ വിവരണത്തിലും കാണാൻ കഴിയും. അതോടൊപ്പം ദേശകാലാനുസൃതമായി വിശ്വാസങ്ങളും രോഗപ്രതിരോധവും വ്യത്യസ്തമായിരിക്കുമെന്നുള്ള സൂചനയും നോവൽ നൽകുന്നു.

"കൊച്ചിരാജ്യത്ത് വസൂരി കീറിവയ്ക്കുക എന്ന സമ്പ്രദായം വളരെ മുമ്പ് 1802-മാണ്ടിൽ തന്നെ നടപ്പാക്കുകയും 1812 മുതൽക്ക് അത് പരിചയിച്ചിട്ടുള്ള 6 വാക്സിനേറ്റർമാരെ ഇവിടെ നിയമിക്കുകയും ചെയ്തുവെങ്കിലും 75ലധികം സംവത്സരകാലത്തോളം അതിനു വളരെ കുറച്ച് മാത്രം പ്രചാരമേ ഉണ്ടായിരുന്നുള്ളൂ... കുത്തിവെയ്പ്പിൽ ജനങ്ങൾക്ക് വിശ്വാസമുണ്ടായിരുന്നില്ല എന്ന് മാത്രമല്ല അതിനെ അവർ വസൂരിയോളം തന്നെ ഭയപ്പെടുകയും ചെയ്തിരുന്നു എന്ന് കൊച്ചിൻ സ്റ്റേറ്റ് മാനുവലിൽ സി. അച്യുതമേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്."[47] ഈ ചരിത്ര ബോധമാണ് അച്ചുകുത്ത് ആഖ്യാനത്തിലേക്ക് കടന്നുവരുന്നതിന്റെ സംഗത്യം.

### 4.3.10 വാസ്തുവിദ്യ

കേരളത്തിന് തനതായ ഒരു വാസ്തുവിദ്യപാരമ്പര്യമുണ്ട്. വീടു നിർമ്മാണത്തിനു മാത്രമല്ല ദേവാലയം, വള്ളം, തൂണുകൾ, ദാരുശില്പങ്ങൾ എന്നിങ്ങനെ വാസ്തു വിദ്യയിൽ പ്രൗഢമായ സാംസ്കാരികത പുലർത്തുന്നു

"ആലയനിർമ്മാണതത്ത്വങ്ങൾ മനുഷ്യാലയങ്ങൾക്കും ദേവാലയങ്ങൾക്കും വ്യത്യാസമുണ്ട്. മനുഷ്യാലയങ്ങളിൽത്തന്നെ കൊട്ടാരങ്ങൾ, കോവിലകങ്ങൾ, ബ്രഹ്മാലയങ്ങൾ, സാധാരണ ഭവനങ്ങൾ എന്നിവയുടെ നിർമ്മാണരീതിയ്ക്ക് വ്യത്യാസം കാണാം. പഞ്ചപ്രകാരങ്ങളോടു കൂടി സുവർണ്ണ ക്ഷേത്രങ്ങളുടെയും അതില്ലാത്ത പള്ളിയറകളുടെയും നിർമ്മാണരീതികൾ ഭിന്നമാണ്. ചക്കാല, ഗോശാല, കൂത്തമ്പലം തുടങ്ങിയവയുടെ നിർമ്മാണത്തിനും പ്രത്യേകപ്രമാണങ്ങളുണ്ട്."[48]

നോവലിൽ ജെസീക്കയുടെ കുടുംബചരിത്രം ആരംഭിക്കുന്നതു വാസ്തുവിദ്യയുമായി ബന്ധപ്പെട്ടാണ്. കേരളത്തിലെ ആഞ്ഞിലി, തേക്ക്, എന്നിവ കപ്പൽപണിക്ക് ഉപയോഗിച്ചിരുന്നതായി കേരളചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. കൊച്ചിയിൽ പോണിഗ്യൂസ്ലർ എന്ന കപ്പൽപണിക്കാരൻ ഉണ്ടായിരുന്നു. ഇംഗ്ലണ്ടിലെ രാജാവ് കൊച്ചിയിൽ കപ്പൽനിർമ്മാണശാല തുടങ്ങി.

കൊച്ചിയിലെ മരക്കപ്പലുകൾ പ്രസിദ്ധമായിരുന്നു. പോണിഗ്യൂസ്ലറുടെ മകൻ കൊർണ്ണേലിയസിന്റെ അരികിൽ കപ്പൽ പണി പഠിക്കാൻ പോയ ലൂയിസാശാരിയുടെ വംശത്തിലാണ് ജെസീക്ക പിറന്നത്. എന്നാൽ തുഴയുണ്ടാക്കാനും തടി മിനുസപ്പെടുത്തുവാനും മാത്രമേ കൊർണ്ണേലിയസ് ലൂയിയെ അനുവദിച്ചിരുന്നുള്ളു. 1864ൽ ഫത്തേസവദ് എന്ന കപ്പൽ കൊർണ്ണേലിയസ് നിർമ്മിച്ച് കടലിറക്കിയദിവസം ലൂയിസാശാരി കപ്പൽചിത്രങ്ങളും കണക്കു ചാർത്തുകളും മോഷ്ടിച്ചു. വൈപ്പിനിൽ നിന്ന് ഓടിക്കപ്പെട്ട ലൂയി ലന്തൻ ബത്തേരിയിലെത്തി വള്ളങ്ങൾ നിർമ്മിച്ചു ജീവിച്ചു. ഇപ്രകാരം കണക്കുകട്ട ലൂയിസാശാരിയുടെ കുടുംബത്തിന് കണക്കുകട്ട എന്ന കുടുംബപേര് ലഭിച്ചു.

ജെസീക്കയുടെ പിതാവ് മത്തേവുസാശാരി കൂടം കൊണ്ട് മരത്തിലടച്ച് ലന്തൻബത്തേരിയുടെ നിശബ്ദതയെ ഭേദിച്ചു. മത്തേവുസാശാരിയുടെ പിതാവ് താൻപണിത വള്ളത്തിൽ പോയി കാണാതായി വിശ്വസിച്ചിരുന്നു. അദ്ദേഹം തിരിച്ചു വന്നതിനുശേഷം കെട്ടുവള്ളപ്പണിക്കുള്ള കരാർ മത്തേവുസിന് ലഭിക്കുന്നു. കെട്ടുവെള്ളങ്ങൾക്ക് ആവശ്യമായിവന്ന കാലമായിരുന്നു അതിന്റെ കാരണമായി പറയുന്നത് ഇതാണ്. “എറണാകുളംകാർ കെട്ടിടംപണി തകൃതിയായി തുടങ്ങിയത് ഇക്കാലത്താണ്. പുതുതായി കിട്ടിയ സ്വകാര്യ ജീവിതത്തെ എറണാംകുളംകാർ, കിടപ്പുമുറി, സ്വീകരണമുറി,കോലായ, അടുക്കള, തീൻമുറി, പണിസ്ഥലം, കുളിമുറി, ഈശ്വരന് ഒരു മൂല എന്നിങ്ങനെ ആയിരത്തിൽപ്പരം ചതുരശ്രയടികളുള്ള കോൺക്രീറ്റ്ക്കട്ടകളിൽ വാശിയോടെ ഒതുക്കുവാൻ തുടങ്ങി. അവർ ജീവിതത്തിൽ ഒരിക്കൽ പണിയുന്ന കെട്ടിടങ്ങൾ എന്നെന്നേക്കും നിലനില്ക്കണമെന്ന് എറണാകുളംകാർ ആശിച്ചു. അതുകൊണ്ട് നല്ല ഇഷ്ടിക, നല്ല സിമന്റ് എന്നിവയ്ക്ക് പുറമെ മണൽ, പുഴ മണൽ തന്നെ ആയിരിക്കണമെന്ന് അവർക്ക് നിർബന്ധമായിരുന്നു. ആലുവയിൽ നിന്നും മലയാറ്റൂരിൽ നിന്നും പെരിയാറിലെ മണൽ എറണാകുളത്തേക്ക് എത്തിക്കുവാൻ കെട്ടുവള്ളങ്ങൾ കൂടുതലായി വേണ്ടി വന്നു.”[49]

വ്യവസായസമ്പന്നമായ എറണാകുളത്ത് പുതിയരീതിയുള്ള ഭവന

നിർമ്മാണം ആരംഭിക്കുന്നു. അതിന് മണലെടുക്കുന്നതിനായാണ് മത്തേവു സാശാരിയോട് കെട്ടുവള്ളങ്ങൾ നിർമ്മിക്കാനാവശ്യപ്പെടുന്നു. അദ്ദേഹം കെട്ടുവള്ളം നിർമ്മിക്കുന്നതിന്റെ സൂക്ഷ്മമായ വിവരണം നോവലിലുണ്ട്.

മാർക്കോസാശാരി കടലിൽപോയി വള്ളം മറിഞ്ഞപ്പോൾ തിരണ്ടി വാലുകൊണ്ടുള്ള അടിയേറ്റ് കടലിൽ കിടന്നപ്പോൾ ഒരു ചരക്കുകപ്പലുകാർ രക്ഷിച്ചു. അവർ അയാളെ നൈജീരിയയിലെ ലാഗോസ് തുറമുഖത്ത് ഇറക്കി വിട്ടു. പിന്നീട് ചികിത്സിയ്ക്ക് ശേഷം അദ്ദേഹം അവിടെ ഈബോവർഗ്ഗക്കാർക്കു വേണ്ടി മേശ, കസേര, തുടങ്ങിയ വീട്ടുരുപ്പടികൾ ഉണ്ടാക്കി. കാഴ്ച കുറഞ്ഞപ്പോൾ മരക്കുരിശുകൾ മാത്രം നിർമ്മിച്ചു. ഇത്തരത്തിൽ വാസ്തു വിദ്യയുമായ ബന്ധപ്പെട്ട വിവരങ്ങള നോവലിന്റെ ആഖ്യാനത്തിൽ കാണാൻ സാധിക്കും.

**4.3.11 സംഗീതം**

സംഗീതത്തിന് മനുഷ്യന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലു ത്താൻ കഴിവുണ്ട്. പ്രകൃതിയിൽ നിന്ന് മനുഷ്യൻ കേട്ടുപഠിച്ച പ്രകൃതിയുടെ ശബ്ദതാളങ്ങൾ പരിണമിച്ച് ഇന്നു കേൾക്കുന്ന സംഗീതമായി പരിണ മിച്ചിരിക്കുന്നു. നാടൻ സംസ്കാരത്തിലാകട്ടെ ആർജ്ജിതാനുഭവങ്ങും അറിവു കളും വാമൊഴിയായി പാട്ടുകളിലും കഥാഗാനങ്ങളിലും, ശേഖരിക്കപ്പെട്ടു. വാമൊഴിയായി പ്രചരിച്ച ഇവയ്ക്ക് ദേശകാലഭേദങ്ങളുമുണ്ടായിരുന്നു പല സംസ്കാരങ്ങളിലും ജനനം മുതലുള്ള എല്ലാ സംഭവങ്ങളിലും പാട്ട് കടന്നുവരാറുണ്ട്.

ലത്തൻബത്തേരിയിലെ ലുത്തീനിയകളിലെ ജനങ്ങൾക്ക് സംഗീതത്തോട് അപാരമായ അഭിനിവേശമുണ്ടായിരുന്നു. നാടൻപാട്ടുകളെ പോലെ ജനപ്രിയ സംസ്കാരത്തിലുൾപ്പെടുന്നതാണ് സിനിമാസംഗീതവും. 1951 ഇറങ്ങിയ ജീവിത നൗകയിലെ പാട്ടുകൾ ലന്തൻബത്തേരിക്കാർ ഏറ്റുപാടി. 'ആനത്തലയോളം', 'വനനായികേ, വാനിൽ വരൂ ' എന്നീപാട്ടുകൾ ലന്തൻബത്തേരിക്കാരുടെ

ഹൃദയത്തിലിടം നേടി. കായലരികത്ത് എന്ന നീലക്കുയിലിലെ ഗാനവും മൊഹബൂബ് പാടിയമാനെന്നും വിളിക്കില്ല , എല്ലാരും ചൊല്ലണ്, എങ്ങനെ നീ മറക്കും കുയിലേ മുതലായവ കേരളകര ഏറ്റുപാടാൻ തുടങ്ങി. ലന്തൻബത്തേരിക്കാർക്ക് മെഹബൂബിന്റെ പാട്ടിനോട് പ്രത്യേക താൽപര്യമുണ്ടായിരുന്നു.

1960ൽ പുറത്തിറങ്ങിയ തേനാണ് പാലാണ്, സ്നേഹസീമയിലെ കണ്ണുപൂട്ടി ഉറങ്ങുക, ഭാര്യയിലെ പെരിയാറെ, കണ്ടംബെച്ചകോട്ടയിലെ കണ്ടംബ്വെച്ചൊരു കോട്ടാണ് എന്ന ഗാനവും ലന്തൻബത്തേരിയുടെ നിത്യ ജീവിതത്തെ സംഗീതാത്മകമാക്കി. കൂടാതെ ജനാധിപത്യ യുവജനവേദിക്ക് സമീപം കുന്തൻ മ്യൂസിക് ക്ലബ് ആരംഭിച്ചിരുന്നു. സൈഗാളിനെയും മെഹബൂബിനെയും ലന്തൻബത്തേരിക്കാർ ആരാധിച്ചു.

ബാബുല് മോര എന്ന ഒരദ്ധ്യായത്തിൽ ഹിന്ദിസിനിമഗാനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ആകാശവാണിയിൽ കൂടി ആളുകൾ പാട്ടുകൾ ശ്രദ്ധയോടെ കേട്ടു. കൊച്ചി അഗസ്തിൻ ജോസഫ് ഭാഗവതരുടെ മകൻ കെ.ജെ.യേശുദാസ് കല്പാടുകൾ എന്ന സിനിമയിൽ പിന്നണി ഗാനം പാടിയത് പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം സിനിമയെക്കുറിച്ചും സിനിമാസംഗീതത്തെക്കുറിച്ചും താൽപര്യവും അറിവുമുള്ളവരായിരുന്നു ലന്തൻബത്തേരിക്കാർ.

ഓരോ സ്ഥലത്തിനും സവിശേഷമായൊരു സംഗീത പാരമ്പര്യമുണ്ടാവും. കർണ്ണാട്ടിക്, ഹിന്ദുസ്ഥാനി, ആഫ്രിക്കൻ, അറബിക് എന്നിങ്ങനെ വ്യത്യസ്ത ദേശ സംസ്കൃതിയുടെ അടയാളപ്പെടുത്തൽ കൂടിയാണ് സംഗീതം. സംഗീതം കാലത്തിന്റെ കലയാണ്. ഷഡ്കാല ഗോവിന്ദമാരാർ ആറുകാലങ്ങളിൽ പാടാൻ കഴിവുണ്ടായിരുന്ന വ്യക്തിയാണ്. നോവലിൽ ഹിന്ദി, മലയാളം, ബംഗാളി എന്നിവയിലുള്ള സിനിമാഗാനങ്ങൾ കേൾക്കുന്ന കഥാപാത്രങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. ഇത് ആഖ്യാന ഭൂമികയെ തുരുത്തിന്റെ പരിമിതികളിൽ നിന്ന് മോചിതരാക്കി ദേശമെന്ന വിശാലമായ തലത്തിലേക്ക് മാറ്റുന്നു.

**4.3.12 മതം**

കേരളത്തിലെ പ്രബലമായ ഒരു മതവിഭാഗമാണ് ക്രിസ്ത്യാനികൾ. ക്രിസ്തുവിന്റെ ആദ്യശിഷ്യരിൽ ഒരാളായിരുന്ന വിശുദ്ധ തോമാശ്ലീഹ കേരളത്തിൽ വന്നുവെന്നും വേദപ്രചരണം നടത്തിയെന്നും മേൽജാതിക്കാരിൽ നിന്ന് കുറച്ചുപേർ അദ്ദേഹത്തിന്റെ കൂടെ ചേർന്നെന്നുമാണു പുരാതനമായ ഐതീഹ്യം. അവർ ഇവിടെ തദ്ദേശീയരായ ജനവിഭാഗങ്ങളോടൊപ്പം ജീവിച്ചു പോന്നിരുന്നു. പിന്നീട് യൂറോപ്യൻ മിഷനറിമാർ കേരളത്തിൽ വന്നുചേർന്നതിനുശേഷമാണ് മതപ്രചരണം നടക്കുന്നത്. 16- ാം ശതകത്തിൽ കേരളത്തിലെത്തിയ പോർട്ടുഗീസുകാരാണ് ക്രിസ്ത്യൻമതത്തിലേക്ക് മതപരിവർത്തനം നടത്താൻ മുൻകൈ എടുത്തത്. ഇവിടെയുണ്ടായിരുന്ന പഴയ ക്രിസ്ത്യാനികൾ "നസ്രാണി മാപ്പിളമാർ എന്ന പേരിലാണ് അവർ സാധാരണ അറിയപ്പെട്ടിരുന്നത്."[50]

പോർട്ടുഗീസുകാർ കേരളത്തിൽ വരുമ്പോൾ ഇവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾ കേരളീയ ഹിന്ദുക്കളിൽ നിന്ന് വ്യത്യസ്തരായിരുന്നില്ല. "കേരളത്തിലെ പഴയ ക്രിസ്ത്യാനികൾ അതായത് സെന്റ് തോമസ് ക്രിസ്ത്യാനികൾ സുറിയാനിഭാഷയിലാണ് കുർബാന സ്വീകരിച്ചിരുന്നത് അവരിൽ ബാബിലോണിലെ പാത്രിയാർക്കിനായിരുന്നു സ്വാധീനം. പഴയക്രിസ്ത്യൻ വിഭാഗക്കാരെ റോമിലെ പോപ്പിന്റെ അധികാരത്തിലേക്ക് കൊണ്ടുവരാൻ പോർട്ടുഗീസുകാർ ശ്രമിക്കുന്നു. 1599 ജൂൺമാസത്തിലാണ് ഉദയംപേരൂർ സുന്നഹദോസ് നടന്നത്. നെസ്റ്റോറിയൻ മിഥ്യവാദത്തെ ഉന്മൂലനം ചെയ്യുകയും കേരളത്തിലെ ക്രൈസ്തവ സമുദായത്തെ റോമൻസഭയുടെ ആധിപത്യത്തിൽ കൊണ്ടുവരികയുമായിരുന്നു സുന്നഹദോസിന്റെ ലക്ഷ്യങ്ങൾ. സുന്നഹദാസ് സുറിയാനി ഗ്രന്ഥങ്ങൾ പരിശോധിക്കുകയും ഹിതകരമായി തോന്നാത്തവ എടുത്തുമാറ്റി സുറിയാനിഭാഷയിലുള്ള കുർബാന ഏർപ്പെടുത്തുകയും ചെയ്തു."[51] എന്നാൽ ഇതിനെതിരെ പ്രതിഷേധമുണ്ടാക്കുകയും 1653-ലെ കൂനൻകുരിശു കലാപത്തോടെ കേരളീയ ക്രിസ്ത്യാനികളെ ലത്തീൻസഭയ്ക്കു കീഴിൽ കൊണ്ടുവരാനുള്ള പോർട്ടുഗീസ് ശ്രമങ്ങൾ പരാജയപ്പെട്ടു.

#### 4.3.13 ചവിട്ടുനാടകം

കേരളത്തിലെ ക്രിസ്തീയസമൂഹം വിവിധവിഭാഗങ്ങളായി മാറിയത് കൂനൻ കുരിശുകലാപത്തോടെയാണ്. ഉദയംപേരൂർ സുന്നഹദോസിനുശേഷം ക്രിസ്ത്യാനികളുടെ കലാവാസനയെ പരിപോഷിപ്പിക്കാനായി കലാരൂപങ്ങൾ സൃഷ്ടിക്കേണ്ടത് ആവശ്യമായിത്തീർന്നു. അർണ്ണോസുപാതിരിയുടെ പുത്തൻപാന അകാലത്ത് സൃഷ്ടിക്കപ്പെട്ടതായിരുന്നു. അത്തരത്തിൽ റോമൻ കത്തോലിക്കാ മതത്തിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് രൂപപ്പെടുത്തിയ ഒരു പുതിയ കലാരൂപമായിരുന്നു ചവിട്ടുനാടകം.

പതിനാറാം ശതകത്തിലാണ് ചവിട്ടുനാടകത്തിന്റെ ഉദയം. പോർച്ചുഗീസുകാർ കേരളത്തിൽ ആധിപത്യം പുലർത്തിയിരുന്ന കാലത്ത് ക്രിസ്ത്യൻ മിഷനറിമാരാണ് ഈ കലാരൂപത്തിന് രൂപം നൽകിയത്. കേരളത്തിലെ ക്ലാസിക്കൽ കലകളായ കൂത്ത്, കൂടിയാട്ടം, യൂറോപ്പിലെ ഒപ്പറ എന്ന സംഗീതനാടകരീതിയും ചവിട്ടുനാടകത്തെ സ്വാധീനിച്ചിട്ടുണ്ട്. അതോടൊപ്പം കർണ്ണാടക സംഗീതത്തിന്റെ താളരീതികളും ഇതിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ചവിട്ടുനാടകം രചിക്കപ്പെട്ടിരിക്കുന്നത് അന്നുണ്ടായിരുന്ന ചെന്തമിഴിലാണ്.

15-ാം നൂറ്റാണ്ടിൽ കേരളത്തിൽ നിരവധി കളരികൾ നിലനിന്നിരുന്നു. പൂരക്കളി, കോൽക്കളി, കണ്യാർക്കളി എന്നിങ്ങനെ പലനാടൻകലകളിലും കളരിയുടെ സവിശേഷതകൾ കാണാൻ സാധിക്കും. ചവിട്ടുനാടകത്തിലും ആയോധനവൃത്തിയുമായി ബന്ധപ്പെട്ട് നല്ല മെയ് വഴക്കം അത്യാവശ്യമായിരുന്നു. അത്തരത്തിൽ ചവിട്ടുനാടകത്തിന് കളരിസമ്പ്രദായങ്ങളുമായി ആഴത്തിലുള്ള അടുപ്പമുണ്ടായിരുന്നു.

തികച്ചും ജനകീയമായ കലയാണ് ചവിട്ടുനാടകം. ചവിട്ടുനാടകം ചിട്ടപ്പെടുത്തിയത് തമിഴ്നാട്ടിൽ നിന്ന് വന്ന അണ്ണാവിമാരാണ്. ചിന്നതമ്പി അണ്ണാവിയാണ് ഇവരിൽ ഏറെ പ്രസിദ്ധൻ. അദ്ദേഹത്തെക്കുറിച്ച് നോവലിൽ പരാമർശമുണ്ട്. ചവിട്ടുനാടകങ്ങളിൽ വേഷരീതികൾക്കും ഉടുത്തുകെട്ടിനും വലിയ പ്രാധാന്യമുണ്ട്. ഉടുത്ത് കെട്ടുകൾ തയ്യാറാക്കുന്നവർ പണ്ട് കാലത്ത് അത് രംഗത്ത് അവതരിപ്പിക്കുന്നത് വരെ പുറമെ കാണിക്കുകയില്ല.

ചവിട്ടുനാടകത്തിന്റെ വേഷവിതാനങ്ങൾ രാജകീയ പ്രൗഢിയുള്ളവയാണെങ്കിലും അത് രംഗത്ത് അവതരിപ്പിക്കുന്നത് സാധാരണക്കാരാണ്.

തീരദേശത്തെ ക്രിസ്തീയ മത്സ്യത്തൊഴിലാളികൾ എന്ന നാടൻ സമൂഹമാണ് ചവിട്ടുനാടകം അവതരിപ്പിച്ചു വരുന്നത്. കർത്താവ് ആരെന്നറിയുന്ന ലിഖിതപാഠം ഓരോ ചവിട്ടു നാടകത്തിനും ഉണ്ടെങ്കിലും ലിഖിതപാഠത്തേക്കാളുപരി തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന വാമൊഴി പാഠങ്ങളാണ് ഉപയോഗിക്കുന്നത്.

നാടോടിസാഹിത്യത്തിന്റെ സ്രഷ്ടാവിനെയും അതിന്റെ ഉത്ഭവത്തെയും കുറിച്ച് അന്വേഷിക്കുന്നത് പലപ്പോഴും വ്യർഥാവിലാകും. അതിന് പ്രധാനമായും രണ്ട് കാരണങ്ങളുണ്ട് "(1) അതിന്റെ പ്രസരണശേഷി എത്രയോ വിപുലമാണ്. കാലത്തിൽനിന്ന് കാലത്തിലേക്കും. സ്ഥലത്തിൽ നിന്ന് സ്ഥലത്തിലേക്കും അത് പ്രചരിക്കും. ഒരാളിൽ നിന്ന് പലരിലേക്കും പലരിൽ നിന്ന് ഒരാളിലെക്കും എന്ന രീതിയിൽ സഞ്ചരിക്കും. (2) ഓരോ കാലഘട്ടത്തിലും സമൂഹത്തിലുണ്ടാകുന്ന ചലനം നാടോടി സാഹിത്യത്തെ സ്വാധീനിക്കുകയും പരിണമിപ്പിക്കുകയും ചെയ്യുന്നു."[52]

ചവിട്ടുനാടകത്തിന്റെ പാഠരൂപം വാമൊഴിയായി കൈമാറി വന്നതാണ്. അണ്ണാവിമാരിലൂടെ പകർന്നുകിട്ടിയ ചവിട്ടുനാടകകഥയാണ് കലാകാരന്മാർ അവതരിപ്പിക്കുന്നത്. "ഭാഷയിൽ സ്ഥിരമായ ഒരടിസ്ഥാന ഘടകമെന്നോണം ഈയൊരു മൊഴിപരതയെ **(orality)** ക്കുറിച്ച് വാൾട്ടർ ജെ.ഓങ് വിശദീകരിക്കുന്നുണ്ട്. വാമൊഴിയിലൂടെ കാതോട് കാതോരം കൈമാറുന്നവയാണ് വാമൊഴി സാഹിത്യം. ഏത് ഫോക്‌ലോർ വസ്തുതകളുടെ പ്രസരണവും തലമുറയിൽ നിന്ന് തലമുറയിലേക്കും ദേശത്തു നിന്നു ദേശത്തേക്കും ആണ്. ഒന്ന് കാലപരം, മറ്റൊന്ന് ദേശപരം പാട്ടായും പറച്ചിലായും വെളിപ്പെടുന്ന നാടോടിസാഹിത്യം വാമൊഴിയിലൂടെയാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. കേൾവി പാഠം മൊഴി പാഠമാവുകയും ചെയ്യുന്ന നൈരന്തര്യം ഫോക് സാഹിത്യത്തെ ലിഖിതസാഹിത്യത്തിൽ നിന്ന് വേർതിരിച്ചു

നിർത്തുന്നു."[53]

നോവലിൽ ചവിട്ടുനാടകത്തെക്കുറിച്ച് നിരവധി പരാമർശങ്ങളുണ്ട്. ഗോതുരുത്ത് പള്ളിയിൽ കൊല്ലം ഇരുപത്തൊന്ന് കഴിഞ്ഞതിനുശേഷം പള്ളിലച്ചൻ ചവിട്ടുനാടകം കളിക്കാൻ സമ്മതം മൂളിയ കാര്യം സന്ത്യാഗു കൂട്ടുകാരോട് പറയുന്നുണ്ട്. ഇരുപത്തൊന്ന് കൊല്ലം മുമ്പുനടന്ന ചവിട്ടുനാടകത്തെക്കുറിച്ച് ഫ്രാൻസിസ് അയവിറക്കുന്നതിപ്രകാരമാണ്. ഗോതുരുത്ത് പള്ളിയിൽ കാറൽമാൻ ചരിതം ഒന്നാംദിവസം ചിന്നറോശ്ദാൻചരിത്രം കളിക്കാൻ തീരുമാനിച്ചതിന്റെ തലേന്ന് പള്ളിലച്ചൻ കളി പകൽ മതിയെന്ന് പറഞ്ഞു. എന്നാൽ ആരും സമ്മതിച്ചില്ല. മൂന്ന് ഞായർ പള്ളിയിൽ പരസ്യമായി മരക്കുരിശും പിടിച്ച് കുർബ്ബാന കാണണം എന്ന് പള്ളി വിലക്ക് പ്രഖ്യാപിച്ചു. ചവിട്ടുനാടകത്തോടുള്ള താൽപര്യം നിമിത്തം ജനങ്ങൾ പകൽ നാടകം കളിക്കാൻ തയ്യാറായില്ല.

ചവിട്ടുനാടകം ആരംഭിച്ചതും അതിനു വേണ്ട എല്ലാ പിന്തുണയും നൽകിയിരുന്നതും വൈദികന്മാരായിരുന്നു. എന്നാൽ അവരുടെ ഭാഗത്തു നിന്നുണ്ടായ നിസഹകരണം ഈ കലയെ നാശോന്മുഖമാക്കാനുള്ള കാരണമായിത്തീർന്നു. നോവലിൽ പറയുന്ന അതേ സംഭവത്തെക്കുറിച്ച് സെബീന റാഫി ഇപ്രകാരം പരാമർശിക്കുന്നു.

"പില്ക്കാലത്ത് രാത്രികാലങ്ങളിലുള്ള ഇത്തരം നാടകപരിപാടികൾ, ജനങ്ങളെ വഴിതെറ്റിക്കുവാൻ കാരണമാകുമെന്നു പറഞ്ഞു നിരോധിക്കുകയുണ്ടായി. ചവിട്ടുനാടകത്തിലെ വർണ്ണോജ്ജ്വലമായ വേഷം ശരിയായി ശോഭിക്കണമെങ്കിൽ, രാത്രികാലങ്ങളിൽ പ്രദർശിപ്പിച്ചെങ്കിലേ പറ്റു താനും. ഇങ്ങനെ വന്നപ്പോൾ ജനങ്ങൾ ധർമ്മസങ്കടത്തിലായി. ക്രി. 1930-ൽ ഗോതുരുത്തിൽ രണ്ടുകൊല്ലത്തെ നിരന്തരമായ ചൊല്ലിയാട്ടത്തിനുശേഷം ചിന്നറോശ്ദാൻ നാടകം അരങ്ങേറുന്നതിന്റെ തലേന്നാളാണ് 'രാത്രി നാടകം കളിച്ചു കൂടാ' എന്നും ആളുകൾ നാടകം കാണരുതെന്നും പള്ളിമുടക്ക് ഉണ്ടായത്. ലംഘിക്കുന്നവർക്കുള്ള ശിക്ഷയും പ്രഖ്യാപനം ചെയ്തു. അതായത് മൂന്നു ഞായ

റാഴ്ച പള്ളിയിൽ മരക്കുരിശു പരസ്യമായി പിടിച്ച് കുർബ്ബാന കാണണമെന്ന്. എന്നിട്ടും നാടകം നടക്കുകയും പതിനായിരകണക്കിന് ആളുകൾ ശിക്ഷ യേൽക്കുവാനൊരുങ്ങിക്കൊണ്ടു നാടകം കാണുകയും ചെയ്തു. പക്ഷേ അതോടെ നാട്ടിൽ ചവിട്ടുനാടകത്തിന്റെ കലാശം ചവിട്ടി."[54] നോവലിൽ ചവി ട്ടുനാടകത്തിന്റെ ഉയർച്ചയ്ക്കായി സെബീനാറാഫി നടത്തിയ പരിശ്രമങ്ങളും അതിന്റെ ഭാഗമായി ഡൽഹിയിൽ ചവിട്ടുനാടകം അവതരിപ്പിച്ചതും ആഖ്യാന ത്തിൽ കടന്നുവരുന്നുണ്ട്.

ദ്വീപുകളിൽ വളരെ പ്രചാരത്തിലുണ്ടായിരുന്ന കലാരൂപമാണ് ചവിട്ടു നാടകം. അതുകൊണ്ടു തന്നെ ദ്വീപിലെ ജനജീവിതവുമായി ബന്ധപ്പെട്ട് ആഖ്യാനം നിർവ്വഹിക്കുമ്പോൾ ചവിട്ടു നാടകം കടന്നു വരിക സ്വാഭാവികം മാത്രമാണ്. എന്നാൽ നോവലിൽ ആഖ്യാനത്തിന്റെ പരിപ്രേക്ഷ്യത്തെ രൂപപ്പെ ടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഒന്നായി ചവിട്ടുനാടകത്തെക്കുറിച്ചുള്ള പരാമർശങ്ങൾ മാറുന്നു. ചവിട്ടു നാടകത്തിന്റെ ചരിത്രത്തോടൊപ്പം അതിന്റെ സമകാലികാവസ്ഥയും നോവലിൽ അവതരിപ്പിച്ചിട്ടുണ്ട്. ഭൂതകാലവും വർത്ത മാനകാലവും സമ്മിശ്രമായി കടന്നുവരുന്നു. ചവിട്ടുനാടകത്തിന്റെ പരിസര ത്തുനിന്നാണ് ഗോഡ്സെയോട് തോൽക്കാത്ത ഗാന്ധിയേയും മുസ്ലിം ക്രൈസ്തവ സംഘർഷത്തെക്കുറിച്ചുമുള്ള എഴുത്തുകാരന്റെ നിലപാടുകളും വ്യക്തമാക്കിയിട്ടുള്ളത്. സെബീന റാഫി, നെഹ്റു, എന്നീ വ്യക്തികളെ ചവിട്ടു നാടകവുമായി ബന്ധപ്പെട്ട് പരാമർശിച്ചിരിക്കുന്നു. നോവലിന്റെ ആഖ്യാനകാലം രൂപപ്പെടുത്തുന്ന എഴുത്തുകാരന്റെ തന്ത്രമാണ് ചവിട്ടുനാടകത്തെ ആഖ്യാന വുമായി ബന്ധിപ്പിച്ചതിലൂടെ വ്യക്തമാകുന്നത്.

### 4.3.14 തൊഴിൽ

കായൽ തുരുത്തായതിനാൽ പ്രധാന തൊഴിൽ മീൻപിടുത്തം തന്നെ യാണ്. അതിന്റെ മൊത്തകച്ചവടത്തെക്കുറിച്ചും പരാമർശിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ സന്ത്യാഗു മുതലായവർ ടാറ്റ കമ്പനിയിലെ ജോലിക്കാരാണ്. ലന്തൻ ബത്തേരിയിൽ നിന്നു നോക്കിയാൽ കാണുന്ന എറണാകുളത്തിന്റെ വ്യവസായ

സ്ഥാപനങ്ങളിൽ ലന്തൻബത്തേരിയിൽ നിന്ന് നിരവധി പേർ ജോലിക്ക് പോയിരുന്നു. തീവണ്ടി സ്റ്റേഷനിൽ നിന്നുള്ള ആവിപുക, മണ്ണെണ്ണ ബർജ്ജുകൾ, കച്ചവടക്കപ്പലുകൾ, ആലുവ വളം ഫാക്ടറി, ടാറ്റാകമ്പനി, ടി.കെ.പി. യന്ത്രബോട്ട്, ലേഡി വെല്ലിംങ്ടൺ എന്ന മണ്ണുമാന്തികപ്പൽ എന്നിവ വ്യവസായവൽകൃതമായ എറണാകുളം നഗരത്തിന്റെ കാഴ്ചകളായി കടന്നുവരുന്നു.

"പ്രേമചന്ദ്രനും ലത്തൻബത്തേരിയിലെ ഒന്നു രണ്ട് ചെറുപ്പക്കാരും ദിവസവും അതിരാവിലെ മട്ടാഞ്ചേരിയിലെ വാർഫുകളിൽ ചരക്ക് ചുമക്കുവാനുള്ള പണി തേടി പോയിരുന്നു."[55] ഈ പണിക്ക് ആളെ തിരഞ്ഞെടുത്തിരുന്നത് ചെമ്പിന്റെ വട്ടുകൾ-ചാപ്പകൾ തൊഴിലാളി കൂട്ടത്തിന്റെ മുകളിലേക്ക് എറിയും ചാപ്പ കിട്ടുന്നവന് പണി. കൂടാതെ ജെസീക്കയുടെ പിതാവായ മത്തേവു സാശാരി വള്ളം പണിതു കൊടുക്കുന്നവനായിരുന്നു. കൂടാതെ കപ്പൽ പണി, പാചകവിദ്യ എന്നിവ ചെയ്യുന്നവരും ലന്തൻ ബത്തേരിയിലുണ്ടായിരുന്നു.

### 4.3.15 ഹോർത്തൂസ് മലബാറിക്കൂസും സ്ഥലകാലങ്ങളും

ലോകത്തിന് ഡച്ചുകാരുടെ സംഭാവനയാണ് ഹോർത്തൂസ് മലബാറിക്കൂസ്. കേരളത്തിലെ ഔഷധസസ്യങ്ങളെക്കുറിച്ചുള്ള സചിത്രവിവരണം ഉൾക്കൊള്ളുന്ന കൃതിയാണിത്. ഹെന്റി വാൻറീഡിന്റെ നേതൃത്വത്തിലാണ് ഈ ഗ്രന്ഥരചന നടന്നത്. കേരളത്തിന്റെ ഔഷധങ്ങളെക്കുറിച്ച് ലോകത്തിന് അറിവ് ലഭിക്കുന്നത് ഹോർത്തൂസ് മലബാറിക്കൂസിലൂടെയാണ്. ഇത്തരത്തിലുള്ള ഒരു ഗ്രന്ഥരചനയ്ക്ക് കാരണമായി ഭവിച്ചത് അറിവുശേഖരണത്തിന്റെ ഭാഗമായി മാത്രമാണ് എന്ന് കരുതുക വയ്യ. അക്കാലത്ത് സാമ്രാജത്വശക്തികൾ ഭൂവിഭാഗങ്ങളെ തങ്ങളുടെ ഭരണത്തിൻകീഴിൽ കൊണ്ടുവരാൻ ശ്രമിച്ചിരുന്ന കാലഘട്ടമായിരുന്നു. അതിനായി നിരവധി യുദ്ധങ്ങളിലും അവർ പങ്കെടുക്കുകയുമുണ്ടായി. സൈനീകരുടെ ശുശ്രൂഷയ്ക്ക് ഏറ്റവും എളുപ്പത്തിൽ ലഭിക്കാവുന്നതും ചെലവുകുറഞ്ഞതുമായ ഔഷധങ്ങൾ തദ്ദേശീയമായി നിലനിൽക്കുന്നവയാണെന്ന തിരിച്ചറിവാകാം ഇത്രയും ബൃഹത്തായ ഗ്രന്ഥരച

നയ്ക്ക് കാരണമായി ഭവിച്ചത്.

ഹോർത്തൂസ് മലബാറിക്കൂസിന്റെ മുഖ്യഭാഷ ലാറ്റിൻ ആയിരുന്നുവെങ്കിലും ചെടികളുടെ പേരുകൾ നാലുഭാഷകളിൽ അച്ചടിച്ചിട്ടുണ്ടായിരുന്നു. മലയാളലിപി അച്ചടിച്ചുവെന്ന സവിശേഷത കൂടി ഈ ഗ്രന്ഥത്തിനുണ്ട്. അധിനിവേശകാലഘട്ടത്തിൽ നമ്മുടെ ദേശത്ത് പ്രചാരത്തിലുണ്ടായിരുന്ന നാട്ടറിവുകളുടെയും നാട്ടുചികിത്സാരീതികളും ഔഷധപാരമ്പര്യവും വ്യക്തമാക്കുന്ന കൃതി കൂടിയാണ് ഹോർത്തൂസ് മലബാറിക്കൂസ്. അന്നത്തെ കേരളീയ സമൂഹത്തിന്റെ പ്രത്യേകിച്ച് മലബാറിന്റെ ആചാരങ്ങളും വിശ്വാസങ്ങളും നാട്ടറിവുകളും ചിത്രങ്ങളായും വിവരണങ്ങളായും ഈ ഗ്രന്ഥത്തിൽ കാണാം. നമ്മുടെ നാട്ടിലെ അക്കാലത്തെ പ്രധാനപ്പെട്ട ചികിത്സാരീതി ആയിരുന്നു ആയുർവേദം. ആയുർവേദം പ്രകൃതിയെ അടിസ്ഥാനമാക്കി നിർമ്മിക്കപ്പെട്ട ശാസ്ത്രമാണ്.

കേരളത്തിലെ വൈദ്യപാരമ്പര്യത്തിൽ സമുന്നതനായിരുന്ന ഇട്ടി അച്യുതനാണ് ഈ ഗ്രന്ഥരചനയിൽ വാൻറീഡിനെ സഹായിച്ചത്. മലയാളത്തിലുള്ള ഹോർത്തൂസ് മലബാറിക്കൂസിന്റെ മൂലകൃതി തയ്യാറാക്കിയത് ഇട്ടി അച്യുതനാണ്. വാൻറീഡ് ഈ ഗ്രന്ഥരചന നടത്താൻ ആദ്യം നിയോഗിച്ചത് ക്രിസ്തീയ പുരോഹിതനായ ഫാദർ മാത്തേവൂസ് ആയിരുന്നു. അദ്ദേഹം ഈ ഗ്രന്ഥത്തിന്റെ ആദ്യഘട്ടത്തിൽ പങ്കെടുത്തിരുന്നു. എന്നാൽ പിന്നീട് വാൻറീഡ് അദ്ദേഹത്തെ ഒഴിവാക്കുകയാണുണ്ടായത്. എന്നാൽ പൂർണ്ണമായും ഒഴിവാക്കിയില്ല. മാത്യൂസ് പാതിരിയാണ് ചെടികളുടെ പേരുകൾ അറബി ലിപിയിൽ എഴുതാൻ സഹായിച്ചത്. ഈ ഗ്രന്ഥരചനയിൽ പങ്കെടുത്തവരെല്ലാം ഓരോ സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ട്. മാത്യൂസ് പാതിരിയുടെ മുഖവുരയിൽ അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്. "പള്ളി സംബന്ധിച്ച ബഹുമുഖങ്ങളായ കടമകൾ കാരണം ഈ ബൃഹത്തായ ഗ്രന്ഥനിർമിതിയിൽ കാര്യമായ സഹായം ചെയ്യാൻ എനിക്ക് സമയം കിട്ടിയില്ല"[55]

ഹോർത്തൂസ് മലബാറിക്കൂസിന്റെ രചനയിൽ സഹായിച്ച മറ്റ് വ്യക്തികളാണ് രംഗഭട്ട്, വിനായകഭട്ട്, അപ്പുഭട്ട് എന്നിവർ. കൊങ്കിണി ബ്രാഹ്മണരായി

രുന്ന അവർ തങ്ങളുടെ ആധികാരിക ഔഷധവിജ്ഞാന കോശമായി ഉപയോഗിച്ചിരുന്ന മഹാനിഘണ്ടുവാണ് അടിസ്ഥാനമായി സ്വീകരിച്ചത്. ഹോർത്തൂസ് മലബാറിക്കൂസിന്റെ നിർമ്മാണത്തിൽ കൊങ്കിണി ബ്രാഹ്മണരുടെ പങ്ക് കുറവായിരുന്നു. "ഹോർത്തൂസിൽ ചേർക്കാൻ ഇട്ടി അച്യുതൻ നിർദേശിച്ച സസ്യങ്ങളെപ്പറ്റി മഹാനിഘണ്ടുവിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് എന്താണെന്നും അതിനേക്കാൾ കൂടുതലായി അവർക്ക് എന്തെങ്കിലും അറിയാമെങ്കിൽ അതും പറഞ്ഞുകൊടുക്കുക മാത്രമായിരുന്നു അവരുടെ പ്രധാന ഉത്തരവാദിത്വം"[56] ഇതിൽ നിന്നെല്ലാം ഇട്ടി അച്യുതനാണ് ഹോർത്തൂസ് മലബാറിക്കൂസ് എന്ന സസ്യവിജ്ഞാനഗ്രന്ഥം രചിച്ചത് എന്ന് വ്യക്തമാവുന്നു.

"ഹോർത്തൂസിന്റെ നിർമിതിയിൽ ഇട്ടി അച്യുതൻ ഒരു സാങ്കേതിക സഹായി ആയിരുന്നുവെങ്കിലും തീർച്ചയായും അതിനും അപ്പുറമായിരുന്നു ഹോർത്തൂസിന്റെ ഉള്ളടക്കത്തിൽ ഇട്ടി അച്യുതന്റെ പങ്ക്. ചെടികളുടെ ഔഷധമൂല്യത്തെക്കുറിച്ചുള്ള വിവരങ്ങൾ മാത്രമല്ല അദ്ദേഹം ഹോർത്തൂസ് മലബാറിക്കൂസിന് പകർന്നത്. പതിനേഴാം നൂറ്റാണ്ടിൽ മലയാളക്കരയിൽ പ്രചാരത്തിലുണ്ടായിരുന്ന നാട്ടറിവുകളുടെ പരിഛേദമായും ഹോർത്തൂസ് മലബാറിക്കൂസിനെ മാറ്റുന്നതിൽ ഇട്ടി അച്യുതന് മുഖ്യപങ്കുണ്ടായിരുന്നു. അന്നത്തെ കേരളീയസമൂഹത്തിന്റെ ജീവിതരീതി, അവരുടെ ആചാരങ്ങൾ, ആരാധനാസമ്പ്രദായങ്ങൾ, അന്ധവിശ്വാസങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള സൂചനകൾ, ചിലയിടങ്ങളിലൊക്കെ പ്രത്യക്ഷമായും പലപ്പോഴും അങ്ങനെയല്ലാതെയും ഹോർത്തൂസ് മലബാറിക്കൂസിൽ തെളിയുന്നുണ്ട്. ഇക്കാര്യങ്ങളെ സംബന്ധിക്കുന്ന ഒരു പാരമ്പര്യ വിജ്ഞാന രജിസ്ട്രി (Registry of Indigenous knowledge) ആയി ഹോർത്തൂസ് മലബാറിക്കൂസിനെ പരിണമിപ്പിച്ചത് അച്യുതനായിരുന്നു."[57]

ഇട്ടി അച്യുതനെ ഗ്രന്ഥത്തിൽ കൊല്ലാട്ടുവൈദ്യൻ എന്നാണ് പരാമർശിച്ചിരിക്കുന്നത്. ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലാണ് ഇട്ടി അച്യുത

ന്റെ ജന്മദേശമായ കടക്കരപ്പള്ളി പഞ്ചായത്തും കൊല്ലാട്ടു പറമ്പും കടൽ നീങ്ങി കരയായ ഭൂപ്രദേശമാണു കരപ്പുറം. നാട്ടുവൈദ്യത്തിനു കേൾവികേട്ട സ്ഥല മായിരുന്നു അത്. അതോടൊപ്പം പച്ചമരുന്നുകൾ സമൃദ്ധമായി വളർന്നിരുന്നു.

ആലുവ വാടത്തോടു മുതൽ വടക്ക് അരൂർ (കൈതപ്പുഴ) കായൽ വരെ നീളത്തിലും പടിഞ്ഞാറ് അറബിക്കടൽ മുതൽ വേമ്പനാട്ട് കായൽ വരെ വീതി യിലും കിടക്കുന്ന ഭൂപ്രദേശമാണ് പണ്ട് കരപ്പുറം എന്നറിയപ്പെട്ടിരുന്നത്. കര പ്പുറത്ത് ഈഴവർ ജനസംഖ്യാനുപാതത്തിൽ കൂടുതലായിരിന്നു. കരപ്പുറത്ത് സംസ്കൃതവിദ്വാന്മാർ ഒരുപാടു പേരുണ്ടായിരുന്നു. "ഹോർത്തൂസ് ഇൻഡി ക്കൂസ് മലബാറിക്കൂസിന്റെ മുഖ്യരചയിതാവായ ഇട്ടി അച്യുതൻ വൈദ്യർക്ക് പുറമേ മലയാളത്തിലെ ആദ്യത്തെ ആയുർവേദ നിഘണ്ടുവിന്റെ കർത്താവായ കിട്ടുത്തനാശാനും കരപ്പുറത്തുകാരാണ്. ചേർത്തല കണ്ടമംഗലം ക്ഷേത്രസ ന്നിധിയിൽവെച്ച് ഈഴവപണ്ഡിതന്മാർ നടത്തിയിരുന്ന വിദ്വൽ സദസ്സുക ളിൽ കേരളത്തിലെ വിവിധഭാഗങ്ങളിൽ നിന്ന് മാത്രമല്ല, അയൽരാജ്യങ്ങളിൽ നിന്നുപോലും പണ്ഡിതന്മാർ പങ്കെടുത്തിരുന്നു."[58]

ബുദ്ധമതവുമായി ബന്ധമുണ്ടായിരുന്ന ദേശമായിരുന്നു കരപ്പുറം. കര പ്പുറത്തെ കടക്കരപ്പള്ളിയിൽ ബുദ്ധമതത്തിന്റെ ദക്ഷിണേന്ത്യയിലെ സർവക ലാശാല ഉണ്ടായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. ബുദ്ധമതത്തിൽ ജാതിമ തകക്ഷി ഭേദങ്ങൾ ഒന്നു തന്നെയുണ്ടായിരുന്നില്ല. അക്കാലത്ത് ആയുർവേദം പഠിച്ചിരുന്ന വൈദ്യന്മാർക്ക് സമൂഹത്തിൽ വലിയ ആദരവ് ലഭിച്ചിരുന്നു. ബുദ്ധ മതദേവാലയങ്ങൾ ആതുരശ്രൂഷകേന്ദ്രങ്ങളായിരുന്നു. ബുദ്ധമതപാരമ്പര്യത്തിൽ നിന്നാണ് കരപ്പുറത്ത് ആയുർവേദവൈദ്യന്മാർ ജന്മംകൊണ്ടത്. "ആ വൈദ്യ പാരമ്പര്യത്തിന്റെ പിൻഗാമിയായ ഭിഷഗ്വരനായിരുന്നു. ഇട്ടി അചുതൻ വൈദ്യർ. ബുദ്ധമതവുമായിട്ടുള്ള ബന്ധത്തിന്റെ ഉത്തമമായ തെളിവാണ് അദ്ദേഹത്തിന്റെ കയ്യൊപ്പിൽ ആലില ചിഹ്നത്തിന്റെ പ്രതിരൂപമുള്ളത്"[59]

17-ാം നൂറ്റാണ്ടിലും അതിനുമുമ്പും കേരളത്തിലെ സാമാന്യജനങ്ങൾക്കി ടയിൽ പ്രചരിച്ചിരുന്ന നാട്ടറിവുകളെയക്കുറിച്ചുള്ള ഏറ്റവും അമൂല്യമായ സമാ

ഹരമാണ് ഹോർത്തൂസ് മലബാറിക്കൂസ്. ആയുർവേദ പാരമ്പര്യത്തെ മാത്ര മല്ല, അത് പിന്തുടരുന്നത് നാട്ടുവൈദ്യപാരമ്പര്യത്തെക്കൂടിയാണ്. ഇട്ടി അച്യു തൻ ആധാരമാക്കിയത് ചൊൽക്കോട്ട പുസ്തകം എന്ന താളിയോലഗ്രന്ഥമാ ണ്. മുൻതലമുറയിൽ നിന്ന് ചൊല്ലിക്കേട്ടവയായിരിക്കാം ഈ പുസ്തകത്തിലു ള്ളത്. വാമൊഴിയായി സ്വരൂപിച്ച അറിവാണ് അപ്പോൾ ഹോർത്തൂസ് മലബാ റിക്കുസിന്റെ രചനയ്ക്ക് അവലംബമായത്.

ഇട്ടി അച്ചുതനെ തമസ്കരിക്കാനുള്ള ശ്രമങ്ങൾ പലഭാഗത്തും നിന്നും ഉണ്ടായിരുന്നു. പകരം മാത്യൂസ് പാതിരിയെ ഹോർത്തൂസ് മലബാറിക്കസിന്റെ കർത്താവാക്കാനുള്ള പരിശ്രമങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുൻപ് പറഞ്ഞ മാത്യൂസ് പാതിരിയുടെ സാക്ഷ്യപത്രത്തിൽ നിന്നുതന്നെ മാത്യൂസ് പാതിരി ഹോർത്തൂസിന്റെ നിർമ്മാണത്തിൽ ആദ്യഘട്ടത്തിൽ പങ്കാളിയാവു കയും എന്നാൽ ആ കർത്തവ്യത്തിൽ നിന്ന് അദ്ദേഹത്തെ വാൻറീഡ് തന്നെ ഒഴിവാക്കുകയുമാണുണ്ടായത്. ഇട്ടി അച്യുതനാണ് പ്രസ്തുതഗ്രന്ഥം രചിച്ചത് എന്നത് ഹോർത്തൂസിന്റെ പരിഭാഷകനായിരുന്ന ഇമ്മാനുവൽ കാർന്നെരുവിന്റെ സാക്ഷ്യപത്രം തന്നെ തെളിവാണ്.

"കൊച്ചി നഗരസ്വദേശിയും ഒരു റോമൻ ക്രിസ്ത്യാനിയും ഇന്ത്യൻ സൊസൈറ്റി (ഡച്ചുകമ്പനി)യുടെ സത്യപ്രതിജ്ഞയെടുത്തിട്ടുള്ള ദ്വിഭാഷിയു മായ ഇമ്മാനുവെൽ കർണെരു എന്ന ഞാൻ, ഗവർണർ ഹെന്റി വാൻറീഡിന്റെ സത്യപ്രതിജ്ഞ പ്രകാരം, മലയാളി വൈദ്യന്മാരുടെ പുസ്തകത്തിൽ എഴുതി യിട്ടുള്ളതും, ഈഴവജാതിക്കാരനും, കരപ്പുറം എന്നദേശക്കാരനും കൊല്ലാടൻ എന്ന പേരും ഉള്ള (അക്രിസ്ത്യാനി)യായ ഒരു വൈദ്യൻ പറഞ്ഞുതന്നത് കേട്ട പ്രകാരം, മലബാർ പ്രദേശത്തു വളരുന്ന വൃക്ഷങ്ങൾ, ചെടികൾ, ഔഷധസ സ്യങ്ങൾ, വള്ളികൾ, എന്നിവയുടെ പേരുകളും ഔഷധശക്തികളും ഗുണങ്ങളും മലയാളഭാഷയിൽ നിന്ന് പോർത്തുഗീസ് ഭാഷയിൽ വിവരിച്ചു കൊടുത്തതിന് സാക്ഷ്യമായി ഇത് ഞാൻ എഴുതി ഒപ്പിട്ടിരിക്കുന്നു. 1675-ാം ആണ്ട് ഏപ്രിൽ 20-ാം തിയ്യതി നഗരത്തിൽ വച്ചു നൽകിയത്."[60]

എൻ.എസ്.മാധവന്റെ ലന്തൻ ബത്തേരിയിലെ ലുത്തീനിയകളിൽ മാത്യൂസ് പാതിരിയിലാണ് ഹോർത്തൂസ് മലബാറിക്കസിന്റെ കർത്തൃത്വം ആരോപിക്കുന്നത്. എന്നാൽ കൊങ്കിണി ബ്രാഹ്മണരെ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്.

"കേരളത്തിൽ വളരുന്ന 742 സസ്യങ്ങളെപ്പറ്റിയുള്ള ഗ്രന്ഥമാണ് ഹോർത്തൂസ്. സസ്യശാസ്ത്രം, ഇവയും മറ്റുപയോഗക്രമങ്ങളും രേഖപ്പെടുത്തിയ മാംസങ്ങൾ, ലോഹങ്ങൾ, ധാതുക്കൾ എന്നിവയെ പറ്റിയെല്ലാം മഹാനിഘണ്ടുവിലുണ്ട്. ഹോർത്തൂസിൽ ഇവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്ന, തെളിയുന്ന സത്യം, കട്ടിത്തിരശ്ശീലയിട്ട് തമസ്കരിച്ചിട്ടാണ് ചില ചരിത്രകാരന്മാർ കൊങ്കണിമാരുടെ പങ്കിനെപ്പറ്റി പ്രതിപാദിക്കുന്നത്. മനുവെൽക്കർന്നേരു എഴുതി ഹോർത്തൂസിൽ ചേർത്തിരിക്കുന്ന രണ്ട് സാക്ഷ്യപത്രങ്ങളിലും കൊങ്കിണിമാരെപ്പറ്റി യാതൊന്നും പറയുന്നില്ല."[61]

കൊച്ചിയിൽവെച്ചാണ് പ്രസ്തുതഗ്രന്ഥം രചിക്കപ്പെട്ടത്. കാലം പതിനേഴാം നൂറ്റാണ്ട് സ്ഥലകാലത്തിന്റെ മുദ്രകൾ വഹിക്കുന്ന പ്രധാനരേഖയാണ് ഈ ഗ്രന്ഥം. നോവലിന്റെ ആഖ്യാനത്തിലേക്ക് കൊച്ചിയുടെ ചരിത്രം കടന്നുവരുന്നത് ഇത്തരത്തിലാണ്. ഇത് കഴിഞ്ഞുപോയ കാലഘട്ടത്തിന്റെ അടയാളപ്പെടുത്തലുകളാണ്. സ്ഥലകാലങ്ങളുടെ അനുസ്യൂതമായ തുടർച്ചയിൽ പലതും തമസ്കരിക്കുകയും പുതിയവ കടന്നുവരികയും ചെയ്യുക ആഖ്യാനത്തിൽ നോവലിസ്റ്റ് നിർമ്മിക്കുന്ന പാഠഭേദം മാത്രമാണ്. നിലനിൽക്കുന്ന ചരിത്രസത്യങ്ങളിൽ നിന്ന് വിഭിന്നമായി ഭാവനാത്മകമായ ചരിത്ര നിർമ്മിതി സാധ്യമാണ്. നോവൽ എന്ന മാധ്യമത്തിൽ അത് സാധൂകരിക്കപ്പെടുമെങ്കിലും ചരിത്രപരമായി അസത്യം തന്നെയായി തുടരുന്നു.

കാലം യാഥാർത്ഥ്യമാണെങ്കിലും മനുഷ്യന് പിടിതരാതെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. എഴുത്തുകാരൻ കാലത്തിന്റെ സ്വപ്നങ്ങളെ തൊട്ടറിയുന്നവനാണ്. കാലത്തെ പുറകോട്ടും മുന്നോട്ടും ചലിപ്പിക്കാൻ എഴുത്തുകാർ ആഖ്യാനത്തിൽ പല രീതികളും അവലംബിക്കാറുണ്ട്. ആഖ്യാനത്തിലെ സംഭ

വങ്ങൾക്ക് സ്ഥലത്തേക്കാൾ കാലത്തിനോടാണ് കൂടുതൽ ബന്ധം കാണാൻ കഴിയുക. “കഥയിലൂടെ വിവരിക്കപ്പെടുന്ന സംഭവങ്ങൾക്കും പ്രവൃത്തികൾക്കും കാലികമായ ഒരു ഘടനയുണ്ട്. ഇവയെ ഭൗതിക ലോകവുമായി ബന്ധപ്പെട്ടു നിൽക്കുന്ന കാലത്തോട് ചേർത്ത് വിശകലനം ചെയ്യാവുന്നതാണെന്ന് മിക്കി ബാൽ നിരീക്ഷിക്കുന്നു.”[62] ലന്തൻബത്തേരിയിൽ അക്കാലത്തു നടന്ന പല സംഭ വങ്ങളും ആഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ട്.

“സ്ഥലകാലങ്ങളെ കുറിച്ചുള്ള നവീനബോധവും സാങ്കേതിക വിദ്യ ഉയർത്തിയ വെല്ലുവിളിയും ലോകക്രമത്തിലെ രൂപാന്തരങ്ങളും സംസ്കാ രത്തെക്കുറിച്ചുള്ള വീക്ഷണത്തിലുണ്ടായ ആശയപരമായ പരിവർത്തനങ്ങളും നോവലിന്റെ ഘടനയിൽ വരുത്തിയ മാറ്റം ചെറുതല്ല. ദേശം, സ്ഥലം, കാലാ നുക്രമത തുടങ്ങിയവയെകുറിച്ചുള്ള ആധുനികാശയങ്ങൾ വെല്ലുവിളിക്കപ്പെട്ട കാലത്തിലൂടെ കടന്നുപോന്ന നോവലിനും ഈ പരിവർത്തനം ഉൾക്കൊള്ളാ തിരിക്കാൻ സാധ്യമല്ലായിരുന്നു.”[63]

### 4.4 ലന്തൻബത്തേരിയിലെ സ്ഥലങ്ങൾ

അരയക്കടവ്, ലന്തൻകൊട്ടാരം, ബോട്ടുപുര, പീരങ്കി മൈതാനം, കൊട്ടാരം ജെട്ടി, മലാക്കാ ഹൗസ്, പറങ്കിക്കപ്പേള എന്നിവയാണ് ലന്തൻബത്തേരിയിലെ പ്രധാനസ്ഥലങ്ങൾ. ആദി എന്ന ആദ്യത്തെ അദ്ധ്യായത്തിൽ ബോണിഫേസ് പാലം പണിതതിനെക്കുറിച്ച് വിവരിക്കുന്നുണ്ട്. പോത്തിക്കരയിലേക്കുള്ള പാലമാണ് ബോണിഫേസ്. പോഞ്ഞിക്കരയുമായി അതിര് തിരിയുന്ന വടക്കേത്തോട് കുറിയതായിരുന്നു. ഒറ്റത്തെങ്ങുകൊണ്ടുള്ള പാലത്തിലൂടെ യായിരുന്നു വളരെക്കാലം ലന്തൻബത്തേരിക്കാർ പോഞ്ഞിക്കരയിലേക്കു പോയിരുന്നത്. ലന്തൻബത്തേരിക്കാർക്ക് ആത്മാവിനുവേണ്ടത് ലഭിച്ചിരുന്നത് വിശുദ്ധ സെബസ്ത്യാനോസിന്റെ പള്ളിയിൽ നിന്നും പോഞ്ഞിക്കര കള്ളുഷാപ്പിൽ നിന്നുമായിരുന്നു. കള്ളുകുടിച്ച് തിരിച്ചുവരുന്ന പലരും തോട്ടിൽ വീഴുക പതിവായിരുന്നു. എറണാകുളം ഹജൂർക്കച്ചേരിയിൽ ദിവാന്റെ ശിപായിയായിരുന്ന ബോണിഫേസ് തോട്ടിൽ വീണു മരിച്ചു. അന്നത്തെ

ദിവാനായിരുന്ന ആർ.കെ. ഷൺമുഖം ചെട്ടി ഉടനെ പാലം പണിയുവാൻ ഉത്തരവിട്ടു. ലന്തൻബത്തേരിയിലെ കുടിയന്മാർ കള്ളിന്റെ പത വിരലുകൊണ്ട് തെറ്റിച്ച് ബോണിഫേസിനെ സ്മരിക്കുന്നു.

### 4.4.1 അരയക്കടവ്

പടിഞ്ഞാറേപ്പുഴയുടെ അരികിലാണ് അരയക്കടവ് സ്ഥിതി ചെയ്യുന്നത് അരയമാക്കുടികളായിരുന്നു അവിടെയുണ്ടായിരുന്നത്. വൈപ്പിൻ കടപ്പുറത്ത് ഒരു ശവം പൊന്തിയതിനെത്തുടർന്നുണ്ടായ സംഘർഷത്തിൽ നിന്ന് രക്ഷതേടി ധീവരന്മാർ അരയക്കുടിയിലെത്തിയിരുന്നു.അരയക്കുടിയിലെ പ്രേമചന്ദ്രൻ നോവലിലെ ഒരു കഥാപാത്രമാണ്. അറിയപ്പെടുന്ന കമ്മ്യൂണിസ്റ്റുകാരനായിരുന്നു അയാൾ.

### 4.4.2 ലന്തൻകൊട്ടാരം

കമ്പോഞ്ഞിക്കാട് ലന്തക്കാർക്ക് അധീനമായപ്പോൾ പോഞ്ഞിക്കരയും ലന്തൻബത്തേരിയുൾപ്പെടെ അവരുടെ കീഴിലായി. ആലുവയിൽ കുടിവെള്ളം കൊണ്ടുവരാനുള്ള കുത്തക നേടിയപ്പോൾ ലന്തക്കാർ പോഞ്ഞിക്കരയിൽ ബംഗ്ലാവുകൾ പണിതു. ലന്തൻബത്തേരിയിൽ ഗവർണർക്ക് ഒരു കൊട്ടാരവും ഇതാണ് പിന്നീട് ലന്തൻകൊട്ടാരം എന്നറിയപ്പെട്ടത്. ലന്തൻകൊട്ടാരം കാണുവാൻ എറണാകുളത്ത് നിന്ന് കോളേജ് വിദ്യാർത്ഥികൾ വന്നിരുന്നു. കൊട്ടാരത്തിന് ചുറ്റുവരാന്തയുണ്ട്. കൂറ്റൻ ജനാലകളും അവയിലൂടെ നോക്കിയാൽ ചുറ്റും കസേരകളില്ലാത്ത, ഏകാന്തമായ ഒരു വലിയ തീൻമേശ കാണും. മച്ചിൽ നിന്ന് തൂങ്ങിക്കിടക്കുന്ന പങ്കകളുടെ കാൻവാസ് കീറിയിരുന്നു. അവയുടെ കഴുക്കോലുകളിൽ കടവാതിലുകൾ തലകീഴായി കിടന്നിരുന്നു. ലന്തൻബത്തേരിയിലെ ചരിത്രമുറങ്ങുന്ന പ്രധാന സ്ഥലമാണ് ലന്തൻകൊട്ടാരം. അതിന്റെ സൂക്ഷിപ്പുകാരൻ മുഹമ്മദ് എന്നയാളായിരുന്നു.

### 4.4.3 ബോട്ടുപുര

ലന്തൻകൊട്ടാരത്തിനടുത്ത് പടിഞ്ഞാറെപ്പുഴയുടെ ഓരത്താണ് ബോട്ടുപുര സ്ഥിതിചെയ്യുന്നത്. ബോട്ടുകൾ കെട്ടിയിരുന്നത് കോൺക്രീറ്റിന്റെ ഉത്തരത്തിന്റെ മേൽ ആയിരുന്നു. ബോട്ടുപുരയുടെ താക്കോൽ കൊട്ടാരം സൂക്ഷിപ്പുകാരനായ മുഹമ്മദിന്റെ കൈയിലായിരുന്നു. ഒരിക്കൽ ഒറ്റയ്ക്കിരിക്കുവാൻ ജെസീക്ക മുഹമ്മദിന്റെ ഭാര്യ സൈനബയുടെ കൈയിൽ നിന്ന് താക്കോൽ വാങ്ങുന്നുണ്ട്. ബോട്ടുപുരയിലിരുന്നു കൊണ്ട് അവൾ പ്രാർത്ഥനകൾ ഉരുവിടുന്നു.

### 4.4.4 പീരങ്കി മൈതാനം

പെരിയാറിലൂടെ ഒഴുകിക്കൊണ്ടിരുന്ന ഉൾനാടൻ കച്ചവടത്തിൽ പിടി മുറുക്കുവാൻ, പുഴ പടിഞ്ഞാറോട്ടു തിരിയുന്ന ലന്തൻബത്തേരിയുടെ മുനമ്പിൽ അഞ്ചു പീരങ്കികൾ സ്ഥാപിച്ചിരുന്നു. കൊട്ടാരം തോട്ടത്തിലെ ചരൽപ്പാതയിലൂടെ നടന്നാൽ ഇങ്ങോട്ടെത്താം. പീരങ്കി സ്ഥാപിച്ച ഈ പ്രദേശമാണ് പീരങ്കി മൈതാനം. എവറസ്റ്റ് ജേതാവ് ടെൻസിങ്ങിനെ അഭിനന്ദിക്കാനുള്ള പൊതുയോഗം 1953 ഒക്ടോബർ 31നു വൈകുന്നേരം 4 മണിക്ക് പീരങ്കി മൈതാനത്തു നടക്കുന്നതായി നോവലിൽ അവതരിപ്പിച്ചിട്ടുണ്ട്.

### 4.4.5 പറങ്കിക്കപ്പേള

ബോണിഫേസ് പാലത്തിനും മലാക്കാ ഹൗസിനും ഇടയിലുള്ള ആരാധനാകേന്ദ്രമാണ് പറങ്കിക്കപ്പേള. പറങ്കിക്കപ്പേളയ്ക്ക് അടുത്താണ് പോർട്ടുഗീസുകാർക്ക് നാട്ടുസ്ത്രീകളിൽ ഉണ്ടായ സന്തതികൾ താമസിച്ചിരുന്നത്. അവരെയും പറങ്കികൾ എന്നാണ് വിളിച്ചിരുന്നത്. ലന്തൻകൊട്ടാരത്തിനടുത്ത് പടിഞ്ഞാറെപ്പുഴയുടെ ഓരത്താണ് ബോട്ടുപുര സ്ഥിതിചെയ്യുന്നത്. ബോട്ടുകൾ കെട്ടിയിരുന്നത് കോൺക്രീറ്റിന്റെ ഉത്തരത്തിന്റെ മേൽ ആയിരുന്നു.

### 4.4.6 മലാക്കാ ഹൗസ്

ഫെഡറേറ്റഡ് മലായ് സ്റ്റേറ്റസിലെ ഒരു റബർതോട്ടത്തിൽ മാനേജരാ

യിരുന്ന ഇസാക്ക് തിരിച്ച് ലന്തൻബത്തേരിയിൽ തിരിച്ചെത്തിയപ്പോൾ സമ്പാദിച്ചതെല്ലാം ചെലവാക്കി ഒരു രണ്ടുനിലക്കെട്ടിടം പണിതു. അതിന് മലാക്കാ ഹൗസ് എന്നു പേരിട്ടു. മലാക്കാ ഹൗസിന്റെ ഒന്നാം നിലയുടെ പുറംചുമരിൽ ചാടുന്ന മലയായിലെ പുലിയുടെയും തോക്കിൽ കാഞ്ചി അമർത്തി നിൽക്കുന്ന വേട്ടക്കാരന്റെയും പൊന്തിനിൽക്കുന്ന ശില്പം ഇസാക്ക് നിർമ്മിച്ചു. മലാക്കാ ഹൗസിന്റെ താഴത്തെ നിലയിൽ പീടികമുറികളായിരുന്നു ആദ്യത്തെ പീടിക ലോനന്റെ പലചരക്കു കടയും തൊട്ടടുത്തകട വിൽഫ്രെഡിന്റെ തായിരുന്നു. അതിനുമപ്പുറത്ത് പൗലോസിന്റെ ചായക്കട. മലാക്കാഹൗസിന്റെ പുറകുവശത്തെ മുറികളിൽ വാടകക്കാരായ രാഘവനും പുഷ്പാംഗദനും താമസിച്ചിരുന്നു. കൂടാതെ മലാക്കാ ഹൗസിന്റെ ഒന്നാംനിലയിലെ ആദ്യത്തെ മുറി ജനാധിപത്യ യുവജനസംഘത്തിന്റെ ആപ്പീസായി പ്രവർത്തിച്ചിരുന്നു.

### 4.4.7 കൊട്ടാരം ജെട്ടി

കിഴക്കേപ്പുഴയുടെ ഓരത്ത് പീരങ്കി മൈതാനത്തിനടുത്താണ് കൊട്ടാരം ജെട്ടി. എറണാകുളത്തു നിന്നുള്ള ബോട്ടുകളടുക്കുന്നത് ഇവിടെയാണ്. ഘനശൂന്യമായ ഇടതൂർപ്പ്, പൂപ്പരുത്തികളും ഉറക്കം തൂങ്ങിമരങ്ങളും വേരുകളും പൊയ്ക്കാലുകളിൽ തത്തുന്ന കണ്ടലുകളും കായലിലേക്കു നടുവളഞ്ഞ തെങ്ങുമുള്ള സസ്യ സമൃദ്ധി നിറഞ്ഞ ലന്തൻബത്തേരിയുടെ ഒരു ഭാഗമാണ് കൊട്ടാരം ജെട്ടി.

### 4.5 സ്ഥലനാമങ്ങൾ

നാടോടികഥകൾ ജനതയുടെ കഥപറച്ചിലിന്റെ സംസ്കാരത്തെ അടയാളപ്പെടുത്തുന്നു. നാടോടികഥകൾക്ക് പലപ്പോഴും ഐതീഹ്യത്തിന്റെ പരിവേഷമുണ്ടാകാറുണ്ട്. നാടോടിക്കഥകളുടെ വിഭാഗത്തിൽപ്പെട്ട ഒന്നാണ് സ്ഥലനാമപുരാണങ്ങൾ. ഓരോ ദേശത്തും സ്ഥലനാമങ്ങൾ ഉടലെടുത്തതിനെ സംബന്ധിച്ച് കഥകൾ പ്രചാരത്തിലുണ്ടാകാം. ചില സ്ഥലനാമത്തിന്റെ ഉല്പത്തിയെക്കുറിച്ച് പല കഥകളുണ്ടാകാം. ഒരു സ്ഥലരാശി, അതിന്റെ നാമധേയം, ചരിത്രം, സംസ്കാരം എന്നിവയുടെ ഉള്ളിലേയ്ക്ക് വെളിച്ചം

വീശുന്നവയാണ് സ്ഥലനാമപുരാണങ്ങൾ

സ്ഥലം **(Place)** ഇടം **(Space)** എന്നിവ സ്ഥലവാചിയായ രണ്ടുപദങ്ങളാണ്. ആധുനികതയിൽ ഇടങ്ങൾ സ്ഥലങ്ങൾ തന്നെയായി പരിണമിച്ചു. ഓരോ സ്ഥലരാശിയും സംസ്കാരത്തിന്റെ ഭൂമികയാണ്. ഒരു ജനതയെ രൂപപ്പെടുത്തുന്നതിൽ സ്ഥലരാശി വഹിക്കുന്ന പങ്ക് അവഗണിക്കാവുന്നതല്ല. അത് ജനസാമാന്യത്തിന്റെ സമസ്ത അറിവുകളുടെയും ആധാരമാണ്. അതുകൊണ്ടുതന്നെ സ്ഥലത്തെക്കുറിച്ചുള്ള അറിവ് സംസ്കാരത്തെക്കുറിച്ചുള്ള അറിവായി മാറുന്നു. നോവലിൽ നിരവധി സ്ഥലങ്ങൾ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

### 4.5.1 മുളവുകാട്

എറണാകുളത്തിനു വടക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ദ്വീപാണ് മുളവുകാട്. അതിന്റെ തെക്കെ അറ്റത്താണ് ലന്തൻ കൊട്ടാരം സ്ഥിതി ചെയ്യുന്നത്. 1744ലാണ് അതുപണിയിച്ചത്. എന്നാൽ പിന്നീട് പുതുക്കി പണിയലുകൾ നടത്തിയിട്ടുണ്ട്. യുറോപ്യൻ ഗ്രന്ഥങ്ങളിൽ ബോൾഗാട്ടി എന്ന പേരിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. ബോൾഗാട്ടിപാലസിന്റെ മൂന്നുവശവും ജലാശയമാണ്. മുളവുകാട്, പനങ്ങാട്, മഞ്ഞനക്കാട്, കടമക്കുടി എന്നിവ വലിപ്പമേറിയവയാണ്. പണ്ട് കാലത്ത് മുളവുകാട് പ്രദേശം കുമ്പഞ്ഞിക്കര എന്നറിയപ്പെട്ടിരുന്നു. പനമ്പുകാട്, രാമൻതുരുത്ത്, ഡൈമൻകട്ട, കുറുങ്കോട്ട, മൂലമ്പിള്ളി എന്നിവയെല്ലാം മുളവുകാട് ദ്വീപിനോട് ചേർന്ന് കിടക്കുന്ന തുരുത്തുകളാണ്. മുളവുകാടിന്റെ തെക്കേ ഭാഗത്തെ പ്രദേശം പോഞ്ഞിക്കര എന്നറിയപ്പെട്ടിരുന്നു. ബ്രിട്ടീഷ് റെസിഡണ്ടിന്റെ ആസ്ഥാനമായിരുന്നു ഇത്.

### 4.5.2 പനമ്പുകാട്

റസിഡൻസിക്ക് ഒന്നരമൈൽ വടക്കുപടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന ദ്വീപാണ് പനമ്പുകാട്. അവിടെ ഒരു ക്രിസ്ത്യൻപള്ളി സ്ഥിതി ചെയ്തിരുന്ന

തായി വി.വി.കെ.വാലത്ത് 'കേരള സ്ഥലനാമചരിത്രം എറണാകുളം ജില്ല' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡച്ചുരേഖകളിൽ ഇതിന് പമ്പാ എന്നാണ് പറഞ്ഞിരിക്കുന്നത്.

### 4.5.3 കടമക്കുടി

കൊച്ചി അഴിമഖത്തുനിന്ന് 8 കി.മീറ്റർ വടക്കുകിഴക്കായി കിടക്കുന്ന ദ്വീപാണ് കടമക്കുടി. കട മുക്കുവക്കൂടിയാണ് പിന്നീട് കടമക്കുടി എന്നറിയപ്പെട്ടത്. തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റെ അതിർത്തിയായിരുന്നു ഈ പ്രദേശത്തിന്റെ പടിഞ്ഞാറ് ഭാഗം കീരൻ പുഴയാണ്.

### 4.5.4 ഞാറയ്ക്കൽ

മട്ടാഞ്ചേരിയിൽ നിന്ന് 8 നാഴിക വടക്ക് കടപ്പുറത്തുള്ള ഒരു സ്ഥലമാണ് ഞാറയ്ക്കൽ. ഞാറയ്ക്കൽ പള്ളി ഏറ്റവും പഴയ പള്ളികളിലൊന്നാണ്. കൊച്ചി കഴിഞ്ഞാൽ പിന്നെയുണ്ടായിരുന്ന പ്രധാന തുറമുഖമായിരുന്നു ഞാറയ്ക്കൽ. പാലിയത്തച്ഛൻ വെളിയത്തുപറമ്പിൽ ഒരു ക്ഷേത്രം നിർമ്മിച്ചിരുന്നു. പ്രാകൃതമായ ശിക്ഷാവിധികൾ 18-ാം നൂറ്റാണ്ടുവരെ ഈ ക്ഷേത്രത്തിൽ നിലനിന്നിരുന്നു. എളങ്കുന്നപ്പുഴയ്ക്ക് ഒന്നരമൈൽ വടക്കോട്ട് മഞ്ഞനക്കാട്, പടിഞ്ഞാറെ മഞ്ഞനക്കാട് എന്നീ ദേശങ്ങൾക്കൂടി അടങ്ങുന്നതാണ് ഞാറയ്ക്കൽ.

### 4.5.5 പോഞ്ഞിക്കര

മുളവുകാടിന് അടുത്ത് കിടക്കുന്ന പ്രദേശമാണ് പോഞ്ഞിക്കര. ഡച്ചുകാർ ഇവിടെ ബംഗ്ലാവുകൾ കെട്ടി സുഖവാസം ആരംഭിച്ചതിൽ നിന്നാണ് ഈ സ്ഥലത്തിന് 'പോഞ്ഞിക്കര' എന്നുപേരുവന്നത്. ലന്തക്കാർ താമസിച്ച മുളവുകാടിന്റെ തെക്കേ ഭാഗത്തായാണ് ഇത് സ്ഥിതി ചെയ്യുന്നത്. എറണാകുളത്തിനു തൊട്ടുപടിഞ്ഞാറെ കായലിന്നക്കരെയായും വില്ലിങ്ങ്ടൺ ഐലന്റിനുവടക്കു ഭാഗമായും ഇതു വരുന്നു. ഈ പ്രദേശത്താണ് ലന്തൻ കൊട്ടാരം സ്ഥിതിചെയ്യുന്നത്.

#### 4.5.6 കൊച്ചി

കൊച്ചിയുടെ സ്ഥലനാമം ബന്ധപ്പെട്ടിരിക്കുന്നത് 1341ലെ പെരിയാറിലുണ്ടായ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ടാണ്. കൊടുങ്ങല്ലൂർ അഴിമുഖം നികന്നതിന്റെ ഭാഗമായി ഒരു ചെറിയ അഴി ഫോർട്ടു കൊച്ചിക്കും മട്ടാഞ്ചേരിക്കും മധ്യയുണ്ടായി ഇത് പിന്നീട് കൊച്ചഴിയായി. അക്കാലത്തെ വലിയ തുറമുഖം കൊടുങ്ങല്ലൂർ ആയതുകൊണ്ട് പിന്നീടുണ്ടായ അഴിക്ക് ചെറിയ അഴി എന്നർത്ഥത്തിൽ കൊച്ചഴി എന്ന് വിളിക്കപ്പെട്ടു. കാലാന്തരത്തിൽ സംസാരഭാഷയിൽ വന്ന മാറ്റം അനുസരിച്ച് കൊച്ചഴി ലോപിച്ച് കൊച്ചിയായിത്തീർന്നു.

#### 4.5.7 എറണാകുളം

1958 ഏപ്രിൽ 1നാണ് എറണാകുളം ജില്ല രൂപീകൃതമായത്. കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം പഴയ നാട്ടുരാജ്യങ്ങളായ തിരുവിതാംകൂർ, കൊച്ചി എന്നിവയുടെ പ്രദേശങ്ങൾ കൂട്ടിച്ചേർത്താണ് എറണാകുളം ജില്ലയുണ്ടായത്. കൂടുതലും തിരുവിതാംകൂർ രാജ്യത്തിന് കീഴിലുണ്ടായിരുന്ന പ്രദേശങ്ങളാണ് എറണാകുളം ജില്ലയിൽ ഉൾപ്പെട്ടത്. കടലിനോട് ചേർന്ന് കിടക്കുന്ന പ്രദേശമായിരുന്നതിനാൽ പണ്ടു മുതൽ വാണിജ്യപരമായി പ്രസിദ്ധിയാർജ്ജിച്ചിരുന്നു. കൊച്ചി തുറമുഖം വഴി നിരവധി വിദേശീയരുമായി വ്യാപാരബന്ധമുണ്ടായി.

എറണാകുളം എന്ന പേരിന് പിന്നിൽ ഒരു ഐതീഹ്യമുണ്ട്. കുലുമുനിയുടെ ശിഷ്യനായിരുന്ന ദേവലൻ ഗുരു നിന്ദ കൊണ്ട് ശാപഗ്രസ്തനായി നാഗമായി മാറി. എന്നാൽ ശാപമോക്ഷത്തിന് ശേഷം ബഹുളാരണ്യത്തിലെ ഒരു നാഗം സൂക്ഷിച്ചിരുന്ന ശിവലിംഗവും കൊണ്ട് സഹ്യപർവ്വതത്തിന്റെ പടിഞ്ഞാറോട്ട് കടൽ സഞ്ചരിക്കുകയും കടൽതീരത്തെത്തിയപ്പോൾ ശിവലിംഗം അവിടെ വച്ചു. എന്നാൽ പിന്നീട് അത് എടുക്കാൻ സാധിച്ചില്ല. അങ്ങനെ ശിവലിംഗം ഉറച്ചുപോയ സ്ഥലത്തിന് ഋഷിനാഗക്കുളം എന്ന് പേര് വന്നു. പിന്നീട് ശിവക്ഷേത്രം നിർമ്മിക്കപ്പെട്ടു. ഋഷിനാഗക്കുളം ലോപിച്ച് എറണാകുളമായി.

ഇരണിയൽ എന്ന ഒരു ചേറിന്റെ പേരിലാണ് ഈ പേരുണ്ടായത് എന്ന അഭിപ്രായവും ഉണ്ട്. ശിവനെ തമിഴിൽ ഇറൈവൻ, ഇറയനാർ എന്നീ പേരുകളിൽ വിളിക്കപ്പെട്ടിരുന്നു. ആ പേരിൽ നിന്നാണ് സ്ഥലനാമമുണ്ടായതെന്നും കരുതപ്പെടുന്നു.

### 4.5.8 തൃപ്പൂണിത്തുറ

കണയന്നൂർ താലൂക്കിൽ എറണാകുളത്തിന് 9 കി.മീ തെക്കു കിഴക്കായി കിടക്കുന്ന പ്രദേശമാണ് തൃപ്പൂണിത്തുറ. കപ്പലടുക്കുന്ന തുറ എന്ന അർത്ഥത്തിൽ പൂണിത്തുറ എന്നറിയപ്പെട്ടിരുന്നു. കൊച്ചി രാജവംശത്തിന്റെ ആസ്ഥാനമായ ഹിൽപാലസ് തൃപ്പൂണിത്തുറയിലാണ് സ്ഥിതിചെയ്യുന്നത്. കൂടാതെ ശ്രീപൂർണ്ണത്രയിശ ക്ഷേത്രം ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. പൂണി എന്നാൽ കപ്പൽ, തുറ എന്നാൽ തുറമുഖം. ഈ വാക്കുകളിൽ നിന്നാണ് സ്ഥലനാമ ഉൽപ്പത്തി. പൂണിത്തുറയോട് തിരു എന്ന പ്രത്യയം ചേർത്ത് ഉപയോഗിച്ചിരുന്നത് രാജ്യ തലസ്ഥാനമായതുകൊണ്ടോ, ക്ഷേത്രം നിലനിൽക്കുന്നതിനാലോ ആയിരിക്കണം. സംസ്കൃതത്തിന്റെ പ്രഭാവ കാലത്ത് 'തിരു' 'തൃ' ആയി പരിണമിച്ച് പൂണിത്തുറയോട് ചേർന്ന് തൃപ്പൂണിത്തുറയായി.

### 4.5.9 ഗോതുരുത്ത്

എറണാകുളത്തിന്റെ തെക്കുഭാഗത്ത് തേവരയോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ് ഗോതുരുത്ത്. പ്രാകൃതികമായ ആകൃതിയെ അവലംബമാക്കി കോന്തുരുത്ത്, കോൺതുരുത്ത് എന്നിങ്ങനെ വിളിക്കപ്പെട്ടിരുന്നു. കോതുരുത്തിന്റെ സംസ്കൃതവൽക്കരണമാണ് ഗോതുരുത്ത്. നോവലിൽ ചവിട്ടു നാടകവുമായി ബന്ധപ്പെട്ട് ഈ സ്ഥലം കടന്നുവരുന്നു.

### 4.5.10 വില്ലിംഗ്ടൺ ഐലന്റ്

വെണ്ടുരുത്തിക്കടുത്ത് കിടക്കുന്ന കൃത്രിമമായ തുരുത്താണ് വില്ലിംഗ്ടൺ ഐലന്റ്. മദ്രാസ് ഗവർണർ ആയിരുന്ന ലോഡ് വെല്ലിംഗ്ടണിന്റെ പേരിലാണ്

ഈ ദ്വീപ് അറിയപ്പെടുന്നത്. കൊച്ചി ഹാർബറിന്റെ വികസനത്തിനായി പ്രവർത്തിച്ച റോബർട്ട് ബ്രിസ്റ്റോ എന്ന ബ്രിട്ടീഷുകാരൻ തുറമുഖത്തെ ആഴക്കടലുമായി ബന്ധിപ്പിച്ചുകൊണ്ട് കടൽപാത നിർമ്മിച്ചപ്പോൾ എടുത്തുമാറ്റിയ മണ്ണാണ് വെല്ലിംഗ്ടൺ ഐലന്റിലെ സൃഷ്ടിയ്ക്ക് കാരണമായത്. മണ്ണുമാന്തിക്കപ്പലിന്റെ യാന്ത്രികമായ പ്രവർത്തനഫലമായി കായലിൽ നിന്നു പൊന്തിവന്ന കരയ്ക്ക് വെല്ലിംഗ്ടൺ എന്ന പേര് ലഭിച്ചു. മണ്ണുമാന്തികപ്പലുകളിൽ ഏറ്റവും പ്രധാനമായിരുന്നത് ലേഡി വെല്ലിംഗ്ടൺ എന്ന കപ്പലാണ്. റോബർട്ട് ബ്രിസ്റ്റോയും ഐലന്റിന്റെ നിർമ്മിതിയും നോവലിന്റെ ആഖ്യാനത്തിൽ കടന്നുവരുന്നുണ്ട്.

### 4.6 പരിസ്ഥിതിയും സ്ഥലകാലങ്ങളും

പരിസ്ഥിതിയെ നിലനിർത്തുന്ന അനവധി ഘടകങ്ങളുണ്ട്. "ഒരു സവിശേഷമായ ആവാസവ്യവസ്ഥയിൽ പരസ്പരം പ്രതിപ്രവർത്തിക്കുന്ന ജൈവസമൂഹവും അവ ജിവിക്കുന്ന പരിസരവും ചേർന്ന സംഘാതത്തെയാണ് ഇക്കോ വ്യൂഹം എന്ന് വിശേഷിപ്പിക്കുന്നത്. അജൈവ ഘടകങ്ങൾ, ഉത്പാദകർ, ഉപഭോക്താക്കൾ, വിഘാടകർ എന്നിവയാണ് ഇക്കോ വ്യൂഹത്തിന്റെ പ്രധാനഘടകങ്ങൾ. കാലാവസ്ഥ ഭൂസ്ഥിതി, മണ്ണിന്റെ സ്വഭാവം എന്നിവയുടെ പ്രത്യേകതകൾ ഇക്കോ വ്യൂഹത്തിന്റെ ജൈവഘടനകളെ നിർണയിക്കുന്നു. ഇവ ഊർജ്ജവിനിമയത്തിന്റെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു."[64]

പരിസ്ഥിതി സ്ഥലഭാവനയുടെ മൂർത്തരൂപമാണ്. മനുഷ്യൻ നിലനിൽക്കുന്ന പ്രകൃതി സ്ഥലസങ്കൽപ്പത്തിന്റെ പൂർണ്ണരൂപമാണ്. പരിസ്ഥിതിയെ അവലംബമാക്കിയാണ് ലോകത്ത് നിരവധി സംസ്കാരങ്ങൾ നിലനിന്നിരുന്നത്. സംസ്കാരം എന്ന വാക്കിന് അംഗീകരിക്കപ്പെട്ട പ്രധാനനിർവചനങ്ങളിലൊന്ന് റെയ്മണ്ട് വില്യംസിന്റേതാണ്. അതിന് മൂന്ന് പ്രധാനതലങ്ങളുണ്ട്.

"1. സംസ്കാരം ഒരു പ്രത്യേകകാലത്തും സ്ഥലത്തും സവിശേഷമായി

ജീവിക്കുന്ന ഒന്നാണ്. അത് കാലത്തിലും സമയത്തിലും ജീവിക്കുന്ന ഏതൊരാൾക്കും മുഴുവനായി എത്തിപ്പിടിക്കാവുന്നതും മനസ്സിലാകുന്നതുമാണ്.

2. സമൂഹത്തിൽ രേഖപ്പെടുത്തപ്പെട്ട ഒരു സംസ്കാരമുണ്ട്. കലകൾതൊട്ട് ദൈനംദിന വസ്തുക്കൾ വരെ എല്ലാം ആ കാലഘട്ടത്തിലെ സംസ്കാരമാണ്.

3. ജൈവികമായ സംസ്കാരത്തോടു കാലഘട്ടസംസ്കാരത്തോടും ഒപ്പം തന്നെ ഒരു പാരമ്പര്യസംസ്കാരവും നിലവിലുണ്ട്. പിന്നീടാണ് സംസ്കാരത്തെ ഒരു സർഗ്ഗാത്മക പ്രവർത്തനം എന്നും സമഗ്രജീവിതവഴി എന്നുമുള്ള നിലപാടിൽ വില്യംസ് എത്തിയത്."[65]

റെയ്മണ്ട് വില്യംസിന്റെ സംസ്കാരത്തെക്കുറിച്ചുള്ള നിർവചനത്തിൽ അതിന് സ്ഥലകാലങ്ങളോടുള്ള ബന്ധം കാണാൻ കഴിയും. അതായത്. സംസ്കാരം മനുഷ്യൻ ആർജ്ജിച്ചെടുത്തതാണ്. സാംസ്കാരിക ചിഹ്നങ്ങൾ രൂപപ്പെടുന്നതും സ്ഥലത്തെ പ്രകൃതിസ്ഥിതിയെ അടിസ്ഥാനമാക്കികൊണ്ടാണ്. സ്ഥലത്തെ പരിസ്ഥിതിയെ പരിഗണിക്കാതെ മനുഷ്യന് നിലനിൽപ്പില്ല. സംസ്കാരം പ്രകൃതിക്ക് അനുഗുണമായ വിധത്തിലാണ് നിലനിൽക്കേണ്ടത്. മനുഷ്യൻ രൂപം കൊടുക്കുന്ന സാംസ്കാരിക പ്രവർത്തനങ്ങൾ സ്ഥലത്തെ, പ്രകൃതിയെ നശിപ്പിക്കുന്നതായി മാറുമ്പോൾ മനുഷ്യനും സംസ്കാരവും ഒരുപോലെപ്രതിക്കൂട്ടിലാകുന്നു. സ്ഥലത്തിന്റെ നാശം മനുഷ്യന്റെ തന്നെ നാശത്തിന് ഹേതുവായി മാറുന്നു. പാരിസ്ഥിതിക ദുരന്തങ്ങൾ ഓർമപ്പെടുത്തുന്നതും ഇതു തന്നെ. ഇപ്രകാരം സ്ഥലവും പരിസ്ഥിതിയും അനുപൂരകമായി മുന്നോട്ട് പോകുന്നവയാണ്. നാട്, കാട് എന്നീ സങ്കല്പങ്ങള കടന്നുവരുന്നതും പരിഷ്കൃതം, അപരിഷ്കൃതം എന്നിങ്ങനെ ജനങ്ങളെ വേർതിരിക്കുന്നത് പ്രകൃതിയോട് അകന്നവർ, പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നവർ എന്ന യാഥാർത്ഥ്യത്തെ കൂടി വരച്ചുകാട്ടുന്നുണ്ട്.

"ഇക്കോളജി എന്ന പദം ജർമ്മൻ പണ്ഡിതനായ ഏണസ്റ്റ് ഹെയ്ക്ക

ലിന്റെ സൃഷ്ടിയാണ്. ജീവികളും അവയുടെ ചുറ്റുപാടും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചുള്ള പഠനം എന്ന നിലയിൽ ആരംഭിച്ച് ഇപ്പോൾ ഭൗതിക ലോകവും ഭൗതികേതരലോകവും ആശയലോകവും മനോലോകവുമെല്ലാം ജൈവപരിസ്ഥിതിയുടെ ഭാഗങ്ങളായി മാറിയിട്ടുണ്ട്. ഇതെല്ലാം ചേർന്നതാണ് നമ്മുടെ സാംസ്കാരിക ഇക്കോവ്യവസ്ഥ. മനുഷ്യന്റെ ആവിർഭാവം തൊട്ട് ഈ സംസ്കാരിക ഇക്കോ വ്യവസ്ഥയും പരിണാമങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നു."[66]

ഇന്ന് കാണുന്ന പാരിസ്ഥിതികാവബോധം ഉടലെടുത്തിട്ട് അധികകാലമായിട്ടില്ല. എന്നാൽ പൗരസ്ത്യസാഹിത്യചിന്തയിലും സാഹിത്യത്തിലും പ്രകൃതി മനുഷ്യരിൽ നിന്ന് ഭിന്നമായിരുന്നില്ല. വനദേവത, വംശവൃക്ഷം എന്നിങ്ങനെയുള്ള സങ്കല്പനങ്ങൾക്ക് ഗോത്രസംസ്കാരത്തോളം പഴക്കമുണ്ട്. ഋഗ്വേദത്തിലും അഥർവ്വവേദത്തിലും പ്രകൃതിയെ സംബന്ധിച്ച പരാമർശങ്ങൾ കാണാൻ സാധിക്കും. അവ പ്രകൃതിയുടെ വരദാനങ്ങളോട് മനുഷ്യനുള്ള ആരാധനയുടെ സാക്ഷ്യപത്രങ്ങൾ കാണാൻ സാധിക്കും.

ഭാരതീയ ദർശനങ്ങളുടെ ഉറവിടങ്ങൾ പലപ്പോഴും കാട്ടിൽ വസിച്ചിരുന്ന ഋഷികളായിരുന്നു. ആർഷഭാരതസംസ്കാരം പിറവിയെടുത്തത് കാടിനെയും മനുഷ്യനെയും ഒന്നായി കാണുന്ന ദർശനങ്ങളുടെ പിൻബലത്തിലാണ്. കാളിദാസന്റെ ശാകുന്തളം മുന്നോട്ടുവെയ്ക്കുന്ന കാഴ്ചപ്പാടും അതുതന്നെയാണ്. മനുഷ്യനെ പ്രകൃതിയുടെ ഭാഗമായി കാണുന്നതോടൊപ്പം പരസ്പര സ്നേഹസഹകരണങ്ങളുടെ വിശാലമായ തലമാണ് ശാകുന്തളം മുന്നോട്ടു വെയ്ക്കുന്നത്.

മലയാളസാഹിത്യത്തിലാകട്ടെ പരിസ്ഥിതികബോധം ആത്മചൈതന്യമായി കടന്നുവരുന്ന കൃതികൾ ഉടലെടുത്തത് അവബോധം എന്ന സങ്കല്പം രൂപമെടുക്കുന്നതിന് മുമ്പേതന്നെ അത്തരമൊരു ചിന്ത

കാണാവുന്നതാണ്. ഇടശ്ശേരിയുടെ കുറ്റിപ്പുറം പാലം, നെല്ലുകുത്തുകാരി പാറുവിന്റെ കഥ, വൈലോപ്പിള്ളിയുടെ ജലസേചനം, മലതുരക്കൽ, സർപ്പക്കാട് എന്നീ കവിതകളിൽ അതിന്റെ ആദ്യകിരണങ്ങൾ കാണാൻ സാധിക്കും. മലയാളകവിതയിൽ സൈലന്റ്‌വാലി പ്രക്ഷോഭവുമായി ബന്ധപ്പെട്ട് മലയാളത്തിലെ പ്രമുഖകവികൾ ഒത്തുചേർന്ന് പരിസ്ഥിതിയെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തി രചനകളിൽ ഏർപ്പെട്ടു. നിരവധി സാംസ്കാരിക പ്രവർത്തകരുടെയും വിദ്യാർത്ഥികളുടെ പിന്തുണയും അവർക്ക് ലഭിച്ചു. ഒ.എൻ.വിയുടെ ഭൂമിക്ക് ഒരു ചരമഗീതം, വൈലോപ്പിള്ളിയുടെ വളർത്തുമൃഗങ്ങൾ, മൃതസഞ്ജീവനി, കടമ്മനിട്ടയുടെ കാട്ടാളൻ, കുഞ്ഞേ മുലപ്പാൽ കുടിക്കരുത്, ഡി.വിനയചന്ദ്രന്റെ കാട്, സുഗതകുമാരിയുടെ മരത്തിന് സ്തുതി, തെംസ് നദിയോട്, എൻ.വി കൃഷ്ണവാര്യരുടെ മരങ്ങളും വള്ളികളും എന്നിങ്ങനെ നിരവധി കവിതകൾ ഈ പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണ്.

പരിസ്ഥിതി സംരക്ഷിക്കപ്പെടേണ്ടതാണെന്ന ധാരണ പരത്താൻ ഈ പരിശ്രമങ്ങൾക്ക് സാധിച്ചു. ആക്ഷേപങ്ങൾക്കിടയിലും ഈ സംരംഭം മുന്നോട്ടുവെയ്ക്കുന്ന സാമൂഹ്യനൈതികപ്രശ്നങ്ങളെ അവഗണിക്കാൻ സാധിക്കുകയില്ല. നമുക്കുശേഷവും പ്രകൃതി നിലനിൽക്കുമെന്ന മനുഷ്യചിന്തയെക്കുറിച്ച് മിഷേൽ ഫൂക്കോ, അഭിപ്രായപ്പെടുന്നതിപ്രകാരമാണ്.

“ഈശ്വരനെയും പ്രകൃതിയെയും മനുഷ്യനിൽ നിന്ന് വേർപ്പെടുത്താനുള്ള പ്രവണതയാണ് നമുക്കുള്ളത്. ഉദാഹരണമായി, ശാസ്ത്രസമ്മതമായ കൃഷിരീതികളും മനുഷ്യന്റെ ഇതരവ്യാപാരങ്ങളും പ്രകൃതിയെ നശിപ്പിക്കുമ്പോൾ, അവസാനം, മനുഷ്യരും ചത്തു മൺമറയുമെന്ന് അംഗീകൃത യാഥാർത്ഥ്യമാണെങ്കിലും മിക്കവാറും ആൾക്കാരുടെ മനസ്സിൽ പൊന്തിവരുന്ന ചോദ്യം അപ്പോൾ പ്രകൃതി വീണ്ടും സ്വയം വേരുറപ്പിക്കില്ലേ എന്നാണ്. ജീവ വിജ്ഞാനീയത്തിന്റെയും പരിസ്ഥിതി വിജ്ഞാനീയത്തിന്റെയും നിർവചനത്തിൽ വരുന്ന പ്രകൃതി മനുഷ്യന്റെ ആവിർഭാവത്തിനു മുമ്പുതന്നെ നിലനിന്നിരുന്നു. അത് മനുഷ്യന്റെ തിരോധാനത്തിനുശേഷവും നിലനിൽക്കുമെന്നാണ് അനുമാനം.

ഈശ്വരനെയും ബുദ്ധനെയും പ്രകൃതിയെയും സർവ്വാതിശായികളെന്നു വിശേഷിപ്പിക്കുമ്പോൾ നാം സംശയരഹിതമായി വിശ്വസിക്കുന്നത്, നശിപ്പിക്കപ്പെട്ടാൽ പോലും, അവ എങ്ങനെയോ അവശേഷിക്കുമെന്നാണ്. ലേശം ഹാനികരമാണ് ഇമ്മാതിരി ചിന്ത "[67] മനുഷ്യ മഹത്വത്തിൽ മാത്രം വിശ്വസിക്കുന്നവർ ദാരുണമായ പ്രകൃതി ദുരന്തങ്ങളെ അവഗണിക്കുന്നു.

മലയാളനോവലിൽ പാരിസ്ഥിതിക അവബോധം അതിന്റെ അന്തർധാരയായി മാറുന്നതിനുമുമ്പ് ബഷീർ കൃതികളിൽ പ്രകൃതിയുടെ ജൈവസാന്നിദ്ധ്യം സൃഷ്ടിക്കുന്ന സൗന്ദര്യാത്മകതലത്തെ അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ മനുഷ്യന്റെ നിലനിൽപുമായി ബന്ധപ്പെട്ട് പരിസ്ഥിതിയെ മനസ്സിലാക്കുന്നതിനായുള്ള രാഷ്ട്രീയ–സാമൂഹിക സംസ്കാരികതലങ്ങളെ അപഗ്രഥിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുന്നത് അറുപതുകൾക്കുശേഷമാണ്. ആനന്ദിന്റെ മരുഭൂമികൾ ഉണ്ടാകുന്നത്, ഒ.വി.വിജയന്റെ മധുരം ഗായതി, ധർമപുരാണം, ആർ.പരമേശ്വരന്റെ പ്രകൃതി നിയമം, സി.രാധാകൃഷ്ണന്റെ മുൻപെ പറക്കുന്ന പക്ഷികൾ, തോമസിന്റെ വിഷഭൂമികളിൽ മയങ്ങുന്നവർ, ബാലകൃഷ്ണൻ മാങ്ങാടിന്റെ ഭൂമിയുടെ കണ്ണ്, അംബികാസുതൻ മാങ്ങാടിന്റെ എൻ മകൻജെ, മരക്കാപ്പിലെതെയ്യങ്ങൾ എന്നീ നോവലുകളിൽ പരിസ്ഥിതിക ചിന്തകളെ പ്രശ്നവത്കരിക്കുന്നു. ഹരിതാഭമായ ലോകത്ത് നിന്ന് മാറ്റിനിർത്തപ്പെടുന്ന കഥാപാത്രങ്ങളുടെ ദാരുണമായ അവസ്ഥകളാണ് ഈ നോവലുകളിൽ അവതരിപ്പിക്കപ്പെട്ടത്. ഈ പ്രദേശങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ പാരിസ്ഥിതികാവബോധം ലന്തൻബത്തേരിയിലെ ലുത്തിനിയകൾ എന്ന നോവലിൽ മാധവൻ മുന്നോട്ട് വെയ്ക്കുന്നുണ്ട്. ദ്വീപിന്റെ മനുഷ്യവാസയോഗ്യമായ സവിശേഷസാഹചര്യത്തെ ഭാവനാത്മകമായി പുനർനിർമ്മിക്കുന്ന ഈ രചനയിൽ പരിസ്ഥിതി മനുഷ്യനിൽ നിന്ന് ഭിന്നമല്ല. അവർ പ്രകൃതി തന്നെയാണ്.

കായൽ തുരുത്തുകളിലൊന്നായ ലന്തൻബത്തേരിയിലെ ജനവിഭാഗങ്ങൾ തുരുത്തിന്റെ പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നവരായിരുന്നു. തുരുത്തിന്റെ

സ്വാഭാവികതയിലേക്ക് കടന്നുകയറുന്നവരായതിനാലാണ് അച്ചുകുത്തിന് വന്ന ശാരദാമ്മയെ കണ്ട് ദ്വീപുനിവാസികൾ ഓടി കതകടച്ചത്. വസൂരിയ്ക്ക് നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന പാരമ്പര്യചികിത്സാരീതികളുണ്ട്. അതിൽ നാട്ടു ജീവിതത്തിന്റെ സചേതനമായ തലം ഉൾച്ചേർന്നിരിക്കുന്നു. അവയ്ക്കുപകരം കടന്നുവരുന്ന അച്ചുകുത്തിനെ ദ്വീപുനിവാസികൾ ഭയക്കുന്നു. ഒന്നിനെ നശിപ്പിക്കാൻ മറ്റൊരു വൈറസിനെ കയറ്റി വിടുന്ന ആധുനിക ചികിത്സാ സമ്പ്രദായത്തെ അച്ചുകുത്ത് സാക്ഷ്യപ്പെടുത്തുന്നു. അച്ചുകുത്തുകാരെ പേടിച്ചാണ് മെറ്റിൽഡ തൊഴുത്തിൽ പ്രസവിക്കുന്നത്.

"ഞാൻ ജനിച്ചദിവസം ലന്തൻബത്തേരിയുടെ കിഴക്കും പടിഞ്ഞാറും കിടന്നിരുന്ന പുഴകളിൽ തെളിനീര് എറങ്ങി. തുരുത്തുകാരുടെ ഭാഷയിൽ വെള്ളം മാറി. പെരിയാർ അതിന്റെ വെള്ളത്തിൽ കലർന്ന ഉപ്പിനെ കടലിലേക്കു തിരിച്ചയ്ക്കുമ്പോഴാണ് ഇതു സംഭവിക്കുക. തുടർന്ന് വെള്ളത്തിൽ പുറപ്പാട് നടക്കും. വാലുകളിൽ ചെകുത്താൻ ആന്തങ്ങളുള്ള തിരണ്ടി കുടുംബങ്ങളാണ് ആദ്യം പുഴവിടുക."[68] തന്റെ ജനനവും പ്രകൃതിയും അത്രമേൽ അഗാധമായി ബന്ധപ്പെട്ടിരിക്കുന്നതായി ജെസീക്ക വിലയിരുത്തുന്നു.

ദ്വീപിന് തൊട്ടടുത്ത് കിടക്കുന്ന എറണാകുളം നഗരത്തിന്റെ ചിത്രം പരിസ്ഥിതിയുടെ മേലുള്ള ആധിപത്യത്തെ അടയാളപ്പെടുത്തുന്നു. തീവണ്ടി സ്റ്റേഷനിൽ നിന്നുള്ള ആവി പുക, അതിനു പിറകിൽ കാൽറ്റെക്സിന്റെയും ബർമ്മാഷെല്ലിന്റെയും അലുമിനിയം പെയ്ന്റിൽ തിളങ്ങുന്ന മണ്ണെണ്ണ സംഭരണികൾ, ടാറ്റാ കമ്പനിയുടെ പുഴക്കുഴലുള്ള കൂറ്റൻ ഫാക്ടറി കെട്ടിടം ഇപ്രകാരം യന്ത്രവത്കൃതനഗരത്തിന്റെ കാഴ്ചകൾ നോവലിൽ ചിത്രീ കരിച്ചിട്ടുണ്ട്. ഒന്ന് തികച്ചും ജൈവ പ്രകൃതിയെ അടിസ്ഥാനമാക്കി ജീവിക്കുന്ന ദ്വീപുനിവാസികളും മറ്റൊന്ന് നഗരവത്കൃത ജനതയും. ഇത്തരത്തിൽ വൈരുദ്ധ്യാത്മകമായ ലോകത്തെ നോവലിസ്റ്റ് ഈ കൃതിയിൽ അടയാള പ്പെടുത്തി വെച്ചിരിക്കുന്നു.

നോവലിന്റെ തുടക്കത്തിൽ നോവലിസ്റ്റ് വരച്ചുചേർത്തിരിക്കുന്ന ഭൂപടം

ഭൂമിശാസ്ത്രമായ പ്രത്യേകതകളെ അടയാളപ്പെടുത്തുന്നു. അത് ദ്വീപിന്റെ പരിസ്ഥിതിയെ രേഖപ്പെടുത്തുന്നു. " 'പരി' 'സ്ഥിതി' എന്നീ രണ്ട് സംസ്കൃത ധാതുക്കൾ ചേർന്നുണ്ടായതാണ് പരിസ്ഥിതി എന്ന വാക്ക്. വാച്യാർത്ഥത്തിൽ ചുറ്റുപാടുകൾ അല്ലെങ്കിൽ വലയം ചെയ്തിരിക്കുന്നത് എന്നൊക്കെ ഇതിന് അർത്ഥം പറയാം"[69] ജലത്താൽ വലയം ചെയ്യപ്പെട്ടിരിക്കുന്നതാണ് ലന്തൻബ ത്തേരിയുടെ പരിസ്ഥിതിയെ രൂപപ്പെടുത്തിയിരിക്കുന്നതിലെ പ്രധാനഘടകം. നഗരത്തിലെ പരിഷ്കൃതജീവിതത്തിൽ തികച്ചും വിഭിന്നമായ ഒരു സംസ്കാരം രൂപപ്പെടാനും ഇത് കാരണമായി.

ജെസീക്കയുടെ ബന്ധുവായ എഡ്വിൻ 1341ലെ വെള്ളപ്പൊക്ക ത്തെക്കുറിച്ചും കൊച്ചിതുറമുഖം സൃഷ്ടിക്കപ്പെട്ടതിനെക്കുറിച്ചും ബ്രിസ്റ്റോ, സായിപ്പ് നടത്തിയ പ്രസംഗത്തെക്കുറിച്ച് പരാമർശിക്കുന്നതിപ്രകാരമാണ്. "മണ്ണ് കുമിഞ്ഞ് പതുക്കെ കരകൾ ഉണ്ടാകുവാൻ തുടങ്ങി. കുറച്ചു നേരത്തേക്കു മാത്രം. പ്രപഞ്ചശക്തികളുടെ ഉന്തലിൽപ്പെട്ട് അവ ഇല്ലാതാകുകയും ചെയ്തു. ആലപ്പുഴയിൽ ഒരു തുറ തുറന്നിരിക്കാം. കുറച്ചു കഴിഞ്ഞപ്പോൾ അതു അടിഞ്ഞുപോയിരിക്കാം. പ്രപഞ്ചശക്തികൾക്ക് ഒരുമ ഉണ്ടായി. അവ ഇല്ലാതാകുകയും ചെയ്തു. ആലപ്പുഴയിൽ ഒരു തുറ തുറന്നിരിക്കാം. കുറച്ചു കഴിഞ്ഞപ്പോൾ അതു അടിഞ്ഞുപോയിരിക്കാം. പ്രപഞ്ചശക്തികൾക്ക് ഒരുമ ഉണ്ടായി. അവ കൊച്ചിയുടെ മേൽ മാത്രം നോട്ടം ഉറപ്പിച്ചു. വേലിയേറ്റവും വൻതിരകളും പ്രപഞ്ചശക്തികളുടെ സഖ്യകക്ഷികളായി ഇവയെല്ലാം സ്വരൂപിച്ച് ഒരു നീളൻ ഉന്ത്-ഊക്കിലൊരു ഉന്ത്-പ്രസിദ്ധമായ കൊച്ചി മണൽത്തിട്ട് കടലിൽ മറഞ്ഞു."[70]

കൊച്ചിതുറമുഖത്തിന്റെ ശില്പിയായ ബ്രിസ്റ്റോ മണ്ണുമാന്തിക്കപ്പൽ കൊണ്ട് വന്ന് തുറമുഖത്തിന്റെ ആഴം കൂട്ടുവാൻ തുടങ്ങി. അക്കാലത്ത് വിലിങ്ടൺ ഐലന്റ് എന്നൊരു തുരുത്ത് കായലിൽ നിന്നു പൊന്തിത്തു ടങ്ങിയിരുന്നു. ബ്രിസ്റ്റോവിന്റെ കാലുകൾക്ക് താഴെ കൊച്ചിയുടെ അഗാധതയിൽ നിന്നു കോരിയെടുത്ത മണ്ണ് കുത്തിയൊലിച്ചു. പ്രകൃതി സ്വയം സൃഷ്ടിച്ചെടുത്ത

സ്വാഭാവികമാറ്റങ്ങളും മനുഷ്യനിർമ്മിത ഐലൻഡുകളും കൊച്ചിയുടെ ഭൂപ്രകൃതിയുടെ ഭാഗമാക്കുന്ന കാഴ്ചയാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

"ഓരോ ദേശത്തിനും ജൈവലോകം ഉണ്ടായിരിക്കും ഒരു പ്രദേശത്തെ സസ്യങ്ങളും ജന്തുക്കളും ഉൾപ്പെട്ട ജീവസമൂഹവും അവിടത്തെ അജൈവ ഘടകങ്ങളും മണ്ണ്, വായു, വെള്ളം തുടങ്ങിയവ ചേരുന്നതാണ് ആ പ്രദേശത്തെ ആവാസവ്യവസ്ഥ"[71] നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട ലന്തൻബത്തേരിയിലെ ജീവിതം തുടിക്കുന്നത് ജലവുമായി ബന്ധപ്പെട്ടാണ് ലന്തൻബത്തേരി നിലനിൽക്കുന്നത് ജലവുമായി ബന്ധപ്പെട്ടാണ്. പൂപ്പരുത്തി, കണ്ടലുകളും, തെങ്ങുകളും കൊണ്ടു നിറഞ്ഞ ലന്തൻബത്തേരിയിൽ അധിനിവേശത്തിന്റെ ഭാഗമായി കടന്നുവന്ന പേര, കശുമാവ്, ശീമ പ്ലാവ്, അണ്ണാർച്ചക്ക, സപ്പോട്ട, കയ്പങ്ങ, ആത്തചക്ക, തുടങ്ങിയവയും വള്ളപ്പണിക്കുപയോഗിക്കുന്ന ആഞ്ഞിലിയും ലന്തൻബത്തേരിയുടെ പ്രകൃതിയെ രൂപപ്പെടുത്തിയിരിക്കുന്നു.

മാർക്കോസാശാരി തിരിച്ചുവരുന്ന സമയത്ത് തന്റെ നാടിന്റെയും നാട്ടുകാരുടെയും മണത്തിനു മാത്രമല്ല വായീവെള്ളം വരണ മീങ്കൂക്ക് കേക്കണെ ഈ കായലീന്ന് ഇപ്പ് കേക്കണെത് മുഴുവനും കപ്പലുകളുടെ സൈറനാണല്ലേ എന്ന മാറ്റവും അയാൾ തിരിച്ചറിയുന്നു. ബോട്ടിൽ യാത്ര ചെയ്യുമ്പോൾ കടകട ഒച്ച കേൾക്കുന്നതിനെക്കുറിച്ച് ചോദിക്കുമ്പോൾ അരവിന്ദാക്ഷൻ അതിനു മറുപടി പറയുന്നു. ബ്രിസ്റ്റോ നാട്ടിലേക്ക് തിരിച്ചു പോയെങ്കിലും ഇപ്പോഴും മണ്ണുമാന്തിക്കപ്പൽ കൊണ്ട് കായലിന്റെ അടിയിൽ നിന്ന് ചെളി വരുന്നതാണ് ആ ശബ്ദം. അതുകേട്ടപ്പോൾ "അയ്യോ കായല് കുഴിച്ചു കുഴിച്ച് ചെകുത്താന്മാര് അത് മുഴുക്കോം ഐലന്റുകളാക്ക്യാ? ലന്തൻബത്തേരിക്ക് അഴിലേക്കുള്ള ദൃഷ്ടി ഇല്ലാതാക്ക്യ? വൃദ്ധന്റെ അയ്യോ വിളികൾ യാത്രയിൽ ഇടയ്ക്കിടെ മുഴങ്ങിക്കൊണ്ടിരുന്നു "[72]

പരിസ്ഥിതി കാലക്രമേണ മാറുന്നു മനുഷ്യന്റെ പ്രവർത്തനങ്ങൾ അതിന്

ആക്കം കൂട്ടുകയും ചെയ്യുന്നു. ഇവിടെ മാർക്കോസാശാരി തന്റെ ദേശത്തെ കായലുകൾ മുഴുവനും ദ്വീപുകളായി മാറികൊണ്ടിരിക്കുകയാണെന്നും അത് കടലിൽ ചെന്ന് അവസാനിക്കാനുള്ള കടലിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു എന്ന് മനസ്സിലാക്കുന്നു. ഈ തിരിച്ചറിവാണ് അയാളുടെ നിലവിളികളുടെ ആന്തരാർത്ഥം. എന്നാൽ മനുഷ്യന്റെ വികസന മെന്ന വാക്കിന്റെ അർത്ഥങ്ങൾ കണ്ടെത്തുന്നത് പലപ്പോഴും പ്രകൃതിയുടെ സ്വാഭാവികതയെ നശിപ്പിച്ചുകൊണ്ടാണ്. കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി യാണ് പ്രകൃതിപോലും നീങ്ങുന്നത്. ജെസീക്കയെ എറണാകുളത്തേക്ക് പറഞ്ഞയക്കാൻ തീരുമാനിച്ച ദിവസം "അന്നുരാത്രി മുഴുവൻ മഴ പെയ്തിരുന്നു. പിറ്റേന്നു രാവിലെ പടിഞ്ഞാറൻ ആകാശം, ഒറ്റ മേഘങ്ങളില്ലാതെ, ദൂരത്തിന്റെ നിറമായ നിലയിൽ കിടക്കുന്നതു ഞാൻ കണ്ടു. പടിഞ്ഞാറെ പുഴയ്ക്കും വല്ലാർപാടം തൊട്ടു വടക്കോട്ടുള്ള തുരുത്തുകൾക്കും തുടച്ചു വൃത്തിയാക്കിയ പളുങ്കുപാളിയിൽ കൂടി കാണുന്നപോലെ കണ്ണുവേദനപ്പിക്കുന്ന വ്യക്തത ഉണ്ടായിരുന്നു. പുഴയിൽ വെള്ളം മാറിയിരുന്നു. മേശപ്പുറം പോലെ അതു പരന്നുകിടന്നു."[73] ശൂന്യമായ ജെസീക്കയുടെ മനസ്സിനെ പ്രകൃതി ഏറ്റെടുത്തിരിക്കുന്നു.

നോവലിലെ പ്രധാനകഥാപാത്രം സ്ത്രീയാണ്. പ്രകൃതിയെ സ്ത്രീ യായാണ് സങ്കൽപ്പിച്ചിരിക്കുന്നത്. ഇവിടെ സ്ത്രീ തന്നെയാണ് പ്രകൃതി. ജീവിതത്തിലെ എല്ലാ സന്ദർഭങ്ങളോടും ക്രിയാത്മകയായി പ്രതികരിക്കു ന്നവളാണ്. ജെസീക്ക. പള്ളിയുടെയും പൗരോഹിത്യത്തിന്റെ ചിട്ടവട്ടങ്ങൾക്ക് ഒപ്പം നിൽക്കാത്ത അവൾ തന്റേതായ ലോകത്തെ സൃഷ്ടിക്കുന്നു. അവൾ സങ്കടങ്ങൾ പറയുന്നത് കായൽകരയിൽ ഒറ്റയ്ക്കിരുന്ന് കായലിനോടാണ്. പുഷ്പാംഗദമാഷിന്റെ പീഡനത്തിൽ നിന്ന് രക്ഷപ്പെട്ട് രോഗാതുരയായി മാറുന്നു. അത് ലോകത്തോട് വിളിച്ചു പറയുന്നതിലൂടെ വീട്ടുകാരും കൂട്ടുകാരും അവളെ ഒറ്റപ്പെടുത്തുന്നു. പുഷ്പാംഗദൻമാഷ് ആത്മഹത്യചെയ്യുമ്പോൾ ലോകം അവളെ കുറ്റപ്പെടുത്തുന്നു. ഇതിൽ നിന്ന് രക്ഷപ്പെടാൻ മരണത്തെക്കുറിച്ച്

ചിന്തിക്കുന്ന ജെസീക്കയോട് മാർക്കോസാശാരി ഭ്രാന്ത് അഭിനയിക്കാൻ ആവശ്യപ്പെടുന്നു. എന്നാൽ ഉന്മാദത്തിൽ അഭയം കണ്ടെത്താൻ ശ്രമിക്കുമ്പോൾ അത് സത്യമായി പരിണമിക്കുന്നു. അവിടെയും ജെസീക്ക കായൽകരയിലാണ് എത്തുന്നത്. ചരിത്രം കയറ്റിയ കപ്പലുകൾക്ക് വെളിച്ചം കാണിച്ചു കൊടുക്കുന്ന തരത്തിൽ ഉന്മാദം അവളെ കീഴ്ടങ്ങുന്നു. തന്റെ ഓർമ്മകളെ കുടിയിറക്കി, പെരിയാറിലെ വെള്ളത്തിലേക്ക് ഊളിയിട്ടു കൊണ്ട് കൊച്ചി സമുദ്രത്തിന്റെ ആഴത്തിലേക്ക് നീങ്ങുന്ന ഓർമ്മയായി ജെസീക്ക മാറുന്നു.

അമ്മയുടെ ഉദരത്തിൽ വെച്ച് തന്നെ പ്രകൃതിയുടെ സ്പന്ദനമറിഞ്ഞ ജെസീക്ക ഒടുവിൽ പ്രകൃതിയുടെ ആഴങ്ങളിലേക്ക് ഓർമ്മകളെ കുടിയിറക്കി നീങ്ങുന്നു. മനുഷ്യനും പ്രകൃതിയും ഒന്നായ പാരിസ്ഥിതിക ദർശനത്തോടൊപ്പം മനുഷ്യനിർമ്മിത വൈദ്യുത പദ്ധതികളെക്കുറിച്ചും സൂചനകളുണ്ട്. മാർക്കോസാശാരിയുടെ വാക്കുകളിൽ നിറയുന്ന പാരിസ്ഥിതികബോധം കഴിഞ്ഞുപോയ തലമുറയുടെ പരിദേവനം മാത്രമായി അവഗണിക്കപ്പെടുന്നു. വികസനത്തിന്റെയും ടൂറിസത്തിന്റെ സാധ്യതകൾ തേടി കായലുകൾ ഇല്ലാതാക്കി ജലത്തിന്റെ ഒഴുക്കിനെ തടയുന്നവർ പ്രകൃതിയുടെ ദുരന്തമേറ്റു വാങ്ങുന്ന കാലം വിദൂരമല്ല. പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ഉൾപ്പെടുന്ന വയാണ് എറണാകുളവും കൊച്ചിയുമെന്ന അടുത്തകാലത്ത് വന്ന പഠനങ്ങൾ തെളിയിക്കുന്നു. അത്തരത്തിൽ ചിന്തിക്കുമ്പോൾ മനുഷ്യന്റെ യന്ത്രവത്കര ണത്തിന്റെയും വികസനഭ്രാന്തിന്റെയും അനന്തരഫലം നാശം വിതയ്ക്കുമെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ലന്തൻബത്തേരിയിലെ ലുത്തീനിയകൾ എന്ന നോവലിൽ പറയാതെ തന്നെ പറഞ്ഞിരിക്കുന്ന പാരിസ്ഥിതിക ചിന്തകൾക്ക് അത്തരമൊരു പശ്ചാത്തലത്തിലാണ് പ്രസ്കതിയുണ്ടാവുന്നത്.

ആധുനികതയുടെ കാലത്ത് രചനയാരംഭിച്ച എൻ.എസ്. മാധവന്റെ കൃതി കൾക്ക് സ്ഥലകാലങ്ങളോടുള്ള ആഭിമുഖ്യം കൃതികളിലൂടെ പഠനത്തിൽ നിന്ന് വ്യക്തമാവുന്നു. ചരിത്രാവബോധത്തോടെ യാഥാർത്ഥ്യങ്ങളോട് എഴുത്തുകാ രൻ പുലർത്തുന്ന മനോഭാവങ്ങൾ രചനയിലെ സ്ഥലകാലങ്ങളെ നിർമ്മിക്കുന്നു.

എൻ.എസ്.മാധവന്റെ കഥകളിൽ സ്ഥലകാലങ്ങൾ ചരിത്രം, നക്സലിസം, എന്നിവയുടെ പുനർപാരായണം സാധ്യമാകുന്നു. അധികാരത്തിന്റെ കൈയിൽ ദേശം തന്നെ പ്രശ്നവത്ക്കരിക്കപ്പെടുന്നു.അതിന്റെ ഫലമനുഭവിക്കുന്നവരുടെ നിലവിളികൾ ചരിത്രത്തിൽ ഉറഞ്ഞു പോയിരിക്കുന്നു. കഥാഖ്യാനത്തിലും കഥാപാത്രനിർമ്മിതിയിലും എഴുത്തുകാരൻ പുലർത്തുന്ന ജാഗ്രത സമകാലിക കാലഘട്ടത്തിൽ ഏറെ പ്രാധാന്യമുള്ളതാണ്. ജന്മസ്ഥലം, കരസ്ഥലം, മന:സ്ഥലം, ജീവിത സ്ഥലം എന്നിവ കൃതിയിലെ സ്ഥലത്തിന് അടിസ്ഥാനമാകുമ്പോൾ കാലം എഴുത്തുകാരനെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ്. കാലത്തിന്റെ പ്രവാഹമെന്ന ചിന്തയോടൊപ്പം മാധവനിൽ തളംകെട്ടി നിൽക്കുന്ന കാലത്തെക്കുറിച്ചുള്ള സങ്കൽപനവും വരുന്നു. നോവലിൽ തുരുത്ത് എന്ന സ്ഥലം കാലഭാവനകൂടിയായി മാറുന്നു. നാലു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ഭൂവിഭാഗത്തിലെ ജനതയുടെ സ്ഥലകാലബോധം അതിരുകൾക്കുള്ളിൽ തളച്ചിടപ്പെട്ടതു തന്നെയാണ്. സ്ഥലരാശിയിലൂടെ ഓരോ കഥാപാത്രവും സഞ്ചരിക്കുന്നത് വ്യത്യസ്ത വിതാനങ്ങളിലേക്കാണ്. ആഖ്യാനത്തിന്റെ രൂപഭാവതലങ്ങൾ ക്രിയകളിൽ സന്നിഹിതമായിരിക്കുന്നത് കാലബോധവുമായി ബന്ധപ്പെട്ടാണ്. വർത്തമാനകാലത്തിൽ ക്രിയകളെ നിബന്ധിച്ച് കഥാപാത്രങ്ങളുടെ ജീവിതാഖ്യാനത്തിലൂടെ കഥയുടെ ആന്തരിക ലോകത്തേക്ക് കടക്കാൻ വായനക്കാരനെ സാധ്യമാക്കുന്നത്. സ്ഥലകാല വിന്യാസത്തിലൂടെയാണ്.

സ്ഥലത്തിലുള്ള വസ്തുക്കളുടെ പ്രതിനിധാനം വിവരണങ്ങളിലൂടെയും കാലം ക്രിയയിലൂടെയും കൃതികളിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. എഴുത്തുകാരൻ സൃഷ്ടിക്കുന്ന സ്ഥലം അയാളുടെ അനുഭവങ്ങളുടെ ഭാഗമാണ്. അതിനെ നയിക്കുന്നത് കാലവുമാണ്. ഓരോ എഴുത്തുകാരന്റേയും കൃതികളിലെ പ്രമേയങ്ങൾ രൂപപ്പെടുന്നത് ആനുഭവിക ലോകവുമായി ബന്ധപ്പെട്ടാണ്. ലോകവീക്ഷണം രൂപപ്പെടുന്ന ദേശകാലങ്ങൾ അതുകൊണ്ടുതന്നെ പ്രധാന ഘടകമാണ്. സ്ഥലകാലാനുസൃതമായി പ്രമേയത്തിലും ആഖ്യാനത്തിലും പുതുമ കൊണ്ടുവരുമ്പോഴാണ് കൃതികൾ കാലാതിർത്തികളാവുന്നത്. എൻ.എസ്.മാധവന്റെ കൃതികൾ അത്തരത്തിലുള്ള ആഖ്യാനത്തിന്റെ സാക്ഷ്യപത്രമാണ്.

## കുറിപ്പുകൾ

1. സോമൻ കടലൂർ, 2012, *ഫോക്‌ലോറും സാഹിത്യവും,* ആൽഫവൺ പബ്ലി ക്കേഷൻസ് , പു.59
2. Pam Morris (Ed.) 1981, *Bakhtin reader The Dialogic imagination Ed.Michal Holq*uit (trans.C.Emerson & M Holquist) University of Texas Press, Austin Tex, പു.185
3. സഹദേവൻ. പി, 2002, *സമയരഥത്തിൽ ഒരു യാത്ര,* ക്ലാസിക് ബുക്സ്, തിരുവനന്തപുരം, പു.10
4. ചന്ദ്രമോഹൻ (എഡി),2010, *ഫോക്‌ലോറിന്റെ വർത്തമാനം*, പൊലിക ഫോക് ലോർ ട്രസ്റ്റ്, പു.118
5. ഭാസ്കരൻനായർ. കെ, 1952, *കലയും കാലവും*, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷീംഗ്, കോഴിക്കോട്. പു.11
6. Michal Foucault, 1977, *Discipline and Punish*, Patheon Books. പു.265
7. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി.ബുക്സ്, പു.17
8. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി.ബുക്സ്, പു.17
9. മാധവൻ എൻ.എസ്, 2011, *എൻ.എസ്.മാധവന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി.ബുക്സ്, കോട്ടയം, പു.163
10. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി. സി.ബുക്സ്, കോട്ടയം, പു.75
11. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി. സി.ബുക്സ്, കോട്ടയം, പു.95
12. മാധവൻ എൻ.എസ്, 2010, ലന്തൻബത്തേരിയിലെ ലുത്തിനിയകൾ, ഡി. സി.ബുക്സ്, കോട്ടയം, പു.45
13. വിജയകുമാർ.വി, 2008, രാഷ്ട്രീയത്തിന്റെ നേർവായനകൾ, എച്ച് & സി ബുക്സ്, പു.91–92

14. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.256
15. മോഹൻരാജ് എ.ടി, (എഡി), 1996, *വംശപ്പെരുമ, കോവിലൻ കലയും ജീവിതവും,* സമീക്ഷ കണ്ണൂർ, പു.59–60
16. മോഹൻരാജ്എ.ടി (എഡി), 1996, വംശപ്പെരുമ, *കോവിലൻ കലയും ജീവിതവും,* സമീക്ഷ, കണ്ണൂർ, പു.59 – 60
17. സണ്ണി.എൻ.എം.(എഡി),2013, *നോവൽ- വായന- അനുഭവം,* മീഡിയ ഹൗസ്, കോഴിക്കോട്, പു.215
18. പണിക്കർ.കെ.എൻ, 2016, *പ്രാദേശിക ചരിത്രരചനയും സാംസ്കാരിക പ്രതിരോധവും,* മാതൃഭൂമി ആഴ്ച്ചപതിപ്പ്, ഏപ്രിൽ, പു.34
19. എഡ്വേർഡ് ഹാലറ്റ്കാർ, 2008, (പരിഭാഷ, പി.കെ. മുഹമ്മദാലി) എന്താണ് ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.242
20. എഡ്വേർഡ് ഹാലറ്റ്കാർ, 2008, (പരിഭാഷ, പി.കെ. മുഹമ്മദാലി) *എന്താണ് ചരിത്രം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.60
21. എഡ്വേർഡ് ഹാലറ്റ്കാർ, 2008, (പരിഭാഷ, പി.കെ. മുഹമ്മദാലി) *എന്താണ് ചരിത്രം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.60–61
22. എം.പിപോൾ, 1954, *ഗദ്യഗതി,* നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം, പു.80
23. ഇ.വി.രാമകൃഷ്ണൻ, 2001, ദേശീയതയും സാഹിത്യവും, ഡി.സി.ബുക്സ്, കോട്ടയം, പു. 18
24. സണ്ണി എൻ.എം.(എഡി), 2013, *നോവൽ, വായന, അനുഭവം,* മീഡിയാ ഹൗസ്, കാലിക്കറ്റ്, പു.214
25. പണിക്കർ.കെ.എൻ, 2010, സംസ്കാരവും ദേശീയതയും, കറന്റ് ബുക്സ്, പു.48
26. രാജേഷ്.എം.ആർ, 2005, നോവൽ ദേശം ആധുനികത, സാഹിത്യലോകം, പു.31, ലക്കം 4
27. സുനിൽ പി.ഇളയിടം, 2007, *ഉരിയാട്ടം,* ഡി.സി.ബുക്സ കോട്ടയം, പു.30
28. വാലത്ത്, വി.വി.കെ, 2006, *കേരളത്തിലെ സ്ഥലനാമചരിത്രങ്ങൾ,* എറണാകുളം ജില്ലാ കേരള സാഹിത്യ അക്കാദമി, പു.275

29. മാധവൻ എൻ.എസ്, 2016, *ലന്തൻ ബത്തേരിയിലെ ലുത്തീനിയകൾ*, ഡി. സി.ബുക്സ്, കോട്ടയം, പു.37
30. അച്യുതവാര്യർ.എസ്. *2003, കേരളസംസ്കാരം,* കേരളഭാഷാഇൻസിറ്റി റ്റ്യൂട്ട്, തിരുവനന്തപുരം, പു.151
31. രാജഗോപാലൻ. സി.ആർ, (എഡി), 2008, *നാട്ടുചരിത്രം,* ഡി.സി.ബുക്സ്, കോട്ടയം, പു.146
32. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി.ബുക്സ്, കോട്ടയം, പു.21
33. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി.ബുക്സ്, കോട്ടയം, പു.65
34. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി.ബുക്സ്, കോട്ടയം, പു.38
35. രാഘവൻ പയ്യനാട്, 2006, *ഫോക്‌ലോർ,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പു.419
36. വിഷ്ണുനമ്പൂതിരി, എം.വി, 2007, *നാടോടി വിജ്ഞാനീയം,* ഡി.സി.ബു ക്സ്, കോട്ടയം, പു.295
37. അനിൽ.കെ.എം. (എഡി), 2010, *നാട്ടറിവ് ഭാഗം* രണ്ട്, ചിന്ത പബ്ലിക്കേ ഷൻസ്, പു.8
38. അനിൽ.കെ.എം. (എഡി), 2010, *നാട്ടറിവ് ഭാഗം രണ്ട്,* ചിന്ത പബ്ലിക്കേ ഷൻസ്, പു.14
39. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി.ബുക്സ്, കോട്ടയം, പു.57-58
40. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി. സി.ബുക്സ്, കോട്ടയം, പു.204
41. വിഷ്ണുനമ്പൂതിരി, എം.വി, 2007, *നാടോടി വിജ്ഞാനീയം,* ഡി.സി.ബു ക്സ്, കോട്ടയം, പു.98
42. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി. സി.ബുക്സ്, കോട്ടയം, പു.96
43. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ഡി. സി.ബുക്സ്, കോട്ടയം, പു.25

44. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.42

45. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.189

46. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.213

47. സി . അച്യുതമേനോൻ, (വിവ. കുഞ്ഞൻമേനോൻ) 1913, *കൊച്ചിൻ സ്റ്റേറ്റ് മാനുവൽ,* മംഗളോദയം പ്രസ്, തൃശൂർ, പു.494

48. വിഷ്ണുനമ്പൂതിരി, എം.വി, 2007, നാടോടിവിജ്ഞാനം, ഡി.സി.ബുക്സ്, കോട്ടയം, പു.,272

49. മാധവൻ എൻ.എസ്,2010, ലന്തൻബത്തേരിയിലെ ലുത്തിനിയകൾ, ഡി.സി.ബുക്സ്, കോട്ടയം, പു.184

50. തോമസ്.പി.ജെ, 1989, *മലയാള സാഹിത്യവും ക്രിസ്ത്യാനികളും,* ഡി.സി.ബുക്സ്, കോട്ടയം, പു.25

51. ശ്രീധരമേനോൻ. എ.2009, *കേരളചരിത്രം,* ഡി.സി.ബുക്സ്, കോട്ടയം, പു.229

52. സോമൻ കടല്ലൂർ, 2012, *ഫോക് ലോറും സാഹിത്യവും,* ആൽഫ വൺപബ്ലിക്കേഷൻസ്, പു.23

53. സോമൻ കടല്ലൂർ, 2012, *ഫോക് ലോറും സാഹിത്യവും,* ആൽഫ വൺപബ്ലിക്കേഷൻസ്, പു.20

54. സെബീനറാഫി, 2010, ചവിട്ടുനാടകം, പ്രണത ബുക്സ്, പു.155

55. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.83

56. വേലായുധൻ പണിക്കശ്ശേരി, 2009, പോർട്ടുഗീസ് ഡച്ച് ആധിപത്യം കേരളത്തിൽ, കറന്റ് ബുക്സ്, പു.147

57. Manilal, 2003, Preface to *English editions of Horthus Malabarics* University of Kerala ,Trivandrumപു.15

58. അരുൺകുമാർ എൻ.എസ്, 2014, *ഹോർത്തൂസ് മലബാറിക്കൂസ് ചരിത്രവും ശാസ്ത്രവും,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.47

58. വേലായുധൻ പണിക്കശ്ശേരി, 1998, *കേരളചരിത്രപഠനങ്ങൾ,* കറന്റ് ബുക്സ്,

പു.137

59. ചിദംബരൻ എ.എൻ, 2011, *ഹോർത്തൂസ് മലബാറിക്കൂസും ഇട്ടി അച്യുതനും സത്യയും മിഥ്യയും,* കേരളസാഹിത്യ അക്കാദമി, പു.118

60. അരുൺകുമാർ എൻ.എസ്, 2014, *ഹോർത്തൂസ് മലബാറിക്കൂസ് ചരിത്രവും ശാസ്ത്രവും,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പു.83

61. ചിദംബരൻ എ.എൻ, 2011, *ഹോർത്തൂസ് മലബാറിക്കൂസും ഇട്ടി അച്യുതനും സത്യയും മിഥ്യയും,* കേരളസാഹിത്യ അക്കാദമി, പു.107

62. Micke Bal.1985, Narratology, *Introduction to the theory of nature* (Trans- christian Van Bohlemen Toronoto) P-92

63. രാജശേഖരൻ പി.കെ., 2006, *ഏകാന്തനഗരങ്ങൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.150

64. എ.അച്യുതൻ, 2013, *പരിസ്ഥിതി പഠനത്തിന് ഓരാമുഖം,* കേരളശാസ്ത്ര സാഹിത്യപരിഷത്ത് പു.40

65. ഷീബ.എം.കുര്യൻ, 2012, *റെയ്മണ്ട് വില്യംസ് സംസ്കാരം സാഹിത്യം രാഷ്ട്രീയം,* ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, പു.43

66. പൊതുവാൾ പി.പി.കെ, 2007, *പരിസ്ഥിതിബോധവും സംസ്കാരവും,* മാതൃഭൂമി ബുക്സ്, പു.9

67. മസനോബു ഫുക്കുവോക്ക (വിവ.കെ.എം.ആർ മോഹൻ), 1999, *പ്രകൃതിയിലേക്ക് മടങ്ങാൻ,* ഡി.സി.ബുക്സ്, കോട്ടയം, പു.256

68. മാധവൻ എൻ.എസ്,2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.17

69. പ്രതാപൻ തായാട്ട് (എഡി),2008, പരിസ്ഥിതിദർശനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പു.173.

70. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.43

71. ഇറാച്ച് ബറുച്ച(വിവ. പ്രശാന്ത് കുമാർ. ആർ) *പരിസ്ഥിതി പഠനം,* ഡി.സി.ബുക്സ് , 2010, പു.92

72. മാധവൻ എൻ.എസ്, 2010, *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി.ബുക്സ്, കോട്ടയം, പു.151

## ഉപദർശനങ്ങൾ

സ്ഥലകാല ബോധം സർവ്വജനീനമാണ്. ഏതൊരു ആഖ്യാനവും സ്ഥലകാല സംഘടിതമായിരിക്കണം. അതുകൊണ്ടു തന്നെ സാഹിത്യ കൃതികളെ പഠന വിധേയമാക്കുമ്പോൾ സ്ഥലകാലങ്ങളെ അവഗണിക്കുക അസാധ്യമാണ്. വിഭിന്ന സ്ഥലകാലങ്ങളിൽ രചിക്കപ്പെടുന്ന കൃതി യായാലും അനുവാചകൻ തന്റെ പാരായണത്തിലൂടെ സൃഷ്ടിക്കുന്ന സ്ഥലകാല ബോധം വ്യത്യസ്തമായിരിക്കും. സ്ഥലകാലമുദ്രകൾ ഒരു കൃതിയുടെ സമസ്ത ഘടകങ്ങളെയും നിർണ്ണയിക്കാനുതകുന്ന ഒന്നാണ്. ആയതിനാൽ ഏതു സാഹിത്യകൃതിയുടെയും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പശ്ചാത്തലം മനസ്സിലാക്കുന്നതിനുള്ള ഉപാധിയായി സ്ഥലകാലങ്ങളെ പരിഗണിക്കാവുന്നതാണ്.

സ്ഥലകാലങ്ങൾ എഴുത്തുകാരൻ തന്റെ രചനകളിലേക്ക് സന്നിവേശി പ്പിക്കുന്നത് കേവലം സംഭവങ്ങളുടെ പശ്ചാത്തലഘടകം എന്ന നിലവിട്ട് എഴുത്തുകാരന്റെ കാഴ്ചപ്പാടുകളുടെ, അന്തർ സംഘർഷങ്ങളുടെ ഭൂമികയായി മാറുന്നു.

സ്ഥലകാലങ്ങൾ എഴുത്തുകാരന്റെ സാമാന്യബോധത്തിന്റെ അതിരുകൾ ക്കപ്പുറം ആത്മനിഷ്ഠമായ, സർഗപരമായ പ്രതിപ്രവർത്തനമായി കൃതികളിൽ വായിച്ചെടുക്കാവുന്നതാണ്. മാധവന്റെ ചരിത്രത്തിലേക്കുള്ള തിരിച്ചു പോക്കുകൾ പുതിയ പാഠനിർമ്മിതികൾ മുന്നോട്ടു വെയ്ക്കുന്നു. വ്യവസ്ഥാപിതമായി നിലനിൽക്കുന്ന ചരിത്രബോധത്തെ കീഴ്മേൽ മറിച്ചുകൊണ്ട് പുതിയ സ്ഥലകാലങ്ങൾ സൃഷ്ടിക്കുന്നു. കഥകളിൽ സ്ഥലകാലങ്ങൾ സംഭവാഖ്യാനത്തിന്റെ നേർസാക്ഷ്യങ്ങളാണ്. ഏതു കൃതിയും ഇത്തരം പാരായണത്തിന്റെ അനവധി അർത്ഥതലങ്ങൾ ശേഷിപ്പിക്കുന്നുണ്ട്.

സ്ഥലകാലബദ്ധമായി നീങ്ങികൊണ്ടിരിക്കുന്ന മനുഷ്യജീവിതമാണ് സാഹിത്യകൃതികളുടെ സ്രോതസ്സ്. ആദ്യകാലങ്ങളിൽ കാലത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള നിരീക്ഷണങ്ങളാണ് കാണുന്നത്. എന്നാൽ ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും സ്ഥലത്തിനും പ്രാധാന്യം കൊടുത്തു. സ്ഥലകാലങ്ങൾ അത്തരത്തിൽ വേർതിരിഞ്ഞ് നില്ക്കുന്ന ഒന്നല്ല. അവ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാലത്തെ പ്രവാഹ മായും ചക്രമായും പരികല്പന നടത്തിയപ്പോൾ അവ നിലനില്ക്കുന്ന സ്ഥലത്തെ വേണ്ടത്ര പരിഗണിച്ചില്ല. സ്ഥലകാലങ്ങൾ ഇഴച്ചേർന്നാണ് മനുഷ്യ ജീവിതത്തെ സാധ്യമാക്കുന്നത്. ഇത് മനുഷ്യന് മാത്രമല്ല സർവ്വ ചരാചരങ്ങളുടെയും അസ്തിത്വം നിലനിർത്തുന്നു.

എൻ.എസ്.മാധവൻ തന്റെ കൃതികളിലുടനീളം ചരിത്രസൂചനകൾ അടയാളപ്പെടുത്തിയിട്ടുണ്ട്. ചരിത്രം സ്ഥലകാലങ്ങളുമായി ബന്ധ പ്പെട്ടതാണ്. ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ അരികുവശങ്ങളെ കഥകളിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. മാനുഷികതയ്ക്ക് മുൻതൂക്കം നൽകുന്ന ആഖ്യാനപരിസരം കഥകളിൽ കാണാം. എഴുത്തുകാർ പക്ഷം പിടിക്കേണ്ടത് ഏത് ധാർമ്മികതയെയാണ് എന്ന ചോദ്യമുയരുന്ന കാല ഘട്ടത്തിൽ നിന്നാണ് ഈ നിലപാടുകളെ വിലയിരുത്തേണ്ടത്. ഇത് ഏത് എഴുത്തുകാരനെയും സംബന്ധിച്ചും പ്രസക്തമാണ്.

എൻ.എസ്.മാധവന്റെ നോവലിലേക്കെത്തുമ്പോൾ അധിനിവേശത്തിന്റെ ചരിത്ര സൂചനകൾ ദൃശ്യമാണ്. അധിനിവേശാധിഷ്ഠിത സമൂഹിക മനസ്സിന്റെ സൃഷ്ടി തന്നെയാണ് ഈ നോവൽ. അധിനിവേശാനന്തരവും പല രീതിയിൽ കോളനിവത്കരിക്കപ്പെട്ട ഇന്ത്യയുടെ ചെറിയ പ്രതിനി ധാനം തന്നെയാണ് ഈ നോവലും. ലന്തൻബത്തേരി കോളനിവത്കരണം മൂലമുണ്ടായ സത്ഫലങ്ങളെ പ്രകീർത്തിക്കുന്ന കഥാപാത്രങ്ങളെ നോവലിൽ കാണാം. ഇതൊരു നൈതിക പ്രശ്നം കൂടിയാണ്. അടിച്ചമർത്തപ്പെട്ടവന്റെ ലോകം അതാഗ്രഹിച്ചിരുന്നു. ഈ സാംസ്കാരിക

അവസ്ഥ നിലനിൽക്കുന്ന നിരവധി രചനകൾ ഇന്ത്യയിലുടനീളം ആവിഷ്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ഈ സമസ്യയെ എഴുത്തുകാരൻ എപ്രകാരം സമീപിക്കുന്നുവെന്നത് പ്രധാനമാണ്. അത്തരത്തിൽ അധിനിവേശാനന്തര പൊതുബോധമുണർത്തുന്ന രചനകൾക്ക് പാരായണ സാധ്യതകൾ ഏറെയാണ്.

നോവലിലെ സംഭവങ്ങൾക്ക് പൗർവ്വാപര്യക്രമം ദീക്ഷിച്ചിരിക്കുന്നതായി കാണാം. സ്ഥലകാലങ്ങളെ സമ്മിശ്രമായി അവതരിപ്പിച്ചുകൊണ്ട് ഭാവനാത്മകമായ സ്ഥലപരിസരത്തെ സൃഷ്ടിക്കുക വഴി എഴുത്തുകാരൻ പുതിയ സാധ്യതകൾ മുന്നോട്ടുവെയ്ക്കുന്നു. സാഹിത്യം ഭാവനയാണെങ്കിൽ കഥ നടക്കുന്ന സ്ഥലം ഭാവനയായി മാറുമ്പോൾ നിലനിൽക്കുന്ന സ്ഥലബോധം മാറിമറയുന്നു. സ്ഥലനിർമ്മിതി ഒരു സാംസ്കാരിക നിർമ്മിതി കൂടിയാണ്. ഒരു കാലഘട്ടത്തിലെ സംഭവങ്ങളെ ആഖ്യാനം ചെയ്യാൻ യഥാർത്ഥ സ്ഥലം ആവശ്യമില്ല. സ്ഥലത്തെയും കാലത്തെയും സാങ്കല്പികമാക്കി കൊണ്ട് നോവൽ രചനയ്ക്ക് പുതിയ പന്ഥാവുകൾ ഇനിയും സാധ്യമാണ് എന്ന് ഈ നോവൽ സാക്ഷ്യപ്പെടുത്തുന്നു.

വ്യവസ്ഥാപിതമായ ചരിത്രബോധത്തിൽ നിന്ന് മുക്തി നേടികൊണ്ട് ജനങ്ങൾ സംസ്കാരത്തെ രൂപപ്പെടുത്തുന്നു. അധിനിവേശചരിത്രത്തിന്റെ അവശേഷിപ്പുകൾ ജനതയിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. ഏതൊരു ദേശത്തിന്റെ ആദ്യകാലചരിത്രം ഓർമ്മയിൽ സൂക്ഷിക്കപ്പെട്ടവയും ഓർമ്മയിലൂടെ പകർന്നു വന്നവയുമാണ്. എഴുത്തുകാരൻ ഒരു ദേശത്തെ രചനയിൽ കൊണ്ടുവരുമ്പോൾ ജനങ്ങളുടെ മൺമറഞ്ഞ കാലത്തെ ചരിത്രത്തെ പുറത്തുകൊണ്ടുവരുന്നു. എഴുതപ്പെട്ട ചരിത്രത്തിൽപ്പെടാതെ പോയ സമ്പന്നമായ അരികുകളെ അടയാളപ്പെടുത്തുകയാണ് എൻ.എസ്. മാധവന്റെ ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ. ദേശത്തെയും ചരിത്രത്തേയും സമന്വയിപ്പിക്കുന്ന ഈ ആഖ്യാനതന്ത്രം ചരിത്രത്തിന്റെ പുനരുത്പാദനമാണ്. ദേശത്തെയും ചരിത്രത്തെയും ആഖ്യാനം ചെയ്യുന്ന

നോവലുകൾക്ക് ഇത്തരത്തിലുള്ള പാരായണ സാധ്യത നിലനിൽക്കുന്നുണ്ട്.

എൻ.എസ്.മാധവന്റെ കഥകളിൽ സ്ഥലകാലങ്ങൾ ദൃശ്യ സാന്നിധ്യ മാകുന്നതോടൊപ്പം എഴുത്തുകാരന്റെ ആന്തരികസംഘർഷങ്ങളെ ഏറ്റെടുക്കുന്നവയായി സ്ഥലകാല മുദ്രകൾ മാറുന്നു. എൻ.എസ്.മാധവന്റെ കഥകൾക്ക് ചരിത്രവുമായി അഭേദ്യമായി ബന്ധമുണ്ട്. ചരിത്രസംഭവ ങ്ങളിൽ ആഖ്യാനത്തിലേക്ക് കടന്നുവരുന്ന സംഭവങ്ങൾ സ്ഥലകാല മുദ്രകളെ അടയാളപ്പെടുത്തുന്നു. സ്ഥലകാലങ്ങൾ ആഖ്യാനപാഠത്തിന്റെ നിരന്തരമായ ധാരയായി മാറുന്നു. പശ്ചാത്തലമെന്ന നിലവിട്ട് കഥയുടെ ക്രിയാംശത്തെ നയിക്കുന്ന മുഖ്യഘടകമായി മാറുന്നു.

എഴുത്തുകാരന്റെ ദേശം, ചേക്കേറിയ ദേശം എന്നീ സങ്കല്പനങ്ങൾ കണക്കി ലെടുത്താൽ കേരളം, ബീഹാർ എന്നീ സ്ഥലങ്ങൾ ആഖ്യാന ത്തിൽ കടന്നുവരുന്നുണ്ട്. എന്നാൽ എൻ.എസ്.മാധവന്റെ രാഷ്ട്രീയ ചരിത്രകഥകൾ കേരളീയ ദേശീയ രാഷ്ട്രീയ പരിസരങ്ങളുടെ നൈതീക തയെ ചോദ്യം ചെയ്യുന്നു. എൻ.എസ്. മാധവന്റെ രചനകൾ ചരിത്രപരവും രാഷ്ട്രീയവുമായ വ്യത്യസ്ത കാഴ്ചപ്പാടുകൾ പുലർത്തുന്നതുകൊണ്ട് തുടർ പഠനത്തിനുള്ള സാധ്യത ഏറെയാണ്.

തുരുത്തുകളായി മാറുന്ന മനുഷ്യരാണ് എൻ.എസ്.മാധവന്റെ കഥാ ലോകത്ത് കാണുന്നത്. അതിനുയോജിച്ച സ്ഥലകാല സൂചകങ്ങളാണ് അതിനായി തെരഞ്ഞെടുക്കുന്നത്. കഥകളിൽ ഒറ്റപ്പെട്ടു നിൽക്കുന്ന തുരുത്ത് ജിബ്രാൾട്ടർ, ഈദ്, വിലാപങ്ങൾ എന്നിങ്ങനെയുള്ള കഥകളിൽ കടന്നു വരുന്നു. ഒറ്റപ്പെടൽ എന്ന അവസ്ഥാഭേദങ്ങൾ പല കഥകളിലും കാണാൻ സാധിക്കും. മുഖ്യധാരയിൽ നിന്ന് ഒറ്റപ്പെട്ടു നിൽക്കുന്ന ജനത, മുഖ്യ ഭൂവിഭാഗത്തിൽ നിന്ന് അടർത്തി മാറ്റപ്പെട്ട ദേശം എന്നിവ നോവലിൽ സ്ഥലകാലമുദ്രകളെ സൃഷ്ടിക്കുന്നു. ആഖ്യാനതന്ത്രത്തിന്റെ വ്യത്യസ്തമാർഗ്ഗങ്ങളുടെ സന്നിവേശം കൊണ്ട് എഴുത്തുകാരൻ സൃഷ്ടി

ക്കുന്ന കഥകളിൽ സ്ഥലകാലങ്ങൾക്ക് ലഭിക്കുന്ന പ്രാധാന്യം സവിശേഷമായ അർത്ഥതലങ്ങൾ സൃഷ്ടിക്കുന്നു.

ക്രൈസ്തവ ദർശനത്തിനുശേഷം മാനവസമൂഹത്തിന്റെ സമഗ്രപരിവർത്തനത്തിന് വഴിയൊരുക്കിയ ചരിത്രസംഭവമാണ് മാർക്സിസത്തിന്റെ ഉദയം. മാർക്സിസിത്തോട് താത്ത്വികമായി യോജിക്കുകയും എന്നാൽ അതിന്റെ ചില പ്രവർത്തനങ്ങളോട് വൈമുഖ്യം പ്രകടിപ്പിക്കുകയും ചെയ്യുന്ന ശരാശരി മലയാളിയുടെ പ്രതിനിധിയായി നോവൽ എഴുത്തുകാരനെ അടയാളപ്പെടുത്തുന്നു. മുഖ്യ ധാരയിൽ നിന്ന് പുറത്താക്കപ്പെടുന്ന മനുഷ്യരുടെ അഭയകേന്ദ്രമായാണ് തുരുത്തിനെ അടയാളപ്പെടുത്തിയിരിക്കുന്നത്. ഹിഗ്വിറ്റ, കാർമെൻ, നാലാംലോകം എന്നീ കഥകളിലും ദേശരാഹിത്യത്തിന്റെ ഭ്രമാത്മകമായ സ്ഥലകാലങ്ങൾ കടന്നുവരുന്നു.

അതിർത്തികൾക്കുള്ളിൽ കാലത്തെ തുടച്ചീടുന്ന മനോഭാവം എൻ.എസ്. മാധവന്റെ  കഥകളിൽ കാലബോധത്തെയുണർത്തുന്നു. കാലത്തെ തടാകമായി കാണുന്നു. കാലത്തെ ഒരു പ്രവാഹമായി കാണുന്നതിൽ നിന്ന് വ്യത്യസ്തമായ കാലത്തെ തടഞ്ഞു നിർത്തിയ അതിർത്തികൾ നിശ്ചയിക്കാവുന്ന ഒന്നായി വിഭാവനം ചെയ്തിരിക്കുന്നു. തളം കെട്ടി നില്ക്കുന്ന കാലം, കാലം സ്ഥിരമാണെന്ന ദർശനിക ചിന്ത തന്നെയാണ് ഇവിടെ തുരുത്ത്, തടാകം എന്നീ സങ്കല്പങ്ങൾ സ്ഥലകാലങ്ങൾ വേർതിരിക്കാൻ കഴിയാത്ത ആഖ്യാനഭൂമികയായി മാറുന്നു.

തുരുത്തിൽ നിന്ന് എറണാകുളത്തേക്കുള്ള നോട്ടങ്ങൾ വിശാലമായ ഒരു ലോകത്തേക്കുള്ള കൺതുറക്കലുകളാണ്. എൻ.എസ്. മാധവന്റെ രാഷ്ട്രീയ ചരിത്രകഥകൾ ദേശീയതയുടെ രാഷ്ട്രീയ പരിസരങ്ങളുടെ നേർക്കുള്ള കൺതുറക്കലുകളും തിരിച്ചറിവുകളുമാണ്. ലോകത്ത് എല്ലായിടത്തും പാർശ്വവത്ക്കരിക്കപ്പെടുന്ന, നീതി നിഷേധിക്കപ്പെടുന്ന മനുഷ്യർക്ക് ഓരേ മുഖമാണെന്നും ഓരേ അവസ്ഥയാണെന്നും മനസ്സിലാ

ക്കുന്ന എഴുത്തുകാരൻ ദേശത്തിന്റെ അതിർത്തികൾ ഭേദിക്കുന്ന വിശ്വമാനവികതാബോധത്തെയാണ് അവതരിപ്പിക്കുന്നത്.

സമകാലിക അവസ്ഥയിൽ ദേശം ഏതെന്ന ചോദ്യം സ്വത്വബോധത്തിനു നേരെ ഉയരുന്ന പരിസ്ഥിതി നിലനിൽക്കുന്നു. ദേശത്തിന്റെ അതിർത്തികൾ മനുഷ്യൻ സൃഷ്ടിച്ചവയാണെന്നും വിശാലമായ മാനവികതാബോധമാണ് നമുക്ക് വേണ്ടതെന്നും തിരച്ചറിവില്ലാത്ത സാമൂഹിക പരിസരം നിലനിൽക്കുന്നു. സ്ഥലം ദേശമായാണ് മനുഷ്യൻ മനസ്സിലാക്കുന്നത് അതിന്റെ നഷ്ടം സ്വയം നഷ്ടപ്പെടലാണ് ഇപ്രകാരത്തിലുള്ള അന്യവത്ക്കരണത്തിന്റെ സാക്ഷ്യങ്ങളായി തിരുത്ത്, മുംബെയ്, നിലവിളി എന്നി കഥകൾ എൻ.എസ്. മാധവൻ എഴുതിയിട്ടുണ്ട്. തന്റെ ദേശം തന്റേതല്ലെന്ന് വരുത്തിതീർക്കുന്ന അധികാര കേന്ദ്രങ്ങളെ മുംബെയ് എന്ന കഥയിൽ എഴുത്തുകാരൻ അവതരിപ്പിച്ചിട്ടുണ്ട്. വർത്തമാനകാലത്ത് ഈ ചോദ്യം ചെയ്യലിന് മൂർച്ചയേറിയിരിക്കുന്നു. ഇത് എഴുത്തുകാരന്റെ ദർശനമാണ്. ഇപ്രകാരം എൻ.എസ്. മാധവൻ കാലത്തിന്റെ പ്രവാചകനാവുന്നു.

## ഗ്രന്ഥസൂചി


1. അച്യുതൻ എ, 2013, *പരിസ്ഥിതി പഠനത്തിന് ഒരാമുഖം*, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.
2. അച്യുതൻ.എം, 1996, *ചെറുകഥ ഇന്നലെ ഇന്ന്*, ഡി.സി.ബുക്ക്സ്, കോട്ടയം.
3. അച്യുതൻ എം., 1997, *പാശ്ചാത്യസാഹിത്യ ദർശനം*, കറന്റ് ബുക്ക്സ്.
4. അച്യുതവാര്യർ എസ്., *കേരളസംസ്കാരം*, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. അജിത്കുമാർ എൻ., 2005, *ഫോക്‌ലോറും സാഹിത്യനിരൂപണവും തത്വവും പ്രയോഗവും*, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. അനിൽ കെ.എം., ( എഡി), 2010, *നാട്ടറിവ് ഭാഗം 2*, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം.
7. അപ്പൻ കെ.പി., 1999, *കഥ ആഖ്യാനവും അനുഭവസത്തയും*, ഡി.സി. ബുക്ക്സ്, കോട്ടയം.
8. അപ്പൻ കെ.പി., 1997, *ഉത്തരാധുനികത വർത്തമാനവും വംശാവലിയും*, ഡി.സി.ബുക്ക്സ് കോട്ടയം.
9. അപ്പൻ കെ.പി., 1996, *സമയപ്രവാഹവും സാഹിത്യകലയും*, ഡി.സി. ബുക്ക്സ് കോട്ടയം.
10. അയ്യപ്പപ്പണിക്കർ.കെ, 1999, *ഇന്ത്യൻ സാഹിത്യസിദ്ധാന്തം പ്രസക്തിയും സാധ്യതയും*, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,
11. അരുൺകുമാർ എൻ.എസ്, 2014, *ഹോർത്തൂസ് മലബാറിക്കൂസ്, ചരിത്രവും ശാസ്ത്രവും*, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം.
12. ആൻസി സെബാസ്റ്റ്യൻ, (എഡി) 2013, *പാരമ്പര്യവും ആഖ്യാനവും, സമകാലിക കഥയിലെ ലാവണ്യാനുഭവങ്ങൾ*, കൈരളി ബുക്സ്.
13. ഇ.വി.രാമകൃഷ്ണൻ, 2001, ദേശീയതകളും സാഹിത്യവും, ഡി.സി.ബുക്സ് കോട്ടയം.
14. ഇറാച്ച് ബറൂച്ച., (വിവ. പ്രശാന്ത്കുമാർ .ആർ) 2010, *പരിസ്ഥിതിപഠനം*. ഡി. സി.ബുക്ക്സ് കോട്ടയം.

15. ഉണ്ണികൃഷ്ണൻ എ.എം., 2003, *നവീനത മലയാള ചെറുകഥയിൽ,* കറന്റ് ബുക്ക്സ് കോഴിക്കോട്.

16. ഉണ്ണികൃഷ്ണൻ വി.പി., 2009, *കമ്മ്യൂണിസ്റ്റ് പാർട്ടിയും കേരളത്തിന്റെ നാൾവഴികളും,* പ്രഭാത് ബുക്ക് ഹൗസ്

17. ഉണ്ണി എൻ.പി, 2011, *108 ഉപനിഷത്ത് (ഉപനിഷത് പ്രപഞ്ചം),* പ്രശാന്തി പബ്ലിഷേഴ്സ്, തിരുവനന്തപുരം.

18. ഓർഹൻ പാമുക്ക്, (വിവ. മനോജ് വർമ്മ ആർ), 2013, *നോവലിസ്റ്റിന്റെ കല,* ഡിസി ബുക്സ്.

19. എഡ്വേർഡ് ഹാലറ്റ്കാർ, 2008, (പരിഭാഷ, പി.കെ.മുഹമ്മദാലി) എന്താണ് ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

20. എം.പി.പോൾ, 1954, *ഗദ്യഗതി,* നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

21. ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷനറി.

22. കേണൽ നായർ എൻ.ബി, 2003, മലയാളം തിസോറസ്, ഡി.സി.ബുക്സ്, കോട്ടയം.

23. കൽപറ്റ ബാലകൃഷ്ണൻ, 2005, *ചരിത്രനോവൽ മലയാളത്തിൽ,* കേരള സാഹിത്യ അക്കാദമി, തൃശൂർ

24. കേശവൻനായർ കെ., (വിവ) 1972, *ഭർതൃഹരിദർശനം,* ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുക്കര

25. കേശവൻനായർ പി., 1996, *സ്റ്റീഫൻ ഹോക്കിങ്ങിന്റെ പ്രപഞ്ചം,* ഡി.സി. ബുക്സ്, കോട്ടയം.

26. കേസരി, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ (സമ്പാ. ലിസി മാത്യു), 2012, *കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ സമ്പൂർണ്ണകൃതികൾ.*

27. ഗണേശ് കെ.എൻ, 2011, *കേരളത്തിന്റെ ഇന്നലെകൾ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

28. ഗോപാലകൃഷ്ണൻ കെ., (സമ്പാ) 1987, *കേസരിനായനാരുടെ കൃതികൾ,* മാതൃഭൂമി പ്രന്റിംഗ് ആന്റ് പബ്ലിഷിങ്ങ് കമ്പനി, കോഴിക്കോട്.

29. ഗോപാലപ്പണിക്കർ.എൻ., *ബൃഹദ് യോഗാവസിഷ്ഠം കൈരളി വ്യാഖ്യാനം ഒന്നാം വാല്യം,* യോഗാവാസിഷ്ഠം പബ്ലിക്കേഷൻസ്.

30. ചന്തുമേനോൻ.ഒ, 2004, *ഇന്ദുലേഖ*, ഡി.സി.ബുക്സ്, കോട്ടയം
31. ചന്തുമേനോൻ.ഒ, 2004, *ഇന്ദുലേഖ*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
32. ചിദംബരൻ എ.എൻ, 2011, *ഹോർത്തൂസും ഇട്ടി അച്യുതൻ സത്യവും മിഥ്യയും.* കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
33. ചന്ദ്രമോഹൻ, 2010 , *ഫോക്‌ലോറിന്റെ വർത്തമാനം*, പൊലിക ഫോക്‌ലോർ ട്രസ്റ്റ്.
34. ചന്ദ്രശേഖരൻ. എം.ആർ., 2007, *മലയാളനോവൽ ഇന്നും ഇന്നലെയും*, സമയം പബ്ലിക്കേഷൻസ്.
35. ജോർജ്ജ് ഇരുമ്പയം, 2012, *മലയാളനോവൽ 19–ാം നൂറ്റാണ്ടിൽ*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
36. ജോർജ്ജ് ഗാമോവ്, 1992, *ഒന്ന് രണ്ട് മൂന്ന്... അനന്തം*, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
37. ജോണി ഒ.കെ, 2001, *സിനിമയുടെ വർത്തമാനം, പാപ്പിയോൺ, കാലിക്കറ്റ്*
38. ജോസഫ് വി.പി., 2011, *ചവിട്ടുനാടകം സാഹിത്യവും സംഗീതവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.*
39. തകഴി ശിവശങ്കരപിള്ള, 2009, *കയർ*, ഡി.സി. ബുക്സ്, കോട്ടയം.
40. തരകൻ കെ.എം., 1982, *ആധുനികനോവൽ ദർശനം*, നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
41. തോമസ് പി.ജെ, 1989, *മലയാള സാഹിത്യവും ക്രിസ്ത്യാനികളും*, ഡി. സി. ബുക്ക്സ്. കോട്ടയം.
42. നമ്പൂതിരിപ്പാട് ഒ,എം.സി, 1986, *ഋഗ്വേദം, ദേവീപ്രസാദം ഭാഷ്യം, വാല്യം 8*, കൈരളി ബുക്സ്, തൃശ്ശൂർ.
43. നാസർ ടി.പി, 1994, *കഥയും കലയും*, മൾബറി പബ്ലിക്കേഷൻസ്. കോഴിക്കോട്.
44. നുജും എ, 1997, *സംവാദത്തിന്റെ ബലതന്ത്രം*, ആശാൻ കവിത പുനർവായന. കറന്റ് ബുക്ക്സ്.
45. നെല്ലിക്കൽ മുരളീധരൻ, 2008, *വിശ്വസാഹിത്യ ദർശനങ്ങൾ*, ഡി.സി.ബുക്സ്, കോട്ടയം.

46. പത്മനരാമചന്ദ്രൻനായർ, *2013, നോവൽ പഠനങ്ങൾ,* കറന്റ് ബുക്ക്സ്, തൃശ്ശൂർ.

47. പത്മനാഭമേനോൻ കെ.പി., 1989, *കൊച്ചി രാജ്യചരിത്രം,* മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംങ്ങ് കമ്പനി, കോഴിക്കോട്

48. പരമേശ്വരൻ മൂസത് ,(വാല്യം) 2000, *അമരകോശം,* എസ്.പി.എസ്. കോട്ടയം

49. പൊതുവാൾ പി.പി.കെ, 2007, *പരിസ്ഥിതിബോധവും സംസ്കാരവും,* മാതൃ ഭൂമിബുക്ക്സ്, കോഴിക്കോട്.

50. പ്രതാപൻ തായാട്ട് ( എഡി), 2008, *പരിസ്ഥിതി ദർശനം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

51. പവിത്രൻ പി, 2000, *ആധുനികതയുടെ കുറ്റസമ്മതം,* നാഷണൽ ബുക്സ്, കോട്ടയം.

52. പ്രസന്നരാജൻ, 2011, *ഉത്തരാധുനികചർച്ചകൾ,* നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

53. ഭാസ്കരൻനായർ കെ, 1956, *കലയും കാലവും,* മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംങ്ങ് കമ്പനി കോഴിക്കോട്.

54. ബാലകൃഷ്ണൻ വി. ലീലാവതി .ആർ.,(വ്യാഖ്യാ) 1976, *അഥർവ്വവേദം,* വിദ്യാർത്ഥിമിത്രം ബുക്ക്സ്.

55. ബാലചന്ദ്രൻ വടക്കേടത്ത്, 2003, *ആധുനികതയ്ക്കും ഉത്തരാധുനിക തയ്ക്കും ഇടയിൽ,* പ്രണവം ബുക്സ് കൊച്ചി.

56. ബഷീർ എം.എം, 2002, *മലയാളസാഹിത്യചരിത്രം,* കേരളസാഹിത്യ അക്കാദമി, തൃശൂർ

57. മാധവൻ എൻ.എസ്, *1996, തിരുത്ത്,* ഡി.സി. ബുക്ക്സ്, കോട്ടയം.

58. മാധവൻ എൻ.എസ്, 2002, *പര്യായകഥകൾ,* ഡി.സി.ബുക്ക്സ്, കോട്ടയം.

59. മാധവൻ എൻ.എസ്, *2016, ഹിഗ്വിറ്റ* , ഡി.സി. ബുക്ക്സ്, കോട്ടയം.

60. മാധവൻ എൻ.എസ്, *2011, ചൂളൈയ്മേടിലെ ശവങ്ങൾ.* ഡി.സി.ബുക്ക്സ്, കോട്ടയം.

61. മാധവൻ എൻ.എസ്, 2014, *പഞ്ചകന്യകകൾ,* ഡി.സി.ബുക്ക്സ്, കോട്ടയം.

62. മാധവൻ എൻ.എസ്, *2010, നിലവിളി,* ഡി.സി. ബുക്ക്സ്, കോട്ടയം.

63. മാധവൻ എൻ.എസ്. ,2011, *ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ,* ഡി.സി. ബുക്ക്സ്, കോട്ടയം.

64. മനോജ് എം.ബി, 2011, *ദേശം ദേശീ മാർഗീ, സാഹിത്യം എന്ന ഉപാദാന സാമഗ്രി,* പാപ്പിറസ് ബുക്സ്.

65. മഹേഷ് എം. ആർ, 2012, *മലയാളനോവലും ദേശീയതയും.* കേരളസർവ്വ കലാശാല, തിരുവനന്തപുരം.

66. മോഹൻരാജ് എ.ടി. (എഡി), 1996, *വംശപ്പെരുമ കോവിലൻ കലയും ജീവിതവും.* സമീക്ഷ, കണ്ണൂർ

67. മണ്ണാർക്കാട് മാത്യു, 2011 , *എഴുത്തിൽ ഇടപ്പെടുമ്പോൾ,* കറന്റ് ബുക്ക്സ്, തൃശ്ശൂർ.

68. രാഘവൻ പയ്യനാട്, 2006, *ഫോക്‌ലോർ,* കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവ നന്തപുരം.

69. രാജഗോപാലൻ ഇ.പി, 2006, നിശബ്ദതയും നിർമ്മാണവും - *ചെറുകഥ യുടെ കേരളാചരിത്രത്തിലൂടെ,* കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

70. രാജഗോപാലൻ സി.ആർ, (എഡി)2008, *നാട്ടുചരിത്രം,* ഡി.സി.ബുക്സ്, കോട്ടയം.

71. രാജശേഖരൻ പി.കെ, 1999, *അന്ധനായ ദൈവം മലയാള നോവലിലെ നൂറുവർഷങ്ങൾ,* ഡി.സി.ബുക്സ്, കോട്ടയം

72. രാജശേഖരൻ പി.കെ, 2006, *ഏകാന്തനഗരങ്ങൾ,* ഡി.സി.ബുക്സ്, കോട്ടയം.

73. രാജശേഖരൻ പി.കെ, 2007, *കഥാന്തരങ്ങൾ,* മാതൃഭൂമി ബുക്സ്, കോഴി ക്കോട്

74. രാജശേഖരൻ പി.കെ. (എഡി), 2004, *സമകാലിക കഥ,* കേരള സാഹിത്യ അക്കാദമി, തൃശൂർ.

75. രാജേശ്വരി സി, ബിന്ദു നരവത്ത്, 2014, *ദേശം സംസ്ക്കാരവും സാഹി ത്യവും,* ലാൽ ബുക്സ്, തൃശൂർ

76. രാജേന്ദ്രൻ ഡി, 2006, *പുതുവായന,* ഡി.സി.ബുക്സ്, കോട്ടയം

77. രാധാകൃഷ്ണൻ നായർ ഡി, 2000, *ആഖ്യാന വിജ്ഞാനം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

78. രവികുമാർ കെ.എസ്, 1999, *ചെറുകഥ വാക്കും വഴിയും,* ഡി.സി.ബുക്സ്

79. രവികുമാർ കെ.എസ്, 2002, *കഥയും ഭാവുകത്വ പരിണാമവും,* ഡി.സി..ബുക്സ്, കോട്ടയം.

80. രവികുമാർ കെ.എസ്, 2007, *ആഖ്യാനത്തിന്റെ അടരുകൾ,* കറന്റ് ബുക്സ്, തൃശൂർ

81. രവി നമ്പൂതിരിപ്പാട്, 2003, *ധാതുനിഘണ്ടു,* തൃശ്ശൂർ.

82. രവീന്ദ്രൻ പി.പി, 1999, *ആധുനികാന്തരം വിചാരം, വായന,* കറന്റ് ബുക്സ്, തൃശൂർ

83. ലിസി മാത്യു, 2012, *ഇവൾ പൂക്കും ഇലഞ്ഞിമരങ്ങൾ,* കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, തിരുവനന്തപുരം

84. വത്സലൻ വാതുശ്ശേരി, 2007, *കഥയുടെ ന്യൂക്ലിയസ്,* ഒലീവ് പബ്ലിക്കേ ഷൻസ്, കോഴിക്കോട്

85. വസന്തൻ എസ്.കെ, 2011, *നമ്മൾ നടന്ന വഴികൾ,* കേരള ചരിത്രവും സംസ്ക്കാരവും, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ

86. വള്ളത്തോൾ നാരായണമേനോൻ, 1981, *ഋഗ്വേദസംഹിത. വാല്യം ഒന്ന്,* കേരള സർവ്വകലാശാല, തിരുവനന്തപുരം

87. വാലത്ത് വി.വി.കെ., 2006, *കേരളത്തിലെ സ്ഥലനാമ ചരിത്രങ്ങൾ,* എറ ണാകുളം ജില്ല കേരള സാഹിത്യ അക്കാദമി, തൃശൂർ

88. വിജയകുമാർ മേനോൻ, 2006, *സ്ഥലം കാലം കല,* കേരള സാഹിത്യ അക്കാദമി, തൃശൂർ

89. വിജയകുമാർ വി., 2008, *രാഷ്ട്രീയത്തിന്റെ നേർ വായനകൾ,* എച്ച് & സി. ബുക്സ്

90. വിജയൻ ഒ.വി., 2002, *ഖസാക്കിന്റെ ഇതിഹാസം, ഡി.സി.ബുക്സ്,* കോട്ടയം

91. വിജയൻ പിള്ള എം, 2007, *നോവലും ആഖ്യാനകലയും,* പച്ചമലയാളം പബ്ലിക്കേഷൻസ്, കൊല്ലം

92. വിവേകാനന്ദൻ, 1962, *വിവേകാനന്ദ സാഹിത്യ സർവസ്വം രണ്ടാംഭാഗം,* ജ്ഞാനയോഗം, ശതാബ്ദ സ്മാരക പ്രസിദ്ധീകരണം.

93. വിഷ്ണുനമ്പൂതിരി എം.വി, 2007, *നാടോടി വിജ്ഞാനീയം,* ഡി.സി.ബു ക്സ്, കോട്ടയം

94. വേലായുധൻ പണിക്കശ്ശേരി, 2007, *കേരള ചരിത്ര പഠനങ്ങൾ*, കറന്റ് ബുക്സ്, തൃശ്ശൂർ.

95. വേലായുധൻ പണിക്കശ്ശേരി, 2009, *പോർട്ടുഗീസ് ഡച്ച് ആധിപത്യം-കേരളത്തിൽ*, കറന്റ് ബുക്സ്, തൃശ്ശൂർ

96. ശരത്ചന്ദ്രൻ കെ.പി, 1985, *ചന്തുമേനോൻ അരങ്ങും അണിയറയും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

97. ശശീധരൻ എൻ, 1992, *കഥ കാലം പോലെ* , കലാക്ഷേത്ര, കാസർകോഡ്,

98. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, 2010, *ശബ്ദ താരാവലി*, ഡി.സി.ബുക്സ്, കോട്ടയം.

99. ശ്രീകുമാർ ടി.ടി, 2000, *ഉത്തരാധുനികതയ്ക്കപ്പുറം*, ഡി.സി.ബുക്സ്, കോട്ടയം

100. ശ്രീജൻ വി.സി, 1999, *ആധുനികോത്തരം വിശകലനവും വിമർശനവും*, എസ്.പി.സി.എസ്. കോട്ടയം

101. ശ്രീജൻ വി.സി, 1999, *ഹിഗിറ്റ എഴുത്തും അധികാരവും (ഒരു സംഘം ലേഖകർ)*, ഹോംപേജ്, കോഴിക്കോട്

102. ശ്രീധരൻ എ.എം, 2012, *ആഖ്യാനം കാലം കഥ*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

103. ശ്രീധരമേനോൻ എ, 2009, *കേരളചരിത്രം*, ഡി.സി.ബുക്സ്, കോട്ടയം,

104. ശ്രീ.ശ്രീ.രവിശങ്കർ, (വിവ) പി.എൻ.നമ്പൂതിരി, *കാലം*, വ്യക്തി വികാസ് കേന്ദ്ര ഇന്ത്യ പ്രസിദ്ധീകരണം.

105. ഷാജി ജേക്കബ്, 2001, *നോവൽ ചരിത്രത്തിന്റെ പാഠഭേദം*, കറന്റ് ബുക്സ്, തൃശൂർ

106. ഷാജി ജേക്കബ് (എഡി) 2010, *മലയാള നോവൽ ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും*, കേരള സാഹിത്യ അക്കാദമി, തൃശൂർ

107. ഷീജ എം.കുര്യൻ, 2012, *റെയ്മണ്ട് വില്യംസ് സംസ്ക്കാരം, സാഹിത്യം, രാഷ്ട്രീയം*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

108. സർവ്വവിജ്ഞാനകോശം, 1978, *സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്കേഷൻ*, തിരുവനന്തപുരം.

109. സണ്ണി എൻ.എം. (എഡി), 2013, *നോവൽ വായന അനുഭവം,* മീഡിയ ഹൗസ്, കോഴിക്കോട്.

110. സഹദേവൻ പി, *2002,സമയരഥത്തിൽ ഒരു യാത്ര,* ക്ലാസിക് ബുക്സ്, തിരുവനന്തപുരം.

111. സുധീഷ് വി.ആർ., 1999, *കഥാന്തരം,* ഹരിതം ബുക്സ്, കോഴിക്കോട്

112. സുനിൽ പി.ഇളയിടം, 2007, *ഉരിയാട്ടം,* ഡി.സി.ബുക്സ്, കോട്ടയം

113. സുനിൽ പി.ഇളയിടം, 2009, *ദമിതം ആധുനികതാവാദത്തിന്റെ രാഷ്ട്രീയ അബോധം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

114. സുനിൽ പി.ഇളയിടം, 2012, *ഇന്ത്യാചരിത്ര വിജ്ഞാന ദേശം, ദേശീയത ദേശചരിത്രം,* പ്രതീക്ഷ ബുക്സ് ,കോഴിക്കോട്

115. സുനിൽ പി.ഇളയിടം,2004, *ചരിത്രം പാഠരൂപങ്ങളും പ്രത്യയശാസ്ത്രവും,* മാതൃഭൂമി ബുക്സ്,കോഴിക്കോട്

116. സുനിൽ പി.ഇളയിടം, 1999, *അധിനിവേശവും ആധുനികതയും,* ചലനം പബ്ലിക്കേഷൻസ്

117. സെബീന റാഫി, 2010, *ചവിട്ടുനാടകം,* പ്രണത ബുക്സ്

118. സ്മിത ഗോപാൽ, 2009, *ആധുനികതയുടെ ഘടകങ്ങൾ ചിത്രകലയിലും നോവലിലും,* കേരള സർവ്വകലാശാല തിരുവനന്തപുരം

119. സ്റ്റീഫൻ ഹോക്കിങ്ങ്, വിവ.രാജഗോപാൽ കമ്മത്ത്, *കാലത്തിന്റെ ആകൃതി.* പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്.

120. സോമൻ കടലൂർ, 2012, *ഫോക്‌ലോറും, സാഹിത്യവും,* ആൽഫ വൺ പബ്ലിഷേഴ്സ്.

121. സോമൻ നെല്ലിവിള, 2013, *സ്ഥലം കാലം ചെറുകഥ,* കറന്റ് ബുക്സ്, തൃശ്ശൂർ

122. ഹരികുമാർ എം.കെ, 2000, *കഥ ആധുനികതയ്ക്ക് ശേഷം,* പ്രഭാത് ബുക്സ് തിരുവനന്തപുരം

123. ഹാരിസ് വി.സി., 1999, *എഴുത്തും വായനയും,* സാഹിത്യ പ്രവർത്തക സഹകരണ സംഘം ,കോട്ടയം

# ആനുകാലികങ്ങൾ


1. അയ്യപ്പപണിക്കർ.കെ,1997, *ഭാഷാപോഷിണി,* ആഖ്യാനശാസ്ത്രം, ജനു, പു.25
2. അസീസ് കെ.എ, 1998, *സംസ്ക്കാര കേരളം,* ചരിത്രസന്ധികളുടെ തിരുത്ത്, ജൂലായ്, സെപ്തം., പു.64
3. കൃഷ്ണൻ. കെ.എം., 1998, *ഭാഷാപോഷിണി,* ആഖ്യാനശാസ്ത്രം, നവം., പു.69.
4. പണിക്കർ കെ.എൻ, 2006, *മാതൃഭൂമി ആഴ്ചപതിപ്പ്,* പ്രാദേശിക ചരിത്രരചനയും സാംസ്ക്കാരിക പ്രതിരോധവും, പു.32
5. നിത്യ ചൈതന്യയതി, 1993, *ഭാഷാപോഷിണി,* മതസൗഹാർദ്ദത്തെപ്പറ്റി, നവം., പു.39
6. രാജഗോപാലൻ ഇ.പി., 2004, *മാതൃഭൂമി ആഴ്ചപതിപ്പ്,* അധികാരവും - കൃഷ്ണഗാഥയിലെ സ്ഥലസങ്കൽപം, പു.13.
7. രാജശേഖരൻ പി.കെ., 2001, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* തിരുത്തിയെഴുത്ത്, നവം. പു.35
8. രാജേഷ് എം.ആർ, 2005, *സാഹിത്യലോകം,* നോവൽ ദേശം ആധുനികത, പു. 29
9. രാധാകൃഷ്ണൻ ഡി, 2000, *ഭാഷാപോഷിണി,* ആഖ്യാനത, നവം., പു.
10. രാമചന്ദ്രൻ കെ.പി, 1999, *സാഹിത്യ ലോകം,* ലജ്ജയും തിരുത്തും, പു.99

1. Chatman Seymore, 1980, *Story and discourse, Narrative Structure in the fiction and film*, Cornell University Press Ithaca and London.
2. D .NYS (Trans.Sidny A Raemers) ,1942, *Cosmology*, Vo.II, University of Notre Dame,The Bruce Publishing company,USA
3. Forster E M, 1970, *Aspects of Novel*, Penguin Book.
4. Herbert C.S, 1978,*Time-A Metaphysical study*,College Book House,Trivandrum
5. Jadunath Sinha, 1961, *Introduction of Philosophy*, Third Edition.sinha Publishing House ,Culcutta.
6. Jonathan culler, 2001, *The Persuit of signs, The story and discourse in the analysis of Narrative,* Cornel University Press.
7. Manilal K.S, 2003, *Preface to English Editions of Horthus Malabaricus*.University of Kerala, Thiruvanathapuram.
8. Mike bal, 1985, *Narratology Introduction to the theory of Narrative* (Trans. Christian Van Bohemen), Tornoto.
9. Michal Foucault, 1977, *Discipline and Punish*, Patheon Books.
10. Nandy Ashis, 1989, *The Intimate Enemy*, Oxford University Press.
11. Pam Morris (Ed.), 1981, *Bakhtin reader, The Dialogic imagination*, University of Texas Press .Austin tex.
12. Poul Ricoeur,1984, *Time and Narrative*, University of Chicago Press.
13. Prince Gerald, 1990, *On Narratology (Past, Present, Future)* French Literature Series Amsterdom, Nether lands, Vol.17.
14. Prince Gerald, 1987, *A Dictionary of Narratology,* University of Nebraska Press London.

15. Prop. Valadmer (Trans. Laurence Scoff), 1968, *Morphology of the folktale*, University of Texas

16. Richard Kroll, *The History of the English Novel*, Vol.I, 1957, Routledge 2 Park squre, Milton Park, Abingdon, Newyork.

17. Roland Barthes,( Trans.Stephen Heath),1978, *Image and Music Text* ,farrar straus and girous(Pub)

18. Scholes Robert and Kellogy Robert, 1966, *The Nature of Narrative*, Oxford University Press, London.

19. *The Oxford English Dictionary*Vol.17, Oxford University Press, London

20. Traugott and pratt, 1980, *Linguistics for students of Literature*, Harcourt College pub, Orlando Florida ,USA

21. William labov, 1972, *Language in the innercity*, University of Pennsylvania Press.